# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**2016 നവംബർ 3, വ്യാഴം**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 22

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 നവംബർ 3, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 22
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 22
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 66

**II ശ്രദ്ധ ക്ഷണിക്കൽ**

1. റേഷൻ മുൻഗണനാപ്പട്ടികയിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഉൾപ്പെടുത്തൽ
   – ശ്രീ. കെ. ദാസൻ .. 276
2. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന്റെ സ്വകാര്യവത്കരണം
   – ശ്രീ. വി. പി. സജീന്ദ്രൻ .. 278

**III സബ്മിഷൻ**

1. പരിസ്ഥിതി ആഘാത പഠനാനുമതി
   – പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .. 281
   – ശ്രീ. എൻ. ഷംസുദ്ദീൻ
2. പരിസ്ഥിതി മലിനീകരണം
   – ശ്രീ. വി. എസ്. അച്യുതാനന്ദൻ .. 284
3. പാരിസ്ഥിതിക പ്രശ്നങ്ങൾ
   – ശ്രീ. കെ. എം. മാണി .. 286
4. ശിവഗിരി തീർത്ഥാടനം
   – ശ്രീ. വി. ജോയി .. 288
5. ത്വക്ക് രോഗം പടരുന്നത് സംബന്ധിച്ച്
   – ശ്രീ. പി. സി. ജോർജ് .. 290

6. കുടിവെള്ള പദ്ധതി

— ശ്രീ. മുരളി പെരുനെല്ലി .. 291

7. രാസമാലിന്യങ്ങൾ കിണറുകളിൽ കലരുന്നത് സംബന്ധിച്ച്

— ശ്രീമതി ഗീതാ ഗോപി .. 292

8. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

— ശ്രീ. സി. കെ. ശശീന്ദ്രൻ .. 294

9. തൊഴിൽ നിയമങ്ങൾ

— ശ്രീ. ജോൺ ഫെർണാണ്ടസ് .. 297

10. നിയമ സർവ്വകലാശാല

— ശ്രീ. എൻ. ഷംസുദ്ദീൻ .. 298

**IV മേശപ്പുറത്തുവച്ച കടലാസ്സുകൾ** .. 300

**V റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി III-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും .. 300

(2) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് .. 300

(3) സബ്ജക്ട് കമ്മിറ്റി X-ന്റെ 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് .. 301

(4) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമതിയുടെ നാലാമത് റിപ്പോർട്ട് .. 301

**VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

ദേശീയ ഭക്ഷ്യഭദ്രതാ നിയമം
– ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി
(ശ്രീ. പി. തിലോത്തമൻ) .. 301

**VII ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന**

2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ
സുരക്ഷാ പദ്ധതിക്ക് നൽകിയ ഭേദഗതികളുടെ പരിഗണന .. 303

**VIII നിയമനിർമ്മാണകാര്യം**

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ .. 312

(ii) 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ .. 358

(2) 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും .. 327

**IX ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

തുടർച്ചയായുണ്ടാകുന്ന ട്രെയിൻ അപകടങ്ങൾ .. 370

**X ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം** .. 418

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 നവംബർ 3, വ്യാഴം*

| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 22 |
|---|---|---|

നിയമസഭ 2016 നവംബർ മാസം 3-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.................ഓർഡർ............ചോദ്യം നമ്പർ *661

### ഇക്കോ-ടൂറിസം പദ്ധതി

1 (*661) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ ടൂറിസം സാദ്ധ്യതയുള്ള മേഖലകളിൽ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള ഇക്കോ ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ;

(ബി) സംസ്ഥാനത്തെ ഇത്തരം കേന്ദ്രങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ടൂറിസം സർക്യൂട്ട് സ്ഥാപിക്കുമോ;

(സി) ഈ പദ്ധതിയിൽ സന്ദർശകർക്ക് താമസമുൾപ്പെടെയുള്ള സൗകര്യം ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) വനമേഖലയിലെ ടൂറിസം സാദ്ധ്യതയുള്ള മേഖലകളിൽ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള ഇക്കോ ടൂറിസം പദ്ധതി ഇപ്പോൾ 60 സ്ഥലങ്ങളിൽ നടപ്പാക്കുന്നുണ്ട്. വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഈ പദ്ധതി ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ചില ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്ക് താമസമുൾപ്പെടെയുള്ള സൗകര്യങ്ങളും ലഭ്യമാണ്. ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നവർക്ക് വനാതിർത്തിയിൽ സൗകര്യപ്രദമായ താമസസൗകര്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, "ദൈവത്തിന്റെ സ്വന്തം നാട്" ആയ കേരളത്തിന്റെ പ്രകൃതിഭംഗി ലോകോത്തര പ്രശസ്തിയാർജ്ജിച്ചതാണ്. കടൽത്തീരവും ഉൾനാടൻ മനോഹാരിതയും ശാന്തസുന്ദരമായ പ്രകൃതിഭംഗിയും ലോകത്തെ അതിശയിപ്പിക്കുന്ന വനദൃശ്യങ്ങളുമെല്ലാം കേരളത്തിന്റെ സമ്പത്താണ്. ഇക്കോ ടൂറിസത്തിന് വലിയ പ്രാധാന്യമുണ്ടെങ്കിലും പലപ്പോഴും വകുപ്പുകളുടെ ഏകോപനമില്ലായ്മ ഇക്കോ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഇക്കോ ടൂറിസം മേഖലയിൽ നിയമിതരാകുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർ വനം കയ്യേറ്റക്കാരോട് പെരുമാറുന്നതുപോലെയാണ് ടൂറിസ്റ്റുകളോട് പെരുമാറുന്നതെന്ന പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർക്ക് ടൂറിസ്റ്റുകളോട് ഫ്രണ്ട്‌ലി അപ്രോച്ചുണ്ടാകുന്നതിനും അവിടെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ കോൺക്രീറ്റ് ഒഴിവാക്കി മുള, ഈറ, മണ്ണ് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചുള്ള സൗഹൃദപരമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം. അതുപോലെ പ്ലാസ്റ്റിക് കഴിച്ച് മാനും മറ്റ് മൃഗങ്ങളും മരണപ്പെടുന്ന വാർത്തകൾ വരുന്നതിനാൽ പ്ലാസ്റ്റിക് നിരോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. വകുപ്പുകളുടെ ഏകോപനത്തിലൂടെ ജനങ്ങളിൽ അവബോധം വളർത്തി ശാസ്ത്രീയമായ സമീപനം സ്വീകരിച്ച് ഇക്കോ ടൂറിസം പരിപോഷിപ്പിച്ച് കേരളത്തിന്റെ ഏറ്റവും നല്ല മേഖലയാക്കി മാറ്റിയെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ഇക്കോ ടൂറിസം പദ്ധതി വനമേഖലയിലാണ് നടപ്പിലാക്കുന്നത്. വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസികളുൾപ്പെടെയുള്ള വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്‌മെന്റ് കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് പ്രയോജനമുണ്ടാകുന്ന തരത്തിൽ, അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുതകുന്ന വിധത്തിലുള്ള വരുമാനം ലഭിക്കാൻ ഈ പദ്ധതികൾ പ്രയോജനപ്പെടുന്നുണ്ട്. ഇക്കോ ടൂറിസം മേഖലയിൽ വിന്യസിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ടൂറിസ്റ്റുകളോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കാൻ ബാദ്ധ്യസ്ഥരാണ്. ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് വ്യത്യസ്തമായ സമീപനമുണ്ടാകുകയാണെങ്കിൽ അക്കാര്യം ചൂണ്ടിക്കാണിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. വനങ്ങളുടെ അമൂല്യങ്ങളും അപൂർവതകളുമൊക്കെ ജനങ്ങൾക്ക് അടുത്തറിയാനും വനാശ്രിത

ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുമാണ് ഇക്കോ ടൂറിസം വനമേഖലയിൽ നടപ്പിലാക്കുന്നത്. ആ നിലയിൽ പരമാവധി പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ആ മേഖലയിൽ പൂർണ്ണമായി ഒഴിവാക്കപ്പെടേണ്ടതുണ്ട്. വന്യജീവികളുടെ ജീവിതത്തെ ബാധിക്കുന്ന തരത്തിലുള്ള ശബ്ദങ്ങളും മറ്റ് മലിനീകരണങ്ങളുമൊന്നുമുണ്ടാകാൻ പാടില്ല. ആ രീതിയിലുള്ള പദ്ധതികളാണ് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇക്കോ ടൂറിസം പദ്ധതി വനാശ്രിത സമൂഹത്തിനുകൂടി ഗുണകരമായ പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നതെന്ന് അങ്ങ് സൂചിപ്പിച്ചു. അവിടെ ട്രൈബൽ ഗൈഡുകളുടെ റോൾ വളരെ പ്രധാനമാണ്. ട്രൈബൽ ഗൈഡുകൾക്ക് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. തേക്കടിയിൽ കഴിഞ്ഞ ദിവസം ഫോട്ടോ എടുക്കാൻ ശ്രമിച്ച രണ്ട് ഗുജറാത്തികളെ ആന അപകടപ്പെടുത്തിയതായി വാർത്ത വന്നിരുന്നു. തേക്കടിയിൽ എവിടെ വരെയാണ് ടൂറിസ്റ്റുകൾക്ക് സന്ദർശനത്തിന് അനുവാദമുള്ളതെന്ന കാര്യം ടൂറിസ്റ്റുകൾക്ക് പറഞ്ഞുകൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ശാസ്ത്രീയമായ ട്രെയിനിംഗ് ട്രൈബൽ ഗൈഡുകൾക്ക് നൽകണം. അതുപോലെ വനവുമായും വനജീവികളുമായും ബന്ധപ്പെട്ട കാര്യങ്ങളിൽ അവർക്ക് ട്രെയിനിംഗ് നൽകി ആകർഷകമായ രീതിയിൽ ഇക്കോ ടൂറിസത്തെ മാർക്കറ്റ് ചെയ്യാനും കൂടുതൽ ആദിവാസികൾക്ക് ട്രൈബൽ ഗൈഡുകളായി ജോലി ലഭ്യമാക്കാനും കഴിയുന്ന തരത്തിലുള്ള നടപടികൾക്ക് സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. കെ. രാജു: സർ, വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസികളുൾപ്പെടെയുള്ള വനസംരക്ഷണ സമിതി, ഇക്കോ ടൂറിസം ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് ട്രക്കിംഗ് മുഖേന വരുമാനം ലഭിക്കുന്ന വിധത്തിലാണ് ഇക്കോ ടൂറിസം പദ്ധതി സംഘടിപ്പിച്ചിട്ടുള്ളത്. ഇത് ടൂറിസം മേഖല ഉൾപ്പെട്ട സ്ഥലത്താണ് നടത്തുന്നത്. വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത വിധത്തിലും താരതമ്യേന മൃഗങ്ങൾ കുറവുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്തുമാണ് ട്രക്കിംഗ് നടത്തുന്നത്. വനത്തിൽ പരിചയമുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവർ ഗൈഡുകളായി സഞ്ചാരികളെ അനുഗമിക്കുന്നുണ്ട്. ഇത്തരത്തിൽ ആദിവാസികളുടെ സേവനം പ്രയോജനപ്പെടുത്തുന്നതുവഴി ട്രക്കിംഗ് ടൂറിസം അവരുടെ ഉപജീവന മാർഗ്ഗവുമാകുന്നു. കൂടാതെ സഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്താൻ ചില പ്രദേശങ്ങളിൽ ആയുധധാരികളായ ഒരു ഫോറസ്റ്റ് ഗാർഡിന്റെ സേവനംകൂടി ഉപയോഗപ്പെടുത്തുന്നുണ്ട്. ഭയം കൂടാതെ സന്ദർശകർക്ക് വന്യമൃഗങ്ങളെ നേരിൽ കാണാനുള്ള സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. ട്രക്കിംഗ് മുഖേന ലഭിക്കുന്ന വരുമാനം ആദിവാസി വിഭാഗത്തിൽപ്പെട്ട വാച്ചർമാർക്കും മറ്റും ശമ്പളം നൽകുന്നതിനും വനസംരക്ഷണ സമിതി, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ

ഉപജീവനത്തിനും ഉന്നമനത്തിനുമായി ഉപയോഗിക്കുന്നു. ഇക്കോ ടൂറിസം പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന ട്രക്കിംഗ് പരിപാടിയിൽ നിലവിലുള്ള സംവിധാനങ്ങളുടെ പരിധിയിൽനിന്നുകൊണ്ട് എല്ലാ തരത്തിലുള്ള സുരക്ഷാ ക്രമീകരണങ്ങളും ഉറപ്പാക്കിയിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കൂടുതൽ ഉയർച്ചയിലേയ്ക്ക് വരാൻ കഴിയുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. പ്രധാനമായി ജനങ്ങളെ ആകർഷിക്കുന്നത് വനമേഖലയാണ്. മൃഗങ്ങളെ നേരിട്ട് കാണുന്നതിനും വനത്തിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനുമാണ് സന്ദർശകർ വരുന്നത്. ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന്റെ അടിസ്ഥാനമെന്തൊക്കെയാണ്; അത്തരം സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിന് സർക്കാരിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ?

ശ്രീ. കെ. രാജു: സർ, പുഴകൾ, പുൽമേടുകൾ, വെള്ളച്ചാട്ടങ്ങൾ എന്നിങ്ങനെ പ്രകൃതിരമണീയമായതും പൊതുജനങ്ങൾ കാലാകാലങ്ങളായി സന്ദർശിച്ചുവരുന്നതുമായ പ്രദേശങ്ങളാണ് പ്രധാനമായും പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. പദ്ധതിയുടെ സാമ്പത്തിക സഹായത്തിനായി പ്രോജക്ട് റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച് ടൂറിസം വകുപ്പ് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. കൂടാതെ 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമം, 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമം എന്നിവ അനുശാസിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ മാത്രമാണ് ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നത്. വനം പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന വിധത്തിലുള്ള യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്നില്ല. പ്രകൃതിപഠനത്തിനും സന്ദർശകരുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള സൗകര്യങ്ങൾ മാത്രമേ പദ്ധതി പ്രദേശത്ത് ഒരുക്കുന്നുള്ളൂ. ഇതിനായി പദ്ധതി പ്രദേശത്ത് നിലവിലുള്ള സൗകര്യങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്. സംസ്ഥാനത്ത് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ 60 കേന്ദ്രങ്ങളിലാണ് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി കേരള വന വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഗവിയിൽ ആരംഭിച്ച പ്രവർത്തനം ഏറെ ശ്രദ്ധേയമാവുകയും ടൂറിസ്റ്റുകളുടെ കേന്ദ്രമായി ഗവി മാറുകയും ഗവി എന്ന സിനിമ വിജയകരമാവുകയും ചെയ്തു. നാദാപുരം മണ്ഡലത്തിൽ ജാനകിക്കാട് ഇക്കോ ടൂറിസം പ്രോജക്ട് നേരത്തെ നടപ്പിലായതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള സാമ്പത്തിക സഹായങ്ങളോ മറ്റ് നടപടികളോ ഉണ്ടായില്ല. ആ പ്രോജക്ട് വീണ്ടും ആരംഭിക്കാനാവശ്യമായ സഹായം വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. രാജു: സർ, ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഇക്കോ ടൂറിസം സെന്ററായി ഗവി മാറിയിട്ടുണ്ട്. എത്തുന്ന എല്ലാ ടൂറിസ്റ്റുകൾക്കും അവിടെ പ്രവേശിക്കാൻ കഴിയാത്ത സ്ഥിതി പലപ്പോഴുമുണ്ടാകുന്നുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കോ ടൂറിസത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് നിശ്ചിത എണ്ണം വാഹനം മാത്രമേ കടത്തിവിടൂ എന്ന് നേരത്തെ തന്നെ ധാരണയുണ്ട്. ടൂറിസ്റ്റുകൾ കൂട്ടമായി വനത്തിനുള്ളിൽ പ്രവേശിച്ചാൽ അത് വന്യമൃഗങ്ങൾക്ക് പ്രശ്നമാകുമെന്നതുകൊണ്ടാണ് അത്തരം ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. എങ്കിലും ധാരാളം ആളുകൾക്ക് ഗവി സന്ദർശിക്കുന്നതിനാവശ്യമായ അവസരം ഒരുക്കുന്നതിനുള്ള ചർച്ചകൾ നടത്തിവരികയാണ്. നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പ്രോജക്ടിന്റെ കാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സർ, കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ തൊഴിൽ ലഭ്യതയും വിദേശ മൂലധനവും നേടിത്തരാൻ അനന്ത സാദ്ധ്യതയുള്ളതാണ് ഇക്കോ ടൂറിസം. എന്നാൽ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കാനെത്തുന്നവർ ധാരാളം പ്രയാസങ്ങൾ നേരിടുകയാണ്. ഇക്കോ ടൂറിസം പ്രദേശം സന്ദർശിക്കാനെത്തുന്നവർക്ക് അടിസ്ഥാന സൗകര്യമില്ലായ്മ പോലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളും നടപടികളുമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. കെ. രാജു: സർ, വനമേഖല കേന്ദ്രീകരിച്ച് ഒറ്റത്തവണ ബുക്കിംഗിലൂടെ ഒന്നിലധികം കേന്ദ്രങ്ങളിൽ സന്ദർശനം സാധ്യമാക്കുന്ന തരത്തിൽ ഇക്കോ ടൂറിസം സർക്യൂട്ട് ആവിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കോ ടൂറിസം സർക്യൂട്ട് ആവിഷ്കരിച്ചാൽ സന്ദർശകർക്ക് നേരത്തെതന്നെ ബുക്ക് ചെയ്ത് പല കേന്ദ്രങ്ങൾ സന്ദർശിക്കാൻ കഴിയും. തിരുവനന്തപുരം കേന്ദ്രീകരിച്ച് നെയ്യാർ, കോട്ടൂർ, ശെന്തുരുണി, അച്ചൻകോവിൽ തുടങ്ങിയ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഒരു ടൂറിസം സർക്യൂട്ട്; കോന്നി, ഗവി, തേക്കടി, വാഗമൺ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഒരു സർക്യൂട്ട്; മൂന്നാർ, ഇരവികുളം, ചിന്നാർ മേഖലകളെ ബന്ധിപ്പിച്ച് ഒരു സർക്യൂട്ട്; അതിരപ്പിള്ളി, വാഴച്ചാൽ, പറമ്പിക്കുളം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഒരു സർക്യൂട്ട്; നെല്ലിയാമ്പതി, ശിരുവാണി, പീച്ചി, വാഴാനി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഒരു സർക്യൂട്ട്; കണ്ണൂർ, നോർത്ത് വയനാട് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മലബാർ സർക്യൂട്ട്; കൊട്ടിയൂർ, ആറളം, റാണിപുരം, പരപ്പ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിപ്പ് ഒരു സർക്യൂട്ട്; സൈലന്റ്‌വാലി, നിലമ്പൂർ എന്നിവ കേന്ദ്രീകരിച്ച് ഒരു സർക്യൂട്ട്; വയനാട് കേന്ദ്രീകരിച്ച് ഒരു പ്രത്യേക സർക്യൂട്ട്; കണ്ടൽക്കാടുകളെ അടിസ്ഥാനപ്പെടുത്തി കാസർഗോഡ്-കണ്ണൂർ സർക്യൂട്ട് ഇങ്ങനെ പത്ത് ടൂറിസം സർക്യൂട്ടുകൾ ഇക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് ശ്രമിക്കുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, കോന്നി-ആനക്കൂട് കേന്ദ്രീകരിച്ചാണ് ഇക്കോ ടൂറിസം പദ്ധതിയുടെ തുടക്കം. അവിടെ നിന്ന് കൊക്കാത്തോടുപോലുള്ള സ്ഥലങ്ങളിലേയ്ക്ക് ട്രക്കിംഗ് ആരംഭിച്ചിട്ടുണ്ട്. അടവി ഇക്കോ ടൂറിസം പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ടൂറിസം വകുപ്പിൽ നിന്ന് ഏകദേശം 75 ലക്ഷം രൂപ അനുവദിച്ച് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും ഫൗണ്ടേഷൻ കെട്ടുക മാത്രമാണ് ചെയ്തത്. അത് പൂർത്തീകരിക്കുന്നതിനുള്ള നടപടിയുണ്ടാകണം. കൂടാതെ, കോന്നി-അടവി-ഗവി അടങ്ങിയ ടൂറിസം പദ്ധതിയെക്കുറിച്ച് പറയുകയുണ്ടായി. ഗവിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ഏതാണ്ട് 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളിലൂടെ ആ തുക വിനിയോഗിക്കാൻ കഴിയുന്നില്ല. ടൂറിസം വകുപ്പാണ് പണം അനുവദിക്കുന്നത്. അടവിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള നടപടികളുണ്ടാകുന്നതോടൊപ്പം ഗവിയിലേയ്ക്ക് അനുവദിച്ച 100 കോടി രൂപ വിനിയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള തീരുമാനങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. ഗവിയിലെ വരുമാനം വർഷം തോറും വർദ്ധിക്കുന്നുണ്ട്. വരുമാനം വർദ്ധിക്കുന്നതനുസരിച്ച് അതാത് പഞ്ചായത്തുകൾക്കുകൂടി നിശ്ചിത ശതമാനം തുക കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, കോന്നി മണ്ഡലവുമായി ബന്ധപ്പെട്ടുവരുന്ന പ്രദേശത്ത് ഇക്കോ ടൂറിസം പദ്ധതി വളരെ വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. അവിടെ നിന്നും നല്ല വരുമാനവുമുണ്ട്. എന്നാൽ ഈ പ്രദേശമെല്ലാം വനത്തിൽ ഉൾപ്പെട്ടുവരുന്നതാണ്. എത്ര കോടി രൂപ അനുവദിച്ചാലും വനവുമായി ബന്ധപ്പെട്ട ഇക്കോ സിസ്റ്റം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ അവിടെ നടത്താൻ കഴിയുകയുള്ളൂവെന്ന് അങ്ങേയ്ക്കുമറിയാം. ആ സാഹചര്യത്തിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും എന്നാൽ ടൂറിസത്തിന് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നതരത്തിലും അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് അങ്ങ് സൂചിപ്പിച്ച തുക എങ്ങനെ വിനിയോഗിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് കൂട്ടായി ആലോചിച്ച് നടപടിയെടുക്കാം. ഇപ്പോൾ അവിടെ നടപ്പിലാക്കിയിട്ടുള്ള കുട്ടവഞ്ചിയിൽ ഞാനും ബഹുമാനപ്പെട്ട മെമ്പറും കയറിയിട്ടുള്ളതാണ്. അത് സംസ്ഥാനത്ത് മറ്റ് മേഖലകളിലേയ്ക്കും നടപ്പിലാക്കാൻ കഴിയുന്നതാണ്. മാത്രമല്ല, ധാരാളം വിദേശ ടൂറിസ്റ്റുകളടക്കം കുട്ടവഞ്ചിയിൽ സഞ്ചരിക്കുന്നതിന് താൽപ്പര്യം കാണിക്കാറുണ്ട്. അതുപോലെ ഗവി-കോന്നി-തേക്കടി-വാഗമൺ എന്നിവ ചേർത്ത് സർക്യൂട്ട് നടപ്പിലാക്കാനാണ് ആലോചിക്കുന്നത്. തീർച്ചയായും ഗവിക്ക് അർഹമായ പ്രാധാന്യമുണ്ടാകും. വനത്തിന്റെ പരിസ്ഥിതി പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതികൾ മാത്രമേ

നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. വനാശ്രിത സമൂഹത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്കാണ് വരുമാനം മുഴുവൻ ലഭിക്കുന്നത്. അത് പഞ്ചായത്തിൽ ഉൾപ്പെടുന്നതാണ്. പഞ്ചായത്തിന് വരുമാനത്തിന്റെ ഒരു വിഹിതം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. അതിന്റെ സാദ്ധ്യതകൾ പഠിച്ചതിനു ശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കക്കയത്ത് ഇക്കോ ടൂറിസം സർക്യൂട്ട് വരാൻ പോകുന്ന സാഹചര്യത്തിൽ വിദേശികളും തദ്ദേശികളുമായ ധാരാളം സന്ദർശകരാണ് അവിടെയെത്തുന്നത്. കെ.എസ്.ഇ.ബി. അവിടെ ബോട്ട് സർവ്വീസും ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പ് ഒരാൾക്ക് 40 രൂപ ഫീസും കെ.എസ്.ഇ.ബി. 20 രൂപ ഫീസും ചുമത്തുന്നു. എന്നാൽ യാതൊരു സൗകര്യങ്ങളും ഒരുക്കിയിട്ടില്ല. ദേശീയ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രാദേശിക ടൂറിസം കേന്ദ്രങ്ങളിൽ ഇത്തരത്തിൽ ഫീസ് ചുമത്തുന്നതിന് ആരാണ് ഉത്തരവാദികൾ; ഇതിന് വനം വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, ഇത് സംബന്ധിച്ച് പ്രത്യേക ചോദ്യമായി തന്നാൽ മാത്രമേ വിശദാംശങ്ങൾ മനസ്സിലാക്കി മറുപടി പറയാൻ സാധിക്കുകയുള്ളൂ. ഒരു പ്രത്യേക ഇക്കോ ടൂറിസം മേഖലയിലെ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. അത് എഴുതിത്തന്നാൽ അവിടെയുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിന് കൂട്ടായി ആലോചിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിൽ ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾ വനം വകുപ്പിന്റെ ലീസ് ഭൂമിയിലാണ് താമസിക്കുന്നത്. അവിടെ അവർ തനതായ, പാരമ്പര്യ കൃഷികൾ നടത്താറുണ്ട്. ഇക്കോ ടൂറിസത്തിന്റെ ഭാഗമായി പദ്ധതികൾ ആവിഷ്കരിച്ച് അവർക്ക് പ്രോത്സാഹനം നൽകാൻ കഴിയുമോ?

ശ്രീ. കെ. രാജു: സർ, ഇക്കോ ടൂറിസത്തിന്റെ ഭാഗമായി ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച് ഞാൻ സൂചിപ്പിച്ചു. പരിസ്ഥിതിക്ക് കോട്ടംവരാത്ത വിധത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികളാണവ. ആദിവാസി സമൂഹത്തിന് വനത്തിൽ കൃഷി ചെയ്യാനുള്ള അവകാശമുണ്ട്. പ്രത്യേകിച്ച് വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ കൃഷി പ്രോത്സാഹി പ്പിക്കുന്നതിനാവശ്യമായ സഹായങ്ങൾ വനം വകുപ്പിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകുന്നുണ്ട്. അക്കാര്യങ്ങൾ പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. കെ. രാജൻ: സർ, സുവോളജിക്കൽ പാർക്ക് എന്ന പേരിൽ പൂത്തുരിൽ പ്രത്യേക മൃഗശാല സ്ഥാപിക്കാൻ തീരുമാനിച്ചിട്ട് 11 വർഷമായി. ഏറ്റവും കൂടുതൽ റവന്യൂ വരുമാനമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ 300 ഏക്കറിലധികം ഭൂമി കൈവശം വച്ചുകൊണ്ടുള്ള പുതിയ പ്രോജക്ടിനാണ് സർക്കാർ രൂപം കൊടുത്തത്. പദ്ധതിക്ക് ഈ സർക്കാർ 150 കോടി രൂപ അനുവദിച്ചുവെങ്കിലും ഇക്കാര്യത്തിൽ പല തടസ്സങ്ങളും നിലനിൽക്കുന്നുണ്ട്. മുഖ്യമന്ത്രി ഇടപെട്ട് വനം-മൃഗശാല, ധനകാര്യം, ടൂറിസം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ഇത് സംബന്ധിച്ച് ഒരു യോഗം വിളിച്ച് നടപടികൾ വേഗത്തിലാക്കാൻ കഴിയുമോ?

ശ്രീ. കെ. രാജു: സർ, തൃശ്ശൂരിൽ നിലവിലുള്ള മൃഗശാല കേവലം 12.5 ഏക്കറിൽ പട്ടണത്തിലാണ് സ്ഥിതിചെയ്യുന്നത്. ഈ മൃഗശാല വിശാലമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിനായി തൃശ്ശൂരിൽ നിന്ന് 20 കിലോമീറ്റർ അകലെ പൂത്തുരിൽ 336 ഏക്കർ വനം കണ്ടെത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ 150 കോടി രൂപ അനുവദിക്കുകയും അതിൽ 15 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർ തന്നെയാണ് മൃഗശാലയുടെ നിർമ്മാണച്ചുമതല വഹിക്കേണ്ടത്. ഇതിന്റെ ചുമതല വഹിച്ചിരുന്ന പി.സി.സി.എഫ്. ഇപ്പോൾ റിട്ടയർ ചെയ്തതിനാൽ പകരം സ്പെഷ്യൽ ആഫീസറെ നിയമിച്ച് ഉടൻതന്നെ അതിന്റെ പ്രവർത്തനങ്ങളിലേയ്ക്ക് പോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ മൃഗശാല യാഥാർത്ഥ്യമായാൽ അത് ഇന്ത്യയിലെതന്നെ ഏറ്റവും വലിയ മൃഗശാലയായിരിക്കും. അന്തർദ്ദേശീയ നിലവാരം പുലർത്തുന്ന മൃഗശാലയുടെ നിർമ്മാണത്തെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. തീർച്ചയായും അത് പ്രാവർത്തികമാക്കുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനമേഖലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സർക്യൂട്ടുണ്ടാക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതിൽ മണ്ണാർക്കാട് മേഖലയിലുള്ള സൈലന്റ്‌വാലി, ശിരുവാണി, പാത്രക്കടവ്, മീൻവല്ലം എന്നിവ തൃശ്ശൂരിനോടും നിലമ്പൂരിനോടും ബന്ധിപ്പിച്ചുകൊണ്ട് രണ്ട് സർക്യൂട്ടുകളിലായിട്ടാണ് പറഞ്ഞത്. എന്നാൽ സൈലന്റ്‌വാലി, ശിരുവാണി, മീൻവല്ലം, പാത്രക്കടവ് എന്നിവ കേന്ദ്രീകരിച്ച് ഒരു സർക്യൂട്ടാക്കുന്നതായിരിക്കും സൗകര്യപ്രദമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. സൈലന്റ്‌വാലിയിൽ ധാരാളം ആളുകൾ കാടുകാണാൻ വരുന്നുണ്ടെങ്കിലും അതിനുള്ള സൗകര്യങ്ങൾ അവിടെയില്ല. ഡോർമെറ്ററി, റോഡ്-വാഹന സൗകര്യങ്ങൾ എന്നിവയ്ക്ക് ആവശ്യമായ സഹായം സർക്കാർ നൽകുമോ?

ശ്രീ. കെ. രാജു: സർ, സർക്ക്യൂട്ട് ഡെസ്റ്റിനേഷൻ മാറ്റണമെന്ന നിർദ്ദേശം ആലോചിച്ച് ചെയ്യാവുന്ന കാര്യമാണ്. സൈലന്റ്‌വാലിയിലേയ്ക്കുള്ള യാത്രാസൗകര്യവും വനമേഖലയിൽ പുതിയ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടും നിലവിലുള്ള വനനിയമങ്ങളുടെ അടിസ്ഥാനത്തിൽ പരമാവധി സൗകര്യങ്ങൾ ഒരുക്കാം. പല മേഖലകളിലും ഈ ആവശ്യം ഉയർന്നുവരുന്നുണ്ട്. ജനങ്ങൾക്ക് പെട്ടെന്ന് പോകാൻ കഴിയത്തക്കരീതിയിലുള്ള റോഡുകൾ ആവശ്യമായി വരുന്നുണ്ട്. വനത്തിനകത്തു കൂടിയുള്ള റോഡ് നിർമ്മാണത്തിന് നിലവിലുള്ള നിയമങ്ങൾ തടസ്സമായിവരുന്നു. എങ്കിലും നിലവിലുള്ള റോഡുകളുടെ വീതി വർദ്ധിപ്പിക്കേണ്ട ആവശ്യവും പുതിയതായി മരം മുറിക്കേണ്ട അവശ്യവും വരുന്നില്ലെങ്കിൽ ടാറിംഗ് ഒഴികെയുള്ള മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്. അതിനാവശ്യമായ അപേക്ഷ നൽകിയാൽ വനം വകുപ്പ് അക്കാര്യം പരിശോധിച്ച് ആവശ്യമായ അനുമതി നൽകുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഏറ്റവും കൂടുതൽ കണ്ടൽ വനങ്ങളുള്ള ജില്ലയാണ് കണ്ണൂർ. പാപ്പിനിശ്ശേരിയിൽ ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ മുൻകയ്യെടുത്ത് ഒരു മാതൃകാ കണ്ടൽപാർക്ക് സ്ഥാപിക്കുകയുണ്ടായി. രാഷ്ട്രീയ വിവാദങ്ങളുയർത്തി എതിരാളികൾ ആ പദ്ധതി അട്ടിമറിച്ചു. ശ്രീ. ജെയിംസ് മാത്യു മുൻകയ്യെടുത്തു കൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെ 11 എം.എൽ.എ.-മാർ കെ.എഫ്.ആർ.ഐ.-യുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം ഈ കണ്ടൽ വനങ്ങൾ സന്ദർശിച്ചിരുന്നു. നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് കണ്ടൽക്കാടുകൾ ആവശ്യമാണെന്ന വസ്തുത മുൻനിർത്തി കൊണ്ട് ഒരു കണ്ടൽ പാർക്ക് ആരംഭിക്കാനും കണ്ടൽ വനങ്ങളെ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് ഒരു ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കാനും സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, കണ്ടൽക്കാടുകൾ സംരക്ഷിക്കപ്പെടേണ്ടത് പ്രകൃതി സംരക്ഷണത്തിന് വളരെ ആവശ്യമാണ്. അത്തരം കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് വനം വകുപ്പ് തയ്യാറാണ്. പക്ഷേ നിർബന്ധപൂർവ്വമായ ഇടപെടൽ നടത്തി ഏറ്റെടുക്കുന്നതിന് വനം വകുപ്പ് ആഗ്രഹിക്കുന്നില്ല. വനം വകുപ്പിന് വിട്ടുതരാൻ തയ്യാറുള്ള കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കാനും അവ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കും.

**പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് പദ്ധതി**

2 (*662) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പുതിയതായി വീട് വയ്ക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ഭവനം മെച്ചപ്പെടുത്തുന്നതിനും അധികമായി മുറികൾ നിർമ്മിക്കുന്നതിനുമാവശ്യമായ ധനസഹായം നൽകാറുണ്ടോ;

(സി) മുൻവർഷങ്ങളിൽ പണം ഭാഗികമായി അനുവദിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്നതുമായ ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) നിലവിലുണ്ട്. ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 3,00,000 രൂപയും ദുർബല വിഭാഗ ഭവന പുനരധിവാസ പദ്ധതിപ്രകാരം 3,50,000 രൂപയും 4 ഗഡുക്കളായി അനുവദിച്ചു വരുന്നു. 2016-17 വർഷം 7500 പേർക്ക് പുതുതായി വീട് വയ്ക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നൽകാറുണ്ട്. ഭവനം മെച്ചപ്പെടുത്തുന്നതിനും അഡീഷണൽ റൂം നിർമ്മിക്കുന്നതിനുംവേണ്ടി 50,000 രൂപ ധനസഹായം നൽകുന്നുണ്ട്. 2016-17 വർഷം 7000 പേർക്ക് ഭവനം മെച്ചപ്പെടുത്തുന്നതിനും അഡീഷണൽ റൂം നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2015-16 വരെ ഭവനനിർമ്മാണ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ വിവിധ ഘട്ടങ്ങളിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്ന 16363 പേർക്ക് സ്പിൽ ഓവർ പദ്ധതിപ്രകാരം തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 2007-2011 കാലത്ത് അനുവദിച്ച 49464 വീടുകളിൽ പൂർത്തീകരിച്ച 44104 വീടുകൾ കഴിച്ച് സ്പിൽ ഓവറായ 5360 എണ്ണവും 2011-2016 കാലത്ത് ഒട്ടാകെ അനുവദിച്ച 24594 വീടുകളിൽ സ്പിൽ ഓവറായ 11003 വീടുകളും ഉൾപ്പെടുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങാൻ ഇന്ന് അനുവദിക്കുന്ന പരിമിതമായ തുക അവരവർ താമസിക്കുന്ന സ്ഥലത്തിന് സമീപം സ്ഥലം വാങ്ങുന്നതിനുപോലും പര്യാപ്തമല്ല. അതുകൊണ്ട് പലരും റിമോട്ടായ സ്ഥലങ്ങളിൽപ്പോയി ഭൂമി വാങ്ങി വീട് വയ്ക്കുകയാണ്. പക്ഷേ, വളരെ പെട്ടെന്നുതന്നെ അവർ അവരുടെ കോളനികളിലേയ്ക്ക് തിരിച്ചുവരികയും ചെയ്യുന്നു. എന്നാൽ മറ്റ് ചിലർ ഈ ബുദ്ധിമുട്ട്

മുൻകൂട്ടി മനസ്സിലാക്കി ധനസഹായംപോലും സ്വീകരിക്കാൻ സന്നദ്ധമാകുന്നില്ല. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ അവരുടെ സാംസ്കാരിക തനിമ നിലനിർത്തി നിലവിൽ അവർ താമസിച്ചുവരുന്ന കോളനികൾക്ക് സമീപം സ്ഥലം കണ്ടെത്തി ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകാനുള്ള പദ്ധതി തയ്യാറാക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതൊരു നല്ല നിർദ്ദേശമാണ്. പട്ടികജാതി വിഭാഗങ്ങളിൽ ഇപ്പോൾ ഭൂമിയില്ലാത്തവർ ഏതാണ്ട് 30698 പേരാണ്. അവർക്ക് പരമാവധി അവരുടെ കോളനിക്കടുത്തുതന്നെ വീട് ലഭ്യമാക്കുന്ന ഒരു സമഗ്ര ഭവനനിർമ്മാണ പദ്ധതിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രൂപം നൽകുന്നുണ്ട്. ആ സമയത്ത് ഈ ഫ്ലാറ്റ് സിസ്റ്റത്തെ സംബന്ധിച്ചുള്ള പരിശോധനയും നടത്തുന്നതായിരിക്കും. അവർ താമസിക്കുന്ന സ്ഥലത്തോടുചേർന്ന് തന്നെ ഭൂമി കിട്ടുക എന്നത് ബുദ്ധിമുട്ടാണ്. ഭൂമിക്ക് ഇപ്പോൾ വില കൂടുതലായതിനാൽ കുറച്ച് മാറിപ്പോകേണ്ടിവരും. ഫ്ലാറ്റ് സിസ്റ്റം തന്നെയായിരിക്കും നല്ലത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, എന്റെ മണ്ഡലത്തിൽ കഴിഞ്ഞ രണ്ടുമൂന്നു വർഷമായി സ്ഥലത്തിനുവേണ്ടി അപേക്ഷ നൽകി സ്ഥലം ലഭിക്കാത്ത ഒരു ചെറുപ്പക്കാരൻ എന്നെ സമീപിച്ചു. വിവരമന്വേഷിച്ചപ്പോൾ മനസ്സിലാകുന്നത് അദ്ദേഹത്തിന്റെ അച്ഛന്റെ പേരിൽ 9 സെന്റ് ഭൂമിയുണ്ട്. അത് കിട്ടാൻ ഇപ്പോൾ ചില സാങ്കേതിക തടസ്സം ഉന്നയിക്കുകയാണെന്നാണ്. ഈ മകൻ മിശ്രവിവാഹിതനായതിനാൽ അച്ഛൻ മകനെ പുറത്താക്കിയിരിക്കുകയാണ്. അച്ഛന്റെ സ്ഥലം അയാൾ സ്വന്തമായി സമ്പാദിച്ചതാണ്. അതുകൊണ്ട് മകന് അതിലൊരു അവകാശവും ആവശ്യപ്പെടാൻ കഴിയില്ല. ഈ സാഹചര്യത്തിലാണ് അദ്ദേഹത്തിന് സ്ഥലം ലഭിക്കാതെ വന്നത്. 'ഞാൻ ഈ മകന് സ്ഥലം കൊടുക്കില്ല' എന്ന അഫിഡവിറ്റ് അച്ഛൻ നൽകിയിരിക്കുകയാണ്. ഈ സാഹചര്യങ്ങൾ സംസ്ഥാനത്ത് പലയിടത്തുമുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് അച്ഛന്റെ പേരിൽ സ്ഥലമുണ്ടെന്നുള്ളതുകൊണ്ട് മക്കൾക്ക് ധനസഹായം അനുവദിക്കാതിരിക്കുന്നതിന് പരിഹാരം കണ്ടെത്താൻ കഴിയുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അച്ഛന്റെ പേരിൽ ആകെ 9 സെന്റ് സ്ഥലം മാത്രമേയുള്ളൂ; മകന്റെ പേരിൽ ഭൂമിയുമില്ല. മകന് ഭൂമി ലഭിക്കുന്നതിനുള്ള അപേക്ഷ കൊടുത്താൽ വകുപ്പുവഴി ഗ്രാമപ്രദേശങ്ങളിലായാലും 10 സെന്റ് ഭൂമി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതേയുള്ളൂ. ഇപ്പോൾ അച്ഛനുമായി ഏറ്റുമുട്ടേണ്ട സാഹചര്യമാണ് വന്നിരിക്കുന്നത്. 9 സെന്റ് ഭൂമി അയാളുടെ കൈവശമിരുന്നോട്ടെ, വേറെ അപേക്ഷ കൊടുക്കുന്നതല്ലേ നല്ലത്? ആകെ കുടികിടപ്പായി ലഭിക്കുന്നത് 10 സെന്റ് ഭൂമിയാണ്. അതിൽത്തന്നെ നാലും അഞ്ചും കുടുംബങ്ങളാണ്. ഒരു പുതിയ അപേക്ഷ

കൊടുക്കുന്നതാണ് നല്ലത്. ജില്ലാ-ബ്ലോക്ക്-പഞ്ചായത്തുകൾക്ക് ഇപ്പോൾ എസ്.സി.പി. ഫണ്ടുണ്ട്. അതിന് പുറമെ പട്ടികജാതി വകുപ്പും തുക നൽകുന്നുണ്ട്. പ്രധാനപ്പെട്ട പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ. പരാതിയായി തന്നാൽ അക്കാര്യം പരിശോധിക്കാം. ഭൂമി വാങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. ആർ. രാജേഷ്: സർ, ഒരു വീട് എന്നത് ഏതൊരു മനുഷ്യന്റെയും സ്വപ്നമാണ്. വീടില്ലാത്തവർക്ക് മാത്രമേ അതിന്റെ ബുദ്ധിമുട്ട് മനസ്സിലാകുകയുള്ളൂ. അത് പരിഹരിക്കാനായി ഒരു പുതിയ ഭവനപദ്ധതി സർക്കാർ പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. നേരത്തെ ഐ.എ.വൈ. പദ്ധതിയുണ്ടായിരുന്നു. ആ പദ്ധതി ഇപ്പോൾ പ്രധാനമന്ത്രി ആവാസ് യോജനയായി മാറിയിട്ടുണ്ട്. അതിൽ 20300 വീടുകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊടുക്കാൻ തീരുമാനിച്ചിരുന്നത്. വീട് നിർമ്മാണത്തിനുള്ള ധനസഹായം 2 ലക്ഷം രൂപയായിരുന്നത് 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഉത്തരവിറക്കിയെങ്കിലും ആ ഉത്തരവ് നടപ്പിലാക്കണമെങ്കിൽ ഒരു ലക്ഷം രൂപ നൽകേണ്ടത് പട്ടികജാതി വികസന വകുപ്പാണ്. അങ്ങനെയാകുമ്പോൾ 203 കോടി രൂപ കുടിശ്ശികയുള്ളതായാണ് അറിയാൻ കഴിഞ്ഞത്. ഈ തുക കൊടുത്തെങ്കിൽ മാത്രമെ 20300 ഗുണഭോക്താക്കൾക്ക് വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ. 203 കോടി രൂപ അടിയന്തരമായി കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇത് കൊടുക്കാതിരിക്കുന്നതിന്റെ ഭാഗമായി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും കേന്ദ്ര സഹായം നഷ്ടപ്പെടാനുള്ള സാഹചര്യം നിലവിലുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, ഐ.എ.വൈ. പ്രകാരമുള്ള 26,017 വീടുകളും വകുപ്പ് വഴിയുള്ള 16,363 വീടുകളും സ്പിൽ ഓവറായിരിക്കുകയാണ്. ഇതിൽ ഏതാണ്ട് 350 കോടി രൂപയുടെ ബാധ്യതയാണ് വരുന്നത്. വീട് നിർമ്മാണത്തിനുള്ള ധനസഹായം രണ്ട് ലക്ഷം രൂപയെന്നത് മൂന്ന് ലക്ഷം രൂപയാക്കുകയും അത് ഐ.എ.വൈ.-യ്ക്ക് ബാധകമാക്കുകയും ചെയ്തു. അതിനുശേഷം പട്ടികജാതി വകുപ്പ് ഈ തുക കൊടുക്കുമെന്ന് ഗ്രാമവികസന വകുപ്പ് ഗുണഭോക്താക്കളുമായി എഗ്രിമെന്റുവച്ചു. ഇവരുടെ ഓർഡർ പ്രകാരം 7-10-2016-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഒരുത്തരവ് കൊടുത്തു. ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം മൂന്നു ലക്ഷം രൂപയാക്കിയെങ്കിലും അതിന്റെ കുടിശ്ശിക കിട്ടിയിട്ടില്ല. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അധികമായി അനുവദിച്ച തുക നാളിതുവരെ ലഭ്യമായിട്ടില്ല. ഇത് 7-10-2016-ലെ

ഉത്തരവാണ്. ഇതിന്റെ ഭാഗമായി 26117 പേർക്ക് കൊടുക്കാൻ കഴിഞ്ഞില്ല. അതായത്, രണ്ട് ലക്ഷം രൂപ എന്നുള്ളത് മൂന്ന ലക്ഷം രൂപയാക്കിയതിനു ശേഷമാണ് ഈ ഉത്തരവ്. രണ്ടു ലക്ഷം രൂപയാക്കിയ അവസരത്തിൽത്തന്നെ ഇരുന്നൂറ്റി അൻപത്തിമൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷം രൂപ കൊടുക്കാനുണ്ടായിരുന്നതിൽ 50 കോടി രൂപ കൊടുത്തു. ആ സമയത്ത് 64046 വീടുകൾ സ്പിൽ ഓവറായിരുന്നു, 258.335 കോടി രൂപ കുടിശ്ശിക വന്നു. അതിൽ 80 കോടി രൂപ കൊടുത്തു. ഇത് 31-3-2015- ലെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ ഉത്തരവാണ്. എന്നാൽ ഈ തുക പോരെന്ന് ഗ്രാമവികസന വകുപ്പ് ആവശ്യപ്പെടുന്നു, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് തുക കൊടുക്കുന്നില്ല. അതിനുശേഷം ഈ തുക തരുമെന്ന് പറഞ്ഞതാണ്, പക്ഷെ കിട്ടിയിട്ടിട്ടില്ല, 2015-16-ലെ ഐ.എ.വൈ തുക ബ്ലോക്കുകളിലോ ഗ്രാമ പഞ്ചായത്തുകളിലോ ഉണ്ടെങ്കിൽ വിനിയോഗിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 7-10-2016-ന് ഉത്തരവ് കൊടുക്കുന്നു. 7-10-2016-ന് ഉത്തരവ് കൊടുത്തു കഴിഞ്ഞാൽ ആ കാലഘട്ടത്തിലെ പ്ലാൻ ഫണ്ട് പൂർണ്ണമായും പദ്ധതികൾ ആവിഷ്കരിച്ച് പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുന്നു. 2015-16-ൽ എടുത്ത ഇന്ദിരാ ആവാസ് യോജനയിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ ഒരു ലക്ഷം രൂപ കോൺട്രിബ്യൂഷൻ കൊടുക്കാത്തതിന്റെ ഭാഗമായി സ്പിൽ ഓവറായിരിക്കുകയാണ്. ഈ രണ്ട് ഓർഡറും എന്റെ കൈവശമുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി സർക്കാർ നിരവധി പദ്ധതികൾ മുന്നോട്ടുവയ്ക്കുകയാണ്. കോളനികളുടെ നവീകരണത്തിനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം കോടിക്കണക്കിന് രൂപയാണ് സർക്കാർ കൊടുക്കുന്നത്. പക്ഷേ അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. എന്റെ മണ്ഡലത്തിൽ മൂന്ന് കോളനികൾക്ക് പണം അനുവദിച്ചിട്ടുണ്ടെങ്കിലും മീറ്റിംഗുകളിൽ അക്രെഡിറ്റ് ഏജൻസികൾ പങ്കെടുക്കുകയോ പണി പൂർത്തിയാക്കുകയോ ചെയ്യുന്നില്ല. ഇതിനെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

ശ്രീ. എ. കെ. ബാലൻ : സർ, ഇക്കാര്യം വളരെ ശരിയാണ്. കോളനി നവീകരണത്തിനായി ഹാംലെറ്റ് ഡെവലപ്മെന്റ് എന്നൊരു പദ്ധതിയുണ്ടായിരുന്നു. അതിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം, ഹൗസിംഗ് ബോർഡ്, ഡിസ്ട്രിക്ട് നിർമ്മിതി കേന്ദ്രം, കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, സിഡ്കോ, ഹഡ്കോ എന്നീ ഏജൻസികൾക്കാണ് കൊടുത്തത്. ഒരുത്തരവാദിത്വവും ഇവർ നിർവ്വഹിച്ചില്ല. വയനാട് ഞാനിതിന്റെ റിവ്യൂ നടത്തി. ഇവരുടെയൊക്കെ പേരിൽ പ്രോസിക്യൂഷൻ നടപടിയെടുക്കുമെന്ന് പറയണമെന്ന് ഞാൻ കളക്ടർക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്.

ഒന്നകിൽ വാങ്ങിയ കാശ് തിരിച്ചുകൊടുക്കണം, അല്ലെങ്കിൽ പണി പൂർത്തീകരിക്കണം. ഇത് സർക്കാർ ഏജൻസികളാണ്. വകുപ്പ് നേരിട്ട് ഏജൻസികളെ ഏൽപ്പിക്കുകയാണ് ചെയ്യുത്. സർക്കാർ ഏജൻസികളുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണിത്. 2013-14-ൽ 18 കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. അതിൽ 11 കോളനികളിൽ ഇനിയും പണി പൂർത്തീകരിക്കേണ്ടതുണ്ട്. ഏഴ് കോളനികളിലാണ് ഭാഗീകമായി പണി പൂർത്തീകരിച്ചത്. 2014-15 വർഷത്തിൽ 25 കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കിയിരുന്നു. എട്ട് കോളനികളിൽ ഇനിയും പണി പൂർത്തീകരിച്ചിട്ടില്ല. 2015-16-ൽ 9 കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കി. എട്ട് കോളനികളിൽ പണി പൂർത്തീകരിച്ചിട്ടില്ല. ഈ ഏജൻസികളുടെ യോഗം വിളിക്കാൻ ബന്ധപ്പെട്ട കളക്ടർക്ക് നിർദ്ദേശം കൊടുത്തു. ചില ഏജൻസികളോട് പണി പൂർത്തീകരിക്കണമെന്ന് ഞാൻതന്നെ നേരിട്ട് വിളിച്ച് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ജെ. മാക്സി : സർ, പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുള്ള ഐ.എ.വൈ. പദ്ധതിപ്രകാരം വീടുനിർമ്മാണത്തിനുള്ള പണം പൂർണ്ണമായും കൊടുക്കാൻ കഴിയാത്തതിനാൽ വീടുനിർമ്മാണം പല ഘട്ടങ്ങളിലും മുടങ്ങിക്കിടക്കുകയാണ്. അതിനെ സ്പിൽ ഓവറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് അത് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലതന്നെ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്കായി ഫ്ലാറ്റ് നിർമ്മിക്കുന്ന കാര്യം ഇവിടെ സൂചിപ്പിച്ചു. കൊച്ചി മണ്ഡലത്തിലെ കുമ്പളങ്ങി പഞ്ചായത്തിൽ ഫ്ലാറ്റ് നിർമ്മാണത്തിനായി സ്ഥലം എടുത്തിട്ടുണ്ടെങ്കിലും പദ്ധതി മുന്നോട്ടുപോയിട്ടില്ല. അത്തരം പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, പട്ടികജാതി വിഭാഗങ്ങൾക്ക് 623.88 കോടി രൂപ കുടിശ്ശികയുണ്ട്. ഇപ്പോഴത്തെ ബഡ്ജറ്റ് പ്രൊവിഷൻ 265 കോടി രൂപയാണ്. അപ്പോൾ 350 കോടി രൂപയോളം പട്ടികജാതി വിഭാഗങ്ങൾക്ക് കുടിശ്ശിക ബാക്കിയാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ 301 കോടി രൂപയായിരുന്നു കുടിശ്ശിക. ഈ വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 150 കോടി രൂപ കൂടി അഡീഷണലായി വേണ്ടിവരും. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ 5000 വീടുകളും പട്ടികജാതി വിഭാഗത്തിൽ 7500 വീടുകളുമാണ് പുതുതായിട്ടെടുത്തിട്ടുള്ളത്. കൂടാതെ 7000 വീടുകൾ നവീകരിക്കാനും എടുത്തിട്ടുണ്ട്. ഈ പണികളാണ് ത്വരിതഗതിയിൽ നടക്കുന്നത്. അതിനാവശ്യമായ റിവ്യൂ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്തായാലും സ്പിൽ ഓവറായിട്ടുള്ള വർക്കുകളെല്ലാം പൂർത്തീകരിക്കാനുള്ള നടപടി കർശനമായും സ്വീകരിക്കും.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, വീടില്ലാത്തവർക്ക് പുതിയ വീട് നിർമ്മിച്ചുകൊടുക്കാനുള്ള നടപടികളെടുക്കുന്നതിനെ സ്വാഗതം ചെയ്യുകയാണ്. നിലവിൽ ഒട്ടനവധി വീടുകൾ പൂർത്തീകരിക്കാത്തവയായിട്ടുണ്ട്. കുന്നത്തുനാട് താലൂക്കിലെ വാഴക്കുളം പഞ്ചായത്തിൽ വീടിന്റെ പണി പൂർത്തീകരിച്ചെങ്കിലും ആ വീട്ടിലേയ്ക്ക് കടക്കാൻ വഴിയില്ല. "പ്രസ്തുത സ്ഥലത്ത് പട്ടികജാതിക്കാർക്കായി നിർമ്മിച്ച വീടുകൾ വഴിസൗകര്യമൊട്ടുംതന്നെ ഇല്ലാത്തതിനാൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ" എന്ന എന്റെ ചോദ്യത്തിന് 19-10-2016-ന് തന്ന മറുപടി "ഉണ്ട്" എന്നായിരുന്നു. എസ്.സി. ഫണ്ടുപയോഗിച്ച് പട്ടികജാതിക്കാർക്ക് താമസിക്കാനെന്ന വ്യാജേന റിയൽ എസ്റ്റേറ്റ് ലോബികൾ ഇത്തരത്തിൽ ധാരാളം സ്ഥലം വാങ്ങിയിട്ടിട്ടുണ്ട്. ഞാൻ ചോദിച്ച ചോദ്യത്തിനൊന്നും കൃത്യമായ മറുപടി തന്നിട്ടില്ല. പരിശോധിക്കുകയാണ്, പരിശോധിച്ചുകൊണ്ടിരിക്കുന്നു, പരിശോധിച്ചുവരുന്നു എന്നൊക്കെയുള്ള മറുപടിയാണ് നൽകിയത്. എല്ലാ കേസും വിജിലൻസ് അന്വേഷിക്കുകയല്ലേ; ഇത് അങ്ങയുടെ കാലത്തെ ഗർഭമാണ്. ഇത് യു.ഡി.എഫ്.-ന്റെ കാലത്തെ ഗർഭമല്ല. അങ്ങയുടെ കാലത്തെ ഗർഭത്തെക്കുറിച്ച് അന്വേഷിക്കാൻ അങ്ങ് തയ്യാറാകുമോ; ഇതിനെക്കുറിച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ അങ്ങ് തയ്യാറാകുമോ?

മി. സ്പീക്കർ : അങ്ങ് വഴിയുടെ കാര്യമല്ലേ പറഞ്ഞത്. അതിനിടയ്ക്ക് വേറെ എന്തോ ഒരു വാക്ക് പറയുന്നതുകേട്ടു. വഴിയും മറ്റേ വാക്കും തമ്മിലുള്ള അർത്ഥം മനസ്സിലായില്ല.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ആധാരത്തിൽ വഴിയുണ്ട്. പക്ഷേ നിലവിൽ റിയൽ എസ്റ്റേറ്റ് ലോബിക്കുവേണ്ടി മാത്രം ചെയ്ത കേസാണ്. ഇത് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള ഉത്തരവ് കൊടുക്കുമോ ?

ശ്രീ. എ. കെ. ബാലൻ: സർ, 'ആശിക്കും ഭൂമി' റിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ടുകൊണ്ട് നടത്തിയ അഴിമതിയെ സംബന്ധിച്ച് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ എനിക്കൊരു കത്ത് തന്നിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ നടന്ന ഈ അഴിമതിയെ സംബന്ധിച്ച് അന്വേഷിക്കണമെന്നാണ് അദ്ദേഹം തന്ന കത്തിൽ പറഞ്ഞിരിക്കുന്നത്. ഇതുപോലെ എന്റെ കാലഘട്ടത്തിൽ നടന്നത് എന്തെങ്കിലും അന്വേഷിക്കണമെന്ന് പറഞ്ഞു കൊണ്ട് ഒരു കത്ത്.....(ബഹളം)....ഞാൻ പറയട്ടെ, അതിനിടയ്ക്ക് വേറെ വാചകമൊക്കെ പറഞ്ഞല്ലോ. എനിക്ക് മറുപടി പറയാൻ അറിയാത്തതുകൊണ്ടല്ല, ഈ സ്ഥാനത്തിരുന്നുകൊണ്ട് പറയുന്നത് ശരിയല്ല. നന്നായി ചലിക്കുന്ന ചെറിയ നാവും വലിയ നാവും അപ്പുറത്തുള്ള ആൾക്കാർക്കുള്ളതുപോലെ ഇപ്പുറത്തുമുണ്ടെന്നു കൂടി മനസ്സിലാക്കണം. കെ.പി.സി.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. വി. എം.

സുധീരൻ നൽകിയ കത്തിന്റെ ഭാഗമായി വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. 2006-2011-ൽ എൽ.ഡി.എഫ്. ഭരിച്ചപ്പോൾ അന്ന് പ്രതിപക്ഷത്തുള്ള ആർക്കെങ്കിലും ഒരാരോപണം കൊണ്ടുവരാൻ കഴിഞ്ഞിരുന്നുവെങ്കിൽ അപ്പോൾത്തന്നെ അന്വേഷിക്കുമായിരുന്നു. ഇപ്പോൾ എഴുതിത്തന്നു.

വഴിയില്ലാത്ത പ്രശ്നമെന്നു പറഞ്ഞാൽ, 50 ശതമാനത്തിൽ കൂടുതൽ ബെനിഫിഷ്യറീസ് പട്ടികജാതിക്കാരായിരിക്കണം. എങ്കിൽ മാത്രമേ എസ്.സി.പി./ ടി.എസ്.പി. ഫണ്ടിൽ കോർപ്പസ് ഫണ്ടുപയോഗപ്പെടുത്തികൊണ്ട് ഇത് നടപ്പിലാക്കാൻ സാധിക്കൂ. അതല്ലാതെ 50 ശതമാനത്തിൽ കൂടുതൽ പട്ടികജാതിക്കാരില്ലാതിരിക്കുകയും പിന്നീട് വേറെയാരുടെയെങ്കിലും താല്പര്യത്തിനുവേണ്ടി റോഡ് വെട്ടുകയും ചെയ്യുന്നത് നടക്കില്ല. കൂടുതൽ ബെനിഫിഷ്യറീസ് പട്ടികജാതിക്കാരാണെങ്കിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് റോഡ് വെട്ടുന്നതിന് ബുദ്ധിമുട്ടുമുണ്ടാകില്ല. അതിന് ഉത്തരവാദപ്പെട്ട ജനപ്രതിനിധികൾ കത്ത് തരണം. അതല്ലാതെ പത്തുകൊല്ലം മുമ്പ് നടന്നത് ഇപ്പോൾ എന്റെ കുട്ടിയാണെന്ന രീതിയിലുള്ള വർത്തമാനം പറയുന്നതല്ല ശരി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, യു.ഡി.എഫ്. ഭരണകാലത്ത് വയനാട്ടിലോ അട്ടപ്പാടിയിലോ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ അന്വേഷിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു മടിയുമില്ല. കെ.പി.സി.സി. പ്രസിഡന്റ് നൽകിയ കത്ത് ഞങ്ങൾ ആലോചിച്ചു നൽകിയതാണ്. അങ്ങേയ്ക്ക് അത് അന്വേഷിക്കാം. അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനോട് ഞങ്ങൾക്ക് യാതൊരു എതിർപ്പുമില്ല. നിങ്ങളുടെ കാലത്തുള്ളത് അന്വേഷിക്കണമോ എന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടു. ഒരു ബുദ്ധിമുട്ടുമില്ല. അതുപോലെ ഏതെങ്കിലും കാലഘട്ടത്തിൽ നടന്ന വിഷയം സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് കത്ത് നൽകിയാൽ അപ്പോൾ തന്നെ അന്വേഷണത്തിന് ഉത്തരവിടും. 2006-2011-ൽ വീടു കൊടുത്തെങ്കിലും വഴിയില്ല എന്നാണ് പറഞ്ഞത്. വഴി നടക്കാൻ സ്ഥലമില്ലെങ്കിൽ; അതിനുള്ള ഭൂമി കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് എന്നിവയുടെ പ്ലാൻ ഫണ്ടിൽ വയ്ക്കാം, എസ്.സി.പി.-യിൽ വയ്ക്കാം, എം.എൽ.എ. ഫണ്ടുമുണ്ട്. അങ്ങനെ എന്തെല്ലാം വഴികളുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതിൽ വ്യക്തമാക്കാനുള്ള കാര്യം, കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി ഇത് അന്വേഷിക്കാനായി ശ്രീ. ഐ. സി. ബാലകൃഷ്ണൻ എം.എൽ.എ.-യെ ചുമതലപ്പെടുത്തി. ഏഷ്യാനെറ്റിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്താൻ തീരുമാനിച്ചത്. ഇതിൽ യാതൊരു രാഷ്ട്രീയ ഇടപെടലുമില്ലെന്ന് ഞങ്ങൾക്ക് ബോദ്ധ്യമായിട്ടുണ്ട്. ആരെങ്കിലും ഇടപെട്ടിട്ടുണ്ടെങ്കിൽ അന്വേഷിച്ച് കുറ്റക്കാരെ കണ്ടുപിടിക്കുന്നതിൽ ഞങ്ങൾക്ക് നൂറുശതമാനവും സന്തോഷമാണ്. ഒരു പ്രശ്നവും അതിനകത്തില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് ഞാനൊരു ആരോപണവും ഇതുവരെ കൊണ്ടുവന്നിട്ടില്ലല്ലോ. ഞാൻ പ്രതിപക്ഷത്തിരുന്ന സമയത്ത് മന്ത്രിക്കെതിരായി ഏതെങ്കിലും രൂപത്തിലുള്ള ഒരു വാക്ക് എന്റെ ഭാഗത്ത് നിന്ന് വന്നിട്ടുണ്ടോ? ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുമെന്ന് ഞാനല്ല ആദ്യം പറഞ്ഞത്, നിങ്ങൾ തന്ന കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നു. നല്ല കാര്യമാണ്. ഏത് സർക്കാർ വരുമ്പോഴും എവിടെയെങ്കിലുമെന്തെങ്കിലും irregularity സംഭവിച്ചിട്ടുണ്ടെങ്കിൽ ഇങ്ങനെയുള്ള സമീപനം വളരെ നല്ലതാണ്. അതിൽ ബുദ്ധിമുട്ടെന്താണ്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, തൊട്ടുമുമ്പുള്ള ചോദ്യത്തിനുത്തരമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ പദ്ധതികൾക്ക് യഥാക്രമം പട്ടികജാതി വിഭാഗത്തിൽ രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ 2.5 ലക്ഷം രൂപയുമായിരുന്നത് അന്നത്തെ സർക്കാർ 3 ലക്ഷം രൂപയായി ഉയർത്തി. വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് കൊടുക്കാൻ മുൻ സർക്കാർ തീരുമാനിച്ചുവെങ്കിലും അത് കൊടുക്കുകയുണ്ടായില്ല, ഈ സർക്കാർ വന്നതിനുശേഷമാണ് ആ തുക അവർക്ക് ലഭിച്ചതെന്ന് ബഹുമാന്യനായ മന്ത്രി ധനാഭ്യർത്ഥന ചർച്ചയുടെ ഭാഗമായി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഇതെല്ലാം അടിസ്ഥാനരഹിതമാണെന്ന് റൂൾ 288 പ്രകാരം മുൻ മന്ത്രി ഒരു പ്രസ്താവന നടത്തി. ഇന്ന് വീണ്ടും ബഹുമാന്യനായ മന്ത്രി ഈ ഗ്യാപ് ഫില്ലിംഗ് ഫണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള എൽ.എസ്.ജി.ഡി.-യുടെ ഉത്തരവിൽ പറഞ്ഞ കാര്യങ്ങൾ സൂചിപ്പിച്ചു. രണ്ടര ലക്ഷവും രണ്ട് ലക്ഷവുമായിരുന്ന തുക മൂന്നു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചപ്പോൾ ആ ഗ്യാപ് ഫില്ലിംഗ് ഫണ്ട് കൊടുക്കാനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ മുൻ സർക്കാർ പരാജയപ്പെട്ടു എന്നാണ് ബഹുമാന്യനായ മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചത്. അതാണ് മുൻമന്ത്രി നിഷേധിച്ചത്. ആശയക്കുഴപ്പം കൊണ്ട് എനിക്ക് ലഭ്യമായ വിവരത്തിനപ്പുറം പറയാൻ സാധിക്കാത്തതുകൊണ്ട് അന്ന് ഞാൻ നിശ്ശബ്ദത പാലിച്ചു. പക്ഷേ ഇന്നെങ്കിലും ഇതിനൊരു പരിഹാരം കാണണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇത് ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള അതിർത്തി പ്രശ്നംപോലെ ഗൗരവമുള്ള വിഷയമല്ല. പക്ഷേ വസ്തുതകൾ തുറന്നു പറയണമല്ലോ. ഈ പറയുന്നത് ശരിയാണ്. ഒരു ലക്ഷം രൂപ എന്നുള്ളത് രണ്ടു ലക്ഷം രൂപയാക്കിയ സമയത്ത് 31-3-2015-ൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉത്തരവനുസരിച്ച് 64046-ഓളം വീടുകൾക്ക് തുക നൽകാനുണ്ട്. 258.335 കോടി രൂപ കുടിശ്ശികയുള്ളതിൽ 80 കോടി രൂപ കൊടുക്കുന്നു. ബാക്കി

തുക പെൻഡിംഗാണ്. അതിനുശേഷം ഇത് മൂന്നു ലക്ഷം രൂപയാക്കുകയാണ്. മൂന്നു ലക്ഷം രൂപയാക്കിയ സമയത്ത് പട്ടികജാതി വകുപ്പ് ഈ തുക കൊടുക്കുമെന്ന ധാരണ ഗ്രാമവികസന വകുപ്പിനുണ്ടാക്കി. അതെങ്ങനെ വന്നുവെന്നുള്ളത് എനിക്കറിയില്ല. അതിനെത്തുടർന്നാണ് 7-10-2016-ന് തദ്ദേശസ്വയംഭരണ വകുപ്പ് ഒരുത്തരവിറക്കിയത്. ഇന്ദിരാ ആവാസ് യോജന ഭവനനിർമ്മാണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിന് 3 ലക്ഷം രൂപ നൽകുന്നതിന് തീരുമാനിച്ചിരുന്നു. പദ്ധതി നിർവ്വഹണം ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതിക്ക് തുക വകയിരുത്തുന്നതിന് അനുമതി നൽകിയിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ അറിയിക്കുകയുണ്ടായി. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അധികമായി അനുവദിച്ച തുക നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ ഇത് ബ്ലോക്ക്/ജില്ലാ/ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞിരിക്കുകയാണ്. അതായത് 2 ലക്ഷം രൂപ 3 ലക്ഷം രൂപയാക്കിയതിനു ശേഷം ഈ തുക ലഭിക്കാത്തതിനെ തുടർന്ന് 7-10-2016-ന് ഉത്തരവ് കൊടുക്കുമ്പോൾ പ്ലാൻ ഫണ്ട് ചെലവഴിച്ചു കഴിഞ്ഞു, ഏതാണ്ട് പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞു. അതിന്റെ ഭാഗമായി ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. സ്പിൽ ആയി കിടക്കുകയാണ്. ഞങ്ങളുടെ മണ്ഡലത്തിൽ ഐ.എ.വൈ. പദ്ധതി നടപ്പിലാക്കുന്നില്ലെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ എനിക്ക് കത്ത് തന്നിട്ടുണ്ട്. 7-10-2016-ന് ഗ്രാമവികസന വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിൽ ഈ തുക കൊടുത്തിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയം ഞാൻ നിയമസഭയിൽ കഴിഞ്ഞതവണ ശ്രദ്ധ ക്ഷണിക്കലായി കൊണ്ടുവന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അധികാര വികേന്ദ്രീകരണം വന്നപ്പോൾ കൂടുതൽ ഫണ്ട് താഴെത്തട്ടിലേയ്ക്ക് നൽകിയത് പട്ടികജാതി വികസന വകുപ്പാണ്. ഏതാണ്ട് 40 ശതമാനം തുകയാണ്. ആ ഫണ്ടിനകത്ത് നിന്നാണ് എൽ.എസ്.ജി.ഡി. അവരുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരം പദ്ധതികൾക്ക് പണം കണ്ടെത്തേണ്ടത്. നമ്മുടെ ഡിപ്പാർട്ട്മെന്റൽ സ്കീം എന്നു പറയുന്നത് ഹൗസ് ടു ഹൗസ്‌ലെസ് സ്കീമാണ്. അതിൽ എത്ര വീടുകൾ കൊടുക്കുന്നുവെന്ന് ഡിപ്പാർട്ട്മെന്റ് തീരുമാനിക്കുകയും അതിന് ഫണ്ട് കൊടുക്കുകയുമാണ് വേണ്ടത്. ഡിപ്പാർട്ട്മെന്റ് ഒരു ലക്ഷം രൂപ എന്നത് രണ്ടുലക്ഷം രൂപയാക്കി, രണ്ടുലക്ഷം രൂപ മൂന്നുലക്ഷം രൂപയാക്കി. തദ്ദേശസ്വയംഭരണ വകുപ്പ് ഒരു വർഷം അത് ചെയ്തില്ല. രണ്ടാമത്തെ

വർഷം അവരുടെ പദ്ധതി വിഹിതത്തിൽ നിന്നാണ് കൊടുക്കേണ്ടത്. ഡിപ്പാർട്ട്മെന്റിന്റെ ഫണ്ട് ഇതിന് വിനിയോഗിക്കേണ്ട കാര്യമില്ല. എന്നാലും വൺടൈം അസിസ്റ്റന്റ്സ് എന്ന നിലയ്ക്ക് 2014-ൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് അന്ന് 80 കോടി രൂപ കൊടുത്തു. അതിനു മുമ്പ് കൊടുത്തിട്ടില്ല, അതിനുശേഷവും ഇപ്പോഴും കൊടുക്കേണ്ട കാര്യമില്ല. അവർക്ക് ബാദ്ധ്യതയില്ലെന്ന് പറഞ്ഞ് 7-10-2016-ന് ഡിപ്പാർട്ട്മെന്റ് ഇറക്കിയ ഉത്തരവുണ്ട്. അതാണ് ശരി. ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചിടത്തോളം ഹൗസ് ടു ഹൗസ്‌ലെസ് സ്കീമിനാണ് കൊടുക്കേണ്ടത്. ഐ.എ.വൈ.-യ്ക്ക് ഫണ്ട് കൊടുക്കാനുള്ള ബാദ്ധ്യത ഡിപ്പാർട്ട്മെന്റിനില്ല. അലോക്കേഷനായി കൊടുക്കുന്ന ഫണ്ടിൽ നിന്നാണ് അത് കൊടുക്കേണ്ടത്. നേരത്തെ പറഞ്ഞത് തെറ്റിദ്ധാരണാജനകമാണ്. ബഹുമാന്യനായ മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഐ.എ.വൈ.-ക്ക് ഫണ്ട് കൊടുക്കേണ്ട ബാദ്ധ്യത ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുന്ന സാഹചര്യമുണ്ടാകരുത്. അങ്ങനെ വന്നുകഴിഞ്ഞാൽ ഡിപ്പാർട്ട്മെന്റിന്റെ സ്കീം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. ആ രീതിയിലുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മുൻ മന്ത്രി പറഞ്ഞ കാര്യം ശരിയാണ്. പക്ഷേ, ഒരു ധാരണ അന്ന് ഗ്രാമവികസന വകുപ്പിന് ഉണ്ടാക്കി കൊടുത്തു. രണ്ട് ലക്ഷം രൂപയെന്നത് മൂന്ന് ലക്ഷം രൂപയാക്കുമ്പോൾ, ബാക്കി വരുന്ന തുകയും മാർജിൻ വരുന്നതും ഞങ്ങൾ തന്നുകൊള്ളാമെന്ന ധാരണ നിങ്ങളുണ്ടാക്കിയെന്ന് മാത്രമല്ല, ഈ പദ്ധതിക്ക് ജനറൽ വിഭാഗത്തിന് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയും നൽകുന്നതിനാണ് ബ്ലോക്ക് പഞ്ചായത്തുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. സ്വാഭാവികമായും ഈ ഫയൽ അങ്ങ് കണ്ടിരിക്കും. ഞാൻ പറയുന്നത്, ബഹുമാനപ്പെട്ട അംഗത്തിന് അന്ന് വിയോജിപ്പുണ്ടായിരുന്നുവെങ്കിൽ ഫയലിൽ എഴുതണമായിരുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് അധികമായി അനുവദിച്ച തുക നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ എന്നുപറഞ്ഞു കഴിഞ്ഞാൽ, കൊടുക്കുമെന്നുള്ള ഉറപ്പ് നിങ്ങൾ കൊടുത്തു. അല്ലാതെ ഇങ്ങനെയൊരു ഉത്തരവ് വരില്ലല്ലോ. അതാണ് ഞാൻ പറഞ്ഞത്, രണ്ട് ലക്ഷം രൂപയെന്നത് മൂന്ന് ലക്ഷം രൂപയാക്കുമ്പോൾ മാർജിനലായി വരുന്ന ഒരു ലക്ഷം രൂപ പട്ടികജാതി/പട്ടികവർഗ്ഗവകുപ്പ് കൊടുക്കുമെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് 7-10-2016-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഈ ഉത്തരവിറക്കിയത്. അന്നേരം തന്നെ ഞങ്ങൾ കൊടുക്കില്ലെന്ന് പറഞ്ഞ് നിങ്ങൾ തിരുത്തണമായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 40 ശതമാനം already കൊടുക്കുന്നുണ്ട്. ഇതെല്ലാം നിങ്ങൾക്ക് augment ചെയ്യാൻ പറ്റില്ല. പക്ഷേ, ഇത് നിങ്ങളുടെ ഡിപ്പാർട്ടുമെന്റ് കൊടുക്കുമെന്ന ധാരണ എഗ്രിമെന്റായിയെന്നാണ് ഉത്തരവിനകത്ത്

പറയുന്നത്. അവിടെയാണ് പ്രശ്നം. കൊടുക്കേണ്ടതില്ലായിരുന്നുവെങ്കിൽ കൊടുക്കില്ലെന്ന് വേണം പറയാൻ. രണ്ട് ലക്ഷം രൂപ മൂന്ന് ലക്ഷം രൂപയാക്കിയത് ശരിയാണ്. ആ മാർജിൻ കൊടുത്തില്ല. ഗ്രാമവികസന വകുപ്പ് കൊടുക്കേണ്ടത് അവർ കൊടുക്കില്ലെന്ന് പറഞ്ഞു. പിന്നെ നമ്മളും കൊടുത്തില്ല. ഇതിന്റെ ഭാഗമായി 24,000-ത്തോളം വീടുകൾ ഐ.എ.വൈ.-യിൽ ഇപ്പോഴും സ്പിൽ ഓവറായിരിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ : സർ, വലിയൊരു സാമൂഹിക പ്രശ്നമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സഭയുടെ പ്രത്യേകമായ പരിഗണന അതിനുണ്ടാകേണ്ടതാണ്. ഈ അഞ്ചുവർഷ കാലയളവിനുള്ളിൽ ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും കൊടുക്കുമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സർക്കാരുകൾ മാറിമാറി വന്നിട്ടും, സ്വാതന്ത്ര്യം കിട്ടി ഇത്രയും സംവത്സരങ്ങളായിട്ടും കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ആദിവാസി വിഭാഗങ്ങളുടെ ഭവനപദ്ധതികൾ ഇന്നും അപൂർണ്ണമാണ്. അതുകൊണ്ട് ഇവർക്കുവേണ്ടി പ്രത്യേകമായൊരു ഭവന പദ്ധതി സമയബന്ധിതമായി ആവിഷ്കരിക്കാൻ സർക്കാർ തയ്യാറുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, ഇക്കാര്യത്തിൽ ഒന്നും ചെയ്തില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. മാറിമാറി വരുന്ന സർക്കാരുകൾ കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ, ഇതര വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം പ്രശ്നങ്ങളുണ്ട്. ഭൂപരിഷ്കരണ നിയമം പാസ്സായിട്ടും കാണക്കുടിയാനും പാട്ടക്കുടിയാനും ഭൂമി കിട്ടി. പാവപ്പെട്ട കർഷകത്തൊഴിലാളി കുടിയിരിപ്പുകാരനും 10 സെന്റ് ഭൂമിയാണ് കിട്ടിയത്. അവിടെ നാലും അഞ്ചും കുടുംബങ്ങളാണുള്ളത്. ഭൂപരിഷ്കരണത്തിന്റെ അനന്തരഫലമായി ഈ പ്രശ്നം വന്നതിന്റെ പ്രധാനപ്പെട്ട കാരണം മിച്ചഭൂമി ഇല്ലാതായതാണ്. മിച്ചഭൂമി ഇല്ലാതായതോടുകൂടി കർഷകത്തൊഴിലാളികൾക്ക് ലഭ്യമാകേണ്ട ഭൂമി കിട്ടിയില്ല. ആ ഭൂമി പ്രശ്നം പരിഹരിക്കുക എന്നുള്ളതാണ് സർക്കാരിന്റെ മുന്നിലുള്ള പ്രധാനപ്പെട്ട കാര്യം. അതിന് സമഗ്രമായിട്ടുള്ള നിയമനിർമ്മാണം ആവശ്യമാണെങ്കിൽ കൊണ്ടുവരാനുള്ള നടപടികളെക്കുറിച്ച് ആലോചിക്കണം. അനധികൃതമായ ഭൂമി പല സ്ഥലത്തുമുണ്ട്. അതിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ നമ്മൾ ഇടപെട്ടുകഴിഞ്ഞാൽ കേരളത്തിൽ അധഃസ്ഥിത വിഭാഗത്തിന്റെ ഭൂമിപ്രശ്നം പരിഹരിക്കാൻ സാധിക്കും. അഞ്ചുവർഷം കൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ വീടിന്റെ പ്രശ്നം പരിഹരിക്കാൻ കഴിയും. സമഗ്രമായ വീട് നിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം കൊടുക്കുകയാണ്. ഇന്നലെ അതുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവടക്കം പങ്കെടുത്തുകൊണ്ട് ഒരു യോഗം ചേർന്നിരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ അധഃസ്ഥിത വിഭാഗങ്ങളുടെ ജീവൽപ്രധാനമായുള്ള ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള കർമ്മ പദ്ധതിക്കാണ് സർക്കാർ രൂപം കൊടുക്കുന്നത്.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളുടെ വീട് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം എന്റെ മണ്ഡലത്തിലുണ്ട്. മുസ്ലീം ലീഗ് ബൈത്ത് റഹ്മ ആരംഭിച്ചപ്പോൾ നാലര ലക്ഷം രൂപയുടെ ഡിസൈൻ തയ്യാറാക്കുകയാണ് ചെയ്തത്. അതുപോലെ, ഈ പാവങ്ങളെ സഹായിക്കാൻ ഒരു ഡിസൈൻ തയ്യാറാക്കുമോ, അത്രയും തുകതന്നെ പഞ്ചായത്തിനും ബ്ലോക്കിനുമടക്കം വകയിരുത്താൻ കഴിയുന്ന പദ്ധതി ആവിഷ്കരിക്കാൻ മന്ത്രി തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, നിലവിൽ മൂന്ന് ലക്ഷം രൂപയുടെ ഭവന പദ്ധതിയാണുള്ളത്. അതിനുള്ളിൽ നിന്നുകൊണ്ട് (മൂന്ന് ലക്ഷം രൂപ പട്ടികജാതിക്കാർക്കും മൂന്നര ലക്ഷം രൂപ പട്ടികവർഗ്ഗകാർക്കും) വീട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ ഉത്തരേന്ത്യയിലെ ചില ഏജൻസികൾ എന്നെ കാണാൻ വന്നിരുന്നു. ഈ വീടുകൾ ഒന്നായി അവർക്ക് കൊടുക്കുകയാണെങ്കിൽ ഇത്രയും തുകയ്ക്ക് മനോഹരമായി വീട് പണിതുനൽകാമെന്ന് അവർ പറഞ്ഞു. നമുക്ക് ഏതെങ്കിലുമൊരു ഏജൻസിയെ ഏൽപ്പിക്കാൻ പറ്റില്ല. അതേസമയം ബെനിഫിഷ്യറിയെന്നുള്ള നിലയിൽ ആദിവാസി, പട്ടികജാതി വിഭാഗങ്ങളെ ഏൽപ്പിച്ചുകഴിഞ്ഞാൽ ആ കാശ് യഥാസമയം ചെലവഴിച്ച് ഈ വീടുകൾ പൂർത്തീകരിക്കുന്നതിന് സാധിക്കാത്ത സ്ഥിതിയുമുണ്ട്. സർക്കാർ ഏജൻസികളെ ഏൽപ്പിച്ചാലും പ്രശ്നങ്ങളുണ്ട്. ഇതുസംബന്ധിച്ച് സമഗ്രമായൊരു പരിശോധന നടത്തി ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരു consensus-ൽ എത്തി ഏതെങ്കിലും approved ഏജൻസികളെ ഏൽപ്പിച്ചാൽ ഇത് പരിഹരിക്കാൻ സാധിക്കും. അതുകൂടി ആലോചിക്കുന്നത് നല്ലതായിരിക്കും. അല്ലെങ്കിൽ മൂന്നോ നാലോ ഗഡുക്കളായി ഇവർക്ക് കൊടുത്തുകഴിഞ്ഞാൽ, ചിലപ്പോൾ ആദ്യത്തെ ഗഡു ഇവർക്ക് ചെലവഴിക്കാൻ കഴിഞ്ഞെന്ന് വരില്ല. അങ്ങനെ വരുമ്പോൾ ഈ പണം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അവസാനത്തെ പണി പൂർത്തീകരിക്കാൻ സാധിക്കാതെ, റൂഫിന്റെ പണി ചെയ്യാതെ ഭിത്തി മാത്രം കെട്ടിയിട്ടിരിക്കും. റൂഫിന്റെ പണി പൂർത്തീകരിക്കാത്തതുകൊണ്ട് ലാസ്റ്റ് ഗഡു കൊടുക്കാനും പറ്റുന്നില്ല. ഇതിന്റെ സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ബി. സത്യൻ</u> : സർ, നിരവധി പദ്ധതികളുള്ളതുകൊണ്ടാണ് അങ്ങ് പറഞ്ഞതുപോലുള്ള പ്രശ്നം വന്നിരിക്കുന്നത്. 6,000 രൂപ സർക്കാർ കൊടുത്ത് വീട് നിർമ്മിച്ചിട്ട് ഇന്ന് വാസയോഗ്യമല്ലാതായി കിടക്കുകയാണ്. 1975-ൽ ആരംഭിച്ച ഏറ്റവും വലിയ പദ്ധതിയാണ് രണ്ട് വീട് ഒറ്റ വീട് ആക്കിയ ലക്ഷംവീട് പദ്ധതി. അതിനുശേഷം ജനകീയാസൂത്രണ പ്രസ്ഥാനം ശക്തിപ്പെട്ടപ്പോൾ വന്നതാണ് കൂടുതൽ വീടുകളും ഇ.എം.എസ്. സമ്പൂർണ്ണ നിർമ്മാണ പദ്ധതിയും. എല്ലാ പദ്ധതികളിലും നിർമ്മാണ ഘട്ടത്തിൽ വേണ്ടത്ര ശ്രദ്ധ ഉണ്ടാകാത്തതുമൂലം

ഇപ്പോൾ വാസയോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. പുതിയ നിർമ്മാണ പദ്ധതികൾ ആരംഭിക്കുന്ന സന്ദർഭത്തിൽ അതുകൂടി പരിഗണിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കോളനികളിലും മറ്റും പോകുമ്പോൾ ദയനീയമായ ചിത്രമാണ് കാണുന്നത്. വ്യത്യസ്തങ്ങളായിട്ടുള്ള പ്രഖ്യാപനങ്ങൾ വരുമ്പോൾ നിലവിൽ വാസയോഗ്യമല്ലാതായി കിടക്കുന്ന വീടുകൾ പുനർനിർമ്മിക്കണം. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതിയിലടക്കം വരുന്നത് ഭവനനിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനുമുള്ള പദ്ധതിക്ക് പ്രാമുഖ്യം നൽകണമെന്നാണ്. സമഗ്രമായ മാറ്റമുണ്ടാക്കാനുതകുന്ന രീതിയിലുള്ള ഒരു പാർപ്പിട നയം രൂപീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഈ വിഷയങ്ങളെല്ലാം സർക്കാർ പരിശോധിക്കുന്നതായിരിക്കും.

<u>ശ്രീമതി സി. കെ. ആശ</u>: സർ, എന്റെ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 13-ഓളം കുടുംബങ്ങൾ 300-ലധികം ദിവസമായി വീടിനും സ്ഥലത്തിനുമായി സമരത്തിലാണ്. അവരുടെ സമരം അവസാനിപ്പിച്ച് വീട് വയ്ക്കുന്നതിനുള്ള സ്ഥലവും കൃഷി ഭൂമിയും നൽകുന്നതിന് സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കുമോ; ഏത് വിധത്തിലാണ് അവർക്ക് ഭൂമി നൽകുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഭൂമിയുള്ള കുറച്ചാളുകളുണ്ടെന്നാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ഇക്കാര്യം സംസാരിച്ചതാണ്. ഈ പ്രശ്നം ഗൗരവമായി സർക്കാർ പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആദിവാസി വനാവകാശനിയമം

3 (*663) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വനാവകാശനിയമം നടപ്പിലാക്കാനായി മുൻ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്ന നടപടികൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ; മുൻസർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ ഉണ്ടായ പുരോഗതി അറിയിക്കുമോ;

(ബി) ഈ നിയമപ്രകാരം ലഭിച്ച ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി ലഭിക്കുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; ഭൂമിയിൽ ഉടമസ്ഥാവകാശവും ക്രയവിക്രയത്തിനുൾപ്പെടെയുള്ള സ്വാതന്ത്ര്യവും ഉറപ്പാക്കാനായി എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) ഭൂമിയുടെ അവകാശരേഖയില്ലാത്തതിനാൽ ആദിവാസികൾക്ക് കാർഷികാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാനായി നടപടിയെടുക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

(എ) വനാവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. 511 വനാവകാശ കമ്മിറ്റികൾ (എഫ്.ആർ.സി.) രൂപീകരിച്ചിരുന്നു. സബ്ഡിവിഷണൽ ലെവൽ കമ്മിറ്റി/ ഡിവിഷണൽ ലെവൽ കമ്മിറ്റി (SDLC/DLC) എന്നിവ സംഘടിപ്പിച്ചിരുന്നു. വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശം, സാമൂഹിക അവകാശം, വികസന അവകാശം എന്നിവ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 36,123 വ്യക്തിഗത അപേക്ഷകൾ സമർപ്പിക്കപ്പെട്ടതിൽ 31-5-2011 വരെ 22,440 അപേക്ഷകൾ പാസ്സാക്കി നൽകുകയും 20,502 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ 16,723 പേർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 31-5-2011 വരെ ജില്ലാതല സമിതി പാസ്സാക്കിയ 5,717 അപേക്ഷകളിന്മേൽ കൈവശാവകാശം നൽകുവാൻ ശേഷിക്കുന്നുണ്ടായിരുന്നു. സാമൂഹികാവകാശത്തിനും വികസനാവ കാശത്തിനുമായി 1,369 അപേക്ഷകൾ ലഭിച്ചിട്ടുണ്ടായിരുന്നു.

മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പാസാക്കിയതും എന്നാൽ വിതരണം ചെയ്യാൻ ബാക്കിയായതുമായ 5717 അപേക്ഷകളും മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പാസാക്കിയ 3378 അപേക്ഷകളും ചേർത്ത് ആകെ 9095 അപേക്ഷകൾക്ക് 12571 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് (1-6-2011 മുതൽ 31-5-2016 വരെ) 68 വനാവകാശ കമ്മിറ്റികൾ (എഫ്.ആർ.സി.) കൂടി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ഇപ്പോൾ 579 എഫ്.ആർ.സി.-കൾ നിലവിലുണ്ട്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പുതുതായി 943 വ്യക്തിഗത അവകാശങ്ങൾക്കുള്ള അപേക്ഷകൾ ലഭിച്ചു. ഇതിൽ 70 അപേക്ഷകളാണ് പാസ്സാക്കിയത്. വികസന അവകാശത്തിന് 481 അപേക്ഷകളിലായി 217 ഏക്കറും സാമൂഹിക അവകാശങ്ങൾക്കായി 327 അപേക്ഷകളും പാസ്സാക്കി നൽകിയിട്ടുണ്ട്.

(ബി) വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖ ലഭിച്ച ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള അനുവാദം ഉണ്ട്. ഇപ്രകാരം ലഭിക്കുന്ന അവകാശിക്ക് ഭൂമിയിൽ ഉടമസ്ഥാവകാശം ഉള്ളതും, അത് പാരമ്പര്യമായി അടുത്ത തലമുറയിലേയ്ക്ക് കൈമാറ്റം ചെയ്യാവുന്നതുമാണ്. എന്നാൽ ഇപ്രകാരം കൈവശാവകാശ രേഖ ലഭിച്ച ഭൂമി മറ്റൊരാൾക്ക് വിൽക്കുന്നതിനുള്ള അവകാശമില്ല. കേന്ദ്ര വനാവകാശ ചട്ടങ്ങൾ പ്രകാരമുള്ള ടൈറ്റിൽ രേഖയാണ് നൽകുന്നത്. ഈ രേഖയിൽ ക്രയവിക്രയ അവകാശം അനുവദിച്ചിട്ടില്ല. കേന്ദ്ര ചട്ടങ്ങളിലെ ഭേദഗതിയിലൂടെ മാത്രമേ ഈ അവകാശം സാധ്യമാകൂ.

(സി) ഭൂമിയുടെ അവകാശരേഖയില്ലാത്തതിനാൽ കാർഷികാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ജപ്തി നടപടികൾക്ക് സാദ്ധ്യമല്ലാത്തതിനാൽ ടി ഭൂമി ഈട് വച്ച് ബാങ്കുകൾ കാർഷികാവശ്യത്തിന് ലോൺ നൽകുന്നതിന് തയ്യാറല്ലെന്നുള്ളതാണ് വസ്തുത.

**മനുഷ്യാവകാശ കമ്മീഷൻ ആഫീസ് ആസ്ഥാനം മാറ്റാൻ നടപടി**

4 (*664) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആഫീസ് കെട്ടിടത്തിന് പ്രതിമാസം വാടകയിനത്തിൽ എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ ആസ്ഥാനം തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. ടെർമിനലിലേയ്ക്ക് മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മനുഷ്യാവകാശ കമ്മീഷൻ പ്രതിമാസം വാടകയിനത്തിൽ ചെലവഴിക്കുന്ന തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കത്തക്കവിധത്തിൽ, കമ്മീഷന്റെ ആസ്ഥാനം തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. ടെർമിനലിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആഫീസ് കെട്ടിടത്തിന് വാടകയിനത്തിൽ പ്രതിമാസം 2,80,466 (രണ്ട് ലക്ഷത്തി എൺപതിനായിരത്തി നാന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം) രൂപയും കോമൺ അമിനിറ്റീസ് ചാർജ്ജായി 12,500 (പന്ത്രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) രൂപയുമാണ് ചെലവഴിക്കുന്നത്. 2013 സെപ്റ്റംബറിലാണ് മനുഷ്യാവകാശ കമ്മീഷൻ ആഫീസ് നിലവിലെ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമ്പാനൂരിലുള്ള കെ.എസ്.ആർ.ടി.സി. ടെർമിനൽ കോംപ്ലക്സിലെ ഓഫീസ് സ്പെയ്സ് ബഹുമാനപ്പെട്ട ആക്ടിംഗ് ചെയർപേഴ്സൺ, സെക്രട്ടറി, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥർ സന്ദർശിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഓഫീസ് സ്പെയ്സിൽ ഫ്ലോറിങ്ങോ ഒരു ആഫീസിന് അനുയോജ്യമായ മറ്റ് സജ്ജീകരണങ്ങളോ ഒന്നും തന്നെ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ നിലവിലെ അവസ്ഥയിൽ കമ്മീഷന് അതിൽ പ്രവർത്തിക്കുന്നതിന് തടസ്സമുണ്ട്.

(സി) 2013-സെപ്റ്റംബർ മാസത്തിൽ 28,81,446 രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നാനൂറ്റി നാല്പത്തിയാറ് രൂപ മാത്രം) ചെലവാക്കിയാണ് പി.എം.ജി. ജംഗ്ഷനിലെ നിലവിലുള്ള വാടക കെട്ടിടത്തിൽ മനുഷ്യാവകാശ കമ്മീഷനുവേണ്ടി ഓഫീസ് സൗകര്യങ്ങൾ ഒരുക്കിയത്. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പ്രവർത്തിക്കുന്നതിന് അനുയോജ്യമായ വിധത്തിൽ ഓഫീസ് സൗകര്യങ്ങളും ഫ്ലോറിങ്ങും മറ്റ് അനുബന്ധ സജ്ജീകരണങ്ങളും കെ.എസ്.ആർ.ടി.സി. ടെർമിനലിൽ ഒരുക്കിത്തരുന്ന പക്ഷം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഓഫീസ് കെ.എസ്.ആർ.ടി.സി ടെർമിനലിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കുടിവെള്ള വിതരണ, ജലസേചന പദ്ധതികൾ**

5 (*665) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക നിക്ഷേപ നിധി ഉപയോഗിച്ച് ആവിഷ്കരിച്ചിട്ടുള്ള കുടിവെള്ള വിതരണ, ജലസേചന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; വരൾച്ച കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കാനായി ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പുതുതായി ഗാർഹിക കണക്ഷനുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അടിക്കടി കുടിവെള്ള വിതരണ പൈപ്പുകൾ പൊട്ടുന്നത് ഒഴിവാക്കാനും ജലചോർച്ച വഴി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനുമായി എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്):

(എ) ഷൊർണ്ണൂർ, തിരുവല്ല-ചങ്ങാനാശ്ശേരി, കൊല്ലം, കാസർഗോഡ്, പൊന്നാനി, കൊയിലാണ്ടി, തൊടുപുഴ, കോട്ടയം, തൃശ്ശൂർ, മട്ടന്നൂർ തുടങ്ങിയ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 735 കോടി രൂപ ബഡ്ജറ്റ് 2016-17-ൽ നീക്കി വച്ചിട്ടുണ്ട്. ഇതിനു പുറമെ കൊച്ചി സ്മാർട്ട് സിറ്റി 24X7 പദ്ധതിക്കായി 500 കോടി രൂപയും പുതുക്കിയ ബഡ്ജറ്റ് 2016-17-ൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങി കിടക്കുന്ന കൊഴിഞ്ഞാംപാറ, ധർമ്മടം, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ), മാനന്തവാടി സമീപ പഞ്ചായത്തുകളും, തിരുമാലി, നെൻമാറ, കടമക്കുടി, വരാപ്പുഴ, പെരുനാട് തുടങ്ങിയ 9 പദ്ധതികൾക്കായി ബഡ്ജറ്റ് 2016-17-ൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 162 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കുടിവെള്ള മേഖലയിൽ പുതിയ പദ്ധതികൾക്കായി ബഡ്ജറ്റ് 2016-17-ലെ മറുപടി പ്രസംഗത്തിൽ 90 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി രണ്ടാംഘട്ട പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഇത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതികളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.* ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം KIIFB-യുടെ ധനസഹായത്തോടെ ജലസേചനവകുപ്പ് താഴെ പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

1. ഗ്രോയിൻസുകളുടെ നിർമ്മാണം - പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പു വർഷം 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

2. ആലപ്പുഴയിലെ മുതലപ്പൊഴി പുനരുദ്ധാരണം-ആലപ്പുഴയിലെ മുതലപ്പൊഴി പുനരുദ്ധാരണത്തിനായി 100 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. 10 കോടി രൂപ ഈ വർഷം ചെലവ് പ്രതീക്ഷിക്കുന്നു.

3. പാർവ്വതി പുത്തനാറിന്റെ ശുചീകരണം-പാർവ്വതി പുത്തനാർ ശുചീകരിച്ച് പുനരുദ്ധരിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽതന്നെ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. ആലപ്പുഴ-കുട്ടനാട്-ചങ്ങനാശ്ശേരി-കോട്ടയം ഉൾനാടൻ ഗതാഗതം-ആലപ്പുഴയിലെ മൊബിലിറ്റി ഹബ്-ടൗൺ കനാലുകളുടെ ശുചീകരണം-ഈ പദ്ധതിക്കായി പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം 400 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ടൗൺ കനാലുകളുടെ ശുചീകരണം, സൗന്ദര്യവൽക്കരണം എന്നിവ 70 കോടി രൂപ ചെലവിൽ ജലസേചന വകുപ്പ് മുഖാന്തരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കൂടാതെ ജലസേചന മേഖലയിൽ പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികൾകൂടി നടപ്പിലാക്കുന്നതാണ്:

1. മലപ്പുറം ജില്ലയിലെ കണ്ടൂർ തോട് നവീകരണം - 15 കോടി രൂപ
2. പാലക്കാട് ജില്ലയിലെ ചിറ്റൂർ മൂലത്തറ വലതുകര കനാൽ-20 കോടി രൂപ (കോരയാർ മുതൽ വരട്ടയാർ വരെ നിർമ്മാണം.)
3. തൃശ്ശൂർ ജില്ലയിലെ പുതുക്കാട് കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം - 12 കോടി രൂപ
4. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ-അന്ധകാരത്തോട് നവീകരണം - 10 കോടി രൂപ

പ്രസ്തുത പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. Special purpose vehicle മുഖാന്തരമാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കേണ്ടത്.

(ബി) ഗാർഹിക കണക്ഷനുകൾ പരമാവധി നൽകി ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കേരള വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 10 ലക്ഷം കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെയും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണ ത്തിലൂടെയും കൂടുതൽ സ്ഥലങ്ങളിൽ കുടിവെള്ളം എത്തുകയും അതുവഴി ഗാർഹിക കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാനും കഴിയും. കണക്ഷൻ നൽകാനുള്ള നടപടികൾ പരമാവധി ലഘൂകരിച്ച് കണക്ഷനുകൾ വേഗത്തിൽ നൽകാൻ ലക്ഷ്യമിടുന്നു. ഇതു സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

(സി) പൈപ്പ് പൊട്ടൽമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും ജല നഷ്ടം കുറയ്ക്കുവാനുമായി വാട്ടർ അതോറിറ്റി പരമാവധി ശ്രദ്ധിക്കാറുണ്ട്. നിരന്തരമായി ചോർച്ച ഉണ്ടാകുന്ന കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഘട്ടം ഘട്ടമായി നടത്തി വരുന്നു. അറ്റകുറ്റ പണികൾ യഥാസമയം പൂർത്തിയാക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ പ്രധാന പദ്ധതികളിലും നടപ്പാക്കാനും ഉദ്ദേശിക്കുന്നു.

## ലഹരിവിരുദ്ധ ബോധവത്കരണം

6 (*666) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും അവബോധം ഉണ്ടാക്കുകയെന്ന ലക്ഷ്യത്തിനായി എന്തൊക്കെ പദ്ധതികളാണ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ സന്ദേശങ്ങൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനായി സംവിധാനമൊരുക്കിയിട്ടുണ്ടോ;

(സി) പ്രമുഖ ആഘോഷങ്ങളുടെയും ഉത്സവങ്ങളുടെയും ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്റ്റാളുകളും പവലിയനുകളും സ്ഥാപിച്ച് ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മദ്യവിപത്തിനും വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കുമെതിരെ എല്ലാ ജില്ലകളിലും ശക്തവും വിപുലവുമായ ബോധവത്കരണ പരിപാടികളാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്. റാലികൾ, ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, പ്രസംഗ മത്സരം, എക്സിബിഷനുകൾ, ലഹരിവിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ മുതലായവ ഇതിനോടനുബന്ധിച്ച പ്രവർത്തനങ്ങളാണ്. ഓണാഘോഷം, സംസ്ഥാന സ്കൂൾ യുവജനോത്സവം, പൂരം, മറ്റ് ആഘോഷ പരിപാടികൾ തുടങ്ങിയവയോടനുബന്ധിച്ച് ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിയുടെ ഉപയോഗം സമൂഹത്തിലുണ്ടാക്കുന്ന ദൂഷ്യഫലങ്ങളെയും മഹാവിപത്തിനെയുംകുറിച്ച് എല്ലാ വിഭാഗം ജനങ്ങളെയും ബോധവത്ക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, ക്ലബ്ബുകൾ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി യുവജന-മഹിളാ സംഘടനകൾ, എൻ.ജി.ഒ.-കൾ എന്നിവയുമായി ചേർന്ന് വിവിധ ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാറുകളും ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വ ചിത്രങ്ങളും പ്രദർശിപ്പിച്ചു വരുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലെയും കെ.എസ്.ആർ.ടി.സി.

ബസ് സ്റ്റേഷനുകളിലെയും സി.സി.റ്റി.വി. വഴിയും, കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സൈഡ് പാനലുകളിലൂടെയും, എഫ്.എം. റേഡിയോ വഴിയും, സോഷ്യൽ മീഡിയകൾ വഴിയും മദ്യലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ എക്സൈസ് വകുപ്പിലെ ലാന്റ് ഫോണുകൾ വഴിയും മൊബൈൽ ഫോണുകൾ വഴിയും റിംഗ്ടോണായി ലഹരിവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചുവരുന്നു. നവീന സാമൂഹിക മാധ്യമങ്ങളിലൂടെ ബഹുജനങ്ങൾക്ക് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കാനാവും. ഈ ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് എക്സൈസ് കമ്മീഷണറുമായി 24 മണിക്കൂറും ബന്ധപ്പെടുന്നതിന് ഒരു വാട്ട്സ് ആപ്പ് ഹെൽപ്പ് ലൈൻ നമ്പരും മൊബൈൽ ഫോൺ നമ്പരും നിലവിൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ ലഹരിവിരുദ്ധ ക്യാംപെയിനിന്റെ ഭാഗമായി മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായി ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ- "വിമുക്തി" ജി.ഒ.(എംഎസ്.) 94/2016/റ്റി.ഡി തീയതി 6-10-2016 പ്രകാരം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തെരഞ്ഞെടുത്ത സ്കൂളുകളുടെ സമീപം വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശ്രദ്ധയിൽപ്പെടുംവിധം ലഹരിവിരുദ്ധ സന്ദേശമടങ്ങിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓണാഘോഷത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിൽ ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ ഫ്ലോട്ടിന്റെ പ്രദർശനം നടത്തിയിട്ടുള്ളതാണ്. സംസ്ഥാന സ്കൂൾ യുവജനോത്സവം, പൂരം, മറ്റ് ആഘോഷപരിപാടികൾ തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ച് പവലിയനുകൾ സ്ഥാപിച്ച് എക്സൈസ് വകുപ്പ് ബോധവത്കരണ ആശയങ്ങൾ പ്രചരിപ്പിച്ചു വരുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലെയും, കെ.എസ്.ആർ.ടി.സി. ബസ്സ്സ്റ്റേഷനുകളിലെയും CCTV വഴിയും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സൈഡ് പാനലുകളിലൂടെയും, എഫ്.എം. റേഡിയോ വഴിയും, സോഷ്യൽ മീഡിയകൾ വഴിയും മദ്യലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ജൂൺ 26 (അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം), ഒക്ടോബർ 2 (ഗാന്ധിജയന്തി) എന്നീ ദിനങ്ങളോടനുബന്ധിച്ച് പൊതുവേദികളിൽ ലഹരി വിരുദ്ധ പരിപാടികളും ബോധവത്ക്കരണ ക്ലാസ്സുകളും, എക്സൈസ് വകുപ്പിലെ ജീവനക്കാർ അവതരിപ്പിച്ച നാടകം സംഘടിപ്പിച്ചിട്ടുള്ളതും ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ലഘുലേഖകളും പുസ്തകങ്ങളും വിതരണം ചെയ്തിട്ടുള്ളതുമാണ്.

(സി) നടത്തുന്നുണ്ട്. ഓണാഘോഷം, സംസ്ഥാന സ്കൂൾ യുവജനോത്സവം, തൃശ്ശൂർ പൂരം, ഉത്രാളിക്കാവ് പൂരം, ശിവഗിരി തീർത്ഥാടനം, മറ്റ് ആഘോഷ പരിപാടികൾ തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ച് എക്സൈസ് വകുപ്പിന്റെ പവലിയനുകൾ സ്ഥാപിച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

## കുഴൽകിണറുകളുടെ നിർമ്മാണം

7 (*667) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽകിണറുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ;

(ബി) കുടിവെള്ള ദൗർലഭ്യത്തിന് ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര കുഴൽകിണറുകൾക്കാണ് ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ&ബി) ഉണ്ട്. മറ്റ് കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തതും ജലദൗർലഭ്യം നേരിടുന്നതുമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യാനുസരണം കുഴൽ കിണറുകൾ കുഴിച്ച് ഭൂജല വകുപ്പ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കി കുടിവെള്ളം ലഭ്യമാക്കി വരുന്നു. രൂക്ഷമായ കുടിവെള്ള ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ മറ്റ് ജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വരുമ്പോൾ കുഴൽ കിണർ ആശ്രയിച്ചുള്ള ചെറുകിട കുടിവെള്ള പദ്ധതി ഏറെ പ്രയോജനപ്രദമാണ്. കുഴൽക്കിണറുകൾ/ട്യൂബ് വെൽ ഉപയോഗിച്ച് 50 മുതൽ 100 കുടുംബങ്ങൾക്ക് ഗുണപ്രദമാകുന്ന ജലവിതരണ പദ്ധതികളാണ് ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നത്. തുറന്ന കിണറിന്റെ സാദ്ധ്യതകളില്ലാത്ത സ്ഥലങ്ങളിലും മലയോര പ്രദേശങ്ങളിലും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം വേനൽക്കാലത്ത് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. 14 ജില്ലകളിലായി 60 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാന്റ് പമ്പ് സ്കീമും 106 കുഴൽക്കിണർ/ട്യൂബ് വെൽ നിർമ്മാണത്തിനും, 2066 ഹാന്റ് പമ്പ് റിപ്പയറിംഗിനുമുള്ള സാങ്കേതികതനുമതി ഭൂജലവകുപ്പ് നൽകിയിട്ടുണ്ട്. ഇതിൽ 10 ചെറുകിട കുടിവെള്ള പദ്ധതികളും 44 കുഴൽക്കിണറുകളും 377 ഹാന്റ് പമ്പ് റിപ്പയറും, 8 ഹാന്റ് പമ്പ് സ്കീമും പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ഈ സർക്കാർ നിലവിൽ വന്ന ശേഷം 2016 സെപ്റ്റംബർ വരെ 1691 കുഴൽക്കിണറുകൾക്ക് ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലസേചന പദ്ധതികളും കുടിവെള്ള വിതരണ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

8 (*668) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസേചന പദ്ധതികളും കുടിവെള്ള വിതരണ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിട്ടുണ്ടോ; ഇക്കാര്യത്തിൽ ഓഡിറ്റ് നിരീക്ഷണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ വർഷം വൻകിട, ഇടത്തരം ജലസേചന ജലവിതരണ പദ്ധതികൾക്കായി നീക്കിവെച്ചിരുന്ന തുകയിൽ എത്ര ശതമാനം ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(സി) നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും സംസ്ഥാനം നേരിടുന്ന കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ഈ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയെന്നും അതു വഴി എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്നും അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കേരള ജല അതോറിറ്റി :

സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത് പ്രധാനമായും പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാലും റോഡു മുറിക്കുന്നതിനും റെയിൽവേ ലൈൻ ക്രോസ് ചെയ്യുന്നതിനുമുള്ള അനുമതിക്കുള്ള കാലതാമസം കാരണവും ഫണ്ടിന്റെ അപര്യാപ്തതമൂലവുമാണ്. കൂടാതെ പലപ്പോഴും ഉദ്ദേശിച്ച അലൈൻമെന്റിൽ പൈപ്പിടാൻ സാധിക്കാതെ വരുമ്പോൾ അനുയോജ്യമായ മറ്റു അലൈൻമെന്റ് കണ്ടെത്തി മാറ്റത്തിനുള്ള അനുമതി വാങ്ങേണ്ടി വരുന്നുണ്ട്. ഇതും കാലതാമസത്തിനുള്ള ഒരു പ്രധാന കാരണമാണ്. അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ കാലതാമസവും പദ്ധതിയുടെ പ്രയോജനം യഥാസമയം ജനങ്ങൾക്ക് ലഭ്യമാക്കാത്തതും സംബന്ധിച്ചാണ്.

<u>പദ്ധതി വിഭാഗം - 2 :</u>

പദ്ധതി വിഭാഗം-2-ന്റെ അധികാരപരിധിയിൽ വരുന്ന മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. പദ്ധതി നടത്തിപ്പിനുള്ള ഫണ്ടിന്റെ അപര്യാപ്തതയും സാങ്കേതിക ബുദ്ധിമുട്ടുകളും റെയിൽവേയുടെയും റോഡ് ക്രോസിംഗിന്റെയും സ്ഥലമെടുപ്പിൽ വന്ന കാലതാമസവുമാണ് മേൽപ്പടി പദ്ധതി സമയബന്ധിതമായി പൂർത്തീ കരിക്കുവാൻ കഴിയാതിരുന്നത്. അതുകൊണ്ട് ടി പദ്ധതിക്ക് ഓഡിറ്റ് ഒബ്ജക്ഷൻ വന്നിട്ടില്ല. കൂടാതെ പദ്ധതി വിഭാഗം 2-ന് കീഴിലുള്ള ഇടമലയാർ ജലസേചന പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് ഫണ്ടിന്റെ അപര്യാപ്തതയും സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി വന്ന കാലതാമസവും മൂലമാണ്. ടി പദ്ധതിക്കും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ പേരിൽ ഓഡിറ്റ് ഒബ്ജക്ഷൻ വന്നിട്ടില്ല.

ഇതുകൂടാതെ ഈ ഓഫീസിന് കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന വാമനപുരം ജലസേചന പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാദേശിക എതിർപ്പുമൂലം താൽക്കാലികമായി നിർത്തിവച്ചു. നടപ്പിലാക്കാതെ പോയ ടി പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ വന്നിട്ടുണ്ട്.

<u>ഭൂജല വകുപ്പ്:</u>

സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ട്. സ്ഥലം വിട്ടുകിട്ടാത്തതിനാൽ എറണാകുളം ജില്ലയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതിനെപ്പറ്റി ഓഡിറ്റ് നിരീക്ഷണം നിലവിലുണ്ട്.

<u>ജലനിധി:</u>

ജലനിധി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കത്തക്ക രീതിയിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. എന്നാൽ പ്രതികൂല കാലാവസ്ഥ, പദ്ധതി ഘടകങ്ങൾക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, വനം, പൊതുമരാമത്ത്, കെ.എസ്.ഇ.ബി. എന്നീ വിവിധ വകുപ്പുകളുടെ അനുമതി തേടൽ തുടങ്ങിയ വിവിധ കാരണങ്ങൾകൊണ്ട് ചില പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു. ജലനിധി പദ്ധതികളുടെ സമയബന്ധിത പൂർത്തിയാക്കൽ സംബന്ധിച്ച് ആഡിറ്റ് പരാമർശങ്ങളില്ല.

പദ്ധതി വിഭാഗം 1:

കാരാപ്പുഴ ജലസേചന പദ്ധതിയെ സംബന്ധിച്ച് ഭൂമി ഏറ്റെടുക്കൽ, ജീവനക്കാരുടെ അപര്യാപ്തത എന്നിവ പദ്ധതിയുടെ കമ്മീഷനിംഗ് വൈകുന്നതിന് കാരണമായിട്ടുണ്ട്. ബാണാസുരസാഗർ പദ്ധതിയിൽ സ്ഥലമേറ്റെടുക്കാൻ വേണ്ടിവന്ന കാലതാമസം കാരണം വൈകിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും വേഗത്തിൽ പൂർത്തിയാക്കി പൂർണ്ണമായും കമ്മീഷൻ ചെയ്യുവാൻ ആഡിറ്റ് നിർദ്ദേശമുണ്ട്.

(ബി) കേരള ജല അതോറിറ്റി :

2015-16 സാമ്പത്തിക വർഷം കേരള ജല അതോറിറ്റിക്ക് ജലവിതരണ പദ്ധതികളുടെ നിർവ്വഹണത്തിനായി കേന്ദ്രവിഹിതമായി 45.20 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 519.19 കോടി രൂപയും ഉൾപ്പെടെ 564.39 കോടി രൂപ ആണ് അനുവദിച്ചത്. ഇതിൽ 543.31 കോടി രൂപ ചെലവഴിച്ചു. അതായത് ബഡ്ജറ്റ് വിഹിതത്തിന്റെ 72% ചെലവഴിച്ചു.

പദ്ധതി വിഭാഗം - 2 :

കഴിഞ്ഞ വർഷം പദ്ധതി വിഭാഗം-2-ന്റെ ഓഫീസിനു കീഴിലെ പദ്ധതികൾക്കായി നീക്കി വച്ചിരുന്ന തുകയിൽ ചെലവാക്കിയതിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| പദ്ധതി | ബഡ്ജറ്റ് വിഹിതം (ലക്ഷം) | ചെലവായത് (ലക്ഷം) | ശതമാനം |
|---|---|---|---|
| ഇടമലയാർ പദ്ധതി | 2122 | 2121.11 | 100% |
| മൂവാറ്റുപുഴവാലി ജലസേചന പദ്ധതി | 2229 | 2228.46 | 100% |
| പാമ്പാർ ജലസേചന പദ്ധതി | 1700 | 1.13 | 0.07% |

ഭൂജല വകുപ്പ് :

ഭൂജല വകുപ്പ് കുഴൽക്കിണർ ഉപയോഗപ്പെടുത്തിയിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ ഇതിനായി അനുവദിച്ച തുകയുടെ 99.61% ചെലവഴിച്ചു.

ജലനിധി :

കഴിഞ്ഞ വർഷം (2015-16) ജലനിധി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കായി നീക്കിവെച്ച (268.62 കോടി രൂപ) മുഴുവൻ തുകയും (100%) ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി വിഭാഗം - 1 :

വിവിധ പദ്ധതികളിൽ പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിൽ യഥാക്രമം 34.83 ശതമാനവും 81.10 ശതമാനവും ചെലവഴിച്ചിട്ടുണ്ട്.

(സി) കേരള ജല അതോറിറ്റി :

നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

ഈ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുവാനായി പദ്ധതികളുടെ വിവിധ ഘടകങ്ങൾ ഒരേ സമയം ചെയ്യുന്നു. ഇതിനായി പ്രത്യേക പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ പുരോഗതി സംബന്ധിച്ച് വിവിധ തലങ്ങളിൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി ബന്ധപ്പെട്ട് അവലോകന യോഗങ്ങൾ നടത്തുകയും തടസ്സങ്ങൾ നീക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ടാങ്കർ ലോറിയിൽ ജലം എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നു.

പദ്ധതികളെല്ലാം തന്നെ സമയബന്ധിതമായി പൂർണ്ണമായി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പദ്ധതി വിഭാഗം-2 :

ഈ ഓഫീസിനു കീഴിൽ നടപ്പിലാക്കി വരുന്ന മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയുടെയും ഇടമലയാർ ജലസേചന പദ്ധതിയുടെയും ഇനിയും പൂർത്തീകരിക്കുവാനുള്ള കനാലുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. ഇവ കൂടാതെ പുതിയ പദ്ധതികളായ പാമ്പാർ ജലസേചന പദ്ധതിയിലെ പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണവും മീനച്ചിൽ നദീതടപദ്ധതിയിലെ അരുണാപുരത്തുള്ള മിനിഡാമിന്റെ നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് :

നിലവിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 59 മിനി കുടിവെള്ള വിതരണ പദ്ധതികളുടെയും, 195 ഹാന്റ് പമ്പ് റിപ്പയറുകളുടെയും നിർമ്മാണം നടന്നുവരുന്നു. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ജലനിധി :

ജലനിധി രണ്ടാംഘട്ടത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളും അവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും താഴെ കൊടുക്കുന്നു:

ബാച്ച് 1 : 465 കുടിവെള്ള പദ്ധതികൾ നടപ്പാക്കാനായി ഏറ്റെടുത്തതിൽ 448 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും, പദ്ധതികൾ പൂർത്തിയായ പഞ്ചായത്തുകളിൽനിന്നും പദ്ധതി വിടുതൽ ചെയ്ത് ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

ബാച്ച് 2 : 1182 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ 784 പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ 2017 ജ്ജൂൺ മാസത്തോടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ബാച്ച് 3 : 513 കുടിവെള്ള പദ്ധതികളാണ് ഈ ബാച്ചിലെ വിവിധ പഞ്ചായത്തുകളിലായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതികളുടെ സ്രോതസ്സുകളുടെ പ്രവൃത്തികൾ ആരംഭിച്ച കഴിഞ്ഞു.

മൾട്ടി ജി.പി.പദ്ധതികൾ : 12 ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിനായി 3 കെ.ഡബ്ല്യൂ.എ. പദ്ധതികൾ തെരഞ്ഞെടുത്തിരുന്നു. ഇതിൽ മാളയും, സമീപ 5 പഞ്ചായത്തുകൾക്കുമുള്ള പദ്ധതിയിൽ കെ.ഡബ്ല്യൂ.എ.-യുടെ പൊതുഘടകങ്ങളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജലനിധി വിതരണ ശൃംഖലയുടെ 90% പണിയും പൂർത്തിയായിട്ടുണ്ട്. ഊരകം, വേങ്ങര, പറപ്പൂർ പദ്ധതിയുടെയും തെന്നല, ഒഴൂർ, പെരുമണ്ണക്ലാരി പദ്ധതിയും കേരള ജല അതോറിറ്റി, ജലനിധി ഘടകങ്ങളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പദ്ധതി വിഭാഗം - 1 :

നിലവിൽ നിർമ്മാണം നടന്നുവരുന്ന കാരാപ്പുഴ, ബാണാസുരസാഗർ എന്നീ ജലസേചന പദ്ധതികൾ 2019-20 വർഷത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) <u>കേരള ജല അതോറിറ്റി</u> :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം സർക്കിളിനു കീഴിൽ കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകൾക്ക് വിഴിഞ്ഞം കോർപ്പറേഷൻ ഏരിയയ്ക്കും കോവളം ടൂറിസ്റ്റ് ഏരിയയ്ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഭാഗികമായി പൂർത്തീകരിച്ചു. ഇതുവഴി 50000 ജനങ്ങൾക്കാണ് പ്രയോജനം ലഭിക്കുന്നത്.

കോട്ടയം സർക്കിളിനു കീഴിൽ മണിമല ശുദ്ധജല പദ്ധതി ഭാഗികമായി പൂർത്തീകരിച്ചു: ശുദ്ധീകരണശാലയിൽ നിന്നുള്ള വിതരണശൃംഖലയിലെ 2 സോണുകളിലെ പൈപ്പ്ലൈനുകളാണ് ഭാഗികമായി കമ്മീഷൻ ചെയ്തിരിക്കുന്നത്. ഇതുവഴി എകദേശം 1000 പേർക്ക് കുടിവെള്ളം ലഭിക്കത്തക്ക വിധം പദ്ധതി പ്രവർത്തനക്ഷമമായി. ബാക്കി വിതരണശൃംഖല കൂടി പൂർത്തീകരിക്കുന്നതു വഴി ഏകദേശം 72000 പേർക്ക് ശുദ്ധജലമെത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പത്തനംതിട്ട സർക്കിളിനു കീഴിൽ പന്തളം ശുദ്ധജലവിതരണ പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി 36000 പേർക്കും കുടിവെള്ളം ലഭിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ ഏറിയാട്-എടവിലങ്ങ് പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണശൃംഖല ദീർഘിപ്പിക്കൽ പദ്ധതിയുടെ പണികൾ പൂർത്തീകരിച്ചു. കുടിവെള്ളം വിതരണം ചെയ്തു വരുന്നു. ഈ പദ്ധതി വഴി ഏകദേശം 45000 പേർക്കും കുടിവെള്ളം ലഭിക്കുന്നതാണ്.

<u>ജലനിധി</u> :

ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം 76 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. ഇതുമൂലം 6574 കുടുംബങ്ങളിലെ 29,000-ത്തോളം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

<u>ഭൂജല വകുപ്പ്</u> :

ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം 46 മിനി കുടിവെള്ള വിതരണ പദ്ധതികളും, 9 കൈപമ്പ് സ്കീം, 746 ഹാന്റ് പമ്പ് റിപ്പയറുകളും, 33 കുഴൽകിണർ നിർമ്മാണവും പൂർത്തീകരിച്ചു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമഫണ്ട് വിനിയോഗം

9 (*669) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമഫണ്ട് വിനിയോഗത്തിൽ മുൻസർക്കാരിന്റെ കാലത്തുണ്ടായതായി ആക്ഷേപമുള്ള ക്രമക്കേടുകളും അഴിമതിയും ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇതു പരിഹരിക്കാനായി എന്തു നടപടി സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളിൽ പലതും ആദിവാസി ഊരുകളിൽ എത്തുന്നില്ലെന്ന പ്രശ്നം പരിഹരിക്കാൻ നടപടിയെടുക്കുമോ;

(സി) ഏകദേശം 25 ശതമാനം ആദിവാസികൾക്ക് റേഷൻ കാർഡു പോലുമില്ലാത്ത അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ചില പദ്ധതികളിലെ നടത്തിപ്പിൽ പാകപ്പിഴകൾ സംഭവിച്ചതായി ആക്ഷേപം ഉയർന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിലും ധനകാര്യ പരിശോധനാ വിഭാഗം മുഖേനയും അന്വേഷിച്ച് നടപടി സ്വീകരിച്ചു വരുന്നു. ജനനീ ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ധനവിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് സ.ഉ.(കൈ) നമ്പർ 64/16 പജപവവിവ തീയതി 10-8-2016 പ്രകാരം പദ്ധതി നടത്തിപ്പ് സമയത്ത് അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ആയിരുന്ന ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ ഊരുകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കോളനികളിലെ ഊരുകൂട്ട ചർച്ചയിലൂടെ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നു. പട്ടികവർഗ്ഗക്കാർക്കായുള്ള 90% വ്യക്തിഗത സാമ്പത്തികാനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകിവരുന്നത്.

(സി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനും എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടിയും സ്വീകരിച്ചു വരുന്നു.

**വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി**

10 (*670) ശ്രീ. കെ. ജെ. മാക്സി :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കായുള്ള സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എത്ര തുക വരെയുള്ള വായ്പകളാണ് പ്രസ്തുത പദ്ധതി പ്രകാരം എഴുതിത്തള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്; ഈ തുക പ്രസ്തുത പദ്ധതിക്കായി മതിയാകുമോ; ഇല്ലെങ്കിൽ അധിക തുക അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) 31-3-2010-നകം അവധിയായ വായ്പകൾ എഴുതിത്തള്ളുന്ന ഈ പദ്ധതി 31-3-2016 വരെ അവധിയായ വായ്പകൾക്ക് കൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുള്ളതും 31-3-2010-ന് മുൻപ് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെയുള്ള തുക സർക്കാർ വഹിക്കുന്നതിന് സ.ഉ(പി) 24/2015 പജപവവിവ, തീയതി 30-3-2015 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗക്കാർക്ക് സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010 വരെയുള്ള തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ വായ്പകളിൽ ഒരു ലക്ഷം രൂപ വരെ (മുതലും പലിശയും)-യുള്ള വായ്പകൾ എഴുതി തള്ളുന്നതിനുള്ള പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(സി) വായ്പ എഴുതി തള്ളൽ പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ള 50 കോടി രൂപയിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എഴുതി തള്ളുന്നതിനായി 44,33,96,000 രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. ഇതിന് പുറമേ 88,53,63,565 രൂപ കൂടി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ടി തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) നിലവിൽ 31-3-2010-ന് മുൻപ് തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളാണ് എഴുതിത്തള്ളുന്നതിന് പരിഗണിക്കുന്നത്. ആയത് പട്ടികവർഗ്ഗ വികസന വകുപ്പിലേതുപോലെ 31-3-2014 വരെ ഉയർത്തി ഏകീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## പട്ടികജാതി ഐ.ടി.ഐ. ട്രെയിനികൾക്കായി പ്രത്യേക പോഷകാഹാര പദ്ധതി

11 (*671) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പട്ടികജാതി ഐ.ടി.ഐ. ട്രെയിനികൾക്കായി പ്രത്യേക പോഷകാഹാര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ നടത്തിപ്പ് സംബന്ധിച്ച വിശദവിവരം നല്കാമോ;

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ സൗകര്യങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി ഐ.ടി.ഐ. ട്രെയിനികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്.

(ബി) ഐ.ടി.ഐ.-കൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ ഭക്ഷണം പാകം ചെയ്തു നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ ചുമതലപ്പെടുത്തുന്നതാണ്. ഒരു നിശ്ചിത മെനു പ്രകാരം ഉച്ചഭക്ഷണം തയ്യാറാക്കി ഐ.ടി.ഐ.-കളിൽ വിതരണം ചെയ്യുവാൻ അത്തരം യൂണിറ്റുകൾക്ക് സാധ്യമല്ലാത്തയിടങ്ങളിൽ ചെറുകിട ഭക്ഷണശാലകൾ/ കാറ്ററിംഗ് യൂണിറ്റുകൾ എന്നിവരെ കരാർ അടിസ്ഥാനത്തിൽ 6 മാസത്തേയ്ക്കോ അല്ലെങ്കിൽ ഒരു വർഷത്തേയ്ക്കോ ഏൽപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതി നടപ്പിലാക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ.-കളിലെ എല്ലാ ട്രെയിനികൾക്കും പ്രയോജനം ലഭിക്കുന്നതാണ്.

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പദ്ധതികൾ

12 (*672) ശ്രീ. എം. നൗഷാദ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുതുതായി എന്തെല്ലാം പദ്ധതികളാണ് ആലോചിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) അടിക്കടി പൈപ്പ് ലൈൻ പൊട്ടുന്നതുമൂലം കുടിവെള്ള തടസ്സം ഉണ്ടാകുന്നത് പരിഹരിക്കുന്നതിനായി പഴകിയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ശാസ്താംകോട്ടയടക്കമുള്ള ശുദ്ധജലതടാകങ്ങളിലെ സ്വാഭാവിക നീരൊഴുക്ക് കുറയുന്നതുമൂലമുള്ള കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി.തോമസ്):

(എ) സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി SAGY, AMRUT, KIIFB എന്നീ പദ്ധതികൾ മുഖേന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് കൂടാതെ ഫണ്ട് ലഭ്യതയനുസരിച്ച് NRDWP, നബാർഡ്, പ്ലാൻ ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി കുഴൽക്കിണറുകൾ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാനും നിലവിലുള്ള ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ റീസ്ട്രക്ചറിംഗിൽ രണ്ട് മൾട്ടി ജി.പി, ബൃഹദ് പദ്ധതികൾ കൂടി (ചീക്കോട്, നെടുമ്പാശ്ശേരി) ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്. അടിക്കടി പൈപ്പ് ലൈൻ പൊട്ടുന്നതുമൂലം കുടിവെള്ള തടസ്സമുണ്ടാകുന്നത് പരിഹരിക്കുന്നതിനായി പഴകിയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സംസ്ഥാന ബജറ്റിലും KIIFB-യിലും ഉൾപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു, കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്നതും തുടർച്ചയായി ചോർച്ചയുള്ളതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് പ്രധാനമായും ഏറ്റെടുക്കുന്നത്. ഇത്തരം പ്രവൃത്തികൾക്കായി KIIFB-യിൽ ഉൾപ്പെടുത്തി 526 കോടി രൂപയും സ്റ്റേറ്റ് പ്ലാനിൽ 50 കോടി രൂപയുമുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്.

(സി) ശാസ്താംകോട്ടയടക്കമുള്ള ശുദ്ധജലതടാകങ്ങളിലെ സ്വാഭാവിക നീരൊഴുക്ക് കുറയുന്നതുമൂലമുള്ള കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം കെ.ഐ.പി. കനാലിൽ നിന്നും വെള്ളം എടുക്കുന്നതിനുള്ള നടപടികൾ എടുത്തിരുന്നു. കെ.ഐ.പി. കനാലിൽ നിന്നുള്ള വെള്ളം ചവറ-പന്മന ശുദ്ധീകരണശാലയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കുള്ള നടപടി സ്വീകരിച്ചു വരുന്നു. ഭാവിയിൽ ശാസ്താംകോട്ട തടാകത്തിൽ നിന്നും എടുക്കുന്ന ജലത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി കല്ലടയാറ്റിൽ ഞാങ്കടവ് എന്ന സ്ഥലത്തിൽ നിന്നും 100 എം.എൽ.ഡി. ജലം എടുക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകാരം ലഭിക്കുന്നതിനായി ഒന്നാംഘട്ടം 2016-17-ലെ അമൃത് കർമ്മ പദ്ധതിയിലും രണ്ടാം ഘട്ടം KIIFB-യിലും ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ കടപ്പുഴയിൽ നിന്നും 40 എം.എൽ.ഡി. ജലം എടുക്കുന്നതിനുള്ള പദ്ധതിയുടെ നടപടികൾ നടന്നു വരുന്നു. ഈ പദ്ധതിയുടെ കിണർ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്തെ സംബന്ധിച്ച് കേസ് നിലവിലുള്ളതിനാൽ പണികൾ തടസ്സപ്പെട്ടിരിക്കുകയാണ്. മേൽപ്പറഞ്ഞ പദ്ധതികൾ പ്രാവർത്തികമാക്കുന്ന മുറയ്ക്ക് ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ നിന്നും എടുക്കുന്ന ജലത്തിന്റെ അളവ് കുറയ്ക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഭൂജല വകുപ്പ് കുഴൽകിണർ അടിസ്ഥാനമാക്കി ചെറുകിട കുടിവെള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററാക്കി മാറ്റാനുള്ള പദ്ധതി

13 (*673) ശ്രീ. വി. ജോയി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പ്രഖ്യാപിച്ച എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്റർ ആക്കി മാറ്റാനുള്ള പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ പരിശീലനം നൽകാൻ ഈ സെന്ററുകൾ പ്രാപ്തമാണോ; അതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണ് എന്ന് വ്യക്തമാക്കാമോ; ഇതിനായി വരുന്ന ചെലവ് സർക്കാർ വഹിക്കുന്നുണ്ടോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നു വ്യത്യസ്തമായി സ്വകാര്യ മേഖലയിൽ തൊഴിൽ നൽകാൻ ഈ സംവിധാനത്തിന് എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ഈ സെന്ററുകൾ വഴി ലഭ്യമായ സ്ഥിരം തൊഴിലുകളുടെ കണക്ക് ലഭ്യമാക്കുമോ;

(ഡി) ഈ സെന്ററുകളെ തൊഴിലന്വേഷകർക്ക് ഗുണപ്രദമായ രീതിയിൽ പരിവർത്തനം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. റ്റി. പി. രാമകൃഷ്ണൻ):</u>

(എ) നടത്തിവരുന്നുണ്ട്.

(ബി) അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ പരിശീലനം നൽകാൻ ഈ സെന്ററുകൾ പ്രാപ്തമാണ്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ വിവിധ അഭിരുചി പരീക്ഷകൾക്കും സൈക്കോമെട്രിക് ടെസ്റ്റുകൾക്കും വിധേയമാക്കി അവരുടെ കഴിവുകളും ന്യൂനതകളും കണ്ടെത്തുകയും തുടർന്ന് അവരുടെ അഭിരുചിയും യോഗ്യതയും അടിസ്ഥാനമാക്കി ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നു. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുവാനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ തൊഴിൽ മേളകൾ സംഘടിപ്പിച്ചും അവസരമൊരുക്കുന്നു. ഈ പദ്ധതിയുടെ ചെലവ് സർക്കാർ വഹിക്കുന്നുണ്ട്.

(സി) നിലവിൽ സ്വകാര്യ മേഖലയിൽ നിന്നും നാമമാത്രമായ ഒഴിവുകളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നത്. ആയതിനാൽ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആരംഭിച്ചിട്ടുള്ളത്. എംപ്ലോയബിലിറ്റി സെന്ററുകൾ വഴി തൊഴിൽ നൈപുണ്യ പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ ജോലി ലഭ്യമാക്കുന്നതിനുവേണ്ടി പ്രസ്തുത മേഖലയിലെ തൊഴിൽ ദാതാക്കളുമായി നിരന്തരം സമ്പർക്കം പുലർത്തുകയും എംപ്ലോയബിലിറ്റി സെന്ററിന് അകത്തും പുറത്തുമായി ജോബ് ഫെയറുകൾ (തൊഴിൽ മേളകൾ) സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. കൂടാതെ ഇതേ ലക്ഷ്യത്തോടുകൂടി വകുപ്പിന്റെ നേതൃത്വത്തിൽ എംപ്ലോയബിലിറ്റി സെന്ററുകളുടെ സഹകരണത്തോടെ സംസ്ഥാന വ്യാപകമായി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ സ്വകാര്യ മേഖലയിൽ തൊഴിൽ നൽകാൻ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രാപ്തമാണ്. 2012-13 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയിലൂടെ സ്വകാര്യ മേഖലയിൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ 34,137 പേർക്ക് ജോബ് ഓഫറുകൾ നൽകിയിട്ടുണ്ട്.

(ഡി) തൊഴിലന്വേഷകർക്ക് ഗുണപ്രദമായ രീതിയിലാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിട്ടുള്ളത്.

## ഫോറസ്ട്രി ക്ലബ്ബുകൾ

14 (*674) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളേയും പ്രവർത്തന രീതിയേയും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം എത്ര ക്ലബ്ബുകൾ രൂപീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും ഫോറസ്ട്രി ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) വനം സംരക്ഷിക്കാനും മരങ്ങൾ വച്ചുപിടിപ്പിക്കാനുമുള്ള പ്രതിബദ്ധത ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രകൃതി സംരക്ഷണത്തിൽ തല്പരരായ വിദ്യാർത്ഥികൾ ഒത്തുചേരുമ്പോൾ ഒരു ഫോറസ്ട്രി ക്ലബ്ബ് ആവിർഭവിക്കുന്നു. ലക്ഷ്യ പ്രാപ്തിക്ക് യുക്തമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ക്ലബ്ബുകൾക്ക് സ്വാതന്ത്ര്യമുണ്ട്. സാധ്യമായിടത്തെല്ലാം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുകയും ഇത്തരം പ്രവർത്തനങ്ങൾക്ക് മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുക, പ്രചാരണത്തിനും ബോധവൽക്കരണത്തിനും പരിപാടികൾ സംഘടിപ്പിക്കുക മുതലായ പ്രവർത്തനങ്ങളാണ് ഫോറസ്ട്രി ക്ലബ്ബുകൾ നടത്തുന്നത്.

(സി) സംസ്ഥാനത്തെ 14 ജില്ലകളിലുമായി ഏകദേശം 600 ഫോറസ്ട്രി ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലുമായി 400 ഫോറസ്ട്രി ക്ലബ്ബുകൾ കൂടി തുടങ്ങി പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

## എക്സൈസ് വകുപ്പിലെ ക്രൈം റെക്കാർഡ്സ് ബ്യൂറോ

15 (*675) ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ പുതുതായി 'ക്രൈം റെക്കാർഡ്സ് ബ്യൂറോ' ആരംഭിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ക്രൈം റെക്കാർഡ്സ് ബ്യൂറോയുടെ ചുമതലകൾ എന്തെല്ലാമാണെന്നും ഇതിനായി വകുപ്പിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ക്രൈം റെക്കാർഡ്സ് ബ്യൂറോയുടെ ആസ്ഥാനം എവിടെയാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രൈം റെക്കാർഡ്സ് ബ്യൂറോയിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ സ്ഥിതിവിവര കണക്കുകൾ സൂക്ഷിക്കുന്നതിന് എക്സൈസ് വകുപ്പിൽ തിരുവനന്തപുരത്ത് എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവര കണക്ക് സൂക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുക, കുറ്റകൃത്യങ്ങളേയും കുറ്റവാളികളേയും പറ്റിയുള്ള വിവരങ്ങൾ സൂക്ഷിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക, സംസ്ഥാന ജില്ലാ തലങ്ങളിൽ ക്രൈം റെക്കോർഡ്സ് മാനേജ്മെന്റിന്റെ മേൽനോട്ടം വഹിക്കുകയും വിലയിരുത്തുകയും വഴികാട്ടുകയും നവീകരിക്കുകയും ചെയ്യുക, എക്സൈസ് ഉദ്യോഗസ്ഥർക്ക് സഹായകരമാകത്തക്ക രീതിയിൽ ദേശീയ തലത്തിലേയും സംസ്ഥാന തലത്തിലേയും അബ്കാരി/നാർക്കോട്ടിക് ഡ്രഗ്സ് & സൈക്കോ ട്രോപ്പിക് സബ്സ്റ്റൻസ് (എൻ.ഡി.പി.എസ്സ്.) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും പറ്റിയുള്ള വിവരങ്ങളുടെ സംശയനിവാരണ കേന്ദ്രമായി പ്രവർത്തിക്കുക, കുറ്റകൃത്യങ്ങളെ പറ്റിയുള്ള വിവരങ്ങൾ ഉൾപ്പെടെ വകുപ്പിലെ എല്ലാത്തരം വിവരങ്ങളും ക്രോഡീകരിക്കുകയും മേൽനോട്ടം നടത്തുകയും ചെയ്യുക, ജില്ലാതലങ്ങളിൽ കുറ്റകൃത്യ സ്ഥിതിവിവര കണക്ക് ശേഖരിക്കുകയും ക്രോഡീകരിച്ച് സൂക്ഷിക്കുകയും ചെയ്യുക, ക്രൈം രജിസ്ട്രേഷൻ, അന്വേഷണം, അന്തിമ റിപ്പോർട്ട് സമർപ്പണം തുടങ്ങിയവയുമായി ബന്ധപ്പെട്ട സർക്കുലറുകൾ സൂക്ഷിക്കുക, വകുപ്പിലെ കേസ്സുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി സൂക്ഷിക്കുക, കീഴ് ആഫീസുകൾ സന്ദർശിച്ച് പെന്റിംഗ് കേസുകളുടെ അന്വേഷണ നടപടി ക്രമങ്ങൾ, ചാർജ് ഷീറ്റിംഗ് തുടങ്ങിയവ പരിശോധിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക എന്നിവയാണ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ചുമതലകൾ. എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ പ്രവർത്തനത്തിനായി ജോയിന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, രണ്ടു പ്രിവന്റീവ് ആഫീസർ, മൂന്നു സിവിൽ

എക്സൈസ് ആഫീസർ, ഒരു ഡ്രൈവർ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ടി ആഫീസിന്റെ പ്രവർത്തനത്തിനായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഇന്റർനെറ്റ് സൗകര്യവും ഫർണിച്ചറും ലഭ്യമാക്കിയിട്ടുണ്ട്. എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ സുഗമവും ഫലപ്രദവുമായ പ്രവർത്തനത്തിന് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടുകൂടി ഒരു വെബ് ബെയ്സ്ഡ് ക്രൈം മാനേജ്മെന്റ് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേയ്ക്ക് ഈ സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരത്തെ എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രവർത്തിച്ചു വരുന്നു.

(ഡി) എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും നേരിട്ട് പൊതുജനങ്ങൾക്ക് നൽകുന്നില്ല. വകുപ്പുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ www.keralaexcise.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം നൽകി വരുന്നു.

**അസംഘടിത തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ**

16 (*676) <u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) തൊഴിലിടങ്ങളിൽ ഇവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ എന്തെല്ലാം നിയമ നടപടികളാണ് കൈക്കൊള്ളുന്നത്, വിവരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും (ഇ-പേയ്മെന്റ്) പൈലറ്റ്

അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/അഡ്ജ്യൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പുകൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾ പരിഹരിക്കുന്നു. സംസ്ഥാനത്ത് മിനിമം വേജസ് ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 80 മേഖലകളിൽ 75 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപന പരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നു.

(ബി) കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) റൂൾസ് പ്രകാരം തൊഴിലാളികൾക്ക് നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ്, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവ തൊഴിലുടമ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് ആവശ്യമായ വിശ്രമസ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ടോയ്ലറ്റ് സംവിധാനം നൽകണമെന്നും അപകടം പിടിച്ച മേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണ സാമഗ്രികൾ, പ്രഥമ ശുശ്രൂഷാ സൗകര്യം, ഇരുപതും അതിൽ കൂടുതലോ വനിതാ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം, അമ്പതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ 25 കി.മി. അകലെ വാസസ്ഥലമുള്ള തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം എന്നിവ സജ്ജമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതര-സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലുടമ ശൗചാലയം, കുളിമുറി, വൃത്തിയും, വായുസഞ്ചാരവും വൈദ്യുതീകരിച്ചതുമായ താമസ സൗകര്യം, ശുദ്ധമായ കുടിവെള്ളം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.

(സി) സംസ്ഥാനത്ത് 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ) മാരും വിവിധ തൊഴിൽ നിയമ പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. നിയമലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നീ നിയമ നടപടികൾ സ്വീകരിക്കുന്നു. വിശ്രമ വേളകൾ അനുവദിക്കാതിരിക്കുന്നതും അധിക ജോലിക്ക് അധിക വേതനം നൽകാതിരിക്കുന്നതും സംബന്ധിച്ചുള്ള ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഈ വർഷം നാളിതുവരെ 29,383 സ്ഥാപന പരിശോധനകൾ നടത്തുകയും 10,409 കാരണം കാണിക്കൽ നോട്ടീസ്, 4157 പ്രോസിക്യൂഷൻ, 484 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**നദീ സംരക്ഷണ പ്രവർത്തനങ്ങൾ**

17 (*677) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും വേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏതൊക്കെ നദികളെയാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) നദീസംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നദീതട സംരക്ഷണ പദ്ധതികൾ നടപ്പിലാക്കാനായി ഏത് ഗവൺമെന്റ് വകുപ്പിനെ/ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഇവയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിന് നദീതട അടിസ്ഥാനത്തിൽ വിഭവ പരിപാലനവും സംരക്ഷണവും ലക്ഷ്യമാക്കി കേരള സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഹരിതകേരളം മിഷനിൽ നദീതടത്തിനകത്തെ ഓരോ നീർത്തടത്തിലും വരുന്ന കുളങ്ങളുടെ പരിപാലനം, കിണറുകളുടെ റീ-ചാർജ്ജിംഗ്, ഹരിതവൽക്കരണം, മഴവെള്ള സംഭരണം, മണ്ണൊലിപ്പ് തടയൽ തുടങ്ങിയ പ്രവൃത്തികളിലൂടെ നദീ-പുനരുദ്ധാരണം നടത്തുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ, ഭാരതപ്പുഴയിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനായി നദീതട അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കി വരുന്നുണ്ട്.

(ബി) നദീസംരക്ഷണ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം ലഭിക്കുന്നതിനായി നിലവിൽ പദ്ധതികളൊന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

(സി) നദീതട സംരക്ഷണ പദ്ധതികളിൽപ്പെടുന്ന പ്രവൃത്തികൾ നിലവിൽ വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ നിർവ്വഹിച്ച് വരുന്നു. ജലസേചന വകുപ്പ്, സോയിൽ സർവ്വെ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പ്, ഗ്രാമവികസന വകുപ്പ്, വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയ്ക്കുപുറമേ നീർത്തട പദ്ധതികൾ നടപ്പിലാക്കുന്ന സന്നദ്ധ സംഘടനകളും നദീതട സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നു. നദീതട സംരക്ഷണ പ്രവൃത്തികളായ ഹരിതവൽക്കരണം, ജലസംരക്ഷണ നിർമ്മിതികളായ കോണ്ടൂർബണ്ട്, റീ-ചാർജ് പിറ്റ് (മഴക്കുഴികൾ),

തടയണകൾ, മണ്ണൊലിപ്പ് തടയുന്നതിനായി ജൈവ വേലികൾ, പ്രകൃതിദത്ത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണ സംരക്ഷണം, ആവശ്യമുള്ളയിടങ്ങളിൽ പുതിയ കുളങ്ങളുടെ നിർമ്മാണം, ഗാർഹിക-കാർഷിക മാലിന്യ സംസ്കരണ നടപടി, മഴവെള്ള സംഭരണി എന്നിവയ്ക്കുപുറമേ നദികളിൽ ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായുള്ള റെഗുലേറ്ററുകൾ, തടയണകൾ, ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വസംരക്ഷണ പ്രവൃത്തി മുതലായവാണ് വിവിധ ഏജൻസികൾ നിർവഹിച്ചുവരുന്നത്. ഈ പ്രവൃത്തികളിൽപ്പെടുന്ന കുളങ്ങളുടെ നവീകരണം, തടയണകൾ, റെഗുലേറ്ററുകൾ, പാർശ്വഭിത്തി, വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള ബണ്ടുകൾ മുതലായവയാണ് ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്നത്.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പദ്ധതികൾ**

18 (*678) ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം, പെൻഷൻ എന്നിവ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം ആധുനികവത്കരണമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി പുതുതായി സോഫ്റ്റ് വെയർ വികസിപ്പിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ ക്ഷേമനിധിയിലെയും അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം മുഖേന ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ക്ഷേമനിധി അംശദായം നേരിട്ട് ഓഫീസുകളിലെത്തി അടയ്ക്കുന്നത് കൂടാതെ എൻ.ഇ.എഫ്.ടി. (നാഷണൽ ഇലക്ട്രോണിക്ക് ഫണ്ട്സ് ട്രാൻസ്ഫർ) സൗകര്യമുള്ള ബാങ്കുകൾ വഴിയും അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കി വരുന്നു. ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പെൻഷൻ ഉൾപ്പെടെയുള്ള

എല്ലാവിധ ആനുകൂല്യങ്ങളും ബാങ്ക് വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആനുകൂല്യ വിതരണവും ആനുകൂല്യ അപേക്ഷകളുടെ തീർപ്പാക്കലും അംശദായം ഒടുക്കുന്നതും മറ്റും എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സമാന സ്വഭാവമുള്ള ബോർഡുകളും സ്കീമുകളും ഏകീകരിക്കുന്നതു വഴി സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷേമപദ്ധതികൾ എല്ലാ അംഗങ്ങളിലേയ്ക്കും ത്വരിതഗതിയിൽ എത്തിക്കുന്നതിനും എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ഭരണചെലവു കുറയ്ക്കുന്നതിനും സാധിക്കും എന്നതിനാൽ വിവിധ ക്ഷേമനിധി ബോർഡുകളെ ഏകീകരിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നു. എല്ലാ ക്ഷേമനിധി ബോർഡുകളിലും പെൻഷൻ തുക നിലവിൽ 600 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) എല്ലാ ക്ഷേമനിധി ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. അംശദായം നേരിട്ട് ഓഫീസുകളിലെത്തി അടയ്ക്കുന്നതിനു പുറമെ എൻ.ഇ.എഫ്.ടി. സൗകര്യമുള്ള ബാങ്ക് വഴി അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കി വരുന്നു. ആനുകൂല്യ അപേക്ഷകളുടെ തീർപ്പാക്കലും അംശദായം ഒടുക്കുന്നതും മറ്റും എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും ബാങ്ക് വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ക്ഷേമനിധി ബോർഡുകളിൽ ഡിജിറ്റലൈസേഷന് വേണ്ടി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. നാളിതുവരെ സോഫ്റ്റ്‌വെയർ നിർമ്മിക്കാത്ത ബോർഡുകളിൽ സോഫ്റ്റ്‌വെയർ നിർമ്മിച്ച് പുതിയ സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നു.

**ക്ഷീരകർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ**

19 (*679) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ക്ഷീരകർഷകരാണ് ക്ഷീരമേഖലയുടെ നട്ടെല്ല്' എന്ന സർക്കാർ നയത്തിന്റെ ഭാഗമായി ക്ഷീരകർഷകരെ സഹായിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ക്ഷീരകർഷകരെ കർഷകരായി കണക്കാക്കുന്നുണ്ടെങ്കിൽ കൃഷിക്കാർക്കുള്ള ലോണുകളുടെ പലിശനിരക്കിലുള്ള ഇളവുകൾ ക്ഷീരകർഷകർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ക്ഷീരകർഷകർക്ക് ധനസഹായം നല്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) തീറ്റപ്പുൽകൃഷി വ്യാപകമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വനമേഖലയിലെ തരിശുകിടക്കുന്ന പ്രദേശങ്ങൾ തീറ്റപ്പുൽകൃഷിക്ക് ഉപയോഗിക്കുന്നതിന് പദ്ധതി രൂപീകരിക്കുമോ;

(ഇ) കുളമ്പുരോഗംമൂലം മരണമടയുന്ന ഉരുക്കളുടെ ഉടമകൾക്ക് ധനസഹായം നല്കുന്നുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി <u>(ശ്രീ. കെ.രാജു):</u>

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീര കർഷകർക്കായി വിജ്ഞാന വ്യാപന പരിപാടികൾ, തീറ്റപുൽകൃഷി വികസന പദ്ധതി, കാലിതീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾ നവീകരിക്കുന്നതിനുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, ആവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകി വരുന്നു.

(ബി) നിലവിൽ കൃഷിക്ക് ലഭിക്കുന്ന നിരക്കിൽ ക്ഷീര കർഷകർക്ക് വായ്പ ലഭിക്കുന്നില്ല. ക്ഷീര കർഷകർക്ക് കാർഷിക മേഖലയ്ക്ക് ലഭിക്കുന്ന നിരക്കിൽ വായ്പ ലഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ക്ഷീര കർഷകർക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കാലിത്തൊഴുത്ത് പുതുതായി നിർമ്മിക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 50,000 രൂപയും കാലിത്തൊഴുത്ത് നവീകരിക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 50,000 രൂപയും നൽകിവരുന്നു.

(ഡി) ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടിയും വർഷം മുഴുവൻ തീറ്റപ്പുല്ലിന്റെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പു വരുത്തുന്നതിനും കർഷകർക്ക് തീറ്റപ്പുൽ കൃഷിക്ക് ധനസഹായം ചെയ്യുന്നതിനും അസോള, ചോളം, വൻപയർ എന്നീ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി വകുപ്പ് തീറ്റപ്പുൽകൃഷി നടപ്പിലാക്കി വരുന്നു. ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ ഉൾപ്പെടെ 20,000 രൂപ സബ്സിഡി നൽകുന്നു. കൂടാതെ പുൽകൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ഒരുക്കുന്നതിനും യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നു. സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് കുറഞ്ഞ നിരക്കിൽ പുല്ല് വിൽക്കുന്നതിന് വനിതകളെ ഉൾപ്പെടുത്തി ഗോപാലിക തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കി വരികയാണ്. വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പങ്കാളിത്ത വനപരിപാലന സംവിധാനത്തിൽ വനസംരക്ഷണ സമിതികൾ മുഖാന്തരം അനുയോജ്യമായ സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് ദേശീയ വനവൽക്കരണ പദ്ധതിയിൻ കീഴിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വനപ്രദേശങ്ങളിലൂടെ കടന്ന് പോകുന്ന ഹൈടെൻഷൻ, ലോടെൻഷൻ, ഇലക്ട്രിക്ക് ലൈനുകളുടെ താഴെ ലഭ്യമായിട്ടുള്ള അനുയോജ്യമായ സ്ഥലങ്ങളിൽ പങ്കാളിത്ത വനപരിപാലന സ്ഥാപനമായ വന സംരക്ഷണ സമിതികൾ/ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ മുഖാന്തിരം തീറ്റപ്പുൽ വച്ച് പിടിപ്പിച്ച് ശേഖരണം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

(ഇ) നൽകുന്നുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുള്ള സംവരണത്തോത്**

20 (*680) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ ലഭിച്ച സംവരണത്തോത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിശ്ചിത സംവരണത്തോത് പാലിക്കപ്പെടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിന് എന്തെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 14 (എ) പ്രകാരം സർക്കാർ വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10% പ്രാതിനിധ്യം (8% പട്ടികജാതി-പട്ടികവർഗ്ഗ/2% പട്ടികവർഗ്ഗം മാത്രം) സംവരണം ചെയ്യുകയും ആയത് നിയമപ്രകാരം നികത്തുന്നുണ്ടോ എന്ന് എല്ലാ വർഷവും ജനുവരി 1 പ്രാബല്യത്തിൽ തൊട്ടുമുൻവർഷത്തെ പ്രാതിനിധ്യം പരിശോധിക്കുകയും ചെയ്തുവരുന്നു.

(ബി) 10% സംവരണത്തോത് പാലിക്കപ്പെടുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിലെ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ജീവനക്കാരുടെ എണ്ണം ഓരോ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി അവലോകനം ചെയ്യുകയും പ്രാതിനിധ്യക്കുറവ് കാണുന്ന വകുപ്പുകളിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനാവശ്യമായ തസ്തികകൾ കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിനായി റിസർവ് ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം റിസർവ് ചെയ്ത് നൽകുന്ന തസ്തികകളിൽ വകുപ്പുകൾ യഥാസമയം നിയമനം നടത്തുന്നുണ്ടോ എന്ന കാര്യം ഓരോ മൂന്ന് മാസം കൂടുമ്പോഴും സർക്കാർ റിവ്യൂ ചെയ്യുന്നുണ്ട്.

(സി) ഈ വിഷയം കൈകാര്യം ചെയ്യുന്നതിന് മാത്രമായി പൊതുഭരണ വകുപ്പിന് കീഴിൽ 'എംപ്ലോയ്മെന്റ് സെൽ' എന്ന വകുപ്പ് നിലവിലുണ്ട്. ഈ വകുപ്പ് സർക്കാർ സർവ്വീസിലെ ഈ വിഭാഗക്കാരുടെ പ്രാതിനിധ്യം വിശകലനം ചെയ്യുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

## ജീവൻ രക്ഷാ മരുന്നുകളും വേദന സംഹാരികളും ലഹരിക്കായി ഉപയോഗിക്കുന്ന സാഹചര്യം

21 (T*681) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻ രക്ഷാ മരുന്നുകളും, വേദന സംഹാരികളും ലഹരിക്കായി ഉപയോഗപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു തടയുന്ന കാര്യത്തിൽ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) എക്സൈസ്, ആരോഗ്യവകുപ്പുകൾ സംയുക്തമായി മെഡിക്കൽ സ്റ്റോറുകളിൽ നടത്തിവരുന്ന പരിശോധനകൾ നിന്നുപോയ വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ ഇത്തരം മരുന്നുകൾ വില്പന നടത്തുന്നതു തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് ഇത്തരം മരുന്നുകൾ വില്പന നടത്തുന്ന മെഡിക്കൽ സ്റ്റോറുകളിൽ പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഡോക്ടറുടെ കുറിപ്പടിയില്ലാതെ മെഡിക്കൽ ഷോപ്പുകളിൽനിന്നും ലഹരിക്കുപകരമായി ഉപയോഗിക്കുന്ന മരുന്നുകൾ വില്പന നടത്തുന്നുണ്ടോ എന്നറിയുന്നതിനായി എക്സൈസ് വകുപ്പിന്റെ രഹസ്യാന്വേഷണ വിഭാഗം അന്വേഷണം നടത്തി വരികയും വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് എക്സൈസ് വകുപ്പ് റെയ്ഡുകൾ നടത്തി വരുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ ചെക്ക്പോസ്റ്റുകളിലൂടെ കടന്നു പോകുമ്പോൾ കർശന പരിശോധന നടത്തുകയും വ്യാജങ്ങൾ ഒന്നും ഇല്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അതിർത്തി പട്രോളിംഗ് യൂണിറ്റുകളും കർശനമായി പരിശോധിച്ചു വരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് എക്സൈസ് വകുപ്പ് മെഡിക്കൽ ഷോപ്പ് പരിശോധന ഇപ്പോഴും നടത്തി വരുന്നുണ്ട്.

(ഡി) ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ ഇത്തരം മരുന്നുകൾ വിൽപ്പന നടത്തുന്നത് തടയാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച് ഇത്തരത്തിൽ വ്യാജങ്ങളൊന്നും വില്പന നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**സമഗ്ര ക്ഷീര വികസന പദ്ധതി**

22 (*682) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ക്ഷീര വികസന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതി വഴി ക്ഷീര കർഷകർക്ക് ഏതു തരത്തിലുള്ള പ്രോത്സാഹനവും ആനുകൂല്യങ്ങളുമാണ് നൽകുന്നതെന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും അതുവഴി ക്ഷീര കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനം ലഭ്യമാക്കുന്നതിനും പദ്ധതിയുണ്ടോ;

(സി) സംസ്ഥാനത്തു വിറ്റഴിയ്ക്കുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഉണ്ട്. MSDP (മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം) പദ്ധതിയുടെ ഭാഗമായ സമഗ്ര ക്ഷീരവികസന പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ, കാലിത്തൊഴുത്ത് നിർമ്മാണം, കറവയന്ത്രം, ആവശ്യാധിഷ്ഠിത സഹായം, തീറ്റപ്പുൽ കൃഷി എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

(ബി) ഉണ്ട്. ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി 2016-17 സാമ്പത്തിക വർഷം 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വമുള്ള പാൽ സംഭരണമുറി/ഗോഡൗൺ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ-കം-ഇൻഫർമേഷൻ സെന്റർ എന്നിവയും പാൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള AMC (ആട്ടോമാറ്റിക്ക് മിൽക്ക് കളക്ഷൻ) യൂണിറ്റ് സ്ഥാപിക്കുന്നതിനും സഹായം നൽകുന്നു. ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത സഹായ പദ്ധതിയിലൂടെ കർഷകർക്ക് ധനസഹായം നൽകുന്നു. കൂടാതെ പുതുതായി രൂപീകരിക്കുന്ന സംഘത്തിനുള്ള ധനസഹായം, പ്രവർത്തനരഹിതമായ സംഘം പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകുന്നു. ക്ഷീരസംഘങ്ങളിൽ വിൽപ്പന നടത്തുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സംവിധാനമുണ്ട്. കൂടാതെ ഉപഭോക്താക്കളേയും ഉത്പാദകരേയും സാങ്കേതിക വിദഗ്ദ്ധരേയും പങ്കെടുപ്പിച്ചുകൊണ്ട് ഉപഭോക്തൃ മുഖാമുഖം പരിപാടികൾ വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

**മിൽമയുടെ ലാഭം**

23 (*683) ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പാൽ ഉപഭോഗത്തിന്റെ എത്ര ശതമാനമാണ് മിൽമ നിവർത്തിക്കുന്നത്;

(ബി) ഒരു ലിറ്റർ പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ മിൽമ എത്ര ലാഭമാണ് ഉണ്ടാക്കുന്നത്; പ്രസ്തുത ലാഭ വിഹിതം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഒരു ലിറ്റർ പാലിൽ നിന്ന് പായ്ക്കറ്റ് പാൽ വില്പനയിലൂടെ എല്ലാ ചെലവുകളും കഴിച്ച് എത്ര രൂപയുടെ ലാഭമാണ് മിൽമയ്ക്ക് ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ.രാജു):

(എ) കേരളത്തിലെ പാലിന്റെ ഉപഭോഗം പ്രതിദിനം ഏകദേശം 87.5 ലക്ഷം ലിറ്ററാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിന്റെ 15.4 ശതമാനമാണ് മിൽമ വഴി വിപണനം നടത്തുന്നത്.

(ബി) മിൽമയുടെ കീഴിലുള്ള മേഖല യൂണിയനുകൾ സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലിനോടൊപ്പം വിപണി നിലനിർത്തുന്നതിന് ഏകദേശം 20 ശതമാനത്തോളം പാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്നും വാങ്ങുന്നുണ്ട്. ഇങ്ങനെ സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലിന്റെയും അയൽ സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന പാലിന്റെയും ഒരു ഭാഗമാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നത്. എന്നാൽ ഉൽപാദന ചെലവ് വിവിധ പ്ലാന്റുകളിൽ വ്യത്യസ്തമായിരിക്കും. സൊസൈറ്റികളിൽ നിന്നും മറ്റു ഡയറികളിൽ നിന്നും പാലെത്തിക്കുന്നതിനുള്ള കടത്തുകൂലി, പാൽ പ്രോസസ് ചെയ്യുന്നതിനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനുള്ള ചെലവിലുണ്ടാകുന്ന വ്യതിയാനങ്ങൾ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, പാലും പാലുൽപ്പന്നങ്ങളുടെ വിതരണത്തിലുണ്ടാകുന്ന ദൂരപരിധിയനുസരിച്ചുള്ള വ്യതിയാനങ്ങൾ തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ ഓരോ പ്ലാന്റുകൾക്കും വ്യത്യസ്തമായ രീതിയിലായിരിക്കും ഉൽപാദന ചെലവ്. മിൽമ മൊത്തമായി കൈകാര്യം ചെയ്ത പാലിന്റെ കണക്കിനെ അടിസ്ഥാനമാക്കിയാണ് അന്തിമ ലാഭനഷ്ട കണക്കിലെത്തിയിരിക്കുന്നത്. മിൽമയുടെ 2015-16-ലെ ആഡിറ്റ് ചെയ്യപ്പെട്ട വാർഷിക റിപ്പോർട്ടനുസരിച്ച് മേഖലാ യൂണിയനുകളുടെ സഞ്ചിത ലാഭം 8.67 കോടി രൂപയായിരുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ പാൽ വിപണനത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിനും വേണ്ടി സംഘങ്ങളിൽ നിന്നും സംഭരിച്ചതും അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയതുമായി ഏകദേശം 49.90 കോടി ലിറ്റർ

പാൽ ഉപയോഗിച്ചിട്ടുണ്ട്. ആയതിനാൽ 2015-16-ലെ സഞ്ചിത ലാഭമായ 8.67 കോടി രൂപ തൻവർഷം സംഭരിച്ചതും സംസ്കരിച്ച് പാലും പാലുൽപ്പന്നവുമായി വിൽപ്പന നടത്തിയതുമായ 49.90 കോടി ലിറ്റർ പാൽ കൊണ്ട് തുലനം ചെയ്താൽ ഒരു ലിറ്റർ പാലിന് ഏകദേശം 17 പൈസ ലാഭം ലഭിച്ചിട്ടുണ്ട്. മൊത്തം ഉപയോഗിച്ച പാലിൽ ഏകദേശം 10 ശതമാനത്തോളം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വേണ്ടിയാണ്. എന്നാൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ നിന്നുള്ള ലാഭം പാലിൽ നിന്നുള്ള ലാഭത്തേക്കാൾ കൂടുതലായിരിക്കും. പാലിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടേയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തമ്മിലുള്ള പ്രോസസിംഗ്, പാക്കിംഗ് & നിർമ്മാണ ചെലവുകളും, ശീതീകരണ ശൃംഖല നിലനിർത്തുന്നതിനുള്ള ചെലവുകളും, കൈകാര്യ ചെലവുകളും എല്ലാം തന്നെ വ്യത്യസ്തമായതിനാൽ തരം തിരിച്ച ലാഭം കണ്ടെത്തൽ പ്രക്രിയ പ്രായോഗികമല്ല. മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്തനം സമയാസമയങ്ങളിൽ വിലയിരുത്തി സംഘങ്ങൾക്കും ക്ഷീര കർഷകർക്കും പാൽ വിലയ്ക്ക് പുറമെ പ്രവർത്തന ലാഭത്തിൽ നിന്നും ഇൻസെന്റീവും ഉൽപാദനോപാധികൾക്കുള്ള സബ്സിഡിയും കാലിത്തീറ്റ സബ്സിഡിയും നൽകി വരുന്നുണ്ടെന്നാണ് മിൽമ സർക്കാരിനെ അറിയിച്ചിരിക്കുന്നത്.

(സി) 2015-16 സാമ്പത്തിക വർഷത്തെ മിൽമയുടെ കണക്ക് പ്രകാരം ഏകദേശം 17 പൈസ ലഭിക്കുന്നുണ്ട്.

**വാട്ടർ അതോറിറ്റിയുടെ ആന്റി വാട്ടർതെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം**

24 (*684) ശ്രീ. വി. അബ്ദുറഹിമാൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലമോഷണവും ജലം പാഴാക്കുന്നതും തടയുന്നതിന് വാട്ടർ അതോറിറ്റിയുടെ ആൻറി വാട്ടർതെഫ്റ്റ് സ്ക്വാഡ് നടത്തുന്ന പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ക്വാഡിന്റെ പ്രവർത്തനഫലമായി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വൻകിട വ്യവസായ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, ഫ്ളാറ്റുകൾ എന്നിവിടങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പിൽ മോട്ടോർ ഘടിപ്പിച്ച് വെള്ളം മോഷ്ടിച്ചതായ കേസുകൾ വർദ്ധിച്ചുവരുന്നത് പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്. ആന്റി തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം റവന്യൂ മീറ്റിംഗുകളിൽ വിശകലനം ചെയ്ത് ജലമോഷണവും ജലം പാഴാകുന്നതും തടയുന്നത് ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കാറുണ്ട്.

(ബി) ഇത്തരം പ്രവർത്തനം റിപ്പോർട്ട് ചെയ്താൽ വാട്ടർ കണക്ഷൻ വിച്ഛേദിക്കൽ, ഫൈൻ ഈടാക്കൽ, നിയമ നടപടികൾ തുടങ്ങിയവ കൈക്കൊള്ളുന്നുണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്. 2016 ജനുവരി മുതൽ ഒക്ടോബർ വരെ ഗാർഹികവും ഗാർഹികേതരവുമായ കണക്ഷനുകളിൽ മോട്ടോർ ഘടിപ്പിച്ച് ജലം മോഷ്ടിച്ചതിന് 73 കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫ്ലാറ്റുകളിൽ മോട്ടോർ ഘടിപ്പിച്ച് ജലം മോഷ്ടിച്ചതിന് ഒരു കേസിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലും വൻകിട വ്യവസായ സ്ഥാപനങ്ങളിലും ഇത്തരത്തിൽ ജലമോഷണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് നടപടി**

25 (*685) ശ്രീ. പി. ഉണ്ണി :
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. മുകേഷ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഗാർഹിക കണക്ഷനുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൃഷിക്ക് ആവശ്യമായ ജലം കൂടുതൽ സ്ഥലത്ത് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) ഇതിനായി ഡ്രിപ് ഇറിഗേഷൻ പദ്ധതികൾ, ചാലുകളുടെ നവീകരണം തുടങ്ങിയവ ഊർജ്ജിതമായി നടപ്പാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി.തോമസ്):

(എ) കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്നതും തുടർച്ചയായി ചോർച്ചയുള്ളതുമായ പൈപ്പുകൾ മാറ്റി, പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് പ്രധാനമായും ഏറ്റെടുക്കുന്നത്. ഇത്തരം പ്രവൃത്തികൾക്കായി KIIFB-ൽ ഉൾപ്പെടുത്തി 526 കോടി രൂപയും സ്റ്റേറ്റ് പ്ലാനിൽ 50 കോടി രൂപയും പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഷൊർണ്ണൂർ, തിരുവല്ല-ചങ്ങനാശ്ശേരി, കൊല്ലം, കാസർഗോഡ്, പൊന്നാനി, കൊയിലാണ്ടി, തൊടുപുഴ, കോട്ടയം, തൃശ്ശൂർ, മട്ടന്നൂർ തുടങ്ങിയ 10 മുനിസിപ്പാലിറ്റികൾക്കും സമീപ

പഞ്ചായത്തുകൾക്കും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 735 കോടി രൂപ 2016-17-ലെ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. ഇതിനുപുറമെ കൊച്ചി സ്മാർട്ട് സിറ്റി 24X7 പദ്ധതിക്കായി 500 കോടി രൂപയും 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങി കിടക്കുന്ന കൊഴിഞ്ഞാംപാറ, ധർമ്മടം, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ), മാനന്തവാടി സമീപ പഞ്ചായത്തുകളും തിരുമാലി, നെൻമാറ, കടമക്കുടി, വരാപ്പുഴ, പെരുനാട് തുടങ്ങിയ 9 പദ്ധതികൾക്കായി ബഡ്ജറ്റ് 2016-17-ൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 162 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. കുടിവെള്ള മേഖലയിൽ പുതിയ പദ്ധതികൾക്കായി ബഡ്ജറ്റ് 2016-17 ലെ മറുപടി പ്രസംഗത്തിൽ 90 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന അമൃത് (എ.എം.ആർ.യു.റ്റി.) പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളെയും ഉൾപ്പെടുത്തി 2015-16-ൽ ജലവിതരണത്തിൽ 235.76 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികളും ഉൾപ്പെടുന്നു. വിതരണ ശൃംഖലയിലെ അറ്റകുറ്റപണികൾ യഥാസമയം നടത്തി ജലവിതരണം സുഗമമാക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ പ്രധാന പദ്ധതികളിലും നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജലനിധി പദ്ധതി പ്രകാരം കുടിവെള്ള വിതരണം നടപ്പിലാക്കുവാൻ വേണ്ടി തെരഞ്ഞെടുത്ത 115 പഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. നെടുമ്പാശ്ശേരിയും സമീപ പഞ്ചായത്തുകളായ ചെങ്ങമനാട്, ശ്രീമൂലനഗരം, കാഞ്ഞൂർ എന്നീ പഞ്ചായത്തുകളിലും ചീക്കോട്ടും സമീപ പഞ്ചായത്തുകളായ കുഴിമന്ന, മുതുവല്ലൂർ, വാഴയൂർ, വഴക്കാട്, ചെറുകാവ്, പുളിക്കൽ എന്നീ പഞ്ചായത്തുകളിലും ആലിപ്പറമ്പ, നെന്മേനി എന്നീ പഞ്ചായത്തുകളിലേയും വിതരണശൃംഖലകൾ പുതുതായി സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ 18.12 ലക്ഷം കണക്ഷനുകളുണ്ട്. 2015-16 കാലഘട്ടത്തിൽ മാത്രം 1,08,969 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെയും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണത്തിലൂടെയും കൂടുതൽ സ്ഥലങ്ങളിൽ കുടിവെള്ളം എത്തുകയും അതുവഴി ഗാർഹിക കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്യും. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 10 ലക്ഷം കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങളും ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം ലക്ഷ്യമിട്ട 2.58 ലക്ഷം ഗാർഹിക കണക്ഷനിൽ ഇതുവരെ 84,469 കണക്ഷനുകൾ പണി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

(സി) തടയണകളുടെയും റഗുലേറ്ററുകളുടെയും നിർമ്മാണം, ചാലിയാർ ബേസിനിലെ തടയണകളുടെ നിർമ്മാണം, തലപ്പള്ളി പാക്കേജ്, കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ആർ.സി.ബി., വി.സി.ബി. എന്നിവയുടെ നിർമ്മാണം, കേരളത്തിലെ കബനി, ഭവാനി ബേസിനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം എന്നിവ കൂടുതൽ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താനുദ്ദേശിച്ച് നടപ്പിലാക്കി വരികയാണ്.

(ഡി) ഡ്രിപ്പ് ഇറിഗേഷൻ/മൈക്രോ ഇറിഗേഷൻ പദ്ധതികൾക്കാവശ്യമായ അടിസ്ഥാന സൗകര്യമായ ചെക്ക് ഡാമുകൾ മുതലായവ ജലസേചന വകുപ്പ് നിർമ്മിച്ചു നൽകുന്നുണ്ട്. ഇറിഗേഷൻ ചാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാക്കാൻ പദ്ധതി

26 (*686) ശ്രീമതി സി.കെ. ആശ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം വാങ്ങുന്ന യുവാക്കളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) പുത്തൻ തൊഴിൽ മേഖലകൾക്ക് അനുസൃതമായ ശേഷികൾ ഉദ്യോഗാർത്ഥികൾക്ക് കൈവരിക്കാനുതകുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ ആക്കിമാറ്റുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ നിന്നും തല്പരരായ ആളുകളെ തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) നിലവിൽ നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം മൂന്ന് സ്വയംതൊഴിൽ പദ്ധതികൾ, കെസ്റു (കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്), മൾട്ടിപർപ്പസ് ജോബ് ക്ലബ്, ശരണ്യ എന്നിവ നടപ്പാക്കി വരുന്നുണ്ട്. ഈ പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം നൽകുന്നതല്ല. വിവിധ

കാരണങ്ങളാൽ വ്യക്തിഗത/കുടുംബ വാർഷിക വരുമാനം വർദ്ധിച്ചവർക്കും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭിച്ച് വരുമാനം വർദ്ധിച്ചവരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, മറ്റ് മാർഗങ്ങളിലൂടെ തൊഴിൽ ലഭിച്ചവരെയും തൊഴിൽരഹിത വേതനം ലഭിക്കുന്നതിനുള്ള അർഹതയിൽ നിന്നും ഒഴിവാക്കുകയും അതുവഴി തൊഴിൽരഹിത വേതനം വാങ്ങുന്നവരുടെ എണ്ണം ഒരു പരിധിവരെ കുറച്ചുകൊണ്ടുവരികയും ചെയ്യുന്നു.

(ബി) പുത്തൻ തൊഴിൽ മേഖലകൾക്ക് അനുസൃതമായ ശേഷികൾ ഉദ്യോഗാർത്ഥികൾക്ക് കൈവരിക്കാനുതകുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന "എംപ്ലോയബിലിറ്റി സെന്റർ പദ്ധതി" നടത്തിവരുന്നുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ അവസരം ഒരുക്കുന്നു. നിലവിൽ 7 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. 2 പുതിയ എംപ്ലോയബിലിറ്റി സെന്ററുകൾ കൂടി ഈ വർഷം പ്രവർത്തനസജ്ജമാകും.

(സി) തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ നിന്നും തല്പരരായ ആളുകളെ തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## കുടിവെള്ള വിതരണ പദ്ധതികളിലെ ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ

27 (*687) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണ പദ്ധതികളിലെ ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ നിരന്തരം പൊട്ടുന്നതിന്റെ അടിസ്ഥാന കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ബി) പൈപ്പുപൊട്ടൽ മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ജലനഷ്ടവും ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കാൻ സാങ്കേതിക വിദഗ്ദ്ധരും വിജിലൻസ് ഉദ്യോഗസ്ഥനുമടങ്ങിയ ഒരു സമിതിയെ നിയോഗിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>):

(എ) കാലപ്പഴക്കം ചെന്ന പൈപ്പുകളുള്ള റോഡുകളിൽ പിൽക്കാലത്ത് നടത്തിയ നിർമ്മാണ പ്രവൃത്തികൾക്കിടയിൽ സംഭവിച്ച ക്ഷതങ്ങളും പൈപ്പുകളുടെ കാലപ്പഴക്കവുമാണ് ജലവിതരണ പൈപ്പുകൾ പൊട്ടുന്നതിന് കാരണങ്ങളായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. പൈപ്പ് പൊട്ടലുകൾ കൂടുതൽ കാണപ്പെടുന്നത് പഴയ ആസ്ബസ്റ്റോസ് സിമെന്റ്, കോൺക്രീറ്റ് പൈപ്പുകളിലാണ്. ഇവയുടെ ഉപയോഗ യോഗ്യമായ കാലദൈർഘ്യം ലോഹ നിർമ്മിത പൈപ്പുകളെ അപേക്ഷിച്ച് കുറവാണ്.

(ബി) പൈപ്പു പൊട്ടൽമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും ജലനഷ്ടം കുറയ്ക്കുവാനുമായി വാട്ടർ അതോറിറ്റി പരമാവധി ശ്രദ്ധിക്കാറുണ്ട്. നിരന്തരമായി ചോർച്ച ഉണ്ടാകുന്ന കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഘട്ടംഘട്ടമായി നടത്തി വരുന്നു. വാട്ടർ അതോറിറ്റി ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പാക്കാനായി പ്രത്യേക പൈപ്പ് പോളിസിക്ക് 2013-ൽ തന്നെ അതോറിറ്റി ബോർഡ് രൂപം നൽകിയിട്ടുണ്ട്. ഈ പൈപ്പ് പോളിസിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് പുതുതായി സ്ഥാപിക്കുന്ന പൈപ്പുകൾ തിരഞ്ഞെടുക്കുന്നത്. ഇതനുസരിച്ച് സ്ഥിരമായി പൊട്ടലുകളുണ്ടാകുന്ന ആസ്ബസ്റ്റോസ് സിമെന്റ്, പ്രിസ്ട്രെസ്ഡ് കോൺക്രീറ്റ് (പ്രെമോ) പൈപ്പുകൾ തുടങ്ങിയവ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പൈപ്പ് പോളിസിയുടെ അടിസ്ഥാനത്തിലുള്ള പൈപ്പുകളുടെ തെരഞ്ഞെടുപ്പിലൂടെ തന്നെ പൊട്ടലുകൾക്കുള്ള സാധ്യത ഗണ്യമായി കുറയ്ക്കാനാകും. പൈപ്പുകൾ സ്ഥാപിക്കുന്ന സമയത്ത് കർശനമായ മേൽനോട്ടം ഉറപ്പുവരുത്തി വർക്ക്മാൻഷിപ്പിലുണ്ടാകാൻ സാധ്യതയുള്ള കുറവുകളും പരിഹരിക്കാൻ കഴിയും. കരാർ വ്യവസ്ഥയിൽ നടപ്പാക്കുന്ന അറ്റകുറ്റപണികളുടെ കാലതാമസം ഒഴിവാക്കി അതോറിറ്റി നേരിട്ട് തന്നെ അറ്റകുറ്റപണികൾ ചെയ്യുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പുരോഗതി ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ

28 (*688) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) അവരുടെ പുരോഗതിക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന ഫണ്ട് വിവക്ഷിക്കപ്പെട്ട ഉദ്ദേശത്തിനായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്താനായി നിയമ നിർമ്മാണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഉള്ള സംവരണാനുകൂല്യം ഇവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. ഭൂരഹിതർക്ക് പുനരധിവാസ പദ്ധതികൾ
2. ഭവനരഹിതർക്ക് ധനസഹായ പദ്ധതി
3. ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതി
4. വിദ്യാഭ്യാസാനുകൂല്യങ്ങൾ
5. രോഗബാധിതർക്കുള്ള ചികിത്സാധനസഹായം
6. നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം
7. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള വിവിധ തരം ധന സഹായങ്ങൾ
8. പ്രീ-മെട്രിക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ

9. ലാപ്ടോപ് വാങ്ങുന്നതിന് ധനസഹായം

10. വിദേശത്ത് തൊഴിൽതേടുന്ന യുവാക്കൾക്ക് ധനസഹായം

11. വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം

12. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായവർക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം.

(ബി&സി) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പുരോഗതിക്കുവേണ്ടി നീക്കി വച്ചിരിക്കുന്ന ഫണ്ട് വിവക്ഷിക്കപ്പെട്ട ഉദ്ദേശ്യത്തിനായി വിനിയോഗിക്കപ്പെടുന്നുവെന്ന് പരിശോധിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ട്. വിശദാംശങ്ങൾ ആവിഷ്കരിച്ചുവരുന്നു.

**പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടി**

29 (*689) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി മഴ കുറയുന്നതിന്റെ പശ്ചാത്തലത്തിൽ പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നല്കുമോ;

(സി) കോൾ മേഖലകളിൽ ചെലവു കുറഞ്ഞ ജലസംഭരണികൾ സ്ഥാപിക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കടൽവെള്ളം ശുദ്ധീകരിച്ച് എടുക്കുന്നതിനുവേണ്ടിയുള്ള ഡീസലൈനേഷൻ പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള ചെലവ് വളരെ കൂടുതലായതിനാൽ ഇതുസംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. ലഭിക്കുന്ന മഴവെള്ളം സംരക്ഷിക്കുന്നതിനുവേണ്ടി നദികൾക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പഴയ പുഞ്ചപാടങ്ങളും കുളങ്ങളും സംരക്ഷിക്കേണ്ടതും അനിവാര്യമാണ്. സംസ്ഥാനത്ത് ഈ വർഷം ജൂൺ മുതൽ സെപ്റ്റംബർ വരെ ലഭ്യമാകേണ്ട ശരാശരി മഴയിൽ 34

ശതമാനത്തിന്റെ കുറവ് വന്നിട്ടുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. മുൻ കാലങ്ങളിലും മഴയുടെ ലഭ്യതയിൽ സ്ഥല-കാല വ്യതിയാനം ഉണ്ടായിട്ടുണ്ട്. ഇത് കണക്കിലെടുത്ത് പരമ്പരാഗത ജലസ്രോതസ്സുകൾക്ക് പുറമെ ഡാമുകളിൽ നിന്നുള്ള ജലം കൂടുതൽ ശാസ്ത്രീയമായി വിനിയോഗിച്ച് കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗപ്രദമാക്കുന്ന നടപടിയാണ് ജലസേചന വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. ഭൂജലവകുപ്പ് ശാസ്ത്രീയമായി ഭൂജലസർവ്വേ നടത്തി പുതിയ ഭൂജല സ്രോതസ്സുകൾ കണ്ടെത്തുകയും അത്തരം സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി) ആവശ്യമായ പഠനം നടത്തി ഭൂഗർഭജലം ലഭ്യമായിട്ടുള്ളിടത്ത് പുതിയ സ്രോതസ്സായി ഭൂഗർഭ ജലം ഉപയോഗപ്പെടുത്താവുന്നതാണ്. പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനായി ഭൂജലവകുപ്പ് ശാസ്ത്രീയമായി ഭൂജല സ്രോതസ്സുകളുടെ സ്ഥാനനിർണ്ണയം നടത്തുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തുകളിലും ജല സ്രോതസ്സുകൾ നിർണ്ണയിക്കുന്നതിനായി ജലസുരക്ഷാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) സാങ്കേതിക സാധ്യത ഉറപ്പാക്കിയും ധനലഭ്യതയ്ക്കനുസരിച്ചും കോൾ മേഖലകളിൽ ചെലവുകുറഞ്ഞ ജലസംഭരണികൾ സ്ഥാപിക്കുന്നത് പരിഗണിക്കാവുന്നതാണ്. ജലനിധി പദ്ധതികളിൽ നിർമ്മിക്കുന്ന ജലസംഭരണികൾ പൊതുവെ ചെലവു കുറഞ്ഞവയാണ്. കോൾ മേഖലകളിൽ പ്രത്യേകമായി അത്തരത്തിലൊരു പദ്ധതി നടപ്പിലാക്കുന്നില്ല.

**പാൽ ഉല്പാദനത്തിലെ സ്വയംപര്യാപ്തത**

30 (*690) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനത്തിലെ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് എന്തെല്ലാം സഹായങ്ങളാണ് ക്ഷീരകർഷകർക്ക് നൽകാനുദ്ദേശിക്കുന്നതെന്നു വിശദീകരിക്കുമോ;

(ബി) ഇതിനായി കർഷകർക്ക് എത്ര ഉരുക്കളെ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) എന്തെല്ലാം ധന ആവശ്യാധിഷ്ഠിത സഹായങ്ങളാണ് പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കർഷകർക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം വിവാഹ ധനസഹായം എന്നിവയും നൽകി വരുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ (തിരുവനന്തപുരം, എറണാകുളം, മലബാർ) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കേന്ദ്ര പദ്ധതികളായ എൻ.ഡി.പി, (നാഷണൽ ഡയറി പ്ലാൻ) എൻ.പി.ബി. ബി.ഡി.ഡി (നാഷണൽ പ്രോഗ്രാം ഫോർ ബൊവൈൻ ബ്രീഡിംഗ് ആന്റ് ഡയറി ഡവലപ്മെന്റ്), ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതികൾ വഴി ക്ഷീരോൽപാദന വർദ്ധനവിനും വർദ്ധിച്ചുവരുന്ന പാൽ ശീതീകരിക്കുന്നതിനും സംസ്കരിക്കുന്നതിനും മൂല്യവർദ്ധിത ക്ഷീര ഉൽപ്പന്നങ്ങളാക്കുന്നതിനും സംവിധാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചു വരുന്നു. 2015-16-ൽ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയായി ഏകദേശം 5.8 കോടി രൂപ നൽകിയിട്ടുണ്ട്. മൊത്തത്തിൽ ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് അവരുടെ പ്രവർത്തന ലാഭത്തിൽ നിന്ന് 84 കോടിയോളം രൂപയുടെ ആനുകൂല്യങ്ങളും സബ്സിഡികളും കേരളത്തിലെ ക്ഷീരകർഷകർക്ക് ക്ഷീരോൽപാദന വർദ്ധനവിനായി 2015-16 കാലയളവിൽ നൽകുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി മുഖേന ഗോവർദ്ധിനി, കാഫ് അഡോപ്ഷൻ പ്രോഗ്രാം എന്നീ പദ്ധതികളിലൂടെ പശുക്കുട്ടിയെ സംരക്ഷിച്ച് പശുവാക്കി മാറ്റുന്നതിന് ധനസഹായം നൽകി വരുന്നു. നിലവിൽ ആകെ 240000 പശുക്കുട്ടികൾക്ക് ഇപ്രകാരം സംരക്ഷണം നൽകി വരുന്നു. സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് അകിടുവീക്ക രോഗ നിയന്ത്രണ പരിപാടി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യ നിരക്കിൽ നൽകുന്നതാണ്.

(ബി) 2016-17-ൽ 4206 കറവ പശുക്കളേയും 1770 കിടാരികളേയും വിതരണം ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കുറഞ്ഞത് 5 പശുക്കളെങ്കിലുമുള്ള ക്ഷീരകർഷകർക്കാണ് ആവശ്യാധിഷ്ഠിത ധനസഹായം നൽകുന്നത്. ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 50,000 രൂപയാണ് ധനസഹായം നൽകുന്നത്. പ്രധാനമായും കാലിത്തൊഴുത്തിന്റെ നവീകരണം, ബയോഗ്യാസ് നിർമ്മാണം, ക്ഷീരകർഷകർക്കാവശ്യമായ ഉപകരണങ്ങൾക്കുള്ള ധനസഹായം, പശുവളർത്തലുമായി ബന്ധപ്പെട്ട ഇതര ആവശ്യങ്ങൾ എന്നിവയ്ക്കാണ് ധനസഹായം അനുവദിക്കുന്നത്. മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ 2015-16 സാമ്പത്തിക വർഷത്തിൽ പാൽ വിലയ്ക്കു പുറമെ ഏകദേശം 13 കോടി രൂപ ക്ഷീര കർഷകർക്ക് പാൽവില ഇൻസെന്റീവായി വിതരണം ചെയ്തു കഴിഞ്ഞു.

മലബാർ മേഖല യൂണിയൻ കർഷകരുടെ ഉയർന്ന ഗുണനിലവാരമുള്ള പശുക്കുട്ടികളെ തെരഞ്ഞെടുത്ത് കിടാരി സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് പദ്ധതി, സംസ്ഥാന സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി, പച്ചപ്പുല്ല് സബ്സിഡിയോടെ ലഭ്യമാക്കുന്ന ഫോഡർ പദ്ധതി, പുതിയ ഡയറി ഫാമുകൾക്ക് ഫാം സപ്പോർട്ട് പദ്ധതി, സൗജന്യ നിരക്കിലുള്ള കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, കർഷകർക്ക് ലൈഫ്/അപകട ഇൻഷ്വറൻസ് പദ്ധതി, കർഷകർക്കും കുടുംബാംഗങ്ങൾക്കും മെഡി ക്ലെയിം പദ്ധതി തുടങ്ങിയവ നൽകി വരുന്നു. തിരുവനന്തപുരം മേഖലാ യൂണിയൻ 2015-16 വർഷം പ്രവർത്തന ലാഭത്തിൽ നിന്നും അംഗസംഘങ്ങൾക്ക് പ്രൈസ് ഡിഫറൻസായി 20 കോടി രൂപ നൽകുകയുണ്ടായി. ക്ഷീരകർഷക തൊഴിലുറപ്പ് പദ്ധതി പ്രകാരം 2000 ക്ഷീരകർഷകർക്ക് 10,000 രൂപ വീതം 2 കോടി രൂപ നൽകുകയുണ്ടായി. എൻ.പി.ഡി.ഡി (നാഷണൽ പ്രോഗ്രാം ഫോർ ഡയറി ഡെവലപ്മെന്റ്) പദ്ധതിയിൻ കീഴിൽ 250 പശുക്കളെ വാങ്ങിക്കുവാൻ 40,000 രൂപ വീതം ആകെ 1,00,00,000 രൂപ നൽകിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭക്ഷണമില്ലാതെ ബുദ്ധിമുട്ടുന്ന പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ

1 (5639) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണമില്ലാത്തതിനാൽ പലകോളനികളിലും പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഈ പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) മരണാനന്തര ചടങ്ങുകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സഹായധനം അനുവദിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഇല്ലെങ്കിൽ മരണാനന്തര ചടങ്ങുകൾക്ക് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒരു കോളനിയിലെയും പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഭക്ഷണമില്ലാത്തതിനാൽ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മഴക്കാലത്ത് 4 മാസങ്ങളിൽ എല്ലാ ആദിവാസി വിഭാഗങ്ങൾക്കും ഭക്ഷ്യ സഹായ പദ്ധതി പ്രകാരം ഭക്ഷ്യവസ്തുക്കൾ നൽകിവരുന്നുണ്ട്.

(സി) മരണാനന്തര ചടങ്ങുകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സഹായധനം അനുവദിക്കുന്ന പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് മൃതദേഹം മറവുചെയ്യുന്നതിനായി 5 കിലോ മീറ്ററിൽ അധികം ദൂരമുള്ള പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ പൊതുശ്മശാനങ്ങളിൽ എത്തിക്കേണ്ടി വരുന്ന അവസരങ്ങളിൽ ആയതിന്റെ ചെലവിലേയ്ക്കായി 2000 രൂപ സാമ്പത്തിക സഹായം (വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും) അനുവദിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി**

2 (5640) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഒരു ലക്ഷം രൂപാ കൂടി പട്ടികജാതി വകുപ്പിൽനിന്നും ഓരോ വീടിനും അനുവദിക്കുന്നതിന് സർക്കാർ തീരുമാനമുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

ഉണ്ട്. ഐ.എ.വൈ. പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പട്ടികജാതി കുടുംബങ്ങൾക്ക് നിലവിലുള്ള 2 ലക്ഷം രൂപയുടെ ധനസഹായത്തിന് പുറമെ അധിക ധനസഹായമായി 1,00,000 രൂപ കൂടി അനുവദിക്കുന്നതിന് സ.ഉ. (സാധാ)നമ്പർ 2174/15/ ത.സ്വ.ഭ.വ. തീയതി 17-7-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

## അധഃസ്ഥിതരും നിരാലംബരുമായ പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തെ പൊതുധാരയിലേയ്ക്ക് എത്തിക്കുന്നതിന് നടപടി

3 (5641) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ അധഃസ്ഥിതരും നിലാരംബരുമായ പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തെ പൊതുധാരയിലേയ്ക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) സമൂഹത്തിലെ അധഃസ്ഥിതരും നിരാലംബരുമായ പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തെ പൊതുധാരയിലേയ്ക്ക് എത്തിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) 8-7-2016-ൽ കേരള നിയമസഭയിൽ അവതരിപ്പിച്ച Alteration Memorandum പ്രകാരം പട്ടികജാതി ജന വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്:

1. വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളേക്കാൾ മെച്ചപ്പെട്ട കെട്ടിട സൗകര്യങ്ങൾ, പഠന, താമസ സൗകര്യങ്ങളും ഭക്ഷണവും ഉറപ്പുവരുത്തുക.
2. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ ലാബ്, മുറികളിൽ ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുക.
3. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളുടെ പഠന സഹായത്തിന് 20 കുട്ടികൾക്ക് ഒന്ന് എന്ന തോതിൽ ട്യൂട്ടർമാരെ ഏർപ്പെടുത്തുക.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. കേരളത്തിലെ മുഴുവൻ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും ആധുനീകരിക്കുന്നതിന് 150 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും നീക്കിവയ്ക്കും.

5. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ആധുനീകരണത്തിന് 100 കോടി രൂപ വകയിരുത്തുന്നുവെന്ന പ്രഖ്യാപനം.

6. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കുള്ള എല്ലാവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും 25% വീതം ഉയർത്തും.

7. സെറ്റിൽമെന്റുകളും പട്ടികജാതി കോളനികളും ഒരു യൂണിറ്റായി കണ്ടുകൊണ്ട് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് ഒരു പാക്കേജ് തയ്യാറാക്കുമെന്നും ഈ സ്കീമിന് വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും 25 കോടി രൂപ നീക്കിവയ്ക്കും.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എ.ടി.എസ്.പി. പദ്ധതിയിൽ നിന്നും 25 കോടി രൂപ വകയിരുത്തി ആദിവാസി മേഖലകൾക്ക് പുറത്ത് ചിന്നിചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസികളുടെ ഉന്നമനത്തിനായി പഞ്ചായത്ത് തലങ്ങളിൽ മൈക്രോ പ്ലാനുകൾ രൂപീകരിച്ച് പി. കെ. കാളൻ കുടുംബ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും അവരുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും വയനാട്ടിലെ പ്രൈമറി ക്ലാസുകളുള്ള 241 സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ആദിവാസി ടീച്ചറെ നിയോഗിക്കുന്നതിന് 4 കോടി രൂപ കോർപ്പസ് ഫണ്ടിൽനിന്നും വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 2858.697 കോടി രൂപയും പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 810.16 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ അനുബന്ധം II* ആയി ചേർക്കുന്നു.

**സമഗ്ര കോളനി വികസന പദ്ധതി**

4 (5642) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നടന്ന സമഗ്ര കോളനി വികസന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ ടൈൽസ് പാകിയതിലും ,കോൺക്രീറ്റ് റോഡ്, വീട് നിർമ്മാണം എന്നിവയിലും വ്യാപകമായ അഴിമതി നടന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആദിവാസി വികസന ഫണ്ട് അർദ്ധ സർക്കാർ ഏജൻസികൾ ദുരുപയോഗം ചെയ്തു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ടൈൽസ് പാകിയതിലും കോൺക്രീറ്റ് റോഡ്, വീട് നിർമ്മാണം എന്നിവയിലും അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വന്ന മാധ്യമവാർത്തകളെ തുടർന്ന് അന്വേഷണം നടന്നുവരുന്നു.

(സി) ആദിവാസി വികസന ഫണ്ട് അർദ്ധ സർക്കാർ ഏജൻസികൾ ദുരുപയോഗം ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷൻ പ്രവർത്തനം**

5 (5643) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പട്ടികജാതി-പട്ടകവർഗ്ഗ വിഭാഗങ്ങളെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാൻ കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പരിപാടികളെ സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) 2015-16-ൽ കോർപ്പറേഷൻ നടപ്പാക്കിയ പദ്ധതികൾ മുഖേനയുണ്ടായ നേട്ടം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വായ്പാവിതരണത്തിലും തിരിച്ചടവിലുമുള്ള പുരോഗതി കോർപ്പറേഷന്റെ ഭരണസമിതി കാലാകാലങ്ങളിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ കോർപ്പറേഷന്റെ പദ്ധതികളുടെ ഫലമൂല്യനിർണ്ണയം സാധ്യമാകത്തക്ക വിധത്തിൽ സമഗ്രമായ ഒരു പഠനം സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി നടത്തുന്നതിനുള്ള കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ചുവരുന്നു.

(ബി&സി) അനുബന്ധം I-ഉം II-ഉം* ആയി ചേർക്കുന്നു.

## ഇന്ദിര ആവാസ് യോജന പദ്ധതിപ്രകാരം പട്ടികജാതി വകുപ്പിൽനിന്നും ലഭിക്കേണ്ട വിഹിതം

6(5644) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.) പദ്ധതി പ്രകാരം എസ്.സി. വിഭാഗത്തിന് ലഭിക്കുന്ന വീടുകൾക്ക് കേന്ദ്ര-സംസ്ഥാന-ഗ്രാമ-ബ്ലോക്ക്-ജില്ലാ-ഭരണകൂടങ്ങൾ വഴി ലഭിക്കുന്ന സാമ്പത്തിക സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വകുപ്പിൽ നിന്നും ലഭിക്കേണ്ട വിഹിതം നൽകാൻ ബാക്കിയുണ്ടോ;

(സി) എങ്കിൽ ഇത് നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.) പദ്ധതി നടപ്പാക്കുന്നത് ഗ്രാമ വികസന വകുപ്പ് മുഖേനയാണ്.

(ബി) 2015-16 വർഷം IAY ഭവനപദ്ധതിയിലുൾപ്പെട്ട 20,300 ഗുണഭോക്താക്കൾക്ക് 1,00,000 രൂപ വീതം 203 കോടി രൂപ നൽകാൻ ബാക്കിയുണ്ട്.

(സി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

7 (5645) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി സംസ്ഥാനത്ത് നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായങ്ങൾ എന്തൊക്കെയാണ്;

(സി) പുതിയതായി ഇത്തരത്തിലുള്ള സ്കൂളുകൾ തുടങ്ങാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൻകീഴിൽ പത്ത് എം.ആർ.എസ്.-കൾ പ്രവർത്തിക്കുന്നുണ്ട്. വിവരം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം-വെള്ളായണി SAGMRS (Mixed)
2. പാലക്കാട്-തൃത്താല (Girls)
3. പാലക്കാട് -കുഴൽമന്ദം (Boys)
4. ആലപ്പുഴ -പുന്നപ്ര (Girls)
5. ഇടുക്കി-പീരുമേട് (Mixed)
6. എറണാകുളം-കീഴ്മാട് (Boys)
7. തൃശ്ശൂർ- വടക്കാഞ്ചേരി (Boys)
8. തൃശ്ശൂർ- ചേലക്കര(Boys)
9. കോഴിക്കോട്-അഴിയൂർ(Boys)
10. കാസർഗോഡ്-വെള്ളച്ചാൽ (Boys)

പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വകുപ്പിന് കേന്ദ്രസഹായം ലഭിക്കുന്നില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽ ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി, പൂക്കോട് എന്നീ സ്കൂളുകൾ പൂർണ്ണമായും കേന്ദ്രസഹായം ഉപയോഗിച്ച് പ്രവർത്തിക്കുന്നു. സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 42,000 രൂപ നിരക്കിൽ വിദ്യാഭ്യാസ ധനസഹായമായി കേന്ദ്രം നൽകുന്നു.

(സി) പട്ടികജാതി വിഭാഗത്തിൽ തിരുവനന്തപുരത്ത് തോന്നയ്ക്കൽ, കണ്ണൂരിൽ പെരിങ്ങോം, കോഴിക്കോട് ചക്കിട്ടപ്പാറ, പാലക്കാട്, ഇടുക്കി എന്നിവിടങ്ങളിൽ പുതിയ ഓരോ എം.ആർ.എസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ കണ്ണൂരിലെ ആറളം, അട്ടപ്പാടിയിലെ പട്ടിമാളം, വയനാട്ടിലെ സുഗന്ധഗിരി എന്നിവിടങ്ങളിൽ പുതിയ എം.ആർ.എസുകൾ തുടങ്ങാൻ പദ്ധതിയുണ്ട്.

**ഭൂരഹിത -ഭവനരഹിത പട്ടികവിഭാഗക്കാർക്ക് പ്രത്യേക ഫ്ലാറ്റ് സംവിധാനം**

8 (5646) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള പദ്ധതി പ്രകാരം ഇക്കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് എത്ര പേർക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ട് എന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിനായി ഓരോ വകുപ്പും ചെലവഴിച്ചത് എത്ര തുക വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഭൂരഹിത - ഭവന രഹിത പട്ടികവിഭാഗക്കാർക്ക് വീട് നൽകുന്നതിനായി പ്രത്യേക ഫ്ലാറ്റ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര പട്ടിക വിഭാഗ കുടുംബങ്ങൾക്ക് ഇങ്ങനെ സ്ഥലവും വീടും കൊടുക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) പട്ടികജാതി വികസന വകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭൂരഹിത പുനരധിവാസം

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 8149.42 |
| 2012-13 | 16937.86 |
| 2013-14 | 9996.05 |
| 2014-15 | 13932.78 |
| 2015-16 | 14878.49 |

ഭവന നിർമ്മാണം

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 8986.01 |
| 2012-13 | 99.85 |
| 2013-14 | 8484.75 |
| 2014-15 | 12381.45 |
| 2015-16 | 14556.65 |

പട്ടികവർഗ്ഗ വികസന വകുപ്പ് കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി 55,49,38,933 രൂപയും ഭവനനിർമ്മാണത്തിനായി 292,32,61,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) പട്ടികവിഭാഗക്കാർക്ക് ഫ്ലാറ്റ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടില്ല.

(ഡി) 2016-17-ൽ 4438 പേർക്ക് ഭൂമിയും 7500 പേർക്ക് വീടും നൽകാൻ പട്ടികജാതി വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

**ആദിവാസി മേഖലയിലെ ഭക്ഷ്യധാന്യ വിതരണം**

9 (5647) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നത് ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസി മേഖലയിൽ ഭക്ഷ്യധാന്യം ലഭ്യമാക്കാൻ സപ്ലൈകോ മാതൃകയിൽ വിതരണ കേന്ദ്രം തുടങ്ങുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ആദിവാസി കുടുംബങ്ങൾക്ക് ഇപ്പോൾ ലഭ്യമാക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ദിവസേനയുള്ള ശരാശരി കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് സപ്ലൈകോയിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങി പ്രൊമോട്ടർമാർ വഴി കോളനികളിൽ എത്തിക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യസഹായ പദ്ധതി പ്രകാരം ഒരു മാസത്തേയ്ക്കാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നത്. ഭക്ഷ്യധാന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. പി.വി.ടി.ജി. ഗുണഭോക്താക്കൾക്ക് :

   അരി -25 കിലോ, വൻപയർ - 2 കിലോ, കടല/റാഗി -2, കിലോ, വെളിച്ചെണ്ണ - 1 ലിറ്റർ, പഞ്ചസാര - 2 കിലോ ചായപ്പൊടി -500 ഗ്രാം, ചെറുപയർ-2 കിലോ

2. മറ്റ് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്:

   അരി - 15 കിലോ , ചെറുപയർ - 1 കിലോ, കടല - 1 കിലോ, കരിപ്പെട്ടി/ശർക്കര - 1 കിലോ

**പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ**

10 (5648) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിലെ മെസ്സുകളുടെ നിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികൾക്കുള്ള മെസ്സ് അലവൻസ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പട്ടികജാതി വിഭാഗത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഹോസ്റ്റൽ കെട്ടിടങ്ങൾക്കാവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും നിർമ്മാണ പ്രവൃത്തികൾ ആവശ്യമുണ്ടെങ്കിൽ ചെയ്യുന്നതിനും ഹോസ്റ്റലുകളിൽ ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ദ്ധ സമിതി മാനദണ്ഡങ്ങൾ പ്രകാരം സൗകര്യങ്ങൾ ഇല്ലാത്ത ഹോസ്റ്റലുകളുടെ നിലവാരം ഉയർത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ മേധാവികളിൽനിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കി ഹോസ്റ്റലുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ്സുകൾ നിലവിൽ ഉയർന്ന നിലവാരത്തിലാണ് പ്രവർത്തിച്ചുവരുന്നത്. മെസ്സ് അലവൻസുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ മെസ്സ് അലവൻസ് അമ്പത് ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെസ്സുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതി നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ ജില്ലാ ഓഫീസർമാരിൽ നിന്നും ലഭ്യമാക്കി മെസ്സുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## നാദാപുരം മണ്ഡലത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പുരോഗതി

11 (5649) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമ പഞ്ചായത്തിലെ നിർദ്ദിഷ്ട മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പുരോഗതിയെക്കുറിച്ച് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കപ്പെട്ടോയെന്നും എത്ര രൂപയാണ് അടങ്കൽ തുകയായി വകയിരുത്തിയതെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതിക അനുമതിക്കായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(ബി) സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അടങ്കൽ തുക അമ്പത് കോടി രൂപയാണ്.

**ട്രൈബൽ ഗേൾ ചൈൽഡ് എൻഡോവ്മെന്റ് സ്കീം**

12 (5650) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക വർഗ്ഗവിഭാഗത്തിലെ പെൺകുട്ടികൾക്കായി ട്രൈബൽ ഗേൾ ചൈൽഡ് എൻഡോവ്മെന്റ് സ്കീം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്കീമിന്റെ സവിശേഷതകൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) സ്കീം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രസ്തുത സ്കീമിന്റെ സവിശേഷതകൾ ചുവടെ ചേർക്കുന്നു:

1. പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി ട്രൈബൽ ഗേൾ ചൈൽഡ് എൻഡോവ്മെന്റ് സ്കീം ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

2. പെൺകുട്ടി ജനിച്ച് 18 വയസ്സ് തികയുമ്പോൾ 3 ലക്ഷം രൂപ ലഭിക്കുന്നതാണ്.

3. പെൺകുട്ടി ജനിച്ച് 18 വയസ്സ് തികയുന്ന കാലയളവ് വരെ 4 ഘട്ടങ്ങളായി പെൺകുട്ടിയുടെ പേരിൽ സർക്കാർ തുക നിക്ഷേപിക്കുന്നതാണ്. മൂന്ന് മുതൽ ആറ് മാസം വരെ പ്രായമാകുമ്പോൾ പെൺകുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പ് വരുത്തി ആദ്യഘട്ടം നിക്ഷേപിക്കുന്നു. പെൺകുട്ടികൾക്ക് സ്കൂളിൽ

പ്രവേശനം ലഭിച്ചതിനും ആവശ്യമായ പ്രതിരോധ കുത്തിവയ്പ്പുകളും മെഡിക്കൽ പരിശോധനകളും നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി രണ്ടാം ഘട്ടം നിക്ഷേപിക്കുന്നു. അഞ്ചാം ക്ലാസ് പാസ്സായി എന്ന് ഉറപ്പുവരുത്തി മൂന്നാം ഘട്ടം നിക്ഷേപിക്കുന്നു. സെക്കണ്ടറി തലത്തിലെ പഠനം പൂർത്തീകരിച്ചുവെന്ന് ഉറപ്പുവരുത്തി നാലാം ഘട്ടവും നിക്ഷേപിക്കുന്നു.

4. പെൺകുട്ടികൾക്ക് ലഭിക്കുന്ന തുക തുടർപഠനത്തിനും വിവാഹ ആവശ്യങ്ങൾക്കും വിനിയോഗിക്കാവുന്നതാണ്.

(സി) പ്രസ്തുത സ്കീം അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനായി 2017-18 വർഷം മുതൽ ആസൂത്രണ, ധനകാര്യ വകുപ്പുകളുടെ അനുമതി ലഭ്യമാക്കാനുള്ള നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.

**പിന്നോക്ക വികസന കോർപ്പറേഷന്റെ വിവിധ പദ്ധതികൾ**

13 (5651) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ വിവിധ മതന്യൂനപക്ഷങ്ങൾക്കും, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുമായി നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ, പരമാവധി വായ്പ്പത്തുക, പലിശ, തിരിച്ചടവ് കാലാവധി, ജാമ്യവ്യവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ വിവിധ മതന്യൂനപക്ഷങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുമായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കോർപ്പസ് ഫണ്ട്**

14 (5652) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി കോർപ്പസ് ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. 80,22,11,746 (എൺപത് കോടി ഇരുപത്തിരണ്ട് ലക്ഷത്തി പതിനൊന്നായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയാറ് രൂപ മാത്രം) അനുവദിച്ചു. (നടപ്പുവർഷം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് - 61 കോടി രൂപ 2015-16 വർഷം ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് -19,22,11,746 രൂപ).

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോർപ്പസ് ഫണ്ട്

15(5653) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പട്ടികജാതി കോളനികളിൽ റോഡ്, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി നടത്തിപ്പിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

(സി) പട്ടികജാതി കുടുംബങ്ങൾ കുറവുള്ള പട്ടികജാതി കോളനികളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് മാനദണ്ഡത്തിൽ ഇളവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പത്ത് പട്ടികജാതി കുടുംബങ്ങളെങ്കിലുമുള്ളതും ഗുണഭോക്താക്കളിൽ അമ്പത് ശതമാനത്തിൽ കൂടുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമായ പട്ടികജാതി കോളനികളിൽ ഇന്റേണൽ റോഡുകൾ അനുവദിക്കുന്നുണ്ട്. കുറഞ്ഞത് അഞ്ച് പട്ടികജാതി കുടുംബങ്ങളും ആകെയുള്ളവരിൽ അമ്പത് ശതമാനത്തിൽ കൂടുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമുള്ള കോളനികളിൽ വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ, കുടിവെള്ള പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം

16 (5654) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളനികളുടെ പേര്, ഓരോ കോളനിയിലേയും അംഗസംഖ്യ എന്നിവ പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ഇതിൽ ഓരോ കോളനിയുടെയും വികസനത്തിനായി നടപ്പു സാമ്പത്തിക വർഷത്തിൽ (2016-17) എത്ര തുകയാണ് നീക്കിവെച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പട്ടികജാതി ക്ഷേമ വകുപ്പിന് കീഴിൽ മണ്ഡലത്തിൽ ഇപ്പോൾ നടന്നു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഭരണാനുമതി ലഭിച്ചിട്ടും ഇനിയും ആരംഭിക്കാത്തതായ പ്രവൃത്തികൾ ഏതെങ്കിലുമുണ്ടോ; എങ്കിൽ അവയുടെ പ്രവൃത്തികൾ എന്നത്തേയ്ക്കാരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ അമ്പത്തിയേഴ് പട്ടികജാതി കോളനികളുണ്ട്.

(ബി) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) തുക വകയിരുത്തിയിരിക്കുന്ന കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | കോളനി | തുക (രൂപ) |
|---|---|---|
| തിരുവള്ളൂർ | കാവുംകുനി | 9,80,000 |
| മണിയൂർ | പാലിയാട് | 1,30,000 |
| | മാക്കുന്ന് | 17,32,813 |
| | സ്ട്രീറ്റ് ലൈറ്റ് (എല്ലാ കോളനികൾക്കും) | 2,00,000 |
| ആയഞ്ചേരി | കുളങ്ങരത്ത് | 3,20,000 |
| | പുനത്തികി | 6,50,000 |
| വേളം | ആലങ്ങാട്ടുതറ | 3,68,419 |
| | കുന്നമ്മൽ | 3,97,998 |
| | നാഗത്തുമീത്തൽ | 1,48,148 |
| | നാരായണിക്കുന്ന് | 3,00,000 |

(ഡി) പട്ടികജാതി വികസന വകുപ്പിൽനിന്നും ഭവനനിർമ്മാണ ധനസഹായം, ഭൂരഹിത പുനരധിവാസം, ഭവന പുനരുദ്ധാരണം, ടോയ്‌ലെറ്റ് നിർമ്മാണം എന്നിവയ്ക്കുള്ള ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. വേളം പഞ്ചായത്തിലെ ആലങ്ങാട്ടുതറ കോളനിയിൽ റോഡു പണിക്കായി അഞ്ച് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയെങ്കിലും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. ടെണ്ടർ നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**പൂയംകുട്ടി പുഴയിലെ ബ്ലാവനയിൽ പാലം നിർമ്മിക്കാൻ നടപടി**

17 (5655) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസികോളനികളായ തലവച്ചപ്പാറ, കുഞ്ചിപ്പാറ, വാരിയം, തേര തുടങ്ങിയ ട്രൈബൽ കോളനികളിലെ അന്തേവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടുവാനുള്ള ഏക മാർഗ്ഗമായ പൂയംകുട്ടി പുഴയിലെ ബ്ലാവന കടത്തുകടവിൽ മലവെള്ളപാച്ചിൽമൂലം കടത്തിറക്കാൻ കഴിയാത്തതുകൊണ്ട് ആദിവാസികൾക്ക് ചികിത്സയും സഹായവും കിട്ടാതെ ദുരിതമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രിയിൽ കടത്തില്ലാതിരുന്നതിനാൽ രോഗികളെ യഥാസമയം ആശുപത്രിയിൽ എത്തിക്കുവാൻ കഴിയാതെ മരണം സംഭവിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 14-10-2016-ൽ ഇപ്രകാരം ആശുപത്രിയിൽ എത്തിക്കാൻ താമസിച്ചതുമൂലം വെള്ളാരം കുന്ന് കോളനിയിലെ 4 വയസ്സുള്ള കുട്ടി മരിച്ചു പോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിരന്തരമായി തുടരുന്ന ഈ പ്രശ്നത്തിന് പരിഹാരമായി പൂയംകുട്ടി ബ്ലാവന കടവിൽ ഒരു പാലം നിർമ്മിക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂയംകുട്ടി വനത്തിനുള്ളിലെ തലവച്ചപാറ ആദിവാസി കോളനിയിലെ നാല് വയസ്സുള്ള വിജിമോൻ എന്ന ആൺകുട്ടി 13-10-2016 വ്യാഴാഴ്ച വൈകിച്ച് ഛർദ്ദിച്ച് അവശനായതിനെ തുടർന്ന് ഒമ്പത് കിലോമീറ്റർ കാട്ടുപാതയിലൂടെ സഞ്ചരിച്ച് ബ്ലാവന കടത്തുവരെ എത്തിക്കുകയും കനത്ത മഴയെത്തുടർന്ന് ജലനിരപ്പ് ഉയർന്ന പുഴയിലൂടെ കുട്ടിയെ മറുകരയിലെത്തിച്ച് വാഹനത്തിൽ കോതമംഗലം താലൂക്ക് ആശുപത്രിയിലും അവിടെ നിന്ന് കോതമംഗലം ബസേലിയൂസ് ആശുപത്രിയിലേക്ക് ആംബുലൻസിൽ കൊണ്ടുപോകുന്ന വഴിയിൽ മരണപ്പെടുകയാണുണ്ടായത്.

(ഡി) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പൂയംകുട്ടി പുഴയിലെ ബ്ലാവന കടവിൽ പാലം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്.

## കുട്ടമ്പുഴ കേന്ദ്രമായി ഗവൺമെന്റ് ആർട്സ് കോളേജ്

18 (5656) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസികൾ അധിവസിക്കുന്ന കുട്ടമ്പുഴ പഞ്ചായത്തിലെ കുട്ടമ്പുഴ കേന്ദ്രമായി ഗവൺമെന്റ് ആർട്സ് കോളേജ് സ്ഥാപിക്കുന്നതിന് മുൻസർക്കാരിന്റെ കാലത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നിലവിലുള്ള സ്ഥിതി എന്താണ്;

(സി) 569 ചതുരശ്ര കിലോമീറ്റർ വിസ്തൃതി ഉള്ള കുട്ടമ്പുഴ പഞ്ചായത്തിലെ 16 ട്രൈബൽ കോളനികളിലായി താമസിക്കുന്ന അയ്യായിരത്തോളം ആദിവാസി വിഭാഗത്തിന്റെ താല്പര്യാർത്ഥം കുട്ടമ്പുഴയിൽ ഗവൺമെന്റ് ആർട്സ് കോളേജ് സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

19 (5657) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഫീസും മറ്റാനുകൂല്യങ്ങളും സമയത്തിനു ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ബി.എഡ്./എം.എഡ്./ എം.ബി.ബി.എസ്., മറ്റ് കോഴ്സുകൾ ഇവയുടെ പഠനത്തിന് സർക്കാർ തീരുമാനിച്ചിട്ടുള്ള ഫീസ് പൂർണ്ണമായി യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2-7-2009-ലെ 50/2009/പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചിരുന്നു. എന്നാൽ, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെറിറ്റ്/റിസർവേഷൻ ക്വാട്ടയിൽ പ്രവേശനം നേടി

പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2011-12, 2012-13 വർഷങ്ങളിൽ മെറിറ്റ്, റിസർവേഷൻ സീറ്റുകളിൽ വ്യത്യസ്ത ഫീ ഈടാക്കുന്ന സ്ഥിതി വന്നതിനെത്തുടർന്ന് ഫീസ് നൽകുന്നതിന് കാലതാമസം നേരിട്ടിരുന്നു. ഈ വിദ്യാർത്ഥികൾക്ക് G.O. (Rt) 1191/2016/H&FWD dated 19-4-2016 പ്രകാരമാണ് ആനുകൂല്യങ്ങൾ നൽകിയത്. എന്നാൽ 2013-14, 2014-15 വർഷത്തെ ഫീസ് നൽകുന്നതിനെക്കുറിച്ച് ഈ ഉത്തരവിൽ പരാമർശമില്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ബി.എഡ്./എം.എഡ്. മറ്റ് കോഴ്സുകൾക്കുള്ള പഠനത്തിന് ഇ-ഗ്രാന്റ്സ് അപേക്ഷ സമർപ്പിച്ച് അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-ന് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2013-14, 2014-15, 2015-16, 2016-17 അധ്യയന വർഷങ്ങളിലേക്കുള്ള ഫീസാനുകൂല്യം അനുവദിക്കുന്ന കാര്യം ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

**പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം**

20 (5658) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്നും അതനുസരിച്ച് ഇപ്പോൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മത്സരപരീക്ഷകൾക്ക് സജ്ജമാക്കുന്നതിന് എന്തെങ്കിലും പരിപാടികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കെയാണ്;

(സി) പഠനമുറികൾ സ്ഥാപിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഈ സഹായത്തിന് ഗുണഭോക്താക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്;

(ഇ) പഠിതാക്കൾ ഉള്ള എല്ലാ വീടുകളിലും പഠനമുറികൾ അനുവദിക്കുമോ എന്നും; പഠനമുറികളിൽ എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു:

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
5. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് (2.5 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)
7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 5,500 രൂപ
8. ലാപ് ടോപ്പ് വാങ്ങുന്നതിന് 25,000 രൂപ
9. വിദ്യാഭ്യാസ പ്രാരംഭച്ചെലവുകൾ
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് ധനസഹായം.
11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡവലപ്മെന്റ് സ്കീം
12. വിഷൻ 2013 മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം
13. പ്രത്യേക പ്രോത്സാഹന സമ്മാനം (എസ്.എസ്.എൽ.സി., +2, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്)
14. ബുക്ക് ബാങ്ക് സ്കീം (50% CSS)
15. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു:

1. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
2. VTC, ITC
3. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കീം

4. പ്രീ-മെട്രിക് സ്കോളർഷിപ്പ്
5. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
6. ട്യൂട്ടോറിയൽ ഗ്രാന്റ്
7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
8. ബെറ്റർ എഡ്യൂക്കേഷൻ
9. ലാപ്ടോപ്പ് വിതരണം
10. ഗോത്ര സാരഥി
11. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീശീലനം.

(ബി) ഉണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+ ൽ കുറയാത്ത ഗ്രേഡ് വാങ്ങി പാസ്സായി +2 -വിന് സയൻസ് ഗ്രൂപ്പിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് രണ്ട് വർഷത്തെ മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി 20,000 രൂപ (ഇരുപതിനായിരം രൂപ) അനുവദിച്ചുനൽകുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് ICSETS വഴി പരിശീലനം നൽകുന്നു. PETC-കൾ വഴി പി.എസ്.സി. പരീക്ഷ തുടങ്ങിയ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നു. CREST വഴിയും പരിശീലനം നൽകുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വിവിധ ജില്ലാ ഓഫീസുകൾ മുഖേനയും വയനാട് ജില്ലയിലെ " അമൃത് " മുഖേനയും ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷയിൽ മികച്ച വിജയം നേടുന്നതിനായി എൻട്രൻസ് ക്രാഷ് കോഴ്സ്, റിപ്പീറ്റിംഗ് കോഴ്സ് എന്നിവയും സംഘടിപ്പിക്കുന്നു.

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകാൻ ആലോചനയുണ്ട്.

(ഡി) ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ തയ്യാറാക്കുന്ന അതത് പരിധിയിലെ ഹൈസ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റിൽനിന്നും പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രൊമോട്ടർമാരുടെ സഹായത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) പഠിതാക്കളുള്ള എല്ലാ വീടുകളിലും പഠനമുറി അനുവദിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. സർക്കാർ/എയ്ഡഡ്/ടെക്നിക്കൽ സ്കൂളുകളിൽ VIII,IX,X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളും 1,00,000 രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവരും മറ്റ് ഏജൻസികളിൽ നിന്നും ഇതിനുമുമ്പ് ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിക്കാത്തവരും മാതാപിതാക്കൾ നഷ്ടപ്പെട്ടവരും വിധവകളുടെ മക്കളും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെയുമാണ് പരിഗണിക്കാൻ ഉദ്ദേശിക്കുന്നത്. വീടിനോട് ചേർന്ന് 120 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ളതും മേൽക്കൂര കോൺക്രീറ്റ് ചെയ്തതും തറ ടൈൽസ് പാകിയതുമായ മുറിയിൽ പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര (2 കുട്ടികൾക്ക് ആവശ്യമുള്ളത്), ലൈറ്റ്, ഫാൻ, സ്റ്റഡി ഡെസ്ക്, 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്.

## പട്ടികജാതി കുടുംബങ്ങൾക്ക് വീടുകൾ

21 (5659) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പട്ടികജാതി കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ വർഷങ്ങളിൽ അനുവദിച്ചതിൽ എത്ര വീടുകൾ പൂർത്തിയായി എന്നും എത്ര വീടുകൾ ഇനിയും പൂർത്തിയാകാനുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 വർഷം 7500 പട്ടികജാതി കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 2007-08 മുതൽ 2015-16 വർഷം വരെ അനുവദിച്ചതിൽ സ്പിൽ ഓവറായിരുന്ന 16363 വീടുകളിൽ 2966 വീടുകൾ ഈ സർക്കാർ വന്നതിനുശേഷം പൂർത്തീകരിച്ചിട്ടുണ്ട്. 13397 വീടുകൾ പൂർത്തീകരിക്കാനുണ്ട്.

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

22 (5660) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക്, എന്തു തുക വിതരണം ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായത്തിന്റെ ഗഡുക്കൾ യഥാസമയം വിതരണം ചെയ്യാത്തതുമൂലം പല ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗഡുക്കൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ലാത്ത എല്ലാ ഗുണഭോക്താക്കൾക്കും അടിയന്തരമായി ബാക്കി തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരം പുതുതായി 1305 പേർക്ക് 4,96,95,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. സ്പിൽ ഓവർ ഇനത്തിൽ 61,49,30,000 രൂപ ചെലവഴിച്ചു.

(ബി) ഇല്ല.

(സി) ഭവനനിർമ്മാണ ധനസഹായം നാല് ഗഡുക്കളായിട്ടാണ് നൽകി വരുന്നത്. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ അടുത്ത ഘട്ടത്തിനുള്ള തുക അനുവദിച്ച് നൽകുകയുള്ളൂ.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് പാഠ്യവിഷയങ്ങളിൽ പ്രത്യേക പരിശീലനം**

23 (5661) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥി ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന ഹൈസ്കൂൾതലം വരെയുള്ള വിദ്യാർത്ഥികൾക്ക് പാഠ്യവിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നതിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഇനത്തിൽ സംസ്ഥാന ഗവൺമെന്റ് ഈ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാനുദ്ദേശിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 5,6,7 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും ഹൈസ്കൂൾ തലത്തിൽ സയൻസ്, കണക്ക്, ഹിന്ദി, ഇംഗ്ലീഷ്, സോഷ്യൽ സ്റ്റഡീസ് എന്നീ വിഷയങ്ങൾക്കും ട്യൂഷൻ നൽകുന്നതിന് പദ്ധതി നിലവിലുണ്ട്.

(ബി) ടി പദ്ധതിക്കായി 2016-17 വർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണ് ഫണ്ട് അനുവദിക്കുന്നത്. ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/ബ്ലോക്ക്/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസറാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ.

**പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ച വീടുകൾ**

24 (5662) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവകുപ്പ്, ഗ്രാമവികസന വകുപ്പ്, ഗ്രാമപഞ്ചായത്ത് എന്നിവ മുഖേന പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച നിരവധി വീടുകൾ പൂർത്തിയാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വീടുകൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് 2007-08 മുതൽ 2015-16 വരെ പട്ടികജാതി വകുപ്പ് മുഖേന അനുവദിച്ച വീടുകളിൽ ഇപ്പോൾ 13397 വീടുകൾ പൂർത്തിയാക്കാനുണ്ട്. ഗ്രാമവികസന വകുപ്പ്, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖേന അനുവദിച്ച പൂർത്തീകരിക്കാത്ത വീടുകളുടെ കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഇത്തരം വീടുകൾ പൂർത്തീകരിക്കുന്നതിന് നിലവിൽ സ്പിൽ ഓവർ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിന് ആനുപാതികമായ തുക നിശ്ചിത ഗഡുക്കളായി നൽകുന്നുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള ചികിത്സാ ധനസഹായങ്ങൾ**

25 (5663) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള ചികിത്സ ധനസഹായത്തിനുള്ള അപേക്ഷകൾ നിസ്സാര കാരണങ്ങൾ പറഞ്ഞ് നിരസിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഭാര്യയുടെയോ ഭർത്താവിന്റെയോ പേരിൽ കിട്ടിയിരിക്കുന്ന വരുമാന-ജാതി സർട്ടിഫിക്കറ്റുകൾ ഒരു പരിശോധനയും കൂടാതെ തന്നെ രോഗിയുടെ സർട്ടിഫിക്കറ്റ് അല്ല എന്നു പറഞ്ഞ് നിരസിക്കുന്നത് ഗൗരവമായി പരിശോധിക്കുമോ; ഇപ്രകാരം അകാരണമായി നിരസിച്ചിട്ടുള്ള അപേക്ഷകൾ പുനഃപരിശോധിച്ച് പരാമാവധി ധനസഹായം ഈ വിഭാഗത്തിലെ ആളുകൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാൻ വന്നശേഷം ചികിത്സ ധനസഹായത്തിനുള്ള എത്ര അപേക്ഷകളിൽ ഉത്തരവ് ഇറക്കുവാൻ ബാക്കിയുണ്ടെന്നും എത്ര അപേക്ഷകൾ പെൻഡിംഗ് ആണെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുന്ന വ്യക്തിയുടെ ജാതി/വരുമാന/മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചിട്ടുള്ള അപേക്ഷകളാണ് സമർപ്പിക്കേണ്ടത്. അത്തരം അപേക്ഷകളൊന്നുംതന്നെ നിരസിച്ചിട്ടില്ല. ന്യൂനതയുള്ള അപേക്ഷകൾ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നുണ്ട്. ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കുന്ന അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് 31-10-2016 വരെ ഉത്തരവ് പുറപ്പെടുവിക്കാൻ 2685 അപേക്ഷകളും പെൻഡിംഗായി 481 അപേക്ഷകളുമുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ 23 അപേക്ഷകൾ ബാക്കിയുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ ഫണ്ട്**

26 (5664) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ ഫണ്ട് വിനിയോഗവും സംരക്ഷണവും ഉറപ്പാക്കാൻ നിയമനിർമ്മാണം നടത്തി നടപടി സ്വീകരിക്കുമോ;

(ബി) ഇവരുടെ ആനുകൂല്യങ്ങൾ ഫലപ്രദമായി മനഃപൂർവ്വം വിനിയോഗിക്കാത്ത ഉദ്യോഗസ്ഥരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്ന് ഇപ്പോൾ വകുപ്പ് തലത്തിൽ ഉറപ്പുവരുത്തുന്നുണ്ട്.

(ബി) ഇവരുടെ ആനുകൂല്യങ്ങൾ മനഃപൂർവ്വം വിനിയോഗിക്കാത്ത ഉദ്യോഗസ്ഥരെ കുറിച്ച് വിവരം ലഭിച്ചാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**ഗവൺമെന്റ് പ്രീ മെട്രിക് ഹോസ്റ്റൽ വാർഡന്മാരുടെ പ്രൊമോഷൻ**

27 (5665) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടത്തുന്ന ഗവൺമെന്റ് പ്രീ മെട്രിക് ഹോസ്റ്റലുകളുടെ വാർഡന്മാരുടെ ഡ്യൂട്ടി സമയത്തെക്കുറിച്ച് വിശദീകരിക്കുമോ;

(ബി) മേൽപറഞ്ഞ വാർഡന്മാർക്ക് നിലവിൽ പ്രൊമോഷനുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ പരിഷ്കരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിലെ വാർഡന്മാർക്ക് കിട്ടുന്ന പ്രൊമോഷൻ പട്ടികജാതി വകുപ്പിലെ വാർഡന്മാർക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള ചട്ടമനുസരിച്ച് വാർഡൻ തസ്തികയിലെ ജീവനക്കാരുടെ ഡ്യൂട്ടി സമയം ഇരുപത്തിനാല് മണിക്കൂറാണ്. ഹോസ്റ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട കണക്കുകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുക, അന്തേവാസികളുടെ പഠനത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക, അടുക്കളയിലേയ്ക്കും മെസ്സിലേയ്ക്കുമുള്ള സാധന സാമഗ്രികൾ ലഭ്യമാക്കുക, ഹോസ്റ്റൽ പരിസരം ശുചിയായി സൂക്ഷിക്കുന്നുണ്ടെന്നും ഹോസ്റ്റലിലെ മറ്റ് ജീവനക്കാർ ജോലി കൃത്യമായി ചെയ്യുന്നുവെന്നും ഉറപ്പുവരുത്തുക തുടങ്ങിയ ദൈനംദിന പ്രവർത്തനങ്ങളുടെ പൂർണ്ണമായ ചുമതല വാർഡനിൽ നിക്ഷിപ്തമാണ്.

(ബി) വാർഡൻമാർക്ക് നിലവിൽ ഗ്രേഡ് പ്രൊമോഷനാണ് അനുവദിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

28 (5666) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിന് രത്നമ്മ, ഇടയൻവേലിൽ, വെട്ടിയാർ P.O, തഴക്കര, മാവേലിക്കര നല്കിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം ലഭ്യമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) അപേക്ഷ നാളിതുവരെ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം**

29 (5667) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചതും എന്നാൽ ലഭിക്കാത്തതുമായ എത്ര അപേക്ഷകർ മാവേലിക്കര മണ്ഡലത്തിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യക്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് ചികിത്സാ ധനസഹായം അനുവദിച്ചുത്തരവായ മാവേലിക്കര മണ്ഡലത്തിലെ ഒരു ഗുണഭോക്താവിനൊഴികെ എല്ലാവർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) രാഘവൻ, തുളസീഭവനം, പള്ളിക്കൽ ഈസ്റ്റ്, തെക്കേക്കര പി.ഒ. എന്നയാളുടെ ആനുകൂല്യം വിതരണം ചെയ്തിട്ടില്ല.

(സി) രാഘവൻ, തുളസീഭവനം, പള്ളിക്കൽ ഈസ്റ്റ്, തെക്കേക്കര പി.ഒ. എന്നയാൾക്ക് അനുവദിച്ച ചികിത്സാ ധനസഹായം കൈപ്പറ്റുന്നതിന് ടിയാൾക്ക് ഭരണിക്കാവ് ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ മുഖാന്തരം അറിയിപ്പ് നൽകിയിരുന്നെങ്കിലും കൈപ്പറ്റുന്നതിനായി ഹാജരായിരുന്നില്ല. തുക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

**ദുരിതാശ്വാസ നിധിയിൽ നിന്ന് സാമ്പത്തിക സഹായം**

30 (5668) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് സാമ്പത്തിക സഹായം ലഭിച്ച കോഴിക്കോട് ജില്ലയിലെ അപേക്ഷകരുടെ വിശദാംശവും അനുവദിച്ച തുകയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കോഴിക്കോട് ജില്ലയിൽപ്പെട്ട പട്ടികജാതിക്കാരായ 279 പേർക്ക് 75,94,000 രൂപയും പട്ടികവർഗ്ഗക്കാരായ 3 പേർക്ക് 3,16,100 രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. അപേക്ഷകരുടെ വിശദാംശം അനുബന്ധമായി *ചേർക്കുന്നു. പിന്നോക്കസമുദായ വികസന വകുപ്പ് മുഖേന ദുരിതാശ്വാസ നിധിയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നില്ല.

**അംബേദ്കർ ഗ്രാമം പദ്ധതി**

31 (5669) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി കോളനികൾ സ്വയം പര്യാപ്തമാക്കുന്നതിന് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇടുക്കി ജില്ലയിൽ നിന്നും എത്ര കോളനികളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; ഇവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഈ പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ നിന്നും കോളനികൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അടിസ്ഥാന സൗകര്യ വികസന പ്രവർത്തനം നടത്തുക വഴി പട്ടികജാതി കോളനികളുടെ സമ്പൂർണ്ണ വികസനമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

**കൊഴിഞ്ഞാമ്പാറ പട്ടികജാതി ബോയ്സ് ഹോസ്റ്റൽ**

32 (5670) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജിനോടനുബന്ധിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പട്ടികജാതി ബോയ്സ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കാനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഇതിന്റെ നിർമ്മാണ നടപടികൾ എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) KIIFB -യിൽ ഉൾപ്പെടുത്തി അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

**സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

33 (5671) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഏതെല്ലാം കോളനികളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക വഴി കോളനികളുടെ സമ്പൂർണ്ണ വികസനമാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കോളനികൾ തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

**വിജ്ഞാൻവാടി സ്ഥാപിക്കാനുള്ള മാനദണ്ഡങ്ങൾ**

34(5672) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജ്ഞാൻവാടി സ്ഥാപിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(ബി) വിജ്ഞാൻവാടിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കാസർകോട് ജില്ലയിലുള്ള വിജ്ഞാൻവാടികളുടെ മണ്ഡലം തിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) കൂടുതൽ കോളനികളുള്ള പഞ്ചായത്തുകളിൽ കൂടുതൽ വിജ്ഞാൻവാടികൾ അനുവദിക്കുമോ?

ഉത്തരം

(എ) വിജ്ഞാൻവാടി കെട്ടിടം സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കൈവശമുള്ളതോ/പഞ്ചായത്ത് വിട്ടു നൽകുന്നതോ/ സ്വകാര്യ വ്യക്തികൾ സംഭാവന നൽകുന്നതോ ആയ അഞ്ച് സെന്റ് ഭൂമി വേണം. അമ്പത് ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കണം. കെട്ടിടം നിർമ്മിക്കുന്നതിന് അഞ്ച് ലക്ഷം രൂപ വകുപ്പ് അനുവദിക്കും.

(ബി) വിജ്ഞാൻവാടിയിൽ ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടറും ലൈബ്രറിയും ഒരുക്കിയിട്ടുണ്ട്.

(സി)

| നിയമസഭാ മണ്ഡലത്തിന്റെ പേര് | 1-ാം ഘട്ടത്തിലെ വിജ്ഞാൻവാടികൾ | 2-ാം ഘട്ടത്തിലെ വിജ്ഞാൻവാടികൾ |
|---|---|---|
| കാസർഗോഡ് | കിദൂർകുണ്ടങ്കാരടുക്ക<br>കെ.കെ.പുറം | പെരിയടുക്ക<br>പെർണടുക്ക |
| കാഞ്ഞങ്ങാട് | ചയ്യോത്ത് | --- |

(ഡി) സ്ഥല ലഭ്യതയനുസരിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## ആദിവാസികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളിലെ തട്ടിപ്പ്

35 (5673) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികൾക്ക് വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിലെ തട്ടിപ്പ് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ശിശുമരണ നിരക്ക് കുറയ്ക്കുവാൻ കൊണ്ടുവന്ന പദ്ധതി പരാജയപ്പെട്ടതായി വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഇതിന് ആരാണ് കുറ്റക്കാർ; വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രകാരമുള്ള തുക എത്ര പേർക്ക് ലഭിക്കാതെയുണ്ട്; ലഭിച്ചവർക്ക് എത്ര തുക കിട്ടി; ആകെ എത്ര കോടി രൂപയുടെ വെട്ടിപ്പ് നടന്നു; വിശദമാക്കുമോ;

(ഡി) അർഹരായവർക്ക് സർക്കാർ അനുവദിച്ച തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട്ടിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ തട്ടിപ്പ് നടന്നതായി സൂചിപ്പിച്ചുകൊണ്ട് വന്ന വിവിധ മാധ്യമ റിപ്പോർട്ടുകളിന്മേലും കെ.പി.സി.സി. പ്രസിഡന്റ് ഉൾപ്പെടെയുള്ളവരുടെ പരാതികളിന്മേലും അന്വേഷണം നടന്നുവരുന്നു.

(ബി) ശിശുമരണ നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിക്കപ്പെട്ട ജനനി ജന്മരക്ഷാ പദ്ധതി പരാജയപ്പെട്ടതായി വകുപ്പ് റിപ്പോർട്ട് നൽകിയിട്ടില്ല. എന്നാൽ 2013-14, 2014-15 എന്നീ വർഷങ്ങളിൽ പദ്ധതിക്കായി ഫണ്ട് ചെലവഴിച്ചതിൽ ഫിനാൻസ് വകുപ്പ് ക്രമക്കേട് കണ്ടെത്തുകയും ഉത്തരവാദിയായ അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ശ്രീ. ബി. എസ്. പ്രേമാനന്ദിനെ സസ്പെന്റ് ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ടി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചവർക്ക് ഇപ്പോൾ യഥാസമയം തുക അനുവദിച്ച് നൽകുന്നുണ്ട്.

## പട്ടികജാതിയിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹ ധനസഹായം

36 (5674) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബല വിഭാഗക്കാരായ പട്ടികജാതി കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായം എത്രയാണ്; ഇതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിവാഹ ധനസഹായം ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ശ്രീമതി വൽസല, കുറ്റിക്കാട് വീട്, പെരുവമുളക്കുളം, വൈക്കം, പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിക്ക് നൽകിയ വിവാഹ ധനസഹായ നിവേദനത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതി കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 50,000 രൂപ നൽകിവരുന്നു. പെൺകുട്ടിയുടെ മാതാവ്/പിതാവ്/രക്ഷകർത്താവാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 50,000 രൂപയാണ്. അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിവാഹം ഉറപ്പിച്ചുവെന്ന് MLA/MP/ഗസറ്റഡ് ഓഫീസർ/സമുദായ സംഘടനകൾ എന്നിവരുടെ സാക്ഷ്യപത്രം, വിവാഹ ക്ഷണക്കത്ത് എന്നിവ സഹിതം അപേക്ഷകർ താമസിക്കുന്ന പ്രദേശത്തെ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ബി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രീമതി വത്സല, കുറ്റിക്കാട് വീട്, പെരുവമുളക്കുളത്തിന്റെ അപേക്ഷ കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് റിപ്പോർട്ടിനായി അയയ്ക്കുകയും ആയത് കടുത്തുരുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

## 1955-ലെ പൗരാവകാശ സംരക്ഷണ നിയമം

37 (5675) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-ലെ പൗരാവകാശ സംരക്ഷണ നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കേന്ദ്രത്തിൽനിന്ന് എത്രത്തോളം ധനസഹായം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംഘടിപ്പിച്ച ക്യാമ്പുകളുടെയും, ശില്പശാലയുടെയും വിശദവിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 1955-ലെ പൗരാവകാശ സംരക്ഷണ നിയമപ്രകാരം പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും പൗരാവകാശ സംരക്ഷണ നിയമ പ്രകാരം അതിക്രമത്തിന് ഇരയാകുന്നവർക്ക് കേസിന്റെ കാഠിന്യം പരിഗണിച്ച് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ഇതോടൊപ്പം പ്രസ്തുത കേസുകളിൽ കോടതിയിൽ സാക്ഷിയായി എത്തുന്നവർക്ക് യാത്രാപ്പടി നൽകുന്നുണ്ട്. മേൽ നിയമപ്രകാരമുള്ള കേസ്സുകൾ വേഗത്തിൽ വിചാരണ നടത്തുന്നതിനായി മലപ്പുറം ജില്ലയിലെ മഞ്ചേരി, വയനാട് ജില്ലയിലെ മാനന്തവാടി, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത നിയമത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്ക് പട്ടികജാതിക്കാർ, പോലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർക്കായി എല്ലാ ജില്ലകളിലും ബോധവൽക്കരണ സെമിനാറുകൾ വർഷംതോറും സംഘടിപ്പിക്കുന്നുണ്ട്. 1955-ലെ പൗരാവകാശ സംരക്ഷണ നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പിൽ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പിന് എല്ലാ വർഷവും മൊത്തം ചെലവിന്റെ 50% തുക കേന്ദ്ര ധനസഹായമായി ലഭിക്കുന്നുണ്ട്. 2015-16 സാമ്പത്തിക വർഷം ഈ ആവശ്യത്തിലേയ്ക്കായി 494.12 ലക്ഷം രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചിട്ടുണ്ട്.

1955-ലെ പൗരാവകാശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പിന് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പത്തോളം ശില്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ക്യാമ്പുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടില്ല.

**പഠനമുറി പദ്ധതി**

38 (5676) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് നടപ്പാക്കുന്ന 'പഠനമുറി' പദ്ധതിക്ക് ഏതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് തുകയനുവദിക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള പ്രത്യേക അപേക്ഷ ഫാറം ഉണ്ടോ; ആർക്കാണ് അപേക്ഷ നൽകേണ്ടത്;

(സി) ഓരോ ജില്ലയിലെയും ഇതിന്റെ നിർവ്വഹണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കായി 'പഠനമുറി' പദ്ധതി നടപ്പിലാക്കുമ്പോൾ താഴെപ്പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കാനാണ് നിർദ്ദേശിക്കുന്നത് :

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന VIII, IX, X ക്ലാസ്സുകളിലെ പഠനത്തിൽ മികവുള്ള വിദ്യാർത്ഥികൾ ആയിരിക്കണം.

2. വിദ്യാർത്ഥികളുടെ കുടുംബവാർഷിക വരുമാനം 1,00,000 രൂപ വരെ ആയിരിക്കണം.

3. മറ്റ് ഏജൻസികൾ വഴി ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിക്കാത്തവരായിരിക്കണം.

4. മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, വിധവകളുടെ മക്കൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങൾക്ക് മുൻഗണന ലഭിക്കും.

5. പഠന മികവ് : വീടിനോട് ചേർന്ന് 120 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള മേൽക്കൂര കോൺക്രീറ്റ് ചെയ്തതും തറ ടൈൽസ് പാകിയതുമായ മുറി, പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര (2 കുട്ടികൾക്കാവശ്യമുള്ളത്), ലൈറ്റ്, ഫാൻ, സ്റ്റഡി ഡസ്ക്, കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങളുള്ള 'പഠനമുറി' ഒരുക്കാൻ 2,00,000 രൂപ 4 ഗഡുക്കളായി നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) ഇക്കാര്യങ്ങളിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

**കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി**

39 (5677) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ച 'കമ്മ്യൂണിറ്റി കിച്ചൻ' പദ്ധതിയിലെ വീഴ്ചകൾ പരിഹരിച്ച് പദ്ധതി തുടരുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയിലെ വീഴ്ചകൾ പരിഹരിച്ച് പദ്ധതി തുടരുന്നതാണ്. അട്ടപ്പാടി മേഖലയിൽ പോഷകാഹാര കുറവുമൂലമുണ്ടാകുന്ന ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി അട്ടപ്പാടിയിലെ 192 ഊരുകളിലും കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 350.00 ലക്ഷം രൂപ കുടുംബശ്രീക്ക് അനുവദിച്ചിട്ടുണ്ട്. 147 കോളനികളിൽ ഇതിനകം കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള കോളനികളിൽ രണ്ടാഴ്ചയ്ക്കകം പദ്ധതി ആരംഭിക്കുന്നതാണ്. കൂടാതെ മലപ്പുറം, കണ്ണൂർ ജില്ലകളിൽ കേരള മഹിളാ സമഖ്യാ സൊസൈറ്റി മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്നതിനായി 256.92 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലും കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

**ഗോത്രസാരഥി പദ്ധതി**

40 (5678) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്;

(ഡി) കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ ഊരുകൾ ദുർഘട വനപ്രദേശത്തോ മതിയായ വാഹന സൗകര്യമില്ലാത്ത ഒറ്റപ്പെട്ട ഉൾപ്പദേശങ്ങളിലോ സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ വാഹന സൗകര്യമില്ലായ്മയും വന്യമൃഗങ്ങളുടെ അക്രമ ഭീഷണിയും കാരണം വിദ്യാർത്ഥികൾക്ക് സ്കൂളുകളിലെത്താൻ പ്രയാസമുണ്ടാകുന്നു. ഇത്തരം വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യമില്ലാത്തതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സ്വന്തം ഊരുകളിൽ നിന്നും കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിഭാവന ചെയ്ത പദ്ധതിയാണ് ഗോത്രസാരഥി പദ്ധതി.

(സി) ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിന് അതാത് പഞ്ചായത്ത് ഭരണസമിതിയുടെ ശിപാർശയോടെ സ്കൂളുകളെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ തെരഞ്ഞെടുക്കുന്നു. സ്കൂൾ പി.ടി.എ. പ്രസിഡന്റ് പ്രസിഡന്റായും സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ കൺവീനറായും സ്ഥലം ഗ്രാമപഞ്ചായത്ത് മെമ്പർ, സീനിയർ അദ്ധ്യാപകൻ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 2 സാമൂഹ്യപ്രവർത്തകർ (ഒരു പുരുഷൻ, ഒരു സ്ത്രീ), സ്ഥലത്തെ പട്ടികവർഗ്ഗ പ്രൊമോട്ടർ എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചാണ് ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) സ്കൂളുകളിലേയ്ക്കുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് ഈ പദ്ധതിയുടെ സദുദ്ദേശത്തിനനുസൃതമായി അർഹരായ എല്ലാവരെയും പഞ്ചായത്ത് ഭരണസമിതിയുടെ ശിപാർശയോടെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഗോത്ര ജനതയുടെ ഉപകരണ കരകൗശല നിർമ്മാണ രീതികൾ സംരക്ഷിക്കാൻ നടപടി**

41 (5679) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ഗോത്ര ജനവിഭാഗങ്ങളുടെ തനത് ഉപകരണ കരകൗശല നിർമ്മാണ രീതികൾ സംരക്ഷിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഗോത്ര ജനതയുടെ നാട്ടറിവിന്റെ ഭാഗമായി ഉപയോഗിച്ചു വരുന്ന ചികിത്സാരീതികൾ സംരക്ഷിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഗോത്ര ജനതയുടെ നിത്യജീവിതത്തിന്റെ ഭാഗമായ സംഗീത-നൃത്ത-കലാരൂപങ്ങളുടെ തനിമ സംരക്ഷിച്ച് നിലനിർത്തുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഗോത്രസമുദായക്കാരായ പാരമ്പര്യ കരകൗശല വിദഗ്ദ്ധരുടെ പേരുവിവരസൂചിക കിർത്താഡ്സ് 2013-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് എന്നിവ സംയുക്തമായി വർഷംതോറും രണ്ട് ജില്ലകളിലായി നടത്തിവരുന്ന പ്രദർശന വിപണനമേളകളിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഗോത്രമേളകളിലും പട്ടികവർഗ്ഗ സമുദായങ്ങളിൽനിന്നുള്ള കരകൗശല വിദഗ്ദ്ധർക്ക് അവസരം നൽകാറുണ്ട്. ഇതോടൊപ്പം മറ്റ് സംസ്ഥാനങ്ങളിൽവച്ച് നടത്തപ്പെടുന്ന മേളകളിലും കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കാറുണ്ട്.

(ബി) വംശീയവൈദ്യം പ്രോത്സാഹിപ്പിക്കുന്നതിനായി കിർത്താഡ്സ് മുൻകയ്യെടുത്ത് വയനാട് ജില്ലയിലെ മാനന്തവാടി പ്രദേശത്ത് ശ്രീ.അച്ചപ്പൻ വൈദ്യരുടെ നേതൃത്വത്തിൽ വംശീയ വൈദ്യ ഗവേഷണ പഠനകേന്ദ്രം ആരംഭിക്കുകയും 1996-ൽ പട്ടികവർഗ്ഗ സമുദായാംഗങ്ങൾക്കുമാത്രമായി ത്രിവത്സര വംശീയവൈദ്യ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2012-13-ൽ കാസർഗോഡ് ജില്ല ഉൾപ്പെടെ 5 ഇടങ്ങളിൽ വംശീയ വൈദ്യ തിരുമ്മു ചികിത്സയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം വയനാട് ജില്ലയിലെ അടിയ പണിയ സമുദായംഗങ്ങളായ 45 യുവതീയുവാക്കൾക്ക് 15 ദിവസത്തെ പരിശീലനം വംശീയ വൈദ്യത്തിൽ നൽകിയിട്ടുണ്ട്. വംശീയ വൈദ്യപാരമ്പര്യ ഔഷധ ജ്ഞാനം ഗോത്രവർഗ്ഗക്കാരിൽത്തന്നെ നിലനിർത്തുന്നതിനും പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് വംശീയ വൈദ്യചികിത്സയുടെ സേവനം കൂടുതലായി ലഭിക്കുന്നതിനും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചിട്ടുണ്ട്. വർഷംതോറും സംസ്ഥാനത്തെ രണ്ട് ജില്ലകളിൽവച്ച് നടത്തപ്പെടുന്ന പ്രദർശന വിപണനമേളകളുടെ ഭാഗമായും അല്ലാതെയും വിവിധ പട്ടികവർഗ്ഗ സമുദായങ്ങളിൽനിന്നുള്ള വംശീയ വൈദ്യൻമാരെ പങ്കെടുപ്പിച്ചു കൊണ്ട് വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകളും മരുന്നാവിക്കുളിയും സംഘടിപ്പിക്കാറുണ്ട്. ഇതിന് പുറമെ സംസ്ഥാനത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള വംശീയ വൈദ്യന്മാർ തമ്മിലുള്ള കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ വംശീയ വൈദ്യ ചികിത്സാപാരമ്പര്യത്തെക്കുറിച്ച് അവർക്ക് അറിവ് ലഭിക്കുന്നതിനും മറ്റുമായി കിർത്താഡ്സ് ക്യാമ്പസിൽവച്ച് ദേശീയ സംസ്ഥാനതല ശില്പശാലകൾ നടത്താറുണ്ട്. വംശീയവൈദ്യന്മാർക്ക് ചികിത്സാ സൗകര്യങ്ങളും മറ്റും ഒരുക്കുന്നതിനായി ചില വർഷങ്ങളിൽ ധനസഹായവും നൽകാറുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വംശീയവൈദ്യന്മാരുടെ വിവരങ്ങൾ ക്രോഡീകരിച്ച് 2013-ൽ "വംശീയ വൈദ്യന്മാർ പേര് വിവരസൂചിക" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പേരുവിവര സൂചികയിൽ 240 വംശീയ വൈദ്യന്മാരുടെ മേൽവിലാസം, സമുദായം, ചികിത്സാ പ്രാവീണ്യം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പേരുവിവര സൂചിക 2016-ൽ പരിഷ്കരിച്ചിട്ടുമുണ്ട്.

(സി) പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാംസ്കാരികവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവ തനിമയോടെ നിലനിർത്തുന്നതിനുമായി കിർത്താഡ്സിൽ പ്രത്യേകമായി ഒരു ആദികലാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ആദികലാകേന്ദ്രത്തിന്റെയും പരിശീലന വിഭാഗത്തിന്റെയും ഭാഗമായി വർഷംതോറും പട്ടികവർഗ്ഗക്കാരുടെ തനത് സംഗീത-നൃത്ത കലാരൂപങ്ങളെ അടുത്ത തലമുറയിലേയ്ക്ക് പകർന്നുനൽകുന്നതിനും വേദികളിൽ അവതരിപ്പിക്കുന്നതിനുമായി അവയെ ചിട്ടപ്പെടുത്തുന്നതിനും പഠന കളരികളും പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ വർഷംതോറും രണ്ട് ജില്ലകളിലായി നടത്തുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന പ്രദർശന വിപണന മേളകളുടെ ഭാഗമായും അല്ലാതെയും ഗോത്രവർഗ്ഗക്കാരുടെ തനത് സംഗീത-നൃത്തകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ മറ്റാളുകൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും മറ്റുമായി നാടൻ കലാമേളകളും സംഘടിപ്പിക്കാറുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാന സ്കൂൾ യുവജനോത്സവം പരിപാടികളിൽ പട്ടികവർഗ്ഗക്കാരുടെ തനത് നൃത്തരൂപങ്ങളെ ഉൾപ്പെടുത്തുന്നതിന് മുന്നോടിയായി പണിയരുടെ വട്ടക്കളി, മാവിലരുടെ മംഗളംകളി, ഇരുളരുടെ നൃത്തം, മലപുലയരുടെ ആട്ടം, പളിയരുടെ നൃത്തം എന്നീ തനത് കലാരൂപങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 23 സ്കൂളുകളിൽ അവയ്ക്കുവേണ്ട പരിശീലനം പ്രത്യേകം സംഘടിപ്പിക്കുകയും തിരുവനന്തപുരത്ത് വച്ച് നടന്ന 56-ാം സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മേൽ പ്രസ്താവിച്ച തനത് നൃത്തരൂപങ്ങളുടെ പ്രദർശനം ഒരുക്കുന്നതിന് മുൻകയ്യെടുക്കുകയും ചെയ്തു. നടപ്പു സാമ്പത്തികവർഷം പട്ടികവർഗ്ഗക്കാരുടെ തനത് കലകളെ സ്കൂൾ യുവജനോത്സവത്തിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി വിധി നിർണ്ണയത്തിനുള്ള നിയമാവലിയുടെ കരട് തയ്യാറാക്കി വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനായി രണ്ട് ദിവസം നിണ്ടുനിൽക്കുന്ന ശില്പശാല കിർത്താഡ്സിൽ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷം മന്നാൻ സമുദായത്തിന്റെ പാരമ്പര്യ അനുഷ്ഠാന കലയായ കൂത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി 15 ദിവസം നീണ്ടുനിൽക്കുന്ന പഠന കളരി സംഘടിപ്പിക്കുന്നുണ്ട്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും എസ്.സി./എസ്.റ്റി. ഹോസ്റ്റലുകൾക്കും കർമ്മ പദ്ധതികൾ

42 (5680) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും എസ്.സി./ എസ്.റ്റി. ഹോസ്റ്റലുകളിലും സൗകര്യങ്ങൾക്കും സേവനങ്ങൾക്കും വേണ്ടി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടങ്ങളിൽ നിശ്ചിത നിലവാരങ്ങൾ ഏർപ്പെടുത്തുന്നതിനും കുറവുകൾ കണ്ടെത്തുന്നതിനും പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ, വിശദമാക്കുമോ;

(സി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ എം.ആർ.എസ്.-കളിലും ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ റസിഡന്റ് ട്യൂട്ടർമാരുടെ സേവനവും പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ട്യൂഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എം.ആർ.എസ്.-കളിൽ എസ്.പി.സി. പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുകയാണ് പ്രാധാന ലക്ഷ്യം. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച് മികച്ച വിദ്യാഭ്യാസം നൽകി അവരെ വിദ്യാസമ്പന്നരും പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയും അതുവഴി ഒരു ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനും ഇതുവഴി ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മിക്കവയിലും സ്മാർട്ട് ക്ലാസ്റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായുള്ള കെട്ടിടം, ടോയ്‌ലറ്റുകൾ, ശുദ്ധജലവിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് താൽക്കാലിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ/ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവ

വിവിധ പദ്ധതിയിൻ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്. എന്നീ പദ്ധതികളും 'സർഗ്ഗോത്സവം' എന്ന പേരിൽ സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാന കായികമേളയും നടത്തുന്നു.

(ബി) പരിഗണനയിലുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ എം.ആർ.എസ്.-കളിൽ സ്മാർട്ട് ക്ലാസ്സ് റൂം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ തുടങ്ങിയ നവീകരണ പദ്ധതികൾ പരിഗണനയിലുണ്ട്. ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് UNICEF മാനദണ്ഡ പ്രകാരവും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നിശ്ചിത പഠന നിലവാരത്തിലുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കി വരുന്നു. ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ദ്ധ സമിതി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങൾ പ്രകാരം സൗകര്യങ്ങൾ ഇല്ലാത്ത ഹോസ്റ്റലുകളുടെ നിലവാരം ഉയർത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ മേധാവികളിൽനിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കി ഹോസ്റ്റലുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിൽ ഹോസ്റ്റലുകളുടെയും എം.ആർ.എസ്.-കളുടെയും നിലവാരം UNICEF മാതൃകയിൽ ഉയർത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കൂട്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഹോസ്റ്റലുകളിലേക്കും എം.ആർ.എസ്.-കളിലേക്കും ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. സ്മാർട്ട് ക്ലാസ്സ് റൂം, ISO സർട്ടിഫിക്കേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ദ്ധ സമിതി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങൾ പ്രകാരം സൗകര്യങ്ങൾ ഇല്ലാത്ത ഹോസ്റ്റലുകളുടെ നിലവാരം ഉയർത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ മേധാവികളിൽനിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കി ഹോസ്റ്റലുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

**ആശിക്കും ഭൂമി പദ്ധതി**

43 (5681) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകാൻ ആസൂത്രണം ചെയ്ത ആശിക്കും ഭൂമി പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി നൽകിയെന്നും എത്ര ഏക്കർ ഭൂമി വീതമാണ് നൽകിയതെന്നും വെളിപ്പെടുത്തുമോ;

(ബി) ഭൂമി നൽകിയതിൽ സർക്കാർ വക ഭൂമി എത്രയെന്നും സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങിയ ഭൂമി എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി വാങ്ങാൻ ആകെ എത്ര രൂപ ചെലവഴിച്ചുവെന്നും ഭൂമിയുടെ വില നിർണ്ണയിക്കാനും ഭൂമി വാങ്ങാനും അധികാരപ്പെടുത്തിയ കമ്മറ്റിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(ഡി) റവന്യൂ ഉദ്യോഗസ്ഥന്മാർ നിർണ്ണയിച്ച വിലയിൽ കവിഞ്ഞ വില ഭൂമിക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 10 ലക്ഷം രൂപയിൽ അധികരിക്കാതെ 25 സെന്റ് മുതൽ ഒരു ഏക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം, വയനാട് ജില്ലയിൽ ഭൂരഹിതരായ 350 പട്ടികവർഗ്ഗക്കാർക്ക് 120 ഏക്കറോളം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം സ്വകാര്യ വ്യക്തികളിൽനിന്ന് മാത്രമാണ് ഭൂമി വാങ്ങി നൽകിയത്. വയനാട് ജില്ലയിൽ സ്വകാര്യ വ്യക്തികളിൽനിന്നും 120 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 31,82,75,453 രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബന്ധപ്പെട്ട നിയമസഭാ സാമാജികർ, ജില്ലാ കളക്ടർ, ആദിവാസി സംഘടനാ ജനപ്രതിനിധികൾ, സബ് കളക്ടർ, ഫിനാൻസ് ഓഫീസർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ.), ജില്ലാ പ്ലാനിംഗ് ഓഫീസർ, തഹസിൽദാർ, ജില്ലാ സർവ്വേ സൂപ്രണ്ട്, കൃഷി/വനം വകുപ്പ് പ്രതിനിധികൾ, സ്ഥലം വില്ലേജ് ഓഫീസർ, പഞ്ചായത്ത് വാർഡ് മെമ്പർമാർ എന്നിവർ ഉൾപ്പെടുന്ന ജില്ലാതല പർച്ചേസ് കമ്മിറ്റിയാണ് ഭൂമിവില നിർണ്ണയിക്കുന്നത്. അമിത വില നൽകിയാണ് ഭൂമി വാങ്ങിയതെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് ഉയർന്ന പരാതികൾ വിജിലൻസ് അന്വേഷണത്തിലാണ്.

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം

44 (5682) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പുനരധിവാസ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ഇതിനായി പ്രൊമോട്ടർമാരുടെയും ഊരുകൂട്ടങ്ങളുടെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം നടപ്പിലാക്കുന്നതിനായി ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം.) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

(ബി) 2001-ൽ നിലവിൽവന്ന ആദിവാസി പുനരധിവാസ വികസന മിഷൻ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുറഞ്ഞത് ഒരേക്കർ കൈവശ ഭൂമി ഉണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനോടൊപ്പം അടിസ്ഥാന ജീവിത സൗകര്യങ്ങൾ, ജീവനോപാധികൾ എന്നിവ ലഭ്യമാക്കിവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പ്രക്രിയ തുടരുന്നു. ഇപ്രകാരം അനുവദിക്കപ്പെടുന്ന ഭൂമിയിൽ കൈവശാവകാശം ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായും ടി.ആർ.ഡി.എം. നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടി.ആർ.ഡി.എം. ശീർഷകത്തിൽ തുക തികയാതെ വരുന്ന സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഭവന നിർമ്മാണ, കോർപ്പസ് ഫണ്ട് ശീർഷകങ്ങളിൽനിന്നും തുക കണ്ടെത്തിയും പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) ടി.ആർ.ഡി.എം. പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ജില്ലാ മിഷനുകൾ പ്രൊമോട്ടർമാരുടെയും ഊരുകൂട്ടങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

(ഡി) ഇവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ഗുണഭോക്താക്കൾ തന്നെ കണ്ടെത്തുന്ന ഭൂമി പരിശോധിച്ച് അർഹരായവർക്ക് 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമി പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിനൽകുന്ന പദ്ധതിയാണിത്. 2013-14 സാമ്പത്തിക വർഷം ആരംഭിച്ച ഈ പദ്ധതി മുഖേന 31-3-2016 വരെ 593 പട്ടികവർഗ്ഗക്കാർക്കായി 209.156 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഇതിനായി 55,49,38,933 രൂപ ചെലവായിട്ടുണ്ട്.

**ആദിവാസികളെ ബാധിച്ച അരിവാൾ രോഗം**

45 (5683) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികളെ ബാധിച്ച 'അരിവാൾ' രോഗത്തിന്റെ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി വിജയകരമാണോയെന്നും രോഗപ്രതിരോധത്തിന് കഴിഞ്ഞിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(സി) പദ്ധതിക്കായി ഇതിനോടകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് സമാശ്വാസ ധനസഹായം നൽകുന്നതിനുവേണ്ടി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1576/12/പജപവവിവ തീയതി 12-12-2012 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം രോഗബാധിതർക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 1,000 രൂപ നൽകിയിരുന്നു. ആയത് 2-2-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 126/2016/പജപവവിവ ഉത്തരവ് പ്രകാരം പ്രതിമാസം 2,000 രൂപയായി വർദ്ധിപ്പിച്ച് പരാമർശിത മേഖലയിലെ രോഗബാധിതർക്ക് നൽകിവരുന്നു.

(ബി) രോഗബാധിതരായ എല്ലാ പട്ടികവർഗ്ഗക്കാരെയും തിരിച്ചറിഞ്ഞ് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി രോഗംമൂലമുള്ള വിഷമതകൾ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) ടി പദ്ധതിക്കായി മുൻവർഷങ്ങളിലും ഈ സാമ്പത്തിക വർഷവും ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2013-14 | - | 54,52,000 രൂപ |
| 2014-15 | - | 79,45,000 രൂപ |
| 2015-16 | - | 97,20,896 രൂപ |
| 2016-17 | - | 97,00,000 രൂപ (26-10-2016 വരെ) |
| ആകെ | | 3,28,17,896 രൂപ |

(മൂന്ന് കോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം)

**അട്ടത്തോട് സർക്കാർ ട്രൈബൽ സ്കൂൾ**

46 (T*5684) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ അട്ടത്തോടിൽ ആരംഭിച്ച സർക്കാർ സ്കൂളിൽ ഇപ്പോൾ എത്ര ക്ലാസ്സ് വരെയാണുള്ളത്; എത്ര കുട്ടികളാണ് ഇപ്പോൾ ഇവിടെ പഠിക്കുന്നത്;

(ബി) പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതുവരെയായി എന്നു വിശദമാക്കുമോ; ആരുടെ ഉടമസ്ഥതയിൽ ഉള്ള എത്ര അളവ് സ്ഥലമാണ് സ്കൂളിനായി ലഭിക്കുക; സ്ഥലം ഏറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സ്കൂളിൽനിന്നും ഉപരിപഠനത്തിനായി കുട്ടികൾക്ക് ദൂരെ സ്ഥലങ്ങളിലേയ്ക്ക് പോകേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്കൂളിന് ഹൈസ്കൂൾ അനുവദിക്കാൻ എന്തെങ്കിലും നടപടിയുണ്ടോ; വിശദമാക്കുമോ;

(ഡി) സ്കൂൾ കെട്ടിടത്തിന്റെ അപര്യാപ്തത സ്കൂളിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; സ്കൂളിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) അട്ടത്തോട്ടിൽ നാലാം ക്ലാസ് വരെ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളിൽ 51 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ആയതിൽ 49 വിദ്യാർത്ഥികൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്.

(ബി) വനം വകുപ്പിന്റെ അധീനതയിലുള്ള ഒരു ഏക്കർ 23 സെന്റ് വനഭൂമി സ്കൂളിന്റെ ആവശ്യത്തിലേയ്ക്കായി വനാവകാശ നിയമപ്രകാരം വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. നിലവിൽ എൽ.പി. ഡിവിഷൻ പ്രവർത്തിക്കുന്ന അട്ടത്തോട് സ്കൂളിൽ ഹൈസ്കൂൾ ഡിവിഷൻ അനുവദിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്. അട്ടത്തോടിൽ ആരംഭിച്ച സ്കൂൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലാണ്. നിലവിൽ കെട്ടിടനിർമ്മാണത്തിനും മറ്റുമായി സ്ഥലം പൊതുവിദ്യാഭ്യാസ വകുപ്പിന് വിട്ടുനൽകിയ സാഹചര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ

47 (5685) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് വിവിധ സർക്കാർ, അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിന് വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളും നടപടികളുമാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ;

(ബി) ഇത്തരം പദ്ധതികൾ അപര്യാപ്തമെങ്കിൽ ഇവർക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് ഒരു സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ 15 സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 8 തയ്യൽ പരിശീലന കേന്ദ്രങ്ങളും 2 മരപ്പണി പരിശീലന കേന്ദ്രങ്ങളും ഒരു പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്റർ, ഫാഷൻ ഡിസൈനിംഗ് &

ഗാർമെന്റ് ടെക്നോളജി സ്കൂളുകളും 2 ഐ.ടി.ഐ.-കളുമാണ് പ്രവർത്തിക്കുന്നത്. കൂടാതെ, ബാംഗ്ലൂർ ആസ്ഥാനമായുള്ള നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) വഴി പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 3 വർഷത്തെ ഡിപ്ലോമ കോഴ്സുകളും ഒരു വർഷത്തേയും 2 വർഷത്തേയും സർട്ടിഫിക്കറ്റ് കോഴ്സുകളും പട്ടികവർഗ്ഗവികസന വകുപ്പ് നടത്തിവരുന്നു. കെൽട്രോണിന്റെ സഹായത്തോടെ നെറ്റ്‌വർക്ക് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടറൈസ്ഡ് ഇൻസ്ട്രുമെന്റേഷൻ എന്നിവയിൽ ട്രെയിനിംഗ്, ഗവ.അംഗീകൃത സ്ഥാപനങ്ങളിൽനിന്നും മോട്ടോർ ഡ്രൈവിംഗ് പരിശീലനം, കെ.ടി.ഡി.സി.-യുമായി സഹകരിച്ച് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഹോട്ടൽ മാനേജ്മെന്റ് ട്രെയിനിംഗ്, കേന്ദ്ര ഗവൺമെന്റിന്റെ ടെക്സ്റ്റൈൽ മന്ത്രാലയം സ്പോൺസർ ചെയ്യുന്ന വസ്ത്ര നിർമ്മാണ മേഖലയിൽ പരിശീലനം എന്നിവ നടത്തിവരുന്നു. വിവിധ സർക്കാർ, അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലേയ്ക്കുള്ള പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനായി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സഹായകമാകും വിധം എല്ലാ ജില്ലാ ഓഫീസുകളിലും ഹെൽപ്ഡെസ്കുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

(ബി) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായി പ്രത്യേക നിയമനം നടത്തുന്നതിന് സർക്കാർ തലത്തിൽ ഹൈലെവൽ കമ്മിറ്റി വിളിച്ചു ചേർക്കുകയും ഈ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ യോഗ്യത തിരിച്ചുള്ള "DATA BANK" ജില്ലാ ഓഫീസുകൾ മുഖേന തയ്യാറാക്കുകയും ആയത് പ്രത്യേക നിയമനത്തിന് പരിഗണിക്കുന്നതിനായി മറ്റ് വകുപ്പുകളിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

**പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി ഭക്ഷ്യ സഹായപദ്ധതി**

48 (5686) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി ഭക്ഷ്യ സഹായ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ടി പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) രൂപീകരിച്ചിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്. മൺസൂൺ കാലത്ത് പട്ടികവർഗ്ഗക്കാർക്കിടയിലുള്ള ദാരിദ്ര്യനിർമ്മാർജ്ജനത്തിനായാണ് ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജൂൺ മാസം മുതൽ സെപ്റ്റംബർ മാസം വരെ 4 ഘട്ടങ്ങളായി ഭക്ഷ്യധാന്യ വിതരണം നടത്തുന്നു. അരി, വൻപയർ, കടല/റാഗി, വെളിച്ചെണ്ണ, പഞ്ചസാര, ശർക്കര, ചായപ്പൊടി, ചെറുപയർ എന്നിവയാണ് വിതരണം ചെയ്യുന്നത്.

(സി) സപ്ലൈകോയിൽനിന്നും ഭക്ഷ്യസാധനങ്ങൾ വാങ്ങി പ്രമോട്ടർമാർ മുഖേന കോളനികളിൽ വിതരണം ചെയ്യുന്നു.

(ഡി) ഭക്ഷ്യസഹായ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം 25 കോടി രൂപ വകയിരുത്തിയതിൽനിന്നും 16,13,86,079 രൂപ ടി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

**ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവും പട്ടിണിമരണങ്ങളും**

49 (5687) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോഷകാഹാരക്കുറവും പട്ടിണിയുംമൂലം എത്ര ആദിവാസികൾ മരണമടഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ മരണമടഞ്ഞവർക്ക് എന്തെല്ലാം സഹായങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(സി) ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവും പട്ടിണിമരണങ്ങളും ഒഴിവാക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ ഈ സർക്കാർ എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോഷകാഹാരക്കുറവും പട്ടിണിയുംമൂലം ആദിവാസികളാരുംതന്നെ മരണപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പോഷകാഹാരക്കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹികനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഭക്ഷ്യ സഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി ജനനി-ജന്മരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. സാമൂഹികനീതി വകുപ്പിനുകീഴിൽ അംഗൻവാടി മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേകം പോഷകാഹാരം നൽകുന്ന പദ്ധതി, പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്ന പദ്ധതി, ശിശുക്കൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന പദ്ധതി എന്നിവയും നടപ്പാക്കുന്നു. പെൺകുട്ടികൾക്ക് പൂരക പോഷകാഹാരം വിതരണം ചെയ്യുന്ന ശബല പദ്ധതിയും പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം പദ്ധതിയും നടപ്പിലാക്കിവരുന്നു. മേൽപ്പറഞ്ഞവ കൂടാതെ ആദിവാസി ശിശുമരണങ്ങൾ കൂടുതലായി കണ്ടെത്തിയിട്ടുള്ള അട്ടപ്പാടി മേഖലയിൽ ആരോഗ്യ വകുപ്പിനുകീഴിൽ 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത സെന്ററുകളിൽ പോഷകാഹാരക്കുറവുള്ളവരെ കണ്ടെത്തി സെന്ററുകളിൽ കൊണ്ടുവന്ന് ആവശ്യമായ പരിചരണവും ചികിത്സയും നൽകുന്നു. പട്ടികവർഗ്ഗവികസന വകുപ്പിന്റെയും സാമൂഹികനീതി വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി കിച്ചണുകളും പ്രവർത്തിക്കുന്നു. പോഷകാഹാര കുറവുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ സഹായത്തോടെ കൗൺസിലിംഗും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

**പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം**

50 (5688) ശ്രീ. എം. എം. മണി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ കെടുകാര്യസ്ഥതയും അഴിമതിയും സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വീടുകളുടെ നിർമ്മാണം പൂർത്തിയാകാത്തതുമൂലം പ്രസ്തുത വിഭാഗക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഇവർക്കായുള്ള പദ്ധതികൾ അഴിമതി രഹിതമായും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി 2011-15 കാലഘട്ടത്തിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായി അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ച് പി.വി.ടി.ജി. പ്രോജക്ട് എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പ്രോജക്ടിന് കീഴിൽ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, വൈദ്യുതീകരണം, മണ്ണ് സംരക്ഷണം, കുടിവെള്ള പദ്ധതി, ഊരുക്കൂട്ടശാക്തീകരണം, റോഡ് നിർമ്മാണം, ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ, മരുന്ന് വിതരണം, അംഗൻവാടികളും ഏകാദ്ധ്യാപക സ്കൂളുകളും തുടങ്ങിയവ നടപ്പിൽ വരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 31-3-2016-ന് അവസാനിച്ചു.

(ബി) ടി പദ്ധതി പ്രകാരം 2018 വീടുകൾ അനുവദിച്ചതിൽ 1816 വീടുകൾ പൂർത്തീകരിച്ചു. 202 വീടുകളുടെ പണി പൂർത്തീകരിക്കേണ്ടതുണ്ട്. (സ്റ്റേജ് 1-6, സ്റ്റേജ് 2-29, സ്റ്റേജ് 3-167).

(സി) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. എന്നാൽ ക്രമക്കേടുകൾ കണ്ടെത്തുകയോ നടപടിക്ക് ശിപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. ഇപ്പോൾ പി.വി.ടി.ജി. സെക്ടറൽ ഓഫീസുകളിൽ ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തിവരുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ചതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മതപരിവർത്തനം ചെയ്യപ്പെട്ട ദളിത് ക്രൈസ്തവർ

51 (5689) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റ് പിന്നോക്ക സമുദായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജാതി വിഭാഗങ്ങൾ ഏതൊക്കെയാണ്;

(ബി) പട്ടികജാതിയിൽനിന്ന് മതപരിവർത്തനം ചെയ്യപ്പെട്ട ദളിത് ക്രൈസ്തവർ ഉൾപ്പെടെയുള്ള ഒ.ഇ.സി. വിഭാഗം ജനം അനുഭവിച്ചുവരുന്ന പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരുടെ ക്ഷേമത്തിന് സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ;

(ഡി) വളരെയേറെ സാമൂഹിക പിന്നോക്കാവസ്ഥയിൽ കഴിഞ്ഞുവരുന്ന ദളിത് ക്രൈസ്തവർ ഉൾപ്പെടെയുള്ള ഈ വിഭാഗത്തിൽ ബഹുഭൂരിപക്ഷത്തിനും സ്വന്തമായി ജലമോ വാസയോഗ്യമായ വീടോ ഇല്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഇ) സംവരണം ലഭ്യമല്ലാത്ത ഈ വിഭാഗത്തിലെ പാവങ്ങൾക്ക് പ്രത്യേകമായി പഠന-ഉദ്യോഗസംവരണം ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി പ്രത്യേക നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള പിന്നോക്ക സമുദായങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒ.ഇ.സി. പ്രീ-മെട്രിക് അസിസ്റ്റൻസ്, ഒ.ഇ.സി. പോസ്റ്റ്-മെട്രിക് അസിസ്റ്റൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന കുറഞ്ഞ പലിശ നിരക്കിൽ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | വായ്പാ പദ്ധതികൾ | പരമാവധി വായ്പ തുക | പലിശ നിരക്ക് |
|---|---|---|---|
| 1 | കൃഷിഭൂമി വായ്പ | 2,00,000 | 5.5% |
| 2 | ഭവനനിർമ്മാണ വായ്പ | 2,00,000 | 5% |
| 3 | ഭൂരഹിത ഭവനരഹിത വായ്പ | 3,00,000 | 5% |
| 4 | ഭവന പുനരുദ്ധാരണ വായ്പ | 50,000 | 6% |
| 5 | വിവാഹ വായ്പ | 1,00,000 | 4% |
| 6 | സ്വയംതൊഴിൽ വായ്പ | 5,00,000 | 6% |
| 7 | വിദ്യാഭ്യാസ വായ്പ | 5,00,000 | 4.5% |
| 8 | വ്യക്തിഗത വായ്പ | 1,00,000 | 8% |
| 9 | സർക്കാർ/അർദ്ധസർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ | 2,00,000 | 10% |

കേരള സംസ്ഥാന പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉണ്ട്.

(ഇ) നിലവിൽ പഠനത്തിനും ഉദ്യോഗത്തിനും ടി വിഭാഗത്തിന് സംവരണം അനുവദിക്കുന്നുണ്ട്. ഉദ്യോഗത്തിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 2%-ഉം ലാസ്റ്റ് ഗ്രേഡിതര തസ്തികകളിൽ ഒരു ശതമാനവും സംവരണം പരിവർത്തിത ക്രൈസ്തവർക്കുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നാടാർ SIUC വിഭാഗത്തിനൊപ്പം ഒരു ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്. ആർട്ട്സ് & സയൻസ് കോളേജുകളിൽ ഒരു ശതമാനം സംവരണവും മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾക്കൊപ്പം അനുവദിച്ചിട്ടുണ്ട്.

**നിയമ സർവ്വകലാശാല**

52 (5690) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃതമായ ഒരു നിയമ സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പഠനം, ഗവേഷണം, നിയമ മ്യൂസിയം തുടങ്ങി കാലഘട്ടത്തിന് അനുയോജ്യമായ തരത്തിൽ, സമഗ്രവും ശാസ്ത്രീയവുമായ ഒരു സർവ്വകലാശാലയുടെ കീഴിൽ നിയമപഠനത്തിനായി നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) നിയമ സർവ്വകലാശാല ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കൊലപാതക കേസ്സുകളിൽ പ്രതികൾക്ക് പരമാവധി ശിക്ഷ

53 (5691) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊലപാതക കേസ്സുകളിൽ പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിന് പ്രോസിക്യൂഷൻ ആവശ്യമായ ശ്രദ്ധ പുലർത്തുന്നുണ്ടോയെന്ന കാര്യം സർക്കാർ നിരീക്ഷിക്കാറുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിക്കുന്നത്;

(ബി) സംസ്ഥാനത്തെ എല്ലാ കൊലപാതക കേസ്സുകളിലെയും പ്രതികൾക്ക് നിലവിലെ നിയമ പ്രകാരമുള്ള പരമാവധി ശിക്ഷ ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ടോ;

(സി) പ്രതികൾക്ക് പരമാവധി ശിക്ഷയായി വധശിക്ഷ നൽകുന്നതിൽ ഈ സർക്കാരിന് എന്തെങ്കിലും എതിരഭിപ്രായമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് കൊലപാതക കേസ്സുകൾ ഉൾപ്പെടെ എല്ലാ കേസ്സുകളിലെയും പ്രതികൾക്ക് ഇൻഡ്യൻ ശിക്ഷാനിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷകൾ ഉറപ്പുവരുത്താൻ പ്രോസിക്യൂഷൻ പരിശ്രമം നടത്താറുണ്ട്. ക്രിമിനൽ നടപടിച്ചട്ടങ്ങൾ അനുസരിച്ച് നടത്തപ്പെടുന്ന കേസുകളിൽ ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ നൽകുന്നതിന് സർക്കാരിന് എതിരഭിപ്രായമില്ല.

## അംജത് അലിഖാന്റെ ട്രസ്റ്റിലെ അംഗങ്ങൾ

54 (5692) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേളിയിൽ രണ്ട് ഏക്കർ സ്ഥലം പ്രശസ്ത സംഗീതജ്ഞനായ അംജത് അലിഖാന്റെ നേതൃത്വത്തിലുള്ള ട്രസ്റ്റിന് കൈമാറിയിട്ടുണ്ടോ;

(ബി) പ്രസ്തുത ട്രസ്റ്റിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളല്ലാതെ മറ്റാരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഭാവിയിൽ സർക്കാർ പ്രതിനിധികൾ ഈ ട്രസ്റ്റിൽ ഉണ്ടാവുമോ;

(സി) ശ്രീ. അംജത് അലിഖാനെ കൂട്ടുപിടിച്ച് സൂര്യകൃഷ്ണമൂർത്തി എന്ന വ്യക്തി ട്രസ്റ്റിന്റെ ഭൂമി സ്വന്തമാക്കാനുള്ള ശ്രമം നടത്തുന്ന എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) സാംസ്കാരിക വകുപ്പിന് കീഴിലോ സർക്കാർ നിയന്ത്രണത്തിലോ വരുന്ന രീതിയിൽ പ്രസ്തുത ട്രസ്റ്റിന്റെ ബൈലോ മാറ്റാൻ സാധിക്കുമോ?

<u>ഉത്തരം</u>

(എ) വിനോദസഞ്ചാര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം കടകംപള്ളി വില്ലേജിലെ 2 ഏക്കർ സ്ഥലം ഉസ്താദ് അംജത് അലിഖാൻ സ്കൂൾ ഓഫ് മ്യൂസിക് ആരംഭിക്കുന്നതിനുവേണ്ടി അനുവദിക്കുന്നതിന് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഭൂമി ഇതുവരെയും ട്രസ്റ്റിന് കൈമാറിയിട്ടില്ല.

(ബി) ഉണ്ട്. ശ്രീ. ഷേക്ക് പരീത്, ഐ.എ.എസ്., ശ്രീ. സൂര്യകൃഷ്ണമൂർത്തി, ഡോ. പി. വി. കൃഷ്ണൻ നായർ എന്നിവർ അംഗങ്ങളാണ്. ട്രസ്റ്റിൽ നിലവിൽ സർക്കാർ പ്രതിനിധികൾ ഉൾപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച പരാതി സാംസ്കാരിക വകുപ്പിൽ ലഭിച്ചിട്ടില്ല.

(ഡി) ഉസ്താദ് അംജദ് അലിഖാൻ ഇന്റർനാഷണൽ സ്കൂൾ ഓഫ് മ്യൂസിക് എന്ന ട്രസ്റ്റ് നിലവിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതല്ല.

**കേരള സാഹിത്യ അക്കാദമി**

55 (5693) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാഹിത്യ അക്കാദമിയിൽ ഇന്ന് എത്ര പുസ്തകങ്ങൾ സ്റ്റോക്കുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എഴുത്തിനും ഭാഷയ്ക്കും എഴുത്തുകാർക്കും വേണ്ടിയുള്ള മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കാനുള്ള എന്തെല്ലാം പരിപാടികളാണ് അക്കാദമിയുടെ അറുപതാം വാർഷിക ആഘോഷത്തിൽ ആസൂത്രണം ചെയ്യുന്നത്;

(സി) മലയാള പുസ്തകങ്ങളുടെ ചരിത്രവും വിവരശേഖരവുമായ 'ഗ്രന്ഥസൂചി' നിലച്ചിട്ട് എത്ര കാലമായി; ഇത് പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കേരള സാഹിത്യ അക്കാദമി ലൈബ്രറിയിൽ 1,30,450-ഉം വില്പന വിഭാഗത്തിൽ ഏഴുലക്ഷത്തോളവും പുസ്തകങ്ങൾ സ്റ്റോക്കുണ്ട്.

(ബി) ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2001 മുതൽ നിലച്ചുപോയ മലയാള ഗ്രന്ഥസൂചിയുടെ പ്രവർത്തനം 2014 വർഷം പുനരാരംഭിച്ചു. മലയാള ഗ്രന്ഥസൂചിയുടെ എട്ടാം വോള്യം (1996-2000) 2015-ൽ പ്രസിദ്ധീകരിച്ചു. തുടർന്നുള്ള വോള്യങ്ങളുടെ ജോലി പുരോഗമിച്ചു വരുന്നു.

**കേരള കലാമണ്ഡലത്തിലെ തസ്തികകൾ**

56 (5694) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സാസ്കാരിക വകുപ്പ് അനുവദിച്ച് ഉത്തരവായിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓഫീസ് വിഭാഗത്തിൽ ക്ലാർക്ക് മുതൽ ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്; ഓരോ തസ്തികയ്ക്കും വേണ്ട മിനിമം യോഗ്യത, ശമ്പളസ്കെയിൽ എന്നിവ വ്യക്തമാക്കുമോ;

(സി) നിലവിൽ ഓരോ തസ്തികയിലും ജോലി ചെയ്യുന്നവരുടെ യോഗ്യതകൾ പ്രത്യേകം വ്യക്തമാക്കുമോ;

(ഡി) മിനിമം യോഗ്യതയും, അർഹതയും ഇല്ലാത്തവരാണ് ഓരോ തസ്തികയിലും അനർഹമായ പ്രൊമോഷൻ നേടി ജോലി നോക്കി വരുന്നതും ആനുകൂല്യങ്ങൾ കൈപ്പറ്റി വരുന്നതും എന്ന ആക്ഷേപം ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉന്നത സാസ്കാരിക പാരമ്പര്യമുള്ള കലാമണ്ഡലത്തിന്റെ യശസ്സിനെ ബാധിക്കുന്ന ഈ വിഷയത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ;

(എഫ്) അനർഹരെ ഒഴിവാക്കി മറ്റ് സർവ്വകലാശാലകളിലേതുപോലെ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള കലാമണ്ഡലം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനായി ധനകാര്യ വകുപ്പിൽനിന്ന് അഡീഷണൽ സെക്രട്ടറിയായി വിരമിച്ച ആറാം ശമ്പള കമ്മീഷൻ മെമ്പർ സെക്രട്ടറിയായിരുന്ന ശ്രീ. കെ. ജി. സുകുമാരപിള്ളയെ കലാമണ്ഡലം ചുമതലപ്പെടുത്തുകയും അദ്ദേഹം തയ്യാറാക്കിയ റൂൾസ് എക്സിക്യൂട്ടീവ് ബോർഡ് 3-9-2014-ൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്പെഷ്യൽ റൂൾസിന് സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഓഫീസ് വിഭാഗത്തിൽ ക്ലാർക്ക് മുതലുള്ള എല്ലാ തസ്തികകളുടെയും പേര്, യോഗ്യത എന്നിവ ഉൾപ്പെടുന്ന റൂൾസിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* കാലാകാലങ്ങളിൽ ശമ്പള പരിഷ്കരണങ്ങളിലൂടെ സർക്കാർ അനുവദിക്കുന്ന ശമ്പളസ്കെയിലുകളാണ് നൽകുന്നത്. 9-ാം ശമ്പള പരിഷ്കരണം അനുസരിച്ചുള്ള സ്കെയിലുകളാണ് ഇപ്പോൾ നിലവിലുള്ളത്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി&ഇ) കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയാകുന്നതിനുമുമ്പ് സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ സ്ഥാനക്കയറ്റം, സീനിയോറിറ്റി, യോഗ്യത എന്നീ വ്യവസ്ഥകൾ നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടെയാണ് നടപ്പാക്കിവരുന്നത്. നിർവ്വാഹക സമിതി അംഗീകരിച്ച് വിശേഷാൽ ചട്ടങ്ങൾ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അനർഹമായ പ്രൊമോഷനുകൾ നൽകിയോ എന്ന കാര്യങ്ങളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) കല്പിത സർവ്വകലാശാലയാകുന്നതിനുമുമ്പ് (2007-ന് മുമ്പ്) സേവനത്തിൽ പ്രവേശിച്ചവരെ സർക്കാർ ഉത്തരവിലൂടെയാണ് സർവ്വകലാശാല പാറ്റേണിലേയ്ക്ക് മാറ്റി നിയമിച്ചത്. അനർഹമായി ആർക്കും പ്രൊമോഷൻ നൽകിയതായി ശ്രദ്ധയിൽ വന്നിട്ടില്ല.

**എൻ. എൻ. കക്കാടിന് സ്മാരക മന്ദിരം**

57 (5695) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻ. എൻ. കക്കാടിന്റെ ജന്മദേശമായ ബാലുശ്ശേരിയിലെ കൂട്ടാലിടയിൽ സ്മാരക മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കാമോ?

<u>ഉത്തരം</u>

എൻ. എൻ. കക്കാടിന് കോട്ടൂർ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഭൂമിയിൽ സ്മാരകം പണിയുന്നതും, ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സാഹിത്യ അക്കാദമിയുടെ പ്രവർത്തനം

58 (5696) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യ അക്കാദമിയുടെ പ്രവർത്തനം സജീവമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) സാഹിത്യ അക്കാദമിയുടെ കൃതികൾ ഡിജിറ്റൈസേഷൻ നടത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിവരിക്കുമോ?

ഉത്തരം

(എ) സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിൽ കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ സാംസ്കാരികമായ ഉന്നതി വളർത്തുന്ന തരത്തിൽ വ്യാപിപ്പിക്കുന്നതാണ്. നവോത്ഥാന മൂല്യങ്ങളുടെ വീണ്ടെടുപ്പിനും ചരിത്ര തമസ്കരണത്തെ പ്രതിരോധിക്കുന്നതിനും അക്കാദമി ഫലപ്രദമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചു വരുന്നു. അക്കാദമി ഒരു വരേണ്യ ന്യൂനപക്ഷത്തിന്റേതാക്കി നിർത്തുന്നതിനുപകരം ഓരോ സാധാരണക്കാരന്റെയും അഭിലാഷങ്ങൾക്കൊത്ത് പ്രവർത്തിക്കുന്നതിനാണ് പുതിയ ഭരണസമിതി ശ്രമിക്കുന്നത്. അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ലഭ്യമാക്കാനായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ അക്കാദമിക്കുള്ള വിഹിതം 50% വർദ്ധിപ്പിച്ചു.

(ബി) കേരള സാഹിത്യ അക്കാദമിയിൽ ഡിജിറ്റൈസേഷൻ നടത്താൻ പദ്ധതിയുണ്ട്. അക്കാദമി ലൈബ്രറിയിലെ ആദ്യകാല പുസ്തകങ്ങളും ആനുകാലികങ്ങളും പുസ്തകേതര ഡോക്യുമെന്റുകളും ഡിജിറ്റൈസ് ചെയ്ത് ഓഫ് ലൈൻ ഡിജിറ്റൽ ലൈബ്രറിയിലൂടെ അക്കാദമിയിലെ വായനക്കാർക്കും ഗവേഷകർക്കും ലഭ്യമാക്കുന്നതിനും പകർപ്പവകാശത്തിന്റെ പരിധിയിൽ വരാത്ത പുസ്തകങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഓൺലൈനായി 1003 പുസ്തകങ്ങളും ഓഫ് ലൈനായി 6511 പുസ്തകങ്ങളും ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) കേരള സാഹിത്യ അക്കാദമി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് മലയാളം ഡിജിറ്റൽ റിസോഴ്സ് സെന്ററും സംസ്ഥാന ഡിജിറ്റൈസേഷൻ ഹബ്ബും സ്ഥാപിക്കുന്നതിന് 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 2.00 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

## പ്രൊഫഷണൽ നാടകമത്സരം

59 (5697) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ നാടകമത്സരത്തിന് സ്ക്രിപ്റ്റ് മാത്രം നോക്കി നാടകങ്ങൾ തെരഞ്ഞെടുക്കുന്ന രീതി അവസാനിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) നാടകങ്ങളുടെ തെരഞ്ഞെടുപ്പിലും അവാർഡ് നിർണയത്തിലും എന്തെങ്കിലും കാതലായ മാറ്റങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രൊഫഷണൽ നാടക മത്സരത്തിന് സ്ക്രിപ്റ്റും സി.ഡി./ഡി.വി.ഡി. എന്നിവയും കണ്ട് നാടകങ്ങൾ തെരഞ്ഞെടുക്കുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) കേരള സംഗീത നാടക അക്കാദമിയുടെ പുതിയ കമ്മിറ്റി നിലവിൽ വന്നതിനുശേഷം ഇക്കാര്യം ആലോചിക്കുന്നതാണ്.

## കൊട്ടാരക്കര ശ്രീധരൻനായർ സ്മാരകം

60 (5698) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനശ്വര അഭിനയ പ്രതിഭയായിരുന്ന കൊട്ടാരക്കര ശ്രീധരൻനായർക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കൊട്ടാരക്കര ശ്രീധരൻനായരുടെ നാമധേയത്തിൽ അഭിനയപരിശീലന കേന്ദ്രം, സിനിമാ ലൈബ്രറി, തിയേറ്റർ കോംപ്ലക്സ് എന്നിവ നിർമ്മിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊട്ടാരക്കര ശ്രീധരൻനായരുടെ സ്മാരക നിർമ്മാണത്തിന് ധനസഹായം ആവശ്യപ്പെട്ട് സാസ്കാരിക വകുപ്പിൽ അപേക്ഷ ലഭിച്ചിട്ടില്ല. സ്മാരക നിർമ്മാണത്തിന് സ്ഥലവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തി വിശദമായ പ്ലാനും എസ്റ്റിമേറ്റും സഹിതം സ്മാരക സമിതി, സംഘടനകൾ എന്നിവർ പ്രൊപ്പോസൽ ലഭ്യമാക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കിളിമാനൂർ രാജാരവിവർമ്മ സ്മാരക സമുച്ചയം

61 (5699) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ രാജാരവിവർമ്മ സ്മാരക സമുച്ചയത്തിൽ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് 2016-ലെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും പദ്ധതി നടപ്പിലാക്കാൻ ലളിതകലാ അക്കാദമി നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഘടനയേയും പ്രവർത്തനത്തേയും സംബന്ധിച്ച് ധാരണയിലെത്തുന്നതിന് ഒരുയോഗം വിളിച്ചു ചേർക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ സംസ്ഥാന ബഡ്ജറ്റിലെ 120-ാം ഖണ്ഡിക പ്രകാരം സാംസ്കാരിക സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി കിളിമാനൂർ ചിത്രകല ഇൻസ്റ്റിറ്റ്യൂട്ടിന് 25 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട അഡ്വ. ബി. സത്യൻ എം.എൽ.എ. സമർപ്പിച്ച കത്ത് പരിഗണിച്ച് ലളിതകലാ അക്കാദമി സെക്രട്ടറിയുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ലളിതകലാ അക്കാദമി മുഖേന തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ക്ഷേമനിധികളിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ

62 (T* 5700) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധികളിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) നിലവിലുള്ള വ്യവസ്ഥകളിലെ ബുദ്ധിമുട്ടുകൾ കാരണം സാധാരണക്കാരായ കലാകാരൻമാർക്ക് ക്ഷേമനിധി അംഗത്വം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രാദേശികമായി ജനപ്രതിനിധികൾ, സാംസ്കാരിക നായകർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ ലളിതമാക്കി ക്ഷേമനിധി അംഗത്വം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) അംശാദായം ഏകീകരിച്ച് നാടക, സിനിമ കലാകാരൻമാർക്ക് ഏകീകൃത പെൻഷൻ നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ 'കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്' പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ക്ഷേമനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കുന്ന കലാകാരന്മാർ 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ 2-ാം വകുപ്പ് തരം (ഡി)യിലെ 'സാംസ്കാരിക പ്രവർത്തകൻ' എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടവരായിരിക്കണം. 18 വയസ്സിനും 60 വയസ്സിനുമിടയ്ക്കുള്ളവർക്കാണ് അംഗത്വത്തിന് അർഹതയുള്ളത്. എന്നാൽ 60 വയസ്സ് കഴിഞ്ഞ മേൽ വിഭാഗത്തിൽപ്പെട്ട കലാകാരന്മാർ ആക്ടിലും പദ്ധതിയിലും നിശ്ചയിച്ചിട്ടുള്ള കാലപരിധിക്കുള്ളിൽ അഞ്ചുവർഷത്തെ അംശദായം ഒറ്റത്തവണയായി അടയ്ക്കണമെന്ന വ്യവസ്ഥയിൽ അംഗത്വമെടുക്കാം. മാത്രമല്ല ക്ഷേമനിധി അംഗത്വം ലഭിക്കുന്നതിന് അപേക്ഷകൻ കലാകാരൻ എന്നുള്ളതിന് ബന്ധപ്പെട്ട അക്കാദമിയുടെയോ ട്രേഡ് ബോഡിയുടെയോ ശിപാർശ ആവശ്യമാണ്. സിനിമാ മേഖലയിൽനിന്നുള്ളവർ പ്രതിമാസം 200 രൂപ വീതവും ഇതര കലാരംഗത്തുനിന്നും അംഗത്വമെടുക്കുന്നവർ പ്രതിമാസം 50 രൂപയും അംശദായമായി അടയ്ക്കേണ്ടതുമാണ്. ക്ഷേമനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കുന്നവർ മറ്റ് ക്ഷേമനിധികളിൽ അംഗമാകാൻ പാടില്ല.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷേമനിധി ആക്ടിൽ പറഞ്ഞ വിഭാഗം അംഗങ്ങൾക്ക് അംഗത്വം അനുവദിക്കുന്നുണ്ട്. മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ക്ഷേമനിധി ബോർഡിൽനിന്നും ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഇ) ക്ഷേമനിധി അംഗങ്ങൾക്ക് ഏകീകൃത ആനുകൂല്യങ്ങളാണ് കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അംശദായ നിരക്ക് ഏകീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫുകളുടെ പ്രതിമാസ അലവൻസിൽ വർദ്ധനവ് വരുത്താൻ നടപടി

63 (5701) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫുകൾക്ക് നിലവിൽ നൽകിവരുന്ന പ്രതിമാസ അലവൻസ് എത്രയാണ്;

(ബി) വിവിധ മേഖലകളിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവ് നിലവിൽ വന്നിട്ടും എം.എൽ.എമാരുടെ അഡീഷണൽ സ്റ്റാഫുകൾക്ക് നൽകിവരുന്ന പ്രതിമാസ അലവൻസിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ദിവസവേതനക്കാർക്കടക്കം ശമ്പളവർദ്ധനവ് നിലവിൽ വന്ന സാഹചര്യത്തിൽ എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫുകൾക്ക് നൽകി വരുന്ന പ്രതിമാസ അലവൻസിൽ കാലാനുസൃതമായ വർദ്ധനവ് വരുത്താൻ നടപ്പു ബജറ്റ് സമ്മേളനത്തിൽ തന്നെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫുകൾക്ക് നിലവിൽ 12,500 രൂപയാണ് പ്രതിമാസ അലവൻസായി നൽകിവരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ 26-9-2016-ന് ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുചേർത്ത കക്ഷിനേതാക്കളുടെ യോഗത്തിലുണ്ടായ തീരുമാനപ്രകാരം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.എഫ്.ഡി.സി. തിയേറ്ററുകളിൽ നാടകവേദി

64 (5702) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുന്ന സിനിമാ തിയേറ്ററുകളിൽ പ്രൊഫഷണൽ നാടകങ്ങൾ അവതരിപ്പിക്കാനുള്ള വേദി കൂടി ഉൾപ്പെടുത്തുമോ;

(ബി) നാടകങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സിനിമാ തിയേറ്ററുകളിൽ പ്രൊഫഷണൽ നാടകങ്ങൾ അവതരിപ്പിക്കുന്നതിനുള്ള വേദികൂടി ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കേരള സംഗീത നാടക അക്കാദമി നാടകങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അമച്വർ നാടക മത്സരം സംഘടിപ്പിക്കുകയും മികച്ച നാടകം, രചന, സംവിധാനം, നടൻ, നടി എന്നിവർക്ക് പുരസ്കാരം നൽകുകയും ചെയ്യുന്നു. മികച്ച നാടകം കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ അവതരണച്ചെലവ് നൽകി അവതരിപ്പിക്കുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം ലഘുനാടകമത്സരം സംഘടിപ്പിക്കുകയും മികച്ച 6 നാടകങ്ങൾക്ക് 50,000 രൂപ സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്.

പ്രൊഫഷണൽ നാടക മത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് പുരസ്കാരങ്ങൾ നൽകുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം തെരഞ്ഞെടുത്ത 10 നാടകസമിതികൾക്ക് ഒരു ലക്ഷം രൂപ സബ്സിഡി നൽകിയിട്ടുണ്ട്.

നാടകത്തിന്റെ വിവിധ മേഖലകളായ അഭിനയം, മേക്കപ്പ്, ലൈറ്റ് എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ശില്പശാലകൾ സംഘടിപ്പിക്കാറുണ്ട്. കേരളത്തിലെ നാടകപ്രവർത്തകർക്ക് ലോകനാടകത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനായി എല്ലാ വർഷവും അന്താരാഷ്ട്ര നാടകോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഏകപാത്ര നാടകങ്ങൾ സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മികച്ച നാടകപ്രതിഭകളെ അവാർഡ്, ഗുരുപൂജ പുരസ്കാരം, ഫെലോഷിപ്പ് എന്നിവ നൽകി ആദരിക്കാറുണ്ട്. ഈ സർക്കാർ പുതുതായി 14 ജില്ലകളിലും ആരംഭിക്കുന്ന സാംസ്കാരിക സമുച്ചയങ്ങളിൽ നാടകാവതരണത്തിനുള്ള സ്ഥിരം വേദികളും സജ്ജമാക്കുന്നതാണ്.

**ഗ്രാമീണ മേഖലയിൽ സിനിമാ തിയേറ്ററുകൾ**

65 (5703) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ സിനിമാ തിയേറ്ററുകൾ ആരംഭിക്കുമ്പോൾ തിയേറ്ററുകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ആലത്തൂർ മണ്ഡലത്തിൽ ഏഴ് പഞ്ചായത്തുകളിലുമായുള്ള ഒരേയൊരു തിയേറ്റർ അപൂർവ്വമായി മാത്രമാണ് പ്രദർശനം നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച സാംസ്കാരിക സമുച്ചയങ്ങളിൽ ഒന്ന് ആലത്തൂർ മണ്ഡലത്തിൽ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിയേറ്റർ ഇല്ലാത്ത പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പാലക്കാട് ജില്ലയിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്ന സ്ഥലം സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

**ചലച്ചിത്രമേളകൾ**

66 (5704) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചലച്ചിത്രമേളകൾ നടത്താൻ എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഇതിനായി ഒരു സ്ഥിരം വേദി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(സി) ഇതിന് എത്ര തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 21-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള 2016 ഡിസംബർ 9 മുതൽ 16 വരെ തിരുവനന്തപുരത്തുവച്ച് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി ചലച്ചിത്രമേളയുടെ പ്രാഥമിക ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഇതിനായി വിപുലമായ സ്വാഗതസംഘം രൂപീകരിച്ചു. മേളയുടെ വിവിധ വിഭാഗത്തിലായി പ്രദർശിപ്പിക്കാനുള്ള ചിത്രങ്ങൾ തീരുമാനിച്ചു. മേളയ്ക്ക് സിഗ്നേച്ചർ ഫിലിം, ഡിസൈൻ, കാറ്റലോഗ്, തിയേറ്ററുകൾ എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടു. ഐ.എഫ്.എഫ്.കെ.-യുമായി ബന്ധപ്പെട്ട ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ നടന്നുവരുന്നു. സിനിമയുമായി ബന്ധപ്പെട്ട ഫിലിം റെന്റൽ ഫീ നൽകി വരുന്നു. സബ്കമ്മിറ്റികളുടെ രൂപീകരണം നടന്നുവരുന്നു. ഐ.എഫ്.എഫ്.കെ.-യുമായി ബന്ധപ്പെട്ട് സഞ്ചരിക്കുന്ന സിനിമാ പ്രദർശന വിളംബരം നവംബർ 1 മുതൽ 30 വരെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ, അക്കാദമി ടൂറിംഗ് ടാക്കീസ് വഴി നടത്താൻ തീരുമാനിച്ചു.

(ബി) ഫിലിം ഫെസ്റ്റിവലിന് ഒരു സ്ഥിരം വേദി നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. ചിത്രാഞ്ജലി സ്റ്റുഡിയോ പരിസരത്ത് നിന്നും കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ വക 10 ഏക്കർ മുതൽ 15 ഏക്കർ വരെ സ്ഥലം നൽകി ചലച്ചിത്ര അക്കാദമിക്ക് ഫിലിം കോംപ്ലക്സ് നിർമ്മിക്കുവാൻ ധാരണയായിട്ടുണ്ട്. ഫെസ്റ്റിവൽ കോംപ്ലക്സിന്റെ ഭാഗമായി, 2500 പേർക്ക് ഇരിക്കാവുന്ന ഒരു കൺവെൻഷൻ സെന്റർ, 1000 പേർക്ക് ഇരിക്കാവുന്ന ഒരു തിയേറ്റർ, 100-നും 800-നും ഇടയ്ക്ക് ഇരിക്കുവാൻ സൗകര്യമുള്ള എട്ടോളം തിയേറ്ററുകൾ, ചലച്ചിത്ര അക്കാദമിക്ക് ഓഫീസ് കെട്ടിടം, ഒരു ഓപ്പൺ തിയേറ്റർ, ലൈബ്രറി, ആർക്കൈവ്സ്, റിസർച്ച് സെന്റർ, മീഡിയ, സെമിനാർ മുറികൾ, സിനിമാ ആസ്വാദകർക്ക് താമസിക്കുവാനുള്ള സൗകര്യങ്ങൾ, ഫിലിം മ്യൂസിയം എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റ് 2016-17-ൽ ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കുന്നതിന് 50 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ KIIFB മുഖേന അധിക തുക കണ്ടെത്തി ആകെ 100 കോടി രൂപയുടെ പദ്ധതിയാണ് ഉദ്ദേശിക്കുന്നത്.

## ഇ-ലേലം വഴി തടി വിൽപ്പന

67 (5705) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനു കീഴിലുള്ള തടി ഇ-ലേലം വഴി വിൽപ്പന നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിൽപ്പനയുടെ എത്ര ശതമാനമാണ് പ്രസ്തുത ഏജൻസിക്ക് നൽകേണ്ടതെന്ന് അറിയിക്കുമോ;

(ബി) ഇത്തരം വിൽപ്പനയ്ക്കുള്ള തടികൾ ശരിയായ രീതിയിൽ സൂക്ഷിക്കാത്തതു കാരണം നശിക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗുണനിലവാരം കുറഞ്ഞ തടികൾ വിറ്റുപോകാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ നശിക്കുന്ന തടികൾ പ്രത്യേകം ലോട്ടുകളായി തിരിച്ച് പുനർലേലം ചെയ്യുന്നതിനും തടികൾ നശിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേന്ദ്രസർക്കാരിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ മെസ്സേഴ്സ് എം.എസ്.റ്റി.സി.ലിമിറ്റഡിനെയാണ് വനം വകുപ്പിലെ ഇ-ലേലം നടത്തുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. വിൽപ്പന വിലയുടെ 0.8% ആണ് സർവ്വീസ് ചാർജ്ജ് ഇനത്തിൽ (നികുതികൾക്കു പുറമെ) എം.എസ്.റ്റി.സി. ലിമിറ്റഡിന് നൽകുന്നത്.

(ബി) വിൽപ്പനയ്ക്കുള്ള തടികൾ ശരിയായ രീതിയിൽ സൂക്ഷിക്കാത്തതു കാരണം നശിക്കുന്ന സാഹചര്യം നിലവിലില്ല.

(സി) ഗുണനിലവാരം കുറഞ്ഞ തടികൾ വിറ്റുപോകാത്ത സാഹചര്യം നിലവിലില്ല. തടികൾ അവയുടെ ഗുണനിലവാരമനുസരിച്ച് തരംതിരിച്ച് പ്രത്യേക ലോട്ടുകളായി ലേലത്തിൽ വയ്ക്കുകയും വിറ്റുപോകാൻ താമസം വരുന്നവ അധികശ്രമം നടത്തി വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.

**വനം വകുപ്പ് മുഖേന ഇക്കോ-ടൂറിസം പദ്ധതി**

68 (T* 5706) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പ് മുഖേന ഇക്കോ-ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ വിശദാംശം നൽകുമോ;

(ബി) ഏറനാട് മണ്ഡലത്തിലെ ആഢ്യൻപാറ ടൂറിസം പദ്ധതിയെ ബന്ധിപ്പിച്ച് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 60 കേന്ദ്രങ്ങളിൽ വനം വകുപ്പ് മുഖേന ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഇതിന്റെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഏറനാട് മണ്ഡലത്തിലെ ആഢ്യൻപാറ ടൂറിസം പദ്ധതിയെ സംബന്ധിച്ച് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കണമെന്ന അപേക്ഷ ലഭിച്ചിട്ടില്ല. ഏറനാട് മണ്ഡലത്തിലെ ആഢ്യൻപാറ ടൂറിസം പദ്ധതി ഇപ്പോൾ നടത്തി വരുന്നത് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലാണ്. വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ ഈ പ്രദേശത്ത് പദ്ധതികളൊന്നും പരിഗണനയിലില്ല. എങ്കിലും വന സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ട്രക്കിംഗ് നടത്തി വരുന്നുണ്ട്. കൂടാതെ വനശ്രീ ഇക്കോ ഷോപ്പും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

(സി) ചോദ്യം (ബി)-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വന്യജീവി സങ്കേതങ്ങളിലെ പ്രകൃതി പഠന ക്യാമ്പുകൾ**

69 (5707) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിൽ ഏതെല്ലാം വന്യ ജീവി സങ്കേതങ്ങളിലാണ് പ്രകൃതി പഠന ക്യാമ്പുകൾക്ക് സൗകര്യമുള്ളത്; വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം മാസങ്ങളിലാണ് പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിന് വേണ്ടി കേന്ദ്ര ഫണ്ട് ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള വനം വകുപ്പിനുകീഴിലുള്ള നെയ്യാർ, പേപ്പാറ, ശെന്തുരുണി, വയനാട്, സൈലന്റ് വാലി, പീച്ചി, ചിമ്മിനി, ചൂലന്നൂർ, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങളിലും പെരിയാർ, പറമ്പിക്കുളം എന്നീ ടൈഗർ റിസർവ്വുകളിലും പ്രകൃതി പഠന ക്യാമ്പുകൾക്ക് സൗകര്യമുണ്ട്.

(ബി) എല്ലാ സാമ്പത്തിക വർഷത്തിന്റെയും തുടക്കം മുതൽ ഒടുക്കംവരെ (ഏപ്രിൽ മുതൽ മാർച്ച് വരെ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ഓരോ സംരക്ഷിത മേഖലയുടെയും അംഗീകൃത മാനേജ്മെന്റ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള ക്ലോഷർ പീരീഡ് (അടച്ചിടുന്ന കാലയളവ്) ഒഴികെയുള്ള കാലയളവിൽ പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

(സി) ലഭിക്കുന്നുണ്ട്. ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH), പ്രോജക്ട് എലിഫന്റ്, കൺസർവ്വേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി എന്നീ ശീർഷകങ്ങളിൽ ലഭിക്കുന്ന ഫണ്ടിൽ പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നതിനുള്ള തുകയും ഉൾപ്പെടുന്നുണ്ട്. ടി കേന്ദ്ര പദ്ധതികൾ പ്രകാരം കഴിഞ്ഞ വർഷം പ്രകൃതി പഠന ക്യാമ്പുകൾക്ക് 7.20 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ആകെ 8 ലക്ഷം രൂപ ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നു.

## പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ

70 (5708) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എവിടെയൊക്കെയാണ് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് എന്നറിയിക്കാമോ ;

(ബി) ഭരണതലത്തിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ എവിടെയൊക്കെയാണ് സ്ഥാപിക്കേണ്ടതെന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ഇരിണാവ് ക്ഷേത്ര നവീകരണത്തിന് സൗജന്യമായി തടി

71 (5709) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ഇ. പി. ജയരാജൻ വ്യവസായ വകുപ്പ് മന്ത്രിയായിരിക്കെ ഇരിണാവ് ക്ഷേത്ര നവീകരണത്തിന് സൗജന്യമായി തടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങൾക്ക് സൗജന്യമായോ സൗജന്യ നിരക്കിലോ തടി ലഭ്യമാക്കുന്നതിന് വനം വകുപ്പിൽ എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കത്ത് അനുബന്ധമായി* ചേർക്കുന്നു.

(ബി) സൗജന്യ നിരക്കിൽ തടി നൽകുന്നതിന് നിലവിൽ ഉത്തരവുകളില്ല. ആയതിനാൽ പ്രസ്തുത അപേക്ഷയിൽ മറ്റ് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ഇക്കാര്യത്തിൽ ഉത്തരവുകളൊന്നും നിലവിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കണ്ടൽ കാടുകൾ

72 (5710) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടലാക്രമണത്തിൽനിന്ന് രക്ഷനേടുവാൻ കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദീകരിക്കാമോ?

ഉത്തരം

കടലാക്രമണത്തിൽനിന്ന് രക്ഷനേടുന്നതിനുവേണ്ടി കടൽത്തീരത്തും അഴിമുഖത്തും നടുന്നതിനായി കണ്ടൽ തൈകൾ ഉല്പാദിപ്പിച്ച് പൊതുജനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. കണ്ടൽച്ചെടികൾ വളർത്തി പരിപാലിക്കുന്നതിന് ഭൂവുടമകൾക്ക് പ്രോത്സാഹന സഹായവും നൽകി വരുന്നുണ്ട്. ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ പൊഴിയോരങ്ങളിലും കടൽത്തീരത്തും കണ്ടൽ വെച്ചുപിടിപ്പിക്കുന്നതിന് ബൃഹത്തായ ഒരു പദ്ധതി തയ്യാറാക്കി ആലപ്പുഴ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. 2016-ൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം 5000 കണ്ടൽ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. കടലാക്രമണത്തിൽ നിന്നും രക്ഷ നേടുവാൻ കണ്ടൽച്ചെടി ഉപയോഗപ്പെടുത്തി കൊണ്ടുള്ള ജൈവവേലി രൂപപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. കണ്ടൽ കാടുകളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ശില്പശാലകൾ, പരിശീലനക്കളരികൾ, സെമിനാറുകൾ തുടങ്ങിയവയും സംഘടിപ്പിച്ചുവരുന്നു.

## തൃശ്ശൂർ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്

73 (5711) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലും, വനം ആസ്ഥാനത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജോലി ചെയ്തതും 3 വർഷത്തിലധികമായി ഒരേ തസ്തികയിൽ തുടരുന്നതുമായ ജീവനക്കാരുടെ വിശദവിവരങ്ങൾ, എത്ര കാലമായി പ്രസ്തുത തസ്തികയിൽ തുടരുന്നു എന്നതടക്കം വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ ഓരോന്നിന്റെയും നിയമനാധികാരി ആരാണെന്ന് വെളിപ്പെടുത്താമോ;

(സി) ഒരേ തസ്തികയിൽ 3 വർഷം ജോലി ചെയ്തവരെ സ്ഥലം മാറ്റി നിയമനം നൽകണം എന്ന ചട്ടം നിലനിൽക്കെ അനധികൃതമായി തുടരാനനുവദിച്ച നിയമനാധികാരികൾക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ജീവനക്കാരുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രത്യേക സാഹചര്യങ്ങളിൽ 3 വർഷത്തിൽ കൂടുതൽ ജീവനക്കാരെ ഒരേ തസ്തികയിൽ തുടരാൻ അനുവദിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാമൂഹ്യ വനവത്കരണ പദ്ധതികൾ

74 (5712) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതര ഭൂമിയിൽ 'എൻെറ മരം', 'നമ്മുടെ മരം' മുതലായ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) വനസംരക്ഷണത്തിനും വനപരിപാലനത്തിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ നട്ടുപിടിപ്പിക്കുന്ന മരങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ മാത്രം വച്ചു പിടിപ്പിക്കുന്നതിനും പ്രസ്തുത മരങ്ങൾ തുടർന്നും പരിപാലിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വനേതര ഭൂമിയിൽ 'എന്റെ മരം', 'നമ്മുടെ മരം' മുതലായ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് 2006-ൽ 'എന്റെ മരം' പദ്ധതി ആരംഭിച്ചു. ഇത് വിജയമായതിന്റെ അടിസ്ഥാനത്തിൽ 2007-ൽ കോളേജ് വിദ്യാർത്ഥികൾക്കായി 'നമ്മുടെ മരം' എന്ന പദ്ധതിയും ആരംഭിച്ചു. ഈ രണ്ട് പദ്ധതികളും തുടർന്നുവരുന്നു.

(ബി) വനം കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി തടയുകയും വനം കയ്യേറ്റമുണ്ടാകുമ്പോൾ കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനസംരക്ഷണം ഉറപ്പാക്കുന്നു. വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾവഴി വനം കയ്യേറ്റശ്രമങ്ങളും ഇതര കുറ്റകൃത്യങ്ങളും തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ആവശ്യമായ ആയുധങ്ങളും വാഹനങ്ങളും വാർത്താവിനിമയ ഉപകരണങ്ങളും നൽകി ജീവനക്കാരെ സജ്ജരാക്കിയിട്ടുണ്ട്. വനം കയ്യേറ്റം തടയാൻ റവന്യൂ പോലീസ് അധികാരികളുടെ സഹായത്തോടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) വിദ്യാഭ്യാസ വകുപ്പും വനം വകുപ്പും ചേർന്ന് നടത്തുന്ന 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതികൾ പ്രകാരം വിതരണം ചെയ്ത തൈകൾ അനുയോജ്യമായ സ്ഥലങ്ങളിൽ മാത്രം നടുന്നതിനും പരിപാലിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി സ്കൂൾ/ കോളേജ് തലത്തിൽ പ്രധാന അദ്ധ്യാപകൻ/ തെരഞ്ഞെടുത്ത അദ്ധ്യാപകൻ, വാർഡ് മെമ്പർ, തെരഞ്ഞെടുത്ത വിദ്യാർത്ഥി പ്രതിനിധി, വനം വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഒരു പി.ടി.എ. മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ തൈകളുടെ വളർച്ച, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നു. തുടർ പരിപാലനം ബന്ധപ്പെട്ട വിദ്യാർത്ഥികൾ തന്നെ നടത്തണമെന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന തൈകളെ സംബന്ധിച്ച്, പഞ്ചായത്ത് സെക്രട്ടറി ചെയർമാനും കൃഷി ഓഫീസർ, ഫോറസ്റ്റർ, പഞ്ചായത്ത് മെമ്പർ, എൻ.ജി.ഒ. പ്രതിനിധികൾ എന്നിവർ മെമ്പർമാരുമായുള്ള കമ്മിറ്റിയാണ് മേൽപ്പറഞ്ഞ രീതിയിൽ നട്ടുപിടിപ്പിച്ച തൈകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. സാമൂഹ്യ വനവൽക്കരണ വിഭാഗം റാൻഡം സാമ്പ്ലിംഗ് മുഖേന തൈകളുടെ അതിജീവന ശതമാനം കണക്കാക്കിവരുന്നു. വൃക്ഷത്തൈ നടീൽ വനം വകുപ്പ് വിജിലൻസ് ഉദ്യോഗസ്ഥർ വിലയിരുത്തിവരുന്നു. വഴിയോരത്തണൽ പദ്ധതി പ്രകാരം വനംവകുപ്പ് നട്ട തൈകൾ ട്രീ ഗാർഡ് വച്ച് സംരക്ഷിക്കുകയും വേനൽക്കാലത്ത് വെള്ളം നനച്ച് പരിചരിക്കുകയും ചെയ്യുന്നുണ്ട്.

**വനദീപ്തി പദ്ധതി**

75 (5713) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനദീപ്തി പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം ഏതൊക്കെ ഡിവിഷനുകളിൽ ഫലവൃക്ഷങ്ങൾ വച്ച് പിടിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര തുക ഇതിനായി ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അക്കേഷ്യ മുറിച്ച് മാറ്റിയ തോട്ടങ്ങളിൽ ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള വിവിധ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് സ്വാഭാവിക വനവത്ക്കരണം നടത്തുന്ന 'വനദീപ്തി' പദ്ധതി കൊല്ലം സതേൺ സർക്കിൾ സോഷ്യൽ ഫോറസ്ട്രിയുടെ കൊല്ലം, തിരുവനന്തപുരം ഡിവിഷനുകളിൽ 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം പുതിയതായി പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. പരിചരണ പ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളത്.

(ബി) 2015-16 വർഷത്തിൽ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 8.37 ലക്ഷം രൂപയും കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2.49 ലക്ഷം രൂപയും വനദീപ്തിക്കായി ചെലവഴിച്ചിട്ടുണ്ട്.

## വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കൽ

76 (5714) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പൈതൃകമായ വനങ്ങളെയും വന്യജീവികളെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനായി എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കാൻ പോകുന്നുവെന്ന് വിശദമാക്കുമോ;

(ബി) വനത്തിലുള്ള ഏതെങ്കിലും തരം പക്ഷിമൃഗാദികളെ ലൈസൻസോടു കൂടി വീടുകളിൽ വളർത്തുവാൻ അനുമതി കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിന്റെ പൈതൃകമായ വനങ്ങളെയും വന്യജീവികളെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനായി വനംവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വനം വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി വനത്തിനകത്ത് കൃത്യമായ ഇടവേളകളിൽ പരാമ്പുലേഷൻ നടത്തുന്നതിനോടൊപ്പം ക്യാമ്പ് ഷെഡ്, ആന്റി പോച്ചിംഗ് ക്യാമ്പ് എന്നിവ കേന്ദ്രീകരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വന്യജീവികളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ വസിക്കാൻ സാധ്യമാക്കുന്ന തരത്തിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വനത്തിനുള്ളിൽ തടയണകൾ നിർമ്മിച്ച് പരിപാലിച്ചുവരുന്നു. കൂടാതെ കാട്ടിനുള്ളിൽ ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിച്ച് ആഹാര ലഭ്യത ഉറപ്പുവരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ വനസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള പുതിയ നടപടികൾ എന്ന നിലയിൽ വനം മേഖലകളിൽ ക്യാമറാ ട്രാപ്പ് സംവിധാനം, ആന, കടുവ തുടങ്ങിയ വന്യമൃഗങ്ങളിൽ റേഡിയോ കോളർ ഘടിപ്പിച്ചിട്ടുള്ള നിരീക്ഷണം, പട്രോളിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ഇ-പട്രോളിംഗ് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ ആന ഒഴികെയുള്ള വന്യമൃഗങ്ങളെ വീടുകളിൽ വളർത്താൻ അനുമതി നൽകിയിട്ടില്ല. 2005-നുമുമ്പ് അനുമതി കൊടുത്തിട്ടുണ്ടെങ്കിലും വന്യജീവി സംരക്ഷണത്തിന്റെയും ജൈവവൈവിദ്ധ്യത്തിന്റെയും പ്രാധാന്യം കണക്കിലെടുത്ത് വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂളുകളിൽപ്പെട്ട ആന ഒഴികെയുള്ള യാതൊരു മൃഗത്തിനേയും വീട്ടിൽ വളർത്താൻ അനുമതി നൽകുന്നില്ല.

## ക്ലൂപ്പുകളിലെ നിയമവിരുദ്ധ തേക്ക് മുറിക്കൽ

77 (5715) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർച്ച എത്തി മുറിക്കാറായ എത്ര സർക്കാർ തേക്ക് ക്ലൂപ്പുകൾ ഉണ്ടെന്നും ഇത് എവിടെയൊക്കെയാണെന്നും എത്ര തേക്ക്മരങ്ങൾ ഉണ്ടെന്നും ജില്ലതിരിച്ച് സ്ഥലം സഹിതം വിശദമാക്കുമോ;

(ബി) പ്രസ്തുത തേക്ക് ക്ലൂപ്പുകളിലെ തേക്ക് മരം മുറിച്ച് ഫോറസ്റ്റിന്റെ വിവിധ ഡിപ്പോകളിലേയ്ക്ക് അട്ടിയിടുന്ന ടെണ്ടർ ജോലിക്ക് അഞ്ചു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ടെണ്ടർ നടപടികൾ ടെണ്ടർ മുഖാന്തരമേ നടത്താൻ പാടുള്ളൂ എന്ന നിയമം തെറ്റിച്ച് റാന്നി, കോന്നി മുതലായ ഡിവിഷനുകളുടെ കീഴിൽ 'കൺവീനർ സിസ്റ്റത്തിൽ' ഇപ്പോൾ തേക്കുമുറി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഉദ്യോഗസ്ഥ - കൺവീനർ അഴിമതിക്ക് വേണ്ടി ആണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനധികൃതമായ ഇത്തരം തേക്കുമുറി അവസാനിപ്പിച്ച് നിയമാനുസൃതമായി, ഇ-ടെണ്ടർ നടപടികളിലൂടെ തേക്കുമുറി നടപ്പാക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത കൺവീനർ സിസ്റ്റത്തിൽ തേക്കുമുറി നടപ്പാക്കിയ ഉദ്യോഗസ്ഥർ ആരൊക്കെ; ഇവരുടെ പേരുവിവരം വെളിപ്പെടുത്തുമോ; ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇപ്രകാരമുള്ള കൺവീനർ സിസ്റ്റത്തിലുള്ള തേക്കുമുറിക്കെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | സർക്കിൾ | ജില്ല | ഡിവിഷൻ | തേക്ക് തോട്ടങ്ങളുടെ എണ്ണം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | സതേൺ സർക്കിൾ, കൊല്ലം | കൊല്ലം | പുനലൂർ | 5 |
| | | | തെന്മല | 2 |
| 2 | | പത്തനംതിട്ട | റാന്നി | 7 |
| | | | കോന്നി | 29 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | കോട്ടയം | കോട്ടയം | 6 |
| 4 | | ഇടുക്കി | കോട്ടയം | 12 |
| 5 | | എറണാകുളം | കോതമംഗലം | 7 |
| 6 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | എറണാകുളം | മലയാറ്റൂർ | 3 |
| 7 | | തൃശ്ശൂർ | ചാലക്കുടി | 39 |
| | | | തൃശ്ശൂർ | 5 |
| 8 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | പാലക്കാട് | നെന്മാറ | 7 |
| | | | പാലക്കാട് | 7 |
| | | | മണ്ണാർക്കാട് | 3 |
| 9 | | മലപ്പുറം | നിലമ്പൂർ (സൗത്ത്) | 2 |
| | | | നിലമ്പൂർ (നോർത്ത്) | 9 |
| 10 | നോർത്തേൺ സർക്കിൾ, കണ്ണൂർ | കാസർഗോഡ് | കാസർഗോഡ് | 1 |

തേക്ക് മരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) കൊല്ലം സതേൺ സർക്കിളിന്റെ പരിധിയിൽപ്പെട്ട റാന്നി ഡിവിഷനിലെ 2 തോട്ടങ്ങളിൽ കൺവീനർ സമ്പ്രദായത്തിൽ തേക്ക് മുറി നടത്തുന്നുണ്ട്. ടെണ്ടർ നടത്തി അന്തിമ വെട്ട് നടത്തിയിട്ടുള്ള ഭൂരിഭാഗം തോട്ടങ്ങളിലും അടങ്കൽ തുകയെക്കാൾ വളരെ കൂടിയ നിരക്കിലാണ് ടെണ്ടർ നടന്നിട്ടുള്ളത്. മേൽ സാഹചര്യത്തിൽ അടങ്കൽ തുകയിൽ നിന്ന് കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് 10% തുക കുറച്ച നിരക്കിൽ ജോലി ഏറ്റെടുത്ത് നടത്തുവാൻ കൺവീനർ തയ്യാറായ തോട്ടങ്ങളിലാണ് കൺവീനർ സിസ്റ്റത്തിൽ അന്തിമ വെട്ട് നടത്തിയിട്ടുള്ളത്. പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം മാത്രം തേക്ക് മുറി നടത്തുവാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റാന്നി ഡിവിഷനിൽ കൺവീനർ വഴി അന്തിമ വെട്ട് നടത്തിയപ്പോൾ ഡിവിഷൻ / റെയ്ഞ്ച് ചാർജ്ജ് വഹിച്ചവരുടെ പേരുവിവരം താഴെ ചേർക്കുന്നു:

1. ശ്രീ. ജി. എം. കൊച്ചുകാഞ്ഞിരം, ഐ.എഫ്.എസ്. (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി)
2. ശ്രീ. എ. നൗഷാദ്, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, റാന്നി റെയ്ഞ്ച്
3. ശ്രീ. കെ. വി. ഹരികൃഷ്ണൻ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, വടശ്ശേരിക്കര റെയ്ഞ്ച്

ഇവർക്കെതിരെ നടപടികൾ പരിഗണനയിലില്ല.

(ഡി) കൺവീനർ സിസ്റ്റത്തിൽ അന്തിമ വെട്ട് നട<u>ത്തു</u>ന്നതിനെതിരെ റാന്നി ഡിവിഷനിൽ ശ്രീ. തോമസ് ഉമ്മൻ (പൂർണ്ണമായ മേൽവിലാസം പരാതിയിൽ രേഖപ്പെടുത്തിയിട്ടില്ല.) എന്നയാൾ 2-3-2016-ലും റാന്നി ജില്ല ഫോറസ്റ്റ് സംരക്ഷണ സമിതി (പൂർണ്ണമായ മേൽവിലാസം പരാതിയിൽ രേഖപ്പെടുത്തിയിട്ടില്ല) എന്ന പേരിൽ 30-5-2016-ലും വനം വകുപ്പ് മന്ത്രിക്ക് പരാതികൾ സമർപ്പിച്ചിട്ടുണ്ട്.

## വന്യജീവികൾ കൃഷി നശിപ്പിച്ചാലുള്ള നഷ്ടപരിഹാരം

78 (5716) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ കൃഷി നശിപ്പിച്ചാൽ നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര രൂപ കൊടുത്ത് തീർക്കാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; ഇത് എപ്പോൾ കൊടുക്കും എന്ന് വ്യക്തമാക്കുമോ;

(സി) വന്യജീവികൾ കൃഷി നശിപ്പിച്ചാൽ നാശനഷ്ടം കണക്കാക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വന്യജീവികൾ കൃഷി നശിപ്പിച്ചാൽ നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഇതുവരെ ലഭ്യമായ അപേക്ഷ പ്രകാരം 18,00,000 രൂപ നഷ്ടപരിഹാരമായി കൊടുക്കാനുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ നഷ്ടപരിഹാരം നൽകുന്നതാണ്.

(സി) വന്യജീവികൾ കൃഷി നശിപ്പിച്ചാൽ നാശനഷ്ടം കണക്കാക്കുന്നത് 8-1-2015-ലെ സ.ഉ.(എം.എസ്.)നമ്പർ 02/2015/വനം പ്രകാരമാണ്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുട്ടികളിൽ പ്രകൃതി സംരക്ഷണ അവബോധം

79 (5717) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുട്ടികൾക്ക് പ്രകൃതിസംരക്ഷണ അവബോധം നൽകാൻ എന്തെല്ലാം പരിപാടികളാണ് വനം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എത്ര കുട്ടികൾക്ക് പ്രകൃതി സംരക്ഷണ അവബോധം നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭരണതലത്തിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിവരിക്കുമോ ?

### ഉത്തരം

(എ) കുട്ടികൾക്ക് പ്രകൃതി സംരക്ഷണ അവബോധം നൽകുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രകൃതി പഠന ക്യാമ്പുകൾ, പ്രകൃതി പഠന ക്ലാസ്സുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. 'എന്റെ മരം', 'നമ്മുടെ മരം' എന്നീ പദ്ധതികളിലൂടെ സ്കൂളുകളിലും കോളേജുകളിലും എല്ലാ വർഷവും തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ എക്കോ കേഡറ്റ്സ്, ഫോറസ്ട്രി ക്ലബ്ബ് എന്നീ പദ്ധതികൾ മുഖാന്തിരം സ്കൂൾ കുട്ടികളുടെ പങ്കാളിത്തത്തോടു കൂടി സ്കൂൾ പരിസരങ്ങളിലും മറ്റ് പൊതുസ്ഥലങ്ങളിലും കൂടുതൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയും കുട്ടികൾക്ക് പ്രകൃതി സംരക്ഷണ അവബോധം നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) ഇതിന്റെ ഭാഗമായി ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ ഫോറസ്ട്രി ക്ലബ്ബുകൾ ഇല്ലാത്ത സ്കൂളുകളിൽ ടി പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

## വന്യമൃഗങ്ങളുടെ ശല്യം

80 (5718) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ, മൂന്നാർ ഫോറസ്റ്റ് ഡിവിഷനുകളിൽപ്പെട്ട കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ പഞ്ചായത്ത്, പിണ്ടിമന പഞ്ചായത്ത് പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യംമൂലം വ്യാപകമായ കൃഷിനാശവും മറ്റു വസ്തുവകകൾക്ക് നാശനഷ്ടം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടാനകളുടെ നിരന്തരമായ ശല്യംമൂലം പൂയംകുട്ടി, കുട്ടമ്പുഴ, ഞായപ്പള്ളി, മാമലക്കണ്ടം , വടാട്ടുപാറ, വേട്ടാമ്പാറ പ്രദേശങ്ങളിൽ കർഷകർ ഏറെ നാശനഷ്ടങ്ങൾക്ക് വിധേയമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

(സി) കാർഷിക മേഖലകളിലേക്ക് കാട്ടുമൃഗങ്ങളുടെ കടന്നുകയറ്റം തടയുവാൻ ഫെൻസിങ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗ ശല്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാനശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സൗരോർജ്ജ കമ്പിവേലി നിർമ്മിച്ച് പരിപാലിച്ചുവരുന്നു. കൂടാതെ കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവി ആക്രമണം ഉണ്ടാകുന്ന പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) കാർഷിക മേഖലകളിലേയ്ക്ക് കാട്ടുമൃഗങ്ങളുടെ കടന്നുകയറ്റം തടയുവാൻ വൈദ്യുത കമ്പിവേലി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രതിരോധ സംവിധാനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്.

**വനവൽക്കരണത്തിനുള്ള നടപടികൾ**

81 (5719) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം വന വിസ്തൃതി എത്ര ഏക്കറാണ്; കഴിഞ്ഞ 5 വർഷങ്ങളിൽ നമ്മുടെ വന വിസ്തൃതിക്ക് കുറവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രത്തോളം കുറവ് ഉണ്ടായിട്ടുണ്ട്; ഇതിന്റെ കാരണം എന്താണ്;

(ബി) വനവൽക്കരണത്തിനും വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെ എന്ന് വിശദമാക്കാമോ;

(സി) ഓരോ വർഷവും പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായും സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായും നൽകപ്പെടുന്ന ലക്ഷക്കണക്കിന് വൃക്ഷതൈകൾ, നടീലിന് ശേഷവും സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ മൊത്തം വനവിസ്തൃതി 11309.4754 ച.കി. മീറ്ററാണ് (2794633.3696 ഏക്കർ). കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ വനവിസ്തൃതിക്ക് കുറവുണ്ടായിട്ടില്ല.

(ബി) വനേതര പ്രദേശങ്ങളിൽ വനവത്കരണത്തിനുവേണ്ടി സാമൂഹ്യ വനവത്കരണ വിഭാഗം ഹരിതകേരളം എന്ന ബൃഹത് പദ്ധതിയുടെ കീഴിൽ എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ വിവിധ ഇനത്തിൽപ്പെട്ട വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുകയും വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, യുവജന പ്രസ്ഥാനങ്ങൾ, പൊതുജനങ്ങൾ എന്നിവർ വഴി നട്ടുപിടിപ്പിച്ച് സംരക്ഷിച്ചുവരികയും ചെയ്യുന്നു.

(സി) എന്റെ മരം, നമ്മുടെ മരം പദ്ധതികളിൽ നട്ടു പിടിപ്പിക്കുന്ന തൈകളുടെ തുടർ പരിപാലനം ബന്ധപ്പെട്ട വിദ്യാർത്ഥികൾ തന്നെ നടത്തണം എന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് വിലയിരുത്തുന്നതിന് അതാത് വിദ്യാലയങ്ങളിലെ അദ്ധ്യാപകർ, പി.റ്റി.എ. പ്രസിഡന്റ്, വനംവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന തൈകളെ സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി ചെയർമാനും കൃഷി ഓഫീസർ, ഫോറസ്റ്റർ, പഞ്ചായത്ത് മെമ്പർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ മെമ്പർമാരായുള്ള കമ്മിറ്റിയാണ് നട്ടുപിടിപ്പിച്ച തൈകളുടെ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നത്. വഴിയോര തണൽ പദ്ധതി പ്രകാരം നട്ട തൈകൾ ട്രീഗാർഡ് വച്ച് സംരക്ഷിക്കുകയും ചില സ്ഥലങ്ങളിൽ വേനൽക്കാലത്ത് വെള്ളം നനച്ച് പരിചരിക്കുകയും ചെയ്യുന്നുണ്ട്. സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ പ്രോത്സാഹിപ്പിക്കുന്നതിനായി 17-2-2012-ലെ ജി.ഒ.(ആർറ്റി.) നമ്പർ 99/12/വനം പ്രകാരം കർഷകർക്കായുള്ള ധനസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നവർക്ക് വൃക്ഷത്തൈ ഒന്നിന് 50 രൂപവരെ പ്രോത്സാഹന ധനസഹായം നൽകിവരുന്നുണ്ട്. വൃക്ഷവൽക്കരണത്തിന്റെ ആവശ്യകതയെപ്പറ്റി കുട്ടികളിലും മുതിർന്നവരിലും ബോധവത്ക്കരണം നടത്തുന്നതിന്റെ ഭാഗമായി സാമൂഹ്യ വനവൽക്കരണ വിഭാഗം ബോധവൽക്കരണ ക്ലാസ്സുകൾ, ക്യാമ്പുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, റാലികൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. ഇതുവഴി കുട്ടികളിലും പൊതുജനങ്ങളിലും വനത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും അവബോധം സൃഷ്ടിക്കാനും നട്ടതൈകൾ സംരക്ഷിക്കാനും സഹായകമാകുന്നു.

**ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള വൈൽഡ് ലൈഫ് വാച്ചർമാർ**

82 (5720) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ, മൂന്നാർ, ഇടുക്കി ഡിവിഷനുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള വാച്ചർമാരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഇത്തരം ഡിവിഷനുകളിൽ നിയമിച്ചിട്ടുള്ള ദിവസക്കൂലി വാച്ചർമാരുടെ വിവരം ഫോറസ്റ്റ് റെയിഞ്ച് തിരിച്ച് ലഭ്യമാക്കുമോ;

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനനിരക്കും അതോടൊപ്പം ഹിൽ ട്രാക്ട് അലവൻസ് ഉൾപ്പെടെയുള്ള പ്രാദേശിക അലവൻസുകളും ഇവർക്ക് നൽകുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ദിവസക്കൂലി വാച്ചർമാരുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന വാച്ചർമാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനനിരക്കും വേരിയബിൾ ഡിയർനെസ് അലവൻസും (വി.ഡി.എ.) നൽകുന്നുണ്ട്. ഹിൽ ട്രാക്ട് അലവൻസ് നൽകുന്നില്ല.

(ഡി) ദിവസ വേതന വാച്ചർമാർക്ക് ഹിൽ ട്രാക്ട് അലവൻസ് നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല.

**തൃശ്ശൂരിൽ അന്താരാഷ്ട്ര നിലവാരമുള്ള സുവോളജിക്കൽ പാർക്ക്**

83 (5721) ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ അന്താരാഷ്ട്ര നിലവാരമുള്ള സുവോളജിക്കൽ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) എത്ര ഏക്കർ വനപ്രദേശമാണ് പ്രസ്തുത പദ്ധതിക്ക് ഉപയോഗിക്കുന്നത്; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിലവിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മൃഗശാലയെ മാറ്റി പുത്തൂരിൽ സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും അതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. തുടർന്ന് ലോകപ്രശസ്ത മൃഗശാലാ ഡിസൈനർ ശ്രീ. ജോൺ കോ-യുടെ നേതൃത്വത്തിലുള്ള ഐഡിയ ഡിസൈൻസ് എന്ന കമ്പനി വിശദമായ രൂപരേഖ (DPR) തയ്യാറാക്കിവരുന്നു. അതനുസരിച്ച് 12-8-2016-ലെ ജി.ഒ.(എംഎസ്.)നമ്പർ 30/2016/വനം സർക്കാർ ഉത്തരവ് പ്രകാരം നിർമ്മാണത്തിന്റെ ആദ്യഘട്ട ജോലികൾ തുടങ്ങുന്നതിന് സെൻട്രൽ പി.ഡബ്ല്യൂ.ഡിയെ ഏല്പിച്ചിട്ടുള്ളതുമാണ്. ആദ്യഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. നിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കൽ പുരോഗമിച്ചുവരുന്നു.

(ബി) 65 ഹെക്ടർ മുളത്തോട്ടവും 71 ഹെക്ടർ കശുമാവുതോട്ടവും ആയിട്ടുള്ള 136 ഹെക്ടർ സ്ഥലത്തിൽ ഉദ്ദേശം 75 ഹെക്ടർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ബാക്കിയുള്ള 61 ഹെക്ടർ സ്ഥലം മൃഗശാലയുടെ ഭാവിയിലുള്ള വികസനത്തിനായി ഉപയോഗിക്കാവുന്നതാണ്.

**വന്യജീവികളുടെ ആക്രമണത്തിനുള്ള ധനസഹായം**

84 (5722) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സഹായം കാലാനുസൃതമായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) കടന്നൽ കുത്തേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്കും പ്രസ്തുത പദ്ധതി പ്രകാരം തുക നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇവർക്ക് കൂടി സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) നിലവിലുണ്ട്. 1980-ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. സർക്കാർ, കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുള്ള ടി ചട്ടപ്രകാരം നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുകകൾ താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക (രൂപ) |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ |
| 2 | പരിക്ക് | പരമാവധി 75,000 രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും. |
| 3 | മരണം | 5 ലക്ഷം രൂപ |
| 4 | വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ |

(ബി) വർദ്ധിപ്പിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ നഷ്ടപരിഹാരം വർദ്ധിപ്പിച്ച 22-3-2013-ലെ സർക്കാർ ഉത്തരവ് 32/2013/വനം പ്രകാരം സ്ഥായിയായ അംഗഭംഗത്തിന് നൽകിവരുന്ന പരമാവധി തുകയായ 25,000 രൂപ 75,000 രൂപയാക്കിയതും കന്നുകാലികൾക്കും കാർഷിക വിളകൾക്കുമുൾപ്പെടെയുള്ള നാശ നഷ്ടങ്ങൾക്ക് നൽകി വരുന്ന പരമാവധി തുകയായ 50,000 രൂപ 75,000 രൂപയാക്കിയതുമാണ്. കൂടാതെ 17-11-2014-ലെ സർക്കാർ ഉത്തരവ് 96/2014/ വനം പ്രകാരമാണ് ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക 5 ലക്ഷം രൂപയായും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചത്.

(സി&ഡി) നൽകുന്നില്ല. 1980-ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസിലെ വ്യവസ്ഥകൾ പ്രകാരം വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ-1, ഷെഡ്യൂൾ 2-ലെ പാർട്ട്-2 എന്നിവയിൽ ഉൾപ്പെടുന്ന ജീവികൾ മൂലമുണ്ടാകുന്ന ആക്രമണത്തിന് മാത്രമേ നഷ്ടപരിഹാരം നൽകാൻ സാധിക്കുകയുള്ളൂ. കടന്നൽ മേല്പറഞ്ഞ വിഭാഗത്തിൽ പെടാത്തതിനാൽ നിലവിലെ നിയമപ്രകാരം നഷ്ടപരിഹാരം അനുവദിക്കാൻ സാധിക്കില്ല.

## കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള ഉത്തരവ്

85 (5723) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള ഉത്തരവ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഉത്തരവിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എങ്കിൽ ആയത് പരിഹരിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 95/2014/വനം തീയതി 17-11-2014 പ്രകാരം കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ ആയത് നീട്ടി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നതിൽ പ്രായോഗിക തലത്തിൽ ചില ബുദ്ധിമുട്ടുകളുണ്ടെന്നും ആയത് ലഘൂകരിക്കണമെന്ന ആവശ്യം പലയിടങ്ങളിൽനിന്നും വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## തിരുവമ്പാടി മൃഗാശുപത്രിയിൽ ജീവനക്കാരുടെ കുറവ്

86 (5724) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ സർക്കാർ ഉത്തരവ് പ്രകാരം വെറ്ററിനറി പോളിക്ലിനിക്കിനായി ഉയർത്തിയ തിരുവമ്പാടി മൃഗാശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദവി ഉയർത്തപ്പെട്ടതിന്റെ ഭാഗമായി ഏതെല്ലാം തസ്തികകളാണ് പുതുതായി സൃഷ്ടിച്ചതെന്നും ഈ തസ്തികകളിൽ നിയമനം നടത്താത്തത് എന്തു കൊണ്ടാണെന്നും വ്യക്തമാക്കുമോ;

(സി) ഈ തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് (കൈ)നമ്പർ 180/2014/എ.ഡി. തീയതി 25-8-2014 പ്രകാരം തിരുവമ്പാടി വെറ്ററിനറി പോളീക്ലിനിക്കിൽ ഒരു വെറ്ററിനറി സർജന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും (ഗ്രേഡ്2) തസ്തികകളാണ് പുതുതായി അനുവദിച്ചത്. വെറ്ററിനറി പോളീക്ലിനിക്കിന്റെ ആഫീസ് മേധാവി സീനിയർ വെറ്ററിനറി സർജൻ ആയതിനാൽ പുതുതായി അനുവദിച്ച വെറ്ററിനറി സർജൻ തസ്തികയിൽ മാറ്റം വരുത്തി സീനിയർ വെറ്ററിനറി സർജൻ തസ്തിക അനുവദിക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു സീനിയർ വെറ്ററിനറി സർജൻ തസ്തികയോ സമാന തസ്തികയായ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയോ തിരുവമ്പാടി വെറ്ററിനറി പോളിക്ലിനിക്കിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുകയും പകരം അവിടെ വെറ്ററിനറി സർജൻ തസ്തികയായി മാറ്റാനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ വകുപ്പിൽ ഷിഫ്റ്റ് ചെയ്യാൻ സീനിയർ വെറ്ററിനറി സർജൻ/അസിസ്റ്റന്റ് ഡയറക്ടർ തസ്തിക ഇല്ലാതിരുന്നതിനാലാണ് നിയമനം നടത്താതിരുന്നത്.

(സി) പരിശോധിച്ചുവരുന്നു.

## പശു, ആട്, കോഴി, താറാവ് എന്നിവയ്ക്ക് ഇൻഷ്വറൻസ്

87 (5725) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശു, ആട്, കോഴി, താറാവ് എന്നിവയ്ക്കായി സംസ്ഥാന സർക്കാർ സഹായത്തോടെ എന്തെങ്കിലും ഇൻഷ്വറൻസ് പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആപ്കോസ് സഹകരണ സംഘങ്ങളിൽ മെമ്പർഷിപ്പ് ഇല്ലാത്തവരും എന്നാൽ വർഷങ്ങളായി ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നവരുമായ കർഷകരെ സംഭരണ, വിതരണ ശൃംഖലയുടെ ഭാഗമാക്കിമാറ്റാൻ സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നാടൻ ജനുസ്സുകളുടെ പ്രജനനത്തിനും പ്രചരണത്തിനും സംരക്ഷണത്തിനും എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; ഇതിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി താറാവ് ഇൻഷ്വറൻസ് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ ഈ സാമ്പത്തിക വർഷം സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനമൊട്ടാകെ താറാവ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന നടപടികൾ പുരോഗമിക്കുന്നു. ആയതിന് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇതിനായി നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കീഴിൽ ലൈവ്സ്റ്റോക്ക് ഇൻഷ്വറൻസ് പദ്ധതിക്കായി 104 ലക്ഷം രൂപ കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർ നടപടികൾ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചുവരുന്നു. കോഴികളെ ഇൻഷ്വർ ചെയ്യുന്നത് സംബന്ധിച്ച പദ്ധതികളൊന്നും നിലവിലില്ല.

(ബി) ആനന്ദ് മാതൃകാ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിലവിലുള്ള നിയമാവലി പ്രകാരം ക്ഷീരസംഘങ്ങളിൽ 120 ദിവസങ്ങൾക്കുള്ളിൽ 90 ദിവസമെങ്കിലും പാൽ നൽകിയെങ്കിൽ മാത്രമേ മെമ്പർഷിപ്പ് നൽകുവാൻ വ്യവസ്ഥയുള്ളൂ. മുഴുവൻ ക്ഷീരകർഷകരെയും ക്ഷീരസംഘങ്ങളിൽ അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(സി) നിലവിലുണ്ട്. നാടൻ ജനുസ്സിൽപ്പെട്ട മലബാറി ആടുകളുടെ പ്രജനനത്തിനും പ്രചരണത്തിനും സംരക്ഷണത്തിനുമായി കണ്ണൂർ ജില്ലയിലെ കൊമേരി ആടുവളർത്തൽ കേന്ദ്രം ആർ.കെ.വി.വൈ. പദ്ധതിയിൽ ശാക്തീകരിച്ചുവരുന്നു. നാടൻ ജനുസ്സിൽപ്പെട്ട മലബാറി ആടുകളുടെ പ്രജനനത്തിനും പ്രചരണത്തിനും സംരക്ഷണത്തിനുമായി "രാഷ്ട്രീയ ഗോകുൽ മിഷൻ" എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതിയും നിലവിലുണ്ട്. കാസർഗോഡ് ജില്ലയിൽ ബേഡടുക്കയിൽ പുതിയ ആടുവളർത്തൽ കേന്ദ്രം തുടങ്ങുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നാടൻ ജനുസ്സുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പ് കാസർഗോഡ് ബദിയടുക്കയിൽ ഒരു ഫാം ആരംഭിച്ചിട്ടുണ്ട്. കേരളത്തിന്റെ നാടൻ കന്നുകാലി ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നീ ഇനം പശുക്കളെ വളർത്തുന്ന കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ കേരള കന്നുകാലി വികസന ബോർഡ് (KLDB) നൽകുന്നുണ്ട്. കേന്ദ്രപദ്ധതിയായ "രാഷ്ട്രീയ ഗോകുൽ മിഷൻ" പദ്ധതി മുഖേന ഒരു വർഷം ഇപ്രകാരം 300 കർഷകർക്ക് ധനസഹായം നൽകിവരുന്നുണ്ട്.

(ഡി) പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ലൈവ്സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ, നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ, ലൈവ്സ്റ്റോക്ക് സെൻസസ്, ആനിമൽ ഹസ്ബൻഡ്രി സ്റ്റാറ്റിസ്റ്റിക്സ് & സാമ്പിൾ സർവ്വേ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

- ലൈവ്സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ എന്ന പദ്ധതി ദേശീയവും സാമ്പത്തികവുമായി പ്രാധാന്യമുള്ള കന്നുകാലി-പക്ഷി രോഗ നിയന്ത്രണം ലക്ഷ്യമിട്ടുള്ളതാണ്. ഇതിനായി 23.25 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ-മൃഗസംരക്ഷണ മേഖലയിലെ ഉല്പാദന വർദ്ധനവും കർഷകരുടെ വരുമാന മാർഗ്ഗവും ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി 37.56 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

- ലൈവ്സ്റ്റോക്ക് സെൻസസ് 5 വർഷത്തിലൊരിക്കൽ എടുക്കുന്ന കന്നുകാലി - പക്ഷി സമ്പത്തിന്റെ കണക്കെടുപ്പാണ്. ഇതിനായി 2.76 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

- ആനിമൽ ഹസ്ബൻടി സ്റ്റാറ്റിസ്റ്റിക്സ് & സാമ്പിൾ സർവ്വേ വഴി പാൽ, മാംസം, മുട്ട തുടങ്ങിയവയുടെ ഉല്പാദനത്തിന്റെ കണക്ക് സാമ്പിൾ സർവ്വേകളിലൂടെ കണ്ടെത്താൻ ലക്ഷ്യമിടുന്നു. 225 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഇതിനായി സമർപ്പിച്ചിട്ടുണ്ട്.

കന്നുകാലി പ്രജനനത്തിനായുള്ള സംസ്ഥാന ആക്ഷൻ പ്ലാൻ (അടങ്കൽ തുക 98.67 കോടി രൂപ) കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി കേരള കന്നുകാലി വികസന ബോർഡ് (KLDB) സമർപ്പിച്ചിട്ടുണ്ട്. ക്ഷീര വകുപ്പ് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. RIDF പദ്ധതി പ്രകാരം പട്ടണക്കാട് മിൽക്ക് പ്രോഡക്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.

2. RIDF പദ്ധതി പ്രകാരം ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.

3. കൊല്ലം വിളക്കുപാറയിൽ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് കം ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

4. ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തെ സെന്റർ ഫോർ എക്സലൻസ് ഇൻ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആയി ഉയർത്തുന്നതിനുള്ള പദ്ധതി.

5. അടൂർ അമ്മകണ്ടംകരയിലെ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

## കോഴി വളർത്തലിന് കെപ്കോ മുഖേനയുള്ള പ്രോത്സാഹനം

88 (5726) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കെപ്കോ മുഖേന എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) വീടുകളിൽ മുട്ടക്കോഴി വളർത്തുന്നതിന് കൂടുകളും മറ്റും സബ്സിഡിയോടെ കെപ്കോ മുഖേന നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെപ്കോ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളാണ് കെപ്കോ ആശ്രയ, കെപ്കോ നഗരപ്രിയ, കോൾ നിലങ്ങളിലെ കോഴി കൃഷി, റൂറൽ ബാക്ക്യാർഡ് പൗൾട്രി പ്രൊഡക്ഷൻ, കോഴി വളർത്തൽ പദ്ധതി കുടുംബശ്രീ യൂണിറ്റുകൾവഴി, കോഴി വളർത്തൽ ഗ്രാമങ്ങൾ, പട്ടികജാതിക്കാർക്കുള്ള കോഴി വളർത്തൽ പദ്ധതി, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി എന്നിവ. കൂടാതെ കൊല്ലം ജില്ലയിലെ കൊട്ടിയം, തൃശ്ശൂർ ജില്ലയിലെ മാള എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി പ്രജനന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്ന മുട്ടക്കോഴി കുഞ്ഞുങ്ങളെ ഇന്റഗ്രേഷൻ പദ്ധതി പ്രകാരം കർഷകരിലൂടെ വളർത്തിയെടുത്ത് 45 ദിവസം പ്രായമാകുമ്പോൾ വിവിധ പദ്ധതികൾക്ക് വിതരണം ചെയ്തുവരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഇന്റഗ്രേഷൻ പദ്ധതി പ്രകാരം കർഷകരിലൂടെ വളർത്തിയെടുത്ത് 45 ദിവസം പ്രായമാകുമ്പോൾ കെപ്കോയുടെ പ്രോസസിംഗ് പ്ലാന്റിൽ കൊണ്ടുവന്ന് സംസ്കരിച്ച് കെപ്കോ ചിക്കൻ തയ്യാറാക്കുന്നു. അതിനു പുറമേ കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ആവശ്യക്കാരായ കർഷകർക്ക് കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

(ബി) വീടുകളിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും നടപ്പിലാക്കിവരുന്ന "നഗരപ്രിയ പദ്ധതി " പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗുണഭോക്താവിനും 5 കോഴി, 5 കിലോ തീറ്റ, മരുന്ന്, 1650 രൂപ വിലവരുന്ന കൂട് എന്നിവ നൽകുന്നു. ഇതിൽ കൂടിന് ഗുണഭോക്തൃ വിഹിതമായി 850 രൂപ മാത്രം അടച്ചാൽ മതി. ബാക്കി തുക സബ്സിഡിയാണ്.

**പോളി ക്ലിനിക്കുകൾ**

89 (5727) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വന്നതിനാൽ നടക്കാതെ പോയതുമായ വെറ്ററിനറി പോളി ക്ലിനിക്കുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ അനുവദിച്ച വെറ്ററിനറി പോളിക്ലിനിക്കിന് ആവശ്യമായ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പോളിക്ലിനിക്കിന് ആവശ്യമായ തസ്തികകൾ പുനർവിന്യാസത്തിലൂടെ നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വെറ്ററിനറി പോളിക്ലിനിക്കുകൾ അനുവദിക്കുമ്പോൾ സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി സർജൻ, ലാബ് ടെക്നീഷ്യൻ, ക്ലാർക്ക്, ഫീൽഡ് ആഫീസർ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടിവരുമെന്നതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകും. നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ സർക്കാരിന് അധിക ബാധ്യത ഏറ്റെടുക്കാൻ കഴിയാത്തതിനാൽ തൽക്കാലം വെറ്ററിനറി പോളിക്ലിനിക്കുകൾ അനുവദിക്കാൻ നിർവ്വാഹമില്ല.

(ബി) കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ വെറ്ററിനറി പോളിക്ലിനിക്ക് അനുവദിച്ചിട്ടില്ല. കടുത്തുരുത്തി മൃഗാശുപത്രി വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) മൃഗസംരക്ഷണ വകുപ്പിൽ പുനർവിന്യസിക്കുവാൻ തസ്തികകളില്ല.

**മുട്ടക്കോഴി വളർത്തുന്നതിന് പ്രോത്സാഹനം**

90 (5728) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ വീടുകളിൽ മുട്ടക്കോഴി വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നഗരങ്ങളിലെ വീടുകളിൽ വളർത്തുന്ന പക്ഷികൾക്കും മൃഗങ്ങൾക്കും യഥാസമയം രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്നതിന് മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ വീട്ടുകളിൽ മുട്ടക്കോഴി വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് തലത്തിൽ സ്റ്റാറ്റജിക് റിസർച്ച് ആന്റ് എക്സ്റ്റെൻഷൻ പ്ലാൻ (SREP) എന്ന പദ്ധതിയുടെ കീഴിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 700 യൂണിറ്റുകൾ തുടങ്ങുന്നു. ഒരു യൂണിറ്റിന് മതിപ്പ് ചെലവ് 10,000 രൂപ. സബ്സിഡി 5,000 രൂപയും നൽകുന്നു. നഗരങ്ങളിലെ വീടുകളിൽ മുട്ടയുല്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങളിലൂടെ മുട്ടയുല്പാദനചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ കെപ്കോ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് കെപ്കോ നഗരപ്രിയ. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 5 കോഴികളും 5 കിലോ തീറ്റയും മരുന്നും 5 കോഴികളെ വളർത്തുന്നതിന് അനുയോജ്യമായ ഒരു കൂട്ടും നൽകുന്നു. 1,650 രൂപ വിലയുള്ള ഈ കൂടിന് ഗുണഭോക്തൃ വിഹിതമായി 850 രൂപ മാത്രം അടച്ചാൽ മതിയാകും. ബാക്കി തുക സബ്സിഡിയാണ്.

(ബി&സി) അസ്കാഡ് പദ്ധതി പ്രകാരം നഗര-ഗ്രാമ വ്യത്യാസം കൂടാതെ വീട്ടുകളിൽ ചെന്ന് കോഴി, താറാവ് എന്നിവയ്ക്ക് പ്രതിരോധ കുത്തിവയ്പ് നടത്തി വരുന്നു. ഗോരക്ഷാ പദ്ധതി പ്രകാരം ആറുമാസത്തിലൊരിക്കൽ കുളമ്പുരോഗത്തിനുള്ള പ്രതിരോധ കുത്തിവയ്പ് മൃഗസംരക്ഷണ വകുപ്പിന്റെ കുത്തിവയ്പ് സ്ക്വാഡ് ഭവന സന്ദർശനം നടത്തി നൽകിവരുന്നു. റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം വീടുകളിലെത്തിയും ക്യാമ്പുകൾ സംഘടിപ്പിച്ചും പേവിഷബാധയ്ക്കെതിരെ കുത്തിവയ്പുകൾ നൽകിവരുന്നു. കെപ്കോയിൽനിന്നും വിതരണം ചെയ്യുന്ന കോഴികൾക്കും താറാവുകൾക്കും വിതരണം ചെയ്യുന്ന പ്രായംവരെ എല്ലാ വിധത്തിലുമുള്ള പ്രതിരോധ കുത്തിവയ്പുകളും എടുത്തിട്ടുള്ളതാണ്. അതിനാൽ അവയ്ക്ക് കുത്തിവയ്പുകൾ നടത്താൻ കെപ്കോയുടെ ആഭിമുഖ്യത്തിൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. വാക്സിനേഷനു വേണ്ടി മൊബൈൽ യൂണിറ്റുകൾ പ്രായോഗികമല്ല.

**കറവ യന്ത്രം വാങ്ങിക്കുവാൻ ധനസഹായം**

91 (5729) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശുക്കളുള്ള കർഷകർക്ക് കറവയന്ത്രം വാങ്ങിക്കുവാൻ ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര രൂപയുടെ ധനസഹായമാണ് ഇപ്രകാരം കർഷകർക്ക് നൽകുന്നത്; വിവരിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതി നിലവിലുണ്ട്. MSDP, IDDP എന്നീ പദ്ധതികളുടെ ഭാഗമായി അഞ്ചോ അതിലധികമോ ഉരുക്കളുടെ ഉടമസ്ഥർക്ക് കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം നൽകിവരുന്നു. കറവക്കാരുടെ എണ്ണം കുറഞ്ഞുവരികയും ഒരു പശുവിനെ കറക്കുന്നതിന് 800-1200 രൂപ പ്രതിമാസം കറവക്കൂലിയായി നൽകേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിൽ മിൽമയുടെ മേഖലാ യൂണിയനുകൾ കറവ യന്ത്രം വാങ്ങുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷത്തിലേയ്ക്ക് 50% ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഉൾപ്പെടെ കറവ യന്ത്രം വാങ്ങുന്നതിനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ നടപ്പു സാമ്പത്തിക വർഷം ഒരു ഇലക്ട്രിക് യന്ത്രത്തിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ മിൽമ നടപ്പാക്കുന്ന ഫാം സപ്പോർട്ട് പദ്ധതിവഴി കറവ യന്ത്രം വാങ്ങുന്നതിന് സംഘങ്ങൾക്ക് 15,000 രൂപ പ്രകാരം സബ്സിഡി നൽകുന്നുണ്ട്.

(ബി) ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 രൂപയുടെ ധനസഹായം നൽകുന്നു. മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷത്തിലേക്ക് കറവ യന്ത്രം വാങ്ങുന്നതിനായി 90 (തൊണ്ണൂറ് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ 50% ബെനിഫിഷ്യറി കോൺട്രിബ്യൂഷനാണ്. എറണാകുളം മേഖലാ യൂണിയൻ നടപ്പു സാമ്പത്തിക വർഷം ഒരു ഇലക്ട്രിക് യന്ത്രത്തിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ മിൽമ നടപ്പാക്കുന്ന ഫാം സപ്പോർട്ട് പദ്ധതിവഴി കറവ യന്ത്രം വാങ്ങുന്നതിന് സംഘങ്ങൾക്ക് 15,000 രൂപ പ്രകാരം സബ്സിഡി നൽകിവരുന്നുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്. സ.ഉ. (സാധാ) നമ്പർ 71/2016/ഡി.ഡി. തീയതി 16-8-2016 പ്രകാരം 6,367 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ക്ഷീര സഹകരണ സംഘങ്ങൾ**

92 (5730) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷീര സഹകരണ സംഘങ്ങളുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ സംഘങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ആകെ ക്ഷീര കർഷകരുടെ എണ്ണം വ്യക്തമാക്കാമോ;

(സി) പ്രതിദിനം ഇവർ മിൽമയ്ക്ക് ലഭ്യമാക്കുന്നത് എത്ര ലിറ്റർ പാൽ ആണ്?

<u>ഉത്തരം</u>

(എ) 31-5-2016 വരെ 3675 ക്ഷീര സഹകരണ സംഘങ്ങൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ബി) 31-3-2015-ലെ കണക്കുപ്രകാരം 12,56,637 പേരാണ് ക്ഷീര സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളത്.

(സി) ക്ഷീര സഹകരണ സംഘങ്ങൾ പ്രതിദിനം ശരാശരി 10.4 ലക്ഷം ലിറ്റർ പാൽ മിൽമയ്ക്ക് നൽകുന്നുണ്ട്.

**സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ**

93 (5731) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പിൻ കീഴിൽ ക്ഷീരകർഷകരുടെ കിടാരികൾക്ക് സബ്സിഡി നിരക്കിൽ നല്കിവരുന്ന കാലിത്തീറ്റ വിതരണത്തിൽ എന്തെങ്കിലും തടസ്സമുണ്ടായിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീര വികസന വകുപ്പുമുഖേന കിടാരികൾക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നിലവിലില്ല. എന്നാൽ മൃഗസംരക്ഷണ വകുപ്പിൻ കീഴിൽ സബ്സിഡിയോടുകൂടിയുള്ള കാലിത്തീറ്റ മിൽമയുടെ കാലിത്തീറ്റ ഫാക്ടറികളിൽനിന്നും കേരള ഫീഡ്സിന്റെ കാലിത്തീറ്റ ഫാക്ടറികളിൽ നിന്നും വിതരണം ചെയ്യുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭിക്കേണ്ട അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിൽ കുറവ് നേരിട്ടതുമൂലം ഇപ്രകാരം നൽകേണ്ട കാലിത്തീറ്റ വിതരണത്തിൽ ചെറിയ തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും കഴിയുന്നത്ര കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് മിൽമ ശ്രമിക്കുന്നുണ്ട്.

(ബി) ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാൽ സംഭരണ-സംസ്കരണ-വിതരണ രംഗം**

94 (5732) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പാൽ സംഭരണ സഹകരണ സംഘങ്ങളും പാൽ വിപണന ഫെഡറേഷനുകളും മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മിൽമയിൽ ഷെയർ ഉള്ള പ്രാഥമിക സംഘങ്ങളിൽ മൊത്തം എത്ര അംഗങ്ങളുണ്ട്; ഇത്തരം സംഘങ്ങൾവഴി എത്ര കർഷകർ ഓരോ ദിവസവും പാൽ എത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ മേഖലയിൽ പാൽ സംഭരണ-സംസ്കരണ-വിതരണ രംഗത്ത് എത്ര സംരംഭങ്ങളും ഉല്പാദക കമ്പനികളും പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) മിൽമയിൽ അംഗങ്ങളല്ലാത്ത കർഷകരിൽ നിന്നും ശരാശരി എത്ര ലിറ്റർ പാൽ ഒരു ദിവസം സംഭരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) കേരളത്തിന് പുറത്ത് നിന്ന് കൊണ്ടുവരുന്ന പാൽപ്പൊടി ഉപയോഗിച്ച് എത്ര ലിറ്റർ പാൽ ഒരു ദിവസം ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ പാൽ വിപണന രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സഹകരണ പാൽ വിപണന ഫെഡറേഷൻ അഥവാ മിൽമ. ഇതിനുകീഴിൽ മൂന്നു മേഖല ക്ഷീരോല്പാദക സഹകരണ യൂണിയനുകൾ നിലവിലുണ്ട്. മലബാർ മേഖലാ യൂണിയനിൽ 1192 ക്ഷീര സംഘങ്ങളും എറണാകുളം മേഖലാ യൂണിയനു കീഴിൽ 1004 ക്ഷീര സംഘങ്ങളും തിരുവനന്തപുരം മേഖലാ യൂണിയനു കീഴിൽ 1049 ക്ഷീരസംഘങ്ങളുമുണ്ട്.

(ബി) 31-3-2015-ലെ കണക്കുപ്രകാരം മിൽമയിൽ ഷെയറുള്ള ക്ഷീര സംഘങ്ങളിൽ 10,06,099 പേർ അംഗങ്ങളായിട്ടുണ്ട്. മലബാർ മേഖലാ യൂണിയനിൽ ഷെയറുള്ള 958 പ്രാഥമിക സംഘങ്ങളിൽ 88,172 കർഷകർ ദിവസവും പാൽ നൽകുന്നുണ്ട്. എറണാകുളം മേഖലാ യൂണിയന്റെ സംഘങ്ങളിലെ ആകെ അംഗങ്ങളുടെ എണ്ണം ഏകദേശം 2,51,000 ആണ്. എന്നാൽ ദിവസവും പാൽ നൽകുന്ന അംഗങ്ങളുടെ എണ്ണം ഏകദേശം 48,000 ആണ്. തിരുവനന്തപുരം മേഖല യൂണിയന്റെ സംഘങ്ങളിലെ ആകെ അംഗങ്ങളുടെ എണ്ണം 3,05,114 ആണ്. ഇതിൽ പാൽ നൽകുന്ന അംഗങ്ങളുടെ എണ്ണം 35,268 ആണ്.

(സി) ഇരുപതോളം പാൽ സംഭരണ സംസ്കരണ യൂണിറ്റുകൾ സ്വകാര്യ മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്നു.

(ഡി) വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

(ഇ) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള എസ്.എൻ.എഫ്.-ന്റെ (കൊഴുപ്പിതര പദാർത്ഥങ്ങൾ) തോത് നിലനിർത്തുന്നതിനുവേണ്ടിയാണ് പ്രധാനമായും പാൽപ്പൊടി ഉപയോഗിക്കാറുള്ളത്. മിൽമയുടെ തിരുവനന്തപുരം മേഖല യൂണിയനും മലബാർ മേഖലാ യൂണിയനും പാൽപ്പൊടി ഉപയോഗിച്ച് പാലുല്പാദിപ്പിക്കേണ്ട സാഹചര്യം ഇപ്പോഴില്ല. എന്നാൽ എറണാകുളം മേഖല യൂണിയൻ പാൽപ്പൊടി ഉപയോഗിച്ച് പ്രതിദിനം ഏകദേശം 14,685 ലിറ്റർ പാൽ പുനഃസംഘടിപ്പിക്കുന്നുണ്ട്.

## ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പദ്ധതികൾ

95 (5733) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ സർക്കാർ നടത്തിവരുന്നു എന്ന് അറിയിക്കുമോ;

(സി) ഭാവിയിൽ എന്തെല്ലാം പദ്ധതികൾ ക്ഷീരമേഖലയിൽ നടപ്പിലാക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ക്ഷീരോല്പാദകരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പ്രോഗ്രാം, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകിവരുന്നു.

(സി) 1. MSDP (മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം), IDDP (ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പ്രോഗ്രാം) പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതാണ്.

2. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സമഗ്ര തീറ്റപ്പുൽ കൃഷി വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

3. കാലിത്തീറ്റ സബ്സിഡി വർഷം മുഴുവൻ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

4. പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പരിശോധന സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണ നയിലാണ്.

5. സ്റ്റേറ്റ് ഡയറി ലാബിൽ കാലിത്തീറ്റയുടെയും കുടിവെള്ളത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.

6. ക്ഷീര പരിശീലന കേന്ദ്രങ്ങളെ സെന്റർ ഓഫ് എക്സലന്റ്സ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. കൊല്ലം ജില്ലയിൽ ക്ഷീരോല്പാദക രംഗത്ത് കടന്നുവരുന്ന പുതിയ കർഷകരെ സഹായിക്കുന്നതിനായി സംരംഭകത്വ വികസന കേന്ദ്രം ആരംഭിക്കുന്നതാണ്.

8. കേരളത്തിലെ മുഴുവൻ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ ഓട്ടോമേഷൻ നടപ്പിലാക്കും.

**ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ**

96 (5734) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങൾക്ക് ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ നല്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ബി) സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിൽ ഘട്ടം ഘട്ടമായി AMC (Automatic Milk Collection Unit) യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മിൽമയുടെ കീഴിലുള്ള മലബാർ മേഖലാ യൂണിയൻ സ്വന്തം ഫണ്ടുപയോഗിച്ചും വിവിധ സർക്കാർ പദ്ധതികൾവഴിയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മൂന്നൂറോളം ആട്ടോമാറ്റിക്ക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ നൽകിയിട്ടുണ്ട്. ഇതിനു പുറമെ 183 ഡി.പി. മിൽക്ക് കളക്ഷൻ യൂണിറ്റുകളും (DPMCU) നൽകിയിട്ടുണ്ട്. എറണാകുളം മേഖല യൂണിയൻ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ സി.എം.പി., എൻപിഡിഡി എന്നീ പദ്ധതികൾക്കുകീഴിൽ ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ (AMCU) സംഘങ്ങൾക്ക് നൽകുന്നുണ്ട്. തിരുവനന്തപുരം മേഖല യൂണിയൻ വി.ബി.എം.പി.എസ്. പദ്ധതി പ്രകാരം 93 ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ നൽകിയിട്ടുണ്ട്.

**ക്ഷീര കർഷകർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ**

97 (5735) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ, പാലിനുവേണ്ടി ഇപ്പോൾ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കേരളത്തിലെ ക്ഷീരകർഷകർക്ക് ലഭിക്കുന്ന പാൽവില അവരുടെ ഉത്പാദന ചെലവിനനുസരിച്ച് പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; പാലിന് മെച്ചപ്പെട്ട വിലയും കർഷകന് മെച്ചപ്പെട്ട ആനുകൂല്യങ്ങളും നൽകി ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ആശ്രയിക്കുന്നുണ്ട്. കേരളത്തിൽനിന്നും സംഭരിക്കുന്ന പാലിന് പുറമെ പ്രധാനമായും തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽനിന്നുമാണ് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നത്. മിൽമയുടെ പ്രതിദിന വിപണനം 13 ലക്ഷം ലിറ്ററാണ്. ആഭ്യന്തര വിപണിയിൽനിന്നും ലഭിക്കുന്ന പാൽ വിപണനത്തിന് തികയാത്തതിനാൽ അന്യസംസ്ഥാനങ്ങളിലെ സഹകരണ ക്ഷീര ഫെഡറേഷൻ മുഖേന ഏകദേശം 2.6 ലക്ഷം ലിറ്റർ പാൽ മിൽമ സ്വീകരിക്കുന്നുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ക്ഷീരകർഷകർക്ക് പരമാവധി പാൽ വില ലഭിക്കുന്നതിനായി നിലവിലുള്ള പാൽവില ചാർട്ട് പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആയതിനെക്കുറിച്ച് പഠിക്കുന്നതിന് NDRI (നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)-യെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലിന്റെ സംഭരണ വില നിശ്ചയിക്കുമ്പോൾ കർഷകർക്ക് ഏറ്റവും പ്രയോജനപ്പെടുന്ന രീതിയിലാണ് മിൽമ തീരുമാനം കൈക്കൊള്ളുന്നത്. ഇതോടൊപ്പംതന്നെ മിൽമയുടെ മേഖല യൂണിയനുകൾ അവരുടെ പ്രവർത്തന ലാഭത്തിൽനിന്നും ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

**ക്ഷീര കർഷക ക്ഷേമനിധി ബോർഡ്**

98 (5736) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്കായുള്ള ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടന ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീരകർഷകർക്കായുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടനയ്ക്ക് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**ക്ഷീര കർഷകർക്കുള്ള കടാശ്വാസ നടപടികൾ**

99 (5737) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകർക്കായി ക്ഷീര വികസനവകുപ്പ് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദാംശം ലഭ്യമാക്കുമോ;

(ബി) കടക്കെണിയിലായ ക്ഷീരകർഷകർക്കായി ആശ്വാസ നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീര കർഷകർക്കായി വിജ്ഞാന വ്യാപന പരിപാടികൾ, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പ്രോഗ്രാം, ക്ഷീര സംഘങ്ങൾ നവീകരിക്കുന്നതിനുള്ള ധനസഹായം, പാൽ

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, അവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകിവരുന്നു.

(ബി) പരിഗണനയിലുണ്ട്.

(സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ കടക്കെണിയിലായ ക്ഷീര കർഷകർക്ക് സഹായം നൽകുന്നതിന് 5 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൃഗശാലയിലെ മൃഗങ്ങൾക്ക് ജീവഹാനി**

100 (5738) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് തൃശ്ശൂർ, തിരുവനന്തപുരം മൃഗശാലകളിൽ എത്ര മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മൃഗങ്ങൾ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവയാണെന്നും ഇവയുടെ പ്രായം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പോഷകാഹാരക്കുറവടക്കം പരിപാലനത്തിലുള്ള പോരായ്മകളും സുരക്ഷിതത്വത്തിലെ കുറവും പലപ്പോഴും ഇവയുടെ മരണത്തിന് കാരണമാകാറുണ്ടോ; വിശദാംശംങ്ങൾ നൽകുമോ;

(ഡി) എങ്കിൽ മൃഗങ്ങളുടെ സംരക്ഷണവും പരിപാലനവും കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ കൈകൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മൃഗശാലയിൽ 17 മൃഗങ്ങൾക്കും തൃശ്ശൂർ മൃഗശാലയിൽ 37 മൃഗങ്ങൾക്കും കഴിഞ്ഞ ആറുമാസക്കാലയളവിനുള്ളിൽ ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ മൃഗശാല:- സസ്തനികൾ -18, ഉരഗങ്ങൾ -11, പക്ഷികൾ -8 തിരുവനന്തപുരം മൃഗശാല:- സസ്തനികൾ -17 മൃഗങ്ങളുടെ പ്രായം സംബന്ധിച്ച ലിസ്റ്റ് അനുബന്ധം* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പോഷകാഹാരക്കുറവും പരിപാലനത്തിലെ പോരായ്മകളും സുരക്ഷിതത്വത്തിലെ കുറവുംമൂലം മൃഗശാലയിലെ മൃഗങ്ങൾക്ക് മരണം സംഭവിക്കുന്നില്ല. മൃഗങ്ങൾക്ക് കേന്ദ്ര മൃഗശാല അതോറിറ്റി നിഷ്കർഷിക്കുന്ന സമീകൃതാഹാരമാണ് നൽകി വരുന്നത്.

(ഡി) കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ മാനദണ്ഡങ്ങൾ പ്രകാരം മികച്ച രീതിയിലാണ് മൃഗങ്ങളുടെ സംരക്ഷണവും പരിപാലനവും നടത്തിവരുന്നത്.

**മൃഗശാലകൾ ആകർഷണീയമാക്കുന്നതിന് കർമ്മ പദ്ധതികൾ**

101 (5739) ശ്രീ. പി. ടി. തോമസ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകൾ ആകർഷണീയമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മൃഗശാലകളിൽ സന്ദർശകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) മൃഗശാലകൾ ആകർഷണീയമാക്കുന്നതിന് ഏതെല്ലാം തരം പുതിയ മൃഗങ്ങളെയാണ് എത്തിക്കാനുദ്ദേശിക്കുന്നത്എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൃഗശാലകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആവാസ വ്യവസ്ഥയ്ക്ക് അനുസൃതമായി മൃഗങ്ങളുടെ പരിബന്ധനങ്ങളുടെ നിർമ്മാണം, മൃഗങ്ങളുടെ വാസസ്ഥലത്തിന്റെ വികസനവും അറ്റകുറ്റപ്പണികളും, കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും മൃഗശാലയിൽ ലഭ്യമല്ലാത്തതുമായ മൃഗങ്ങളെ സ്വായത്തമാക്കൽ, മൃഗശാല ആശുപത്രിയുടെ വികസനം, ക്വാറന്റയിൻ സ്റ്റേഷന്റെ നിർമ്മാണം, തിരുവനന്തപുരം മൃഗശാല അക്വേറിയത്തിന്റെ നവീകരണം എന്നീ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പിനെ പാർപ്പിക്കുന്നതിനുള്ള കൂട് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകുകയും എസ്റ്റിമേറ്റ് തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മൃഗശാല സന്ദർശിക്കുന്നവർക്ക് നിലവിൽ ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സന്ദർശകർക്ക് ഉപയോഗിക്കുന്നതിനായി 3 ബാറ്ററി വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. മൃഗശാല സന്ദർശനം നടത്താൻ എത്തുന്നവർക്ക് ഉപയോഗിക്കുന്നതിനായി ഫുഡ് കോർട്ട്, മുലയൂട്ടുന്ന അമ്മമാർക്ക് അവരുടെ കുഞ്ഞുങ്ങൾക്ക് മുലയൂട്ടുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും നിലവിൽ മൃഗശാലയിൽ ലഭ്യമല്ലാത്തതുമായ മൃഗങ്ങളെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹൈദ്രാബാദ് മൃഗശാലയിൽ നിന്നും ഒരു ജോഡി ഏഷ്യാട്ടിക് ലയൺ, നാഗാലാന്റ് മൃഗശാലയിൽനിന്നും ഒരു ജോഡി ഹിമാലയൻ കരടി എന്നിവയേയും കൊണ്ടുവരുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

**തിരുവനന്തപുരം മൃഗശാലയുടെ നവീകരണം**

102 (5740) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) മൃഗശാലയിൽ ഇല്ലാത്ത മൃഗങ്ങളെ ലഭ്യമാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. മൃഗശാലയിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആവാസ വ്യവസ്ഥയ്ക്കനുസൃതമായ മൃഗങ്ങളുടെ പരിബന്ധനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.
2. ഇന്ത്യൻ കാട്ടുപോത്തുകളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനത്തിന്റെ നിർമ്മാണത്തിന് കേന്ദ്ര മൃഗശാലയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.
3. വിദേശ പക്ഷികളെ പാർപ്പിക്കുന്ന കൂടുകളുടെ അറ്റകുറ്റപ്പണിക്കുള്ള എസ്റ്റിമേറ്റ് തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഒടുക്കുകയും ജോലികൾ നിർവ്വഹിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ചെന്നൈ വണ്ടല്ലൂർ മൃഗശാലയിൽ നിന്നും 4 വെള്ള മയിലുകൾ, 4 റെറ്റിക്കുലേറ്റഡ് പെരുംപാമ്പുകൾ എന്നിവയെ മൃഗശാലയിൽ കൊണ്ടുവന്നിട്ടുണ്ട്. നാഗാലാന്റ് മൃഗശാലയിൽ നിന്നും 2 ഹിമാലയൻ കരടികളെ കൊണ്ടുവരുന്നതിന് കേന്ദ്രമൃഗശാല അതോറിറ്റിയുടെ അംഗീകാരം വാങ്ങുകയും മൃഗശാലയിൽനിന്നും മൃഗങ്ങളെ തീവണ്ടി മാർഗ്ഗേന തിരുവനന്തപുരത്ത് എത്തിക്കുന്നതിനുവേണ്ട നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഹൈദ്രാബാദ് മൃഗശാലയിൽ നിന്നും ഒരു ജോഡി ഏഷ്യാട്ടിക് ലയണിനെ കൊണ്ടുവരുന്നതിനുള്ള അനുമതിക്കുവേണ്ടി കേന്ദ്രമൃഗശാല അതോറിറ്റിക്ക് കത്തയച്ചിട്ടുണ്ട്.

**എ.സി. കനാൽ**

103 (5741) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ നിർദ്ദേശിച്ച പ്രകാരം ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിനു സമാന്തരമായുള്ള എ.സി. കനാൽ തടസ്സങ്ങൾ നീക്കി തുറക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ പദ്ധതി മൂന്നുഘട്ടങ്ങളിലായി നടപ്പിലാക്കുവാൻ 8-6-2011-ൽ കൂടിയ പ്രോസ്പിരിറ്റി കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിരുന്നു.

ഒന്നാംഘട്ടം - മനക്കൽ ചിറ മുതൽ ഒന്നാംകര വരെ (11.78 കി.മീ.)

രണ്ടാംഘട്ടം - ഒന്നാം കര മുതൽ നെടുമുടി വരെ (3.42 കി.മീ.)

മൂന്നാംഘട്ടം - നെടുമുടി മുതൽ പള്ളാത്തുരുത്തി വരെ (5.73 കി.മീ.)

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഒന്നാംഘട്ടം പൂർത്തീകരിച്ചു. ഇതിലുൾപ്പെടുത്തിയിരുന്ന കിടങ്ങറ പാലം പുനർനിർമ്മാണം സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതുകാരണം നടപ്പിലാക്കുവാൻ സാധിച്ചില്ല. 12-7-2016-ൽ കൂടിയ പ്രോസ്പിരിറ്റി കൗൺസിൽ യോഗതീരുമാനപ്രകാരം നിലവിലുള്ള തടസ്സങ്ങൾ നീക്കി എ.സി. കനാൽ ഉപയോഗയോഗ്യമാക്കണമെന്ന് തീരുമാനിച്ചു. അതിൻപ്രകാരം രണ്ടാംഘട്ട പദ്ധതി രേഖ തയ്യാറാക്കിവരുന്നു. രണ്ടാംഘട്ട പദ്ധതി പൂർത്തിയയായതിനു ശേഷം മാത്രമേ മൂന്നാംഘട്ട പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ.

(ബി) രണ്ടാംഘട്ട പദ്ധതിയിലുൾപ്പെട്ട ഭാഗത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കുടിയൊഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രാദേശികമായ പല എതിർപ്പുകളും നേരിടേണ്ടിവരുന്നു.

## സമഗ്ര കുടിവെള്ള പദ്ധതി

104 (5742) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്രകുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുമ്പോൾ ജലലഭ്യത ഉറപ്പുവരുത്തുവാൻ വാമനപുരം നദിയിൽ തടയണ നിർമ്മിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കിളിമാനൂർ പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭരണാനുമതിയിൽ തടയണ നിർമ്മാണത്തിനു വേണ്ടിയുള്ള തുകയും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനുവേണ്ടി കെ.എസ്.ടി.പി. ടാർ കട്ടിങ്ങിനായി 5.25 കോടി രൂപ അടയ്ക്കേണ്ടി വന്നു. അതുമൂലം തടയണ നിർമ്മാണത്തിനുള്ള തുക അപര്യാപ്തമായി. തുടർന്ന് വാമനപുരം നദിയുടെ കുറുകെ 50 മീറ്റർ വീതിയിൽ 1.5 മീറ്റർ ഉയരത്തിൽ ഒരു തടയണ നിർമ്മിക്കുന്നതിനുള്ള 440 ലക്ഷം രൂപയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

## ജിക്ക പദ്ധതിയിൽ ഉൾപ്പെടുത്താത്ത ഗ്രാമപഞ്ചായത്തുകൾ

105 (5743) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജിക്ക പദ്ധതിയിൽ ഉൾപ്പെടുത്താത്ത എത്ര ഗ്രാമപഞ്ചായത്തുകളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ജിക്ക പദ്ധതിയിൽ ഉൾപ്പെടാത്ത 57 ഗ്രാമപഞ്ചായത്തുകളാണുള്ളത്. അവ താഴെ പറയുന്നവയാണ്:

1. അഴിയൂർ
2. ഏറാമല
3. ഓഞ്ചിയം

4. ചേറോട്
5. എടച്ചേരി
6. തൂണേരി
7. ചെക്കിയാട്
8. നാദാപുരം
9. വളയം
10. വാണിമേൽ
11. നരിപ്പറ്റ
12. കായക്കൊടി
13. കാവിലുംപാറ
14. മരുതോക്കര
15. തിക്കോടി
16. മൂടാടി
17. ചെങ്ങോട്ട്കാവ്
18. ചേമഞ്ചേരി
19. ചക്കിട്ടപ്പാറ
20. കൂത്താളി
21. പേരാമ്പ്ര
22. ചെറുവണ്ണൂർ
23. ചങ്ങരോത്ത്
24. മേപ്പയൂർ
25. ചെറുവണ്ണൂർ
26. തുറയൂർ
27. കീഴരിയൂർ

28. അരീക്കുളം
29. കൂരാച്ചുണ്ട്
30. കായണ്ണ
31. നടുവണ്ണൂർ
32. കോട്ടൂർ
33. പനങ്ങാട്
34. ഉള്ളിയേരി
35. ഉണ്ണിക്കുളം
36. അത്തോളി
37. കട്ടിപ്പാറ
38. താമരശ്ശേരി
39. ഓമശ്ശേരി
40. കിഴക്കോത്ത്
41. മടവൂർ
42. കോടഞ്ചേരി
43. തിരുവമ്പാടി
44. കൂടരഞ്ഞി
45. പുതുപ്പാടി
46. കാരശ്ശേരി
47. കൊടിയത്തൂർ
48. ചാത്തമംഗലം
49. മാവൂർ
50. കുറ്റ്യാടി
51. പുറമേരി

52. വില്യാപ്പള്ളി

53. വേളം

54. ആയഞ്ചേരി

55. തിരുവള്ളൂർ

56. കുന്നുമ്മൽ

57. മണിയൂർ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവൂർ, ചാത്തമംഗലം, കാരശ്ശേരി, കൊടിയത്തൂർ, ഓമശ്ശേരി, കിഴക്കോത്ത്, മടവൂർ എന്നീ പഞ്ചായത്തുകളും മുക്കം, കൊടുവള്ളി മുൻസിപ്പാലിറ്റികളും ഉൾപ്പെടുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ടമായി കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണ ശാലയിൽ നിന്നും വെള്ളം എടുത്ത് അതാത് സർവ്വീസ് ടാങ്കുകളിൽ എത്തിക്കുന്നതിനുള്ള 133.55 കോടി രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ധനലഭ്യതക്കനുസരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്.

**വിദേശ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതി**

106 (5744) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിക്ക് വേണ്ടി കോട്ടയം ജില്ലയിൽ ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാര്യത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എന്തൊക്കെ പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ കോട്ടയം മുനിസിപ്പാലിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയും അനുബന്ധ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി, നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ എന്നീ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി, കൂടാതെ വിതരണ ശൃംഖല നടപ്പിലാക്കുന്നതിനായി (1) രാമപുരവും സമീപ പഞ്ചായത്തുകൾക്കുംവേണ്ടി നിലവിലുള്ള കുടിവെള്ള പദ്ധതി (2) അകലക്കുന്നം, കൊഴുവനാൽ, മുത്തോളി പഞ്ചായത്തുകൾക്കുവേണ്ടി നിലവിലുള്ള കുടിവെള്ള പദ്ധതി (3) ആയർകുന്നം,

കുരോപ്പട പഞ്ചായത്തുകൾക്കുവേണ്ടി നിലവിലുള്ള കുടിവെള്ള പദ്ധതി, (4) ഏറ്റുമാനൂരും അനുബന്ധ വില്ലേജുകൾക്കും വേണ്ടി നിലവിലുള്ള കുടിവെള്ള പദ്ധതി എന്നിവ സമഗ്ര ജില്ലാ പദ്ധതിയിൽ (സി.ഡി.പി.) ഉൾപ്പെടുത്തി വിദേശ സഹായത്തിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്നു. ആയത് സർക്കാരിന്റെ പരിശോധന യിലിരിക്കുമ്പോൾ കോട്ടയം മുനിസിപ്പാലിറ്റിയുടെ ശുദ്ധജല വിതരണപദ്ധതിയുടെ വിപുലീകരണം 2016-17 ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയും ആയതിന് 27-10-2016-ൽ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു.

(ബി) ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയും അനുബന്ധ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി സമഗ്ര ജില്ലാ പദ്ധതിയിൽ (സി.ഡി.പി.) ഉൾപ്പെടുത്തി വിദേശ സഹായത്തിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്നത് പരിശോധിച്ചു വരുന്നു. എന്നാൽ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തിരുവല്ല, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും തിരുവൻവണ്ടൂർ, കുറ്റൂർ എന്നീ പഞ്ചായത്തുകൾക്കും വേണ്ടി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്ന 58.00 കോടി രൂപയുടെ സമഗ്ര എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 27-10-2016-ൽ സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. ഇതിൽ 25 എം.എൽ.ഡി. കല്ലിശ്ശേരി ജലശുദ്ധീകരണശാലയുടെ വിപുലീകരണവും തിരുവല്ലയിലുള്ള 33 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നവീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലേക്ക് പ്രതിദിനം 150 എൽ.പി.സി.ഡി. നിരക്കിൽ ഏകദേശം 16 എം.എൽ.ഡി. ശുദ്ധജലം നൽകുവാൻ നിലവിലെ സംവിധാനത്തിലൂടെ സാധിക്കുന്നതാണ്.

**ഇടുക്കി ജലനിധി പദ്ധതി**

107 (5745) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ജലനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജലനിധി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ജലനിധി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായി പ്രാവർത്തികമാക്കിയ പഞ്ചായത്തുകൾ ഉണ്ടോ; വിശദാംശം നൽകാമോ;

(ഡി) എത്ര വർഷത്തിനുള്ളിൽ പദ്ധതി പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ഇ) പദ്ധതിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലനിധി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. ആദ്യഘട്ടത്തിൽ വെള്ളത്തുവൽ, മരിയാപുരം ഗ്രാമ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ജനറൽ വിഭാഗത്തിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണം ആരംഭിച്ച് 24 മാസം കൊണ്ടും ട്രൈബൽ വിഭാഗത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ 36 മാസം കൊണ്ടും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ഇ) പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഓരോ ഗ്രാമ പഞ്ചായത്തിലും കെ.ആർ.ഡബ്ല്യു.എസ്.എ. ഒരു എഞ്ചിനീയറെയും (പ്രോജക്ട് കമ്മീഷണർ), ഒരു അക്കൗണ്ടന്റിനേയും (ജൂനിയർ പ്രോജക്ട് കമ്മീഷണർ) ഗ്രാമ പഞ്ചായത്ത് സപ്പോർട്ട് ടീം എന്ന പേരിൽ പ്രോജക്ട് കാലത്തേയ്ക്ക് നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ ഗ്രാമപഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഒരു സഹായ സംഘടന അഥവാ ഗ്രാമ പഞ്ചായത്ത് ആക്ഷൻ ടീം എന്നിവയുടെ കീഴിൽ എഞ്ചിനീയർമാർ, സാമൂഹ്യ പ്രവർത്തകർ, അക്കൗണ്ടന്റുമാർ എന്നിങ്ങനെയുള്ള ഒരു ടീമിനേയും നിയമിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിന് പഞ്ചായത്തിനെ സഹായിക്കാൻ ഒരു പഞ്ചായത്ത് പ്രോജക്ട് അസിസ്റ്റന്റിനേയും നിയമിച്ചിട്ടുണ്ട്. വിവിധ തലങ്ങളിൽ പദ്ധതി പുരോഗതി പതിവായി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് എത്രയും വേഗം പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യമാണ് ടി സംവിധാനങ്ങളിലൂടെ കൈവരിക്കുന്നത്.

**ട്വിൻ കല്ലാർ പദ്ധതി**

108 (5746) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ - അച്ചൻകോവിൽ നദികളെ ബന്ധിപ്പിച്ചുകൊണ്ടുള്ള "ട്വിൻ കല്ലാർ" പദ്ധതിയുടെ സാധ്യതാ പഠനം നടന്നത് എന്നാണെന്നും അതിന്റെ വിശദാംശവും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ജലസേചനത്തിനും, വൈദ്യുതോൽപ്പാദനത്തിനും ഉതകുന്ന പ്രസ്തുത പദ്ധതിയുടെ കേന്ദ്രാനുമതിക്ക് വേണ്ടിയുള്ള ഇടപെടൽ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി വഴി സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടം എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പമ്പ-അച്ചൻകോവിൽ നദികളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 1960-1970 കാലഘട്ടങ്ങളിൽ വൈദ്യുതി ബോർഡ് ലിമിറ്റഡ് സാധ്യതാ പഠനം നടത്തിയിരുന്നു. ഈ പഠനങ്ങളിൽ നിന്നും മേൽപ്പറഞ്ഞ നദികളിലെ ജലലഭ്യത ജലസേചനത്തിനും വൈദ്യുതോല്പാദനത്തിനും ലക്ഷ്യമിട്ട് 'ട്വിൻ കല്ലാർ' വിവിധോദ്ദേശ്യ പദ്ധതി വിഭാവന ചെയ്യുകയുണ്ടായി. പ്രാരംഭ സർവ്വേയുടെ അടിസ്ഥാനത്തിൽ ജലവൈദ്യുത പദ്ധതിക്കുവേണ്ടി മാത്രം ഒരു പഠന റിപ്പോർട്ട് 1975-ൽ വൈദ്യുത ബോർഡ് ലിമിറ്റഡ് തയ്യാറാക്കി. പ്രസ്തുത വൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി 60 മെഗാവാട്ടായാണ് വിഭാവനം ചെയ്തിരുന്നത്. 'ട്വിൻ കല്ലാർ' വിവിധോദ്ദേശ്യ പദ്ധതിക്കുവേണ്ടി 2016-ൽ വൈദ്യുതി ബോർഡ് ലിമിറ്റഡും ഇറിഗേഷൻ വകുപ്പും ചേർന്ന് ഒരു വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അച്ചൻകോവിൽ, പമ്പ, മണിമല എന്നീ മൂന്ന് നദീതടങ്ങളിലെ ജലസേചനം, ജലസംരക്ഷണം, വെള്ളപ്പൊക്കനിയന്ത്രണം, വൈദ്യുത ഉല്പാദനം എന്നീ കാര്യങ്ങൾക്ക് ഊന്നൽ നൽകി വിഭാവനം ചെയ്യുന്ന ഒരു വിവിധോദ്ദേശ്യ പദ്ധതിയാണിത്. 60 മെഗാവാട്ട് വൈദ്യുതിയാണ് ഈ പദ്ധതി പ്രകാരം ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നത്.

വൈദ്യുതോല്പാദനശേഷമുള്ള ജലം ഉപയോഗിച്ച് മണിമല നദീതടങ്ങളിലും, അച്ചൻകോവിലുള്ള കൃഷിയിടങ്ങളിലും ജലസേചനം വിഭാവന ചെയ്തിരിക്കുന്നു. പത്തനംതിട്ട ജില്ലയിൽ കല്ലേലിപാലത്തിന് ഏകദേശം 3 കി.മീ. ദൂരം മുകളിലായി അച്ചൻകോവിൽ നദിയിൽ ഒരു അണ (ഓവർഫ്ലോ വിയർ) കെട്ടി കനാലുകളിലെ ജലം തിരിച്ചുവിട്ട് ജലസേചന സൗകര്യം ലഭ്യമാക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

(ബി) കേരള ജലസേചന വകുപ്പും, കെ.എസ്.ഇ.ബി.-യും സംയുക്തമായി നടപ്പാക്കുന്ന ട്വിൻ കല്ലാർ പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ സർക്കാർ അംഗീകരിച്ചശേഷം കേന്ദ്രാനുമതിക്കുവേണ്ടി സമർപ്പിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും ലഭിക്കുന്ന വൈദ്യുത ഉല്പാദനവും, ജലസേചനവുമാണ് ഈ പദ്ധതികൊണ്ടുള്ള നേട്ടം. പദ്ധതിമൂലം ലഭിക്കുന്ന 60 മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യകത ഒരു

പരിധിവരെ പരിഹരിക്കാൻ സഹായിക്കുന്നു. ഈ പദ്ധതി പ്രകാരം 11322 ഹെക്ടർ ഭൂമിയിൽ അധികമായി ജലസേചനം നടത്തുവാൻ സാധിക്കുന്നു. സംസ്ഥാനത്തെ ഭക്ഷ്യ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാനും സാധിക്കും. കുട്ടനാട് പ്രദേശങ്ങളിലേയും മറ്റു താഴ്ന്ന പ്രദേശങ്ങളിലേയും വെള്ളപ്പൊക്കം നിയന്ത്രണം ഉറപ്പാക്കുന്നു. കുടിവെള്ള ലഭ്യതയും വ്യവസായിക കാര്യങ്ങൾക്കുള്ള ജല ലഭ്യതയും ഉറപ്പാക്കുന്നു. ശബരിമല തീർത്ഥാടന കാലത്ത് ക്രമാതീതമായി മലിനപ്പെടുന്ന പമ്പാ നദിയെ മാലിന്യങ്ങളിൽ നിന്നും മുക്തമാക്കി പുനരുജ്ജീവിപ്പിക്കാൻ ഈ പദ്ധതിയിലെ ജലം ഉപയോഗിക്കാവുന്നതാണ്. കുട്ടനാട് പ്രദേശത്തേയ്ക്കുള്ള ഉപ്പുവെള്ളത്തിന്റെ കയറ്റം തടയുവാനും, സ്ത്രീകളുടേതടക്കം തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാനും ജീവിത നിലവാരം ഉയർത്തുവാനും സാധിക്കും. വിനോദസഞ്ചാര മേഖല പരിപോഷിപ്പിക്കുവാനും വർഷം മുഴുവനും പുഴയിലെ നീരൊഴുക്ക് നിലനിർത്തി പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുവാനും സാധിക്കുന്നതാണ്.

**മേജർ ഇറിഗേഷന്റെ അധീനതയിൽ നടത്തിയ പ്രവൃത്തികൾ**

109 (5747) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷന്റെ അധീനതയിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽ നടത്തിയ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(സി) അനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) അനുബന്ധമായി ചേർക്കുന്നു.*

**ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**

110 (5748) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള പദ്ധതികളുടെ സിവിൽ, മെക്കാനിക്കൽ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) ഏതെല്ലാം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 'റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ. സ്കീംസ് എന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു. കൂടാതെ കനാൽ, പമ്പ്, മോട്ടോർ, ഇലക്ട്രിക്കൽ എന്നിവയുടെ വാർഷിക അറ്റകുറ്റപണികൾ യഥാസമയം നടത്തി എൽ.ഐ. സ്കീംസ് കാര്യക്ഷമമാക്കുന്നുണ്ട്.

(ബി) ഇപ്പോൾ പ്രവർത്തനക്ഷമമായ 435 എൽ.ഐ. സ്കീമുകളിൽ 402 പദ്ധതികളുടെ സിവിൽ ജോലികളും 347 പദ്ധതികളുടെ മെക്കാനിക്കൽ പ്രവൃത്തികളും പൂർത്തിയായി.

(സി) ഇനി പൂർത്തിയാക്കാനുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിലെ ശുദ്ധജലക്ഷാമം**

111 (5749) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽപ്പെട്ട കൊളംബസ് റോഡ്, കനോസ നഗർ, ഇത്തിത്തറ കോളനി തുടങ്ങിയ പ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോർപ്പറേഷന്റെ ടാങ്കർ ലോറിയെ ആശ്രയിച്ചും കിലോമീറ്ററുകൾ നടന്നും ശുദ്ധജലം ശേഖരിക്കുന്ന ഈ പ്രദേശത്തെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ശുദ്ധജലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എസ്റ്റിമേറ്റുകൾ സമർപ്പിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പാക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ്

112 (5750) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് ഉപയോഗ ശൂന്യമായിട്ട് എത്ര വർഷമായി എന്ന് അറിയിക്കാമോ;

(ബി) ഇത് റിപ്പയർ ചെയ്ത് ഉപയോഗ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിന്റെ ഷട്ടറുകൾ പുതുക്കിപ്പണിതാൽ പ്രദേശത്തെ എത്ര വില്ലേജുകളിലെ എത്ര കർഷകർക്ക് ആയത് പ്രയോജനപ്പെടും എന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഷട്ടറുകൾ പുതുക്കി പണിത് പ്രവർത്തന സജ്ജമാക്കാൻ എത്ര രൂപ വേണ്ടിവരും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉദ്ദേശം മുപ്പത് വർഷത്തിലധികമായി റഗുലേറ്റർ ഉപയോഗശൂന്യമാണ്.

(ബി) ഈ പദ്ധതിക്ക് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 160 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകി. എങ്കിലും പ്രസ്തുത പദ്ധതി കാഞ്ഞങ്ങാട്-കാസർഗോഡ് കെ.എസ്.ടി.പി. റോഡിന്റെ ഭാഗമായതിനാൽ പാലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനുള്ള കാലതാമസംമൂലം പദ്ധതി തുടങ്ങാൻ സാധിച്ചില്ല. എന്നാൽ പദ്ധതി തുടങ്ങാൻ തടസ്സമില്ലെന്ന് കെ.എസ്.ടി.പി. അധികൃതർ അറിയിച്ചതിനെത്തുടർന്ന് 2012 നിരക്കിൽ 283 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് റേറ്റ് 13-ാം ധനകാര്യ കമ്മിഷനിലുൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിരുന്നെങ്കിലും എസ്.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ കെ.എസ്.ടി.പി. പാലം പണിക്ക് ശേഷമുള്ള പുഴയുടെ അടിത്തട്ട് പരിശോധിച്ചതിനു ശേഷം പുതുക്കിയ നിരക്കിൽ പ്രൈസ് (PRICE) സോഫ്റ്റ്‌വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) പ്രസ്തുത റഗുലേറ്റർ പ്രവർത്തനസജ്ജമായാൽ ചിത്താരി, കീക്കാൽ, പള്ളിക്കര, അജാനൂർ, പുല്ലൂർ, പനയാൽ എന്നീ ആറ് വില്ലേജുകളിലെ കർഷകർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

(ഡി) പുതുക്കിയ നിരക്കിൽ പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കി സമർപ്പിക്കുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നല്കിയ ശേഷം ടെണ്ടർ ചെയ്താൽ മാത്രമേ അടങ്കൽ തുക എത്ര വരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## വാട്ടർ മീറ്ററുകളുടെ ഗുണനിലവാരം

113 (5751) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന വാട്ടർ മീറ്ററുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയിൽ സംവിധാനമുണ്ടോ; ഈ മീറ്ററുകൾ കേടാവുന്നതുമൂലം പുതിയ മീറ്റർ വാങ്ങി ഉപഭോക്താക്കൾ സ്ഥാപിക്കുമ്പോഴും ഡിപ്പാർട്ട്മെന്റിൽനിന്നും ഉണ്ടാകുന്ന പ്രൊസീജിയറിൽ ഉണ്ടായിരിക്കുന്ന സങ്കീർണ്ണത ലളിതമാക്കുവാൻ കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റി ഓഫീസുകളുടെ പരിസരത്തെ പെട്ടിക്കടകളിൽ നിന്നും ഉപഭോക്താക്കൾ മീറ്റർ വാങ്ങുന്നതിനുപകരം കേരള വാട്ടർ അതോറിറ്റി തന്നെ നിലവാരമുള്ള മീറ്റർ വിൽപ്പന നടത്തുന്ന സംവിധാനം ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഗുണനിലവാരം നിഷ്കർഷിക്കുന്ന ISI സർട്ടിഫിക്കറ്റോടുകൂടിയ ബി ക്ലാസ്സ് വാട്ടർ മീറ്ററുകൾ വാങ്ങി സ്ഥാപിക്കേണ്ടത് ഉപഭോക്താവാണ്. ജല അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധന നടത്തിയ ശേഷമാണ് ഉപഭോക്താക്കൾക്ക് മീറ്റർ സ്ഥാപിക്കുവാൻ അനുമതി നൽകുന്നത്. കേടായ മീറ്റർ മാറ്റി പുതിയ മീറ്റർ സ്ഥാപിക്കുന്നതിന് ഇപ്പോഴുള്ള നടപടിക്രമത്തിൽ മാറ്റം വരുത്തി പരമാവധി ഉപഭോക്തൃ സൗഹൃദപരമായ സംവിധാനം ഉണ്ടാകുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങൾ

114 (5752) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കനാലുകളിലെ നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന കുളവാഴയും ചണ്ടിയും നീക്കം ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ പ്രവൃത്തികൾ അടിയന്തരമായി നിർവഹിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോൾ നിലങ്ങളിലെ കനാലുകളിലെ നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന കുളവാഴയും ചണ്ടിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾക്ക് 2016-17 സാമ്പത്തിക വർഷം 2.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ ജോലികൾക്കായി ഇതുവരെ 2.32 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. അവയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ അത്യാവശ്യം ഉൾക്കൊണ്ടുതന്നെ അടിയന്തരമായി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തോടുകളുടെ പുനരുദ്ധാരണത്തിന് പദ്ധതി**

115 (5753) ശ്രീ. റോജി എം. ജോൺ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോടുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഏതൊക്കെ പദ്ധതിയിൽപ്പെടുത്തിയാണ് ഇവയുടെ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നത്;

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം

(എ-സി) സംസ്ഥാനത്തെ തോടുകളുടെ പുനരുദ്ധാരണത്തിനായി വെള്ളപ്പൊക്ക കെടുതികൾ 2702-03-101-98(03) എഫ്.ഡി.(നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്തുവരുന്നു. കൂടാതെ നബാർഡ്, പ്രത്യേക നിക്ഷേപ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തിയും പ്രവൃത്തികൾ ചെയ്തുവരുന്നു. തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. പ്രവൃത്തികളുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അവയുടെ ആവശ്യകത പരിശോധിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭാരതപ്പുഴ-ചെറുതുരുത്തി തടയണ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി**

116 (5754) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ഇറിഗേഷൻ വിഭാഗം 2007-ൽ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെറുതുരുത്തി തടയണയ്ക്ക് ഭരണാനുമതി നൽകിയ പ്രവർത്തി മുടങ്ങിക്കിടക്കാൻ കാരണമെന്താണെന്ന് വിശദമാക്കുമോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ ആവശ്യമായ തുക ഉണ്ടായിട്ടും പ്രസ്തുത ഫണ്ടിൽ നിന്നും ആവശ്യമായ തുക റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുവദിച്ച് ഭരണാനുമതി നൽകി പദ്ധതി പൂർത്തീകരിക്കുന്നതിൽ കഴിഞ്ഞ സർക്കാറിന് വൻ വീഴ്ച പറ്റിയെന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ചെറുതുരുത്തി, ദേശമംഗലം പഞ്ചായത്തുകളിലെയും ഷൊർണ്ണൂർ മുനിസിപ്പൽ പ്രദേശത്തെയും ആയിരക്കണക്കിന് കർഷകരും, ജനങ്ങളും വെള്ളം കിട്ടാതെ ബുദ്ധിമുട്ടുന്നത് കണക്കിലെടുത്ത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആർ.എം.എഫ്. ഫണ്ടിൽ നിന്നും തുക അനുവദിച്ചു കിട്ടുന്നതിനും, പ്രവർത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകി അവ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെറുതുരുത്തി പാലത്തിന് താഴ്ഭാഗത്തായി തടയണ നിർമ്മാണത്തിനായി റിവർ മാനേജ്മെന്റിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 41.29% അധിക നിരക്കിൽ കരാർ ഉടമ്പടി ചെയ്തു പ്രവൃത്തി തുടങ്ങി. എന്നാൽ 10-1-2012-ൽ കരാറുകാരൻ മരണപ്പെടുകയും കരാറുകാരന്റെ നോമിനി പ്രവൃത്തി തുടരാൻ വിസമ്മതിക്കുകയും ചെയ്തതിനാൽ 2-4-2012-ൽ കരാർ റദ്ദു ചെയ്യേണ്ടിവന്നു. പൊതുമരാമത്ത് വകുപ്പിലെ നിരക്ക് മാറിയതിനനുസരിച്ച് 2012-ൽ 12.20 കോടി രൂപയും 2014-ൽ 14.50 കോടി രൂപയും ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും റിവർ മാനേജ്മെന്റിന്റെ ഫണ്ടിൽ നിന്നും അംഗീകാരം ലഭിക്കാത്തതിനാൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രദേശത്തെ ജനങ്ങളും കർഷകരും ജലക്ഷാമംമൂലം ബുദ്ധിമുട്ടുന്നത് കണക്കിലെടുത്ത് ടി തടയണയ്ക്ക് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും എത്രയും വേഗം ഫണ്ട് അനുവദിക്കുന്നതിനായി എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് കണ്ടിഷനിൽ വ്യതിയാനം സംഭവിച്ചിട്ടുള്ളതിനാൽ നിലവിലുള്ള രൂപകല്പന ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ല. ആയതിനാൽ ടി തടയണയുടെ നിർമ്മാണത്തിന് പുതുക്കിയ പദ്ധതി സമയബന്ധിതമായി തയ്യാറാക്കുവാൻ സൂപ്രണ്ടിംഗ് എൻജിനീയർമാരുടെ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

## കടലാക്രമണം തടയാൻ കർമ്മ പദ്ധതികൾ

117 (5755) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശക്തമായ കടലാക്രമണം തടയുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; വിവരിക്കുമോ;

(സി) കടൽഭിത്തികളുടെ പുനർനിർമ്മാണത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ&ബി) കേരളത്തിന്റെ കടൽത്തീരത്തിന്റെ പ്രത്യേകതയും കടലാക്രമണത്തിന്റെ സമയത്തെ തിരയുടെ തീവ്രതയും കണക്കിലെടുത്ത് തീരസംരക്ഷണത്തിനായി IIT Madras/CWPRS (Central Water and Power Research Station) Pune-യുടെ പഠന പ്രകാരം ആവശ്യമായ സ്ഥലങ്ങളിൽ കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തി/ പുലിമുട്ടുകളാണ് നിർമ്മിച്ചുവരുന്നത്. ഫലപ്രദമായ മറ്റു മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിനായി അമ്പലപ്പുഴ കോമനയിൽ 100 മീറ്റർ നീളത്തിൽ Geo Textile Tube ഉപയോഗിച്ച് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ പല്ലനയിൽ 60 മീറ്റർ നീളത്തിൽ Flexi Tuff International Ltd. എന്ന സ്ഥാപനം പരീക്ഷണാടിസ്ഥാനത്തിൽ Soft Sea Wall നിർമ്മിച്ചിട്ടുണ്ട്. ഇവയുടെ ഗുണദോഷങ്ങൾ വിലയിരുത്തിവരുന്നു. കഴിഞ്ഞ 5 വർഷകാലയളവിൽ 12.037 കി.മീ. പുതിയ കടൽ ഭിത്തിയും 28.756 കി. മീ. പുനരുദ്ധാരണവും 114 ഗ്രോയിനുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ IIT, Madras/CWPRS, Pune-യുടെ പഠനം പൂർത്തിയായ പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കടൽഭിത്തി/പുലിമുട്ടുകളുടെ നിർമ്മാണം നടത്തിവരുന്നു.

(സി) ഈ സാമ്പത്തിക വർഷം കടൽഭിത്തികളുടെ പുനർനിർമ്മാണത്തിനായി 42 ലക്ഷം രൂപ plan head-ലും 9.00 കോടി രൂപ Non plan head-ലും വകയിരുത്തിയിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി

118 (5756) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ ഓവർഹെഡ് ടാങ്കിൽ വെള്ളം എത്തിയിട്ടുണ്ടെങ്കിലും ഡിസ്ട്രിബ്യൂഷൻ ലൈൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൂർണമായും പ്രയോജനപ്രദമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിൽ, എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ ഇനിയും ഡിസ്ട്രിബ്യൂഷൻ ലൈൻ ഇടാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ ഉദ്ഘാടനം എന്നാണ് കഴിഞ്ഞത്; ഉദ്ഘാടന കർമ്മം ആരാണ് നിർവ്വഹിച്ചതെന്നും വ്യക്തമാക്കാമോ ;

(ഡി) പി.ഡബ്ല്യു.ഡി, നാഷണൽ ഹൈവേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ റോഡുകൾ കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിറ്റി പണം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; റോഡുകൾ കട്ട് ചെയ്യുന്നതിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് ഒരു ഉന്നതതല യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(ഇ) ടി പ്രവൃത്തി പൂർത്തീകരിച്ച് പൂർണ തോതിൽ കുടിവെള്ളം ലഭ്യമാക്കാൻ എപ്പോഴേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ചേളന്നൂർ പഞ്ചായത്തിൽ ഒഴികെ ബാക്കി എല്ലാ പഞ്ചായത്തുകളിലും പദ്ധതിയുടെ ഓവർഹെഡ് ടാങ്കുകളിൽ വെള്ളം എത്തിയിട്ടുണ്ട്.

(ബി) ഓരോ പഞ്ചായത്തിലും ഇനിയും ഇടാൻ ബാക്കിയുള്ള ഡിസ്ട്രിബ്യൂഷൻ ലൈനുകളുടെ നീളം താഴെ കൊടുക്കുന്നു:

| | |
|---|---|
| ബാലുശ്ശേരി | 10.7 കി. മീ. |
| നന്മണ്ട | 2.00 കി. മീ. |
| കാക്കൂർ | 26.70 കി.മീ. |
| ചേളന്നൂർ | 35.8 കി.മീ. |
| നരിക്കുനി | 49.9 കി.മീ. |

| | |
|---|---|
| കക്കോടി | 27.1 കി. മീ. |
| കുരുവട്ടൂർ | 31.2 കി. മീ. |
| തലക്കുളത്തൂർ | 19.00 കി. മീ. |
| എലത്തൂർ | 52.7 കി. മീ. |
| കുന്ദമംഗലം | 12.2 കി. മീ. |
| ഒളവണ്ണ | 64.7 കി. മീ. |
| പെരുമണ്ണ | 7.8 കി. മീ. |
| പെരുവയൽ | 35.1 കി. മീ. |
| കടലുണ്ടി | 5.00 കി. മീ. |

(സി) 27-2-2015-ന് പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്തു. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്.

(ഡി) പി.ഡബ്ല്യു.ഡി., നാഷണൽ ഹൈവേ എന്നിവയുടെ റോഡുകൾ കട്ട് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി പണം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ കട്ട് ചെയ്തശേഷം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള പ്രവൃത്തി ജൈക്ക പദ്ധതിയുടെ കരാറിൽ തന്നെ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയാണ് നിർവ്വഹിക്കുന്നത്. റോഡുകൾ കട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ടവരിൽ നിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. 2016 ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം വരെ റോഡ് കട്ടിംഗിന് പി.ഡബ്ല്യു.ഡി., നാഷണൽ ഹൈവേ അനുവാദം ലഭിച്ചിരുന്നില്ല. അതിനുശേഷവും പല റോഡുകളിലും കട്ട് ചെയ്ത് പൈപ്പിടുന്നതിന് അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ട്. 24-10-2016-ന് ജലവിഭവ വകുപ്പുമന്ത്രി തിരുവനന്തപുരത്ത് എല്ലാ എം.എൽ.എ.-മാരെയും ഉൾപ്പെടുത്തി വിളിച്ചുചേർത്ത കോഴിക്കോട് ജില്ലാതല അവലോകന കമ്മിറ്റി യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയും കോഴിക്കോട് ജൈക്ക പ്രവൃത്തി ഉൾപ്പെടുന്ന എല്ലാ നിയോജക മണ്ഡലത്തിലെ എം.എൽ.എ.-മാരെയും ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി., എൻ.എച്ച്., ലോക്കൽ ബോഡീസ് എന്നീ ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുചേർത്ത് പ്രശ്നം പരിഹരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) 2017 ഡിസംബറിനകം സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയ ചേലക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

119 (5757) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ചേലക്കര മണ്ഡലത്തിൽ എത്ര പ്രവർത്തികൾക്ക് ഇറിഗേഷൻ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്; അവയുടെ പേരുവിവരവും, അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവർത്തികൾ പൂർത്തീകരിച്ചു; ഇനി പൂർത്തീകരിക്കാനുള്ള പ്രവർത്തികൾ ഏതൊക്കെയാണ്;

(സി) അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദാംശം വ്യക്തമാക്കുമോ; പൂർത്തീകരിക്കാനുള്ള പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടർ ഓപ്പറേഷൻ

120 (5758) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജിൻെറ ഷട്ടർ ഓപ്പറേഷൻ നടത്തുന്നതിനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ മുഖ്യഗുണഭോക്താക്കളായ കോഴിക്കോട് ജില്ലയിലെ ചാലിയാർ, ഇരുവഴിഞ്ഞി, ചെറുപുഴ തീരങ്ങളിലുള്ള കുന്ദമംഗലം, ചാത്തമംഗലം, മാവൂർ, പെരുവയൽ, മുക്കം, കാരശ്ശേരി, കൊടിയത്തൂർ പഞ്ചായത്തുകളോ, ജനപ്രതിനിധികളോ പദ്ധതിയെക്കുറിച്ച് അറിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പരാതി പരിഹരിക്കുന്നതിന് ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മലപ്പുറം എം.ഐ. ഡിവിഷന്റെ കീഴിൽ പരപ്പനങ്ങാടി എം.ഐ. സബ്ഡിവിഷനു കീഴിലുള്ള കൊണ്ടോട്ടി എം.ഐ. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്കാണ് കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടർ ഓപ്പറേഷൻ ചുമതല.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. പദ്ധതിയെപ്പറ്റിയുള്ള വിശദവിവരങ്ങൾ ജനപ്രതിനിധികളെ അറിയിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

**കുടിവെള്ളം ലാഭിക്കുന്നതിന് ബോധവത്കരണ പദ്ധതികൾ**

121 (5759) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യമായ ഉപയോഗത്തിലൂടെ കുടിവെള്ളം ലാഭിക്കുന്നതിന് എന്തെല്ലാം ബോധവത്കരണ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) അത്തരം പദ്ധതികൾ വിജയകരമാണോ; വിശദീകരിക്കാമോ;

(സി) അല്ലെങ്കിൽ പ്രസ്തുത രംഗത്ത് പുതിയ എന്തെങ്കിലും പരിപാടി ആവിഷ്കരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുടിവെള്ളത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിന്റെ ആവശ്യകതയെപ്പറ്റി കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (CCDU) നടത്തുന്ന പ്രചാരണ പരിപാടികൾക്ക് അനുബന്ധമെന്നോണം കേരള വാട്ടർ അതോറിറ്റിയും ജനബോധവൽക്കരണ പരിപാടികളിൽ പങ്കാളികളാകുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പുറമേ ജലത്തിന്റെ അമൂല്യത, ഫലപ്രദമായ ഉപയോഗം എന്നിവ സംബന്ധിച്ച സന്ദേശം ഉപഭോക്താക്കളിലേക്ക് എത്തിക്കാനും ശ്രമിക്കുന്നുണ്ട്.

താഴെത്തട്ടിലുള്ള ജനങ്ങളുമായി ജലം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനും പ്രദേശത്തുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണം തടയലും ജനങ്ങളുടെയും സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ തുടങ്ങി ആരോഗ്യ ശുചിത്വ പോഷക സമിതികൾക്ക് പ്രത്യേക നിർദ്ദേശം നൽകുവാൻ തീരുമാനിക്കുകയും (Ward Health Sanitation Nutrition Committee) ഉറപ്പുവരുത്തുന്നതിന് വാർഡ് മെമ്പറെ (സമിതി ചെയർമാൻ) ചുമതലപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനം നേരിടുന്ന മഴക്കുറവിന്റെയും വരൾച്ചയുടെയും പശ്ചാത്തലത്തിൽ 'Special sapling Planting Campaign' സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണത്തോടെ ആചരിക്കുക, Campaign Ambassador-നിശ്ചയിക്കുന്നതിനെക്കുറിച്ചും ആലോചനയിലുണ്ട്.

ജലസംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അവാർഡ് നൽകുന്ന കാര്യവും ആലോചനയിലുണ്ട്.

മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യക്തിഗത ജലസംരക്ഷണ മാർഗ്ഗങ്ങൾ (മഴവെള്ള സംഭരണി, മഴക്കുഴി, കിണർ റീചാർജ്ജിംഗ്) തുടങ്ങിയവ ജനങ്ങൾക്ക് കണ്ടു മനസ്സിലാക്കുന്നതിനായി മോഡലുകൾ നിർമ്മിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

വിവിധ മാധ്യമങ്ങളിലൂടെ പ്രസ്തുത വിഷയത്തിൽ ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായി പരസ്യ പ്രചാരണം നടത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. റോഡ് ഷോ, ശിൽപ്പശാലകൾ, കുട്ടികൾക്കിടയിൽ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. പരിസ്ഥിതി ദിനം, ജലദിനം, ഭൗമദിനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര ദേശീയ ദിനാചരണങ്ങൾ സംഘടിപ്പിക്കുകയും അതിന് വാർത്താ പ്രാധാന്യം ലഭിക്കാൻ വേണ്ട പരമാവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്.

(ബി) വിജയകരമാണ്. ജനപങ്കാളിത്തത്തോടുകൂടിയുള്ള ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുവാനും ജലവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്ന പരിഹാരങ്ങൾക്കും ഇത്തരം ബോധവൽക്കരണ പരിപാടികൾ ഏറെ സഹായകരവുമാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

122 (5760) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും, പദ്ധതികൾ, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവയും വിശദമാക്കാമോ;

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സ്ഥിരം തടയണകൾ, ചെക്ക്ഡാമുകൾ എന്നിവയുമായി ബന്ധപ്പെട്ട എത്ര അപേക്ഷകളുണ്ടെന്നും അതിന്മേൽ സർക്കാർ എടുത്ത നടപടികളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. 2012-13 വർഷത്തിൽ അംഗീകാരം നൽകിയ പൂക്കോട്ടുമണ്ണ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 99% പൂർത്തിയായി. തുക – 30 കോടി രൂപ. രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തുക – 5 കോടി രൂപ.

2. 2015-16 വർഷത്തിൽ നബാർഡ് 21-ൽ ഉൾപ്പെടുത്തി തമ്പുരാട്ടിക്കല്ല് മുറംഇക്കിയിൽ നീർപ്പുഴയ്ക്ക് കുറുകെ വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം - 129 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

3. അമരമ്പലം പഞ്ചായത്തിൽ കുതിരപ്പുഴയ്ക്ക് കുറുകെ പാറക്കപ്പാടം ചെക്ക്ഡാം പ്രവൃത്തി പുരോഗതിയിലാണ്. 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുക – 120 ലക്ഷം രൂപ.

4. ചാലിയാർ പഞ്ചായത്തിൽ മൈലാടി കോളനിക്കുളം നിർമ്മാണം - പ്രവൃത്തി സ്ഥലം ഇപ്പോഴത്തെ സ്ഥലത്തിന് 20 മീറ്റർ കിഴക്ക് ഭാഗത്തേയ്ക്ക് മാറ്റുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക - 20 ലക്ഷം രൂപ.

5. എടക്കര പഞ്ചായത്തിലെ മൂപ്പിനിയിൽ പുന്നപ്പുഴയുടെ വലതുകര സംരക്ഷണം - തുക 25 ലക്ഷം രൂപ - പ്രവൃത്തി പുരോഗതിയിൽ.

6. പോത്തുകല്ല് പഞ്ചായത്തിലെ മുണ്ടേരിയിൽ ചാലിയാർ പുഴയുടെ കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - 5.6 ലക്ഷം രൂപ- പ്രവൃത്തി പുരോഗതിയിൽ.

7. പോത്തുകല്ല് പഞ്ചായത്തിലെ ഭൂതാനത്ത് ചാലിയാർ പുഴയുടെ കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി- 5.6 ലക്ഷം രൂപ - പ്രവൃത്തി പുരോഗതിയിൽ.

(ബി) ജലസേചന വകുപ്പിന് കീഴിൽ നിലമ്പൂർ പഞ്ചായത്തിൽ സ്ഥിരം തടയണകൾ, ചെക്ക് ഡാമുകൾ എന്നിവയുമായി ബന്ധപ്പെട്ട് എട്ട് അപേക്ഷകൾ ഉണ്ട്. ഇതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിൽ പുന്നപ്പുഴയ്ക്ക് കുറുകെ അരുംപുളിക്കൽ ചെക്ക്ഡാം നിർമ്മാണത്തിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. എസ്റ്റിമേറ്റ് തുക – 390.00 ലക്ഷം രൂപ.

**താല്ക്കാലിക ബണ്ട് നിർമ്മാണം**

123 (5761) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് കാലാകാലങ്ങളായി ഇടിയഞ്ചിറ, ഏനാമാക്കൽ റഗുലേറ്ററുകൾക്ക് മുന്നിൽ നിർമ്മിക്കുന്ന താല്ക്കാലിക ബണ്ട് നിർമ്മാണത്തിന്റെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നെൽകൃഷി ആരംഭിക്കുന്നതിന് തടസ്സം നേരിടുന്ന സ്ഥിതിവിശേഷം നിലവിലുള്ളതിനാൽ സമയബന്ധിതമായി ബണ്ടു നിർമ്മാണം നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ ബണ്ടു നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ഇടിയഞ്ചിറ, ഏനാമാക്കൽ എന്നീ റഗുലേറ്ററുകളുടെ മുന്നിൽ താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളുടെ ദർഘാസ് നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) കൃഷിക്ക് തടസ്സം വരാത്ത രീതിയിൽ സമയബന്ധിതമായി ഈ ബണ്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തൃശ്ശൂർ ജില്ലയിലെ ബണ്ടു നിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന ഭൂരിഭാഗം പ്രവൃത്തികളുടേയും ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തികളും താമസംവിനാ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് വരുന്ന എല്ലാ കാര്യാലയങ്ങളിലും ദ്രുതഗതിയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

### ഏനാമാക്കൽ റഗുലേറ്ററിന്റെ ഷട്ടർ അറ്റകുറ്റപ്പണി

124 (5762) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ റഗുലേറ്ററിന് കിഴക്ക് ഭാഗത്ത് എല്ലാവർഷവും അശാസ്ത്രീയമായി വളയംകെട്ട് നടത്തി ലക്ഷങ്ങൾ പാഴാക്കുന്നത് ഒഴിവാക്കുന്നതിനായി റഗുലേറ്ററിന്റെ ഷട്ടറുകൾ അറ്റകുറ്റപ്പണി നടത്തി സ്ഥിരം സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വളയംകെട്ട് നടത്തുന്നതിന് കഴിഞ്ഞ വർഷം എത്ര തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ;

(സി) റഗുലേറ്ററിന്റെ ഷട്ടറിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് എന്ത് തുക ചെലവാകുമെന്നുള്ള വിശദാംശങ്ങൾ നൽകാമോ;

(ഡി) റഗുലേറ്ററിന്റെ ഷട്ടറിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഏനാമാക്കൽ റഗുലേറ്ററിന്റെ ഷട്ടറുകൾമാറ്റി സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു. ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിനായി (Rough cost estimate) ഏകദേശം 4.25 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. Detailed Estimate-നായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കഴിഞ്ഞ വർഷം താൽക്കാലിക ബണ്ടിനായി 21,52,734 രൂപയുടെ ബിൽ തുക ആവശ്യമായി വന്നിട്ടുണ്ട്.

(സി) റഗുലേറ്ററിന്റെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ഏകദേശം (Rough cost estimate) 4.25 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ടി പ്രവൃത്തിയുടെ Detailed Estimate നായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഷട്ടറിന്റെ വാർഷിക അറ്റകുറ്റപ്പണികൾ എല്ലാ വർഷവും നടത്തുന്നുണ്ട്. ഷട്ടറിന്റേയും റഗുലേറ്ററിന്റേയും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊട്ടാരക്കര മണ്ഡലത്തിലെ കെ.ഐ.പി. കനാൽ റോഡുകളുടെ നവീകരണം**

125 (5763)<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കെ.ഐ.പി.യുടെ ഭാഗമായി എത്ര ദൈർഘ്യത്തിൽ കനാൽ റോഡുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കനാൽ റോഡുകൾ തകർന്നും, കാടുപിടിച്ചും കിടക്കുന്നതിനാൽ ഗതാഗതം ദുഷ്കരമായി തീർന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കനാൽ റോഡുകളുടെ നവീകരണത്തിന് കഴിഞ്ഞ സർക്കാർ തുക അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത കനാൽ റോഡുകളുടെ നവീകരണത്തിനായി തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 42.27 കി. മീ. ദൈർഘ്യത്തിൽ കനാൽ റോഡുകളുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഓയൂർ ബ്രാഞ്ച് കനാൽ ചെയിനേജ് 6928 മീ മുതൽ 8088 മീ. വരെയുള്ള കനാൽ റോഡ് ടാർ ചെയ്യാനായി 9,36,868 രൂപ അനുവദിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തു.

(ഡി) ബഡ്ജറ്റ് വിഹിതത്തിനുപുറമേ, ചീഫ് എഞ്ചിനീയറിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് മറ്റു ഫണ്ടുകൾ അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ച് പരിശോധിക്കാവുന്നതാണ്.

**കൊട്ടാരക്കര കെ.ഐ.പി.-യുടെ അധീനതയിലുള്ള രവിനഗർ**

126 (5764)<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.ഐ.പി. യുടെ അധീനതയിലുള്ള രവിനഗർ എത്ര ഏക്കർ വിസ്തൃതിയിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്ത് ഇപ്പോൾ ഏതെല്ലാം ആഫീസുകളാണ് പ്രവർത്തിക്കുന്നത്;

(സി) കല്ലട ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് ഏതെല്ലാം ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ഡി) കല്ലട ഇറിഗേഷൻ പ്രോജക്ടിലെ പ്രവർത്തികൾ അവസാനിച്ചുവോ എന്നും തുടർ പ്രവർത്തികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2 ഹെക്ടർ 80 ആർ 90 ചതുരശ്രമീറ്റർ.

(ബി&സി) രവിനഗറിൽ കല്ലട ഇറിഗേഷൻ പദ്ധതിയുടെ താഴപ്പറയുന്ന 12 കാര്യാലയങ്ങളും കൊട്ടാരക്കര സബ്ട്രഷറിയും പ്രവർത്തിക്കുന്നുണ്ട്:

(1) കെ.ഐ.പി. ആർ.ബി. സർക്കിൾ

(2) കെ.ഐ.പി. ആർ.ബി. ഡിവിഷൻ നമ്പർ 2

(3) കെ.ഐ.പി. എൽ.ബി. സബ്ഡിവിഷൻ നമ്പർ 17

(4) കെ.ഐ.പി. എൽ.ബി. സെക്ഷൻ നമ്പർ 47/17

(5) കെ.ഐ.പി. എൽ.ബി. സെക്ഷൻ നമ്പർ 49/17

(6) കെ.ഐ.പി. എൽ.ബി. സെക്ഷൻ നമ്പർ 50/17

(7) കെ.ഐ.പി. എൽ.ബി. സെക്ഷൻ നമ്പർ 51/17

(8) മേജർ ഇറിഗേഷൻ സെക്ഷൻ

(9) മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ

(10) ക്വാളിറ്റി കൺട്രോൾ ഡിവിഷൻ

(11) ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷൻ

(12) ക്വാളിറ്റി കൺട്രോൾ സെക്ഷൻ.

(ഡി) എല്ലാ വർഷവും ഡിസംബർ 1 മുതൽ മേയ് 31 വരെയുള്ള ആറുമാസക്കാലം പൂർണ്ണതോതിൽ ജലവിതരണം സാധ്യമാകുംവിധം കല്ലട ജലസേചന പദ്ധതിയിൽ കനാലുകളുടെ പരിപാലന, അറ്റകുറ്റ, നവീകരണ പ്രവൃത്തികൾ നടത്തിവരുന്നു. ഡാമിന്റെയും മറ്റ് സ്ട്രക്ച്ചറുകളുടെയും പരിപാലന നവീകരണ പ്രവൃത്തികളുടെയും ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു. കനാൽ നവീകരണത്തിനായി പി.എം.കെ. എസ്.വൈ. ഇ.ആർ.എം. (Extension, Renovation, Modernisation) സ്കീമുകളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം

127 (5765) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കോടശ്ശേരി-പരിയാരം-അതിരപ്പിള്ളി സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ?

ഉത്തരം

(എ&ബി) കോടശ്ശേരി, പരിയാരം ആതിരപ്പിള്ളി സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനാവശ്യമായ ജലശുദ്ധീകരണശാലയിൽ പമ്പ് ഹൗസ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്ത് കേരള ജല അതോറിറ്റിയെ ഏല്പിക്കുവാൻ അതിരപ്പിള്ളി പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ചാലക്കുടി പുഴയിൽ വെറ്റിലപ്പാറ പ്രദേശത്ത് വർഷത്തിൽ ലഭിക്കുന്ന വെള്ളത്തിന്റെ അളവ് അറിയിക്കുവാൻ ജലസേചന വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

## ഗുണമേന്മയുള്ള കുപ്പിവെള്ളം വിപണിയിലെത്തിക്കാൻ നടപടി

128 (5766) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ലക്ഷം കുപ്പി കുടിവെള്ളം വിറ്റു പോകുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ജലവിഭവ വകുപ്പിനു കീഴിൽ കുടിവെള്ളം കുപ്പികളിലാക്കി വില്പന നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(സി) മിതമായ നിരക്കിൽ ഗുണമേന്മയുള്ള കുടിവെള്ളം കുപ്പികളിലാക്കി വില്പനയ്ക്കെത്തിക്കുന്നതിനാവശ്യമായ ഫാക്ടറി തുടങ്ങുവാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇന്ന് വിപണിയിൽ ലഭിക്കുന്ന കുപ്പിവെള്ളം പലതും മതിയായ ഗുണമേന്മയില്ലാത്തതാണ് എന്ന ആക്ഷേപം ഉയർന്നുവരുന്ന സാഹചര്യത്തിൽ കുപ്പിവെള്ളം വില്പനയ്ക്കെത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള കെ.ഐ.ഐ.ഡി.സി. എന്ന പൊതുമേഖല സ്ഥാപനത്തിന്റെ കീഴിൽ 'ഹില്ലി അക്വ' എന്ന പേരിൽ തൊടുപുഴയിൽ കുടിവെള്ള ബോട്ട്ലിംഗ് യൂണിറ്റ് നിലവിലുണ്ട്. പ്രസ്തുത യൂണിറ്റിൽ നിന്ന് പ്രതിദിനം ഏകദേശം 25000 കുപ്പി കുടിവെള്ളം വിറ്റുപോകുന്നുണ്ട്. മിതമായ വിലയ്ക്ക് കുപ്പിവെള്ളം നൽകുന്നതിന് കെ.ഐ.ഐ.ഡി.സി.-യുടെ കീഴിൽ കോഴിക്കോട് ജില്ലയിൽ പേരാമ്പ്രയിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ പരിസരത്ത് ഒരു യൂണിറ്റ് കൂടി തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ നടന്നുവരികയാണ്. കെ.ഐ.ഐ.ഡി.സി.-യുടെ കീഴിലുള്ള ബോട്ട്ലിംഗ് പ്ലാന്റിന് ബി.ഐ.എസ്. നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണമേന്മ ടെസ്റ്റുകളും നടത്തി ഗുണമേന്മ ഉറപ്പാക്കുന്നുണ്ട്. കുപ്പിവെള്ളത്തിന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ ഫാക്ടറിക്ക് ISO അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ, അരുവിക്കരയിൽ ഒരു ബോട്ട്ലിംഗ് യൂണിറ്റിന്റെ പ്രവൃത്തി നടന്നുവരുന്നു. പ്രസ്തുത യൂണിറ്റ് കമ്മീഷൻ ചെയ്ത്, അതിന്റെ വിപണി പ്രതികരണം വിലയിരുത്തിയശേഷം പുതുതായി ബോട്ട്ലിംഗ് യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

**കൃഷിക്കാവശ്യമായ ജലം കൂടുതൽ സ്ഥലത്ത് എത്തിക്കാൻ നടപടി**

129 (5767) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാവശ്യമായ ജലം കൂടുതൽ സ്ഥലത്ത് എത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ പദ്ധതികൾ എന്തൊക്കെ പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ 2013-14 കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം തടയണകളുടെയും റഗുലേറ്ററുകളുടെയും നിർമ്മാണം, ചാലിയാർ ബേസിനിലെ തടയണകളുടെ നിർമ്മാണം, തലപ്പിള്ളി പാക്കേജ്, കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള RCB, VCB എന്നിവയുടെ നിർമ്മാണം, കേരളത്തിലെ കബനി, ഭവാനി ബേസിനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം എന്നിവ കൂടുതൽ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താനുദ്ദേശിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ജലസേചന പദ്ധതികളുടെ വിവിധ കനാലുകളിൽ അറ്റകുറ്റപ്പണികൾക്കായുള്ള പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കനാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും മറ്റു വസ്തുക്കളും ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന നീക്കി കനാലുകൾ വൃത്തിയാക്കാറുണ്ട്. ഭാഗീകമായി പൂർത്തീകരിച്ച കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാലിലൂടെ 6.10 കി. മീറ്റർ ദൂരവും വലതുകര കനാലിലൂടെ 7.02 കി. മീറ്റർ ദൂരവും അരിമുണ്ട ഡിസ്ട്രിബ്യൂട്ടറിയിലൂടെ 2.12 കി. മീറ്റർ ദൂരവും ജലസേചനം നടത്തി വരുന്നുണ്ട്. മലമ്പുഴ, മംഗലം, പോത്തുണ്ടി, ചിറ്റൂർപ്പുഴ പദ്ധതികളിൽ കാഡാ പ്രവൃത്തികൾ നടന്നുവരുന്നു. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെയും ഇടമലയാർ ജലസേചന പദ്ധതിയുടെയും ഇനിയും പൂർത്തീകരിക്കാനുള്ള കനാലുകൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാംഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 10000 കുളങ്ങൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം KIIFB ധനസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. PMKSY-ൽ ഉൾപ്പെടുത്തിയും നബാർഡ് RIDF-22-ൽ ഉൾപ്പെടുത്തിയും ജലസേചന സൗകര്യം കൂട്ടുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കാവേരി നദീജല ട്രൈബ്യൂണൽ വിധി പ്രകാരം കബനി ബേസിനിൽ നിന്നും അനുവദിച്ച 21 TMC ജലത്തിൽ 11 TMC ജലം ഉപയോഗപ്രദമാക്കുവാൻ 9 ചെറുകിട ജലസേചന പദ്ധതികളും കബനി ബേസിനിൽപ്പെട്ട നദികളിൽ റഗുലേറ്ററുകളും തടയണകളും നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികളും ഭവാനി ബേസിനിൽ അട്ടപ്പാടി വാലി ജലസേചന പദ്ധതിക്കായുള്ള നടപടികളും ആവിഷ്കരിച്ച് വരുന്നു.

PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കനാലുകളിൽ നിന്നും, കൂടുതൽ സ്ഥലത്ത് ജലം എത്തിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കൃഷി നോഡൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. അതുപോലെ പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുത്തി പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മറ്റ് മൂന്ന് ഡാമുകളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി അരുണാപുരത്ത് മിനി ഡാമിന്റെ നിർമ്മാണം ആരംഭിച്ചു. മറ്റ് 6 മിനി ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൃഷിക്കാവശ്യമായ ജലം കൂടുതൽ സ്ഥലത്ത് എത്തിക്കുന്നതിന് നടപടി**

130 (5768) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാവശ്യമായ ജലം കൂടുതൽ സ്ഥലത്ത് എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഇതിനായി നിലവിലുള്ള ഏതെല്ലാം പദ്ധതികളാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 2013-14 കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തടയണകളുടെയും റഗുലേറ്ററുകളുടെയും നിർമ്മാണം, ചാലിയാർ ബേസിനിലെ തടയണകളുടെ നിർമ്മാണം, തലപ്പിള്ളി പാക്കേജ്, കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ബഡ്ജറ്റിൽ

പ്രഖ്യാപിച്ചിട്ടുള്ള RCB, VCB എന്നിവയുടെ നിർമ്മാണം, കേരളത്തിലെ കബനി, ഭവാനി ബേസിനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം എന്നിവ കൂടുതൽ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താനുദ്ദേശിച്ച് നടപ്പിലാക്കിവരുന്നു. തലപ്പിള്ളി പാക്കേജ്, കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള RCB, VCB എന്നിവയുടെ നിർമ്മാണം, കേരളത്തിലെ കബനി, ഭവാനി ബേസിനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം എന്നീ നിലവിലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പൂർത്തീകരിച്ച പദ്ധതികളുടെ വിവിധ കനാലുകളിൽ അറ്റകുറ്റ പണികൾക്കായുള്ള പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കൂടാതെ, കനാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും മറ്റു വസ്തുക്കളും ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന നീക്കി കനാലുകൾ വൃത്തിയാക്കാറുണ്ട്. ഭാഗീകമായി പൂർത്തീകരിച്ച കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാലിലൂടെ 6.10 കി. മീറ്റർ ദൂരവും വലതുകര കനാലിലൂടെ 7.02 കി. മീറ്റർ ദൂരവും അരിമുണ്ട ഡിസ്ട്രിബ്യൂട്ടറിയിലൂടെ 2.12 കി. മീറ്റർ ദൂരവും ജലസേചനം നടത്തിവരുന്നുണ്ട്. മലമ്പുഴ, മംഗലം, പോത്തുണ്ടി, ചിറ്റൂർപ്പുഴ പദ്ധതികളിൽ കാഡാ പ്രവർത്തികൾ നടന്നുവരുന്നു. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെയും ഇടമലയാർ ജലസേചന പദ്ധതിയുടെയും ഇനിയും പൂർത്തീകരിക്കാനുള്ള കനാലുകൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കനാലുകളിൽ നിന്നും കൂടുതൽ സ്ഥലത്ത് ജലം എത്തിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കൃഷി നോഡൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുത്തി പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മറ്റ് 3 ഡാമുകളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മീനച്ചൽ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി അരുണാപുരത്ത് മിനി ഡാമിന്റെ നിർമ്മാണം ആരംഭിച്ചു. മറ്റ് 6 മിനി ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തലപ്പിള്ളി പാക്കേജ്, കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള RCB, VCB എന്നിവയുടെ നിർമ്മാണം, കേരളത്തിലെ കബനി, ഭവാനി ബേസിനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം എന്നീ നിലവിലുള്ള പദ്ധതികൾക്കുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിത പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. കാരാപ്പുഴ ജലസേചന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മലമ്പുഴ, മംഗലം, പോത്തുണ്ടി, ചിറ്റൂർപ്പുഴ പദ്ധതികളിലെ കാഡാ പ്രവൃത്തികൾക്കായി മൊത്തം 28 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഈ വർഷത്തേയ്ക്കുള്ള പ്രവൃത്തികളുടെ ആക്ഷൻ പ്ലാൻ പരിശോധിച്ചുവരുന്നു. കൂടാതെ, പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന ഡാമുകളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള തടസ്സങ്ങൾ മാറ്റുന്നതിന് നടപടികളെടുത്തു വരുന്നു. മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന മിനി ഡാമുകൾക്ക് പുതുക്കിയ ഭരണാനുമതിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂഗർഭ ജലത്തിന്റെ ലഭ്യതയെക്കുറിച്ച് പഠനം

131 (5769) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ ലഭ്യതയെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് കുഴൽകിണർ കുഴിക്കുന്നതിന് ലൈസൻസ് സമ്പ്രദായം നിലവിലുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ സ്ഥിതിയും ലഭ്യതയും സംബന്ധിച്ച് കേന്ദ്ര ഭൂജലബോർഡും സംസ്ഥാന ഭൂജലവകുപ്പും സംയുക്തമായി പഠനങ്ങൾ നടത്തിവരുന്നു. ഡയനാമിക്ക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള-2011 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത (over exploited) ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കലായും കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കാറഡുക്ക കാഞ്ഞങ്ങാട്, കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി, പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ

അതിയന്നൂർ, നെടുമങ്ങാട്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ തളിക്കുളം, മതിലകം ബ്ലോക്കുകൾ എറണാകുളം ജില്ലയിലെ പമ്പാക്കട, പാറക്കടവ്, വൈപ്പിൻ ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 126 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്.

(സി) സംസ്ഥാനത്ത് വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിന്റെ പെർമിറ്റ് നിർബന്ധമാണ്. കൂടാതെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 അദ്ധ്യായം 14 വകുപ്പ് 93(എ) പ്രകാരം കുഴൽക്കിണർ നിർമ്മിക്കുന്നതിന് പഞ്ചായത്ത് പെർമിറ്റ് നൽകുന്നതിന് ഭൂജല വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഭൂജല വകുപ്പ് നൽകുന്ന ശിപാർശയിൽ സുരക്ഷിതമായ അളവിലുള്ള ആഴം കുഴൽ കിണറുകൾക്ക് നിർദ്ദേശിക്കുന്നുണ്ട്.

**കിണറുകളുടെ നിർമ്മാണം**

132 (5770) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിണറുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ;

(ബി) കുടിവെള്ള ദൗർലഭ്യത്തിന് ഇത് എത്ര മാത്രം പ്രയോജനപ്പെടുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) എത്ര കിണറുകൾക്കാണ് ശാസ്ത്രീയമായി സ്ഥാന നിർണ്ണയം നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് കുഴൽക്കിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജല വകുപ്പ് പ്രവർത്തിക്കുന്നു. പൊതുജനങ്ങളുടെ അപേക്ഷ പരിഗണിച്ച് കുടിവെള്ളത്തിനും കാർഷികാവശ്യത്തിന് സബ്സിഡി നിരക്കിലും ഭൂജല വകുപ്പ് കുഴൽക്കിണർ നിർമ്മാണം നടത്തിവരുന്നു. കൂടാതെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിച്ച് ഡെപ്പോസിറ്റ് വർക്കായും, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് ഉപയോഗിച്ചും, സർക്കാർ - ഇതര സ്ഥാപനങ്ങളുടെ അപേക്ഷയിൻമേലും, വരൾച്ചാ ദുരിതാശ്വാസ പദ്ധതികളിന്മേൽ ജനപ്രതിനിധികളുടെ അപേക്ഷ പരിഗണിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തി പുതിയ കുടിവെള്ള പദ്ധതികളും നടപ്പിലാക്കുന്നു.

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഭൂജല വകുപ്പ് കുഴൽക്കിണറുകൾ കുഴിക്കുകയും ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇത്തരം പദ്ധതികൾ കുടിവെള്ള ദൗർലഭ്യത്തിന് വളരെയധികം പ്രയോജനപ്രദമാണ്. മലയോര പ്രദേശങ്ങളിലും തുറന്ന കിണറുകൾ വറ്റുന്ന സ്ഥലങ്ങളിലും മറ്റു കുടിവെള്ള പദ്ധതികൾ ഇല്ലാത്ത പ്രദേശങ്ങളിലും ഭൂജല വകുപ്പ് കുഴൽക്കിണറുകൾ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു. കുഴൽക്കിണർ/ട്യൂബ്‌വെൽ നിർമ്മിച്ച് 50 മുതൽ 100 വരെ കുടുംബങ്ങൾക്ക് ഗുണപ്രദമാകുന്ന ജലവിതരണ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ ഇതുവരെ 3200 കിണറുകൾക്ക് ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തിയിട്ടുണ്ട്.

തുറന്ന കിണറുകൾ - 428

കുഴൽ കിണറുകൾ - 2772

## ജല അതോറിറ്റിയിൽ റവന്യൂ ഓഫീസർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവുകൾ

133 (5771) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിൽ റവന്യൂ ഓഫീസർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ 2016 ജനുവരി മുതൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കാനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ഏറ്റവും ഒടുവിൽ കൂടിയത് എന്നാണെന്നും, അതിനുശേഷം കൂടാതിരിക്കാനുള്ള കാരണമെന്താണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലെ നിയമനം നിർത്തിവയ്ക്കാനോ തസ്തിക ഒഴിച്ചിടാനോ സർക്കാരിൽനിന്നും നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ?

### ഉത്തരം

(എ) 19 ഒഴിവുകളുണ്ട്.

(ബി) വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ഏറ്റവും ഒടുവിൽ കൂടിയത് 5-10-2016-ലാണ്. സെലക്ട് ലിസ്റ്റ് 26-10-2016-ൽ നിലവിൽ വന്നിട്ടുണ്ട്.

(സി) ഇല്ല. ബാധകമല്ല.

**സമഗ്ര ജലസംരക്ഷണ നയം**

134 (5772) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസുകളിലെ ജല ലഭ്യത കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ലഭിക്കുന്ന മഴ വെള്ളത്തെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി ശുദ്ധജല ലഭ്യത മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) നിശ്ചിത വിസ്തൃതിയിലധികം വലിപ്പമുള്ള കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിന്റെ കാലാവസ്ഥയും പരിസ്ഥിതിയും പരിഗണിച്ച് കൊണ്ട് ഒരു സമഗ്ര ജലസംരക്ഷണ നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കുമോ?

**ഉത്തരം**

(എ) ഉണ്ട്. കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന "മഴകേന്ദ്രം" മഴവെള്ളം സംഭരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ലഭ്യമാക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി ഗ്രാമ പഞ്ചായത്തുകളിലും, സർക്കാർ/എയ്ഡഡ് സ്കൂളുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമ പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതി മുഖാന്തരം വ്യക്തിഗത കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നതും, താരതമ്യേന ഇതര കുടിവെള്ള പദ്ധതികൾ കുറവായതുമായ ഗ്രാമ പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് പദ്ധതിക്കായി ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്. ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചു നല്കുന്ന ഗുണഭോക്താക്കളുടെ പട്ടിക പ്രകാരമാണ് ആനുകൂല്യം ലഭ്യമാക്കുന്നത്. പദ്ധതിയുടെ അടങ്കൽതുകയുടെ 5% തുക ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരും, 10% തുക എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരും ഗുണഭോക്തൃവിഹിതമായി നൽകേണ്ടതുണ്ട്. ഫെറോസിമന്റ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന 10000 ലിറ്റർ ശേഷിയുള്ള സംഭരണികളാണ് ലഭ്യമാക്കുന്നത്.

പ്രസ്തുത പദ്ധതി കഴിഞ്ഞ വർഷം മുതൽ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു. “ ജല സൗഹൃദ വിദ്യാലയം" എന്ന് നാമകരണം ചെയ്ത് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയുടെ ആദ്യഘട്ടമെന്ന

നിലയിൽ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന 840 സർക്കാർ സ്കൂളുകൾക്കാണ് മഴവെള്ള സംഭരണി നിർമ്മിച്ചുനൽകുന്നത്. വ്യക്തിഗത കുടുംബങ്ങൾക്കുള്ള മഴവെള്ള സംഭരണ പദ്ധതിയുടെ ഭാഗമായി അഞ്ച് ജില്ലകളിലെ 15 ഗ്രാമ പഞ്ചായത്തുകളിലായി 4000 ത്തോളം കുടുംബങ്ങൾക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആനുകൂല്യം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. മഴവെള്ള സംഭരണം ജനകീയമാക്കുന്നതിനും വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിനുമായി കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയാണ് 'വർഷ' പദ്ധതി. കേരള വാട്ടർ അതോറിറ്റി 2002 മുതൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലായി 5748 യൂണിറ്റുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. വർഷ കാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽകാലത്ത് ഉപയോഗിക്കുന്നതിനാണ് മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ' പദ്ധതികൊണ്ട് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഭവനത്തിന് 5000 ലിറ്റർ എന്ന നിലയിൽ 2 ഭവനത്തിലേക്ക് 10000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചുവരുന്നത്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം XVI-A, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം XVI എന്നിവയിൽ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം കൊണ്ടുള്ള ഭൂജലപോഷണ സംവിധാനം, മഴവെള്ള സംഭരണ സംവിധാനം എന്നിവ വിവിധ കെട്ടിട നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പുൽ/ഓല കൊണ്ട് മേഞ്ഞ കൂരയുള്ള കെട്ടിടങ്ങളെയും 150 ചതുരശ്ര മീറ്റർ വരെ ഫ്ലോർ ഏരിയയും 320 ചതുരശ്ര മീറ്റർ വരെ പ്ലോട്ട് ഏരിയയും വരുന്ന ഏക കുടുംബ വാസഗൃഹങ്ങളെയും ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) 2008-ലെ ജലനയം കാലോചിതമായി പരിഷ്കരിക്കുന്നതിന് ആലോചിച്ചുവരുന്നു. ഹരിതകേരളം മിഷനിൽ ജലസുരക്ഷ ഒരു പ്രധാന ലക്ഷ്യമായി ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

**കരിമ്പ-കോങ്ങാട് കുടിവെള്ള പദ്ധതി**

135 (5773) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ജലവിതരണവുമായി ബന്ധപ്പെട്ട് എത്ര പ്രൊപ്പോസലുകൾ നിലവിൽ വകുപ്പിന്റെ പരിഗണനയിലുണ്ടെന്നുള്ള വിശദവിവരം നൽകുമോ;

(ബി) വാട്ടർ അതോറിറ്റി എം.ഡി.-ക്ക് 16-6-2016-ൽ സ്ഥലം എം.എൽ.എ. നൽകിയ കരിമ്പ - കോങ്ങാട് കുടിവെള്ള പദ്ധതി സംബന്ധിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അടക്കമുള്ള വിശദവിവരം നൽകാമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ 'കലണ്ടർ ഓഫ് ആക്ഷൻ'വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കോങ്ങാട് മണ്ഡലത്തിലെ ജലവിതരണവുമായി ബന്ധപ്പെട്ട 4 പ്രൊപ്പോസലുകൾ ജല അതോറിറ്റിയുടെ പരിഗണനയിലുണ്ട്.

1. കോങ്ങാട്, കരിമ്പ എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി.
2. പറളി, മുണ്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി.
3. തച്ചംപാറ, കാരക്കുറിശ്ശി എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ നീട്ടൽ.
4. പൊറ്റശ്ശേരി - I & II വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ നീട്ടൽ.

(ബി&സി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ 16-6-2016-ലെ കെ.വി./ 10058/2016 നമ്പർ കത്ത്, വാട്ടർ അതോറിറ്റി എം.ഡി-.യുടെ ഓഫീസിലെ 22-6-2016-ലെ കത്ത് മുഖേന ഉത്തര മേഖല ചീഫ് എഞ്ചിനീയറോട് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. പിന്നീട് കരിമ്പ, കോങ്ങോട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് 9-9-2016-ന് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് പ്രതിനിധികളുമായി ചേർന്ന യോഗത്തിൽ ഈ പദ്ധതി സംബന്ധിച്ച് പ്രൊപ്പോസൽ കാഞ്ഞിരപ്പുഴ ഡാം സ്രോതസ്സായി തയ്യാറാക്കാൻ തീരുമാനിച്ചു. കരിമ്പ, കോങ്ങോട് ഗ്രാമപഞ്ചായത്തിൽ പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടുനൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും അതിനാവശ്യമായ പഞ്ചായത്ത് തീരുമാനങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്ത് തീരുമാനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

**ചേലക്കര മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ**

136 (5774) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര ശുദ്ധജല വിതരണ പദ്ധതികൾ ഉണ്ട്;

(ബി) അവ ഏതെല്ലാമാണ്; പേരുവിവരം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് ശുദ്ധജലം എത്തിക്കാൻ കഴിയുന്നുണ്ട്;

(ഡി) ചേലക്കര മണ്ഡലത്തിലെ പഞ്ചായത്തുകളിൽ വേനൽ കാലത്ത് കടുത്ത ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത് കണക്കിലെടുത്തും/ഭൂഗർഭജലം വളരെ താഴ്ന്ന കിടക്കുന്നതും കണക്കിലെടുത്തും കുഴൽകിണർ സ്ഥാപിച്ച് കൊണ്ടുള്ള കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ&ബി) 15 ശുദ്ധജല പദ്ധതികൾ.

1. തിരുവില്വാമല, കൊണ്ടാഴി വില്ലേജുകൾക്കുവേണ്ടിയുള്ള ത്വരിത ശുദ്ധജല പദ്ധതി (ഭാഗം)
2. തിരുവില്വാമല ഗ്രാമീണ ശുദ്ധജല പദ്ധതി
3. ചേലക്കോട് ഗ്രാമീണ ശുദ്ധജല പദ്ധതി
4. മായന്നൂർ ഗ്രാമീണ ശുദ്ധജല പദ്ധതി
5. കുത്താംമ്പുള്ളി ഗ്രാമീണ ശുദ്ധജല പദ്ധതി
6. വീട്ടിക്കുന്ന് ഗ്രാമീണ ശുദ്ധജല പദ്ധതി
7. കടങ്ങോട്ടും സമീപ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതി
8. വരവൂർ ഗ്രാമീണ ശുദ്ധജല പദ്ധതി
9. ദേശമംഗലം ഗ്രാമീണ ശുദ്ധജല പദ്ധതി
10. ചേലക്കര സെൻസസ് ടൗണിലേയ്ക്കുള്ള ത്വരിത നഗര ശുദ്ധജല പദ്ധതി.
11. പങ്ങാരപ്പിള്ളി ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതി
12. മുള്ളൂർക്കര ഗ്രാമീണ ശുദ്ധജല പദ്ധതി
13. പാഞ്ഞാൾ ഗ്രാമീണ ശുദ്ധജല പദ്ധതി
14. ചെറുതുരുത്തി ഗ്രാമീണ ശുദ്ധജല പദ്ധതി
15. പന്നിയടി ഗ്രാമീണ ശുദ്ധജല പദ്ധതി

(സി) ഉദ്ദേശം 142130 പേർക്ക്.

(ഡി) ചേലക്കര മണ്ഡലത്തിലെ പദ്ധതികളുടെ സ്രോതസ്സ് പ്രധാനമായും ഭാരതപ്പുഴയാണ്. ഭാരതപ്പുഴയിൽ നീരൊഴുക്ക് കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമായി കുഴൽ കിണർ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ പരിഗണിക്കാവുന്നതാണ്. ചേലക്കര നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട ആലത്തൂർ എം.പി. പി.കെ. ബിജുവിന്റെ പ്രാദേശിക വികസന ഫണ്ടിലുൾപ്പെടുത്തി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്:

1. പഴയന്നൂർ ഗ്രാമപഞ്ചായത്ത്-വെങ്ങിണിച്ചിറ കുടിവെള്ള പദ്ധതി (12 ലക്ഷം രൂപ)
2. ചേലക്കര ഗ്രാമപഞ്ചായത്ത് - കോട്ടയിൽ കുളമ്പ് - അരിമോടൻ കുന്ന് കുടിവെള്ള പദ്ധതി - (10 ലക്ഷം രൂപ)
3. വരവൂർ ഗ്രാമപഞ്ചായത്ത് - നടുവട്ടം രാമുപടി കുടിവെള്ള പദ്ധതി (10 ലക്ഷം രൂപ)
4. മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് - മണ്ഡലംകുന്ന് കുടിവെള്ള പദ്ധതി (10 ലക്ഷം രൂപ)
5. തിരുവില്വാമല ഗ്രാമപഞ്ചായത്ത് - മലവട്ടം കുടിവെള്ള പദ്ധതി (10 ലക്ഷം രൂപ)
6. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് - നെടുംപുര കോവിൽ കുടിവെള്ള പദ്ധതി (10 ലക്ഷം രൂപ)

ഇതിൽ ആദ്യം പ്രതിപാദിച്ച വെങ്ങിണിച്ചിറ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കുഴൽ കിണർ നിർമ്മിക്കേണ്ട സ്ഥലം നെൽവയലായതിനാൽ തുലാവർഷം കഴിഞ്ഞ് പാടം നല്ലതുപോലെ ഉണങ്ങിയാൽ മാത്രമേ കുഴൽ കിണർ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. മറ്റുള്ള സ്ഥലങ്ങളിലെ എസ്റ്റിമേറ്റുകൾ ഭൂജല വകുപ്പ് ഡയറക്ടർ തയ്യാറാക്കിവരുന്നു.

## മൂലത്തറ റഗുലേറ്ററിന്റെ പുനർനിർമ്മാണം

137 (5775) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും തകർന്ന മൂലത്തറ റഗുലേറ്ററിന്റെ പുനർനിർമ്മാണ പ്രവർത്തികൾ സംബന്ധിച്ച് ടെണ്ടർ നടപടികൾ പൂർത്തിയായെങ്കിലും പണി ആരംഭിക്കുവാൻ താമസിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ;

(ബി) നിലവിൽ എത്ര രൂപയ്ക്കാണ് ടെണ്ടർ ഉറപ്പിച്ചിട്ടുള്ളത്; എത്രയും വേഗം പ്രസ്തുത പണി ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പണി എത്ര നാളുകൾക്കകം പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ; സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ (DRIP) ഭാഗമായാണ് മൂലത്തറ റഗുലേറ്ററിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. 25 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളുടെ ഓരോ ഘട്ടത്തിലും ലോക ബാങ്കിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. 49.50 കോടി രൂപയുള്ള പുനർനിർമ്മാണ പ്രവൃത്തികളാണ് മൂലത്തറയിൽ നടപ്പിലാക്കുന്നത്. പ്രോജക്ട് ടെംപ്ലേറ്റിനും ടെണ്ടർ രേഖകൾക്കും ലോക ബാങ്ക് അനുമതി നൽകിയതിനുശേഷമാണ് പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തത്. ടെണ്ടർ തുറന്നതിനുശേഷം സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, ടെണ്ടർ ഇവാല്യവേഷൻ റിപ്പോർട്ട് (BER) തയ്യാറാക്കുകയും ലോകബാങ്ക് അനുമതി നേടിയെടുക്കുന്നതിനുവേണ്ടി പ്രസ്തുത റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷൻ മുഖാന്തരം ലോക ബാങ്കിന് സമർപ്പിക്കുകയും ചെയ്തുവെങ്കിലും ലോക ബാങ്കിൽ നിന്നുമുള്ള അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. അനുമതി ലഭിച്ചതിനുശേഷം മാത്രമേ തുടർ നടപടികൾ സാധ്യമാകുകയുള്ളൂ. ഇതിനുപുറമേ M/s. Gen Machines Pvt. Ltd., Kohima, Nagaland (Lowest tenderer) ടെണ്ടർ നടപടികൾ സുതാര്യമല്ലെന്ന് ആരോപിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയും 20-10-2016-ലെ ഇടക്കാല ഉത്തരവിലൂടെ ഒരു മാസത്തേയ്ക്ക് ടെണ്ടർ തീർപ്പാക്കാൻ പാടുള്ളതല്ല എന്ന് കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഈ കേസിന്മേലുള്ള അന്തിമ വിധി വരേണ്ടതും ആവശ്യമാണ്.

(ബി) ടെണ്ടർ നാളിതുവരെ ഉറപ്പിച്ചിട്ടില്ല. ലോക ബാങ്കിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ ഉറപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അനുമതി ലഭിച്ചുകഴിഞ്ഞാൽ കാലതാമസം കൂടാതെ പണി ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുപുറമേ മേൽ പ്രതിപാദിച്ചിരിക്കുന്ന കേസിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയും ലഭിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത പണി എഗ്രിമെന്റ് വച്ചതിനുശേഷം 21 മാസങ്ങൾ കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. പണി ആരംഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പണി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## കുളിമാട് ഗ്രാമീണ കുടിവെള്ള പദ്ധതി

138 (5776) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.പി.സി. പദ്ധതി പ്രകാരം നടപ്പിലാക്കിയ കുളിമാട് ഗ്രാമീണ കുടിവെള്ള പദ്ധതി നിലവിൽ ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താൻ പ്രയാസം നേരിടുന്നതിനാൽ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് മാവൂർ ശുദ്ധീകരണശാലയിൽ നിന്ന് കുടിവെള്ളം ലഭ്യമാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിൽവരുത്തുന്നപക്ഷം ചാത്തമംഗലം പഞ്ചായത്തിലെ പതിനഞ്ചായിരത്തിലേറെ ആളുകൾക്ക് കുടിവെള്ളമെത്തിക്കാൻ സാധിക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നടപ്പിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ&ബി) കുളിമാട് ഗ്രാമീണ കുടിവെള്ള പദ്ധതി നിലവിൽ ഗ്രാമ പഞ്ചായത്തിന് ഏറ്റെടുത്ത് നടത്താൻ ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്ക് കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ ജല ശുദ്ധീകരണ ശാലയിൽ നിന്നും വെള്ളം നൽകണമെന്ന ആവശ്യം നിലവിലുണ്ട്. ഇതുസംബന്ധിച്ച് തിരുവനന്തപുരത്ത് വച്ച് ചേർന്ന നിയോജകമണ്ഡല അവലോകന യോഗത്തിന്റെ തീരുമാനമായി മേൽപ്പറഞ്ഞ പ്രൊപ്പോസലിന്റെ എസ്റ്റിമേറ്റും റിപ്പോർട്ടും തയ്യാറാക്കി വരുന്നു.

## രൂക്ഷമായ വരൾച്ച നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ

139 (5777) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ മണ്ണിരകൾ കൂട്ടമായി ചത്തൊടുങ്ങിയ പ്രതിഭാസം സംസ്ഥാനത്ത് അതിരൂക്ഷമായ വരൾച്ച ഉണ്ടാകാനുള്ള സൂചനയായി ജലവിഭവ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വരൾച്ചയെ നേരിടുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന മുൻകരുതലുകളും തയ്യാറെടുപ്പുകളും എന്തൊക്കെയാണ്;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ വരൾച്ചയും ജലക്ഷാമവും അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ പ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ നിലവിലുണ്ടോ; പദ്ധതികൾ ഉള്ളയിടങ്ങളിൽ അത് പര്യാപ്തമാണോ;

(ഡി) പുതുതായി പദ്ധതികൾ വേണ്ടത് എവിടെയെല്ലാം; അതിനുള്ള ജലസ്രോതസ്സ് എവിടെയാണുള്ളത്; വിശദമാക്കാമോ; ഫീസിബിലിറ്റി സ്റ്റഡിയുടെ അടിസ്ഥാനത്തിൽ കൊയിലാണ്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളെ സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഇ) പുതുതായി എവിടെയെല്ലാം കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണിരകൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്ന പ്രതിഭാസത്തെക്കുറിച്ച് ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ മഴക്കുറവ്, വരാനിരിക്കുന്ന വരൾച്ചയുടെ സൂചനയായി വിലയിരുത്താവുന്നതാണ്. നിരവധി ചെക്ക്ഡാമുകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ചും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കിയും നദികളിലെയും തോടുകളിലെയും നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനും കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപപ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുന്നതിനും കുടിവെള്ളം, കാർഷികാവശ്യം, പാരിസ്ഥിതിക ധർമ്മങ്ങൾ എന്നിവയ്ക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിനും മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. ജല അതോറിറ്റി താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക.
2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കംചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.
6. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുക.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുക.

8. കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുക.

9. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുക.

10. പണികൾ അവസാന ഘട്ടത്തിലെത്തി നിൽക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജലലഭ്യത ഉറപ്പാക്കുന്നുണ്ട്.

വിവിധ ചെറുകിട കുടിവെള്ള പദ്ധതികൾ, ഹാന്റ് പമ്പ് സ്കീമുകൾ, കുഴൽകിണർ/ട്യൂബ്‌വെൽ നിർമ്മാണം മുതലായവ പൂർത്തീകരിക്കുന്നതോടെ പ്രാദേശികാടിസ്ഥാനത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം ഒരു പരിധിവരെ നേരിടുന്നതിന് സാധിക്കും.

(ബി) ഉണ്ട്. കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന കൊയിലാണ്ടി, പയ്യോളി മുനിസിപ്പാലിറ്റികളിലും, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, മൂടാടി, തിക്കോടി തുടങ്ങിയ പഞ്ചായത്തുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

(സി) നിലവിലുള്ള ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകളൊന്നുംതന്നെ പര്യാപ്തമല്ല.

<u>കൊയിലാണ്ടി മണ്ഡലത്തിൽ നിലവിലുള്ള പദ്ധതികൾ</u> :

1. കോട്ടക്കുന്ന് WSS - പയ്യോളി നഗരസഭ
2. കോട്ടത്തുരുത്തി WSS - പയ്യോളി നഗരസഭ
3. പയ്യോളി WSS - പയ്യോളി നഗരസഭ
4. ഇരിങ്ങൽമുരാട് WSS - പയ്യോളി നഗരസഭ
5. കിടഞ്ഞിക്കുന്ന് WSS – തിക്കോടി ഗ്രാമപഞ്ചായത്ത്
6. തിക്കോടി WSS – തിക്കോടി ഗ്രാമപഞ്ചായത്ത്

7. മൊയിലൂർക്കുന്ന് WSS – മൂടാടി ഗ്രാമപഞ്ചായത്ത്

8. വീരവഞ്ചേരി WSS – മൂടാടി ഗ്രാമപഞ്ചായത്ത്

9. വരുക്കുന്ന് WSS – കൊയിലാണ്ടി നഗരസഭ

10. കക്കരാട്ട് കുന്ന് WSS – കൊയിലാണ്ടി നഗരസഭ

11. കൊയിലാണ്ടി ടൗൺ WSS – കൊയിലാണ്ടി നഗരസഭ

12. കോമത്തുകര WSS – കൊയിലാണ്ടി നഗരസഭ

13. മൂഴിക്കമീത്തൽ WSS – കൊയിലാണ്ടി നഗരസഭ

ചെങ്ങോട്ടുകാവ്, ചേമഞ്ചേരി പഞ്ചായത്തുകളിൽ കേരള ജല അതോറിറ്റി പരിപാലിക്കുന്ന പദ്ധതികളൊന്നുമില്ല.

(ഡി&ഇ) കൊയിലാണ്ടി മണ്ഡലത്തിൽ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ ആവശ്യമാണ്. ആദ്യപടിയായി കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലേക്ക് 85 കോടി രൂപയുടെ പദ്ധതിക്ക് പ്രഥമ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കുപുറമേ കോട്ടൂർ, നടവണ്ണൂർ, അരിക്കുളം പഞ്ചായത്തുകളും ഉൾപ്പെടുന്നു. കൊയിലാണ്ടി മണ്ഡലത്തിലുൾപ്പെടുന്ന പയ്യോളി മുനിസിപ്പാലിറ്റിയും തിക്കോടി, മൂടാടി ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്ന (മറ്റു മണ്ഡലങ്ങളിലെ ചെറുവണ്ണൂർ, തുറയൂർ, കീഴരിയൂർ, മേപ്പയൂർ, നോച്ചാട്, മരുതങ്കര, കാവിലും പാറ, കുരാച്ചുണ്ട്, പനങ്കാട്, ഉണ്ണിയാളം എന്നീ പഞ്ചായത്തുകളും) ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് (പെരുവണ്ണാമുഴി ഡാം സ്രോതസ്സായി) പഠനം നടത്തിവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലായാൽ കൊയിലാണ്ടി മണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളിലും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാകും.

## വരൾച്ച നേരിടുന്നതിന് നടപടികൾ

140 (5778) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെക്കോർഡ് മഴക്കുറവിനെത്തുടർന്ന് സംസ്ഥാനം കൊടും വരൾച്ചയിലേക്ക് നീങ്ങുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വരൾച്ച നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) വെള്ളം അധികമുള്ള ഡാമുകൾ, നദികൾ എന്നിവയിൽ നിന്ന് വെള്ളം കുറഞ്ഞ ഡാമുകൾ, നദികൾ എന്നിവയിലേക്ക് വെള്ളം പമ്പ് ചെയ്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. മിക്കവാറും എല്ലാ നദികളിലും നീരൊഴുക്ക് കുറയുകയും ജല സംഭരണികളിൽ ജലവിതാനം താഴ്ന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൂൺ ഒന്ന് മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ കേരളത്തിൽ ലഭിക്കേണ്ടിയിരുന്ന ശരാശരി കാലവർഷ മഴയുടെ അളവിൽ 34 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സമീപകാലത്തെ ഏറ്റവും വലിയ കുറവാണിത്. വയനാട് ജില്ലയിലാണ് ഏറ്റവും കുറവ് (59%) അനുഭവപ്പെട്ടിട്ടുള്ളത്. ഇത് കണക്കിലെടുത്ത് ലഭ്യമായ ജലം പാഴാക്കാതെ ഗാർഹിക, കാർഷിക ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള മുൻ കരുതൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ജലസേചന വകുപ്പിലെ ജില്ലാതല ആഫീസർമാരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് (ചെറുകിട ജലസേചനം/വൻകിട ജലസേചനം) നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഭൂജലവിതാനം നിരീക്ഷിക്കുന്നതിനായി ഭൂജല വകുപ്പ് നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്നുമുള്ള ജലവിതാനവും, വെള്ളത്തിന്റെ സാമ്പിളുകളും ശേഖരിച്ച് പഠന വിധേയമാക്കുന്നുണ്ട്. ഇതിൽ നിന്നും സംസ്ഥാനത്ത് ഭൂജലനിരപ്പ് സ്ഥിരമായി കുറയുന്നതായി കാണുന്നില്ല. നേരിയ കുറവ് ഭൂരിഭാഗം തുറന്ന കിണറുകളിലും അനുഭവപ്പെടുന്നുണ്ട്. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് മൺസൂൺ മഴയുടെ അളവിൽ കുറവ് വന്നിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ജലനിധി പഞ്ചായത്തുകളിൽ വരൾച്ചാ സാഹചര്യം മുൻകൂട്ടി കണ്ടുകൊണ്ട് വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ഭൂജലപരിപോഷണം നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കടുത്ത വരൾച്ച മുന്നിൽ കണ്ടുകൊണ്ട് ജല അതോറിറ്റി താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു:

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക.
2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പുലൈൻ ദീർഘിപ്പിച്ച് ജലമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.

6. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുക.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുക.

8. കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുക.

9. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുക.

10. പണികൾ അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിനാവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

തുലാവർഷക്കാലത്ത് ലഭിക്കുമെന്ന് കരുതുന്ന മഴവെള്ളം സംരക്ഷിച്ച് ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി കുളങ്ങളുടെ നവീകരണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം, നബാർഡ് ധനസഹായത്തോടെയുള്ള ചെറുകിട-ഇടത്തരം ജലസേചന പ്രവൃത്തികൾ, തടയണ, റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണം എന്നിവ കൂടാതെ കനാലുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കി ലഭ്യമായ ജലം പാഴാക്കാതെ ഗാർഹിക, കാർഷിക ആവശ്യത്തിന് വിതരണം നടത്തുന്നതിനും ജലസേചന വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനുപുറമേ, സംസ്ഥാന സർക്കാർ

നടപ്പിലാക്കാൻ പോകുന്ന ഹരിത കേരളം മിഷനിൽ ഉൾപ്പെടുത്തി കുളങ്ങൾ, തോടുകൾ എന്നിവ നീർത്തടാടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതിനും ലക്ഷ്യമിടുന്നു.

വരൾച്ച നേരിടുന്നതിന് ചെറുകിട കുടിവെള്ള പദ്ധതികൾ ഹാന്റ് പമ്പ് സ്കീമുകൾ, കുഴൽ കിണർ/ട്യൂബ്വെൽ നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജലസംപോഷണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ നേരിടുന്നതിനുവേണ്ടി വകുപ്പ് അവലംബിച്ചുവരുന്നു.

ജലനിധിയുടെ എല്ലാ പഞ്ചായത്തുകളിലും ജലസുരക്ഷാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതിലെ നിർദ്ദേശമനുസരിച്ച് ഭൂഗർഭജല പരിരക്ഷയും, പുനരുജ്ജീവനവും നടത്തിവരുന്നു. അതിന്റെ ഭാഗമായി ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് കുടിവെള്ള സ്രോതസ്സുകളിൽ ജലസുരക്ഷ ഉറപ്പുവരുത്തുന്നു. ഇതിനുവേണ്ടി തടയണകൾ, ചെക്ക് ഡാമുകൾ, ജലസംരക്ഷണ ഭിത്തികൾ (കോണ്ടൂർ ബണ്ടുകൾ), റൂഫ് വാട്ടർ, വെൽ റീചാർജ്ജ്, മണ്ണിനടിയിൽ തടയണകൾ, കുളങ്ങളുടെ സംരക്ഷണം തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

(സി) കെ.എസ്.ഇ.ബി.-യുടെയും ജലവിഭവ വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള ജലസംഭരണികളിലെ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് രണ്ട് വകുപ്പുകളുടെയും ഏകോപനത്തിന് സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മുൻ വർഷം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കല്ലട ജലസേചന പദ്ധതിയിൽ നിന്ന് കനാൽമാർഗ്ഗം ശാസ്താംകോട്ട കുടിവെള്ള പദ്ധതിക്ക് ജലം എത്തിച്ചു നൽകിയതുവഴി കൊല്ലം പട്ടണത്തിലെയും സമീപ ഗ്രാമപഞ്ചായത്തുകളിലെയും കുടിവെള്ള വിതരണം സുഗമമായി നിർവ്വഹിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

## ലെക്കിടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

141 (5779) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ ലെക്കിടി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ ഏതെല്ലാം പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ലെക്കിടി ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ വിശദാംശം നൽകുമോ?

## ഉത്തരം

(എ&ബി) ലെക്കിടി ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന പദ്ധതികൾ (RWSS-ലെക്കിടി, പേരൂർ BWSS- മുളഞ്ഞൂർ, BWSS - അകലൂർ, BWSS - പാലക്കുറിശ്ശി പറമ്പ്, RWSS ഞാവലിൻ കടവ്) ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ ലെക്കിടി ഗ്രാമപഞ്ചായത്തിലെ നെല്ലിക്കാറുശ്ശി കുഴൽ കിണർ പദ്ധതി മാത്രമാണ് ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ളത്. വേനൽ രൂക്ഷമാകുന്നതോടുകൂടി നെല്ലിക്കുറിശ്ശി പദ്ധതിയിൽ അഡീഷണൽ പമ്പിംഗിനായി അധിക ഷിഫ്റ്റ് ഏർപ്പെടുത്തേണ്ടി വരും. ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി ഗ്രാമപഞ്ചായത്തിനെ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ രണ്ടാം ബാച്ച് പഞ്ചായത്തായി ഉൾപ്പെടുത്തിയിട്ടുണ്ട്. ലെക്കിടി ഗ്രാമപഞ്ചായത്തിലെ 106 കുടുംബങ്ങൾക്ക് വേണ്ടിയുള്ള സംഘമിത്ര എന്ന ജലനിധി പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു.

(സി) ലെക്കിടി ഗ്രാമപഞ്ചായത്ത് വഴി മൂന്ന് പദ്ധതികളാണ് ജലനിധി നടപ്പിലാക്കുന്നത്.

1. സംഘമിത്ര – പദ്ധതി പൂർത്തീകരിച്ചു.
2. ലെക്കിടി പേരൂർ ബൃഹത് പദ്ധതി - ഭാരതപ്പുഴയിലെ ലെക്കിടി തടയണയെ സ്രോതസ്സാക്കി 3400 കുടുംബങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് 10.28 കോടിയുടെ സാങ്കേതികാനുമതി ലഭിച്ച ബൃഹത് പദ്ധതിയുടെ 95% പൂർത്തീകരിച്ചു. 98 കിലോമീറ്ററുള്ള വിതരണ ശൃംഖലയിലെ 64 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു, പ്ലാന്റ്, ടാങ്ക് എന്നിവയുടെ പണികൾ എന്നിവ 2017 മാർച്ച് 31-നുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുന്ന തരത്തിലുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.
3. ഞാവലിൻ കടവ് പുനരുദ്ധാരണ പദ്ധതി - എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കുടിവെള്ള ക്ഷാമം**

142 (5780) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൻപുറങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാകാൻ പോകുന്നതിനാൽ ഇതിന്റെ മുൻകരുതലായി കുടിവെള്ളത്തിനായി ഗ്രാമപഞ്ചായത്ത് തോറും എന്തെങ്കിലും കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ ഏതൊക്കെ സ്കീമിലാണ് ഇപ്പോൾ കുടിവെള്ള പദ്ധതി ഉള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കടുത്ത വരൾച്ച മുന്നിൽ കണ്ടുകൊണ്ട് വാട്ടർ അതോറിറ്റി താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു:

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പു സെറ്റുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തുന്നതിനും, കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

8. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

9. പണികൾ അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കും.

ജലശുദ്ധീകരണശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വിതരണ ശൃംഖലകൾ ഇല്ലാത്തതുമൂലം മുടങ്ങിക്കിടക്കുന്ന 9 പദ്ധതികൾക്കായി 2016-17 ലെ ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 162 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോകബാങ്ക് ധന സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജലനിധി രണ്ടാംഘട്ട പദ്ധതി കെ.ആർ. ഡബ്ല്യു.എസ്.എ. മുഖേന 115 പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. റീസ്ട്രക്ച്ചർ ചെയ്ത പദ്ധതിയനുസരിച്ച് 1358.53 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി 2018 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ജലനിധി പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ജലസംരക്ഷണം ഭൂജല പരിപോഷണം എന്നീ കർമ്മ പദ്ധതികളും ജലനിധി ആവിഷ്കരിച്ചിട്ടുണ്ട്. കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർമ്മ പരിപാടികൾ നടപ്പാക്കിവരുന്നു. സുസ്ഥിര കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് സാധ്യമായ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ബഹത് പദ്ധതികളിൽ നിന്നും കുടിവെള്ളം ബൾക്ക് ആയി വാങ്ങി

ജലനിധി മാതൃകയിൽ വിതരണം നടത്തുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 3 മൾട്ടി ജി.പി. ബൃഹത് പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി, സമീപ പഞ്ചായത്തുകൾക്ക് ജല വിതരണം നടത്തുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. രണ്ട് പുതിയ മൾട്ടി ജി.പി പദ്ധതികൾ (നെടുമ്പാശ്ശേരിയും സമീപ പഞ്ചായത്തുകൾക്കും, ചീക്കോടും സമീപ പഞ്ചായത്തുകൾക്കും) കൂടി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

കിണർ റീചാർജ്ജിംഗ്, കിണറുകളുടെ ആഴം കൂട്ടൽ എന്നീ പ്രവർത്തനങ്ങൾ കുടിവെള്ള ക്ഷാമം രൂക്ഷമാകാൻ പോകുന്നതിന്റെ മുൻകരുതലായി ഗ്രാമപഞ്ചായത്ത് തോറും നടപ്പിലാക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും, നബാർഡ്, ജിക്ക തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ നടപ്പിലാക്കുന്ന സ്കീമുകളാണ് ഇപ്പോൾ കുടിവെള്ള പദ്ധതികൾക്കുള്ളത്. ഇതുകൂടാതെ തീരദേശ വികസന വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്, പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഡെപ്പോസിറ്റായി ലഭിക്കുന്ന തുക ഉപയോഗിച്ചും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. 5-10-2016-ലെ 279/ഡി.ഡി.2/2016 /തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള സ്രോതസ്സുകളുൾപ്പെടെയുള്ള ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ, മൺതടയണകൾ, നില അണകൾ, ചെക്ക് ഡാമുകൾ തുടങ്ങിയ നിർമ്മിതികൾ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലനിധി മുഖേന കുടിവെള്ള പദ്ധതികൾ, വാട്ടർ അതോറിറ്റി മുഖേന ജലവിതരണം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

### പുഴയോരവും പുഴക്കരയും സംരക്ഷിക്കുന്നതിനായി പദ്ധതികൾ

143 (5781) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ പുഴയോരവും, പുഴക്കരയും സംരക്ഷിക്കുന്നതിനായി തയ്യാറാക്കി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം ഭരണാനുമതിക്കായി പരിഗണിച്ചുവെന്ന് വ്യക്തമാക്കാമോ; എത്ര തുകയുടെ പദ്ധതിക്കാണ് ഭരണാനുമതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ ; ഭരണാനുമതി ലഭിച്ച പദ്ധതികളിൽ പൂർത്തിയായത് ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) പദ്ധതികൾ, ഭരണാനുമതി ലഭിച്ചവ, പൂർത്തിയാക്കിയവ എന്നിവയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കൊയിലാണ്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

144 (5782) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ പൊതുസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് പ്രവർത്തനക്ഷമമല്ലാത്തത്; പൂർണമായി നിലച്ചുപോയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഫലപ്രദമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇതിനാൽ സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിലയിരുത്തിയിട്ടുണ്ട്. മണ്ഡലത്തിലെ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥയും സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു.*

(സി) കൊയിലാണ്ടി മണ്ഡലത്തിലെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ ആവശ്യമാണ്. ആദ്യപടിയായി കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലേക്ക് 85 കോടി രൂപയുള്ള പദ്ധതിക്ക് പ്രഥമ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേക്കാവശ്യമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കു പുറമേ കോട്ടൂർ, നടവണ്ണൂർ, അരിക്കുളം പഞ്ചായത്തുകളും ഉൾപ്പെടുന്നു. കൊയിലാണ്ടി മണ്ഡലത്തിൽപ്പെടുന്ന പയ്യോളി മുനിസിപ്പാലിറ്റിയും തിക്കോടി, മൂടാടി ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്ന (മറ്റു മണ്ഡലങ്ങളിലെ ചെറുവണ്ണൂർ, തുറയൂർ, കീഴരിയൂർ, മേപ്പയൂർ, നൊച്ചാട്, മരുതങ്കര, കാവിലും പാറ, കുരാച്ചുണ്ട്, പനങ്കാട്, ഉണ്ടിയാളം എന്നീ പഞ്ചായത്തുകളും) ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് (പെരുവണ്ണാമൂഴി ഡാം സ്രോതസ്സായി) പഠനം നടത്തിവരുന്നു.

**ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

145 (5783) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. പി. കെ. ശശി :

ശ്രീ. എം. സ്വരാജ് :

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭൂജല വകുപ്പ് കൃത്രിമ ഭൂജല പരിപോഷണ സംവിധാനങ്ങളിലൂടെ ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ വിശദ പഠനങ്ങൾ നടത്തി ഭൂജലവിതാനത്തിൽ കുറവുള്ള പ്രദേശങ്ങളെ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഭൂജല ലഭ്യതയിൽ കാര്യമായ കുറവ് ഉണ്ടാകുകയും ജലം പൂർണ്ണമായി വറ്റുകയും ചെയ്ത പ്രദേശങ്ങളിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി വിശദമായ ഹൈഡ്രോജിയോളജിക്കൽ, ജിയോ ഫിസിക്കൽ, സ്ലഗ് ടെസ്റ്റ് പരിശോധനകൾക്കു ശേഷം ബോർവെൽ റീ ചാർജ്ജ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) അനുയോജ്യമായ പ്രദേശങ്ങളിൽ തടയണകൾ, അടിയണകൾ, തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണം, ബോർവെൽ റീചാർജ് എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) കേന്ദ്ര ഭൂജലബോർഡും സംസ്ഥാന ഭൂജല വകുപ്പും സംസ്ഥാനത്തെ ഭൂജലത്തിന്റെ അളവ് സംബന്ധിച്ച പഠനങ്ങൾ നടത്തിവരുന്നുണ്ട്. വാട്ടർ ഷെഡ് അടിസ്ഥാനമാക്കിയുള്ള ഡാറ്റ അനുസരിച്ചാണ് ഇത്തരം പഠനങ്ങൾ നടത്തുന്നത്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജല ലഭ്യതയനുസരിച്ച് ബ്ലോക്കുകളെ ഓവർ എക്സ്പ്ലോയിറ്റഡ് ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ, സെയ്ഫ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്.

(സി) മുൻകാലങ്ങളിൽ ജല ലഭ്യതയുണ്ടായിരുന്നതും നിലവിൽ ജല ലഭ്യതയില്ലാത്തതുമായ കുഴൽകിണറുകളിൽ കൃത്രിമ ഭൂജല സംപോഷണം നടത്തിവരുന്നു.

## പ്ലാസ്റ്റിക് കുപ്പികളിലെ കുടിവെള്ളത്തിന് അമിതമായ വില

146 (5784) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് കുപ്പികളിൽ വിപണനം ചെയ്യുന്ന കുടിവെള്ളത്തിന് അമിതമായ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുപ്പിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്ലാസ്റ്റിക് കുപ്പികളിൽ വിപണനം ചെയ്യുന്ന കുടിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നത് ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ഇതുസംബന്ധിച്ച പരാതി ജലവിഭവ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) ജലസേചന വകുപ്പിനു കീഴിലെ കുപ്പിവെള്ളമായ 'ഹില്ലി അക്വാ' കുപ്പിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുവേണ്ടി ബി.ഐ.എസ്. നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മ ടെസ്റ്റുകൾ, ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ അനുമതി, ഐ.എസ്.ഒ.-യുടെ അംഗീകാരം എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

(സി) കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ വിപണിയിൽ ഒരു ലിറ്ററിന്റെ ഒരു കുപ്പിക്ക് 20 രൂപയും രണ്ട് ലിറ്ററിന്റെ ഒരു കുപ്പിക്ക് 30 രൂപയ്ക്കു മുകളിലുമാണ് വില ഈടാക്കുന്നത്. എന്നാൽ വില നിയന്ത്രണത്തിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 'ഹില്ലി അക്വാ' എന്ന പേരിലുള്ള കുപ്പിവെള്ളത്തിന് ഒരു ലിറ്ററിന്റെ ഒരു കുപ്പിക്ക് 15 രൂപയും രണ്ട് ലിറ്ററിന്റെ ഒരു കുപ്പിക്ക് 20 രൂപയുമാണ് വില ഈടാക്കുന്നത്. ജല അതോറിറ്റിയുടെ ആഭിമുഖ്യത്തിലും കുപ്പി വെള്ളം വിപണിയിലെത്തിക്കുവാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

**കാഞ്ഞിരപ്പുഴ ശുദ്ധജല വിതരണ പദ്ധതി**

147 (5785) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലേയ്ക്കുള്ള കാഞ്ഞിരപ്പുഴ ശുദ്ധജല വിതരണ പദ്ധതിയുടെ എക്സ്റ്റൻഷൻ സ്കീം നടപ്പിലാക്കുന്നതിലേയ്ക്കായി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റി എം.ഡി.-യ്ക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) NRDWP പൊറ്റശ്ശേരി I & II കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ പ്രവർത്തിയിൽ ഭരണാനുമതി തുകയിൽ ടെൻഡർ വ്യതിയാനംമൂലം ബാക്കി വന്ന ഒരു കോടി രൂപ ഉപയോഗിച്ച് വിതരണ ശൃംഖല ദീർഘിപ്പിക്കണം എന്നായിരുന്നു നിവേദനത്തിലെ ആവശ്യം. ഇതുപ്രകാരം പൊറ്റശ്ശേരി I&II വില്ലേജിലെ എല്ലാ പ്രദേശത്തേയ്ക്കും ശുദ്ധജലം ലഭ്യമാക്കുന്നതിലേക്കായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ അതിന് 183 ലക്ഷം രൂപ വേണ്ടി വരും എന്ന് കണ്ടതിനാൽ ഇതനുസരിച്ച് പുതിയ പ്രോജക്ടായി റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

**ജലസംഭരണികളും ജലസ്രോതസ്സുകളും മാലിന്യ മുക്തമാക്കുന്നതിന് പദ്ധതി**

148 (5786) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാരാളം ജലസംഭരണികളും ജലസ്രോതസ്സുകളും മാലിന്യ കൂമ്പാരങ്ങളായി മാറിയിരിക്കുന്ന ദുരവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഇവയെ മാലിന്യ മുക്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതികൾ ഇല്ലെങ്കിൽ, തദ്ദേശ സ്വയം ഭരണ വകുപ്പ് ആരോഗ്യ വകുപ്പ്, മലിനീകരണ നിയന്ത്രണ വകുപ്പ് എന്നീ വകുപ്പുകളെയും കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി ഇവയെയും ഏകോപിപ്പിച്ചുകൊണ്ട് ജല സ്രോതസ്സുകളെ മാലിന്യ മുക്തമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്; ജലമലിനീകരണവുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളേണ്ടത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ്. ജലസ്രോതസ്സുകളുടെ സുരക്ഷയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 'ഹരിത കേരളം' എന്ന ഒരു പുതിയ പദ്ധതിക്ക് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ശുചിത്വം-മാലിന്യ സംസ്കരണം എന്നീ മേഖലകൾക്ക് പ്രത്യേകം പ്രാധാന്യം നൽകിയിട്ടുണ്ട്.

**പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി**

149 (5787) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) നിരവധി പദ്ധതികൾ ഉണ്ടായിട്ടും സാധാരണക്കാർ കുടിവെള്ളം ലഭിക്കാതെ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; അതിന് അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) കാസർകോട് ജില്ലയിൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ഇ) ജപ്പാൻ കുടിവെള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; കാസർകോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് നൽകാമോ;

(എഫ്) ജപ്പാൻ കുടിവെള്ള പദ്ധതി ഇനി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്നതിനായി കേന്ദ്ര സർക്കാർ മുഖേനയുള്ള എൻ.ആർ.ഡി.ഡബ്ല്യൂ.പി. ഫണ്ട് ഉപയോഗിച്ചും നബാർഡിന്റെ ഫണ്ട് ഉപയോഗിച്ചും ജലനിധിയുടെ ഫണ്ട് ഉപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കാറുണ്ട്. ഇതുകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ന്യൂനപക്ഷ വകുപ്പ്, ത്രിതല

പഞ്ചായത്ത് മുതലായവയുടെ ഫണ്ട് ഉപയോഗിച്ചും, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചും പഞ്ചായത്തുകളുടെ ആവശ്യപ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെറുകിട പദ്ധതികൾ നടപ്പിലാക്കാറുണ്ട്. കൂടാതെ 2016-17-ലെ ബജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 987 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി 71 പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജലനിധി രണ്ടാംഘട്ട പദ്ധതി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേന 115 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. റീസ്ട്രക്ചർ ചെയ്ത പദ്ധതിയനുസരിച്ച് 1358.53 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി 2018 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജലനിധി പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ കർമ്മ പദ്ധതികളും ജലനിധി ആവിഷ്കരിച്ചിട്ടുണ്ട്. കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർമ്മ പരിപാടികൾ നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. 2011-12 മുതൽ 2015-16 വരെ അനുവദിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. 2009 മുതൽ മേൽ പദ്ധതി നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (എൻ.ആർ.ഡി.ഡബ്ല്യൂ.പി.) എന്നാണ് അറിയപ്പെടുന്നത്.

(ഡി) കാസർഗോഡ് ജില്ലയിൽ രാജീവ് ഗാന്ധി പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) ജപ്പാൻ കുടിവെള്ള പദ്ധതിക്കായുള്ള ജപ്പാൻ ധനസഹായം 27-7-2015-ൽ അവസാനിച്ചു. ഈ പദ്ധതിയുടെ ശേഷിച്ച പ്രവൃത്തികൾ സംസ്ഥാന ധനസഹായത്തോടെ പൂർത്തിയായിവരുന്നു. കാസർഗോഡ് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അംഗൻവാടികളിലും സ്കൂളുകളിലും ആശുപത്രികളിലും ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി

150 (5788) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ അംഗൻവാടികളിലും സ്കൂളുകളിലും ആശുപത്രികളിലും ശുദ്ധജലം ലഭിക്കുന്നുവെന്ന് സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ വിതരണ പൈപ്പ് ലൈനുകൾ കടന്നു പോകുന്ന ഭാഗങ്ങളിൽ സ്വന്തമായി കെട്ടിടങ്ങളുള്ള സ്കൂളുകൾ, അംഗൻവാടികൾ, ആശുപത്രികൾ എന്നിവയ്ക്ക് ജലലഭ്യത അനുസരിച്ച് അതാത് സ്ഥാപനങ്ങളുടെയും അപേക്ഷയുടെ അടിസ്ഥാനത്തിൽ വാട്ടർ കണക്ഷൻ നൽകി ജലവിതരണം നടത്താറുണ്ട്. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ഐ.സി.ഡി.എസ്. ബ്ലോക്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ അംഗൻവാടികളിലും (175 എണ്ണം) ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായം വിനിയോഗിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനോടകം 100 ഓളം അംഗൻവാടികൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുള്ള ജോലികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ ജോലികൾ പുരോഗമിക്കുന്നു. 2017 മേയ് അവസാനത്തോടെ എല്ലാ ജോലികളും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) വിതരണ പൈപ്പ് ലൈനുകൾ ഇല്ലാത്ത പ്രദേശങ്ങളിലുള്ള ഇത്തരം സ്ഥാപനങ്ങൾക്ക് ജല ലഭ്യത അനുസരിച്ച് പൈപ്പ് ലൈൻ നീട്ടി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ശുദ്ധജലം ലഭ്യമല്ലാത്ത അംഗൻവാടികൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെന്നതിനാൽ ശുദ്ധജലം ലഭ്യമല്ലാത്ത അംഗൻവാടികളിൽ ശുദ്ധ ജലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

151 (5789) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലക്ഷാമം രൂക്ഷമാവുമ്പോൾ സ്വകാര്യ ജലവിതരണ ഏജൻസികളും, സർക്കാർ ഏജൻസികളും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജല ഗുണനിലവാര പരിശോധന കൃത്യമായ ഇടവേളകളിൽ നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(സി) പരിശോധനക്കായി എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ഡി) പരിശോധന റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജലനിധി പദ്ധതിയിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാറുണ്ട്. ജലനിധി പദ്ധതിയുടെ ഭാഗമായി കുടിവെള്ള സ്രോതസ്സ് തിരഞ്ഞെടുക്കുന്ന സമയത്തും, പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുമ്പോഴും, കൂടാതെ പദ്ധതിയുടെ നടത്തിപ്പ സമയത്തും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാറുണ്ട്. നിലവിൽ ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരവും പരിശോധിച്ചുവരുന്നു. മറ്റ് ഏജൻസികളുടെ കുടിവെള്ള സാമ്പിളുകൾ കേരള വാട്ടർ അതോറിറ്റി സ്വമേധയാ പരിശോധിക്കാറില്ല. എന്നാൽ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ ആവശ്യപ്രകാരം കുടിവെള്ള സാമ്പിളുകളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ട്.

(ബി) ജലനിധി പദ്ധതി നടത്തിപ്പുകാരായ ഗുണഭോക്തൃ സമിതികൾ പദ്ധതി നടത്തിപ്പ വേളയിൽ കൃത്യമായ ഇടവേളകൾ പാലിക്കാറില്ലെങ്കിലും ഗുണനിലവാര പരിശോധനകൾ നടത്താറുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ ലാബുകളിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ വാട്ടർ സാമ്പിളുകൾ ശേഖരിച്ച് ഇൻഡ്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തി ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചുവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ കിണറുകൾ, ട്യൂബ് വെല്ലുകൾ, നദികൾ എന്നിവയിൽ നിന്നും മറ്റും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാഫലം IMIS വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിവരുന്നു:

(സി) ശുദ്ധജല ഗുണനിലവാര പരിശോധനയ്ക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 14 ജില്ലാതല ലാബുകളും 33 സബ്ഡിവിഷണൽ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നു.

(ഡി) പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര പ്രശ്നമുള്ള ജലനിധി വാട്ടർ സപ്ലൈ സ്കീമുകളിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഫിൽറ്ററേഷൻ സംവിധാനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ ജലശുദ്ധീകരണത്തിന് ആവശ്യമായ ആലം, ലൈം, ക്ലോറിൻ ഇവയുടെ അളവ് തീരുമാനിക്കുന്നത് അസംസ്കൃത ജലത്തിന്റെ (റോ വാട്ടർ) ഗുണനിലവാരം അടിസ്ഥാനമാക്കിയാണ്. ശുദ്ധീകരിച്ച ജലം വിതരണശൃംഖലയിൽനിന്ന് വേർതിരിച്ച് പരിശോധന നടത്തുമ്പോൾ ലഭിക്കുന്ന പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലും വേണ്ട പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്കിൽ കാമ്പസ്**

152 (5790) <u>ശ്രീ. ഹൈബി ഈഡൻ</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> :

<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ സ്കിൽ കാമ്പസ് ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് സ്കിൽ കാമ്പസ്സുകളിൽ നടക്കുന്നത്; വിവരിക്കുമോ;

(സി) ഏതൊക്കെ തൊഴിൽ മേഖലകളാണ് ഇതിന്റെ പ്രവർത്തനത്തിനു വേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ സ്ഥിതി ചെയ്യുന്ന ഇങ്കൽ ടവറിലെ സ്കിൽ കാമ്പസിൽ താഴെ പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) പ്രവർത്തിച്ചുവരുന്നു.

<u>ESPOiR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)</u> :

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 6-12-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

CEED (സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്) :

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻഡ്യ അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (CEED) എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഇവ കൂടാതെ, ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, മൾട്ടിസ്കിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി, റീട്ടെയ്ൽ, ബാങ്കിംഗ് & ഫിനാൻസ്, പരമ്പരാഗത മേഖലകളായ ഹാൻഡ് ലൂം, ഫിഷറീസ് എന്നീ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

### മിന്നൽ പണിമുടക്ക് നേരിടുന്നതിന് ജില്ലാ സമിതികൾ

153 (5791) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ മിന്നൽ പണിമുടക്കുകളെ നേരിടുന്നതിന് ജില്ലാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) ജില്ലാ സമിതികളുടെ ഘടന എപ്രകാരമാണ് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മിന്നൽ പണിമുടക്ക് നേരിടുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് സമിതികൾ നടത്തുന്നത്; വിവരിക്കുമോ?

ഉത്തരം

(എ) മിന്നൽ പണിമുടക്കുകളെ നേരിടുന്നതിന് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ജില്ലാ സമിതികൾ രൂപീകരിച്ചിട്ടില്ല.

(ബി&സി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

### ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ

154 (5792) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇ.എസ്.ഐ. കോർപ്പറേഷൻ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 9 ഇ.എസ്.ഐ. ആശുപത്രികളുടെയും 48 ഇ.എസ്.ഐ. ഡിസ്പെൻസറികളുടെയും കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി ഗവൺമെന്റ് അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ഏജൻസികൾ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി ചെയർമാനായ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് അംഗീകരിക്കേണ്ടത്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആശുപത്രികളുടെയും അതിന്റെ അനുബന്ധമായി വരുന്ന ഡിസ്പെൻസറികളുടെയും വികസനത്തിനായി ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ**

155 (5793) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ശാസ്ത്രീയമായി സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) അവരുടെ ജോലി സ്ഥലങ്ങളിൽ ലഭിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(സി) കുടുംബം ഒന്നിച്ച് വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം കൂടുന്നു എന്ന വാർത്തകൾ വസ്തുതാപരമാണോ;

(ഡി) ആണെങ്കിൽ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്?

ഉത്തരം

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടു കൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

(ബി) തൊഴിലാളികൾക്ക് താമസസ്ഥലത്തും ജോലി സ്ഥലങ്ങളിലും ആവശ്യമായ കുടിവെള്ളലഭ്യത, നൂറോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിൽ സ്ഥലങ്ങളിൽ കാന്റീൻ സൗകര്യം, ഇരുപതോ അതിൽ കൂടുതലോ സ്ത്രീകളായ ഇതര സംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയമിച്ചിട്ടുള്ള തൊഴിലിടങ്ങളിൽ അവരുടെ കുട്ടികൾക്കായി ക്രഷ് സൗകര്യം, തൊഴിൽശാലകളിൽ തൊഴിലെടുക്കുന്ന ഓരോ 25 തൊഴിലാളികൾക്കും വെള്ളവും വെളിച്ചവും ശുചിത്വവുമുള്ള ശൗചാലയം, സ്ത്രീ തൊഴിലാളികൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം ശൗചാലയങ്ങൾ എന്നിവ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 3-8-2016-ലെ സ.ഉ. (സാധാ)നമ്പർ 960/2016/തൊഴിൽ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(സി) വസ്തുതാപരമാണ്.

(ഡി) കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമ പദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം 53136 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക്-അപകട മരണ ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ ലഭിക്കുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് അപ്നാഘർ പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യം സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഈ മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## ജോബ് ഫെയർ

156 (5794) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ജോബ് ഫെയർ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ആരെല്ലാമാണ് ഇതിൽ പങ്കാളികളാകുന്നത് ; വിവരിക്കുമോ;

(സി) എത്ര പേർക്കാണ് ഇതുമൂലം തൊഴിൽ ലഭ്യമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന വ്യക്തമാക്കുമോ?

ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2016-17 വർഷം സംസ്ഥാന വ്യാപകമായി 'നിയുക്തി 2017' എന്ന പേരിൽ മെഗാ ജോബ് ഫെയർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് മേഖലകളിലായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ബന്ധപ്പെട്ട എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും, എംപ്ലോയബിലിറ്റി സെന്ററുകളുടെയും താൽപര്യമുള്ള സ്വകാര്യ ഉദ്യോഗദായകരുടെയും സംയുക്ത സഹകരണത്തോടെയാണ് പ്രസ്തുത ജോബ് ഫെയർ സംഘടിപ്പിക്കുന്നത്.

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയബിലിറ്റി സെന്ററുകളുടെയും എംപ്ലോയബിലിറ്റി സെന്ററുകളുടെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾക്ക് ചുമതല പ്പെടുത്തിയിട്ടുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെയും, പങ്കെടുക്കുവാൻ താല്പര്യമുള്ള ഉദ്യോഗദായകരുടെയും സഹകരണത്തോടെയാണ് പ്രസ്തുത ജോബ് ഫെയർ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത ജോബ് ഫെയർ മുഖേന കുറഞ്ഞത് 5000 പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കേരള സംസ്ഥാന കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ

157 (T* 5795) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ;

(ബി) വിവാഹ ധനസഹായമായി എത്ര രൂപയാണ് നൽകുന്നത്; അർഹത മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) വിവിധ ആനുകൂല്യങ്ങളായി നൽകിവരുന്ന ധനസഹായം കാലോചിതമായി ഉയർത്തി നൽകുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറിനം ക്ഷേമാനുകൂല്യങ്ങളാണ് ബോർഡ് തൊഴിലാളികൾക്കായി നടപ്പാക്കിയിട്ടുള്ളത്.

1. റിട്ടയർമെന്റ് ആനുകൂല്യം (അതിവർഷാനുകൂല്യം) :

   ക്ഷേമനിധിയിൽ നിന്നും 60 വയസ്സ് പൂർത്തിയായി പിരിഞ്ഞ് പോകുന്ന തൊഴിലാളികൾക്ക് നൽകിവരുന്ന റിട്ടയർമെന്റ് ആനുകൂല്യം അംഗത്വ കാലത്തിന് അനുസൃതമായി പ്രതിവർഷം 625 രൂപ എന്ന നിരക്കിൽ നൽകിവരുന്നു.

2. മരണാനന്തര ധനസഹായം :

   മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 2000 രൂപ നിരക്കിൽ അടിയന്തര ധനസഹായം നൽകിവരുന്നു.

3. വിവാഹ ധനസഹായം :

   തൊഴിലാളികൾക്കും, അവരുടെ പെൺകുട്ടികളുടെ വിവാഹത്തിനുമായി 2000 രൂപ നിരക്കിൽ ആനുകൂല്യം നൽകിവരുന്നു. ഈ ആനുകൂല്യം ഒരു കർഷക തൊഴിലാളി കുടുംബത്തിന് പരമാവധി രണ്ട് തവണയായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

4. <u>പ്രസവാനുകൂല്യം</u> :

ക്ഷേമനിധിയിലെ വനിതാ അംഗങ്ങളുടെ പ്രസവത്തിനായി നൽകി വരുന്ന ആനുകൂല്യം ബോർഡിന്റെ 1000 രൂപയും സർക്കാരിന്റെ ധനസഹായമിനത്തിലുള്ള 14,000 രൂപയും ഉൾപ്പെടെ 15000 രൂപ നൽകിവരുന്നു. ഒരു അംഗത്തിന് രണ്ട് തവണ മാത്രമേ പ്രസ്തുത ആനുകൂല്യത്തിന് അർഹതയുള്ളൂ.

5. <u>ചികിത്സാ ധനസഹായം</u> :

തൊഴിലാളികളുടെ ചികിത്സയ്ക്കായി അഞ്ച് വർഷത്തിലൊരിക്കൽ നൽകിവരുന്ന ആനുകൂല്യം പരമാവധി 2500 രൂപയാണ്.

6. <u>വിദ്യാഭ്യാസ ധനസഹായം</u> :

SSLC/THSSLC പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിവരുന്ന ആനുകൂല്യം ഒരോ വർഷവും ഡയറക്ടർ ബോർഡ് നിശ്ചയിക്കുന്ന നിരക്കിൽ നൽകി വരുന്നു.

(ബി) 2000 രൂപയാണ് വിവാഹ ധനസഹായമായി ബോർഡ് നൽകി വരുന്നത്.

<u>അർഹതാമാനദണ്ഡങ്ങൾ</u> :

1. വിവാഹതീയതിയിൽ ഒരു വർഷത്തെ അംഗത്വം പൂർത്തിയാക്കിയിരിക്കണം.
2. അപേക്ഷ തീയതിയിൽ അംശദായ കുടിശ്ശിക ഉണ്ടായിരിക്കാൻ പാടില്ല.
3. ഈ ആനുകൂല്യം ഒരു കർഷക തൊഴിലാളി കുടുംബത്തിന് പരമാവധി രണ്ട് തവണ മാത്രമെ ലഭിക്കൂ.
4. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥകളായ പെൺമക്കൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല.

(സി) ധനസഹായം വർദ്ധിപ്പിക്കുന്ന വിഷയം ബോർഡിലെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

**ജോബ് ഫെയർ**

158 (5796) <u>ശ്രീ. ഹൈബി ഈഡൻ</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ജോബ് ഫെയറുകൾ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എവിടെയെല്ലാമാണ് ഇത്തരം ജോബ് ഫെയറുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ജോബ് ഫെയറുകൾ മുഖേന സ്വകാര്യ മേഖലയിൽ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2016-17 വർഷം സംസ്ഥാനത്തെ മൂന്ന് മേഖലകളിലായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ച് ജോബ് ഫെയർ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത ജോബ് ഫെയർ മുഖേന സ്വകാര്യ മേഖലയിൽ കുറഞ്ഞത് 5000 പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്**

159 (5797) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് കഴിഞ്ഞ സർക്കാർ കാലയളവിൽ തൊഴിൽ മേഖലാ വികസനം, സംരക്ഷണം എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ തൊഴിലാളികൾക്കുവേണ്ടി ഓരോവർഷവും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഇതിനായി ഓരോവർഷവും ലഭിച്ച സർക്കാർ ധനസഹായം എത്രയാണെന്നും എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളിൽ എന്തുമാറ്റമാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കിലെ കഴിഞ്ഞ സർക്കാർ കാലയളവിൽ പുറപ്പെടുവിച്ച പ്രസിദ്ധീകരണങ്ങൾ ഏതെല്ലാമെന്നും ഓരോവർഷവും ഓരോ പ്രസിദ്ധീകരണങ്ങൾക്കുമായി ചെലവാക്കിയ തുക എത്രയെന്നും എത്ര തുക പരസ്യ ഇനത്തിൽ ഓരോ പ്രസിദ്ധീകരണത്തിനും ലഭിച്ചു എന്നും സർക്കാർ തുക എത്ര ഓരോ പ്രസിദ്ധീകരണങ്ങൾക്കുമായി ചെലവഴിച്ചു എന്നുള്ളവയുടെ ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) കഴിഞ്ഞ സർക്കാർ കാലയളവിൽ തൊഴിലാളികൾക്കും, തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങൾക്കുമായി സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നീ മേഖലകളിൽ നടത്തിയിട്ടുള്ള വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. വർഷാവർഷങ്ങളിൽ കിലെയ്ക്ക് പദ്ധതി വിഹിതയിനത്തിൽ ലഭിച്ച തുകയാണ് ഇതിനായി വിനിയോഗിച്ചിട്ടുള്ളത്. കഴിഞ്ഞ 5 വർഷക്കാലയളവിൽ സർക്കാരിൽ നിന്നും കിലെയ്ക്ക് ലഭിച്ചിട്ടുള്ള ധനസഹായവും അവയുടെ ചെലവും സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2011-12 | 60 | 42.56 |
| 2 | 2012-13 | 100 | 100 |
| 3 | 2013-14 | 150 | 150 |
| 4 | 2014-15 | 160 | 101.08 |
| 5 | 2015-16 | 280 | 82.07 |

(ബി) തൊഴിൽ മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും ഉപയോഗപ്രദമാകത്തക്ക രീതിയിൽ ബോധവൽക്കരണം, നൈപുണ്യ വികസനം തുടങ്ങിയവ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും പഠനങ്ങളും നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ കിലെയെ ഒരു ദേശീയ നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടാക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് പദ്ധതി**

160 (T*5798) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് എടുത്തിട്ടുള്ളവർക്ക് പുതുക്കി നൽകുകയാണ് ചെയ്തുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതുതായി ആളുകളെ ചേർക്കുന്ന നടപടിക്രമങ്ങൾ എന്നു മുതൽ ആരംഭിക്കും; ഇത് സംബന്ധിച്ച് സ്വീകരിച്ച പുതിയ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട രോഗബാധിതരായവർക്ക് പുതിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതികളിൽ ചേരാൻ നിലവിൽ സാധിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് എടുത്തിട്ടുള്ളവർക്ക് എല്ലാ വർഷവും ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ ഇൻഷ്വറൻസ് പുതുക്കുവാനും ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ കാലയളവിൽ പുതുതായി ആളുകളെ ചേർക്കുവാനും ഉള്ള അവസരം നൽകിവരുന്നു. 2016 കലണ്ടർ വർഷത്തിൽ മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലായി ഇൻഷ്വറൻസ് പുതുക്കുവാനുള്ള അവസരവും അതാത് വാർഡ് തലത്തിൽ പ്രത്യേകം പുതുക്കൽ കേന്ദ്രങ്ങൾ ഒരുക്കി നൽകിയിരുന്നു. ഇതുവരെ പ്രസ്തുത പദ്ധതിയിൽ അംഗമാകാത്തവർക്കായി ഈ വർഷം സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 7 വരെ അക്ഷയ കേന്ദ്രം വഴി 2016-17 സാമ്പത്തിക വർഷത്തിലേക്ക് ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ള പേര് ചേർക്കാനുള്ള അവസരം നൽകിയിരുന്നു.

(ബി) ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് പദ്ധതി പ്രകാരം ബി.പി.എൽ, എ.പി.എൽ. വ്യത്യാസം ഇല്ലാതെ റേഷൻ കാർഡിൽ മാസവരുമാനം 600 രൂപയോ അതിൽ താഴെയോ ആയവർക്ക് രോഗബാധിതർ എന്ന വ്യത്യാസം ഇല്ലാതെ പ്രസ്തുത പദ്ധതിയിൽ അംഗമാകാവുന്നതാണ്. കൂടാതെ ഈ ആനുകൂല്യം ലഭിക്കുന്ന വിഭാഗത്തിൽപ്പെടുന്നവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം നടപ്പാക്കാൻ നടപടി

161 (5799) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം നിലവിലുണ്ടെങ്കിലും ഹോട്ടലുകൾ, ടെക്സ്റ്റൈൽസുകൾ, മത്സ്യമേഖല മറ്റു നിർമ്മാണ മേഖലകൾ എന്നിവിടങ്ങളിൽ ബാലവേല ഇന്നും നിലനിൽക്കുന്നു എന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(ബി) ബാലവേലക്കായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള 'കുട്ടിക്കടത്ത് 'കഴിഞ്ഞ സർക്കാർ കണ്ടെത്തി അവയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; ഇപ്പോഴും ഇത് തുടരുന്നത് തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) ഇക്കഴിഞ്ഞ ഒക്ടോബർ 20-ന് സംസ്ഥാന അതിർത്തിയിലെ ഒരു റെയിൽവേ സ്റ്റേഷനിൽ ഒഡീഷ്യയിൽ നിന്നും 140-ൽ കൂടുതൽ കുട്ടികളെ (പെൺകുട്ടികൾ ഉൾപ്പെടെ) കടത്തിക്കൊണ്ടു വന്നത് പിടികൂടിയത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; ഇതിൽ കുറ്റക്കാർക്കെതിരെ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) സംസ്ഥാനത്താകമാനം അതിർത്തി പ്രദേശങ്ങളിലൂടെ നടത്തുന്ന കുട്ടിക്കടത്ത് തടയുവാനും, സംസ്ഥാനത്തിനകത്ത് നടക്കുന്ന ബാലവേല ഉന്മൂലനം ചെയ്യുവാനും തൊഴിൽ വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് എന്തു നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 14 വയസ്സിൽ താഴെയുള്ള കുട്ടികളെ കൊണ്ട് തൊഴിലെടുപ്പിക്കുന്ന തൊഴിലുടമകൾക്ക് എതിരെ തൊഴിൽ വകുപ്പ് ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം 1986 പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. കുട്ടിക്കടത്തിനെതിരെയുള്ള കേന്ദ്ര സർക്കാരിന്റെ ഓപ്പറേഷൻ സ്മൈൽ എന്ന പദ്ധതിയിൽ ആഭ്യന്തര വകുപ്പിനോടൊപ്പം തൊഴിൽ വകുപ്പും പങ്കാളിയാകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഉണ്ട്. ഒറീസ്സ സംസ്ഥാനക്കാരായ 145 ഓളം ആളുകളെ (95 പെൺകുട്ടികൾ) തിരുവനന്തപുരം കിൻഫ്രയിൽ പ്രവർത്തിക്കുന്ന കന്യാകുമാരി എക്സ്പോർട്ട് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ പരിശീലനത്തിനും ജോലിക്കും എന്നറിയിച്ച് കൊണ്ടുവന്നത് പാറശ്ശാല റെയിൽവേ പൊലീസ് കണ്ടെത്തി നടപടി സ്വീകരിക്കുകയും ടി വിവരം ലഭ്യമായ ഉടനെ തന്നെ നെയ്യാറ്റിൻകര അസിസ്റ്റന്റ് ലേബർ ഓഫീസർ സ്ഥലം സന്ദർശിച്ച് ഉചിതനടപടി സ്വീകരിച്ച് രജിസ്ട്രേഷനും ലൈസൻസും നേടാത്തതിന് കക്ഷികൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഒറീസ്സയിൽ നിന്നും തൊഴിലാളികളെ റിക്രൂട്ട് ചെയ്ത് കേരളത്തിൽ ജോലിക്ക് നിയോഗിക്കുവാൻ ടി സംസ്ഥാനത്ത് നിന്ന് ലൈസൻസ് എടുത്തിട്ടുള്ളതായോ, കേരളത്തിലെ മുഖ്യ തൊഴിൽദായകൻ [കന്യാകുമാരി എക്സ്പോർട്ട് (പ്രൈവറ്റ്) ലിമിറ്റഡ്, കിൻഫ്ര)] രജിസ്ട്രേഷൻ അഥവാ കരാറുകാരൻ ലൈസൻസ് എന്നിവ കേരള തൊഴിൽ വകുപ്പിൽ നിന്നും നേടിയിട്ടുള്ളതായോ കണ്ടെത്തിയിട്ടില്ല. ഇത് 1979-ലെ ഇതരസംസ്ഥാന തൊഴിലാളി നിയമത്തിന്റെ വകുപ്പ് 8(1) എ, 8(1) ബി എന്നിവയുടെ ലംഘനമാണ് ആയതിന് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡവലപ്മെന്റുമായി ബന്ധപ്പെട്ട അനുമതികളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തൊഴിലാളികളെ ഒറീസ്സയിൽ നിന്നും കേരളത്തിൽ കൊണ്ടു വന്നതെന്ന് ഐ.എൽ&എഫ്.എസ് ക്ലസ്റ്റർ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് ലിമിറ്റഡ്, ഭുവനേശ്വർ എന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള നടപടിയിൽ ഉൾപ്പെട്ടവരെ ഒഴിവാക്കി പ്രായപൂർത്തിയായ (18 വയസ്സ് കഴിഞ്ഞ) തൊഴിലാളികളെ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിലെ ഹോസ്റ്റലിൽ താമസിപ്പിച്ചിരിക്കുകയാണ്.

(ഡി) ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ബാലവേല നിർമ്മാർജ്ജനം ലക്ഷ്യമിട്ട് ജില്ലാതലങ്ങളിൽ ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ടി ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സ്ക്വാഡ് പരിശോധനകളും അവബോധ പ്രവർത്തനങ്ങളും നടന്നുവരുന്നു. ബാലവേല നിയന്ത്രിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റി യോഗം ചേർന്ന് ബാലവേല നിർമ്മാർജ്ജനത്തിനായുള്ള പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**മിനിമം വേതനം ഉറപ്പാക്കുന്നതിന് നടപടി**

162 (5800) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മിനിമം വേതനം ഉറപ്പാക്കുന്നതിന് ഈ സർക്കാർ കൈകൊണ്ട ക്രിയാത്മക നടപടികളും അതിന്റെ ഗുണഫലങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇത് നടപ്പാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും. നിലവിൽ 100 കോടിയോളം രൂപ വേതന സുരക്ഷാ പദ്ധതി മുഖാന്തരം തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

## കൊരട്ടി ഇ.എസ്.ഐ. ആശുപത്രി

163 (5801) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊരട്ടി ഇ.എസ്.ഐ. ആശുപത്രിക്ക് പുതിയ കെട്ടിടത്തിനായുള്ള നിർമ്മാണ ഉദ്ഘാടനം നടത്തി രണ്ട് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊരട്ടി ഇ.എസ്.ഐ. ആശുപത്രി കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾനീക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കൺസ്ട്രക്ഷൻ ഏജൻസിയുമായി ബന്ധപ്പെട്ട് അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയും മേൽനോട്ടവും വഹിക്കുന്നത് ഇ.എസ്.ഐ കോർപ്പറേഷന്റെ കേന്ദ്ര ഓഫീസാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന വിഷയത്തിൽ ഇ.എസ്.ഐ. കോർപ്പറേഷനുമായി കത്തിടപാട് നടത്തിവരികയാണ്.

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ന്യായ വേതനം**

164 (5802) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികളിൽ ബഹു ഭൂരിപക്ഷം വരുന്ന പീടിക-ചെറുകിട വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾ, സെക്യൂരിറ്റി ജീവനക്കാർ, ഗാർഹിക തൊഴിലാളികൾ തുടങ്ങിയ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ന്യായ വേതനം ഉറപ്പാക്കാൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ക്ഷേമനിധി ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ;

(സി) ദിവസകൂലിക്കാർക്കും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഉൾപ്പെടെയുള്ളവർക്ക് ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സുരക്ഷ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ മേഖലകളിൽ മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ബാങ്ക് വഴി വേതനം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇത് നടപ്പാക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം

തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും കഴിയും.

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(സി) ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും അസംഘടിത മേഖലയിലെ ദിവസവേതന തൊഴിലാളികൾ എന്ന നിർവ്വചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് അവരുടെ തൊഴിലിനിടയിലുള്ള അപകടത്തിൽ പരിക്ക് പറ്റിയാൽ 2,000 രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി 2007-08 വർഷത്തിൽ നിലവിൽ വരികയും തൊഴിൽ വകുപ്പ് കാര്യക്ഷമമായി നടപ്പിലാക്കി വരികയും ചെയ്യുന്നു.

**കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ് നടത്തിയ പെൻഷൻ വിതരണം**

165 (5803) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ് നടത്തിയ പെൻഷൻ വിതരണത്തിൽ ഇരട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത തുകയിൽ എത്ര രൂപ തിരിച്ചു പിടിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) ഇങ്ങനെ പെൻഷൻ തുക അധികമായി നൽകിയ വകയിൽ ബോർഡിന് എത്ര രൂപയുടെ നഷ്ടം ഉണ്ടായെന്ന് വിശദമാക്കാമോ;

(ഡി) ഇത്തരം പെൻഷൻ വിതരണത്താൽ ബോർഡിന് നഷ്ടം സംഭവിച്ചതിന് ഉത്തരവാദികൾ ആരാണെന്നും, അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ;

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്താൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം അധികരിച്ച് അയച്ചതായി കണ്ടെത്തിയ തുകകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്. തിരുവനന്തപുരം ജില്ല - 2327812 രൂപ, കൊല്ലം -923250, കണ്ണൂർ -6097281 രൂപ, കാസർഗോഡ് -242177 രൂപ, കോഴിക്കോട് - 711722 രൂപ, മലപ്പുറം -592950 രൂപ, പത്തനംതിട്ട ജില്ലയിൽ പരിശോധന പൂർത്തിയാക്കി അധികരിച്ച് അനുവദിച്ച തുക തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം -അധികരിച്ച് നൽകിയ തുക പൂർണ്ണമായി തിരികെ ഈടാക്കി ക്രമീകരിച്ചിട്ടുണ്ട്.

കൊല്ലം - 7,15,030 രൂപ തിരികെ ഈടാക്കിയിട്ടുണ്ട്.

കണ്ണൂർ - 60, 35,441 രൂപ തിരികെ ഈടാക്കിയിട്ടുണ്ട്.

കാസർഗോഡ്-അധികരിച്ച് നൽകിയ തുക തിരികെ ഈടാക്കി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് - ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

പത്തനംതിട്ട -പരിശോധന റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

മലപ്പുറം - ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അധികരിച്ച് അയച്ച തുക തിരികെ ഈടാക്കുന്നതുവരെയുള്ള കാലയളവിലെ പലിശ ഇനത്തിൽ ബോർഡിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ആഫീസർമാരും പ്രസ്തുത ചുമതല വഹിക്കുന്ന ജില്ലാ ആഫീസിലെ കീഴ് ജീവനക്കാരുമാണ് ടി വീഴ്ചകൾക്ക് ഉത്തരവാദികൾ. ടിയാളുകളുടെ വിശദീകരണം വാങ്ങി അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) അധികരിച്ചയച്ച പെൻഷൻ തുക തിരികെ ഈടാക്കുന്നതിലേയ്ക്കും അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി വിശദമായ പരിശോധനകളും തുടർ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ

166 (5804) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം തൊഴിൽ മേഖലയിൽ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തുവാനും മാന്യമായ വേതനവും വേതന വ്യവസ്ഥകളും തൊഴിലുറപ്പും സംരക്ഷിച്ച് തൊഴിലാളികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി തൊഴിൽ വകുപ്പും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റും സ്വീകരിച്ചതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് തൊഴിലാളി സംഘടനകൾ നടത്തുന്ന മുഖ്യമായ പ്രവർത്തനങ്ങൾ എന്തെല്ലാം; ഇതിന് സംഘടനകൾക്ക് സർക്കാരും വിവിധ സർക്കാർ ഏജൻസികളും നൽകുന്ന നിർദ്ദേശങ്ങളും സഹായങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) തൊഴിൽ മേഖലയിൽ ഇന്ന് തൊഴിലാളികൾ അനുഭവിച്ചുവരുന്ന പ്രധാന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേഖല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; ഇവ പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തുവാനും മാന്യമായ വേതനവും വേതനവ്യവസ്ഥകളും തൊഴിലുറപ്പും സംരക്ഷിച്ച് തൊഴിലാളികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുമുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/അഡ്ജൂഡിക്കേഷൻ

സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്.75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപനപരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. നാളിതുവരെ 29383 സ്ഥാപനപരിശോധനകൾ നടത്തുകയും 10409 കാരണം കാണിക്കൽ നോട്ടീസ്, 4157 പ്രോസിക്യൂഷൻ, 584 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നു. തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ചർച്ചകൾ നടന്നു വരുന്നു.

<u>കിലെ</u> :

തൊഴിൽ മേഖലയിലെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി തൊഴിലാളികൾക്കും തൊഴിലാളി സംഘടനാ പ്രതിനിധികൾക്കും തൊഴിലുടമാ പ്രതിനിധികൾക്കുമായി ഉൽപ്പാദനക്ഷമതാ വർദ്ധനവ്, തൊഴിലവകാശങ്ങൾ, തൊഴിൽ നിയമങ്ങൾ, തൊഴിൽ മേഖലയിലെ സുരക്ഷിതത്വ പ്രശ്നങ്ങളും, അവയുടെ പരിഹാരങ്ങളും തുടങ്ങി തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് സമഗ്ര മേഖലകളെയും ബന്ധിപ്പിക്കുന്ന പരിശീലന പരിപാടികൾ, സെമിനാറുകൾ ഇവ നടത്തിവരുന്നു. കൂടാതെ തൊഴിലാളികൾക്കും തൊഴിലാളി സംഘടനാ നേതാക്കൾക്കുമായുള്ള നേതൃത്വ വികസന ശില്പശാലകളും ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ബോധവത്കരണ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള കരിയർ ഗൈഡൻസ് ക്ലാസ്സുകളും നടത്തി വരുന്നു.

തുടർന്നുള്ള വർഷങ്ങളിലും ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും കൂടുതൽ തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിലും നടത്തുന്നതിനും കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെയും, സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലെയും തൊഴിൽ മേഖലയിലുള്ള പ്രശ്നങ്ങളെക്കുറിച്ചും, തൊഴിൽ

സംസ്കാരത്തെക്കുറിച്ചും, തൊഴിലാളികൾക്കും സംഘടനാ പ്രതിനിധികൾക്കും മനസ്സിലാക്കാനുതകുന്ന ഇൻഡസ്ട്രിയൽ-കം-എന്റർടൈൻമെന്റ് ടൂർ സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ, ലേബർ ഡിപ്പാർട്ട്മെന്റ് നടപ്പാക്കുന്ന വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) ഓൺലൈൻ രജിസ്ട്രേഷൻ ഇവയുടെ ബോധവൽക്കരണത്തിനായി മൾട്ടി പർപ്പസ് അവയർനസ് വെഹിക്കിൾ എന്ന പരിപാടിയും സംഘടിപ്പിക്കുന്നതിനുദ്ദേശിക്കുന്നു.

തൊഴിൽ/തൊഴിലാളി/വ്യവസായ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ നടത്തുകയും പ്രസ്തുത പഠന റിപ്പോർട്ടുകൾ സർക്കാരിലേക്കും സംസ്ഥാന ആസൂത്രണ ബോർഡിലേക്കും സമർപ്പിച്ചുവരുന്നു. ഇതിനു പുറമെ വിദേശ രാജ്യങ്ങളിൽ മലയാളികൾക്ക് അടുത്ത 5-10 വർഷം ലഭിക്കാവുന്ന തൊഴിൽ സാദ്ധ്യതകൾ ആരായുന്നതിനുള്ള ഒരു അന്താരാഷ്ട്ര ഗവേഷണ പദ്ധതിക്കും ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ ഗൾഫ് രാജ്യങ്ങളിലേക്കുള്ള ജോലി സാദ്ധ്യതാ പഠനത്തിന്റെ ആദ്യനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ നിലവിലെ തൊഴിൽ സാഹചര്യം, തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ തുടങ്ങിയവയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും തൊഴിൽ മേഖലയിലെ ആരോഗ്യപരമായ തൊഴിൽബന്ധം വളർത്തിയെടുക്കുന്നതിലേക്കുമായി ബഹു.തൊഴിൽ വകുപ്പുമന്ത്രി 11-7-2016 തീയതിയിൽ വിളിച്ചു ചേർത്ത കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ ഉന്നയിച്ച പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും ചുവടെ ചേർക്കുന്നു.

ട്രേഡ് യൂണിയൻ പ്രതിനിധികൾ ഉന്നയിച്ച പ്രശ്നങ്ങൾ :

മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ട്രേഡ് യൂണിയൻ സംഘടനകൾക്ക് മുഖ്യമായ പങ്ക് വഹിക്കാനുണ്ട്. സംസ്ഥാന തൊഴിൽ മേഖലയിലെ പൊതുസ്ഥിതി വിലയിരുത്തുന്നതിന് സഹായകരമായ വ്യവസായ ബന്ധ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതും, ഇതോടൊപ്പം വിവിധ വ്യവസായ മേഖലകളിലെ തൊഴിലാളി-തൊഴിലുടമാ സൗഹൃദം ഉറപ്പുവരുത്തുന്നതിനായി വ്യവസായ ബന്ധ സമിതികൾ രൂപീകരിക്കേണ്ടതുമാണ്. കേരളത്തിലെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ പാർപ്പിടങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതിന്റെ ഭാഗമായി അവർക്കായി ഭവന പദ്ധതി ആവിഷ്കരിക്കണം. ഓരോ തൊഴിൽ മേഖലകളിലും പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളെയും ബന്ധപ്പെട്ട തൊഴിലുടമകളെയും ഉൾപ്പെടുത്തി മിനിമം വേതന കമ്മിറ്റികൾ

രൂപീകരിക്കുന്നത് ഉചിതമായിരിക്കും, തൊഴിൽ നിയമങ്ങളിൽ കാലോചിതമായി മാറ്റം വരുത്തേണ്ടതും തൊഴിൽ മേഖലയിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കേണ്ടതായും ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിച്ച് അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്.

<u>മേൽ വിഷയങ്ങളിൽ സർക്കാരും വിവിധ സർക്കാർ ഏജൻസികളും നൽകുന്ന നിർദ്ദേശങ്ങളും സഹായങ്ങളും ചുവടെ ചേർക്കുന്നു:</u>

1. സംസ്ഥാനത്ത് മുമ്പ് നിലവിലുണ്ടായിരുന്ന വ്യവസായബന്ധ ബോർഡ് പുനഃസ്ഥാപിക്കുകയും ആവശ്യമായ മേഖലകളിൽ പുതിയതായി വ്യവസായബന്ധ സമിതികൾ രൂപീകരിക്കുകയും ചെയ്യും.

2. തോട്ടം മേഖലയിലെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിലേക്കായി പ്ലാന്റേഷൻ മേഖലയിലെ ട്രേഡ് യൂണിയൻ സംഘടനകളുടെയും തൊഴിലുടമകളുടെയും യോഗം വിളിച്ച് സമവായമുണ്ടാക്കും.

3. മിനിമം വേതനം തൊഴിലാളി യൂണിയനുകളുടെ ഡിമാന്റിനടുത്തേക്ക് ഉയർത്തുന്നതിന് ശ്രമം നടത്തും. മിനിമം വേതനം ഇല്ലാത്ത മേഖലകളിൽ തൊഴിലാളി തൊഴിലുടമാ പ്രതിനിധികളെ ഉൾപ്പെടുത്തി മിനിമം വേതന കമ്മിറ്റികൾ രൂപീകരിക്കും.

4. വിവിധ തൊഴിൽ നിയമങ്ങൾ കാലോചിതമായി മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. തൊഴിൽ മേഖലകളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കും. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കും.

5. കേന്ദ്ര സർക്കാരിന്റെ പദ്ധതികളും ഫണ്ടുകളും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് തൊഴിലാളികളുടെ നേതൃത്വമായി തൊഴിൽ വകുപ്പ് മാറുന്ന സാഹചര്യം സൃഷ്ടിക്കും. ഉയർന്നുവരുന്ന ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സമഗ്രതൊഴിൽ നയം രൂപീകരിക്കും.

(സി) തൊഴിലാളികൾക്ക് മിനിമം വേതനം, അവധി ആനുകൂല്യങ്ങൾ, വിശ്രമ സമയം ലഭിക്കുന്നില്ല തുടങ്ങിയ വിവിധ തൊഴിൽ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നില്ലെന്നും ടെക്സ്റ്റൈൽ മേഖലയിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ചും മറ്റും ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തര നടപടികൾ സ്വീകരിച്ച് പ്രശ്നപരിഹാരം കാണുന്നതിന് നിയമനടപടികൾ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാറുണ്ട്. വിശ്രമ വേളകൾ അനുവദിക്കാതിരിക്കുന്നതും അധിക ജോലിക്ക് അധിക വേതനം നൽകാതിരിക്കുന്നതും സംബന്ധിച്ചുള്ള ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകുകയും ആയത് പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ആർ.എസ്.ബി.വൈ. മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ആലോചിക്കുന്നു. ഇതുവഴി അവരുടെ രജിസ്ട്രേഷനും സാദ്ധ്യമാക്കാൻ കഴിയും.

## സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലെ ഫാർമസിസ്റ്റുകളുടെ മിനിമം വേതനം

167 (T*5805) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലെ ഫാർമസിസ്റ്റുകളുടെ മിനിമം വേതനം പുതുക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) മിനിമം വേജസ് അഡ്വൈസറി ബോർഡ് നിലവിലുണ്ടോ; ഇത് പുനഃസംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്നവർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മെഡിക്കൽ സ്റ്റോറുകളിലെ ഫാർമസിസ്റ്റുകളുടെ മിനിമം കൂലി പുതുക്കുന്നതിനായി 18-11-2015-ലെ 11313/ഇ 1/2015/തൊഴിൽ പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശക്കായി മിനിമംവേതന ഉപദേശകസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.

(ബി) നിലവിലുള്ള മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ കാലാവധി 13-10-2016-ൽ അവസാനിച്ചു. ബോർഡ് പുന:സംഘടിപ്പിക്കുന്ന വിഷയത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) 49219 തൊഴിലാളികൾ 12281 മെഡിക്കൽ ഷോപ്പുകളിലായി ജോലി ചെയ്യുന്നുണ്ട്.

## സ്വകാര്യ ആശുപത്രികളിലെ നഴ്സിംഗ് ജീവനക്കാർക്ക് മിനിമം വേതനം

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

168 (5806) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സിംഗ് ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഉണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സിംഗ് ജീവനക്കാർക്ക് മിനിമം വേതനം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനായി വേതനം ബാങ്ക് മുഖേന നൽകാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 5-11-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 135/2013/തൊഴിൽ പ്രകാരം സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുൾപ്പെടെയുള്ള ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇത് നടപ്പാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും.

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം**

169 (T* 5807) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം ഉയർത്തുന്നത് സംബന്ധിച്ച സുപ്രീംകോടതി വിധിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ കുറഞ്ഞ ശമ്പളം പ്രതിമാസം 20000 രൂപയായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ അടിയന്തര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ട്രെയിൻഡ് നഴ്സസ് അസോസിയേഷൻ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത WP(C)527/11 കേസിലെ 29-1-2016-ലെ ഉത്തരവ് പ്രകാരം സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം ഉയർത്തുന്നതടക്കമുള്ള വിവിധ വിഷയങ്ങൾ പരിഗണിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിന് ബഹു. സുപ്രീം കോടതി നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം 24/2/16-ലെ Z-29011/15/13-N ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ഇതു സംബന്ധിച്ച ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച കത്ത് പരിശോധിച്ചു വരികയാണ്.

**സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ ജോലി സമയം**

170 (5808) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർ 12 മണിക്കൂറിലധികം ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് നൽകുന്നതിനും മതിയായ അവധികൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) ഉണ്ട്.

(ബി) 24-2-2016-ന് ബഹു. തൊഴിൽ വകുപ്പുമന്ത്രിയുടെ ആദ്ധ്യക്ഷതയിൽ ചേർന്ന സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി യോഗത്തിൽ സ്വകാര്യ ആശുപത്രികളിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതാത് ആശുപത്രികളിലെ സാഹചര്യങ്ങൾക്കനുസരിച്ച് ട്രേഡ് യൂണിയനുകളും മാനേജ്മെന്റും കൂടിയാലോചിച്ച് ഷിഫ്റ്റുകളുടെ സമയക്രമം തീരുമാനിക്കണം. 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് നിയമപരമായ ഓവർടൈം അലവൻസ് നൽകേണ്ടതാണ്. ജീവനക്കാർക്ക് വീട്ടിലെത്താൻ ഗതാഗത സൗകര്യമില്ലാത്ത പക്ഷം ആശുപത്രി തലത്തിൽ റസ്റ്റ് റൂം ലഭ്യമാക്കണം എന്നിവ ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിൽ ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നുമില്ല.

**വിദഗ്ദ്ധ തൊഴിലാളികളുടെ പ്രതിവർഷ ആവശ്യകത**

171 (5809) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ വിദഗ്ദ്ധ തൊഴിലാളികളുടെ പ്രതിവർഷ ആവശ്യകത എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ;

(ബി) ആവശ്യകതയ്ക്കനുസരിച്ച് പരിശീലനം നല്കി അഭ്യസ്തവിദ്യരെ സജ്ജരാക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(സി) പരിശീലനത്തിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; ഭാവി ആവശ്യകത കണക്കിലെടുത്ത് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയതലത്തിൽ പരിശോധിക്കേണ്ട വിഷയമാണ്.

(ബി&സി) അഭ്യസ്തവിദ്യർക്ക് തൊഴിൽ മേഖലയിൽ നൈപുണ്യ വികസന പരിശീലനം നൽകുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തൊഴിൽ വകുപ്പിന് കീഴിൽ ഐ.ടി.ഐ.-കൾ, നൈപുണ്യ വികസന കേന്ദ്രങ്ങൾ, എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

**പെട്രോൾ ബങ്കിലെ ജീവനക്കാർക്ക് മിനിമം വേതനവും മറ്റ് ആനുകൂല്യങ്ങളും**

172 (5810) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനവും ആനുകൂല്യങ്ങളും നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെട്രോൾ ബങ്കിലെ ജീവനക്കാർക്ക് മിനിമം വേതനവും അവധി ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാർക്ക് അപകട ഇൻഷ്വറൻസ്, ക്ഷേമനിധി, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പെട്രോൾ ബങ്കിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്. നിലവിൽ 7875 പെട്രോൾ ബങ്ക് തൊഴിലാളികൾ ടി ബോർഡിൽ അംഗത്വമെടുത്തിട്ടുണ്ട്.

**നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

173 (5811) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2011-നുശേഷം എത്ര അംഗങ്ങളെ പുതിയതായി ചേർത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പുതിയ അംഗങ്ങളെ ചേർക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(സി) ക്ഷേമനിധി അംഗം മരിക്കുമ്പോൾ ആശ്രിതർക്ക് എന്തെല്ലാം സമാശ്വാസ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(ഡി) ക്ഷേമനിധി വരിക്കാരൻ മരണപ്പെടുമ്പോൾ വിധവയ്ക്ക് നൽകുന്ന സമാശ്വാസ പെൻഷൻ എത്രയാണെന്ന് വ്യക്തമാക്കുമോ; പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ്

(റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്)ആക്ട് പ്രകാരം 14-8-1998-ലെ ജി.ഒ. (പി) 53/98/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് നിലവിൽ വന്നിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് പ്രവർത്തിച്ചുവരുന്നു.

(ബി) 2011-12 വർഷം മുതൽ 2016 ആഗസ്റ്റ് 30 വരെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 34059 അംഗങ്ങളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബോർഡിൽ 1998-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് 1998-ലെ ചട്ടം 283 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നതും, 18-നും 60-നും ഇടയിൽ പ്രായമുള്ളതും, നിയമംമൂലം സ്ഥാപിതമായ മറ്റൊരു ക്ഷേമ ബോർഡിലും അംഗത്വമില്ലാത്തതുമായ ഏതൊരാൾക്കും ബോർഡിൽ അംഗത്വം നേടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം യോഗ്യതയുള്ള ആൾക്ക് ബോർഡിന്റെ ജില്ലാ ഓഫീസിൽ, ടി അംഗത്വം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതും, പ്രസ്തുത അപേക്ഷയിന്മേൽ അർഹത ബോധ്യപ്പെടുന്ന സാഹചര്യത്തിൽ ബോർഡിൽ അംഗത്വം നൽകുന്നതുമാണ്. ഇതിലേയ്ക്ക് രജിസ്ട്രേഷൻ ഫീസായി 25 രൂപയും മൂന്ന് മാസത്തെ അംശദായമായി 60 രൂപയും അപേക്ഷകർ ഒടുക്കേണ്ടതായിട്ടുണ്ട്.

(സി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗത്വം എടുത്തിട്ടുള്ളയാൾ മരണപ്പെടുകയാണെങ്കിൽ ആശ്രിതർക്ക് മരണാനന്തര ചെലവുകൾക്കുള്ള ധനസഹായമായി 25,000 രൂപയും ജോലിക്കിടെ ഉണ്ടാകുന്ന അപകടത്തെ തുടർന്ന് മരണം സംഭവിച്ചാൽ ധനസഹായമായി 3 (മൂന്ന്) ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

(ഡി) ബോർഡിലെ അംഗതൊഴിലാളി മരണപ്പെടുകയാണെങ്കിൽ വിധവയ്ക്ക് സമാശ്വാസ ധനസഹായമായി (സാന്ത്വനം ധനസഹായം) പ്രതിമാസം 400 രൂപ അനുവദിച്ചുവരുന്നുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം**

174 (5812) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ നിലവിലുള്ള കണക്ക് എത്ര എന്നും ഇത് മുൻസർക്കാർ അധികാരമേറ്റപ്പോൾ എത്രയായിരുന്നു എന്നും മുൻസർക്കാർ എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകി എന്നും വ്യക്തമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികൾ എന്തെല്ലാമെന്നും മുൻസർക്കാരിന്റെ ഭരണകാലത്ത് ഇതുവഴി എത്ര

പേർക്ക് സ്വയംതൊഴിൽ സഹായം നൽകിയെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(സി) 'കെസ്റു - 99', മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, ശരണ്യ പദ്ധതികൾക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ, അർഹത, നടത്തിപ്പ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്നും ഇതുവഴി കൂടുതൽ തൊഴിൽ രഹിതർക്ക് സഹായം ലഭ്യമാക്കാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) തൊഴിൽ രഹിതരുടെ എണ്ണം കുറയ്ക്കാനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്താനും ഈ സർക്കാർ എന്തു തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 2016 ആഗസ്റ്റ് മാസം വരെ 35,79,396 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുൻ സർക്കാർ അധികാരമേറ്റപ്പോൾ 42,44,452 ഉദ്യോഗാർത്ഥികൾ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിൽ 53,052 ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിൽ നിയമനം നൽകിയിരുന്നു.

(ബി) 1999-ൽ ആരംഭിച്ച കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് (കെസ്റു-99), 2007-08 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സംയുക്ത തൊഴിൽ പദ്ധതിയായ മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് പദ്ധതി, അശരണരായ വനിതകൾക്കായി 2010-11 സാമ്പത്തിക വർഷം ആരംഭിച്ച ശരണ്യ സ്വയം തൊഴിൽ പദ്ധതി എന്നിവയാണ് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന മൂന്ന് സ്വയം തൊഴിൽ പദ്ധതികൾ. മുൻ സർക്കാരിന്റെ ഭരണകാലത്ത് കെസ്റു വഴി 2885 പേർക്കും മൾട്ടി പർപ്പസ് ജോബ് ക്ലബ്ബിലൂടെ 725 പേർക്കും ശരണ്യ പദ്ധതി പ്രകാരം 12659 പേർക്കും സ്വയം തൊഴിൽ സഹായം നൽകിയിരുന്നു.

(സി) കെസ്റു-99, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ പദ്ധതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. ഈ സർക്കാർ അധികാരമേറ്റടുത്ത ശേഷം കൂടുതൽ തൊഴിൽരഹിതർക്ക് സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഭിന്നശേഷിക്കാരായ തൊഴിൽരഹിതർക്കായി 'കൈവല്യ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) തൊഴിൽരഹിതരുടെ എണ്ണം കുറയ്ക്കുന്നതിനും കൂടുതൽ പേർക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന 'എംപ്ലോയബിലിറ്റി സെന്റർ' പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അദ്യസ്ഥവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽഗ്യാപ്പ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കിൽ, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം എന്നിവ വർദ്ധിപ്പിക്കുന്നതിന് എംപ്ലോയബിലിറ്റി സെന്റർ മുഖേന പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ടും, ജോബ് ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ അവസരം ഒരുക്കുന്നുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്വയംതൊഴിൽ പദ്ധതി**

175(5813) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കെ.ഇ.എസ്.ആർ.യു. (കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേഡ് അൺഎംപ്ലോയ്ഡ്) മുഖേന നടപ്പിലാക്കുന്ന മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്, ശരണ്യ എന്നീ സ്വയം തൊഴിൽ പദ്ധതി പ്രകാരം 2016-17 വർഷത്തേക്ക് എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്; ഓരോ പദ്ധതിക്കും കണ്ണൂർ ജില്ലയിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) മേൽപ്പറഞ്ഞ പദ്ധതി നിർവ്വഹണ ലക്ഷ്യം (ഭൗതികം, ധനകാര്യം) എത്ര ശതമാനം കൈവരിച്ചു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികളായ കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് (KESRU), മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ്, ശരണ്യ എന്നീ പദ്ധതികൾക്ക് 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകയും അതിൽനിന്ന് ഇതുവരെ കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നടപ്പാക്കിവരുന്ന മേൽപ്പറഞ്ഞ മൂന്ന് സ്വയംതൊഴിൽ പദ്ധതികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുക (100%) എന്നതാണ് ലക്ഷ്യം. ഈ മൂന്ന് സ്വയംതൊഴിൽ പദ്ധതികൾ വഴി 26-10-2016 വരെ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.* കെസ്റു സ്വയംതൊഴിൽ പദ്ധതി പ്രകാരം ആകെ 665 സ്വയംതൊഴിൽ സംരംഭങ്ങളും, മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം ആകെ 50 സംരംഭങ്ങളും, ശരണ്യ സ്വയംതൊഴിൽ പദ്ധതി പ്രകാരം 3200 വനിത സ്വയംതൊഴിൽ സംരംഭങ്ങളും, ആരംഭിക്കുന്നതിനാണ് ലക്ഷ്യം വച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ പദ്ധതികളുടെ ഭൗതികപരമായ നേട്ടം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

## തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം ഉറപ്പുവരുത്താൻ നടപടി

176 (5814) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം ഉറപ്പുവരുത്താൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) നഴ്സിംഗ് മേഖല. സ്വകാര്യ സ്കൂൾ മേഖല, ഐ.ടി. മേഖല തുടങ്ങിയ സംസ്ഥാനത്തെ പ്രധാന തൊഴിൽ മേഖലകളിൽ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചതും പ്രഖ്യാപിച്ചതുമായ വേതനം ലഭിക്കാത്തതും തൊഴിൽ ചെയ്യുന്നതിന് സമയക്ലിപ്തതയോ തൊഴിലുറപ്പോ ലഭ്യമാകാത്തതുമായ സ്ഥിതിവിശേഷം മുൻസർക്കാർ കാലയളവിൽ നിലനിന്നു വന്നിരുന്നത് ഇപ്പോഴും തുടരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പല സ്വകാര്യമേഖലകളിലും സർക്കാർ പ്രഖ്യാപിച്ച വേതനം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും എന്നാൽ സ്ഥാപനം നിർദ്ദേശിക്കുന്ന തുക തൊഴിലാളികൾ ഒരാഴ്ചക്കുള്ളിൽ റൊക്കം പണമായി തൊഴിൽ നിർവ്വഹിക്കുന്ന സ്ഥാപനത്തിന് തിരിച്ച് നൽകേണ്ടി വരുന്നതുമായ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ തൊഴിലാളികൾക്ക് യഥാർത്ഥ വേതനം ലഭിക്കുന്നതിനായി സർക്കാർ എന്തു നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്ത് നിലവിൽ 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും.

(ബി) ഉണ്ട്. വിവിധ സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് വിവിധ തൊഴിൽ നിയമപ്രകാരമുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന് പരാതികൾ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ കാര്യാലയങ്ങളിലും തൊഴിൽ വകുപ്പ് കോൾ സെന്ററിലും ലഭിക്കുന്നുണ്ട്. അത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും പരിശോധനാവേളയിൽ തൊഴിലാളികളുടെ തൊഴിലും സുരക്ഷയും ഉറപ്പുവരുത്തി ജീവനക്കാർക്ക് ലഭ്യമാകേണ്ട കുറഞ്ഞ കൂലി, അർഹമായ ജോലി സമയം, അധിക സമയ ജോലികൾക്കുള്ള ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമസമയങ്ങളിൽ ഇരിക്കാനുള്ള സൗകര്യം, ആഴ്ച അവധി, ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധി ദിനങ്ങൾ, സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും ക്രഷ്, ടോയ്‌ലെറ്റ്, ഹോസ്റ്റൽ സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ് എന്നിവയും തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്നും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ട്. സ്വകാര്യമേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമലംഘനങ്ങൾ നടത്തുന്ന സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ പ്രോസിക്യൂഷനും ക്ലെയിം പെറ്റീഷനും ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി വിഷയം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ**

177 (5815) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായവർക്ക് എത്ര വയസ്സിലാണ് പെൻഷനും മറ്റ് ആനുകൂല്യവും അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുവാൻ മിനിമം സർവ്വീസ് നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഒരംഗം രോഗം ബാധിച്ചോ മറ്റേതെങ്കിലും കാരണത്താലോ വരിസംഖ്യ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ പെൻഷൻ അനുവദിച്ച് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വരിസംഖ്യ ഒടുക്കുന്നതിന് വീഴ്ച സംഭവിച്ചവരുടെ കാര്യത്തിൽ മാനുഷിക പരിഗണന നൽകി കുടിശ്ശികത്തുക ഒന്നായി സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിന് നിർദ്ദേശം നൽകാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ബോർഡിൽ അംഗമായി ചേർന്ന് എല്ലാ വർഷവും അംഗത്വം പുതുക്കിയും അംശദായം ഒടുക്കിയും സജീവ അംഗത്വം നിലനിർത്തുന്ന ബോർഡിലെ അംഗതൊഴിലാളി 60 വയസ്സ് പൂർത്തിയാകുന്ന ക്രമത്തിൽ പെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ബി) 60 വയസ്സ് പൂർത്തിയാകുന്ന സമയം തൊഴിലാളിക്ക് കുറഞ്ഞത് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണെന്ന് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കൂടാതെ കുറഞ്ഞത് തുടർച്ചയായി 3 വർഷത്തെ സജീവ അംഗത്വം നിലനിർത്തിയിട്ടുള്ള അംഗതൊഴിലാളിക്ക് വിവാഹ ധനസഹായം അനുവദിക്കുന്നുണ്ട്. മേൽപ്പറഞ്ഞ പെൻഷൻ, വിവാഹ ധനസഹായം എന്നീ ആനുകൂല്യങ്ങൾ ഒഴികെ മറ്റ് ആനുകൂല്യങ്ങൾക്ക് ചട്ടം (283) പ്രകാരം ബോർഡിലെ സജീവ അംഗത്വം നിലനിർത്തുന്ന എല്ലാ തൊഴിലാളികൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. ആയതിന് സർവ്വീസ് കാലയളവ് ബാധകമല്ല.

(സി) ബോർഡിന്റെ ചട്ടം 284 (2) പ്രകാരം ഒരു അംഗത്തൊഴിലാളി 11 മാസത്തിലധികം അംശദായം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ, ടിയാന് ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ, കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമാക്കിക്കൊണ്ട് അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനഃസ്ഥാപിച്ച് നൽകുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതും ടി അപേക്ഷയിന്മേൽ അർഹത ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതുമാണ്. ഇപ്രകാരം അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനഃസ്ഥാപിച്ച് നൽകുന്നതിന് ഒരു തൊഴിലാളിക്ക്

തന്റെ സർവ്വീസ് കാലയളവിൽ പരമാവധി 2 പ്രാവശ്യം മാത്രമാക്കി ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. ബോർഡിന്റെ ചട്ടം 290 പ്രകാരം പെൻഷൻ ലഭിക്കുന്നതിന് 60 വയസ്സ് പൂർത്തിയാകുന്ന അവസരത്തിൽ ബോർഡിന്റെ ചട്ടം 283(9) പ്രകാരം അംഗത്വം പുതുക്കിയും, ചട്ടം 284 പ്രകാരം അംശദായം ഒടുക്കിയും സജീവ അംഗത്വം നിലനിർത്തിയിട്ടുള്ളവർക്ക് മാത്രമേ നിലവിൽ ബോർഡിന്റെ ചട്ടപ്രകാരം പെൻഷൻ ആനുകൂല്യത്തിന് അർഹതയുള്ളതായി വ്യവസ്ഥ ചെയ്തിട്ടുള്ളൂ.

(ഡി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് ചട്ടം 290 പ്രകാരം പെൻഷന് അർഹത നേടുന്ന സമയം 11 മാസത്തിലധികം അംശദായം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ചട്ടം (283) പ്രകാരം 18-നും 60-നും ഇടയിൽ പ്രായമുള്ള തൊഴിലാളിക്കാണ് ബോർഡിൽ അംഗമായി തുടരാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയത് പ്രകാരം 60 വയസ് പൂർത്തിയാകുന്ന അവസരത്തിൽ ടി തൊഴിലാളിക്ക് ബോർഡിൽ അംഗത്വം നിലനിർത്തുവാനുള്ള അർഹത സ്വാഭാവികമായും ഇല്ലാതായി തീരുന്നതാണ്. ഈ സാഹചര്യത്തിൽ ടി തൊഴിലാളിക്ക് അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം നിലനിർത്താൻ നിലവിലെ ചട്ടപ്രകാരം വ്യവസ്ഥയില്ലാത്തതാണ്.

**തൊഴിലാളികൾക്ക് ബാങ്കിലൂടെ വേതനം**

178 (5816) <u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് ബാങ്കിലൂടെ വേതനം ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലെ തൊഴിലാളികൾക്കാണ് ഈ സൗകര്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ തൊഴിലാളികൾക്കും ഈ സൗകര്യം ലഭിക്കുവാൻ മിനിമം വേതനം ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ, ടെക്സ്റ്റൈൽ ഷോപ്പുകൾ,

ജ്വലറികൾ, സ്വകാര്യ ആശുപത്രികൾ, ഐ.ടി. മേഖല, സെൽഫ് ഫിനാൻസിംഗ്, എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്, നിർമ്മാണമേഖല തുടങ്ങിയ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും അവരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1948-ലെ മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 8-7-2015-ലെ സ.ഉ. (പി) 84/15/ തൊഴിൽ നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

179 (5817) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേക്ക് സെസ്സായി പിരിച്ചെടുക്കുന്ന തുക നിയമാനുസൃതം വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാരുകൾ താല്പര്യം കാണിക്കുന്നില്ലെന്ന സുപ്രീംകോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ ആരോഗ്യസുരക്ഷ, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയ്ക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ക്ഷേമനിധി ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ നിന്ന് തൊഴിലാളി ക്ഷേമത്തിനായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായുള്ള തൊഴിലാളികളുടെ ആരോഗ്യ സുരക്ഷയ്ക്കായി അപകട ചികിത്സാധനസഹായം, മാരക രോഗ ചികിത്സാധനസഹായം, സാധാരണ ചികിത്സാധനസഹായം എന്നിങ്ങനെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ക്യാഷ് അവാർഡ്, എസ്.എസ്.എൽ.സി. പഠന സഹായം, എൻട്രൻസ് ധനസഹായം, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും ചട്ടപ്രകാരം വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ അംഗതൊഴിലാളികളുടെ എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് പഠിക്കുന്ന കുട്ടികൾക്ക് ലാപ്ടോപ്പ് അനുവദിക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ബാധകമല്ല.

## നിയുക്തി-2017 ജോബ് ഫെയറുകൾ

180 (5818) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 'നിയുക്തി-2017'എന്ന പേരിൽ ജോബ് ഫെയറുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം സ്വകാര്യ മേഖലയിൽ എത്ര പേർക്ക് തൊഴിൽ നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് സ്വകാര്യ മേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് തൊഴിൽ മേളകൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്.

(സി) 'നിയുക്തി 2017' ജോബ് ഫെയർ മുഖേന ഈ വർഷം സ്വകാര്യ മേഖലയിൽ കുറഞ്ഞത് 5000 പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത തൊഴിൽ മേളയിൽ പങ്കെടുക്കുന്നതിന് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഓൺലൈനായി വകുപ്പിന്റെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയബിലിറ്റി സെന്ററുകളുടെയും എംപ്ലോയബിലിറ്റി സെന്ററിന്റെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ നടത്തുന്ന KASE-ന്റെയും സഹകരണത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിലായി സംഘടിപ്പിക്കുന്ന പ്രസ്തുത തൊഴിൽ മേളയിലൂടെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാന ത്തൊട്ടാകെയുള്ള അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് സാധിക്കുന്നതാണ്.

## ഐ.ടി.ഐ.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

181 (5819) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര സർക്കാർ ഐ.ടി.ഐ.കൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) 1-1-2011 മുതൽ 31-3-2016 വരെ പാലക്കാട് ജില്ലയിൽ എത്ര സർക്കാർ ഐ.ടി.ഐ.കൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ഐ.ടി.ഐ.-കളിൽ തസ്തികകൾ അനുവദിച്ചു എന്നും വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഐ.ടി.ഐ.-കളുടെ നവീകരണത്തിനായി നടപ്പുവർഷം 57.61 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും 43.87 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച തുകയ്ക്കുള്ള സംഭരണ/നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെൻഡർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. 10 ഐ.ടി.ഐ.-കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചു. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 ഐ.ടി.ഐ.-കൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനു വേണ്ടി 50 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വകയിരുത്തിയിരുന്നു. ഈ പദ്ധതി കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ചർ & ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) വഴി നടപ്പിലാക്കുന്നതിന് KIIFB-യുടെ വെബ്സൈറ്റിൽ പ്രോജക്ട് വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

(ബി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ 82 സർക്കാർ ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7 |
| 2 | കൊല്ലം | 6 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 6 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 6 |
| 8 | തൃശ്ശൂർ | 7 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 6 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 7 |
| 14 | കാസർഗോഡ് | 6 |
| | ആകെ | 82 |

(സി) 1-1-2011 മുതൽ 31-3-2016 വരെ, പാലക്കാട് ജില്ലയിൽ രണ്ട് ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുണ്ട്.

1. ഐ.ടി.ഐ., കൊഴിഞ്ഞാമ്പാറ
2. ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവ. ഐ.ടി.ഐ., എലപ്പുള്ളി.

(ഡി) പാലക്കാട് ജില്ലയിൽ പുതുതായി അനുവദിച്ച കൊഴിഞ്ഞാമ്പാറ, ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവ. ഐ.ടി.ഐ. എലപ്പുള്ളി എന്നീ സ്ഥാപനങ്ങളിൽ തസ്തികകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

## വ്യവസായ പരിശീലന സ്ഥാപനങ്ങളിലെ അദ്ധ്യാപകർ

182 (5820) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പരിശീലന സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ മികവും, കാര്യശേഷിയും വർദ്ധിപ്പിക്കുന്നതിന് അവർക്ക് കാലാനുസൃതമായ പരിശീലനം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിശീലനങ്ങൾ എവിടെയൊക്കെ വച്ചാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ എല്ലാ ട്രേഡുകളും ഉൾപ്പെടുത്തിയുള്ള പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിന് പുറത്ത് അഡ്വാൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും മറ്റും പരിശീലനത്തിന് നിയോഗിക്കുന്ന അദ്ധ്യാപകർക്ക് ക്രമപ്രകാരമുള്ള യാത്രാബത്തയും, ദിനബത്തയും ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വ്യാവസായിക പരിശീലന വകുപ്പിലെ അദ്ധ്യാപകരുടെ മികവും കാര്യശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്നത് വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ തന്നെ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് കേരള (Suiit-Kerala)യുടെ നേതൃത്വത്തിലാണ്. ടി സ്ഥാപനം വഴി നൽകുന്ന വിവിധ പരിശീലന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഇലക്ട്രോണിക്സ്, ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്കൽ, മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ്, മെക്കാനിക് പവർ ഇലക്ട്രോണിക്സ് തുടങ്ങിയ ട്രേഡിലെ ഇൻസ്ട്രക്ടർമാർക്ക് സ്കിൽ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം കഴക്കൂട്ടം സ്യൂട്ട്-കേരളയിൽ വച്ച് നൽകുന്നു.

2. കമ്പ്യൂട്ടർ അനുബന്ധ ട്രേഡിലെ ഇൻസ്ട്രക്ടർമാർക്ക് കഴക്കൂട്ടം സ്യൂട്ട് കേരള, ഐ.എം.ജി. എന്നിവിടങ്ങളിലെ കമ്പ്യൂട്ടർ ലാബുകളിൽ പരിശീലനം നൽകുന്നു.

3. ചെന്നൈ, ഹൈദരാബാദ്, കൽക്കട്ട, കാൺപൂർ, മുംബൈ, ബംഗളൂരു, ലുധിയാന എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ഡി.ജി.റ്റി. ഫീൽഡ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ വച്ച് ഷോർട്ട് ടേം ട്രെയിനിംഗുകളും മൂന്നുമാസം, ആറുമാസം കാലാവധിയുള്ള പരിശീലനങ്ങളും നൽകുന്നു.

4. ഡി.ജി.റ്റി. ഡിസ്റ്റന്റ് ലേണിംഗ് പ്രോഗ്രാം അനുസരിച്ച് ട്രേഡുകളിലെ പരിഷ്കരിച്ച സിലബസ് പ്രകാരം കഴക്കൂട്ടം സ്യൂട്ട്-കേരള, ഐ.ടി.ഐ. കളമശ്ശേരി, വനിത ഐ.ടി.ഐ. കോഴിക്കോട് എന്നിവിടങ്ങളിൽ ട്രെയിനിംഗ് നൽകുന്നു.

5. കഴക്കൂട്ടം സ്യൂട്ട്-കേരളയുടെ നേതൃത്വത്തിൽ കഴക്കൂട്ടം സ്യൂട്ട് ട്രെയിനിംഗ് ഹാളിൽ വച്ച് പരിഷ്കരിച്ച സിലബസിൽ പരിശീലനം നൽകുന്നു.

6. ഐ.എം.ജി.-യുമായി സഹകരിച്ച് തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി ഐ.എം.ജി.-കളിൽ വച്ച് സിലബസിലെ മാറ്റത്തിനനുസരിച്ച് പരിശീലനം നൽകുന്നു.

7. സൗകര്യപ്രദമായ ഐ.ടി.ഐ.-കളിൽ വച്ച് പരിശീലകർക്ക് ഓഫ് ക്യാമ്പസ് പരിശീലനം നൽകുന്നു.

8. കുസാറ്റ്, ടെലികോം ട്രെയിനിംഗ് സെന്റർ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയുമായി സഹകരിച്ച് മാറിയ സിലബസ് അനുസരിച്ചുള്ള സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നു.

9. കെൽട്രോണുമായി സഹകരിച്ച് കമ്പ്യൂട്ടർ അനുബന്ധ മേഖലകളിൽ പരിശീലനം നൽകുന്നു.

10. കേരള വെൽഡിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഏലൂർ, ആലുവ-യുമായി സഹകരിച്ച് വെൽഡിംഗ് ട്രേഡിലെ ഇൻസ്ട്രക്ടർമാർക്ക് പരിശീലനം നൽകുന്നു.

(ബി) ടി സ്ഥാപനം ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, ന്യൂഡൽഹിയുടെ അധികാര പരിധിക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ ഇക്കാര്യത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ആണ് തീരുമാനമെടുക്കേണ്ടത്.

(സി) കേരളത്തിന് പുറത്ത് പരിശീലനത്തിന് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമുള്ള യാത്രാബത്തയും ദിനബത്തയും പ്രഥമ പരിഗണന നൽകി ലഭ്യമാക്കുന്നുണ്ട്.

**തിരുവമ്പാടി ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

183 (5821) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനായി സ്ഥലം വിട്ടുകിട്ടുന്നതിന് വ്യവസായ പരിശീലന വകുപ്പ് റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പിൽ നിന്നും ഐ.ടി.ഐ. കെട്ടിടനിർമ്മാണത്തിന് സ്ഥലം വിട്ടുകിട്ടാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവമ്പാടി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനായി സ്ഥലം വിട്ടുകിട്ടുന്നതിന് 25-10-2016-ൽ നിർദ്ദിഷ്ട ലാന്റ് ട്രാൻസ്ഫർ ഫോമിലുള്ള അപേക്ഷ വ്യാവസായിക പരിശീലന വകുപ്പ് കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

**അരിത്തമാറ്റിക് കാൽക്കുലേഷൻ ആന്റ് ഡ്രോയിംഗ് തസ്തികയിലെ ഒഴിവുകൾ**

184 (5822) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരിത്തമാറ്റിക് കാൽക്കുലേഷൻ ആന്റ് ഡ്രോയിംഗ് (ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വിഭാഗം) കാറ്റഗറി നമ്പർ 528/2012 തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്; എല്ലാ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനും ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

അരിത്തമാറ്റിക് കം ഡ്രോയിംഗ് ഇൻസ്ട്രക്ടർ തസ്തികയിൽ നിലവിൽ 132 ഒഴിവുകളുണ്ട്. ആയതിൽ 118 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 14 ഒഴിവുകൾ 1971-ലെ കേരള ഡ്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 3-3-(2) പ്രകാരമുള്ള സ്ഥാനക്കയറ്റത്തിനായി നീക്കി വച്ചിട്ടുള്ളതാണ്.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

185 (5823) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുവാൻ നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് അവസരം നിഷേധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തൊഴിലാളികൾക്ക് കൂടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഇതര സംസ്ഥാന ജോലിക്കാരുടെ ലേബർ ക്യാമ്പുകളിൽ അമിതമായ ലഹരി ഉപയോഗം

186 (5824) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഇതര സംസ്ഥാന ജോലിക്കാരുടെ ലേബർ ക്യാമ്പുകളിൽ കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ അമിതമായ ലഹരി ഉപയോഗം കേരളത്തിലെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും സ്വൈരജീവിതത്തിന് ഭംഗം വരുത്തുന്നു എന്ന വസ്തുത മനസ്സിലാക്കി ഇതിനെ ചെറുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഇതിനായി എക്സൈസ് വകുപ്പിൽ വിവിധ സ്ഥലങ്ങളിൽ പ്രത്യേക സെല്ല് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ ഇതര സംസ്ഥാന ജോലിക്കാരുടെ ഇടയിൽ ലഹരി വസ്തുക്കൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നതും ഇവരുടെ അമിതമായ ലഹരി ഉപയോഗത്തെ തുടർന്നുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങളും പൊതുജനങ്ങളുടെ സ്വൈരജീവിതത്തിന് ഭംഗം വരുത്തുന്നതിന് ഇടയാകുന്നതും വളരെ ഗുരുതരമായ സാമൂഹ്യപ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനകളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'ഓപ്പറേഷൻ ഭായി' എന്ന പേരിൽ നടത്തിവരുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളും തൊഴിലിടങ്ങളും കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വിപണനം, ഉപയോഗം എന്നിവ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും കർശനമായി നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ തൊഴിലാളികൾ ഒന്നിച്ച് ചേരുന്ന സ്ഥലങ്ങളും ലഹരി ഉപയോഗവും വിപണനവും നടക്കാനിടയുള്ള സ്ഥലങ്ങളും പ്രത്യേകം നിരീക്ഷണ വിധേയമാക്കുകയും ഇതര സംസ്ഥാന തൊഴിലാളികളെ മയക്കുമരുന്നും പുകയില ഉത്പന്നങ്ങളുമടക്കമുള്ള ലഹരി പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നത് തടയുന്നതിന് റെയിൽവേ പോലീസ്, ആർ.പി.എഫ്. വിഭാഗങ്ങളുമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധനയും നടത്തുന്നുണ്ട്. മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ ഇത്തരം തൊഴിലാളികൾക്കിടയിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ**

187 (5825) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കുടുംബശ്രീ യൂണിറ്റുകളെ പങ്കാളികളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) കുടുംബശ്രീ യൂണിറ്റുകൾ നടത്തുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമാകുമെന്നതിനാൽ ഇതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായി ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" -ക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. കുടുംബശ്രീയടക്കമുള്ള സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടു കൂടി മദ്യവിരുദ്ധ ലഹരി വർജ്ജന ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" -ക്ക് രൂപം നൽകിയിട്ടുണ്ട്. "വിമുക്തി" -യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

**ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ**

188 (T*5826)<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജന നയം പൊതുജനങ്ങൾക്കിടയിൽ വ്യാപകമായി പ്രചരിപ്പി ക്കുന്നതിന് സെമിനാറുകളും വാർഡ് തല ബോധവൽകരണ ക്ലാസുകളും സംഘടിപ്പി ക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാലയങ്ങളിലെയും കലാലയങ്ങളിലെയും ലഹരി വിരുദ്ധ ക്ലബ്ബിലെ അംഗങ്ങളെ പ്രയോജനപ്പെടുത്തി സമൂഹത്തിലെ വിവിധതലങ്ങളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ അത്തരം പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ബോധവത്കരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ- " വിമുക്തി" രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**വനിതാ എക്സൈസ് ഗാർഡ്**

189 (5827) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 534/2013, പി.എസ്.സി റാങ്ക് ലിസ്റ്റിൽനിന്നും എക്സൈസ് വകുപ്പിൽ എത്ര വനിതാ എക്സൈസ് ഗാർഡുമാരെ നിയമിച്ചിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്; എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വനിതാ എക്സൈസ് ഗാർഡ് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്ന സമയത്ത് മൂന്ന് മാസത്തെ പരിശീലനമാണ് പറഞ്ഞിരുന്നെങ്കിലും നിയമിക്കപ്പെട്ട ശേഷം ആറ് മാസത്തെ പരിശീലനമാണ് നല്കി വരുന്നതെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കാറ്റഗറി നമ്പർ 534/2013 എന്നത് പുരുഷ സിവിൽ എക്സൈസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റാണ്. വനിതാ എക്സൈസ് ഗാർഡുമാരുടെ (കാറ്റഗറി നമ്പർ 261/2014) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 154 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ ഒഴിവുള്ള 32 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 3-10-2015-ലെ ജി.ഒ.(പി) നമ്പർ 178/2015/റ്റി.ഡി. ഉത്തരവുപ്രകാരം എക്സൈസ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുള്ളതും ആയതിൻപ്രകാരം പുരുഷ/ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ട്രെയിനിംഗ് 180 പ്രവൃത്തി ദിവസങ്ങളായി നിശ്ചയിച്ചിട്ടുള്ളതുമാണ്. 1-1-2015-നശേഷം പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന സിവിൽ എക്സൈസ് ഓഫീസർമാർക്ക് 180 ദിവസത്തെ പ്രീസർവ്വീസ് ട്രെയിനിംഗ് വിജകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ സബ്സ്റ്റാന്റീവ് പോസ്റ്റിൽ നിയമനം നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതുമാണ്.

**ബിയർ-വൈൻ പാർലറുകളിൽ എക്സൈസ് വകുപ്പ് റെയ്ഡുകൾ**

190 (5828) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് ബിയർ - വൈൻ പാർലറുകളിൽ എക്സൈസ് വകുപ്പ് എത്ര റെയ്ഡുകൾ നടത്തുകയുണ്ടായി എന്ന് അറിയിക്കുമോ;

(ബി) ഈ റെയ്ഡുകളുടെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി എന്ന് വിശദമാക്കുമോ;

(സി) റെയ്ഡിന്റെ അടിസ്ഥാനത്തിൽ ക്രമക്കേട് കണ്ട എത്ര ബിയർ - വൈൻ പാർലറുകളുടെ ലൈസൻസ് റദ്ദ് ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 4045 റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി) 43 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കേസ്സുകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ഒരു ബിയർ/വൈൻ പാർലറിന്റെ ലൈസൻസ് സസ്പെന്റ് ചെയ്ത് പൂട്ടിയിട്ടുണ്ട്. എന്നാൽ ലൈസൻസുകളൊന്നും റദ്ദ് ചെയ്തിട്ടില്ല.

## ചാരായം വാറ്റി വ്യാപാരം

191 (5829) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാക്കൂർ പഞ്ചായത്തിലെ രാമല്ലൂർ മഞ്ഞക്കോട് എന്ന സ്ഥലത്ത് വ്യാപകമായി ചാരായം വാറ്റി വ്യാപാരം നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ കോഴിക്കോട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്ക് പരാതി ലഭിച്ചിരുന്നോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി വിഷയത്തിൽ കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും പ്രസ്തുത പ്രദേശത്തുനിന്നും ഉടമസ്ഥനില്ലാത്ത നിലയിൽ വാഷും ചാരായവും കണ്ടെടുത്തതിന് ചേളന്നൂർ എക്സൈസ് റെയ്ഞ്ച് ഓഫീസിൽ രണ്ട് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## എക്സൈസ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ

192 (5830) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ എക്സൈസ് ഓഫീസിന്റെ നിലവിലെ കാലപ്പഴക്കം ചെന്ന കെട്ടിടത്തിനു പകരം പുതിയത് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. പുതിയ എക്സൈസ് ഓഫീസ് നിർമ്മിക്കുന്നത് സംബന്ധിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

## എക്സൈസ് കേസ്സുകൾ

193 (5831) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര എക്സൈസ് കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) 2016 മേയ് മാസത്തിന് ശേഷം എത്ര അബ്കാരി കേസുകളിൽ പരാജയപ്പെട്ടുവെന്ന് വിശദമാക്കാമോ;

(സി) എക്സൈസ് കേസുകൾ പരാജയപ്പെടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 26-10-2016 തീയതി വരെ എക്സൈസ് വകുപ്പ് 11480 അബ്കാരി കേസ്സുകളും 1286 എൻ.ഡി.പി.എസ്. കേസ്സുകളും 25171 കോട്പ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പ് 2016 മേയ് മാസത്തിന് മുമ്പ് രജിസ്റ്റർ ചെയ്ത് കുറ്റപത്രം സമർപ്പിച്ച 455 അബ്കാരി കേസ്സുകൾ നാളിതുവരെ പരാജയപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് പരാജയപ്പെടുന്ന കേസ്സുകൾ സംബന്ധിച്ച് ബന്ധപ്പെട്ട സർക്കാർ അഭിഭാഷകനുമായി ചർച്ച ചെയ്ത് ടി കേസ് പരാജയപ്പെടാനുണ്ടായ കാരണങ്ങൾ വിലയിരുത്തി കൂടുതൽ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്. പ്രസ്തുത കേസ്സുകളുടെ വിധിപകർപ്പുകൾ പരിശോധിച്ച് ആവശ്യമായ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ സമർപ്പിച്ചുവരുന്നു. നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് കുറ്റക്കാർ ശിക്ഷയിൽ നിന്നും ഒഴിവാകുന്നത് തടയാൻ അബ്കാരി ആക്റ്റിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്ന കാര്യം പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു. സാക്ഷികൾ കൂറുമാറുന്നതുകൊണ്ട് കേസ്സുകൾ പരാജയപ്പെടുന്നുണ്ട്. കേസ്സുകൾ കണ്ടെടുത്ത് രജിസ്റ്റർ ചെയ്യുന്ന സമയത്തോ അന്വേഷണത്തിലോ കുറ്റപത്രം സമർപ്പിക്കുന്ന സമയത്തോ നടപടിക്രമത്തിൽ ഉണ്ടായ എന്തെങ്കിലും പാകപ്പിഴയോ അപാകതയോ കൊണ്ടാണ് പ്രസ്തുത കേസ്സുകൾ പരാജയപ്പെട്ടിട്ടുള്ളത് എങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രസ്തുത വിഷയത്തിൽ കർശനമായ താക്കീത് നൽകുകയും ആയത് മനഃപൂർവ്വമായ വീഴ്ചയാണ് എന്ന് ബോദ്ധ്യപ്പെട്ടാൽ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പ്രധാനപ്പെട്ട കേസ്സുകൾ അന്വേഷിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പിൽ ക്രൈം ബ്രാഞ്ച് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കേസ്സുകൾ കണ്ടെടുക്കുന്നതും അന്വേഷണവും ആയി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംബന്ധിച്ച് എക്സൈസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

**എക്സൈസ് വകുപ്പിലെ സ്ഥലംമാറ്റ ഉത്തരവുകൾ**

194 (5832) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പിൽ ഇൻസ്പെക്ടർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ തസ്തികകളിൽ നാളിതുവരെ എത്ര സ്ഥലം മാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എക്സൈസ് വകുപ്പിൽ സ്ഥലംമാറ്റത്തിന് മാനദണ്ഡം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മാനദണ്ഡം ലംഘിച്ചു എന്ന് കണ്ടെത്തി എത്ര സ്ഥലം മാറ്റ ഉത്തരവുകൾ 2016 മേയ് 25-ന് ശേഷം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) മാനദണ്ഡം ലംഘിച്ച് സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എക്സൈസ് ഇൻസ്പെക്ടർമാരുടെ 3 ഉത്തരവുകളും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒരുത്തരവും പ്രിവന്റീവ് ഓഫീസർമാരുടെ 49 ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എക്സ് ഡി5-13159/15 തീയതി 8-7-2015, എക്സ്.ഡി5-17321/15 തീയതി 8-7-2015 എന്നീ സർക്കുലറുകൾ പ്രകാരവും 14-06-2016-ലെ എക്സ് ഡി3-777/16 നമ്പർ കത്ത് പ്രകാരവും സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് എക്സൈസ് കമ്മീഷണർ പൊതു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

(സി) എക്സൈസ് ഇൻസ്പെക്ടർ കേഡറിലും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലും ഓരോ ട്രാൻസ്ഫർ ഉത്തരവുകൾ സ്റ്റേ ചെയ്തിട്ടുണ്ട്.

(ഡി) മാനദണ്ഡം ലംഘിച്ച് സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എക്സൈസ് വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർ സ്ഥലംമാറ്റം**

195 (5833) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മേൽ തസ്തികയിൽ സ്ഥലം മാറ്റത്തിന് മാനദണ്ഡം നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) എക്സൈസ് കമ്മീഷണറേറ്റിലെ ഡെപ്യൂട്ടി കമ്മീഷണർ (അബ്കാരി) തസ്തികയിൽ ഒരു ഡെപ്യൂട്ടി കമ്മീഷണർക്ക് എത്ര നാൾ തുടരാമെന്ന് കാലാവധി നിജപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ തസ്തികയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ തസ്തികയിലെ ഉദ്യോഗസ്ഥന്റെ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ നിലവിലില്ല.

(സി) നിജപ്പെടുത്തിയിട്ടില്ല. ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**എക്സൈസ് വകുപ്പിൽ കമ്പ്യൂട്ടർവത്കരണം**

196 (5834) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എക്സൈസ് വകുപ്പിലെ പേമെന്റുകൾക്ക് ഇ-പേയ്മെന്റ് സംവിധാനം ആവിഷ്കരിക്കുമോ;

(സി) കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കുവാനായി തുക നീക്കി വച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്;

(ഡി) സുതാര്യത ഉറപ്പാക്കുന്നതിനും ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിനുമായി വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നുണ്ട്. എക്സൈസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും എക്സൈസ് ഇന്റലിജൻസ് ബ്യൂറോ ഇൻസ്പെക്ടർമാർക്കും ഇ-മെയിൽ ഐ.ഡി. നൽകിയിട്ടുണ്ട്. വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ എക്സൈസ് കമ്മീഷണറേറ്റിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് സബ് ഓഫീസുകളിലും ഇ-ഫയലിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.

(ബി) ഇ-പേയ്മെന്റ് സംവിധാനം എക്സൈസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ഓൺലൈൻ മുഖാന്തരം നൽകുന്ന 16 സർവ്വീസുകളുടെ ഫീസും മറ്റും സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയാണ് അടച്ചുകൊണ്ടിരിക്കുന്നത്.

(സി) എക്സൈസ് ഫീൽഡ് ഓഫീസുകളുടെ നവീകരണത്തിനും കമ്പ്യൂട്ടർ വത്കരണത്തിനുമായി കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ 31 ലക്ഷം രൂപയും എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എൻ.ഐ.സി.-യുടെ സഹായത്തോടുകൂടി ഒരു സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) എക്സൈസ് വകുപ്പിന്റെ 22 സേവനങ്ങൾ ഓൺലൈൻ ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 16 സർവ്വീസുകൾ ഓൺലൈനിൽ നൽകിവരുന്നു. ബാക്കിയുള്ള 6 സർവ്വീസുകൾ ഓൺലൈൻ ആക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ആദിവാസി കോളനികളിലും ഊരുകളിലും വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം

197 (5835) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി കോളനികളിലും ഊരുകളിലും വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആദിവാസി കോളനികളിലെയും ഊരുകളിലെയും മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം നിയന്ത്രിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകളും തുടർച്ചയായ റെയ്ഡുകളും നടത്തിവരുന്നുണ്ട്. ഇത്തരം മേഖലകൾ കേന്ദ്രീകരിച്ച് വ്യാജമദ്യത്തിന്റെയും കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുടെയും ഉത്പാദനം, വിപണനം തുടങ്ങിയവ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും കർശ്ശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആദിവാസികൾക്ക് മദ്യവും മയക്കു മരുന്നുകളും പുകയില ഉൽപ്പന്നങ്ങളും എത്തിച്ചു നൽകുന്നവരെ പ്രത്യേകം നിരീക്ഷണ വിധേയമാക്കുകയും കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പോലീസ്, ഫോറസ്റ്റ്, എക്സൈസ് വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും നടത്തി വരുന്നു. അട്ടപ്പാടിയിലും മാനന്തവാടിയിലും "ജനമൈത്രി എക്സൈസ്" രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിന് ആദിവാസി കോളനികളും ഊരുകളും കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് പ്രത്യേക ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്.

**എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ ഒഴിവുകൾ**

198 (5836) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 33 ഒഴിവുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കോഴിക്കോട് | - | 6 |
| വയനാട് | - | 5 |
| കണ്ണൂർ | - | 13 |
| കാസർഗോഡ് | - | 9 |

മേൽപ്പറഞ്ഞ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ബിവറേജസ് കോർപ്പറേഷനിലെ പോസ്റ്റ് ക്രിയേഷൻ**

199 (5837) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിവറേജസ് കോർപ്പറേഷനിൽ എൽ.ഡി. ക്ലാർക്ക് തസ്തികയുടെയും അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയുടെയും പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

ബിവറേജസ് കോർപ്പറേഷനിൽ എൽ.ഡി. ക്ലാർക്ക് തസ്തികകളും അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികകളും സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ബിവറേജസ് കോർപ്പറേഷനിലെ ഔട്ട്‌ലെറ്റുകളിൽ വനിതകൾ**

200 (5838) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിലെ ഔട്ട്‌ലെറ്റുകളിൽ വനിതകളെ നിയമിക്കില്ല എന്ന തീരുമാനമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്ത്രീകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും പുരുഷന്മാർക്ക് മാത്രം നിയമനം നൽകിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വനിതകൾക്ക് ഔട്ട്‌ലെറ്റുകളല്ലാത്തയിടങ്ങളിൽ ജോലി നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇപ്രകാരമുള്ള സ്ത്രീ പുരുഷ വിവേചനം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള അബ്കാരി നിയമം അനുസരിച്ച് വനിതകളെ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളിൽ നിയമിക്കുവാൻ കഴിയില്ല. ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും അർഹരായ വനിതകൾക്ക് കോർപ്പറേഷന്റെ വിവിധ ഓഫീസുകളിൽ നിയമനം നൽകിയിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിയമനം നടത്തുന്നതിൽ സ്ത്രീ പുരുഷ വിവേചനമില്ല.

**വ്യാജമദ്യ കടത്ത്**

201 (5839) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യ കടത്ത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഈ മുൻകരുതലുകൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ബി) ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ മറ്റ് ഏതെല്ലാം രീതിയിൽ വ്യാജമദ്യം കടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജലമാർഗ്ഗവും റെയിൽമാർഗ്ഗവും സംസ്ഥാനത്ത് മദ്യകടത്ത് നടക്കുന്നുണ്ടെന്നും ഇത്തരത്തിലുള്ള മദ്യകടത്ത് തടയുന്നതിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമല്ലെന്നും ഉള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വ്യാജമദ്യ കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ മുതലായവയുടെ സഹായം പരമാവധി ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപഭോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നത്. കൂടാതെ നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്

പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ വ്യാജമദ്യ കടത്ത് തടയുന്നതിന് എല്ലാ മുൻകരുതലുകളും സ്വീകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ചെക്ക് പോസ്റ്റുകൾക്ക് സമാന്തരമായുള്ള പാതകളിലൂടെയാണ് പ്രധാനമായും വ്യാജമദ്യം കടത്തിക്കൊണ്ടുവരാൻ സാദ്ധ്യതയുള്ളത്. കൂടാതെ റെയിൽ മാർഗ്ഗവും കടൽ മാർഗ്ഗവും സംസ്ഥാന അതിർത്തികളിലെ ഊടുവഴികളിലൂടെ തലച്ചുമടായും വ്യാജമദ്യം സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരാനുള്ള സാദ്ധ്യത നിലവിലുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിൽ പോലീസ്, റെയിൽവേ മുതലായ വിഭാഗങ്ങളുടെ സഹായം എക്സൈസ് വകുപ്പ് പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ

202 (5840) ശ്രീ. ആന്റണി ജോൺ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ, പട്ടികജാതി - പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളെ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് എക്സൈസ് ഉദ്യോഗസ്ഥർ, വാർഡ് പ്രതിനിധികളുടെ സഹകരണത്തോടുകൂടി ബോധവത്കരണ ക്ലാസ്സുകളും ഷോർട്ട് ഫിലിം പ്രദർശനവും നടത്തിവരുന്നു. പട്ടികവർഗ്ഗ കോളനികളിൽ ബോധവത്കരണം, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജില്ലാ പട്ടികവർഗ്ഗ വികസന ആഫീസർമാരുടെ സഹകരണത്തോടുകൂടി പ്രാദേശിക ജില്ലാ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകൾ കേന്ദ്രീകരിച്ച് വിപുലവും വൈവിദ്ധ്യവുമായ ബോധവത്കരണ പ്രചാരണ പരിപാടികളാണ് എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളിൽ പ്രത്യേക ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ കാവുണ്ടിക്കൽ, വടകോട്ടത്തറ എന്നീ ഊരുകളെ തെരഞ്ഞെടുത്ത് ലഹരി വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആദിവാസി ഊരുകളിൽ നിന്നും തെരഞ്ഞെടുത്ത 31 പേർക്ക് തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ പരിശീലനം നൽകി ലഹരി വിരുദ്ധ വോളണ്ടിയർമാരായി ഊരുകളിൽ നിയോഗിച്ചിട്ടുണ്ട്. അട്ടപ്പാടി, വയനാട് എന്നിവിടങ്ങളിൽ ജനമൈത്രി എക്സൈസ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ അട്ടപ്പാടി ആദിവാസി മേഖലയിലെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി ഷോളയാർ ട്രൈബൽ ഹൈസ്കൂളിലെ ലൈബ്രറിക്ക് 20,000 രൂപയുടെ പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

എഫ്.എം. റേഡിയോ വഴിയും സോഷ്യൽ മീഡിയകൾ വഴിയും മദ്യ-ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ ലാന്റ് ഫോണുകൾ വഴിയും മൊബൈൽ ഫോണുകൾ വഴിയും റിംഗ്ടോണായി ലഹരി വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചുവരുന്നു. നവീന സാമൂഹിക മാധ്യമങ്ങളിലൂടെ ബഹുജനങ്ങൾക്ക് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കാനാവും. ഈ ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് എക്സൈസ് കമ്മീഷണറുമായി 24 മണിക്കൂറും ബന്ധപ്പെടുന്നതിന് ഒരു വാട്സ്ആപ്പ് ഹെൽപ്പ് ലൈൻ നമ്പരും മൊബൈൽ ഫോൺ നമ്പരും നിലവിലുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ലഹരി വിരുദ്ധ പരിപാടികളും ബോധവത്കരണ ക്ലാസ്സുകളും എക്സൈസ് വകുപ്പിലെ ജീവനക്കാർ അവതരിപ്പിക്കുന്ന ബോധവത്കരണ നാടകവും സംഘടിപ്പിച്ചിട്ടുള്ളതും ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ലഘുലേഖകളും പുസ്തകങ്ങളും വിതരണം ചെയ്തിട്ടുള്ളതുമാണ്. എക്സൈസ് ഉദ്യോഗസ്ഥർ വാർഡ് പ്രതിനിധികളുടെ സഹകരണത്തോടുകൂടി ബോധവത്കരണ ഷോർട്ട് ഫിലിം പ്രദർശനവും നടത്തി വരുന്നുണ്ട്.

**മദ്യദുരന്തം അന്വേഷിക്കുന്ന കമ്മീഷനുകൾ**

203 (5841) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യദുരന്തം അന്വേഷിക്കുന്നതിനായി എത്ര കമ്മീഷനുകളെ നിയമിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര കമ്മീഷനുകൾ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഈ കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് നിയമ വകുപ്പുകൾ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന മദ്യദുരന്തം അന്വേഷിക്കുന്ന കമ്മീഷനുകൾ ഏതെല്ലാമെന്നുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) വൈപ്പിൻ മദ്യദുരന്തം മുതൽ സംസ്ഥാനത്ത് താഴെപ്പറയുന്ന 4 അന്വേഷണ കമ്മീഷനുകളെ നിയോഗിച്ചിട്ടുണ്ടായിരുന്നു:

| | | |
|---|---|---|
| വൈപ്പിൻ മദ്യദുരന്തം | - | ജസ്റ്റിസ് ജാനകിയമ്മ കമ്മീഷൻ |
| കല്ലുവാതുക്കൽ മദ്യദുരന്തം | - | ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ |
| കുപ്പണ മദ്യദുരന്തം | - | ജസ്റ്റിസ് റ്റി. കെ. ചന്ദ്രദാസ് കമ്മീഷൻ |
| മലപ്പുറം മദ്യദുരന്തം | - | ജസ്റ്റിസ്എം. രാജേന്ദ്രൻ നായർ കമ്മീഷൻ |

ടി കമ്മീഷനുകളെല്ലാം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ടി കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(സി) മദ്യദുരന്തം അന്വേഷിക്കുന്ന കമ്മീഷനുകൾ ഒന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

**മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ നടപടി**

204 (5842) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക എന്നത് ഈ സർക്കാരിന്റെ നയമാണോ; ആണെങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മദ്യ വർജ്ജനത്തിനുവേണ്ടി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക രിക്കുന്നതിനായുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. 2016 നവംബർ 20-ന് വിമുക്തിയുടെ സംസ്ഥാനതല ഉദ്ഘാടനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സ്കൂൾ-കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മയക്കമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ വില്പനയും ഉപഭോഗവും നടക്കുന്നത് സംബന്ധിച്ച പരാതികളിൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനം, ഇന്റലിജൻസ് വിഭാഗം എന്നിവ മുഖേന വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ സ്കൂളുകളിൽ പ്രദർശിപ്പിക്കുകയും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും വില്പന, ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും എക്സൈസ് വകുപ്പിന് കൈമാറുന്നതിനായി സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. എക്സൈസ് കമ്മീഷണർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ക്ലാസ്സുകൾ എടുക്കുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്ന വർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നു. കഞ്ചാവ് അടക്കമുള്ള മയക്കമരുന്നുകൾ വില്പന നടത്തുന്നവർക്കെതിരെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരവും പുകയില ഉൽപ്പന്നങ്ങൾ വില്പന നടത്തുന്നവർക്കെതിരെ കോട്പ ആക്ട് 2003 പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

**മാവേലിക്കരയിലെ എക്സൈസ് ഓഫീസുകൾ**

205 (5843) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസുകളുടെ സ്ഥിതി പരിതാപകരമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വന്തമായി സ്ഥലമുള്ള ഓഫീസുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) മാവേലിക്കര എക്സൈസ് ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തരമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചേർത്തല, ആലപ്പുഴ, കുട്ടനാട്, ചെങ്ങന്നൂർ എന്നീ റെയ്ഞ്ചാഫീസുകൾക്കും ആലപ്പുഴ, ചെങ്ങന്നൂർ എന്നീ സർക്കിൾ ഓഫീസുകൾക്കും സ്വന്തമായി സ്ഥലമുണ്ട്.

(ബി) മാവേലിക്കര എക്സൈസ് ഓഫീസിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്.

**കൊട്ടാരക്കരയിൽ എക്സൈസ് റേഞ്ച് ആഫീസ്**

206 (5844) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ മുൻപ് എക്സൈസ് റേഞ്ച് ആഫീസ് സ്ഥിതി ചെയ്ത സ്ഥലവുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കൊട്ടാരക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിരുന്നു; നിർമ്മാണം ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൊട്ടാരക്കരയിൽ മുമ്പ് എക്സൈസ് റേഞ്ച് ആഫീസ് സ്ഥിതി ചെയ്ത സ്ഥലവുമായി ബന്ധപ്പെട്ട് കൊല്ലം വക്കഫ് & അഡീഷണൽ സെഷൻസ് കോടതിയിൽ ഒ.പി.122/15-ൽ ഐ.എ. 133/15 ആയി കൊട്ടാരക്കര ശ്രീ. മഹാഗണപതി ക്ഷേത്രത്തിനുവേണ്ടി ശ്രീമതി ബിന്ദുവും മറ്റ് 2 പേരും ചേർന്ന് ഫയൽ ചെയ്ത സിവിൽ കേസ് നിലവിലുണ്ട്. ടി കേസ്സിനാവശ്യമായ കാര്യവിവരണ പത്രികയും എതിർ സത്യവാങ്മൂലവും കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. കേസ്സിന്മേൽ അന്തിമ തീരുമാനം ഉണ്ടായിട്ടില്ല.

(ബി) കൊട്ടാരക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിന് 2009-10 വർഷം 209 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടി കോംപ്ലക്സ് നിർമ്മാണം പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ലഹരിവസ്തുക്കളുടെ ഉപയോഗം

207 (T*5845) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗം കുറച്ച് കൊണ്ടുവരുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപഭോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നത്. കൂടാതെ നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽനിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ വ്യാജമദ്യ കടത്ത് തടയുന്നതിന് എല്ലാ മുൻകരുതലുകളും സ്വീകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. മദ്യവർജ്ജന ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

## മദ്യപാനത്തിനെതിരെയുള്ള സന്ദേശം

208 (5846) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന എല്ലാതരം മദ്യകുപ്പികളിലും മദ്യപാനത്തിനെതിരെയുള്ള സന്ദേശം രേഖപ്പടുത്തിയിട്ടുണ്ടോ; ഇത്തരത്തിലുള്ള സന്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടും മദ്യപാന ശീലത്തിൽ നിന്നും മദ്യപാനികളെ പിന്തിരിപ്പിക്കാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) മദ്യപാനത്തിനെതിരെയുള്ള ബോധവത്കരണത്തിലൂടെ മദ്യം ഉപേക്ഷിക്കുന്നവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതു വഴി ഇത് എത്ര ശതമാനമായി ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാരിനെ കൂടാതെ മറ്റേതെല്ലാം തരത്തിലുള്ള സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും ഇവയുടെ പ്രവർത്തനംമൂലം മദ്യത്തിൻെറ ഉപഭോഗം പ്രതിവർഷം എത്ര ശതമാനം വരെ കുറയ്ക്കാൻ കഴിയുന്നുണ്ടെന്നും വ്യക്തമാക്കുമോ; സർക്കാരിൻെറ നേരിട്ടുള്ള ബോധവത്കരണം വഴി ഇത് എത്ര ശതമാനമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) മദ്യ ഉത്പാദനവും,വിതരണവും കുറയ്ക്കാതെ മദ്യവർജ്ജനം സാധ്യമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് ഏത് രീതിയിൽ സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്. ടി സന്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടും മദ്യപാനശീലത്തിൽ നിന്നും മദ്യപാനികളെ പിന്തിരിപ്പിക്കുവാൻ കഴിയുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കണക്കാക്കിയിട്ടില്ല. മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി പൂർണ്ണമായി കുറയ്ക്കുവാൻ കഴിയുമെന്നാണ് പ്രതിക്ഷിക്കുന്നത്. ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനായി കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ- " വിമുക്തി" 6-10-2016-ലെ ജി.ഒ.(എംഎസ്) 94/ 2016/നി.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(സി) ലഹരിയുടെ ഉപയോഗം സമൂഹത്തിൽ ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങളെയും മഹാവിപത്തിനെയും കുറിച്ച് എല്ലാ വിഭാഗം ജനങ്ങളെയും ബോധവത്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, ലഹരി-വിരുദ്ധ ക്ലബ്ബുകൾ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, എൻ.ജി.ഒ.-കൾ എന്നിവയുമായി ചേർന്ന് റാലികൾ, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ഡോക്യുമെന്ററി പ്രദർശനം, സെമിനാറുകൾ, പോസ്റ്റർ പ്രദർശനം ക്വിസ് മത്സരം, ചിത്രരചനാ മത്സരം, പ്രസംഗ മത്സരം, എക്സിബിഷനുകൾ, ലഹരി വിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇത്തരം ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി ഘട്ടംഘട്ടമായി മദ്യ ഉപഭോഗം കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

(ഡി) മദ്യവർജ്ജനം പ്രോത്സാഹിപ്പിച്ച് മദ്യത്തിന്റെ ആവശ്യകത കുറയുമ്പോൾ സ്വാഭാവികമായി മദ്യ ഉൽപ്പാദനവും വിതരണവും കുറയുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II ശ്രദ്ധ ക്ഷണിക്കൽ

### (1) റേഷൻ മുൻഗണനാപ്പട്ടികയിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഉൾപ്പെടുത്തൽ

ശ്രീ. കെ. ദാസൻ: സർ, കേരളത്തിൽ 222 തീരദേശ മത്സ്യഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളിലുമായി പതിനൊന്നര ലക്ഷത്തോളം മത്സ്യ തൊഴിലാളി കുടുംബങ്ങൾ താമസിച്ചുവരുന്നു. ഇന്ത്യയുടെ ആകെ മത്സ്യസമ്പത്തിന്റെ മൂന്ന് ശതമാനത്തോളം സംഭാവന ചെയ്യുന്നത് കേരളമാണ്. പൂർണ്ണമായും യന്ത്രവൽകൃത മത്സ്യബന്ധനം നടത്തുന്നവർ 52 ശതമാനത്തോളം വരും. നിയതമായ വരുമാനമില്ലാത്ത ഈ വിഭാഗം പൂർണ്ണമായും മത്സ്യലഭ്യതയെ മാത്രം ആശ്രയിച്ചാണ് കഴിയുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളായ ഇവരുടെ ഒരു ദിവസത്തെ ജീവിതം പുലർച്ചെ നാല് മണിയോടെ ആരംഭിക്കുകയാണ്. എഞ്ചിനാവശ്യമായ എണ്ണയും തൊഴിലാളികളുടെ ഭക്ഷണവുമുൾപ്പെടെ ഒരു ദിവസം 20,000 രൂപയോളം ചെലവുവരും. കഠിനമായി ജോലി ചെയ്താൽപ്പോലും ഒന്നും കിട്ടാതെ വെറും കയ്യോടെ തിരിച്ചു വരേണ്ട അവസ്ഥയാണ് ഇന്നുള്ളത്. ബാങ്കിൽ അടയ്ക്കേണ്ട വായ്പയും പലിശക്കാരുടെ ഭീഷണിയും കുട്ടികളുടെ വിദ്യാഭ്യാസവും എല്ലാംകൊണ്ടും ദുരിതജീവിതമാണ് ഇവർക്കുള്ളത്. കടലിൽ മീനില്ലാത്തതും അനിയന്ത്രിതമായ മത്സ്യബന്ധനവും പരമ്പരാഗത തൊഴിലിനെ ബാധിച്ചിരിക്കുകയാണ്. കടലോളം കണ്ണുനീരുമായി കഴിയുന്ന കടലിന്റെ മക്കളുടെ ഉപജീവന മാർഗ്ഗം അടഞ്ഞുകിടക്കുകയാണ്. എന്നും കടക്കെണിയിലായ മത്സ്യത്തൊഴിലാളികൾ ഒരിക്കലും നിരാശരല്ല. കടലിന്റെ കനിവാണ് അവരുടെ പ്രതീക്ഷ. കൊടിയ ദാരിദ്ര്യവും കടക്കെണിയുമാണെങ്കിലും അവർ ഒരിക്കലും ആത്മഹത്യയിൽ അഭയം തേടാറില്ല. നാളെ ചാകരയുണ്ടാകുമെന്നാണ് ഓരോ മത്സ്യത്തൊഴിലാളിയും സ്വപ്നം കാണുന്നത്. കടലിലേയ്ക്ക് വഞ്ചി പായിച്ചും ചാളത്തടി തുഴഞ്ഞും ചൂണ്ടയിട്ടും പ്രതീക്ഷയിലാണ് അവർ ജീവിക്കുന്നത്. മത്സ്യ തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹിക-വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ആദിവാസി മേഖലയെപ്പോലെയാണ്. നിരവധി കുടുംബങ്ങൾ ഒരു വീട്ടിൽ താമസിക്കുന്നു എന്നതാണ് ഇവർ നേരിടുന്ന ദുഃഖകരമായ മറ്റൊരു പ്രശ്നം. ജനസാന്ദ്രത കൂടുതലുള്ള കടലോരത്ത് അവർ ഇന്നും കൂട്ടുകുടുംബമായാണ് താമസിക്കുന്നത്. വീട് വയ്ക്കാൻ ഭൂമിയില്ലാത്തതുകൊണ്ട് ഇവർക്ക് റേഷൻ കാർഡ് ലഭ്യമല്ല. നല്ലൊരു ശതമാനം മത്സ്യത്തൊഴിലാളികളും എ.പി.എൽ. റേഷൻ കാർഡുടമകളായതുകൊണ്ട് സൗജന്യ ചികിത്സ അവർക്ക് നിഷേധിക്കപ്പെടുകയാണ്. ദാരിദ്ര്യവും പോഷകാഹാരക്കുറവും അവരെ ബാധിച്ചിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തിന് രക്ഷിതാക്കൾ ഉയർന്ന ഫീസ് കൊടുക്കേണ്ടി വരുന്നുണ്ട്. ബി.പി.എൽ. പട്ടികയിലല്ലാത്തതിനാൽ അവർക്ക്

വിവിധ ക്ഷേമപദ്ധതികൾ നിഷേധിക്കപ്പെടുകയും റേഷൻ കടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും ലഭിക്കുന്ന സബ്സിഡി നിരക്കിലുള്ള അരിയും പലവ്യഞ്ജനങ്ങളും ലഭിക്കാതെ പോകുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ വെയിറ്റേജും സൂചകങ്ങളും കണക്കാക്കുന്നത് കേരളത്തിന്റെ തനതായ പ്രശ്നങ്ങൾ കണക്കിലെടുത്തല്ല. എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളി കുടുംബങ്ങളെയും ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമമനുസരിച്ച് നിലവിലിരുന്നതിൽനിന്നും വ്യത്യസ്തമായി ബി.പി.എൽ./എ.പി.എൽ. കാർഡുകൾക്കുപകരം മുൻഗണന/മുൻഗണനേതര കാർഡുകളാകും ഉണ്ടാവുക. ഈ നിയമപ്രകാരം സംസ്ഥാനത്ത് മുൻഗണനാനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം 1,54,80,042 (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാല്പത്തിരണ്ട്) ആണ്. മുൻഗണന/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം ഇപ്രകാരമാണ്. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനു മേൽ ഭൂമിയുള്ളവർ, സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ലാറ്റോ ഉള്ളവർ, നാലുചക്ര വാഹനമുള്ളവർ എന്നിവർ മുൻഗണനാ ക്രമത്തിൽനിന്നും ഒഴിവാക്കപ്പെടും. എന്നാൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ക്ലാസ് ഫോർ തസ്തിക വരെയുള്ള ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുൻ സർക്കാർ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ താലൂക്കുതല റാങ്കിംഗാണ് നടത്തിയിരുന്നത്. ഇത് മാറ്റി ഇപ്പോൾ സംസ്ഥാനതല റാങ്കിംഗ് നടത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളും മുൻഗണനാപ്പട്ടികയിൽപ്പെടുന്നതാണ്. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡ് പുതുക്കലിനായി കരട് പട്ടിക 20-10-2016-ന് റേഷൻ കടകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വില്ലേജ് ഓഫീസുകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേൽ ആക്ഷേപങ്ങളും പരാതികളുമുണ്ടെങ്കിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ നവംബർ 5-ാം തീയതി വരെ പരാതി നൽകാവുന്നതാണ്. താലൂക്ക് സപ്ലൈ ഓഫീസർ ലഭ്യമായ പരാതി സ്വീകരിച്ച് തെളിവെടുപ്പിനായി വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ അവകാശവാദങ്ങളുടെ രേഖകളുമായി ഹാജരാകാൻ പരാതിക്കാരനെ അറിയിക്കുകയും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുകയും പട്ടികയിൽ മാറ്റം വരുത്തുകയും ചെയ്യുന്നതാണ്.

വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ പരാതിയുണ്ടെങ്കിൽ അപ്പലേറ്റ് കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. അപ്പലേറ്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് അന്തിമപട്ടിക പ്രസിദ്ധീകരിക്കുന്നത്. ലിസ്റ്റ് രൂപപ്പെടുത്താൻ ഉപയോഗപ്പെടുത്തിയ വിവരങ്ങൾ കാർഡുടമ നിശ്ചിതഫോറത്തിൽ പൂരിപ്പിച്ച് തന്നവതന്നെയാണ്. അതിൽ അപാകതയുണ്ടെങ്കിൽ മേൽവിവരിച്ച വിശദമായ നടപടിക്രമങ്ങൾ ശരിയായി പ്രയോജനപ്പെടുത്തി കുറ്റമറ്റ ഒരു മുൻഗണനാപ്പട്ടിക തയ്യാറാക്കാൻ മാധ്യമങ്ങളിലൂടെയും വിവിധ സ്ഥാപനങ്ങൾവഴിയും സർക്കാർ പരസ്യങ്ങളിലൂടെയും നിരന്തരം ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരങ്ങൾ ശരിയായി പ്രയോജനപ്പെടുത്തിയാൽ സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്കുള്ളിൽ മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റിലും മുൻഗണന ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. ദാസൻ</u>: സർ, കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖയിൽ ഈ ക്ലേശഘടകങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, എൻ.എഫ്.എസ്.എ.-യുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഇനി സാധിക്കില്ല. അത് പാർലമെന്റ് പാസ്സാക്കി, നിയമമായി കഴിഞ്ഞു. സംസ്ഥാനങ്ങൾ അത് നടപ്പിലാക്കാൻ ബാദ്ധ്യസ്ഥമാണ്. നമ്മുടെ പ്രയാസങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കാം. മുൻഗണനാപ്പട്ടികയുടെ മാനദണ്ഡങ്ങളും ക്ലേശഘടകങ്ങളും സംസ്ഥാനം നിശ്ചയിക്കുന്നതാണ്. അതിലാവശ്യമായ മാറ്റങ്ങൾ സംസ്ഥാനത്തിന് ഭാവിയിൽ നിശ്ചയിക്കാം.

<u>ശ്രീ. സി. കെ. നാണു</u>: സർ, കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാരിന് അപേക്ഷിക്കാമല്ലോ; ലഭിക്കുന്നില്ലെങ്കിൽ വേണ്ട.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, നമുക്ക് ആവശ്യപ്പെടാം. അതിന്റെ പരിമിതിയാണ് ഞാൻ പറഞ്ഞത്. ഇന്നത്തെ ക്രൈറ്റീരിയ അനുസരിച്ച് മുഴുവൻ മത്സ്യത്തൊഴിലാളികളും മുൻഗണനാപ്പട്ടികയിൽ വരാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്.

## (2) ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന്റെ സ്വകാര്യവത്കരണം

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കഴിഞ്ഞ ദിവസം ശ്രീ. എസ്. ശർമ്മ, കൊച്ചിൻ ഷിപ്പ് യാർഡിന്റെ 25 ശതമാനം ഓഹരി വിറ്റഴിക്കുന്നതിനെതിരായിട്ടും എച്ച്.ഒ.സി. അടച്ചുപൂട്ടാൻ തീരുമാനമെടുത്തതിലും എഫ്.എ.സി.ടി. നേരിടുന്ന അതിഗുരുതരമായ പ്രതിസന്ധിയുമെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രമേയം സഭയിൽ കൊണ്ടുവന്നു. നമ്മളെല്ലാവരും ആ പ്രമേയത്തിനനുകൂലമായി തീരുമാനമെടുക്കുകയും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കാൻ പോകുകയുമാണ്.

ഇപ്പോൾ ഏറ്റവും നന്നായി മുന്നോട്ടുപോകുന്ന വെള്ളൂർ എച്ച്.എൻ.എൽ.-ന്റെ കടയ്ക്കൽ കത്തിവയ്ക്കാൻ കേന്ദ്രസർക്കാർ തീരുമാനമെടുത്തിരിക്കുകയാണ്. എൺപതിനായിരം ടൺ ഉൽപ്പാദനശേഷിയിൽ ആരംഭിച്ച വെള്ളൂർ എച്ച്.എൻ.എൽ. ഇപ്പോൾ ഒരു ലക്ഷം ടണ്ണായി വർദ്ധിപ്പിച്ച് നന്നായി മുന്നോട്ടുപോകുകയാണ്. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയംമൂലം രണ്ടോ മൂന്നോ വർഷമൊഴികെ എല്ലാ വർഷവും ലാഭത്തിൽ പ്രവർത്തിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണ് വെള്ളൂർ എച്ച്.എൻ.എൽ. പ്രവർത്തന കാലങ്ങളിലെല്ലാം നൂറ് ശതമാനത്തിലധികം ഉല്പാദനശേഷി കമ്പനിക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക മുതൽമുടക്കിനുശേഷം കമ്പനി പുനരുദ്ധാരണത്തിനോ വൈവിദ്ധ്യവൽക്കരണത്തിനോ യാതൊരു കേന്ദ്രസഹായവും ഇതുവരെ നൽകിയിട്ടില്ല. ഊർജ്ജക്ഷമതാ അവാർഡ്, ഉല്പാദകക്ഷമതാ അവാർഡ്, സുരക്ഷിതത്വക്ഷേമ അവാർഡ് മുതലായ പുരസ്കാരങ്ങൾ നിരവധി തവണ കമ്പനി നേടിയിട്ടുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും പതിനായിരത്തിലധികം ആളുകളാണ് ഈ കമ്പനിയെ ആശ്രയിച്ച് ജീവിക്കുന്നത്. നന്നായി പ്രവർത്തിച്ചുവരുന്ന വെള്ളൂർ എച്ച്.എൻ.എൽ.-നെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. മുഖ്യമന്ത്രിയും സംസ്ഥാന സർക്കാരും അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടുകയും കേരളത്തിലെ എം.പി.-മാർക്ക് നിർദ്ദേശം കൊടുക്കുകയും വേണം. കേന്ദ്രത്തിൽ ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഇല്ല. നമ്മളെല്ലാം ഒന്നാണ്. മുഖ്യമന്ത്രി എല്ലാ എം.പി.-മാരേയും ഒരുമിച്ച് വിളിച്ചുകൂട്ടി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ, കേന്ദ്രസർക്കാർ എടുക്കുന്ന ഇത്തരം തീരുമാനത്തിനെതിരായി ഇടപെടാൻ ആവശ്യപ്പെടണം. ബാക്കിയുള്ള സംസ്ഥാനങ്ങളിലൊന്നും ഇത്രയും പ്രതിസന്ധിയില്ല. ഇവിടെ ബി.ജെ.പി.-ക്ക് എം.പി.-മാരൊന്നും ഇല്ലാത്തതുകൊണ്ടാകാം ഒരുപക്ഷേ ഈ പൊതുമേഖലാ സ്ഥാപനങ്ങളെ ഇങ്ങനെ ദ്രോഹിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ എഫ്.എ.സി.റ്റി.-യുടെയും എച്ച്.ഒ.സി.-യുടെയും കൊച്ചിൻ ഷിപ്പ്‌യാർഡിന്റെയുമൊക്കെ കാര്യമെടുത്താൽ നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നോരോന്നായി ഇല്ലായ്മ ചെയ്യാനുള്ള തീരുമാനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അങ്ങ് എം.പി.-മാരുടെ യോഗം വിളിച്ച് ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്ന് അവരോട് നിർദ്ദേശിച്ച് മുന്നോട്ടുപോയാൽ ഇതിനെല്ലാം തടയിടാൻ കഴിയും. സ്വകാര്യവൽക്കരണത്തെ പ്രതിരോധിക്കുവാൻ അങ്ങ് അടിയന്തരമായി ഇടപെട്ട് പരിഹാരമുണ്ടാക്കണം. കേന്ദ്ര സർക്കാരിൽനിന്ന് ഓരോ ദിവസവും ഓരോ തീരുമാനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് എച്ച്.എൻ.എൽ.-ന്റെ കേസ്സാണെങ്കിൽ നാളെ വേറെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യമായിരിക്കും. ഇപ്പോൾ എച്ച്.എൻ.എൽ. ലാഭത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. നഷ്ടത്തിലായിരുന്നുവെങ്കിൽ അതിന്റെ പേരിൽ നമുക്ക് ആശ്വസിക്കാം. ലാഭത്തിൽ പോകുന്ന ഒരു പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കാനെടുത്ത തീരുമാനമാണിത്. പൊതുമേഖലാ സ്ഥാപനങ്ങൾ

വിറ്റഴിക്കുന്നതിനുവേണ്ടി ശ്രീ. എ. ബി. വാജ്പേയിയുടെ കാലത്ത് ഒരു മന്ത്രിയെത്തന്നെ ഡെപ്യൂട്ട് ചെയ്തുവെന്ന് കഴിഞ്ഞ ദിവസത്തെ പ്രമേയ ചർച്ചയ്ക്കിടെ ഇവിടെ പറഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്തിന്റെ പൊതുസ്വത്താണ്. അത് സംരക്ഷിക്കാൻ ബാദ്ധ്യതയുള്ള ഒരു സർക്കാർ കേരളത്തിലെ ജനങ്ങളോടും പൊതുമേഖലാ സ്ഥാപനങ്ങളോടും കാണിക്കുന്ന ഈ അനീതിക്കെതിരെ അങ്ങ് മുൻകയ്യെടുത്ത് പ്രതിരോധിക്കണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പ്രകടിപ്പിച്ച വികാരത്തോട് പൊതുവിൽ യോജിക്കുകയാണ്. കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ ഈ സഭയ്ക്ക് ഏക അഭിപ്രായമാണുള്ളത്. കൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ അനുബന്ധ കമ്പനിയായിട്ടാണ് വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പ്രവർത്തിച്ചുവരുന്നത്. ഏറ്റവും നിലവാരമുള്ള, നല്ല യശസ്സ് നേടിക്കഴിഞ്ഞിട്ടുള്ള ഒരു സ്ഥാപനമാണിത്. അന്താരാഷ്ട്ര മാർക്കറ്റിൽ ഗുണനിലവാരമുള്ള ന്യൂസ് പ്രിന്റ് വിപണനം ചെയ്യുന്ന കമ്പനിയായ എച്ച്.എൻ.എൽ. മിനിരത്ന വ്യവസായങ്ങളുടെ പട്ടികയിൽപ്പെടുന്ന സ്ഥാപനമാണ്. ഒരു ലക്ഷം ടണ്ണിലധികം ഉല്പാദനശേഷിയുള്ള ഈ കമ്പനിയുടെ ടേണോവർ 350 കോടി രൂപയിലേറെയാണ്. ഡിവിഡന്റ് ഇനത്തിൽ 117 കോടി രൂപ കമ്പനി കേന്ദ്രസർക്കാരിനുതന്നെ നൽകിയിട്ടുണ്ട്. എന്നാൽ സമീപകാലത്ത് ചില പ്രതിസന്ധികൾ കമ്പനി നേരിടുന്നുണ്ട്. ന്യൂസ് പ്രിന്റിന്റെ വൻതോതിലുള്ള ഇറക്കുമതി, വർദ്ധിച്ച നിർമ്മാണച്ചെലവ്, മെഷിനറിയുടെയും പ്ലാന്റിന്റെയും നവീകരണത്തിന്റെ അഭാവം ഇതെല്ലാം പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നുണ്ട്. നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും ഏകദേശം 450 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എച്ച്.എൻ.എൽ.-നെ മാതൃസ്ഥാപനത്തിൽനിന്നും വേർപെടുത്തി കേന്ദ്രസർക്കാരിന്റെ ധന-വ്യവസായ വകുപ്പിനുകീഴിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമായി നിലനിർത്തണം, കടബാധ്യതകൾ തീർക്കാൻ 100 കോടി രൂപ ഗ്രാന്റായോ വായ്പയായോ അനുവദിക്കണം എന്നീ കാര്യങ്ങളെല്ലാം നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. കമ്പനിയുടെ സ്വകാര്യവൽക്കരണ ഓഹരി വിറ്റഴിക്കൽ നീക്കത്തിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറണമെന്നും ഈ സ്ഥാപനത്തെ സംരക്ഷിച്ച് പൊതുമേഖലയിൽ നിലനിർത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 24-10-2016-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തും അയച്ചിട്ടുണ്ട്. എം.പി.-മാർക്കും ഇക്കാര്യങ്ങൾ അറിയാവുന്നതാണ്. കഴിഞ്ഞ ദിവസം ചേർന്ന എം.പി.-മാരുടെ കോൺഫറൻസിൽ കേരളത്തിന്റെ പൊതുവായ പ്രശ്നങ്ങൾ എം.പി.-മാർ കൂട്ടായിത്തന്നെ കേന്ദ്ര സർക്കാരിന്റെ മുന്നിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: ശ്രീ. വി. പി. സജീന്ദ്രന് ഉപചോദ്യം ഉന്നയിക്കാൻ അവസരം തരാം. ചില സാങ്കേതിക തകരാറുകാരണം 15 മിനിട്ട് നേരത്തേയ്ക്ക് സഭ നിർത്തിവയ്ക്കുകയാണ്.

(സാങ്കേതിക കാരണങ്ങളാൽ രാവിലെ 9.44-ന് സഭ നിർത്തിവയ്ക്കുകയും 10.24-ന് പുനരാരംഭിക്കുകയും ചെയ്തു.)

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ...

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിനെതിരെ അങ്ങ് എല്ലാ രീതിയിലും പ്രതിരോധിക്കാൻ തീരുമാനമെടുക്കുമെന്നാണ് എന്റെ വിശ്വാസം. ഏതെങ്കിലും കാരണവശാൽ കേന്ദ്രസർക്കാർ അങ്ങനെയൊരു തീരുമാനമെടുക്കുകയാണെങ്കിൽ, സംസ്ഥാന സർക്കാർ 26 ശതമാനം ഓഹരി വാങ്ങി, കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ ഒരു സംയുക്ത സംരംഭമായി എച്ച്.എൻ.എൽ.-നെ നിലനിർത്തുവാൻ നടപടിയെടുക്കുന്നതിനുള്ള തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇപ്പോൾ കേന്ദ്ര സർക്കാർ ഇത്തരത്തിലൊരു നിലപാടിലേയ്ക്ക് പോകാൻ പാടില്ലെന്ന സമീപനത്തിൽത്തന്നെ നമുക്ക് നിൽക്കാം. അതിനുവേണ്ടി എല്ലാവർക്കുംകൂടി സമ്മർദ്ദം ചെലുത്താം. അതിന് ഫലമുണ്ടാക്കാൻ കഴിയുമോയെന്ന് നോക്കിയതിനുശേഷം ബാക്കി കാര്യങ്ങൾ ചെയ്യാം.

## III സബ്മിഷൻ

### (1) പരിസ്ഥിതി ആഘാത പഠനാനുമതി

(ഈ വിഷയം സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. അഗളി വില്ലേജിലെ ചിറ്റൂർ ശിരുവാണി പുഴയ്ക്കു കുറുകെ കേരളം നിർമ്മിക്കാനുദ്ദേശിക്കുന്ന അട്ടപ്പാടി വാലി അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനത്തിനുള്ള അനുമതി കേന്ദ്രസർക്കാർ നൽകിയത് കേന്ദ്രം മരവിപ്പിച്ചിരിക്കുന്നുവെന്ന് ഇന്നലെ ഒരു വാർത്ത വന്നു. തമിഴ്നാടിന്റെ എതിർപ്പാണ് അതിന് കാരണമെന്നാണ് അറിയുന്നത്. ഇതുപോലെ മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനത്തിന് ആദ്യം അനുമതി ലഭിക്കുകയും പിന്നീട് കേന്ദ്രം നൽകിയ അനുമതി തടയുകയുമുണ്ടായി. ആദിവാസികളുൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനും ആ

പ്രദേശത്ത് അനുഭവിക്കുന്ന രൂക്ഷമായ വരൾച്ച മാറ്റാനും കൃഷിക്കനുയോജ്യമാക്കി മാറ്റാനും വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. കാവേരി ട്രിബ്യൂണൽ വിധി അനുസരിച്ച് ഭവാനി പുഴയിൽനിന്നും 6 ടി.എം.സി. ജലം കേരളത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 2.87 ടി.എം.സി. ജലം ശേഖരിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി. തമിഴ്നാടിനെ ഒരു കാരണവശാലും ഇത് ബാധിക്കുന്നതല്ല. തമിഴ്നാട്ടിലെ കോയമ്പത്തൂർ അടക്കമുള്ള പ്രദേശങ്ങൾക്കെല്ലാം ഈ പദ്ധതി നടപ്പിലാക്കിയാലും നിർബാധം ജലം ലഭിക്കുന്നതാണ്. തമിഴ്നാട്ടിലെ ജനങ്ങൾക്ക് ആവശ്യമായ വെള്ളം ലഭിക്കണമെന്ന കാര്യത്തിൽ നമുക്ക് അഭിപ്രായ വ്യത്യാസമില്ല. ശിരുവാണിപ്പുഴ പൂർണ്ണമായും കേരളത്തിന്റേതാണ്. ഡാമിന്റെ വൃഷ്ടിപ്രദേശവും പൂർണ്ണമായും കേരളത്തിന്റേതാണ്. തമിഴ്നാടിന്റെ ഒരു പ്രദേശവും ഈ ഡാമിന്റെ വൃഷ്ടിപ്രദേശത്തില്ല. 1970-ൽ ഡാമിനുവേണ്ടിയുള്ള ശ്രമം കേരളം ആരംഭിച്ചു. ഇതിനാവശ്യമായ 218 ഏക്കർ ഭൂമി 1970-കളിൽ നമ്മൾ ഏറ്റെടുക്കുകയും ഡാം പണിയുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതുമാണ്. എന്നാലും തമിഴ്നാടിന്റെ എതിർപ്പുകാരണം ആ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയില്ല. നമുക്ക് അന്ന് പരിസ്ഥിതി ആഘാത പഠനത്തിനുള്ള അവസരവും കിട്ടിയില്ല. ഇപ്പോൾ പരിസ്ഥിതി ആഘാത പഠനത്തിനുള്ള അവസരം കിട്ടിയതാണ്. അത് വീണ്ടും നിർത്തിവയ്ക്കാനുള്ള തീരുമാനം കേന്ദ്രത്തിൽനിന്നുമുണ്ടായിരിക്കുന്നു. കാവേരി നദീജല ട്രിബ്യൂണലിന്റെ വിധി വന്നതോടെ ഈ അണക്കെട്ട് പണിയുന്നതിനുള്ള സാധ്യത കേരളത്തിന് തെളിയുകയായിരുന്നു. ഡാമിനെതിരെ തമിഴ്നാട് ഉയർത്തുന്ന വാദഗതികൾ അടിസ്ഥാന രഹിതമാണ്. ശിരുവാണിപ്പുഴയിൽ കേരളം അണ കെട്ടിയാൽ ഭവാനിപ്പുഴയിലേയ്ക്കുള്ള ഒഴുക്ക് കുറയുമെന്നും കോയമ്പത്തൂർ, ഈറോഡ്, തിരുപ്പൂർ എന്നിവിടങ്ങളിൽ ജലക്ഷാമ മുണ്ടാകുമെന്നുമുള്ള ആശങ്ക അസ്ഥാനത്താണ്. തമിഴ്നാട് നിയമസഭ 2-9-2016-ൽ അട്ടപ്പാടി വാലി പ്രോജക്ടിന്റെ പരിസ്ഥിതി ആഘാത പഠനത്തിന് നൽകിയ അനുമതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കുകയും തമിഴ്നാട് മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ കണ്ട് ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തിരുന്നു. കേരളത്തിൽ നദിക്ക് കുറുകെ അണക്കെട്ട് പണിയുന്നത് അനുവദിക്കാതിരിക്കുന്നത് നമ്മുടെ ഫെഡറൽ സങ്കൽപ്പങ്ങൾക്കുതന്നെ എതിരാണ്. കേന്ദ്ര സർക്കാരും തമിഴ്നാട് സർക്കാരും ചേർന്ന് കേരളത്തിന്റെ താൽപ്പര്യങ്ങൾ ഹനിക്കുകയാണ്. സംസ്ഥാനത്തിന്റെ അവകാശങ്ങളുടെമേലുള്ള കടന്നുകയറ്റമാണിത്. അതിനാൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഈ ഡാം പണിയാനുള്ള നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. ഞാൻ ആ പ്രദേശം സന്ദർശിച്ചതാണ്. എന്നോടൊപ്പം മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീനും ഉണ്ടായിരുന്നു. ഡാം പണിയാനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും അവിടെ ഒരുങ്ങിക്കഴിഞ്ഞു. ഓഫീസുകളും ആവശ്യാനു സരണമുള്ള മറ്റു അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിരിക്കുകയാണ്. കേന്ദ്രത്തിന്റെ

പരിസ്ഥിതി ആഘാത പഠനം നടത്താനുള്ള അനുവാദം കിട്ടിയത് നിർത്തലാക്കുകയെന്ന് പറയുന്നത് കേരളത്തിനോടുള്ള അവഗണനയാണ്. കേന്ദ്രത്തിൽ ഈ വിഷയം ശക്തമായി ഉന്നയിച്ച് ഡാം പണിയാനുള്ള പ്രാഥമിക നടപടിയായ പരിസ്ഥിതി ആഘാതപഠനം നടത്താൻ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രസ്തുത വിഷയം സംബന്ധിച്ച് ഈ സെഷന്റെ തുടക്കത്തിൽത്തന്നെ ഞാനൊരു സബ്മിഷൻ കൊടുത്തിരുന്നു. അന്ന് അതിന് മറുപടിയും തന്നിരുന്നു. പരിസ്ഥിതി ആഘാത പഠനത്തിന് നമുക്ക് അനുമതി ലഭിച്ചതിനെത്തുടർന്ന് തമിഴ്നാട്ടിൽ ബന്ദ് നടന്നു. തമിഴ്നാട്ടിൽനിന്ന് ഓരോ ദിവസവും ഡി.എം.കെ.-യുടെയും എ.ഐ.എ.ഡി.എം.കെ.-യുടെയും വൈക്കോയുടെയും മറ്റും കൊടി കെട്ടിയ വാഹനങ്ങൾ അട്ടപ്പാടിയിൽവന്ന് ഈ ഡാംസൈറ്റ് സന്ദർശിച്ചിട്ട് പോകുമായിരുന്നു. അവർ വലിയ പ്രകോപനങ്ങളുമുണ്ടാക്കിയിരുന്നു. നയപരമായി ഇക്കാര്യത്തിൽ ഇടപെടണമെന്നും ഈ പദ്ധതി നഷ്ടപ്പെടാതിരിക്കാൻ സർക്കാർ ജാഗ്രത കാണിക്കണമെന്നും ഞാൻ അന്ന് ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ നമ്മൾ പേടിച്ചതുപോലെതന്നെ സംഭവിച്ചു. തമിഴ്നാട്ടിലുള്ളവർ വൈകാരികമായി ഉയർത്തിക്കൊണ്ടു വന്ന പ്രക്ഷോഭങ്ങളേയും സമ്മർദ്ദങ്ങളേയും തുടർന്ന് കിട്ടിയ പരിസ്ഥിതി ആഘാത പഠന അനുമതിയാണിത്. ഈ അനുമതി കിട്ടിയാലും അത് പൂർത്തിയാക്കാൻ ഒന്നര വർഷത്തോളമാകും. ഈ ഡാം കേരളത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതാണ്. ഇത് നിർമ്മിക്കണമെങ്കിൽ 400 കോടി രൂപ വേണം. നമുക്ക് കിട്ടാനുള്ള 4.67 ടി.എം.സി. ജലം എടുക്കേണ്ടത് ഈ ഡാമിൽ നിന്നാണ്. അത് കാവേരി ട്രിബ്യൂണലിന്റെ വിധിയാണ്. അതുകൊണ്ട് സർക്കാർ ജാഗ്രത കാണിക്കണം. ഇത് നിഷേധിച്ചതിനെതിരെ സുപ്രീം കോടതിയിൽ കേസിന് പോകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

10.30 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശിരുവാണിപ്പുഴയ്ക്ക് കുറുകെ അണക്കെട്ട് നിർമ്മിച്ച് അഗളി, ഷോളയാർ, കോട്ടത്തറ മേഖലയിലെ 4900 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചന സൗകര്യം ലഭിക്കുന്നതിനാണ് അട്ടപ്പാടിവാലി ജലസേചന പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ശിരുവാണിപ്പുഴ ഭവാനി നദിയുടെയും ഭവാനി നദി കാവേരി നദിയുടെയും കൈവഴിയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് അയൽ സംസ്ഥാനങ്ങളുടെ സമവായവും അംഗീകാരവും ആവശ്യമായിരുന്നു. 1969-ൽ കേന്ദ്ര ജലസേചന വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തമിഴ്നാട്-കേരള മുഖ്യമന്ത്രിമാരുടെ യോഗം ചേർന്ന് കോയമ്പത്തൂർ കുടിവെള്ള പദ്ധതിക്കായി കേരളത്തിൽ ശിരുവാണിപ്പുഴയ്ക്ക് കുറുകെ ഒരു അണക്കെട്ട് നിർമ്മിക്കാൻ ധാരണയായി. ഇതിനെത്തുടർന്ന് 1970-ൽ പര്യവേഷണ പ്രവൃത്തികൾ ആരംഭിക്കുകയും 1973-ൽ

പദ്ധതിക്കായി കരാർ ഒപ്പിടുകയും ചെയ്തു. എന്നാൽ 2-6-1990-ൽ കാവേരി ട്രൈബ്യൂണൽ നിലവിൽ വന്നതിനാൽ അതിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അംഗീകാരം നൽകാമെന്ന് കേന്ദ്ര ജലകമ്മീഷൻ അറിയിക്കുകയുണ്ടായി. കർണ്ണാടകവും തമിഴ്നാടും ട്രൈബ്യൂണലിന്റെ വിധിക്കായി കാത്തുനിൽക്കാതെ പദ്ധതികളുമായി മുന്നോട്ടുപോയി. ഇതിനെത്തുടർന്ന് 2000-ത്തിൽ ഈ പദ്ധതി പുനരാരംഭിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ശിരുവാണി പദ്ധതി പ്രദേശം തമിഴ്നാട് സംസ്ഥാന അതിർത്തിയിൽ നിന്നും 10 കിലോമീറ്ററുള്ളിലായതിനാൽ തമിഴ്നാട് സർക്കാരിന്റെ അഭിപ്രായം ആരായുവാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി നിർദ്ദേശിച്ചു. ഇതിനായി സംസ്ഥാന സർക്കാർ 4-5-2016-ൽ തമിഴ്നാട് സർക്കാരിന് കത്തയച്ചുവെങ്കിലും മറുപടിയൊന്നും ലഭിച്ചിരുന്നില്ല. പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകാരം നൽകുന്നതിനായി എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി ശിപാർശ ചെയ്തതുപ്രകാരം പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം 2016 സെപ്റ്റംബറിൽ ആരംഭിച്ചുവെങ്കിലും തമിഴ്നാട് സർക്കാർ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് 27-8-2016-ന് കത്തയച്ചതിനെത്തുടർന്ന് 10-10-2016-ലെ കത്തുപ്രകാരം പരിസ്ഥിതി ആഘാത പഠനത്തിന് അനുമതി നൽകുന്ന കാര്യം നിർത്തിവയ്ക്കാൻ തീരുമാനിച്ചതായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കേരളത്തെ അറിയിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചുകിട്ടിയില്ലെങ്കിൽ പഠനം നടത്താൻ സാധിക്കില്ല. പരിസ്ഥിതി ആഘാതപഠനം നടത്തിയാൽ മാത്രമേ പാരിസ്ഥിതികാനുമതിക്കായി അപേക്ഷിക്കാൻ കഴിയുകയുള്ളൂ. പാരിസ്ഥിതികാനുമതിയും വനം വകുപ്പിന്റെ അനുമതിയും ബന്ധപ്പെട്ട് കിടക്കുന്നതിനാൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിന് കാലതാമസം നേരിടും. ജലദൗർലഭ്യം നേരിടുന്ന കാർഷിക മേഖലയായ അട്ടപ്പാടിക്ക് കുടിവെള്ളത്തിനും ജലസേചനത്തിനും ഈ പദ്ധതിയുടെ പൂർത്തീകരണം തികച്ചും അനിവാര്യമാണ്. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുതന്നെ പദ്ധതിയുമായി മുന്നോട്ടുപോകാനും അതിലേയ്ക്കായി തമിഴ്നാട് സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പിന്തുണ നേടിയെടുക്കാനുമുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

## (2) പരിസ്ഥിതി മലിനീകരണം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ 43-ഓളം ഇരുമ്പുരുക്ക് കമ്പനികൾ പ്രവർത്തിച്ചുവരുന്നതുമൂലം ഈ പ്രദേശത്തുണ്ടാകുന്ന ഗുരുതരമായ മാലിന്യപ്രശ്നങ്ങൾ കഴിഞ്ഞ സഭാകാലയളവിലും ഞാൻ ഉന്നയിച്ചിരുന്നതാണ്. ഈ പ്രദേശങ്ങളിൽ ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. മാരകരോഗങ്ങൾ ഈ പ്രദേശത്തെ ജനങ്ങളെ ബാധിച്ചുകൊണ്ടിരിക്കുന്നു. ഈ കമ്പനികൾ പുറത്തു വിടുന്ന മാലിന്യങ്ങൾ തടയാനാവശ്യമായ കർശന നടപടി മലിനീകരണ ബോർഡ് അധികൃതർ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ മലമ്പുഴ ഡാമിന്റെ വൃഷ്ടിപ്രദേശത്ത്

പ്രവർത്തിച്ചുവരുന്ന ഐ.എം.എ-യുടെ കീഴിലുള്ള 'ഇമേജ്' എന്ന സ്ഥാപനത്തിന്റെ മാലിന്യസംസ്കരണ യൂണിറ്റിന്റെ പ്രവർത്തനവും ഗുരുതരമായ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു. സംസ്ഥാനത്തെ മുഴുവൻ ആശുപത്രി മാലിന്യങ്ങളും സംസ്കരിക്കുന്നത് മലമ്പുഴ ഡാമിനടുത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലാണ്. അതുകൊണ്ടുതന്നെ ഈ പ്രദേശത്ത് താമസിക്കുന്ന ജനങ്ങൾ ആശങ്കയിലാണ്. മലിനീകരണംമൂലം കാർഷികവിളകളെല്ലാം ഉണങ്ങിപ്പോകുന്ന സ്ഥിതിയുമുണ്ട്. അതിനാൽ ഈ പ്രദേശങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ ശാസ്ത്രീയമായി തടയുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പുതുശ്ശേരി പഞ്ചായത്തിലെ കഞ്ചിക്കോട് പ്രദേശത്തെ 36 ഇരുമ്പുരുക്ക് വ്യവസായ സ്ഥാപനങ്ങൾ സന്ദർശിച്ച ശേഷം മലിനീകരണ നിയന്ത്രണ ബോർഡ് സമർപ്പിച്ച റിപ്പോർട്ടിൽ ഈ സ്ഥാപനങ്ങളിൽ വായുമലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ ചിലതിന് ഭേദഗതി ആവശ്യമാണെന്ന് കണ്ടതിനെത്തുടർന്ന് ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനികളിലെ മലിനീകരണം നിരീക്ഷിക്കുന്നതിനും തുടർനടപടികൾക്കുമായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യാലയം 24 മണിക്കൂറും കർമ്മനിരതമാണ്. സംസ്ഥാനത്ത് ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിനായി നിലവിൽ "ഇമേജ്" എന്ന പേരിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ മാന്തുരുത്തിയിൽ പ്രവർത്തിക്കുന്ന ഒരു പൊതുസംവിധാനം മാത്രമേയുള്ളൂ. 26-3-2003-ലാണ് മലിനീകരണ നിയന്ത്രണ ബോർഡ് ഈ പ്ലാന്റിന് അനുമതി നൽകിയത്. നിലവിൽ കേരളത്തിലെ എല്ലാ ജില്ലകളിലേയും ഇമേജിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള തരം തിരിച്ച ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് ദിനംപ്രതി ഇമേജിന്റെ പ്ലാന്റിലെത്തിക്കുകയും അത് അവർ സംസ്കരിക്കുകയുമാണ് ചെയ്യുന്നത്. പരിസ്ഥിതി സംരക്ഷണ നിയമത്തിനുകീഴിൽ വരുന്ന ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രതിപാദിക്കുന്ന വിധമാണ് ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കേണ്ടത്. ഇതിനായി പൊതു ബയോമെഡിക്കൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ അനിവാര്യമാണ്. പ്രതിദിനം 37 ടൺ ബയോ മെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള അനുമതിയാണ് ഇമേജിനുള്ളത്. സ്ഥാപനാനുമതി നൽകിയതിനുശേഷം വിവിധ സന്ദർഭങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ ബോർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാര പരിധിക്കുള്ളിലാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇമേജിൽ നിന്നുള്ള മലിനീകരണം സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മലിനീകരണ സംവിധാനങ്ങൾ വീണ്ടും പരിശോധിച്ചിട്ടുണ്ട്. സംസ്കരിച്ച മലിനജലം, പൊടി കലർന്ന മഴവെള്ളം എന്നിവ പാടത്തും തോടുകളിലുമെത്താതിരിക്കാനുള്ള

നടപടികളെടുത്തിട്ടുണ്ട്. ഇവിടെനിന്നും മലമ്പുഴ ഡാമിലേയ്ക്ക് മലിനജലത്തിന്റെ നേരിട്ടുള്ള ഒഴുക്കുള്ളതായി അടുത്തകാലത്ത് നടത്തിയ പരിശോധനകളിലൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥാപനത്തിന്റെ പ്രവർത്തനംമൂലം പരിസരപ്രദേശങ്ങളിലെ ജനങ്ങൾക്കോ പക്ഷി മൃഗാദികൾക്കോ ബുദ്ധിമുട്ടുണ്ടാകാതിരിക്കാനുള്ള നിയന്ത്രണങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പുവരുത്തിയിട്ടുണ്ട്. ഇമേജിൽ നിന്നുള്ള ജലം മലമ്പുഴ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് എത്തിച്ചേരുന്നുണ്ടോ എന്നത് സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് വിശദമായ പഠനം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (3) പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ. കെ. എം. മാണി : സർ, പാലാ നിയോജകമണ്ഡലത്തിലെ രാമപുരം പഞ്ചായത്തിൽ കുറിഞ്ഞി-കോട്ടമലയിൽ നടക്കുന്ന പാറപൊട്ടിക്കൽ സമീപവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയായി തീർന്നിരിക്കുകയാണ്. അപകടങ്ങൾ ദൂരീകരിക്കുന്നതിന് യാതൊരു സുരക്ഷാനടപടികളുമില്ലാതെ നടക്കുന്ന ഈ പാറപൊട്ടിക്കൽ തടയേണ്ടത് അത്യാവശ്യമാണ്. കഴിഞ്ഞ ദിവസം ഒരു ഭീമൻ പാറക്കഷണം 300 അടി ഉയരത്തിൽനിന്നും താഴോട്ട് പതിക്കുകയും സ്ഥലവാസികളെല്ലാം പരിഭ്രാന്തരാവുകയും ചെയ്തു. ഭയാശങ്ക, പൊടിപടലം, ശബ്ദമലിനീകരണം എന്നിവമൂലം ജനങ്ങളാകെ പരിഭ്രാന്തിയിലാണ്. പാറപൊട്ടിക്കലിനെതിരെ ജനങ്ങൾ സമരത്തിലേയ്ക്ക് നീങ്ങിയിരിക്കുകയാണ്. അധികൃതരെ സമീപിച്ചിട്ടും പരാതികൊടുത്തിട്ടും ഫലമുണ്ടായില്ല. നാട്ടുകാർ പ്രതിഷേധത്തിലും ഭയപ്പാടിലുമാണ്. അവർ ഇതിനെതിരെ സമരത്തിലേയ്ക്കിറങ്ങേണ്ട സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. പാറപൊട്ടിക്കലിനെതിരെ സമരം ചെയ്ത കുറിഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരി ഫാ. തോമസ് ആയിരിക്കുന്നേലിനെ ഒന്നാം പ്രതിയാക്കിയും ഏതാനും ജനപ്രതിനിധികളുൾപ്പെടെ മറ്റ് മുപ്പതോളം പേരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയും രണ്ട് കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. വൈദികരേയും മറ്റ് പ്രതികളെയും റിമാൻഡ് ചെയ്ത് ജയിലിലടച്ചതിൽ പ്രതിഷേധിച്ച് രാമപുരം പഞ്ചായത്തിൽ ഹർത്താൽ ആചരിക്കപ്പെട്ടു. അവിടെ സ്ഫോടനാത്മകമായ ഒരു സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ടതായിട്ടുണ്ട്. പാറപൊട്ടിക്കൽ അടിയന്തരമായി നിർത്തിവയ്ക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണം. അതോടൊപ്പം ജനപ്രതിനിധികൾക്കും ജനങ്ങൾക്കും മറ്റാളുകൾക്കുമെതിരെ എടുത്തിട്ടുള്ള കേസ്സുകൾ പിൻവലിക്കണം. ഇത്തരം കാര്യങ്ങളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്നത് ശരിയല്ല. ഇക്കാര്യത്തിൽ അടിയന്തരമായി സർക്കാർ ഇടപെടുകയും കേസ്സുകൾ പിൻവലിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ രാമപുരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന 4.1341 ഹെക്ടർ സ്വകാര്യ ഭൂമിയിൽ നിന്ന് കരിങ്കൽ ഖനനം ചെയ്യുന്നതിന് 12 വർഷത്തേയ്ക്കുള്ള ക്വാറിയിംഗ് ലീസ് 13-9-2013-ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും സെന്റ് ബേസിൽ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന് ചട്ടപ്രകാരം അനുവാദം നൽകിയിരുന്നു. കേരള സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നും ലഭിച്ച പാരിസ്ഥിതികാനുമതിയുടെ അടിസ്ഥാനത്തിലാണ് ഈ ലീസ് അനുവദിച്ചത്. മൈനിംഗ് പ്ലാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സമ്മതപത്രം, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ട്രേഡ് ലൈസൻസ് അനുവദിച്ചിരുന്നില്ല. പാരിസ്ഥിതികാനുമതി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയെ പഞ്ചായത്ത് സമീപിച്ചുവെങ്കിലും അതോറിറ്റി പഞ്ചായത്തിന് അനുകൂലമായ തീരുമാനം നൽകിയില്ല. ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ട്രേഡ് ലൈസൻസ് അനുവദിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിനെതിരെ ക്വാറി ഉടമ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ലൈസൻസ് അനുവദിക്കണമെന്ന ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവിനെതിരെ പഞ്ചായത്ത് അപ്പീൽ നൽകിയെങ്കിലും പ്രസ്തുത റിട്ട് അപ്പീൽ ഡിവിഷൻ ബഞ്ച് ഡിസ്മിസ് ചെയ്തു. ഈ വിധിക്കെതിരെ പഞ്ചായത്ത് റിവ്യൂ പെറ്റിഷൻ നൽകിയെങ്കിലും ഡിവിഷൻ ബഞ്ച് അത് തള്ളി. തുടർന്ന് ക്വാറി പ്രവർത്തനത്തിനെതിരെ നാട്ടുകാർ ജില്ലാ കളക്ടർക്ക് പരാതി നൽകുകയും ജില്ലാ കളക്ടർ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയെക്കൊണ്ട് പഠനം നടത്തിക്കുകയും അവരുടെ അഭിപ്രായപ്രകാരം ജില്ലാ കളക്ടർ ക്വാറി പ്രവർത്തനം നിരോധിക്കുകയും ചെയ്തു. ജില്ലാ കളക്ടറുടെ സ്റ്റോപ്പ് മെമ്മോയുടെ വെളിച്ചത്തിൽ പഞ്ചായത്ത് ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ നൽകിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി അത് തള്ളുകയാണുണ്ടായത്. ഈ ഉത്തരവിനെതിരെ പഞ്ചായത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനും തള്ളി. ഇക്കാര്യത്തിനായി ഡിപ്പാർട്ടുമെന്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ചിനെ സമീപിക്കുവാൻ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിലാണ് രാമപുരം ഗ്രാമപഞ്ചായത്ത് ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ട്രേഡ് ലൈസൻസ് നൽകിയത്. ക്വാറി പ്രവർത്തനം ആരംഭിക്കുന്നതിനെതിരെ തദ്ദേശവാസികളുടെ എതിർപ്പ് പല തവണ ഉണ്ടായിട്ടുണ്ട്. പരിസ്ഥിതി ദുർബല പ്രദേശമാണെന്ന കാര്യം ചൂണ്ടിക്കാണിച്ച് ക്വാറിക്കെതിരെ പ്രതിഷേധം തുടരുന്നുണ്ട്. 2016 ഒക്ടോബർ 28-ന് ക്വാറിക്കെതിരെയുള്ള പ്രതിഷേധത്തിനിടയിൽ ഔദ്യോഗികാവശ്യത്തിനായി രാമപുരം വില്ലേജ് ഓഫീസിലെത്തിയ പാലാ ആർ.ഡി.ഒ.-യെ തടഞ്ഞുവയ്ക്കുകയും പഞ്ചായത്ത്

ക്വാറിക്ക് നൽകിയ പ്രവർത്തനാനുമതി റദ്ദാക്കണമെന്നാവശ്യപ്പെടുകയുമുണ്ടായി. ആ പ്രതിഷേധത്തിൽ 32 പേരുണ്ടായിരുന്നു. ബലപ്രയോഗത്തിലൂടെ അറസ്റ്റിന് ശ്രമിച്ചാൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകുമെന്നതിനാൽ അറസ്റ്റ് ഒഴിവാക്കി പൊലീസ് സംയമനം പാലിക്കുകയാണുണ്ടായത്. ആർ.ഡി.ഒ.-യുടെ പരാതിയിന്മേൽ മുപ്പതോളം ആളുകളെ പ്രതിയാക്കി രാമപുരം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ ആരെയും പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ കേസ്സിലെ പ്രതികളായ 25 പേർ പാലാ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നേരിട്ട് ഹാജരായി. ആർ.ഡി.ഒ.-യുടെ പരാതിയുടെ അടിസ്ഥാനത്തിൽ എടുത്ത കേസ്സായതിനാൽ കോടതി 1-11-2016-ന് വൈകി റിമാന്റ് ചെയ്യുകയും യാതൊരു ക്രിമിനൽ കേസ്സിലും ഉൾപ്പെടരുതെന്ന ഉപാധിയോടെ ജാമ്യം അനുവദിച്ച് അടുത്ത ദിവസം വിട്ടയയ്ക്കുകയും ചെയ്തു.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഇത് തടയാനുള്ള നടപടിയെക്കുറിച്ചൊന്നും പറഞ്ഞില്ല. ഇക്കാര്യത്തിൽ സർക്കാർ ഇടപെടണം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് സുപ്രീംകോടതിവരെ പോയ കേസ്സാണ്. 2013-ൽ ഇതിന് അനുമതി കൊടുത്തിട്ടുമുണ്ട്. എല്ലാ കാര്യങ്ങളും പരിശോധിച്ചുമാത്രമേ ഒരു നിലപാടെടുക്കാൻ പറ്റുകയുള്ളൂ. എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് നോക്കാം.

## (4) ശിവഗിരി തീർത്ഥാടനം

<u>ശ്രീ. വി. ജോയി</u>: സർ, വിശ്വമാനവികതയുടെ നേർരൂപമാണ് ശിവഗിരി. ജാതിവിവേചനത്തിന്റെയും മതവൈരത്തിന്റെയും ദുഷിച്ച വാദപ്രതിവാദങ്ങളും ആചാരാനുഷ്ഠാനപരമായ വൈവിധ്യങ്ങളും സമൂഹത്തിൽ ഉറച്ചുപോയ ആ കാലഘട്ടത്തിൽ നിന്നും മനുഷ്യനെ വെളിച്ചത്തിന്റെ നേർവഴിയിലേയ്ക്ക് നയിച്ച നവോത്ഥാന നായകനാണ് ശ്രീനാരായണ ഗുരുദേവൻ. ഈ വർഷത്തെ ശിവഗിരി തീർത്ഥാടനം 2016 ഡിസംബർ 28 മുതൽ 2017 ജനുവരി 1 വരെയാണ് നടക്കുന്നത്. ഈ വർഷത്തെ ശിവഗിരി തീർത്ഥാടനത്തിന് ഒരു പ്രത്യേകത കൂടിയുണ്ട്. 'ജാതിയില്ലാ വിളംബരത്തിന്റെ' നൂറ് സംവത്സരങ്ങൾ പൂർത്തിയായതിന്റെ പ്രത്യേകതയുമുണ്ട്. നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ലായെന്ന ഈ നൂറ്റാണ്ടിന്റെ ശ്രദ്ധേയമായ പ്രസംഗം സംസ്ഥാന സർക്കാർതന്നെ ഏറ്റെടുത്തിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. 15 ലക്ഷത്തിലധികം തീർത്ഥാടകർ ഈ വർഷം ശിവഗിരിയിൽ എത്തിച്ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നത് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളാണ്. തീർത്ഥാടനത്തിനായി കഴിഞ്ഞതവണ സംസ്ഥാന സർക്കാർ 10 ലക്ഷം രൂപയാണ് നൽകിയത്. ആ തുക

വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. നാഷണൽ ഹൈവേയിൽ നിന്നും ശിവഗിരിയിലേയ്ക്ക് പ്രവേശിക്കാൻ പ്രധാനമായും രണ്ട് മാർഗ്ഗങ്ങളാണുള്ളത്. അതിലൊന്ന്, കല്ലമ്പലവും മറ്റൊന്ന് പാരിപ്പള്ളിയുമാണ്. ഈ രണ്ട് സ്ഥലങ്ങളിലും 'ജാതിയില്ലാ വിളംബരത്തിന്റെ' സ്മാരകമായി രണ്ട് പ്രവേശനകവാടങ്ങൾ നിർമ്മിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന്റെ ചുമതല ജില്ലയുടെ ചുമതലയുള്ള മന്ത്രിയെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വർക്കല ശിവഗിരി തീർത്ഥാടനത്തിന്റെ അന്താരാഷ്ട്ര പ്രാധാന്യം കണക്കിലെടുത്ത് വിവിധ സർക്കാർ/ അർദ്ധസർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ശിവഗിരി തീർത്ഥാടനവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് സാംസ്കാരിക വകുപ്പിൽ നിന്നും 2015-16 സാമ്പത്തിക വർഷം മന്ത്രിസഭായോഗ തീരുമാനപ്രകാരം ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന് 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഇതിനായി ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. 2016-ലെ ശിവഗിരി തീർത്ഥാടനത്തിന് ധനസഹായം ആവശ്യപ്പെട്ട് ധർമ്മസംഘം ട്രസ്റ്റിൽ നിന്നും സർക്കാരിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്. ശിവഗിരി തീർത്ഥാടനത്തിനാവശ്യമായ വിപുലമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തും. പോലീസ്, അഗ്നിശമനസേന, ആംബുലൻസ് എന്നീ സംവിധാനങ്ങൾ ഉൾപ്പെട്ട കൺട്രോൾ റൂം ശിവഗിരിയിലും വർക്കല റെയിൽവേ സ്റ്റേഷനിലും ഏർപ്പെടുത്തും. ഗതാഗത നിയന്ത്രണത്തിന് കൂടുതൽ ട്രാഫിക് പോലീസ്, എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരെ നിയോഗിക്കും. ശിവഗിരിയിലും അനുബന്ധ പ്രദേശങ്ങളിലും ദീപാലങ്കാരവും ഏർപ്പെടുത്തും. തീർത്ഥാടകർക്ക് വൈദ്യസഹായം ലഭ്യമാക്കുന്നതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും സർക്കാർ ഒരുക്കുന്നതായിരിക്കും. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറച്ചുകൊണ്ട് മിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, കോർപ്പറേഷന്റെയും വർക്കല മുൻസിപ്പാലിറ്റിയുടെയും നേതൃത്വത്തിൽ അതാത് സമയത്തുതന്നെ മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനസൗകര്യം ഏർപ്പാടാക്കുന്നതാണ്. സാംസ്കാരിക-വ്യവസായ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ സാംസ്കാരിക ഉത്സവവും കരകൗശല-കൈത്തറി മേളകളും സംഘടിപ്പിക്കും. ടൂറിസം ഇൻഫർമേഷൻ കൗണ്ടർ ആരംഭിക്കുകയും ശ്രീനാരായണ ഗുരുവിന്റെ ജീവിതവും ജീവിതദർശനങ്ങളും കേരള നവോത്ഥാനവുമായി ബന്ധപ്പെടുത്തി സഞ്ചരിക്കുന്ന ചലച്ചിത്രപ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും. ഹോട്ടലുകളുടേയും ആഹാരം വിതരണം ചെയ്യുന്ന കടകളുടെയും ശുചിത്വം ഉറപ്പാക്കാനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ വാട്ടർ കിയോസ്കുകളും സ്ഥാപിക്കുന്നതാണ്.

## (5) ത്വക്ക് രോഗം പടരുന്നത് സംബന്ധിച്ച്

<u>ശ്രീ. പി. സി. ജോർജ്:</u> സർ, കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിലുള്ള കോരുത്തോട് പഞ്ചായത്തിൽ നിന്നും 50 മീറ്റർ അകലെയുള്ള മൂഴിക്കൽ പ്രദേശം ഇടുക്കി ജില്ലയിലെ ബഹുമാനപ്പെട്ട ഇ. എസ്. ബിജിമോൾ എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിൽപ്പെട്ട ഭാഗമാണ്. അവിടെയുള്ള പാവപ്പെട്ട ആദിവാസികൾക്ക് പഞ്ചായത്താഫീസിൽ പോകണമെങ്കിൽ 40 കിലോമീറ്റർ സഞ്ചരിക്കണം. മൂഴിക്കൽ മേഖലയിലുള്ള ആദിവാസികൾ ജിപ്സി ടൈപ്പ് ആളുകളാണ്. അടുത്തകാലത്തായി ഈ വിഭാഗക്കാർക്ക് ത്വക്ക് രോഗം പിടിപെട്ടിരിക്കുകയാണ്. ചാനലുകളെല്ലാം ഇക്കാര്യം വ്യാപകമായി പ്രചരിപ്പിക്കുന്നു. കുന്നേൽ ഗോപാലൻ എന്ന ആദിവാസിയുടെ കുടുംബത്തിലെ 9 മക്കളിൽ 7 പേർക്കും അച്ഛനും ഈ ചൊറിയൽ രോഗം പിടിപെട്ടിരിക്കുകയാണ്. ആകെ 6 ഊരുകുടുംബങ്ങൾ മാത്രമാണ് അവിടെയുള്ളത്. ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. ആരോഗ്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ഇതുസംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ഇന്നലെ ഞാൻ അന്വേഷിച്ചപ്പോൾ ഈ രോഗം അടുത്ത കുടുംബങ്ങളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. എത്രയുംവേഗം ഇതിനൊരു പരിഹാരമുണ്ടാക്കണം. ആദിവാസി മേഖലയിൽ ജിപ്സി ടൈപ്പ് ആളുകൾ കേരളത്തിലെ മറ്റു ഭാഗങ്ങളിലുണ്ടോയെന്ന് സംശയമാണ്. വളരെ കുറച്ചാളുകൾ മാത്രമുള്ള ഈ ആദിവാസി വിഭാഗത്തെ സംരക്ഷിക്കാൻ ഉത്തരവാദിത്തബോധത്തോടുകൂടി ശ്രമിക്കുന്ന വകുപ്പുമന്ത്രിയെന്ന നിലയിൽ ശ്രീ. എ. കെ. ബാലന്റെ പ്രവർത്തനം ഉണ്ടാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഇക്കാര്യത്തിൽ പൊതുപ്രവർത്തകരും സഹായിക്കുന്നുണ്ട്. അവിടത്തെ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റും ഈ സ്ഥലം സന്ദർശിച്ച കാര്യം എനിക്കറിയാം. രണ്ട് കാര്യങ്ങളാണ് പ്രധാനമായും അവിടെ ചെയ്യേണ്ടത്. ഈ പാവപ്പെട്ട ആളുകളെ നിർബന്ധമായി ചികിത്സിപ്പിക്കാനും ഈ രോഗത്തിൽ നിന്നും അവരെ മോചിപ്പിക്കാനും ശക്തമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം മൂഴിക്കൽ പ്രദേശം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് പഞ്ചായത്തിന്റെ ഭാഗമാക്കാനുള്ള നടപടിയുംകൂടി സ്വീകരിച്ചാൽ ഇവരെ സംരക്ഷിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഹായം ഇക്കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ):</u> സർ, ഇടുക്കി ജില്ലയിലെ പീരുമേട് നിയമസഭാ മണ്ഡലത്തിൽപ്പെടുന്ന പെരുവന്താനം പഞ്ചായത്തിലെ 8-ാം വർഡിൽ ഉൾപ്പെടുന്നതാണ് മൂഴിക്കൽ ആദിവാസി കോളനി. ഈ കോളനിയിൽ മലപ്പണ്ടാരം വിഭാഗത്തിൽപ്പെടുന്ന 14 പട്ടികവർഗ്ഗ കുടുംബങ്ങളാണ്

താമസിച്ചുവരുന്നത്. അതിൽ 4 കുട്ടികളുൾപ്പെടെ 6 പേർക്കാണ് ത്വക്ക് രോഗം പിടിപെട്ടതായി ശ്രദ്ധയിൽപ്പെട്ടത്. പീരുമേട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പ്രൊമോട്ടർമാർ, ആശാവർക്കർമാർ എന്നിവർ ചേർന്ന് 22-10-2016-നും 24-10-2016-നും രോഗബാധിതരായ മുഴുവൻ ആളുകളെയും കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിൽ കൊണ്ടുപോകുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇവർക്ക് സ്കാബിസ് രോഗമാണെന്ന് കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും തുടർന്ന് അവരെ വീടുകളിൽ തിരികെ എത്തിക്കുകയും ചെയ്തു. രോഗം നിയന്ത്രണവിധേയവും അവരുടെ ആരോഗ്യനില തൃപ്തികരവുമാണ്. ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി രോഗപരിചരണവും ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. യഥാർത്ഥത്തിൽ വ്യക്തിശുചിത്വം സംബന്ധിച്ച ബോധവൽക്കരണത്തിന്റെ അഭാവവും ഇതിന്റെ ഭാഗമായുണ്ട്. അതിൽ നല്ല ശ്രദ്ധ ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനാൽ ഇത്തരം രോഗങ്ങൾ പടർന്നു പിടിക്കാതിരിക്കാൻ വ്യക്തിശുചിത്വത്തെപ്പറ്റി കോളനി നിവാസികളെ ബോധവൽ ക്കരിക്കുന്നതോടൊപ്പം ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രത്യേകമായ ഇടപെടലുമുണ്ടാകും. പട്ടികവർഗ്ഗ വികസനവകുപ്പും ആരോഗ്യ വകുപ്പും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കും. ആരോഗ്യ വകുപ്പിലെ വിദഗ്ദ്ധ ഡോക്ടർമാരടങ്ങുന്ന മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് തുടർചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

## (6) കുടിവെള്ള പദ്ധതി

ശ്രീ. മുരളി പെരുനെല്ലി: സർ, രൂക്ഷമായ വരൾച്ച സംബന്ധിച്ച ഗൗരവതരമായ ചർച്ച നടക്കുന്ന ഈ സാഹചര്യത്തിൽ മണലൂർ മണ്ഡലത്തിലെ കണ്ണോത്ത് - കാരമുക്ക് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുണമെന്നതാണ് വിഷയം. മുൻ എൽ.ഡി.എഫ്. സർക്കാർ ഈ പദ്ധതിയുടെ ഭൂരിപക്ഷം പണികളും പൂർത്തീകരിച്ചു. ഏകദേശം 10 കോടിയോളം രൂപയുടെ പ്രവർത്തനങ്ങൾ ആ കാലഘട്ടത്തിൽ നടന്നിട്ടുണ്ട്. 20 കിലോമീറ്ററോളം ഡി.ഐ. പമ്പിംഗ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ ഉന്നതതല സംഭരണിയുടെ നിർമ്മാണം നേരത്തെ തന്നെ പൂർത്തീകരിക്കുകയും പൈപ്പ്ലൈൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വൈദ്യുതി കണക്ഷൻ, ട്രയൽ പമ്പിംഗ്, വിതരണ ശൃംഖലാ കമ്മീഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരുന്നില്ല. ആനയെ വാങ്ങി, ഇനിയൊരു തോട്ടി കൂടി വാങ്ങണമെന്ന അവസ്ഥയിലാണ് ഇപ്പോൾ നിൽക്കുന്നത്. നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് പണി തീരാതെ ഉദ്ഘാടനം നടത്താൻ ശ്രമിച്ചെങ്കിലും നാട്ടുകാരുടെ ഗൗരവതരമായ ഇടപെടൽമൂലം അത് മാറ്റിവയ്ക്കുകയാണുണ്ടായത്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് അവസാനഘട്ടത്തിൽ എത്തിനിൽക്കുന്ന ഈ പദ്ധതിക്ക് അടിയന്തരമായി വൈദ്യുതി കണക്ഷൻ നൽകി മണലൂർ - വെങ്കിടങ്ങ് പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, വെങ്കിടങ്ങ്-മണലൂർ പദ്ധതി 2002-ൽ ആരംഭിച്ചതാണ്. 25662 പേർക്ക് ആളോഹരി പ്രതിദിനം 40 ലിറ്റർ കുടിവെള്ളം എത്തിക്കുന്നതിന് ലക്ഷ്യമിട്ടതാണ് ഈ പദ്ധതി. ഇതിൽ പ്രധാനമായും 4 ഘടകങ്ങളാണുണ്ടായിരുന്നത്. അതിൽ ബഹുഭൂരിപക്ഷം പ്രവൃത്തികളും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. 2011 ഫെബ്രുവരി മാസം മണലൂർ-കാരമുക്ക് കുടിവെള്ള പദ്ധതിക്ക് 541 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുവേണ്ടി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതി പൂർത്തീകരിച്ച് വെങ്കിടങ്ങ്, മണലൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഒളരി പമ്പ് ഹൗസിൽ എച്ച്.റ്റി. കണക്ഷൻ ലഭിക്കുന്നതിനായി 400 കെ.വി.എ. ട്രാൻസ്ഫോർമർ, 120 എച്ച്.പി. സെൻട്രിഫ്യൂഗൽ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ 26-10-2016-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഒളരി പമ്പ് ഹൗസിൽ എച്ച്.റ്റി. കണക്ഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പമ്പിംഗ് മെയിനിന്റെ ട്രയൽ റൺ പുരോഗമിച്ചുവരുന്നു. ട്രയൽ റൺ ഫലപ്രദമാണെന്ന് കണ്ടുകഴിഞ്ഞാൽ ജലവിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) രാസമാലിന്യങ്ങൾ കിണറുകളിൽ കലരുന്നത് സംബന്ധിച്ച്

ശ്രീമതി ഗീതാ ഗോപി: സർ, നാട്ടിക നിയോജകമണ്ഡലത്തിലെ അവിണിശ്ശേരി പഞ്ചായത്തിൽപ്പെട്ട ചെറുവത്തേരി പ്രദേശത്ത് 2007 മുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സെന്റ് ആന്റണീസ് ജ്വവലറി വർക്ക്സ് എന്ന സ്വർണ്ണാഭരണ നിർമ്മാണശാലയിൽ നിന്നുള്ള രാസമാലിന്യങ്ങൾ സമീപത്തെ നൂറുകണക്കിന് കിണറുകളിലേയ്ക്ക് ഭൂഗർഭത്തിലൂടെ ഒഴുകിയെത്തി ആസിഡ് കലർന്ന് ജലത്തിന്റെ പി.എച്ച്. 3.0-ത്തിനും 6.0-ത്തിനുമിടയിലായതുമൂലം വെള്ളം ഉപയോഗശൂന്യമായിരിക്കുന്നതായി സർക്കാർ ലബോറട്ടറികളിൽ നടത്തിയ രാസപരിശോധനയിൽ കണ്ടെത്തിയിരിക്കുന്നു. അവിടെയുള്ള നൂറിൽപ്പരം വീടുകൾക്ക് കുടിവെള്ളമില്ലാത്തതിനാൽ പൈസ കൊടുത്ത് കുടിവെള്ളം വാങ്ങിക്കുന്ന ഒരവസ്ഥയാണ്. കുട്ടികൾക്ക് ശ്വാസംമുട്ടലും വയറുവേദനയുമുണ്ടാകുന്നുണ്ട്. അടുത്ത ദിവസങ്ങളിലായി കളക്ടറേറ്റ് പടിക്കൽ കുട്ടികളും സ്ത്രീകളും പുരുഷന്മാരുമുൾപ്പടെയുള്ള വൻ ജനാവലിയാണ് ശുദ്ധജലത്തിനായി സമരം നടത്തുന്നത്. ഞാൻ ആ സമര സ്ഥലത്തെത്തി അവരുടെ ആവശ്യങ്ങൾ അന്വേഷിച്ചിരുന്നു. സർക്കാർ നിലപാടുകളും തീരുമാനങ്ങളും അനുസരിച്ചുള്ള റിപ്പോർട്ടുകൾ അവരുടെ കയ്യിലുണ്ട്. ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെട്ട് ശുദ്ധജലമെത്തിക്കണമെന്നും നിലവിലുള്ള പ്രായോഗിക നിയമനടപടികൾ ഇവർക്കുവേണ്ടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 2007-ൽ ആരംഭിച്ച ഈ ജ്വവലറിയെ സംബന്ധിച്ച പരാതി 2014-ൽത്തന്നെ അവിടത്തെ ഗ്രാമ പഞ്ചായത്തിന് ലഭ്യമായതാണ്. അത് വിവിധ സമിതികൾ പരിശോധിച്ചുവരുന്നു. പരിസരവാസികളിൽ നിന്ന് അസ്വാഭാവികമായ ആരോഗ്യസ്ഥിതി തെളിയിക്കുന്ന ചികിത്സാരേഖകളൊന്നുംതന്നെ ലഭ്യമായിട്ടില്ലെന്നാണ് അവിണിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ റിപ്പോർട്ട്. അതേസമയം ആരോഗ്യ വകുപ്പ് ഈ വിഷയം പഠിക്കുകയും ചില സാമ്പിൾ ടെസ്റ്റ് റിപ്പോർട്ടുകളിൽ വെള്ളം ഉപയോഗപ്രദമല്ലെന്ന് കണ്ടെത്തുകയും അമ്ലത കൂടുതലായി കാണപ്പെടുന്നതായും ഇതിന്റെ കാരണമറിയുന്നതിനായി കൂടുതൽ വിദഗ്ദ്ധ പരിശോധന ആവശ്യമുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും പരിശോധന നടത്തിയിട്ടുണ്ട്. ആസിഡ് ഉപയോഗിച്ചുള്ള പ്രോസസ്സും ഇലക്ട്രോ പ്ലേറ്റിംഗ് പോലുള്ള പ്രോസസ്സും ഈ സ്ഥാപനത്തിൽ നടത്തുന്നതായി കാണുന്നില്ലെന്നും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31-12-2018 വരെ സാധുതയുള്ള ബോർഡിന്റെ പ്രവർത്തനാനുമതി അവർക്ക് ലഭ്യമായിട്ടുണ്ട്. 2015-ൽ തൃശ്ശൂർ ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് കോഴിക്കോട് സി.ഡബ്ല്യു.ആർ.ഡി.എം.-ലെ സയന്റിസ്റ്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിലും ടി സ്ഥാപനത്തിൽ ആസിഡ് ഉപയോഗം നടക്കുന്നതായി കാണപ്പെട്ടിട്ടില്ല. മലിനജല സംസ്കരണ പ്ലാന്റിൽ നിന്നുള്ള ജലം യൂണിറ്റിന്റെ തന്നെ ഉടമസ്ഥതയിലുള്ള സ്ഥലത്തേയ്ക്ക് പമ്പ് ചെയ്യുന്നതായി പരാതി ഉന്നയിച്ചിരുന്നു. ടി പൈപ്പ് നീക്കം ചെയ്യുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകുകയും തുടർന്ന് അവ നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിൽ നിലവിലുള്ള മലിനജല സംസ്കരണ പ്ലാന്റിൽ ഭേദഗതി വരുത്തി പ്ലാന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നിർദ്ദേശമുണ്ടായിരുന്നു. അത് ചെയ്തുവെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. മലിനജലം ശുദ്ധീകരിച്ചശേഷം ഫ്ലഷിംഗിനായി പുനരുപയോഗിക്കാനും ബാക്കിയുള്ള ജലം സോക്ക്പിറ്റ് വഴി നിർമ്മാർജ്ജനം ചെയ്യാനും നിർദ്ദേശം കൊടുത്തിരുന്നു. അതും പാലിച്ചുവെന്നാണ് ബോർഡിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്.

ബോർഡ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ 29-12-2015-ൽ നടത്തിയ ഹിയറിംഗിൽ പ്രധാനമായും 5 നിർദ്ദേശങ്ങൾ കമ്പനിക്ക് നൽകിയെങ്കിലും അതിലൊരു നിർദ്ദേശമൊഴികെ ബാക്കി എല്ലാ നിർദ്ദേശങ്ങളും യൂണിറ്റ് പാലിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതാണ് 3 ബോർഡുകളുടെയും പരിശോധനാ റിപ്പോർട്ടുകളിൽ പറയുന്നത്. എന്നാൽ കുടിവെള്ളം അവർക്ക് എത്തിച്ചുകൊടുക്കുകയെന്ന ഉത്തരവാദിത്തം ജല അതോറിറ്റി നിർവ്വഹിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവിണിശ്ശേരി പഞ്ചായത്തിലെ ചെറുവത്തേരി പ്രദേശത്ത് അവിണിശ്ശേരി കുടിവെള്ള പദ്ധതിയിൽ നിന്നാണ് ശുദ്ധജല വിതരണം

നടത്തുന്നത്. 36 പൊതു ടാപ്പുകളാണ് അവിടെ ഉണ്ടായിരുന്നത്. എന്നാൽ ഈ പ്രദേശത്തെ കിണറുകളിലെ വെള്ളം കുടിക്കാൻ യോഗ്യമല്ലെന്ന വിവരം വാട്ടർ അതോറിറ്റിയെ പഞ്ചായത്ത് അറിയിച്ചതിനെത്തുടർന്ന് 10 പൊതു ടാപ്പുകൾകൂടി സ്ഥാപിച്ച് ജലവിതരണം ഒന്നിടവിട്ട ദിവസങ്ങളിൽ നടത്തിവരുന്നുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കുടിവെള്ള കണക്ഷനുകൾ നൽകും. അവിണിശ്ശേരി പദ്ധതിയുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ പരിശോധനയിൽ രാസമാലിന്യങ്ങളൊന്നും ഉള്ളതായി കാണപ്പെട്ടിട്ടില്ല. ചെറുവത്തേരി പ്രദേശത്തെ കിണറുകളിൽ ആസിഡും മറ്റ് വിഷപദാർത്ഥങ്ങളും ചേർന്ന് വെള്ളം മലിനമായി പ്രദേശവാസികൾക്ക് കുടിവെള്ളം വിലയ്ക്കുവാങ്ങേണ്ട അവസ്ഥയ്ക്ക് കാരണമായ സെന്റ് ആന്റണീസ് ജ്വവലറി അടച്ചുപൂട്ടണമെന്ന് കാണിച്ച് ചെറുവത്തേരി പൗരസമിതി അംഗങ്ങൾ വീണ്ടും സമർപ്പിച്ച അപേക്ഷയെത്തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 4-8-2016-ന് ആരോപണ വിധേയമായ കമ്പനിയും പരിസരപ്രദേശങ്ങളും സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ വച്ച് 5-8-2016-ന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്.

സെന്റ് ആന്റണീസ് ജ്വവലറി വർക്സ് എന്ന സ്ഥാപനം ജലമലിനീകരണത്തിന് കാരണമാകുന്നുവെന്ന് തെളിയിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാലും ചെറുവത്തേരിയിലും ടി പ്രദേശത്തെ ഉയർന്ന സ്ഥലങ്ങളിലും വെള്ളത്തിന്റെ പി.എച്ച്. മൂല്യം കുറഞ്ഞതായി കാണുന്നതിനാലും പൗരസമിതിയുടെ ആരോപണങ്ങൾ നിലനിൽക്കുന്നതിനാലും ജലമലിനീകരണം ജനങ്ങളുടെ ആരോഗ്യത്തിന് ദോഷകരമായി ബാധിക്കുമെന്നുള്ളത് ഗൗരവമായി കാണുന്നതിനാലും പ്രസ്തുത പ്രദേശത്തെ ജലമലിനീകരണത്തിന് അടിസ്ഥാനമായ വസ്തുതകൾ പഠിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിന് സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന് തൃശ്ശൂർ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

11.00 AM]

## (8) തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വയനാട് ജില്ലയിലെ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വിവിധ തോട്ടം ഉടമകൾ നടത്തിക്കൊണ്ടിരിക്കുന്ന തൊഴിലാളി ദ്രോഹ നടപടികൾ സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിക്കുന്നത്. ഫാത്തിമ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ്, ചെമ്പ്ര പീക്ക് എസ്റ്റേറ്റ് എന്നിവ 26-10-2016 മുതൽ ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട രാജ്യസഭാംഗം ശ്രീ. പി. വി. അബ്ദുൽ വഹാബിന്റെ ഉടമസ്ഥതയിലുള്ള പി. വി. എസ്. ഗ്രൂപ്പാണ് ഈ എസ്റ്റേറ്റ് നടത്തുന്നത്. 181 സ്ത്രീകളുൾപ്പെടെ 320 തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നുണ്ട്. രണ്ട് മാസത്തെ ശമ്പളം കുടിശ്ശികയായത് ഇതുവരെ കൊടുത്തിട്ടില്ല. യാതൊരുവിധ മുന്നറിയിപ്പുമില്ലാതെ നിയമവിരുദ്ധമായിട്ടാണ് ലോക്കൗട്ട്. ആറാഴ്ചത്തെ സമയമോ അല്ലെങ്കിൽ കുറഞ്ഞത് 15 ദിവസത്തെ നോട്ടീസോ കൊടുക്കാതെയാണ് ലോക്കൗട്ട് ചെയ്തിരിക്കുന്നത്. തൊഴിലാളികൾ ഇപ്പോൾ എല്ലാ ദിവസവും സത്യാഗ്രഹ സമരത്തിലാണ്.

അതുപോലെ വയനാട്ടിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയും 2015-ലെ ബോണസ് ഇതുവരെ സെറ്റിൽ ചെയ്യാൻ തയ്യാറായിട്ടില്ല. 8.33 ശതമാനം ബോണസ് ഏകപക്ഷീയമായി പ്രഖ്യാപിക്കുകയാണ് ചെയ്തിട്ടുള്ളത്. തൊഴിലാളികൾ ഇതുവരെ ബോണസ് വാങ്ങിയിട്ടില്ല. 2700-ഓളം തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ബോണസ് പ്രശ്നം പരിഹരിക്കാനും അടിയന്തരമായി ഇടപെടണം.

കൽപ്പറ്റയിലെ എൽസ്റ്റൺ എസ്റ്റേറ്റിൽ 600 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ജൂലൈ മാസം മുതൽ ഇവർക്ക് ശമ്പളമോ ബോണസോ നൽകിയിട്ടില്ല. താമസയോഗ്യമായ പാഡികളില്ല. കുടിവെള്ളം, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നുംതന്നെ ലഭിക്കുന്നില്ല. ചില പാഡികളിൽ വൈദ്യുതിപോലുമില്ല. ഈ പ്രശ്നങ്ങളിൽ അടിയന്തര ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വയനാട് ജില്ലയിലെ ഫാത്തിമ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ്, ചെമ്പ്ര പീക്ക് എസ്റ്റേറ്റ് എന്നിവ കടുത്ത സാമ്പത്തിക പ്രതിസന്ധിയും തോട്ടം മേഖലയിലെ പ്രതികൂല സാഹചര്യങ്ങളും കാരണം 27-10-2016-ന് ലോക്കൗട്ട് ചെയ്യാൻ തീരുമാനിച്ചതായി 26-10-2016-ലെ എസ്റ്റേറ്റ് മാനേജരുടെ കത്തുപ്രകാരം വയനാട് ജില്ലാ ലേബർ ആഫീസിൽ അറിയിപ്പ് ലഭിക്കുകയുണ്ടായി. തുടർന്ന് 27-10-2016-ന് ടി ആഫീസിൽ തൊഴിലുടമ, തൊഴിലാളി പ്രതിനിധികളുടെ അനുരഞ്ജന യോഗത്തിൽ ഹാജരാകാൻ ആവശ്യപ്പെടുകയുണ്ടായെങ്കിലും തൊഴിലുടമാ പ്രതിനിധികൾ യോഗത്തിൽ ഹാജരായില്ല. ഫാത്തിമ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ തൊഴിലാളി യൂണിയനുകൾ ലോക്കൗട്ട് നോട്ടീസിൽ പറയുന്ന തരത്തിലുള്ള യാതൊരുവിധ സമര പരിപാടികളും അക്രമങ്ങളും നടത്തിയിട്ടില്ലെന്നാണ് അറിയുന്നത്. തൊഴിലാളികൾക്ക് ലഭിക്കാനുണ്ടായിരുന്ന വേതന കുടിശ്ശിക, 2014-15 വർഷത്തെ ബോണസ്, ഏതാനും തൊഴിലാളികൾക്ക് ലഭിക്കാനുള്ള ഗ്രാറ്റുവിറ്റി എന്നിവ 25-9-2016-ന് എസ്റ്റേറ്റിന്റെ മാനേജിംഗ് ഡയറക്ടർ, മാനേജർ എന്നിവരുമായി നടന്ന അനുരഞ്ജന ചർച്ചയിൽ പരിഹരിച്ചിട്ടുള്ളതാണ്. അതിനുശേഷം തൊഴിലുടമയുമായി അസ്വാരസ്യങ്ങൾ ഉണ്ടായിരുന്നില്ലെന്നും പരാതിയിൽ പറയുന്ന കാര്യങ്ങൾ തീർത്തും അവാസ്തവമാണെന്നും എസ്റ്റേറ്റ് ലോക്കൗട്ട് ചെയ്തത് നിയമവിധേയമാണെന്ന് വരുത്തിത്തീർക്കാൻ വേണ്ടി മനഃപൂർവ്വം മാനേജ്മെന്റ് സൃഷ്ടിച്ചതാണ് മേൽ പരാതിയെന്നും ട്രേഡ് യൂണിയൻ പ്രതിനിധികൾ അറിയിച്ചു. 2016 സെപ്റ്റംബറിലെ വേതനം വൈകിയെന്ന പരാതി മാത്രമാണ് നിലവിലുള്ളത്. 27-10-2016-ന് ലോക്കൗട്ട് ചെയ്യുന്ന വിവരം സി.ഐ.ടി.യു. യൂണിയന് അന്ന് രാവിലെയും മറ്റു യൂണിയനുകൾക്ക് 26-10-2016-ന് വൈകുന്നേരവുമാണ് ലഭിച്ചത്. മേൽ വിഷയം ജില്ലാ ലേബർ ആഫീസിൽ

പരിഹരിക്കപ്പെടാത്തതിനാൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിൽ ഇടപെടുന്നതിനായി 27-10-2016-നുതന്നെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ഈ വിഷയത്തിൽ അനുരഞ്ജന ചർച്ചകൾക്കായി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ബന്ധപ്പെട്ട കക്ഷികളെ 3-11-2016-ന് വിളിച്ചിരുന്നുവെങ്കിലും അന്നേ ദിവസം തൊഴിലുടമയ്ക്ക് ഹാജരാകാൻ സാധിക്കില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് ചർച്ച 7-11-2016-ലേക്ക് മാറ്റിവച്ചിട്ടുണ്ട്. ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം തുടരുന്നു.

കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർ 9-7-2015-ന് പരിശോധന നടത്തിയിട്ടുണ്ട്. പാഡികൾ ശോചനീയാവസ്ഥയിലാണെന്നും അറ്റകുറ്റ പണികൾ നടത്തിയിട്ട് നിരവധി വർഷങ്ങൾ കഴിഞ്ഞുവെന്നും അഴുക്കുചാലുകൾ പൊട്ടിപ്പൊളിഞ്ഞ് ദുർഗന്ധം വമിക്കുന്നതായും പാഡികൾ വൈദ്യുതീകരിക്കാത്തതിനാൽ തൊഴിലാളികളും അവരുടെ വിദ്യാർത്ഥികളായ കുട്ടികളും വളരെയധികം പ്രയാസം അനുഭവിക്കുന്നതായും പാഡികൾ വൈറ്റ്‌വാഷ് ചെയ്യുകയും ജനലുകളും വാതിലുകളും പെയിന്റടിച്ചിട്ട് നിരവധി വർഷങ്ങളായെന്നും 2013, 2014, 2015 വർഷങ്ങളിലെ കമ്പിളി പുതപ്പുകൾ തൊഴിലാളികൾക്ക് നൽകിയിട്ടില്ലെന്നും കണ്ടതിനെത്തുടർന്ന് തൊഴിലുടമയ്ക്ക് നോട്ടീസ് നൽകിയിട്ടും അപാകതകൾ പരിഹരിക്കാത്തതിനാൽ 31-12-2015-ന് തൊഴിലുടമയ്ക്കെതിരെ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. എൽസ്റ്റൺ എസ്റ്റേറ്റിലെ ബോണസ് വിഷയം സംബന്ധിച്ച് 9-11-2016-ന് ചർച്ച നടത്തുന്നതിന് വയനാട് ജില്ലാ ലേബർ ആഫീസർ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. 15-11-2016-ന് മുൻപായി കുടിശ്ശിക വേതനം തൊഴിലാളികൾക്ക് നൽകുമെന്ന് മാനേജ്മെന്റും തൊഴിലാളി യൂണിയനും ധാരണയിലെത്തിയിട്ടുണ്ട്. ചികിത്സാസൗകര്യം ലഭ്യമാക്കാത്തത് സംബന്ധിച്ച് വയനാട് ജില്ലാ ലേബർ ആഫീസിൽ പരാതിപ്പെട്ടപ്പോൾ പ്ലാന്റേഷൻ ഇൻസ്പെക്ടർക്ക് പരാതി നൽകി പരിഹാരം കാണാൻ ജില്ലാ ലേബർ ആഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹാരിസൺസ് മലയാളം ലിമിറ്റഡിലെ ബോണസ് വിഷയവുമായി ബന്ധപ്പെട്ട് സി.ഐ.ടി.യു. 2016 ഫെബ്രുവരി 6 മുതൽ 20 ശതമാനം ബോണസ് ആവശ്യപ്പെട്ട് അനിശ്ചിതകാല സമരം ആരംഭിച്ചതിനെത്തുടർന്ന് ഈ വിഷയത്തിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിലും റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, ലേബർ കമ്മീഷണർ എന്നീ തലത്തിലും അനുരഞ്ജന ചർച്ചകൾ നടത്തുകയുണ്ടായി. 24-2-2016-ന് തിരുവനന്തപുരത്ത് തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ഈ വിഷയത്തിൽ അനുരഞ്ജന ചർച്ചകൾ നടത്തിയിട്ടുള്ളതാണ്. ചർച്ചയ്ക്ക് പരിഹാരമാകാതെ സമരം നീണ്ടുപോയ സാഹചര്യത്തിൽ 23-3-2016-ന് ജില്ലാ ലേബർ ആഫീസർ വിളിച്ചുചേർത്ത അനുരഞ്ജന ചർച്ചയിൽ താഴെപ്പറയുന്ന

ഒത്തുതീർപ്പ് വ്യവസ്ഥപ്രകാരം ധാരണയായിട്ടുണ്ട്. 'മാനേജ്മെന്റ് ഏകപക്ഷീയമായി പ്രഖ്യാപിച്ച ബോണസ് അംഗീകരിക്കാൻ കഴിയില്ലെങ്കിലും ബോണസ് സംബന്ധിച്ച തർക്കം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് റഫർ ചെയ്തതിനാൽ ഇപ്പോൾ ഒപ്പിട്ട ബോണസ്, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ തീരുമാനത്തിന് വിധേയമായി തൊഴിലാളികൾ കൈപ്പറ്റും' എന്നാണ്. 31-3-2016-ന് മുൻപായി ബോണസ് വിതരണം ചെയ്യാൻ മാനേജ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. സാലറി അഡ്വാൻസ് 1,000 രൂപ 12-4-2016-ന് മുൻപായി നൽകുന്നതിനും ഈ തുക 2016 ജൂൺ, ജൂലൈ മാസങ്ങളിൽ തിരിച്ചു പിടിക്കുന്നതിനും വ്യവസ്ഥ ചെയ്തു. മേൽപ്പറഞ്ഞ ഒത്തുതീർപ്പ് വ്യവസ്ഥപ്രകാരം 1,000 രൂപ ശമ്പളത്തിൽനിന്ന് തിരിച്ചുപിടിക്കുന്നതിന് സി.ഐ.ടി.യു. എതിർപ്പ് പ്രകടിപ്പിക്കുകയും ഈ വിഷയത്തിൽ 25-8-2016-ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ അനുരഞ്ജന ചർച്ച വിളിക്കുകയും ചർച്ചയിൽ സമരം ചെയ്ത തൊഴിലാളികൾക്ക് നൽകിയ അഡ്വാൻസ് 11,000 രൂപ 2016 ജൂൺ, ജൂലൈ മാസങ്ങളിൽ തിരിച്ചു പിടിച്ചിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച് ഉന്നതതല ചർച്ച നടത്തി പരിഹാരമുണ്ടാക്കാനും ധാരണയിലെത്തിയിട്ടുണ്ട്.

### (9) തൊഴിൽ നിയമങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിലെ ചുമട്ടു തൊഴിലാളികൾ ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. തൊഴിൽ നിയമങ്ങൾ അശാസ്ത്രീയമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അവർ തൊഴിൽ മേഖലയിൽ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരം രൂപീകൃതമായ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ അതാത് പ്രദേശങ്ങളിലെ നിരവധി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 26 (A) പ്രകാരമുള്ള എ.എൽ.ഒ. കാർഡ് ഉള്ളവർക്കു മാത്രമേ സംസ്ഥാനത്ത് കയറ്റിറക്ക് ജോലി ചെയ്യാനാകൂ. ക്ഷേമപദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശത്തെ തൊഴിലാളികളും ഉടമകളും ബോർഡിൽ രജിസ്റ്റർ ചെയ്താണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ചിലർ ഇതിന് വിരുദ്ധമായി ഇതരസംസ്ഥാന തൊഴിലാളികളെയും അല്ലാത്തവരേയുംകൊണ്ട് ജോലി ചെയ്യിക്കാൻ ശ്രമിക്കുന്നതും ചില എ.എൽ.ഒ.-മാരും ഡി.എൽ.ഒ.-മാരും വിവേചനാധികാരം ഉപയോഗിച്ച് അർഹതയില്ലാത്തവർക്ക് കാർഡുകൾ കൊടുക്കുന്നതും ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടത്തിനും തുടർന്ന് കേസുകൾക്കും ഇടയാകുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കാർഡ് കൊടുക്കണമെങ്കിൽ 1978-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രേറ്റഡ് ലേബർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ ജില്ലാ ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡുകളുടെ എൻ.ഒ.സി. കിട്ടാതെ എ.എൽ.ഒ., കാർഡ് കൊടുക്കുന്ന രീതി നിയമംമൂലം മാറ്റേണ്ടതാണ്. ആയതിനാൽ ചുമട്ടുതൊഴിലാളികൾ നേരിടുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള ചുമട്ടുതൊഴിലാളി നിയമത്തിൽ വ്യക്തത വരുത്താനും ചട്ടത്തിൽ ഭേദഗതി കൊണ്ടുവരാനും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരം അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളിൽ നിന്നും 26 (എ) രജിസ്ട്രേഷനുവേണ്ടി അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ രജിസ്റ്ററിംഗ് അതോറിറ്റിയായ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ അപേക്ഷകൻ ചുമട്ടുതൊഴിൽ ചെയ്യുന്നതായി അവകാശപ്പെടുന്ന പ്രദേശത്തെ സ്ഥാപനങ്ങളിൽ അന്വേഷണം നടത്തി പ്രസ്തുത പ്രദേശത്തെ തൊഴിൽ സാധ്യതകൂടി പരിശോധിച്ചശേഷമാണ് അപേക്ഷയിൽ തീരുമാനമെടുക്കുന്നത്. അറ്റാച്ച്ഡ് കാർഡ് നൽകേണ്ട സാഹചര്യങ്ങളിലും ഇതുസംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അറ്റാച്ച്ഡ് കാർഡിനു വേണ്ടി ഫോറം 9-ൽ അപേക്ഷ ലഭിച്ചാൽ അസിസ്റ്റന്റ് ലേബർ ഓഫീസർ, അപേക്ഷകൻ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളതായ തൊഴിലുടമകൾക്ക് ഫോറം 10 പ്രകാരമുള്ള നോട്ടീസയച്ച് അവരെക്കൂടി ഹിയറിംഗ് നടത്തിയ ശേഷമാണ് തീരുമാനമെടുക്കാറുള്ളത്. പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അഭിപ്രായംകൂടി ആരാഞ്ഞശേഷമാണ് 26 (എ) കാർഡ് രജിസ്ട്രേഷൻ സംബന്ധിച്ച തീരുമാനമെടുക്കുന്നത്. എന്നാൽ ചില അവസരങ്ങളിൽ ഇതുസംബന്ധിച്ച് ഹൈക്കോടതി നൽകുന്ന നിർദ്ദേശങ്ങളുംകൂടി പാലിക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാകുന്നു. സബ്മിഷനിൽ ഉന്നയിച്ചിട്ടുള്ളപ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചുമട്ടുതൊഴിലാളി നിയമപ്രകാരം തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതിന് ഇവർ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യവസ്ഥയില്ല. കൂടാതെ ഇവർക്ക് ചുമട്ടുതൊഴിലാളി നിയമപ്രകാരം 26(എ) തിരിച്ചറിയൽ കാർഡ് നൽകുന്നത് വിലക്കിക്കൊണ്ട് 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിലോ 1981-ലെ ചട്ടത്തിലോ പ്രതിപാദിച്ചിട്ടില്ല. ചുമട്ടുതൊഴിൽ കാർഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കോ ജില്ലാ ലേബർ ഓഫീസർമാർക്കോ വിവേചനാധികാരമില്ല. ഈ വിഷയത്തിൽ ഒരു നിയമവിരുദ്ധ നടപടികളും അനുവദിക്കുന്ന പ്രശ്നമില്ല.

## (10) നിയമ സർവ്വകലാശാല

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിൽ നിയമപഠനം ഇപ്പോൾ വിവിധ സർവ്വകലാശാലകൾക്ക് കീഴിലാണ് നടക്കുന്നത്. എഞ്ചിനീയറിംഗ് കോളേജുകൾക്കായി സാങ്കേതിക സർവ്വകലാശാലയും മെഡിക്കൽ പഠനത്തിനായി ആരോഗ്യ സർവ്വകലാശാലയും സ്ഥാപിച്ച മാതൃകയിൽ കേരളത്തിലെ നിയമപഠനത്തിനായി ഒരു നിയമ സർവ്വകലാശാല സ്ഥാപിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഈ സബ്മിഷൻ. ഇത്തരമൊരു സർവ്വകലാശാല സ്ഥാപിക്കുകവഴി ഈ രംഗത്തെ വളർച്ചയ്ക്കും വികാസത്തിനും സഹായകരമാകും. മുൻപ് നമ്മുടെ സംസ്ഥാനത്ത് മൂന്ന്

ഗവൺമെന്റ് ലാ കോളേജുകളും ഒരു ലാ അക്കാഡമിയുമാണ് ഉണ്ടായിരുന്നത് ഇന്ന് സർക്കാർ മേഖലയിലും സ്വാശ്രയ മേഖലയിലുമായി മുപ്പതോളം ലാ കോളേജുകളുണ്ട്. സംസ്ഥാനത്തൊട്ടാകെ 8000-ത്തോളം കുട്ടികൾ നിയമ പഠനത്തിനുണ്ട്, പക്ഷേ ആവശ്യത്തിന് അധ്യാപകരില്ലാത്ത സ്ഥിതിയാണുള്ളത്. കോഴിക്കോട് ലാ കോളേജിൽ 700 എൽ.എൽ.ബി. വിദ്യാർത്ഥികളും 30 പോസ്റ്റ്ഗ്രാജ്വേഷൻ (എൽ.എൽ.എം.) വിദ്യാർത്ഥികളുമുണ്ട്. ഇവിടെ 30 അധ്യാപകർ വേണ്ട സ്ഥാനത്ത് 16 പേർ മാത്രമാണുള്ളത്. അതുപോലെ ഈ രംഗത്ത് ഏകോപനത്തിന്റെ അനിവാര്യതയുണ്ട്. വിവിധ യൂണിവേഴ്സിറ്റികളിൽ വിവിധ സിലബസ്സാണ്. അതുപോലെ വ്യത്യസ്ത സമയങ്ങളിലാണ് പരീക്ഷ നടക്കുന്നതും റിസൽറ്റ് പ്രസിദ്ധീകരിക്കുന്നതും. ഇത് എൻറോൾമെന്റിലും പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. അതായത്, കേരള യൂണിവേഴ്സിറ്റിക്ക് കീഴിലും കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലും ഒരേ സമയത്ത് നടന്ന കോഴ്സിൽ കേരള യൂണിവേഴ്സിറ്റി റിസൽറ്റ് പ്രസിദ്ധീകരിച്ചു, പക്ഷേ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇതുവരെ റിസൽറ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ഇപ്പോൾ എൻറോൾമെന്റ് നടക്കാൻ പോകുകയാണ്. കേരള സർവ്വകലാശാലയിൽ പഠിച്ച വിദ്യാർത്ഥികൾക്ക് എൻറോൾ ചെയ്യാം. എന്നാൽ കോഴിക്കോട് സർവ്വകലാശാലയിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷ കഴിഞ്ഞ് റിസൽറ്റ് വന്നാൽപ്പോലും ചിലപ്പോൾ മാസങ്ങൾ കാത്തിരിക്കേണ്ടി വരും. അതിനാൽ റിസൽറ്റിന്റെയും എൻറോൾമെന്റിന്റെയും കാര്യത്തിൽ ഒരു ഏകോപനം ആവശ്യമാണ്. സാങ്കേതിക സർവ്വകലാശാല, ആരോഗ്യ സർവ്വകലാശാല എന്നിവ രൂപീകരിച്ചതുപോലെ ഒരേ സിലബസ്സിൽ ഒരേ സമയം പരീക്ഷയെഴുതി ഒരേ സമയം റിസൽറ്റ് വരുന്ന രീതിയിൽ, ആവശ്യത്തിന് അധ്യാപകരെ നിയമിച്ച് ഈ രംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ ഒരു യൂണിവേഴ്സിറ്റിയിൽ ചില ക്രിമനൽ ജ്യൂറിസ് പ്രൂഡൻസ് പോലുള്ള കോഴ്സുകൾ പഠിപ്പിക്കുന്നില്ല എന്നുപറഞ്ഞ് എൻറോൾമെന്റിന് ചില തടസ്സങ്ങളുണ്ടായിട്ടുണ്ട്. ഇത്തരം വിഷയങ്ങളൊക്കെ പരിഹരിക്കാൻ നിയമ പഠനത്തിനായി ഒരു സർവ്വകലാശാല രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, നിലവിലുള്ള 13 സർവ്വകലാശാലകളിൽ കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി എന്നിവയുടെ കീഴിൽ ഇപ്പോൾ നിയമപഠനം നടക്കുന്നുണ്ട്. നാല് സർക്കാർ ലാ കോളേജുകളും ഏകദേശം 20 സ്വാശ്രയ കോളേജുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. നിയമപഠനം വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്നത് സംബന്ധിച്ച് പോരായ്മകൾ

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നതിനാലും ഒരു പുതിയ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാലും നിയമ സർവ്വകലാശാല ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ മേഖലയിലെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കാം.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 657-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## V റിപ്പോർട്ട് സമർപ്പണം

1. ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർമാനായ ഞാൻ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

2. വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

3. വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

4. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ചെയർമാനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ദേശീയ ഭക്ഷ്യഭദ്രതാ നിയമം

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നവംബർ ഒന്നുമുതൽ കേരളത്തിൽ നടപ്പിലാകുകയാണ്. നിയമത്തിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കാൻ മാർച്ച് 31 വരെ സമയം വേണ്ടി വരും. എന്നാൽ ഒക്ടോബർ 5-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച കരട് പട്ടിക താൽക്കാലികമായി അംഗീകരിച്ച് ധാന്യവിതരണം തുടങ്ങണമെന്ന കേന്ദ്ര സർക്കാരിന്റെ നിർബന്ധംമൂലമാണ് ഇത്തരമൊരു നടപടിയിലേയ്ക്ക് നീങ്ങാൻ നാം നിർബന്ധിതരായത്. തുടർന്ന് കരട് പട്ടിക ഒക്ടോബർ 20-ന് സാർവ്വത്രികമായി പ്രസിദ്ധീകരിച്ചിരുന്നു. പട്ടികയിലെ ആക്ഷേപങ്ങളും അവകാശവാദങ്ങളും സ്വീകരിച്ച് തീർപ്പുകൽപ്പിക്കാൻ വെരിഫിക്കേഷൻ കമ്മിറ്റികളും അപ്പീൽ കമ്മിറ്റികളും അവരിൽ അർപ്പിതമായ ചുമതലകൾ തികഞ്ഞ ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും സർക്കാർ ചെയ്തുകഴിഞ്ഞു. അർഹതപ്പെട്ടവർ ഒഴിവാകാതെയും കടന്നുകൂടിയ അനർഹരെ ഒഴിവാക്കിയും കുറ്റമറ്റ മുൻഗണനാപ്പട്ടിക തയ്യാറാക്കണം. വസ്തുതകൾ മറച്ചുവച്ചോ ശരിയായ രീതിയിൽ കാര്യങ്ങൾ നൽകാതെയോ മുൻഗണനാപ്പട്ടികയിൽ കയറി

കൂടിയവർ തങ്ങൾ ചെയ്തിട്ടുള്ളത് ഗൗരവമായ തെറ്റാണെന്ന് മനസ്സിലാക്കി സ്വയം പിൻമാറണം. കൂടാതെ മുമ്പ് ഫോറങ്ങൾ പൂരിപ്പിച്ച് നൽകിയപ്പോൾ റേഷൻ കാർഡ് മതി, റേഷൻ വിഹിതം വേണ്ടെന്ന് സ്വയം പ്രഖ്യാപിച്ച പതിമൂന്നായിരം കുടുംബങ്ങളുടെ മാതൃക പിന്തുടരാൻ നമ്മുടെ സമൂഹത്തിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ തയ്യാറാകണം.

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം കേരളത്തിന് അനുവദിച്ച ഭക്ഷ്യധാന്യ വിഹിതം 14.25 ലക്ഷം മെട്രിക് ടണ്ണാണ്. മുമ്പ് ലഭിച്ചിരുന്നത് 16 ലക്ഷം മെട്രിക് ടണ്ണായിരുന്നു. നിലവിൽ 2757000 ആളുകളുള്ള 582,091 അന്ത്യോദയാ കുടുംബങ്ങൾക്ക് കാർഡൊന്നിന് 35 കിലോഗ്രാം അരിയും 7007811 ആളുകളുള്ള 1479660 ബി.പി.എൽ. കുടുംബങ്ങൾക്ക് കാർഡൊന്നിന് 25 കിലോഗ്രാം അരിയും സൗജന്യമായി ലഭിച്ചിരുന്നു. ഇതിന് പുറമെ എ.പി.എൽ. വിഭാഗത്തിലെ 4141789 കുടുംബങ്ങളിലെ 17866000 ആളുകൾക്ക് 8 കിലോഗ്രാം അരി 2 രൂപ നിരക്കിൽ ലഭിച്ചിരുന്നു. അങ്ങനെ നിലവിൽ സൗജന്യം ലഭിച്ചിരുന്ന ആളുകളുടെ ആകെ എണ്ണം 2.76 കോടി (കൃത്യമായി പറഞ്ഞാൽ 27630811) ആണ്. എന്നാൽ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന മുൻഗണനാ വിഭാഗക്കാരുടെ ആകെ എണ്ണം 1.54 കോടി (15480042) മാത്രമാണ്. മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്കുമുഴുവൻ സമ്പൂർണ്ണ സൗജന്യം നൽകാനാണ് ഈ സർക്കാർ ആഗ്രഹിക്കുന്നത്. മുൻഗണനാ പട്ടികയിലെ മുഴുവൻ അന്ത്യോദയ (AAY) കുടുംബങ്ങൾക്കും കാർഡൊന്നിന് 35 കിലോഗ്രാം അരിയും ശേഷിക്കുന്ന 12921411 പേർക്ക് ആളൊന്നിന് 5 കിലോഗ്രാം വീതം ധാന്യങ്ങളും ലഭിക്കും. ഇത് നിലവിൽ സമ്പൂർണ്ണ സൗജന്യം ലഭിക്കുന്ന 9764811-നേക്കാൾ 5715231 കൂടുതലാണ്. ഇതിനുപുറമെ മുൻഗണനാപ്പട്ടികയിൽ വരാത്ത 12150769 പേർക്ക് സംസ്ഥാനം സബ്സിഡി നൽകി ആളൊന്നിന് രണ്ട് കിലോഗ്രാം വീതം അരി രണ്ട് രൂപ നിരക്കിൽ നൽകുവാനും ആഗ്രഹിക്കുന്നു. ശേഷിക്കുന്ന മുൻഗണനേതര കുടുംബങ്ങൾക്ക് ബാക്കി വരുന്ന അരി എ.പി.എൽ. നിരക്കിൽ നൽകാനും ബാക്കി വരുന്ന ഗോതമ്പ് ആട്ടയാക്കി മുമ്പ് നൽകിയിരുന്ന പ്രകാരം നൽകാനും സാധിക്കും. നാളിതുവരെ 27630811 പേർക്ക് റേഷൻ ആനുകൂല്യങ്ങൾ ലഭിച്ചിരുന്നു. തുടർന്നും അത്രയും പേർക്കും മെച്ചപ്പെട്ട നിലയിൽ റേഷൻ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കും. പൊതുവിതരണരംഗം സുതാര്യമാക്കും. ഒരു തരത്തിലുമുള്ള ക്രമക്കേടുകളും അനുവദിക്കില്ല. വാതിൽപ്പടി വിതരണ ശൃംഖലയും കമ്പ്യൂട്ടർവൽക്കരണവും മാർച്ച്-31 നകം പൂർത്തീകരിക്കും. റേഷൻ കടകൾ നവീകരിക്കും. റേഷൻ കട വ്യാപാരികളുടെ വരുമാനം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ തയ്യാറാക്കുകയും കരട് മുൻഗണനാപ്പട്ടികയിൽ ഉണ്ടാകുന്ന മുഴുവൻ ന്യായമായ ആക്ഷേപങ്ങളും പരിഹരിക്കുകയും ചെയ്യും. കുറ്റമറ്റ പട്ടിക തയ്യാറാക്കി നിശ്ചയിച്ച

പ്രകാരം റേഷൻ കാർഡ് വിതരണം ചെയ്യും. ജനങ്ങൾക്ക് അവകാശപ്പെട്ട ഒരുമണി അരിപോലും ചോരാതെ വിതരണം കാര്യക്ഷമമാക്കും. റേഷൻ വിതരണത്തിനായി സംസ്ഥാന സർക്കാർ പ്രതിവർഷം 819.75 കോടി രൂപയാണ് ചെലവാക്കിയിരുന്നതെങ്കിൽ ഇനിമുതൽ 1126.39 കോടി രൂപയായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 306.64 കോടി രൂപയുടെ അധിക ബാധ്യത പ്രതീക്ഷിക്കുന്നു.

പൊതുവിതരണ രംഗത്ത് ഇന്ത്യയ്ക്ക് മാതൃകയായിരുന്ന സംസ്ഥാനമാണ് നമ്മുടേത്. തുടർന്നും തൽസ്ഥിതി നിലനിർത്താൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. അതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

## VII ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

### 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിക്ക് നൽകിയ ഭേദഗതികളുടെ പരിഗണന

മി. ഡെപ്യൂട്ടി സ്പീക്കർ : 27-9-2016-ന് സഭയുടെ മേശപ്പുറത്തുവച്ച "2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിക്ക് [സ.ഉ.(അച്ചടി) നമ്പർ 24/2016/തൊഴിൽ തീയതി 2-2-2016 (എസ്.ആർ.ഒ. നമ്പർ 134/2016)]" ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ശ്രീ. ഹൈബി ഈഡൻ, ശ്രീ. എം. ഉമ്മർ എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ : സർ, 2008-ലെ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ ആക്ട് 2008-ലെ 33-ാം കേന്ദ്ര ആക്ടിലെ 3-ാം ഉപവകുപ്പും 4-ാം ഉപവകുപ്പും പ്രകാരം പുറപ്പെടുവിച്ച 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതിക്കുള്ള ഭേദഗതിയാണ്. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. ഖണ്ഡിക 2 (ഐ) യിൽ "ആശ്രയിച്ച് കഴിയുന്ന പിതാവും മാതാവും" എന്നതിന് ശേഷം "അംഗപരിമിതരായ സഹോദരങ്ങളും" എന്ന വാക്കുകൾ കൂടി ചേർക്കുക.

3. ഖണ്ഡിക 2 (ജെ) യിൽ "21-ാം ഖണ്ഡിക" എന്നത് "6-ാം ഖണ്ഡിക" എന്ന് ഭേദഗതി ചെയ്യുക.

5. ഖണ്ഡിക 5(1)-ൽ "ആറ് മാസത്തിനകം എടുത്ത പാസ്പോർട്ട് സൈസിലുള്ള രണ്ട് ഫോട്ടോകളും" എന്നത് "ആറ് മാസത്തിനകം എടുത്ത പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിപ്പിച്ചത് കൂടാതെ രണ്ട് ഫോട്ടോകളും" എന്ന് ഭേദഗതി ചെയ്യുക.

6. ഖണ്ഡിക 11(2)-ൽ "പദ്ധതിയുടെ 7-ാം ഖണ്ഡിക അനുശാസിക്കുന്ന" എന്നത് "പദ്ധതിയുടെ 8-ാം ഖണ്ഡിക അനുശാസിക്കുന്നത് "എന്ന് ഭേദഗതി ചെയ്യുക.

7. ഖണ്ഡിക 13 (2)-ൽ "നിധിയിൽ നിന്നും നൽകുന്നത് സംബന്ധിച്ച് ബോർഡിന് ഉചിതമായ തീരുമാനം" എന്ന വാചകം "നിധിയിൽ നിന്നും നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ അനുമതിയോടെ ബോർഡിന് ഉചിതമായ തീരുമാനം" എന്ന് ഭേദഗതി ചെയ്യുക.

8. ഖണ്ഡിക 16(2)-ൽ "മാർഗ്ഗനിർദ്ദേശങ്ങൾ ബോർഡ് അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്" എന്ന വാചകം "മാർഗ്ഗനിർദ്ദേശങ്ങൾ ബോർഡ് സർക്കാർ അനുമതിയോടെ അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്" എന്ന് ഭേദഗതി ചെയ്യുക.

11. ഖണ്ഡിക 23 (1)-ൽ "തയ്യാറാക്കേണ്ടതാണ്" എന്ന വാക്കിനുപകരം "തയ്യാറാക്കേണ്ടതും സർക്കാർ അംഗീകരിച്ചശേഷം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ഖണ്ഡിക 2-ൽ നിർവ്വചനങ്ങളാണ് കൊടുത്തിരിക്കുന്നത്. അതിൽ 2 (ഐ) കുടുംബം എന്നതിന്റെ നിർവ്വചനമാണ്. "ആശ്രയിച്ച് കഴിയുന്ന പിതാവും മാതാവും" എന്നതിനുശേഷം "അംഗപരിമിതരായ സഹോദരങ്ങളും" എന്ന വാക്കുകൾ കൂടി കൂട്ടിച്ചേർക്കണമെന്നതാണ് ഒന്നാമത്തെ ഭേദഗതി. അംഗപരിമിതരായ സഹോദരങ്ങൾ പല കുടുംബങ്ങളിലും കാണും. ചട്ടത്തിൽത്തന്നെ അംഗപരിമിതരായ കുട്ടികളെ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ഖണ്ഡിക 2 (ജെ)-യിൽ അവകാശിയെ സംബന്ധിച്ച് നിർവ്വചിച്ചിട്ടുണ്ട്. 21-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് തെറ്റാണ്. പദ്ധതിയുടെ ആറാം ഖണ്ഡത്തിലാണ് അവകാശിയെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച് പറയുന്നത്. അതിനാൽ 21-ാം ഖണ്ഡിക എന്നതിനുപകരം 6-ാം ഖണ്ഡിക എന്ന് ചേർക്കണമെന്നതാണ് എന്റെ ഭേദഗതി. ഇതിൽ ഖണ്ഡികയിൽത്തന്നെ തെറ്റാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ടുതന്നെ ഒരു സാധാരണക്കാരൻ ഇതുമായി ഉദ്യോഗസ്ഥരെ സമീപിച്ചാൽ ഒരു വ്യത്യാസവും വരുത്താൻ സാധ്യതയില്ല. വസ്തുതാപരമായ തെറ്റായതുകൊണ്ടുതന്നെ ഇത് ഭേദഗതി ചെയ്യേണ്ടതാണ്.

5-ാം ഖണ്ഡികയിൽ പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ള ഓരോ തൊഴിലാളിയും അപേക്ഷ നൽകേണ്ട കാര്യമാണ് പറഞ്ഞിരിക്കുന്നത്. ഫോറം നമ്പർ - 1-ലാണ് അപേക്ഷ കൊടുക്കേണ്ടത്. പ്രസ്തുത ഫോറത്തിൽ ഫോട്ടോ പതിപ്പിക്കണമെന്നും രണ്ട് ഫോട്ടോയുടെ കോപ്പി ഹാജരാക്കണമെന്നും പറഞ്ഞിട്ടുണ്ട്. അതിനാൽ 5 (1)-ൽ "ആറ് മാസത്തിനകം എടുത്ത പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിപ്പിച്ചത് കൂടാതെ രണ്ട് ഫോട്ടോകളും" എന്ന് ഭേദഗതി ചെയ്യേണ്ടതുണ്ട്.

ഖണ്ഡിക 11 (2)-ൽ പദ്ധതിയുടെ 7-ാം ഖണ്ഡിക എന്നതിനുപകരം 8-ാം ഖണ്ഡിക എന്ന് ഭേദഗതി ചെയ്യണം. അത് സാങ്കേതികമായ തെറ്റാണ്.

ഖണ്ഡിക 13 (2) വാർദ്ധക്യകാല പെൻഷൻ നൽകുന്നത് സംബന്ധിച്ചാണ്. പെൻഷന് അർഹതയില്ലാത്തപക്ഷം പെൻഷൻതുക നിധിയിൽനിന്നും നൽകുന്നതിന് ബോർഡിന് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം നൽകുന്ന വകുപ്പാണ്. ഡെലിഗേറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരധികാരം വിനിയോഗിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണ്. അതുകൊണ്ട് "നിധിയിൽനിന്നും നൽകുന്നത് സംബന്ധിച്ച് ബോർഡിന് ഉചിതമായ തീരുമാനം" എന്നത് "നിധിയിൽ നിന്നും നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ അനുമതിയോടെ ബോർഡിന് ഉചിതമായ തീരുമാനം" എന്ന് ഭേദഗതി ചെയ്യണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഖണ്ഡിക 16-ൽ ചികിത്സാ സഹായം നൽകുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. 16(2)-ൽ രാഷ്ട്രീയ സ്വാസ്ഥ്യ ഭീമയോജനപദ്ധതി പ്രകാരം ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ അംഗങ്ങൾക്ക് 10,000 രൂപ ചികിത്സാ സഹായം നൽകുന്ന കാര്യമാണ് പറയുന്നത്. അതിൽ "മാർഗ്ഗ നിർദ്ദേശങ്ങൾ ബോർഡ് അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്" എന്നത് "മാർഗ്ഗ നിർദ്ദേശങ്ങൾ ബോർഡ് സർക്കാർ അനുമതിയോടെ അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്" എന്ന് ഭേദഗതി ചെയ്യണം.

ഖണ്ഡിക 23 (1)-ൽ നിധിയുടെ ഓഡിറ്റ് സംബന്ധിച്ചാണ് പറയുന്നത്. നിധിയുടെ ബഡ്ജറ്റ്, വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കേണ്ടതാണെന്നേ പറയുന്നുള്ളൂ. അത് സർക്കാർ അംഗീകരിച്ചശേഷം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ് എന്നാണ് എന്റെ ഭേദഗതി.

മേൽപ്പറഞ്ഞ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ചട്ടങ്ങളിലുള്ള ഗുരുതരമായ വീഴ്ചയെന്ന് പറയുന്നത്, ഇത് തയ്യാറാക്കിയ സമയത്ത് ചില നമ്പരുകളിൽപ്പോലും മാറ്റമുണ്ടായിട്ടുണ്ട്. ഒരു സാധാരണക്കാരൻ ഇതിന്റെ സഹായം കിട്ടാൻ ഉദ്യോഗസ്ഥരെ സമീപിക്കുമ്പോൾ പല സന്ദർഭങ്ങളിലും എന്താണോ ആക്ടിൽ പറഞ്ഞിട്ടുള്ളത് അതനുസരിച്ച് മാത്രമേ കാര്യങ്ങൾ ചെയ്യുകയുള്ളൂ. അതിനാൽ സാധാരണക്കാർക്ക് ആനുകൂല്യങ്ങൾ കിട്ടാതിരിക്കുന്ന സാഹചര്യമുണ്ടാകും. അങ്ങനെ ഗുരുതരമായ ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. അതിനാൽ പരിശോധിച്ച് ഈ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: 2016 ഫെബ്രുവരി 2-ാം തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 24/2016/തൊഴിൽ (എസ്.ആർ.ഒ നമ്പർ 134/2016) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിക്ക് ശ്രീ. എം. ഉമ്മർ നൽകിയ ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾ ഇന്ന് ധാരാളം പ്രയാസങ്ങൾ അനുഭവിക്കുകയാണ്. അതുകൊണ്ട് ഖണ്ഡിക 2-ൽ കുടുംബം എന്നത് കുറച്ചുകൂടി കോംപ്രിഹെൻസീവായ ഒരു നിർവ്വചനമാക്കണം. അസംഘടിത തൊഴിലാളികളുടെ സമ്പാദ്യം ചെറുതാണെങ്കിലും അവകാശികളില്ലാതെ അത് നഷ്ടപ്പെടാൻ പാടില്ലായെന്നതുകൊണ്ട് ഈ രീതിയിലുള്ള ഒരു ഭേദഗതിയാണ് ഞാൻ ഉന്നയിച്ചിട്ടുള്ളത്.

2. ഖണ്ഡിക 2 (ഐ) ചുവടെ ചേർക്കും പ്രകാരം മാറ്റുക:

"കുടുംബം"എന്നാൽ ഭാര്യയും ഭർത്താവും ദത്തെടുത്ത കുട്ടികളുൾപ്പെടെ, പ്രായപൂർത്തിയാകാത്ത മകനും അവിവാഹിതയോ അല്ലെങ്കിൽ വിധവയോ ആയ മകളും, അംഗത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന മാതാപിതാക്കളും അവിവാഹിതരായ സഹോദരിമാരും പ്രായപൂർത്തിയാകാത്ത സഹോദരന്മാരും അങ്ങനെയുള്ള ആശ്രിതരുടെ അഭാവത്തിൽ പ്രായപൂർത്തിയായ മകനും വിവാഹിതയായ മകളും ഉൾപ്പെടുന്നതുമാകുന്നു." 2008-ലെ പ്രവാസി ക്ഷേമനിധി ആക്ടിൽ കുടുംബത്തിന്റെ നിർവ്വചനം കുറ്റമറ്റ രീതിയിൽ ഇപ്രകാരമാണ് നൽകിയിട്ടുള്ളത്.

4. ഖണ്ഡിക 2 (കെ)യിൽ "8 എന്ന അക്കത്തിനുപകരം 9" എന്ന അക്കം ചേർക്കുക.

ഇതൊരു ടെക്നിക്കൽ എററാണ്. റൂൾ 2-ന്റെ വകുപ്പ് (8) പരാമർശിക്കുന്നത് അംഗത്വം റദ്ദാക്കലും അംശദായം നൽകുന്നത് സംബന്ധിച്ചുമാണ്. റൂൾ 2 (കെ)-യിൽ പറയുന്നത് അംശദായത്തിന്റെ നിർവ്വചനമാണ്. അത് പറയുന്നത് ഒൻപതാം വകുപ്പിലാണ്. അതിനാൽ "8" എന്നതിനുപകരം "9" ചേർക്കുന്നതാണ് നല്ലത്.

9. ഖണ്ഡിക 18-ൽ ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

" എന്നാൽ ഗർഭസ്ഥ ശിശു മരണപ്പെടുകയോ ഗർഭം അലസിപ്പോകുകയോ ചെയ്യുന്ന സാഹചര്യത്തിൽ അംഗീകൃത ഗൈനക്കോളജിസ്റ്റ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വനിതാ അംഗത്തിന് 18-ാം ഖണ്ഡികയിൽ സൂചിപ്പിച്ച ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്".

പ്രസവാനുകൂല്യം പ്രധാനപ്പെട്ട വിഷയമാണ്. ഇപ്പോഴത്തെ വകുപ്പുപ്രകാരം ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിതാ അംഗത്തിന് പ്രസവ ധനസഹായമായി 7500 രൂപ നിധിയിൽനിന്ന് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ ആനുകൂല്യം ഒരംഗത്തിന് പരമാവധി രണ്ട് പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. പ്രസവ തീയതി മുതൽ 90 ദിവസത്തിനകം ഇതിനായുള്ള

അപേക്ഷ ഒന്നാം നമ്പർ ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. ഈ ആനുകൂല്യത്തിന് ജനനമരണ രജിസ്ട്രാർ നൽകുന്ന കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ചിലപ്പോൾ പ്രസവിച്ച ഉടനെ കുഞ്ഞ് മരിച്ചുപോകുന്ന കേസുകളുണ്ട്. പ്രത്യേകിച്ച്, വളരെയധികം അപകടം നിറഞ്ഞ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഗർഭം ചിലപ്പോൾ ഏഴാം മാസത്തിലോ അല്ലെങ്കിൽ എട്ടാം മാസത്തിലോ അലസിപ്പോകാം. അങ്ങനെയുള്ളവർക്ക് ജനന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ ഈ ആനുകൂല്യം ലഭിക്കുകയില്ല. ഒന്നോരണ്ടോ തവണ ഇങ്ങനെയുള്ള അവസ്ഥ വരികയാണെങ്കിൽ ഈ ആനുകൂല്യം ഒരിക്കലും ലഭിക്കുകയില്ല. വെറും 7500 രൂപ മാത്രമാണ് ഇവർക്ക് കൊടുക്കുന്നത്. ഈ ഭേദഗതി വളരെ ന്യായമായതാണ്. അതുകൊണ്ട് അംഗീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 2008-ലെ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വ ആക്ട് ഒരു കേന്ദ്ര നിയമമാണ്. ആ നിയമത്തിന്റെ പശ്ചാത്തലത്തിലാണ് കഴിഞ്ഞ സർക്കാർ കേരളത്തിലെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമവും സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതിയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള നയപരമായ പ്രശ്നങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പുനഃപരിശോധന ഇപ്പോൾ സർക്കാർ തീരുമാനിച്ചിട്ടില്ല.

ഭേദഗതി നമ്പർ 1-ആ ഖണ്ഡികയിൽ നിലവിലുള്ള നിർവ്വചനം പര്യാപ്തമാണ്. അതുകൊണ്ട് പുതിയ ഭേദഗതിയുടെ ആവശ്യമില്ല. ഭേദഗതി നമ്പർ 3-ഉം 4-ഉം അംഗീകരിക്കാം. ഇത് നിയമത്തിനകത്ത് തെറ്റായി രേഖപ്പെടുത്തിയതാണ് പ്രശ്നം. ഭേദഗതി നമ്പർ 5, ഇവിടെ നിർദ്ദേശിച്ച ഭേദഗതിയുടെ ഉദ്ദേശലക്ഷ്യം വ്യക്തമല്ലാത്തതിനാലും നിലവിലുള്ള വ്യവസ്ഥ പര്യാപ്തമായതിനാലും ഭേദഗതി ആവശ്യമില്ല. അതുകൊണ്ട് അത് അംഗീകരിക്കുന്നില്ല. ഭേദഗതി നമ്പർ 7 അവതരിപ്പിച്ചിട്ടില്ല. ഭേദഗതി നമ്പർ 8, ഇക്കാര്യത്തിൽ ആക്ടിന്റെ 6-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരമാണ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ ബോർഡിന്റെ ഘടനയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപ്രകാരം തൊഴിൽ വകുപ്പുമന്ത്രി ബോർഡിന്റെ ചെയർപേഴ്സണും തൊഴിൽ വകുപ്പ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമാണ്. ഈയൊരു സാഹചര്യത്തിൽ നിർദ്ദിഷ്ട ഭേദഗതിയുടെ ആവശ്യമില്ലായെന്നതാണ് സർക്കാരിന്റെ നിലപാട്. ആയതിനാൽ അത് ഒഴിവാക്കേണ്ടതാണ്. ഭേദഗതി നമ്പർ 10, ഇതിൽ നിലവിലുള്ള നിർവ്വചനം പര്യാപ്തമാണ്. അതുകൊണ്ട് പുതിയ ഭേദഗതി അംഗീകരിക്കുന്നില്ല. ഭേദഗതി നമ്പർ 11, 2010-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷിതത്വ

ചട്ടങ്ങളിലെ 29,30,31 ചട്ടങ്ങൾ പ്രകാരം ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ചട്ടം 31 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ വ്യവസ്ഥ നിലനിൽക്കുന്നതുകൊണ്ട് പുതിയ ഭേദഗതി നിർദ്ദേശം പരിഗണിക്കേണ്ടതില്ല. ഇതാണ് ബഹുമാനപ്പെട്ട ഹൈബി ഈഡൻ ഉന്നയിച്ച ഭേദഗതിയെ സംബന്ധിച്ച് പറയാനുള്ളത്. അദ്ദേഹം ഇവിടെ അവതരിപ്പിച്ച ഏഴ് ഭേദഗതികളിൽ 3, 6 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കാം.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി നമ്പർ 2 നിർവ്വചനവുമായി ബന്ധപ്പെട്ടതാണ്. നിലവിലുള്ള നിർവ്വചനം പര്യാപ്തമായതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കുന്നില്ല. ഭേദഗതി നമ്പർ 4, ഒരു തെറ്റ് ശരിയാക്കാനുള്ളതായതിനാൽ അംഗീകരിക്കാം. ഭേദഗതി നമ്പർ 9-ൽ ചില നയപരമായ പ്രശ്നങ്ങൾ നിലനിൽക്കുന്നതു കൊണ്ട് പരിഗണിക്കാൻ സാധിക്കുന്നതല്ല. പ്രസവാനുകൂല്യവുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് കൂടുതൽ പരിശോധിക്കേണ്ടതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഇവിടെ റൂളിലാണ് ഭേദഗതി. ആക്ടിലല്ല. അതു കൊണ്ട് സർക്കാരിനും ബഹുമാനപ്പെട്ട മന്ത്രിക്കും ഭേദഗതി ശരിയാണെന്ന് തോന്നു കയാണെങ്കിൽ ഈ ആനുകൂല്യം നൽകാം. ഗർഭം അലസുന്നതുമായി ബന്ധപ്പെട്ട് മറ്റു വിഭാഗക്കാർക്ക് കെ.എസ്.ആർ.-ൽ ആനുകൂല്യം നൽകുന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഗർഭം അലസുമ്പോൾ അസംഘടിത തൊഴിലാളികൾമാത്രം ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് പറയുമ്പോൾ ചാപിള്ള ജനിച്ചവർ എങ്ങനെയാണ് ജനന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത്? ഇക്കാര്യത്തിൽ ജുഡീഷ്യൽ മൈൻഡ് അപ്ലൈ ചെയ്യേണ്ടതാണ്. ആയതിനാൽ അങ്ങ് ഇക്കാര്യം പരിശോധിക്കണം.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിൽ വിവിധ നിയമങ്ങളുണ്ട്. ആ നിയമങ്ങളെല്ലാം പരിഗണനയിൽ വേണം. ഈ നിയമത്തിൽ മാത്രം നില്ക്കുന്ന വിഷയമല്ല ഇത്. ഈ പദ്ധതിയായതുകൊണ്ട് ആക്ടും റൂളുമെല്ലാം ഒന്നുതന്നെയാണ്. ഇത് കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയാണ്. ആ പദ്ധതിക്ക് നിലവിൽ ഈ നിയമം മാത്രമാണ് ബാധകമാകുന്നത്. ഇനിയൊരു ആക്റ്റോ റൂളോ ഇതിൽ വരാനില്ല. നമ്മളൊരു നിലപാടെടുക്കുമ്പോൾ പൊതുവായി കേരളത്തിൽ നിലനിൽക്കുന്ന സ്ഥിതിഗതികൾ പരിഗണിക്കേണ്ടതുണ്ട്. അതുകൊണ്ട് ഒരു നയപരമായ പ്രശ്നമെന്നുള്ള നിലയിൽ ഇത് ആലോചിക്കാൻ കുറച്ചുകൂടി സമയം വേണം. ആക്ടിന്റെ ഉള്ളടക്കത്തിൽ മാത്രം നിൽക്കുന്ന കാര്യമല്ല. അതുകൊണ്ട് ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, ഫോട്ടോയെക്കുറിച്ചുള്ള 5-ാം നമ്പർ ഭേദഗതി അംഗീകരിച്ചില്ലേ?

<u>മി. സ്പീക്കർ</u>: മന്ത്രി പറഞ്ഞുകഴിഞ്ഞു. ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 3, 6 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതിയും മന്ത്രി സ്വീകരിച്ചു.

ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അങ്ങയുടെ മറ്റ് ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 1, 5, 7, 8, 11 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ, അങ്ങയുടെ മറ്റ് ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു. എന്റെ 9-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ശ്രീ. എൽദോസ് കുന്നപ്പിള്ളി
12. ശ്രീ. ഹൈബി ഈഡൻ

13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. എം. മാണി
15. ശ്രീ. കെ. മുരളീധരൻ
16. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
17. ശ്രീ. രമേശ് ചെന്നിത്തല
18. ശ്രീ. വി. ഡി. സതീശൻ
19. ശ്രീ. കെ. എം. ഷാജി
20. ശ്രീ. സണ്ണി ജോസഫ്
21. ശ്രീ. പി. ടി. തോമസ്
22. ശ്രീ. എം. ഉമ്മർ
23. ശ്രീ. എം. വിൻസെന്റ്

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ

13. ശ്രീ. സി. കെ. ഹരീന്ദ്രൻ

14. ശ്രീ. ജെയിംസ് മാത്യു

15. ശ്രീ. ജി. എസ്. ജയലാൽ

16. ശ്രീ. വി. ജോയി

17. ശ്രീ. ഒ. ആർ. കേളു

18. ശ്രീ. കെ. കൃഷ്ണൻകുട്ടി

19. ശ്രീ. കെ. കുഞ്ഞിരാമൻ

20. ശ്രീ. വി. കെ. സി. മമ്മത് കോയ

21. ശ്രീ. കെ. ജെ. മാക്സി

22. ശ്രീ. മുഹമ്മദ് മുഹസിൻ. പി.

23. ശ്രീ. എം. മുകേഷ്

24. ശ്രീ. ഡി. കെ. മുരളി

25. ശ്രീ. മുരളി പെരുനെല്ലി

26. ശ്രീ. സി. കെ. നാണു

27. ശ്രീ. എം. നൗഷാദ്

28. ശ്രീ. യു. ആർ. പ്രദീപ്

29. ശ്രീ. കെ. ഡി. പ്രസേനൻ

30. ശ്രീ. പുരുഷൻ കടലുണ്ടി

31. ശ്രീ. എം. രാജഗോപാലൻ

32. ശ്രീ. ആർ. രാജേഷ്

33. ശ്രീ. റ്റി. വി. രാജേഷ്

34. ശ്രീ. ആർ. രാമചന്ദ്രൻ

35. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

36. പ്രൊഫ. സി. രവീന്ദ്രനാഥ്

37. ശ്രീ. സി. കെ. ശശീന്ദ്രൻ
38. ശ്രീ. പി. കെ. ശശി
39. ശ്രീ. ബി. സത്യൻ
40. ശ്രീ. എ. എൻ. ഷംസീർ
41. ശ്രീ. വി. എസ്. സുനിൽ കുമാർ
42. ശ്രീ. കെ. സുരേഷ് കുറുപ്പ്
43. ശ്രീ. എം. സ്വരാജ്
44. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
45. ശ്രീ. പി. തിലോത്തമൻ
46. ശ്രീ. പി. ഉണ്ണി
47. ശ്രീ. ഇ. കെ. വിജയൻ
48. ശ്രീ. എൻ. വിജയൻ പിള്ള
49. ശ്രീ. ജോൺ ഫെർണാണ്ടസ്

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 23

പ്രതികൂലിക്കുന്നവർ - 49

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 2-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ചട്ടം സഭ പാസ്സാക്കി.

## VIII നിയമനിർമ്മാണകാര്യം

### (i) 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, നേരത്തെ ഫിനാൻസ് ബിൽ പാസ്സായ ഘട്ടത്തിൽ കോർട്ട് ഫീ, നിലവിലുള്ള അര ശതമാനത്തിൽ നിന്ന് ഒരു ശതമാനമായി വർദ്ധിപ്പിച്ചിരുന്നു. ആ പശ്ചാത്തലത്തിലാണ് അഡ്വക്കേറ്റ്സ് ക്ഷേമനിധി ഭേദഗതി ബില്ലും കേരള കോർട്ട് ഫീസും വ്യവഹാരസലയും ബില്ലും ഇന്ന് അവതരിപ്പിക്കുന്നത്. ഈ രണ്ട് ബില്ലുകളും ഏതാണ്ട് ഒരു മണിക്കൂറിനുള്ളിൽ തീർക്കേണ്ടതാണ്. വലിയ അഭിപ്രായവ്യത്യാസമൊന്നും ഉണ്ടാകില്ല എന്നതിനാൽ ദീർഘമായ പ്രസംഗമൊന്നും ഇതുമായി ബന്ധപ്പെട്ട് ആവശ്യമില്ല. കേരളത്തിലെ അഭിഭാഷകരുടെ ക്ഷേമത്തിനായി 1980-ലെ നായനാർ സർക്കാരാണ് അഭിഭാഷക ക്ഷേമനിധി ആക്ട് കൊണ്ടുവന്നത്. ഈ നിയമപ്രകാരം അഭിഭാഷകർക്ക് ഒരു നിശ്ചിത കാലയളവിൽ പ്രാക്ടീസ് പൂർത്തീകരിച്ചാൽ ക്ഷേമനിധി ആനുകൂല്യങ്ങളും ചികിത്സാ സഹായവും നൽകിവന്നിരുന്നു. 1980-ൽ അഭിഭാഷക ക്ഷേമനിധി നിയമം പാസ്സാക്കുമ്പോൾ 30,000 രൂപയായിരുന്നു ക്ഷേമനിധിയായി നിശ്ചയിച്ചിരുന്നത്. 1989-ൽ ഈ തുക 60,000 രൂപയായും 1993-ൽ ഒരു ലക്ഷം രൂപയായും 2001-ൽ മൂന്നു ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. 2008-ൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത് അഞ്ചുലക്ഷം രൂപയാക്കി ഓർഡിനൻസ് കൊണ്ടുവരികയും 2011-ൽ ഈ ഓർഡിനൻസ് നിയമമായി മാറുകയും ചെയ്തു. നിലവിലെ നിയമപ്രകാരം അഞ്ചുലക്ഷം രൂപ ക്ഷേമനിധി ആനുകൂല്യമായാണ് നൽകുന്നത്. നിലവിൽ ചികിത്സാ ധനസഹായമായി നൽകുന്നത് 5000 രൂപയാണ്. അഭിഭാഷക ക്ലാർക്ക് ക്ഷേമനിധിയിൽ ചികിത്സാ ധനസഹായമായി നൽകുന്ന തുക 35,000 രൂപയാണ്. പ്രസവാനുകൂല്യങ്ങളും നൽകുന്നുണ്ട്. ഇത്തരത്തിൽ അഭിഭാഷകർക്ക് അനുകൂലമായി നാമമാത്രമായിട്ടുള്ള 5000 രൂപ മാത്രമാണ് ഈ വെൽഫെയർ ഫണ്ട് വഴി ലഭ്യമാകുന്നത്. ഇതിനെല്ലാം കാലികമായൊരു മാറ്റം ആവശ്യമാണ്. ഈ ഭേദഗതിമൂലം അഭിഭാഷക ക്ഷേമനിധി തുക അഞ്ചുലക്ഷത്തിൽനിന്നും പത്തു ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയാണ്. 40 വർഷം പ്രാക്ടീസുള്ളവർക്കാണ് പരമാവധി പത്തുലക്ഷം രൂപ ലഭിക്കുന്നത്. അതോടൊപ്പം ചികിത്സാ ധനസഹായമായി നൽകുന്ന അയ്യായിരം രൂപ ഒരു ലക്ഷം രൂപയായി ഭേദഗതി ചെയ്യുകയാണ്. ബാർ കൗൺസിലിന്റെ പുതിയ നിർദ്ദേശപ്രകാരം എല്ലാ സംസ്ഥാന ബാർ കൗൺസിലുകളും പ്രാക്ടീസിംഗ് അഭിഭാഷകരുടെ ലിസ്റ്റ് പ്രത്യേകം സൂക്ഷിക്കണം. അതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പ്രാക്ടീസിംഗ് ലിസ്റ്റിലുള്ളവർക്കുമാത്രമേ മേലിൽ ഈ

ആനുകൂല്യം ലഭ്യമാകുകയുള്ളൂ. ഇതുമൂലം അനർഹരായ അംഗങ്ങളെ ഒഴിവാക്കാനും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാനും കഴിയും. ക്ഷേമനിധി തുകയും ചികിത്സാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനാനുപാതികമായി ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനവും വർദ്ധിപ്പിക്കേണ്ടതുണ്ട്. മറ്റ് ക്ഷേമനിധികളിൽ നിന്നും വ്യത്യസ്തമാണിത്. എംപ്ലോയർ കോൺട്രിബ്യൂഷൻ ഏർപ്പെടുത്താൻ സാധിക്കാത്ത മേഖലയായതിനാൽ വെൽഫെയർ സ്റ്റാമ്പുകളുടെ മൂല്യം വർദ്ധിപ്പിച്ചും കോർട്ട് ഫീയുടെ ഒരു നിശ്ചിത ശതമാനം ക്ഷേമനിധിയിലേയ്ക്ക് നൽകിയുമാണ് ഫണ്ട് കണ്ടെത്തുന്നത്. ഇതിനുപുറമെ അഡ്വക്കേറ്റ് അംഗങ്ങളിൽ നിന്നും കോൺട്രിബ്യൂഷനും ഈടാക്കുന്നുണ്ട്. മുമ്പ് അടച്ചിരുന്ന തുകയിലും ഇപ്പോൾ വർദ്ധനവ് വരുത്തുകയാണ്. വക്കാലത്തിൽ പതിക്കുന്ന വെൽഫെയർ സ്റ്റാമ്പിന്റെ തുക ഹൈക്കോടതിയിൽ 15 രൂപയും കീഴ്ക്കോടതിയിൽ 10 രൂപയും ആയിരുന്നത് യഥാക്രമം 50 രൂപയും 25 രൂപയുമായി ഭേദഗതി ചെയ്തു. നിലവിൽ അഭിഭാഷക ക്ഷേമനിധിയിൽ 22362 അംഗങ്ങളും ക്ലാർക്ക് ക്ഷേമനിധിയിൽ 4329 അംഗങ്ങളുമാണുള്ളത്. അഭിഭാഷക ക്ഷേമനിധിയിൽ 2015-16 -ൽ 1,70,63,900 രൂപയാണ് കോർട്ട് ഫീ ഇനത്തിൽ ലഭിച്ചതെങ്കിൽ ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്ക് 1,46,76,200 രൂപയാണ് ലഭിച്ചത്. ക്ലാർക്ക് ക്ഷേമനിധിയിലുള്ളവരേക്കാൾ അഞ്ചിരട്ടിയിലധികം അംഗങ്ങളാണ് അഭിഭാഷക ക്ഷേമനിധിയിലുള്ളതെങ്കിലും ക്ഷേമനിധി ഫണ്ടിലേയ്ക്കുള്ള വരുമാനത്തിൽ രണ്ടു ക്ഷേമനിധികളും തമ്മിൽ വലിയ അന്തരമില്ല. ഈ സാഹചര്യത്തിൽ ക്ഷേമനിധി തുകയും ചികിത്സാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. അംഗങ്ങൾ നൽകേണ്ട അംശദായ നിരക്കും വെൽഫെയർ ഫണ്ട് സ്റ്റാമ്പ് നിരക്കും കോർട്ട് ഫീ ഇനത്തിൽ ലഭിക്കുന്ന വരുമാനവും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പ്രതിവർഷ ആനുകൂല്യ തുകയായ 14,285 രൂപ 25,000 രൂപയായും ക്ഷേമനിധിയിൽ നിന്നും ലഭിക്കാൻ അർഹമായ പരമാവധി തുക 10 ലക്ഷം രൂപയായും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ഭേദഗതി ചെയ്യുന്നതിലൂടെ അഡ്വക്കേറ്റ്സ് വിഭാഗത്തിന്റെ ചിരകാല അഭിലാഷമാണ് സാക്ഷാത്കരിക്കപ്പെടുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി കൊണ്ടുവന്ന ഫിനാൻസ് ബില്ലിൽ കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യൂവേഷൻ (ഭേദഗതി) ബില്ലും വരുന്നുണ്ട്. അന്നത്തെ ഫിനാൻസ് ബില്ലിൽ അര ശതമാനം എന്നുള്ളത് ഒരു ശതമാനമായി വർദ്ധിപ്പിച്ചത് ഈ സർക്കാർ അംഗീകരിക്കുകയാണ്. സിവിൽ കേസ് ഫയൽ ചെയ്യുന്ന സ്ഥലങ്ങളിൽ, ചില ഭാഗങ്ങളിൽ exemption കൊടുത്തിട്ടുണ്ട്. ഈ ബിൽ കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയാണ് എന്നുള്ളതുകൊണ്ട് കൂടുതൽ ചർച്ചയില്ലാതെ, കുറച്ച് സമയത്തിനുള്ളിൽ രണ്ട് ബില്ലുകളും പാസ്സാക്കാൻ സാധിക്കുന്നതാണ്. ഇത്രയും കാര്യങ്ങളാണ് പൊതുവായി സൂചിപ്പിക്കാനുള്ളത്. ബില്ലിന്മേലുള്ള വിശദാംശങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചശേഷം ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ വരുമ്പോൾ പറയാം.

<u>മി. സ്പീക്കർ</u>: ചർച്ച ആരംഭിക്കുകയാണ്. ഈ രണ്ട് ബില്ലുകൾ കൂടാതെ അപ്രോപ്രിയേഷൻ ബില്ലും ഒരു മണിക്കൂർ കൊണ്ട് ചർച്ച ചെയ്യണം. അതിനുശേഷം ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേൽ രണ്ടു മണിക്കൂർ ചർച്ചയുമുണ്ട്. ഇന്നലെ ബില്ലിന്മേലുള്ള ചർച്ചയിൽ നല്ല നിലപാട് എല്ലാ അംഗങ്ങളും പൊതുവേ സ്വീകരിച്ചതുകൊണ്ട് സമയബന്ധിതമായി സഭ തീർക്കാൻ സാധിച്ചു. അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ച ആരംഭിക്കുന്നത് 12.30-നാണ്. ഇപ്പോൾ സമയം 11.54 ആയി. എല്ലാ അംഗങ്ങളും പരമാവധി സമയക്ലിപ്തത പാലിച്ച് സംസാരിക്കണം.

ശ്രീ. സി. കൃഷ്ണൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എ. എൻ. ഷംസീറിന് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(A) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. സി. കൃഷ്ണനുവേണ്ടി <u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ ചരിത്രത്തിൽ നാഴികക്കല്ലായി മാറാൻ പോകുന്ന ഒരു ബില്ലാണ് ഇന്ന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. അഡ്വക്കേറ്റ് എന്ന വാക്ക്, to call എന്ന അർത്ഥം വരുന്ന ലാറ്റിൻ വാക്കായ advocare-ൽ നിന്നാണ് വന്നിട്ടുള്ളത്. ഒരു വിളിപ്പുറത്തുണ്ടാകേണ്ട ആൾ എന്നാണ് അഡ്വക്കേറ്റ് എന്ന പദം സൂചിപ്പിക്കുന്നത്. അമേരിക്കയുടെ മൂന്നാമത്തെ പ്രസിഡന്റായ തോമസ് ജെഫേഴ്സൺ അഡ്വക്കേറ്റ്സിനെ വിശദീകരിച്ചിട്ടുള്ളത് It is the trade of lawyers to question everything എന്നാണ്. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി, ഫിഡൽ കാസ്ട്രോ, നെൽസൺ മണ്ടേല, ശ്രീ. ബറാക് ഒബാമ എന്നിവരെല്ലാം അഭിഭാഷകരായിരുന്നു. മനുഷ്യരാശിയുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ് അഭിഭാഷകർ. വർഗ്ഗം, വർണ്ണം, സാമ്രാജ്യത്വം, പീഡനങ്ങൾ എന്നിവയിൽനിന്നും ജനങ്ങളെ രക്ഷിക്കാൻവേണ്ടി പ്രവർത്തിക്കുന്ന ഒരു വിഭാഗമാണ് അഭിഭാഷകർ. സംസ്കാരം, ഭരണകൂടം, ബിസിനസ്സ്, സ്വകാര്യ ജീവിതം തുടങ്ങിയവയിലെല്ലാം പങ്ക് വഹിക്കുന്ന ഒരു വിഭാഗമാണവർ. നിയമനിർമ്മാണ സഭയിലും രാഷ്ട്രീയ മേഖലയിലും അഭിഭാഷകരുണ്ട്. അവരാണ് നിയമം അഡ്മിനിസ്റ്റർ ചെയ്യുന്നത്. നിയമം ഇന്റർപ്രെട്ട് ചെയ്യുന്ന, എൻഫോഴ്സ് ചെയ്യുന്ന ജഡ്ജിമാരും അഭിഭാഷകരാണ്. സമൂഹത്തിൽ ഭാരിച്ച ഉത്തരവാദിത്വമുള്ളവരാണ് അഭിഭാഷകർ. അവരുടെ കമ്മിറ്റ്മെന്റ് കക്ഷികളോടും നാടിനോടുമായിരിക്കും. ആ നിലയിൽ അവർ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ളത് നമ്മൾ ചർച്ച ചെയ്യേണ്ട കാര്യമാണ്.

ജനാധിപത്യത്തിൽ എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ, ജുഡീഷ്യറി എന്നീ മൂന്ന് തൂണുകളുണ്ട്. എക്സിക്യൂട്ടീവും ലെജിസ്ലേച്ചറുമെടുക്കുന്ന തീരുമാനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിൽ ജുഡീഷ്യറി, മീഡിയ, സിവിൽ സൊസൈറ്റി എന്നിവർ വലിയ പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിൽ സമീപകാലത്ത് അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ ചില സംഘർഷങ്ങളുണ്ടായിട്ടുണ്ട്. അക്കാര്യം പിന്നീട് പറയാം.

അഡ്വക്കേറ്റ്സ് ആക്ട് 1961-ൽ പറയുന്നത്, ഒരു അഭിഭാഷകൻ ബാർ കൗൺസിലിൽ എൻറോൾ ചെയ്തുകഴിഞ്ഞാൽ പിന്നീടുള്ള ഉത്തരവാദിത്വം മറ്റുള്ളവർക്കു വേണ്ടി പോരാടുക, അവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുക എന്നുള്ളതാണ്. മറ്റുള്ളവർ എന്നതിൽ മാധ്യമങ്ങളുടെ അവകാശങ്ങൾക്കുകൂടി നിലകൊള്ളേണ്ടവരാണ് അഭിഭാഷകർ എന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ചരിത്രത്തിലെ ചില സംഭവങ്ങൾ ഞാൻ ഓർമ്മിപ്പിക്കാം. വിയറ്റ്നാം യുദ്ധം നടക്കുന്ന ഘട്ടത്തിൽ, അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സൺ വിയറ്റ്നാം യുദ്ധത്തിന്റെ രേഖകൾ പുറത്തുവിടാൻ പാടില്ലെന്ന് ശഠിച്ചു. പക്ഷേ NewYork Times കോടതിയെ സമീപിക്കുകയും കോടതി NewYork Times-ന് അനുകൂലമായി വിധി പുറപ്പെടുവിക്കുകയും ചെയ്തു. വിയറ്റ്നാം പേപ്പേഴ്സ് എന്ന പേരിലാണ് ചരിത്രം പിന്നീട് അതിനെ രേഖപ്പെടുത്തിയത്. അതുപോലെ Florida Case-ഉം ഇത്തരത്തിലുള്ള ഒരു ലാൻഡ് മാർക്ക് ജഡ്ജ്മെന്റാണ്. പോലീസ് പോക്കറ്റടിച്ചു, പോക്കറ്റടിച്ച പോലീസുകാരനെതിരെ കേസ്സെടുത്തു, ട്രയലിന്റെ ഘട്ടത്തിൽ പ്രൊസീഡിംഗ്സ് പുറത്തുവിടാൻ പാടില്ലെന്ന് പോലീസുകാർ ശഠിച്ചു, അവർ പറഞ്ഞത് ഈ ട്രയൽ പ്രൊസീഡിംഗ്സ് പുറത്തുവിട്ടാൽ നാളെ ഞങ്ങൾക്ക് നിരപരാധികളായി പോലീസിൽ പ്രാക്ടീസ് ചെയ്യാൻ സാധിക്കില്ലെന്നാണ്. ഇന്ന് ഒ.ബി. വാൻ ആണെങ്കിൽ അന്ന് സി.സി.ടി.വി. ദൃശ്യങ്ങളുൾപ്പെടെ പുറത്തുവിടാൻ തയ്യാറായിരുന്നുവെന്നതാണ് കോടതിയുടെ രീതി. ഇത് കാണിക്കുന്നത് മീഡിയയും അഭിഭാഷകരും തമ്മിൽ നല്ല ലെയ്സൺ ആയിരുന്നുവെന്നുള്ളതാണ്. Give and Take പോളിസി ആയിരിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. വിയറ്റ്നാം യുദ്ധത്തിന്റെ വാർത്തയായാലും Florida Case ആയാലും അതിലെല്ലാം പത്രങ്ങൾക്കു വേണ്ടി വാദിച്ചത് അഭിഭാഷകരായിരുന്നു എന്നതും നാം മറന്നുപോകരുത്. അഭിഭാഷകരും മാധ്യമങ്ങളും ഏറ്റുമുട്ടേണ്ടി വരില്ലെന്ന് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

ഈ ബില്ലിന്റെ പാരന്റ് ആക്ട് രൂപീകരിച്ചത് 1980-ലാണ്. 2016-ലെ ഭേദഗതിയിൽ പറയുന്നത്, പ്രാക്ടീസിംഗ് ലോയർ എന്നത് ഏറ്റവും പ്രസക്തമാണ്. അഡ്വക്കേറ്റ് എന്നുപറയുമ്പോൾ, ഒരാൾ അഡ്വക്കേറ്റായി എൻറോൾ ചെയ്തതിനു ശേഷം പിന്നീട് ചില ഘട്ടങ്ങളിൽ ജോലിക്ക് പോകും, ചിലർ വിവാഹം കഴിച്ച്

ഭർത്താവിനൊപ്പം ഗൾഫിൽ പോകും. അത്തരം ആളുകൾ കൃത്യമായി ക്ഷേമനിധിയിൽ തുക അടച്ചാൽ അവർക്കും പത്തുലക്ഷം രൂപയുടെ ക്ഷേമനിധി ആനുകൂല്യം കിട്ടാനുള്ള അവകാശമുണ്ടായിരുന്നു. ഇപ്പോൾ അഞ്ച് വക്കാലത്തെങ്കിലും റെപ്രസെന്റ് ചെയ്താൽ മാത്രമേ ഒരാൾക്ക് അഡ്വക്കേറ്റായി നിലനിൽക്കാൻ സാധിക്കുവെന്നുള്ളതാണ്. അതൊരു നല്ല കാര്യമാണെന്നാണ് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

മന്ത്രിമാരുടെ പി.എ.-മാരായി ചില ഘട്ടങ്ങളിൽ പൊതുപ്രവർത്തകർ വരും. ലോ കോളേജിൽ ഈവനിംഗ് ബാച്ചിൽ നിയമം പഠിച്ച ധാരാളം ആളുകളെ എനിക്കറിയാം. അഞ്ച് കൊല്ലം കഴിയുമ്പോൾ അവർ അഡ്വക്കേറ്റ്സായി മാറും. നേരത്തെ അവർക്ക് അഭിഭാഷക ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്നില്ല. കാരണം, സർവ്വീസ് പെൻഷനുള്ളവർക്ക് ക്ഷേമനിധി ആനുകൂല്യം കിട്ടുന്നതിന് നേരത്തെയുള്ള നിയമത്തിൽ പരിമിതിയുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അവർക്ക് 5000 രൂപ വരെ അപ്പർ ലിമിറ്റ് എന്ന കട്ട് ഓഫ് വച്ചത് ഇത്തരത്തിലുള്ള ആളുകൾക്ക് ഒരാനുകൂല്യമായി മാറുമെന്ന പ്രതീക്ഷയാണുള്ളത്.

അഭിഭാഷകർ നേരിടുന്ന പൊതുപ്രശ്നങ്ങൾ ധാരാളമുണ്ട്. സിനിമയിൽ അഭിഭാഷകരെ പരിഹാസ്യമായാണ് ചിത്രീകരിക്കുന്നത്. അതിനൊരു ഉദാഹരണം, 'യെസ് യുവർ ഓണർ' എന്ന സിനിമയിൽ ശ്രീനിവാസൻ ഒരു ജൂനിയർ ലോയറായാണ് അഭിനയിക്കുന്നത്. ജൂനിയർ ലോയർ ഒരു സീനിയർ ലോയറിൽനിന്നും നേരിടുന്ന പീഡനങ്ങളാണ് കഥ. പലപ്പോഴും ഫീസുണ്ടാകില്ല. എൻറോൾ ചെയ്തയുടനെ കാശ് കിട്ടില്ലെന്നതാണ് ഈ പ്രൊഫഷന്റെ പ്രത്യേകത. അഞ്ചോ പത്തോ കൊല്ലം ഹാർഡ് വർക്ക് ചെയ്താൽ മാത്രമേ കാശ് കിട്ടുകയുള്ളു. ഒരു കാശും കിട്ടാത്തവരും എന്നാൽ ഒരു ദിവസം കൊണ്ട് കോടികൾ സമ്പാദിക്കുന്നവരും ഈ ഫീൽഡിലുണ്ട്. ഈ ഫീൽഡിലേയ്ക്ക് കടന്നുവരുന്ന അഭിഭാഷകർക്ക് ആദ്യത്തെ ഏഴ് വർഷം സ്റ്റൈപ്പന്റ് കൊടുക്കുന്ന പദ്ധതിയെക്കുറിച്ച് ആലോചിക്കണമെന്ന ഒരു നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

അതുപോലെ ലീഗൽ അഡ്വൈസർമാരായി എല്ലാവർക്കും വേണ്ടത് ഹൈ പ്രൊഫൈലുള്ള ആളുകളെയാണ്. ഈ ഫീൽഡിലേയ്ക്ക് ആദ്യമായി കടന്നുവരുന്നവർക്ക് നിലനിൽക്കണമെങ്കിൽ സ്വാഭാവികമായും ധാരാളം പഠിക്കേണ്ടിവരും. ചിലർ ബാങ്കുകളുടെയും മറ്റും ലീഗൽ അഡ്വൈസർമാരാകുമ്പോൾ അവർക്കൊരു സപ്പോർട്ടാണ് ലഭിക്കുന്നത്. ആ രീതിയിലും ചിന്തിക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. പോലീസ് സബ് ഇൻസ്പെക്ടർമാർ, പഞ്ചായത്ത്/മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിമാർ എന്നീ പദവികളിലേയ്ക്ക് നിയമ ബിരുദധാരികൾക്ക് സംവരണം നൽകുന്ന കാര്യം ആലോചിക്കണം. "കെൽസ" മുഖാന്തരം ലീഗൽ എയ്ഡ് നൽകുന്ന അഭിഭാഷകരുടെ ഓണറേറിയവും എസ്.സി./എസ്.ടി. മേഖലയിൽ

നിന്നും കടന്നുവരുന്ന ആളുകൾക്ക് ഇപ്പോൾ കൊടുക്കുന്ന ഫണ്ടും സർക്കാർ അഭിഭാഷകരുടെ വേതനവും വർദ്ധിപ്പിക്കേണ്ടതുണ്ട്. സർക്കാർ അഭിഭാഷകരെ സ്വാധീനിക്കാൻ ശ്രമിക്കുമ്പോൾ അവർ വേണ്ടരീതിയിൽ കേസ് വാദിക്കാതിരുന്നാൽ കേസ് തോറ്റുപോകും. അതുകൊണ്ട് സർക്കാർ അഭിഭാഷകരായി കടന്നുവരുന്നവർക്ക് ഇത്തരം ഫീൽഡുകൾ അട്രാക്റ്റീവായി തോന്നണം. ഇവരുടെ വേതനം വർദ്ധിപ്പിച്ചില്ലെങ്കിൽ ഈ മേഖലകളെല്ലാം കറപ്റ്റഡായിപ്പോകും.

12.00 Noon]

ശ്രീ. എം. ഉമ്മർ: സർ, അഭിഭാഷകരും ഫിലിം സ്റ്റാറുകളും ഏകദേശം ഒരേ ഗണത്തിൽപ്പെടുന്നവരാണ്. അഭിഭാഷകർ ആദ്യം ഈ ഫീൽഡിലേയ്ക്ക് വരുമ്പോൾ കേസും ഫീസും ഉണ്ടാകില്ല, രണ്ടാം ഘട്ടത്തിൽ കേസുണ്ടാകും എന്നാൽ ഫീസുണ്ടാകില്ല, മൂന്നാമത്തെ ഘട്ടത്തിൽ കേസും ഫീസും ഉണ്ടാകും, നാലാമത്തെ ഘട്ടത്തിൽ ഫീസുണ്ടാവും കേസുണ്ടാകില്ല, ചിലർക്ക് കുറച്ച് കേസുണ്ടാകും, പ്രായമായാൽ മറ്റ് വരുമാനമാർഗ്ഗങ്ങളുണ്ടാകില്ല. കേരളത്തിൽ 60 വയസ്സ് കഴിഞ്ഞവർക്ക് 1000 രൂപ പെൻഷൻ ലഭിക്കുന്നുണ്ട്. അഭിഭാഷകർക്ക് അങ്ങനെയുള്ള പെൻഷൻ കൊടുക്കാനും കഴിയില്ല, അവർക്ക് മറ്റ് വരുമാനവുമില്ല. ബഹുമാനപ്പെട്ട മന്ത്രി ക്ഷേമനിധി തുക 5 ലക്ഷം രൂപ എന്നത് 10 ലക്ഷം രൂപയാക്കിയതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പ്രായമാകുമ്പോൾ ആ തുക വാങ്ങിക്കഴിഞ്ഞാൽ പിന്നീട് അവർക്ക് മറ്റൊന്നും ലഭിക്കുന്നില്ല. മറ്റുള്ളവർക്ക് പെൻഷൻ കൊടുക്കുന്നതുപോലെ അഭിഭാഷകർ ആ തുക ഒരുമിച്ച് വാങ്ങാതെ ഡെപ്പോസിറ്റ് ചെയ്ത് പെൻഷനായി കൊടുക്കാനും അല്ലെങ്കിൽ ലംപ്സം തുക ആവശ്യമുള്ളവർക്ക് അങ്ങനെ കൊടുക്കാനുമുള്ള ഓപ്ഷൻ വയ്ക്കുന്നതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഹൈബി ഈഡൻ: സർ, അഭിഭാഷകരും മാധ്യമങ്ങളും തമ്മിലുള്ള ചരിത്രപരമായ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. താങ്കൾ അതിനെ വിശേഷിപ്പിച്ചത് " give and take" എന്നാണ്. ഇപ്പോൾ കോടതികളിൽ നടന്നുകൊണ്ടിരിക്കുന്നതും " give and take" ആണ്. പക്ഷേ അത് വേറൊരു രീതിയിലാണെന്നുമാത്രം. അത് മാറണമെന്നാണോ അങ്ങ് ഉദ്ദേശിച്ചത്?

ശ്രീ. എ. എൻ. ഷംസീർ: സർ, ഒരു അഡ്വക്കേറ്റായി ഒരാൾ എൻറോൾ ചെയ്യുമ്പോൾ അയാൾക്ക് മറ്റ് ജോലികൾ ചെയ്യാൻ സാധിക്കുന്നില്ല. പക്ഷേ ചില അപവാദങ്ങൾ ഇതിനുണ്ട്. ചിലർ അഡ്വക്കേറ്റ് പ്രൊഫഷൻ ചെയ്യുന്നതോടൊപ്പം വേറെ ചില ജോലികളും ചെയ്യുന്നുണ്ട്. എന്നോട് തെളിവ് ആവശ്യപ്പെട്ടാൽ എനിക്ക് ഹാജരാക്കാൻ പേരുകളില്ല, പക്ഷേ അഭിഭാഷകവൃത്തിയോടൊപ്പം മറ്റ്

ജോലികൾ ചെയ്യുന്നവരുണ്ട് എന്നതാണ് വസ്തുത. ഞാൻ മീഡിയകൾക്കെതിരല്ല. മീഡിയകളെ തല്ലുന്ന പ്രവർത്തനത്തെ ശക്തമായി അപലപിക്കുകയാണ്. കാരണം മീഡിയക്കാരും അഡ്വക്കേറ്റുമാരും പരസ്പരം ഐക്യത്തോടെ പോകേണ്ട വിഭാഗമാണ്. ഇപ്പോഴുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നല്ല രീതിയിൽ ഇടപെടുകയും ഒരു കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആ കമ്മീഷൻ റിപ്പോർട്ട് പുറത്തുവരണം. റിപ്പോർട്ട് പുറത്തുവിടാൻ മാധ്യമങ്ങൾ തയ്യാറാകണം. മീഡിയയും അഡ്വക്കേറ്റുമാരും പരസ്പരം യോജിച്ചുപോകേണ്ടവരാണ്. എവിടെയാണ് അതിൽ പിഴവ് സംഭവിച്ചതെന്നറിയേണ്ടതുണ്ട്. പരസ്പരമുള്ള ഈഗോ ആയിരിക്കാം കാരണം. ഈഗോ ഒഴിവാക്കി നാടിന്റെ പുരോഗതിക്കുവേണ്ടി എല്ലാവരും യോജിച്ചു നിൽക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

റിട്ടയർമെന്റില്ലാത്ത രണ്ടുവിഭാഗങ്ങൾ രാഷ്ട്രീയക്കാരും അഭിഭാഷകരുമാണ്. 90 വയസ്സിലും വാദിക്കുന്ന പ്രഗത്ഭരായ അഭിഭാഷകരുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കുറെക്കാലം പ്രാക്ടീസ് ചെയ്ത അനുഭവസമ്പത്തുള്ള ആളാണ്. ചില ആളുകൾക്ക് ഒരു ഘട്ടം കഴിഞ്ഞാൽ പ്രാക്ടീസ് ചെയ്യാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. കുടുംബപരമായ സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടാകാം. ലംപ്സം തുകയ്ക്കുപകരം മൂവായിരമോ അയ്യായിരമോ രൂപ കൊടുക്കുന്നതിൽ ഒരു തെറ്റുമില്ലെന്ന അഭിപ്രായം തന്നെയാണ് എനിക്കുമുള്ളത്. പൊതുവിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബിൽ മികച്ചതാണ്. പൊതുസമൂഹത്തിൽ എത്രയോ കാലമായി ചർച്ച ചെയ്യപ്പെടുന്ന വിഷയമാണിത്. 45000-ത്തോളം അഭിഭാഷകരുള്ളതിൽ ഏകദേശം 22000-ത്തോളം ആളുകൾ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ എന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. ഒരു അദാലത്ത് നടത്തി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യാത്തവരിൽ നിന്ന് ഫൈൻ ഈടാക്കി അവർക്കുകൂടി രജിസ്റ്റർ ചെയ്യാനുള്ള അവസരം നൽകണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ കൊണ്ടുവന്നിട്ടുള്ള ബിൽ, അഭിഭാഷകർ എത്രയോ കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയമാണെന്നതു കൊണ്ടുതന്നെ വളരെ പ്രസക്തമാണ്. ഇതിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തർക്കിക്കേണ്ട വിഷയമില്ല. ക്ഷേമനിധി തുക 5 ലക്ഷം രൂപ എന്നത് 10 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കോർട്ട് ഫീസുമായും വ്യവഹാരസലയുമായും ബന്ധപ്പെട്ട കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞിട്ടുണ്ട്. ഇത്രയും കാര്യങ്ങളാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ അതിന്റെ പർപ്പസും ലെജിസ്ലേറ്റീവ് ഇന്റൻഷനും സെർവ് ചെയ്യുന്നില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അഭിഭാഷകർക്ക് സാമ്പത്തിക മെച്ചമുണ്ടാക്കുകയെന്ന ഉദ്ദേശത്തോടുകൂടിയുള്ള ഒരു ബില്ലാണിത്. പക്ഷേ അഭിഭാഷകരുടെമേൽ സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കുന്ന ഒരു ബില്ലായി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. അവർക്ക് കിട്ടുന്ന വർദ്ധനവ് നാമമാത്രമാണെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ക്ഷേമനിധി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഈ ബില്ലിൽ, ഒരു വക്കാലത്തിൽ ഒട്ടിക്കുന്ന വെൽഫെയർ സ്റ്റാമ്പ് സാധാരണ കീഴ്ക്കോടതികളിൽ 10 രൂപയായിരുന്നത് ഇപ്പോൾ 25 രൂപയാകുകയാണ്. ഹൈക്കോടതിയിൽ 15 രൂപയായിരുന്നത് 50 രൂപയാകും. 300 ശതമാനത്തിലധികം വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. ഒരു വക്കാലത്ത് തന്നെ പല വക്കീലൻമാരും ഒപ്പിടാറുണ്ട്. ഓരോ വക്കീലും പ്രത്യേകം പ്രത്യേകം സ്റ്റാമ്പ് ഒട്ടിക്കേണ്ടതുണ്ട്. അങ്ങനെയാകുമ്പോൾ ഒരു വക്കാലത്തിൽ ഏകദേശം 150 രൂപയുടെ സ്റ്റാമ്പ് ഒട്ടിക്കേണ്ട സാഹചര്യമുണ്ടാകും.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ഉമ്മർ)

300 ശതമാനത്തിലധികം വർദ്ധനവാണ് ഇതിൽ വരുത്തിയിരിക്കുന്നത്. അതുപോലെ സീനിയർ അഭിഭാഷകരുടെ വാർഷിക വരിസംഖ്യയിൽ 100 ശതമാനംവരെ വർദ്ധനവ് വരുത്തിയിരിക്കുകയാണ്. പാരന്റ് ആക്ടിൽ 3000 രൂപയാണെങ്കിൽ 6000 രൂപവരെയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത്തരത്തിൽ എല്ലാ തരത്തിലുമുള്ള ചാർജ്ജ് വർദ്ധനവാണ് വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ വക്കാലത്ത് ഫയൽ ചെയ്യേണ്ട ചെലവ് കൂടുതലാകുമ്പോൾ വക്കീലൻമാർ കക്ഷികളിൽ നിന്നാണ് ആ തുക ഈടാക്കുന്നത്. നാമമാത്രമായ വർദ്ധനവ് നമുക്ക് അംഗീകരിക്കാം. 100 ശതമാനംവരെ വർദ്ധിപ്പിക്കാം, പക്ഷേ അതിനപ്പുറത്തേയ്ക്കുള്ള വർദ്ധനവ് വരുത്തരുതെന്നാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്. 5 ലക്ഷം 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചതിനെക്കുറിച്ച് പറയുന്നത് കേൾക്കാൻ നല്ല സുഖമുണ്ട്. പക്ഷേ, 15 വർഷം പ്രാക്ടീസുള്ള ഒരു അഭിഭാഷകന് ആകെ 3,75,000 രൂപയാണ് കിട്ടുന്നത്. പാരന്റ് ആക്ടിൽ 5 ലക്ഷം രൂപയെന്ന തുകപോലും ആകുന്നില്ല. മിനിമം 10 ലക്ഷം രൂപയെങ്കിലും കൊടുക്കണമെന്ന ഭേദഗതി കൊണ്ടുവരണം. അവർക്ക് പെൻഷനോ മറ്റാനുകൂല്യങ്ങളോ ഒന്നുമില്ല. പ്രാക്ടീസ് ചെയ്യാൻ കഴിയാതെ വീട്ടിലിരിക്കുന്ന ആളുകൾക്കും ജീവിക്കണ്ടേ? അഭിഭാഷകവൃത്തിയെന്നുപറയുന്നത് നോബിൾ പ്രൊഫഷനാണ്. അതനുസരിച്ച് അന്തസ്സായി ജീവിക്കാനുള്ള സാമ്പത്തിക സഹായമുണ്ടാകണം. അതുണ്ടാകുന്നില്ലെന്നുള്ളതാണ് വസ്തുത. അതുപോലെ മിനിമം 10 ലക്ഷം രൂപ ലംപ്സം തുക കൊടുക്കാനുള്ള തീരുമാനമുണ്ടാകണം. അതോടൊപ്പം 15 വർഷത്തിനുമുകളിൽ പ്രാക്ടീസുള്ളവർക്ക് ഒരു വർഷം 25,000 രൂപയുടെ വർദ്ധനവ് വരുത്തി പരമാവധി 15 ലക്ഷം രൂപ അനുവദിക്കണം. ഒരഭിഭാഷകൻ 15

വർഷം പ്രാക്ടീസ് ചെയ്യുമ്പോൾ 10 ലക്ഷം രൂപ ലഭിച്ചാൽ അവന്റെ ജീവിതത്തിൽ ചെറിയൊരു സുരക്ഷിതത്വമെങ്കിലുമുണ്ടാക്കാൻ കഴിയും. ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും 5,000 രൂപയായിരുന്നത് 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുവെന്ന് ഇവിടെ പറയുകയുണ്ടായി. അത് ശരിയല്ല; 5,000 രൂപയായിരുന്നത് 25,000 രൂപയാക്കി വർദ്ധിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങൾക്കാണ് 1 ലക്ഷം രൂപയാക്കിയിട്ടുള്ളത്. കിഡ്നി-ഹൃദയ സംബന്ധമായ രോഗങ്ങൾക്ക് കാരുണ്യ ചികിത്സാനിധിയിൽ നിന്നുപോലും 2 ലക്ഷം രൂപ ലഭിക്കും. മാരകമായ രോഗങ്ങൾക്ക് കാരുണ്യനിധിയിൽനിന്നും 2 ലക്ഷം രൂപ കൊടുക്കുമ്പോൾ അഭിഭാഷകരിൽനിന്നും പിരിച്ചെടുക്കുന്ന ക്ഷേമനിധിയിൽനിന്നും കൊടുക്കുന്ന ചികിത്സാസഹായം കേവലം ഒരു ലക്ഷം രൂപയായി പരിമിതപ്പെടുത്തുന്നത് ദൗർഭാഗ്യകരമാണ്; കുറഞ്ഞത് 3 ലക്ഷം രൂപയായെങ്കിലും പ്രസ്തുത തുക വർദ്ധിപ്പിക്കണം. അതുപോലെ ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ "സംസ്ഥാനത്തിലെ ഏതെങ്കിലും കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഏതൊരു അഭിഭാഷകനും ഫണ്ടിലെ അംഗമായി പ്രവേശനം ലഭിക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ട്രസ്റ്റി കമ്മിറ്റിക്ക് അപേക്ഷ നൽകാവുന്നതാണ്" എന്നാണ് ഭേദഗതി ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഇതിന്റെ പേരന്റ് ആക്ടിൽ പറഞ്ഞിരിക്കുന്നത്, "സംസ്ഥാനത്തെ ഏതെങ്കിലും കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നതും ബാർ കൗൺസിൽ അംഗീകരിച്ച ബാർ അസ്സോസിയേഷനിലെ അംഗവുമായ ഏതൊരഭിഭാഷകനും " എന്നാണ്. ഈ ഭേദഗതിയിലൂടെ കേരളത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു വരുന്ന ബാർ അസ്സോസിയേഷനുകളെ ദുർബലപ്പെടുത്താനാണ് ശ്രമിക്കുന്നത്. ബാറും ബെഞ്ചും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതും അവരൊരു പാലമായി നിലകൊള്ളുന്നതും ബാർ അസ്സോസിയേഷനുകളിലൂടെയാണ്. ബാർ അസോസിയേഷനിലെ അംഗങ്ങൾക്കുവേണ്ടി നിരവധി സേവനങ്ങൾ അനുഷ്ഠിച്ചു വരികയാണ് കേരളത്തിലെ ബാർ അസ്സോസിയേഷനുകൾ. അഭിഭാഷകർക്ക് ഓറിയന്റേഷൻ ക്ലാസ്സുകൾ, അപകടം സംഭവിച്ചാൽ ചികിത്സാ സഹായം, മരണാനന്തര സഹായം, റഫറൻസ്, ഇന്റർനെറ്റ് സൗകര്യങ്ങൾ, അഭിഭാഷകരുടെ വ്യക്തിപരമായ പ്രശ്നങ്ങളിൽ സഹായിക്കുക എന്നീ വിഷയങ്ങളിലെല്ലാം ബാർ അസ്സോസിയേഷനുകൾ നടത്തുന്ന ഇടപെടലുകൾ സ്തുത്യർഹമാണ്. പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരെ സംബന്ധിച്ചിടത്തോളം ബാർ അസ്സോസിയേഷന്റെ സേവനങ്ങൾ അനിവാര്യമായതിനാൽ അതിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ബാർ അസ്സോസിയേഷനിൽ അംഗമായില്ലെങ്കിലും ക്ഷേമനിധിയിൽ അംഗമാകാമെന്ന ഭേദഗതി ഒഴിവാക്കണം. പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകൻ ലീഗൽ അഡ്വൈസറായോ മറ്റ് മേഖലകളിൽ ഉദ്യോഗത്തിനായോ പോകുമ്പോൾ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റും conduct certificate-ഉം കൊടുക്കേണ്ട ബാർ അസ്സോസിയേഷനെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള നടപടിയാണ് വന്നിട്ടുള്ളത്. അതുകൊണ്ട് ബാർ അസ്സോസിയേഷനിൽ അംഗമായി തുടരണമെന്നുകൂടി ഉൾപ്പെടുത്തണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ബാർ-ബഞ്ച് ബന്ധത്തെക്കുറിച്ചാണ് അങ്ങ് പറഞ്ഞുവരുന്നത്. ബഞ്ചില്ലെങ്കിൽ ബാറില്ല; ബാറില്ലെങ്കിൽ ബഞ്ചില്ല. ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? രണ്ടും മൂന്നും സെക്ഷനുകളായി വേർതിരിഞ്ഞ് ചില കോടതികളുടെയെങ്കിലും പ്രവർത്തനം നിലച്ചുപോകുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ബാറും ബഞ്ചും തമ്മിലുള്ള അകൽച്ചയും പൊരുത്തക്കേടും സംബന്ധിച്ച് വിവിധ തലങ്ങളിലുള്ള പ്രശ്നങ്ങൾകൂടി പരിഹരിക്കുന്ന കാര്യത്തിൽ താങ്കളുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കോടതി നടപടികൾ നടന്നുകൊണ്ടിരിക്കെ ജുഡീഷ്യൽ ഓഫീസർമാരും കേസുമായി ബന്ധപ്പെട്ട അഭിഭാഷകരും തമ്മിൽ പലപ്പോഴും അസ്വാരസ്യങ്ങൾ ഉണ്ടാകുകയും അത് പല സന്ദർഭങ്ങളിലും ശീതസമരമായി കോടതികളിൽ തുടരുകയും ചെയ്യും. അങ്ങനെയുള്ള സാഹചര്യത്തിൽ ബാർ അസ്സോസിയേഷന്റെ ഉത്തരവാദിത്തപ്പെട്ട ആളുകളാണ് ജുഡീഷ്യൽ ഓഫീസർമാരുമായും അഭിഭാഷകരുമായും സംസാരിച്ച് കാര്യങ്ങൾ ഒത്തുതീർപ്പാക്കുന്നത്. ആ ബാർ അസ്സോസിയേഷനുകളെ ദുർബലപ്പെടുത്തുകയല്ല, ശക്തിപ്പെടുത്താനുള്ള നടപടികളാണ് യഥാർത്ഥത്തിലുണ്ടാകേണ്ടത്. ഫണ്ടിൽ ആർക്കെല്ലാം അംഗത്വം കൊടുക്കാതിരിക്കാമെന്നത് സംബന്ധിച്ചും പ്രശ്നങ്ങളുണ്ട്. "ബാർ കൗൺസിൽ പ്രസിദ്ധീകരിക്കുകയും വച്ചു പോരുകയും ചെയ്യുന്ന പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരുടെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഫണ്ടിലെ ഒരംഗത്തിന് ഫണ്ടിലെ അംഗമായി തുടരാൻ അർഹതയില്ലാത്തതും ബാർ കൗൺസിൽ സൂക്ഷിക്കുന്ന പ്രാക്ടീസ് ചെയ്യാത്ത അഭിഭാഷകരുടെ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള അപ്രകാരമുള്ള അഭിഭാഷകനെ അപ്രകാരമുള്ള കാലയളവിൽ, ഫണ്ടിൽ നിന്ന് സസ്പെന്റ് ചെയ്തതായി കരുതപ്പെടേണ്ടതുമാണ്"എന്ന് പറഞ്ഞിട്ടുള്ളത് ശരിയാണ്. ഇതിൽ മറ്റൊരു കാര്യംകൂടി ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് മാധ്യമങ്ങൾക്ക് കോടതികളിൽ പ്രവേശിക്കാൻ കഴിയാത്ത സാഹചര്യമാണ്. കോടതികളിൽ മാധ്യമ പ്രവർത്തകർ അഭിഭാഷകരാൽ ആക്രമിക്കപ്പെടുന്നു. സമൂഹത്തിൽ അഭിഭാഷകർക്കുള്ള അന്തസ്സ് കുറച്ചുകാണിക്കുന്ന നടപടിയാണിത്. അഭിഭാഷകർ ക്രിമിനലുകളാണോയെന്ന് സമൂഹം ചിന്തിക്കുന്ന തരത്തിലുള്ള പ്രവർത്തികൾ കോടതി നടപടിക്രമങ്ങളുടെ ഭാഗമായും കോടതി പരിസരത്തും നടക്കുന്നുണ്ട്. ഇത് അഭിഭാഷക സമൂഹത്തിനാകെ അപമാനമാണ്. കോടതിയെന്നാൽ, it is open to the public എന്നാണ്. എല്ലാവർക്കും കോടതിയിൽ വരാൻ കഴിയാത്തതിനാൽ കോടതി നടപടികൾ പബ്ലിക്കിനെ അറിയിക്കേണ്ടത് മാധ്യമങ്ങളാണ്. ആ മാധ്യമങ്ങൾക്ക് കോടതികളിൽ ഇന്ന് പ്രവേശനം നിഷേധിക്കപ്പെടുകയാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ബാർ അസ്സോസിയേഷനിൽ അംഗങ്ങളായിട്ടുള്ള ആളുകൾക്ക് മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളാകാൻ കഴിയൂവെന്നാണ്. ഇപ്പോൾ ബാർ അസ്സോസിയേഷനിൽനിന്നും ഡോ. സെബാസ്റ്റ്യൻ പോളിനെ പുറത്താക്കിയിരിക്കുകയാണ്. ആ വൈരുദ്ധ്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അദ്ദേഹത്തെ ബാർ കൗൺസിലിൽനിന്നും പുറത്താക്കിയെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ബാർ അസ്സോസിയേഷനിൽ അംഗത്വമില്ലാത്തവരെപ്പറ്റിയാണ് ഞാൻ പറഞ്ഞുവന്നത്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, അങ്ങ് പ്രകടിപ്പിച്ച ആശങ്ക വളരെ പ്രസക്തമാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ചീഫ് ജസ്റ്റിസുമായി ഇക്കാര്യം സംബന്ധിച്ച് നേരിട്ട് ചർച്ച നടത്തി. അതിനുശേഷം ഇക്കാര്യത്തിലൊരു പരിഹാരമുണ്ടാകും, സമാധാനാന്തരീക്ഷം നിലനിൽക്കുമെന്ന് നമ്മൾ പ്രതീക്ഷിച്ചുവെങ്കിലും മറിച്ചൊരനുഭവമാണ് ഉണ്ടായി കൊണ്ടിരിക്കുന്നത്. ഇതുപോലെയുള്ള കാര്യങ്ങൾ ചെയ്യുന്നത് അഭിഭാഷകർക്കിടയിലെ ചുരുക്കം ചില ആളുകളായിരിക്കും. പക്ഷെ, ആ ഫ്രെട്ടേണിറ്റിയുടെ അകത്തുനിന്നു തന്നെ തങ്ങളുടെ കൂട്ടത്തിലുള്ള തെറ്റുകാർക്കെതിരെ വേണ്ടത്ര ശബ്ദമുയരുന്നില്ല എന്നുള്ളത് ഇതിന് പ്രോത്സാഹനമായി മാറുന്നുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെയുള്ള ക്രിമിനലുകളെ ക്രിമിനൽ നടപടിക്രമങ്ങളനുസരിച്ച് കുറ്റക്കാരായി കണ്ട് ആ നിലയ്ക്കുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ ഇനിയും അമാന്തിക്കരുതെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ അക്കാര്യമാണ് പറഞ്ഞുവരുന്നത്. എല്ലാ അഭിഭാഷകരും ഇവരെ പിന്തുണയ്ക്കുന്നുവെന്ന് കരുതേണ്ടതില്ല. അവരുടെ ശബ്ദം പുറത്തുവരുന്നില്ല എന്നുമാത്രമെയുള്ളൂ. അഭിഭാഷകരെല്ലാവരും ഇത്തരത്തിലുള്ള ക്രിമിനൽ വാസനയെ പ്രോത്സാഹിപ്പിക്കുന്നവരല്ല. മാധ്യമങ്ങളെ മാത്രമല്ല, ചിലപ്പോൾ കക്ഷികൾവരെ ആക്രമിക്കപ്പെടാറുണ്ട്.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, ഡൽഹിയിൽ കനയ്യയെ കോടതിയിലേയ്ക്ക് കൊണ്ടുവരുമ്പോൾ വക്കീലന്മാരും വക്കീലന്മാരുടെ വേഷം കെട്ടിയവരും അദ്ദേഹത്തെ തല്ലിയ ഒരു സംഭവമുണ്ടായി. വക്കീലന്മാർക്ക് ഇപ്പോൾ കൊടുക്കുന്ന പരിശീലനം മതിയാകില്ല, നല്ല പരിശീലനം കൊടുക്കണമെന്ന് ഡൽഹി ഹൈക്കോടതി അന്ന് ഉത്തരവിട്ടു. യഥാർത്ഥത്തിൽ വക്കീലന്മാർ സത്യം കണ്ടെത്തുന്നതിനായി ജഡ്ജിയെ സഹായിക്കുന്ന കോടതിയുടെ ആളുകളാണ്. അവർ ആ ദൗത്യം ഭംഗിയായി നിർവ്വഹിക്കുന്നുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ പറഞ്ഞുവന്നത്, ഇപ്പോൾ മാധ്യമ പ്രവർത്തകർക്കുനേരെയും കക്ഷികൾക്കുനേരെയും കയ്യേറ്റമുണ്ടാകുന്നു, പക്ഷേ ഏതെങ്കിലുമൊരു അഭിഭാഷകനുനേരെ കയ്യേറ്റമുണ്ടായാൽ എന്താണ് സംഭവിക്കുന്നത്? ആ പ്രതിക്കുവേണ്ടി ഒരു അഭിഭാഷകനെയും കോടതിയിൽ കയറാൻ ഇവർ സമ്മതിക്കില്ല. അറസ്റ്റിലായ പ്രതി എത്രകാലം ജയിലിൽ കിടന്നാലും അവനുവേണ്ടി കോടതിയിൽ ഹാജരാകാൻ ഒരു വക്കീലിനെയും ഇവർ അനുവദിക്കാറില്ല. ഇന്ദിരാഗാന്ധിയെയും

രാജീവ് ഗാന്ധിയെയും വധിച്ച പ്രതികൾക്കുവേണ്ടി അഭിഭാഷകർ ഹാജരായി. പക്ഷെ ഒരു അഭിഭാഷകന് നേരെ ഒരു കയ്യേറ്റമുണ്ടായാൽ ആ പ്രതിക്കുവേണ്ടി കോടതിയിൽ ഹാജരാകാൻ ഒരു വക്കീലന്മാരെയും അനുവദിക്കാത്ത സാഹചര്യമുണ്ട്. അങ്ങനെ കോടതികൾക്കകത്ത് അഭിഭാഷകരുമായി ബന്ധപ്പെട്ട് നിരവധി ക്രിമിനൽ പ്രവർത്തനങ്ങൾ നടക്കുന്നത് അഭിഭാഷക സമൂഹത്തിനാകെ അപമാനകരമാണ്. മാധ്യമ പ്രവർത്തകരെ ആക്രമിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്ന ആളുകളെ അഭിഭാഷക ക്ഷേമനിധി ബോർഡിലെ അംഗത്വത്തിൽനിന്ന് ഒഴിവാക്കാനുള്ള നടപടികൂടി ഈ ഭേദഗതിയുടെ ഭാഗമായി ഉൾപ്പെടുത്തണം. അങ്ങനെ വന്നാൽ മാധ്യമങ്ങൾ ഉൾപ്പെടെയുള്ളവർക്ക് നേരെയുള്ള കയ്യേറ്റങ്ങൾ ഒരു പരിധിവരെയെങ്കിലും ഒഴിവാക്കാൻ സാധിക്കും. ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അഭിഭാഷകർക്ക് ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുള്ള അയോഗ്യതയായി അതുകൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതോടൊപ്പംതന്നെ, പ്രധാന ആക്ടിലെ സെക്ഷൻ 16(1)-ന്റെ പ്രൊവൈസോയിൽ പറയുന്നത്, " Provided further that a member who opts cessation due to permanent disablement before attaining the age of fifty five years shall be entitled to receive from and out of the Fund an amount of rupees one lakh in aggregate or at the rate specified in sub-section (I) whichever is higher"എന്നാണ്. Permanent disablement ഉണ്ടായി പ്രാക്ടീസ് ചെയ്യാതെ വീട്ടിലിരിക്കുന്ന ഒരു അഭിഭാഷകന്റെ മുന്നിൽ ജീവിതം അടഞ്ഞുപോകുകയാണ്. അങ്ങനെയുള്ള അഭിഭാഷകരെ സഹായിക്കുന്നതിനുവേണ്ടി ഒരു ലക്ഷം രൂപ എന്നുള്ളത് 5 ലക്ഷം രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ 16(2)-ൽ, "ഒരു അഭിഭാഷകൻ മരണപ്പെട്ടാൽ അയാളുടെ നോമിനിക്കോ അയാളുടെ അവകാശിക്കോ 3 ലക്ഷം രൂപ നൽകും" എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ തുക 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. സെക്ഷൻ 16(5) എ പ്രകാരം ഒരു അഭിഭാഷകൻ എൻറോൾ ചെയ്ത് ഒരു വർഷത്തെ പ്രാക്ടീസ് പൂർത്തിയാക്കിയാൽ, ക്ഷേമനിധിയിൽ അംഗത്വമെടുത്തില്ലെങ്കിലും അയാൾ മരണപ്പെട്ടുപോയാൽ ഇന്ന് അവരുടെ അവകാശിക്ക് ലഭിക്കുന്നത് വെറും 3125 രൂപയാണ്. ഇത് തുടക്കത്തിൽ വെറും 1000 രൂപയായിരുന്നു. 1993-നുശേഷം 3125 രൂപയാണ്. ഇത് അപമാനിക്കലല്ലേ? അംഗത്വമെടുക്കാത്തവർ മരണപ്പെട്ടാൽ അവകാശിക്ക് മിനിമം 2 ലക്ഷം രൂപയെങ്കിലും കൊടുക്കണം. ക്ഷേമനിധിയിൽ എംപ്ലോയർ കോൺട്രിബ്യൂഷൻ ഉൾപ്പെടുത്താൻ കഴിയില്ലെന്നത് സമ്മതിക്കുന്നു. പക്ഷേ അഭിഭാഷക അക്കാദമിക്ക് ഈ ഫണ്ടിൽനിന്നാണ് പണം കൊടുക്കേണ്ടതെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. സർക്കാർ ഫണ്ട് അഭിഭാഷക അക്കാദമിക്ക് കൊടുക്കണം.

ക്ഷേമനിധി ഫണ്ട് മുഴുവനും ക്ഷേമനിധിയിലെ പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കണം. അഭിഭാഷക അക്കാദമിക്ക് വേണ്ടിയുള്ള ധനസഹായം സർക്കാർ കൊടുക്കണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഈ ഭേദഗതികളോടെ ബിൽ ഒരിക്കൽകൂടി അവതരിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരള ഹൈക്കോടതി-എറണാകുളം, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി- വഞ്ചിയൂർ എന്നിവിടങ്ങളിൽ മാധ്യമ പ്രവർത്തകരും വക്കീലന്മാരും തമ്മിലുള്ള പ്രശ്നം കേരളത്തിനുതന്നെ അപമാനകരമാണെന്ന രീതിയിലുള്ള ഒരു പ്രസ്താവന നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ക്ലാസ് ബൈ ക്ലാസ് ചർച്ച വരുമ്പോൾ കൂടുതലായി സംസാരിക്കാം. അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് വരുന്ന തുക അവരുടെ താൽപ്പര്യത്തിനുവേണ്ടിതന്നെയാണ് വിനിയോഗിക്കുന്നത്. നേരത്തെ 30 ശതമാനമായിരുന്ന അഭിഭാഷക ക്ഷേമനിധിയിലേയ്ക്കുള്ള കോൺട്രിബ്യൂഷൻ. അതിപ്പോൾ 70 ശതമാനമായി വർദ്ധിക്കുകയാണ്. നിലവിലുള്ള 4 കോടി 80 ലക്ഷം രൂപ ഏതാണ്ട് 9 കോടി രൂപയായി വർദ്ധിക്കും. ധനസഹായം 5 ലക്ഷം രൂപയിൽനിന്ന് 10 ലക്ഷം രൂപയാകുമ്പോഴും ചികിത്സാ സഹായം ഒരു ലക്ഷം രൂപയാകുമ്പോഴും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ക്ഷേമനിധി ഫണ്ട് ഉപയോഗപ്പെടുത്തി കൊണ്ടുതന്നെ മുമ്പോട്ടുപോകാൻ സാധിക്കും. ഇവിടെ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചൊക്കെ പൊതുസമൂഹം ഗൗരവത്തിൽ ചർച്ച ചെയ്യുന്നതാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ചട്ടപ്രകാരം 12.30-ന് ധനവിനിയോഗ ബിൽ പരിഗണിക്കേണ്ടതുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ഒരു മിനിട്ടുകൂടി മതി.

മി. ചെയർമാൻ: പ്രായോഗികതയുടെ അടിസ്ഥാനത്തിൽ നിലവിൽ സഭ പരിഗണിച്ചുകൊണ്ടിരിക്കുന്ന ബില്ലിന്റെ പരിഗണന പൂർത്തീകരിച്ചതിനുശേഷം ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കുന്നതാണെന്ന് സഭ തീരുമാനിക്കുന്നു.

ശ്രീ. എ. കെ. ബാലൻ : സർ, കഴിഞ്ഞ ഒന്നാം തീയതി ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ, സുപ്രീംകോടതിയിലെ മൂന്ന് ജഡ്ജിമാർ, (അതിൽ രണ്ട് ജഡ്ജിമാർ കേരള ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ്മാരായിരുന്നു) എന്നിവർ പങ്കെടുത്ത രണ്ട് ചടങ്ങുകളിൽ ഞാനും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. അന്ന് 22 കോടി രൂപ ചെലവിൽ നിർമ്മിച്ച ഒരു

കോർട്ട് കോംപ്ലക്സിന്റെ ഉദ്ഘാടനമായിരുന്നു. ആ പരിപാടിയും അന്ന് വൈകുന്നേരം ഹൈക്കോടതിയുടെ അറുപതാം വാർഷികവുമായി ബന്ധപ്പെട്ട പരിപാടിയും പത്രപ്രവർത്തകർ ബഹിഷ്കരിച്ചു. ഉച്ചയ്ക്ക് എഴുത്തച്ഛൻ പുരസ്കാരം കിട്ടിയ ശ്രീ. സി. രാധാകൃഷ്ണന്റെ വീട്ടിൽ ഞാൻ പോയി. അവിടെ പത്രക്കാരുണ്ടായിരുന്നു. രാവിലെ നടന്ന പരിപാടിയിൽ പത്രക്കാരെ കാണാൻ കഴിഞ്ഞില്ല, ഇപ്പോൾ നിങ്ങളെയൊക്കെ കണ്ടതിൽ സന്തോഷമുണ്ടെന്ന് ആമുഖമായി ഞാൻ പറഞ്ഞു. അപ്പോൾ പത്രക്കാർക്ക് ചില കാര്യങ്ങൾ പറയാനുണ്ടെന്നു പറഞ്ഞു. ഇതുസംബന്ധിച്ച വിവാദമായ ചർച്ചയിലേയ്ക്കൊന്നും പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞു. സർക്കാർ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതാണ്. ബഹുമാനപ്പെട്ട ഗവർണർ അതിൽ ഇടപെടുകയും ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുകയും ചെയ്ത കാര്യമാണ്. അതിലിനി എന്തെങ്കിലുമഭിപ്രായം പറഞ്ഞ് വേറൊരു ദിശയിലേയ്ക്ക് കാര്യങ്ങളെത്തിക്കാൻ ആഗ്രഹിക്കുന്നില്ല, പൊതുവിൽ പ്രശ്നങ്ങളുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ജസ്റ്റിസ് കുര്യൻ ജോസഫ് അവിടെ സൂചിപ്പിച്ച ഒരു കാര്യം, പരാതിയുണ്ടെങ്കിൽ പരാതി കേൾക്കുന്നതിനുള്ള വേദിയാണല്ലോ കോടതികൾ, ആ കോടതികളെ നിങ്ങൾ വിശ്വാസത്തിലെടുക്കണമെന്നാണ്. ആ സന്ദേശമുൾക്കൊണ്ടുകൊണ്ട് ഈ പ്രശ്നം ഇനിയെങ്കിലും അവസാനിപ്പിക്കേണ്ടതുണ്ട്. സർക്കാരിന് ആർബിട്രറിയായൊരു തീരുമാനമെടുത്ത് നടപ്പിലാക്കാൻ കഴിയുന്ന ഒരു ഇഷ്യൂവല്ല ഇത്. സർക്കാർ എക്സിക്യൂട്ടീവ് തലത്തിലൊരു ഉത്തരവുകൊടുത്ത് പരിഹരിക്കാൻ കഴിയുന്നതല്ല. ഒരു സങ്കീർണ്ണമായ പ്രശ്നമാണ്. ഭരണഘടനയുടെ നിലനിൽപ്പ് ജുഡീഷ്യറിയും എക്സിക്യൂട്ടീവും ലെജിസ്ലേച്ചറുമാണ്. അതിന്റെ എല്ലാ തലങ്ങളിലും വാച്ച്ഡോഗായി നിൽക്കുന്നവരാണ് പത്ര-ദൃശ്യ മാധ്യമങ്ങൾ. സമ്പന്നമായ ജനാധിപത്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഈ നാല് തൂണുകളും പ്രധാനപ്പെട്ടതാണ്. അതിലേതെങ്കിലും ഒന്ന് മറ്റൊന്നിന്റെ മുകളിൽ മേധാവിത്വം പുലർത്താൻ കഴിയുന്നതല്ല. ഇത് വാട്ടർടൈറ്റായി കിടക്കുന്നതുമല്ല. പരസ്പര പൂരകമാണ്. ഈ സന്ദേശം ഉൾക്കൊണ്ടു കൊണ്ട് പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനുള്ള ഇടപെടൽ ഇനിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. അതാണ് സൂചിപ്പിക്കാനുള്ളത്. രണ്ടാമത്തെ ബില്ലിനെക്കുറിച്ചുള്ള കാര്യങ്ങൾ പിന്നീട് പറയാം. അതുകൊണ്ട് 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി)ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ : ശ്രീ. എ. എൻ. ഷംസീർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. എ. എൻ. ഷംസീർ സീറ്റിലില്ല.)

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ : ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (2) 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി ( പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും 846,07,13,000 രൂപയാണ് ഈ ധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികൾക്കും വേണ്ട പ്രൊവിഷനുകൾ ഈ ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അംഗീകരിക്കുന്നു. വരുംകാലങ്ങളിൽ സംസ്ഥാനത്ത് നടത്തേണ്ട പൊതുഭരണ സംവിധാനത്തെക്കുറിച്ച് അവതരിപ്പിച്ച ഈ ബിൽ സ്വാഗതാർഹമാണ്. ഈ സർക്കാർ അധികാരമേറ്റിട്ട് അഞ്ചുമാസം തികഞ്ഞു. അഞ്ചുവർഷത്തേയ്ക്കാണ് ഈ സർക്കാരിനെ തെരഞ്ഞെടുത്തത്. അഞ്ചുമാസംകൊണ്ട് ഈ സർക്കാർ നടത്തിയ ജനോപകാരപ്രദമായ നടപടികൾ എന്തൊക്കെയാണെന്ന് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർക്കറിയാം. നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന കുറേ കാര്യങ്ങളിൽ ഇടപെടാനും അത് പരിഹരിക്കാനും കഴിഞ്ഞുവെന്നതാണ് ഈ സർക്കാരിന്റെ പ്രധാന നേട്ടമായി കാണുന്നത്. മലപ്പുറത്തുണ്ടായ സ്ഫോടനവുമായി ബന്ധപ്പെട്ട വിഷയം ഇന്നലെ സഭ ചർച്ച ചെയ്തു. നമ്മുടെ സംസ്ഥാനത്ത് പ്രതീക്ഷിക്കാത്ത ഒരു സംഭവമായിരുന്നു അത്. ഇന്ത്യയിലാകെയും ഇന്ത്യയ്ക്ക് പുറത്തും നടക്കുന്ന സംഭവം നമ്മുടെ സംസ്ഥാനത്തുണ്ടാകില്ലെന്നായിരുന്നു നമ്മൾ വിചാരിച്ചിരുന്നത്. ഇത്തരം സംഭവങ്ങൾ നമ്മുടെ നാട്ടിലാകെ വ്യാപകമാകുന്നുവെന്നത് ദുഃഖകരമാണ്. അടുത്തകാലത്തുണ്ടായ ഭോപ്പാൽ ജയിൽ ചാട്ടത്തെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. സിമി എന്ന സംഘടനയിൽപ്പെട്ട തീവ്രവാദികളെ ജയിലിലടച്ചപ്പോൾ അവർ ജയിൽ വാർഡനെ കൊലചെയ്ത് പുറത്തുചാടിയെന്നാണ് പറയുന്നത്. അതിൽ 8 പേർ മരിച്ചുവെന്നാണ് പത്രത്തിൽ വന്നത്. പക്ഷെ 9 പേർ മരിച്ചു. അതാരും പറയുന്നില്ല. നിരപരാധിയായ ജയിൽ വാർഡനെ കൊലചെയ്തിട്ടാണ് അവർ ജയിൽ ചാടിയത്. അത് പത്രക്കാരും പറഞ്ഞില്ല, ആരും പറഞ്ഞില്ല. 'സിമി' പ്രവർത്തകർ ജയിൽ ചാടി പോയത് ആരും അംഗീകരിക്കില്ല. അത് വലിയ കുറ്റമാണ്. അവരുടെ പിന്നിൽ പ്രവർത്തിച്ചവരെ സമൂഹത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുവേണ്ടി അവർ ജീവനോടെ വേണമായിരുന്നു. പക്ഷെ പോലീസുകാർ കരുതിക്കൂട്ടി തെളിവുകൾ നശിപ്പിക്കുന്നതിന്റെ ഭാഗമായി അവരെ കാട്ടിൽവച്ച് കൊലചെയ്തുവെന്നാണ് പത്രങ്ങൾ വായിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. തെളിവെടുപ്പ് നടത്തി അതിന്റെ പിന്നിൽ പ്രവർത്തിച്ചതാരെന്ന് മനസ്സിലാക്കിയിരുന്നുവെങ്കിൽ സംസ്ഥാനത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്നു. ഭരണകൂടത്തിന്റെ തെറ്റായ നടപടികളുടെ ഭാഗമായിട്ടാണ് നമ്മുടെ നാട്ടിൽ ഇങ്ങനെയുള്ള സംഭവ ങ്ങളുണ്ടാകുന്നത്. ഒരുകാലത്തും ഇതുപോലെയുള്ള സംഭവങ്ങളുണ്ടാകരുതെന്ന് ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാവരും. പക്ഷേ അതിനെതിരായുള്ള സർക്കാർ നേതൃത്വത്തിന്റെ തെറ്റായ നയത്തിന്റെ ഫലമായിട്ടാണ് ഇത്തരം സംഭവങ്ങളുണ്ടാകുന്നത് എന്നുള്ളത് പ്രധാനപ്പെട്ട വസ്തുതയാണ്. ഇതിനെക്കാൾ ഞെട്ടിപ്പിക്കുന്ന സംഭവം നടന്നത് ഒരു മാസക്കാലം മുമ്പാണ്. 27 മാവോയിസ്റ്റുകളെ കൊല ചെയ്തു. മാവോയിസ്റ്റുകാർ 'മാവോ' എന്ന ആശയമാണുയർത്തുന്നത്. അത് തീവ്രവാദ സംഘടന പോലെയല്ല. മാവോയിസ്റ്റ് എന്ന ആശയം നമ്മുടെ നാട്ടിൽ കുറേയാളുകൾ

വിശ്വസിക്കുന്നതാണ്. സിമി പ്രവർത്തകരെ കൊലചെയ്തതുപോലെ തന്നെയാണ് 27 പേരെയും കൊലചെയ്തത്. തീവ്രവാദ സംഘടനയിൽപ്പെട്ട ആളുകളെ കൊല ചെയ്താലോ ആക്രമിച്ചാലോ മാത്രമേ നമ്മുടെ നാട്ടിലെ ആളുകളും പത്രങ്ങളും അക്കാര്യം പ്രചരിപ്പിക്കുകയുള്ളൂ, പക്ഷേ 27 മാവോയിസ്റ്റുകളെ, സ്ത്രീകളടക്കമുള്ളവരെ കൊല ചെയ്തിട്ട് ജനാധിപത്യവാദികളെന്ന് പറയപ്പെടുന്ന ആളുകളാരും പ്രതികരിക്കുന്നില്ല, ദേശസ്നേഹികളും മനുഷ്യസ്നേഹികളും പ്രതികരിക്കുന്നില്ലെന്നത് പ്രധാനപ്പെട്ട വസ്തുതയാണ്. ഇതംഗീകരിക്കാൻ കഴിയുമോ? നാട് എങ്ങോട്ട് പോകുന്നുവെന്നതിന്റെ പ്രധാനപ്പെട്ട തെളിവാണിത്. മാവോയിസ്റ്റ് ആശയത്തോട് ഞങ്ങളാരും അനുകൂലിക്കുന്നില്ല. റോഡിൽ കുഴിബോംബ് വച്ച് ജവാന്മാരെയും പോലീസുകാരെയും കൊല ചെയ്തിട്ട് അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന നടപടി നമുക്കെതിരാണ്. പക്ഷേ മാവോയിസ്റ്റ് എന്ന ആശയം പ്രചരിപ്പിച്ചു എന്നതിന്റെ പേരിൽ അവരെ കാട്ടിൽ നിന്നും വിളിച്ചുകൊണ്ടുപോയി വെടിവച്ചു കൊല്ലുകയാണ്. മതപരമായ തീവ്രവാദം വലിയ അപകടമാണ്. തീവ്രവാദ സംഘടനകൾ ചെയ്യുന്ന നടപടികൾ പ്രോത്സാഹിപ്പിക്കാനും അത് പ്രചരിപ്പിക്കാനും നമ്മുടെ നാട്ടിൽ കുറേയാളുകളുണ്ട്. പക്ഷേ 27 പേരെ വെടിവച്ചുകൊന്ന നടപടിയെ പ്രതിരോധിക്കാനോ തെറ്റെന്ന് പറയാനോ നമ്മുടെ നാട്ടിൽ ആളില്ലാതായി എന്നത് ഒരു പ്രധാനപ്പെട്ട വസ്തുതയാണ്. ഭരണകൂടം എങ്ങനെ പോകുന്നുവെന്ന് ചിന്തിക്കാൻ വേണ്ടി പറഞ്ഞതാണ്, ഇത് വലിയ അപകടമാണ്. ഇന്നല്ലെങ്കിൽ നാളെ ഇത് രാജ്യത്താകെ വ്യാപിപ്പിച്ച് നമ്മുടെ നാട്ടിലെ ജനാധിപത്യത്തെയും മതേതരത്വത്തെയും തകർക്കുന്ന നടപടിയാകും.

നമ്മുടെ നാടിന്റെ പൊതുസ്ഥിതിയെക്കുറിച്ച് എല്ലാവർക്കുമറിയാം. നാടിനെ ബാധിക്കുന്ന പ്രധാനപ്പെട്ട സംഭവങ്ങളെക്കുറിച്ച് ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിൽ വീടില്ലാത്തവരാരും ഉണ്ടാകാൻ പാടില്ല. വീടില്ലാത്ത ധാരാളം ആളുകൾ ഇന്ന് നമ്മുടെ നാട്ടിലുണ്ട്. അവർക്കെല്ലാവർക്കും ഭൂമി കൊടുത്ത് പാർപ്പിക്കാൻ കഴിയണമെന്നില്ല. ഭൂമിയില്ലാത്ത ലക്ഷക്കണക്കിനാളുകളുണ്ട് എന്നതൊരു പ്രധാനപ്പെട്ട വസ്തുതയാണ്. ഇവരെയെല്ലാം പാർപ്പിക്കണമെങ്കിൽ ഈ സർക്കാർ ഇന്ന് തുടങ്ങി വച്ച നടപടികൾ പൂർത്തീകരിക്കാൻ കഴിയണം. അതിൽ വലിയ പങ്ക് നമുക്ക് വഹിക്കാനുണ്ട്. കക്ഷിരാഷ്ട്രീയം നോക്കാതെ പ്രവർത്തിച്ചാൽ മാത്രമേ അവ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടർന്നുവന്ന ഒരു പ്രധാനപ്പെട്ട നടപടിയായിരുന്നു ഇ.എം.എസ്. ഭവന പദ്ധതി. ആ പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടർന്നുപോയിരുന്നെങ്കിൽ ഈ പ്രശ്നം കുറേ പരിഹരിക്കാൻ കഴിയുമായിരുന്നു. അന്നത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി നിയമസഭയിൽ ഒരു ബിൽ കൊണ്ടുവന്നു. ഇ.എം.എസ്. ഭവന പദ്ധതി മാറ്റി സാന്ത്വനം പദ്ധതി കൊണ്ടുവന്നു. ഞാൻ ആ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചതാണ്. ഇ.എം.എസ്.-ന്റെ പേര് മാറ്റി സി.എച്ച്. മുഹമ്മദ് കോയയുടെ

പേരിട്ടാലും തരക്കേടില്ല. ആ പദ്ധതി നമ്മുടെ നാട്ടിൽ വേണമെന്ന് പറഞ്ഞപ്പോൾ ഇ.എം.എസ്. ഭവന പദ്ധതി മാറ്റുന്ന പ്രശ്നമേയില്ലെന്നാണ് മന്ത്രി മറുപടി പറഞ്ഞത്. എന്നാൽ അഞ്ചുകൊല്ലക്കാലം യു.ഡി.എഫ്. സർക്കാർ ഭരിച്ചിട്ട് ഒരു വീടുപോലും കൊടുക്കാൻ കഴിഞ്ഞില്ല. അതിനുമുമ്പുവരെ പഞ്ചായത്ത് മെമ്പർമാർക്കും പഞ്ചായത്ത് പ്രസിഡന്റിനും നാട്ടിലൊരു വിലയുണ്ടായിരുന്നു. ഒരു വാർഡിൽ അഞ്ചും പത്തും വീട് കൊടുക്കാൻ കഴിയുമായിരുന്നു. പക്ഷേ ആ സർക്കാർ നടപടി മാറ്റി, വീട് കൊടുക്കാതായപ്പോൾ പഞ്ചായത്ത് മെമ്പർമാർക്കുപോലും നാട്ടിൽ വഴി നടക്കാൻ കഴിയാത്ത അവസ്ഥയായി. അതിന്റെ ഫലമായി നമ്മുടെ നാട്ടിൽ വീടില്ലാത്തവരുടെ എണ്ണം വർദ്ധിച്ചു. അല്ലെങ്കിൽ അഞ്ചുകൊല്ലം കൊണ്ട് വീടില്ലാത്തവരുടെ എണ്ണം കുറച്ചു കൊണ്ടുവരാൻ കഴിയുമായിരുന്നു. ഇക്കാര്യങ്ങളെല്ലാം പരിഹരിക്കാനുള്ള നടപടികളുമായി ഈ സർക്കാർ മുന്നോട്ടുപോകും. കോടിക്കണക്കിന് രൂപ ചെലവു ചെയ്ത് വീടില്ലാത്തവരെ മുഴുവൻ പാർപ്പിക്കാനും വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് ഭൂമി വാങ്ങി വീട് വയ്ക്കാനുമുള്ള നടപടി സ്വീകരിച്ചുതുടങ്ങി. നമ്മുടെ നാട്ടിലെ പാർശ്വവത്ക്കരിക്കപ്പെട്ട മുഴുവൻ ആളുകളെയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഈ സർക്കാർ പ്രവർത്തിക്കുന്നതെന്നുള്ളതുകൊണ്ട് കൂടുതൽ ജനോപകാരപ്രദമായ നടപടികൾ സ്വീകരിക്കുന്ന സർക്കാരാണിതെന്ന് പൊതുസമൂഹം അംഗീകരിച്ചു വരികയാണ്. അക്കാര്യം പ്രതിപക്ഷം അംഗീകരിക്കുന്നില്ലെന്നത് പ്രധാനമാണ്. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന പ്രതിപക്ഷം ഭരണകക്ഷിയെ എതിർക്കുന്നത് സ്വാഭാവികമാണ്. പക്ഷേ എല്ലാ കാര്യങ്ങളിലും എതിർക്കേണ്ടതുണ്ടോ? ഈ ഗവൺമെന്റ് കൊണ്ടുവരുന്ന എല്ലാ നടപടികളെയും എതിർക്കുക എന്ന നിലപാടാണ് പ്രതിപക്ഷം ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയപരമായി എതിർക്കുന്നതോടൊപ്പം ജനാധിപത്യപരമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല.

കാർഷിക മേഖലയെക്കുറിച്ച് ബഡ്ജറ്റിൽ പരാമർശിക്കുന്നുണ്ട്. കാർഷിക മേഖലയ്ക്ക് സർക്കാർ കുറച്ചുകൂടി മുൻഗണന നൽകണമെന്ന് ഭരണകക്ഷിയംഗങ്ങളും പ്രതിപക്ഷാംഗങ്ങളും പല ചർച്ചകളിലും പറഞ്ഞു. ഇതിനായി ബഡ്ജറ്റിൽ അംഗീകരിച്ച സംഖ്യ അപര്യാപ്തമാണെന്ന അഭിപ്രായം അന്നും ഇന്നും ഞങ്ങൾക്കുണ്ട്. ജനാധിപത്യപരമായി കാര്യങ്ങൾ പറയുന്നതിനുപകരം എല്ലാം തെറ്റായി കണ്ട് പ്രതികരിക്കുന്ന പ്രതിപക്ഷമാകരുത്. ഈ സർക്കാരിന്റെ നല്ല നടപടികളെ പ്രതിപക്ഷം അംഗീകരിക്കണം. നമ്മുടെ നാട്ടിൽ മത തീവ്രവാദ സംഘടനകൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുൾപ്പെടെയുള്ള എല്ലാ തെറ്റായ നടപടി കൾക്കുമെതിരായി നമുക്കെല്ലാവർക്കും യോജിച്ച് പ്രവർത്തിക്കാൻ കഴിയണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u>: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. കേരളപ്പിറവിയുടെ അറുപതാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ നമ്മുടെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, വികസന രംഗങ്ങളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കുന്ന ഒരു സന്ദർഭം കൂടിയാണിത്. കേരളത്തിലെ വിവിധ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വ്യക്തമായ കാഴ്ചപ്പാടോടെ, ഒരു മനസ്സോടെ പ്രവർത്തിക്കണമെന്നാണ് കേരളീയ സമൂഹം ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അടിസ്ഥാനപരമായ പല മാറ്റങ്ങളും സംഭവിക്കുകയും മറ്റു സംസ്ഥാനങ്ങളേക്കാൾ വിവിധ മേഖലകളിൽ നേട്ടങ്ങളും വളർച്ചയും നേടാനായി എന്നതും നമുക്ക് അഭിമാനിക്കാവുന്നതാണ്. എന്നാൽ വലിയൊരു വിഭാഗം ഇനിയും ഇതിന്റെ ഉപഭോക്താക്കളായിട്ടില്ലെന്ന വസ്തുത ഗൗരവമായി കാണേണ്ടതുണ്ട്. അഞ്ചുമാസം കൊണ്ട് സർക്കാർ ധാരാളം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. കുഞ്ഞിരാമൻ സൂചിപ്പിച്ചു. എന്റെ നിയോജകമണ്ഡലത്തിൽ ധാരാളം പദ്ധതികൾ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ആരംഭിച്ചിട്ടുണ്ട്. ധാരാളം സ്വപ്നപദ്ധതികൾ യാഥാർത്ഥ്യമായി. എന്നാൽ ഇന്ന് പല പദ്ധതികളുടെയും മിനുക്കുപണികൾ മാത്രമാണ് നടന്നു വരുന്നത്. ഇക്കഴിഞ്ഞ അഞ്ചുമാസം എന്റെ നിയോജകമണ്ഡലത്തിൽ ചികിത്സാ സഹായ ഫണ്ടിന് 10 പൈസപോലും ലഭിച്ചതായി എനിക്ക് അറിവില്ല. കേരളത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ ശ്രീ. രമേശ് ചെന്നിത്തല ഒരു സമാധാന യാത്ര നടത്തുകയും കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേകമായി ഒരു പ്രോജക്ടുണ്ടാക്കണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി ഒരു കമ്മീഷനെ വയ്ക്കണമെന്ന് ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയോട് ആവശ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ധാരാളം വികസന പദ്ധതികൾ ജില്ലയ്ക്ക് ലഭ്യമായിട്ടുണ്ടെന്നുള്ളത് പറയാതിരിക്കാൻ നിർവ്വാഹമില്ല. അങ്ങനെ കാസർഗോഡിന്റെ പിന്നോക്കാവസ്ഥയ്ക്ക് ഒരളവുവരെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷം ആവശ്യമായ പ്രോജക്ടുണ്ടാക്കാൻപോലും സാധിച്ചിട്ടില്ലെന്നുള്ള ദുഃഖകരമായ വിഷയം കൂടിയുണ്ട്. ധാരാളം രോഗങ്ങൾ പിടിപെടുന്ന എൻഡോസൾഫാൻ ദുരിതബാധിത മേഖലയാണ് കാസർഗോഡ് മേഖല, പ്രത്യേകിച്ചും എന്റെ നിയോജകമണ്ഡലം. ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആ പ്രദേശത്തില്ലാത്തതിനാൽ കൂടുതൽ രോഗികളും ആശ്രയിക്കുന്നത് മംഗലാപുരം ആശുപത്രിയെയാണ്. എന്റെ നിയോജക മണ്ഡലത്തിൽ നിന്നും പരിയാരത്ത് എത്തണമെങ്കിൽ 140 ഓളം കി.മീ. സഞ്ചരിക്കണം. 18 കിലോമീറ്റർ സഞ്ചരിച്ചാൽ മംഗലാപുരത്ത് ചികിത്സ തേടാവുന്നതാണ്. അത് പരിഹരിക്കാൻ ഇന്നുവരെ സാധിച്ചിട്ടില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അനുകൂല്യവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ സഹായവും ഇപ്പോൾ ലഭ്യമാകുന്നില്ലെന്ന ഖേദകരമായ

വസ്തുതയുണ്ട്. അതുപോലെ കാസർഗോഡ് ജില്ലയിൽ നിന്നും എന്റെ നിയോജക മണ്ഡലത്തിൽനിന്നും 8000-ത്തോളം വിദ്യാർത്ഥികൾ മംഗലാപുരത്ത് തുടർ പഠനത്തിനായി പോകുകയാണ്. അവർക്ക് കൃത്യമായി പോകാൻ ട്രെയിനോ ബസ്സുകളോ ഇല്ല. ഈ പ്രശ്നം പരിഹരിക്കാനായി കഴിഞ്ഞ സർക്കാർ ഒരു പോളിടെക്നിക്ക് കോളേജ് ബഡ്ജറ്റിൽ അനൗൺസ് ചെയ്തിട്ടുണ്ട്. അത് പരിഗണിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഏഴ് ഭാഷയുടെ സംഗമ ഭൂമിയിൽ നിന്നാണ് ഞാൻ വരുന്നത്. അതുകൂടാതെ ബ്യാരി ഭാഷകളുമുണ്ട്. ഏഴ് ഭാഷയിലും വേണമെങ്കിൽ സംസാരിക്കാം. (കന്നട, ബ്യാരി, തുളു എന്നീ ഭാഷകൾ സംസാരിച്ചു) അതായത്, ഏഴ് ഭാഷ കൂടാതെ ബ്യാരി ഭാഷയുമുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അങ്ങനെ എട്ട് ഭാഷ സംഗമിക്കുന്ന ഭൂമിയാണ്. മലയാളം ശ്രേഷ്ഠ ഭാഷയാക്കണമെന്ന് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ 60-ാം പിറന്നാൾ ആഘോഷിക്കുന്ന വേളയിൽ പ്രസംഗിക്കുകയുണ്ടായി. നിർബന്ധമായും മലയാളം പഠിക്കണമെന്ന് പ്രഖ്യാപിക്കുമ്പോഴും എന്റെ നിയോജകമണ്ഡലത്തിലെ വോർക്കാടി ഗ്രാമപഞ്ചായത്തിൽ മലയാളം പഠിപ്പിക്കുന്ന സ്കൂളില്ല. അവിടെ മലയാളം ഭാഷാസ്കൂൾ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം ഭാഷാന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിന് പ്രത്യേകമായി കോഴ്സുകളും പി.ജി. കോഴ്സുകളും അനുവദിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ബഹുമാന്യനായ പി. ബി. അബ്ദുൽ റസ്സാക്ക് ഏത് ലോകത്തു നിന്നാണ് സംസാരിച്ചതെന്ന് എനിക്കറിയില്ല. സാധാരണഗതിയിൽ ഭാഷാവരം കിട്ടിയാൽ ഏത് ഭാഷയും, അന്യഭാഷകളും നമ്മൾ സംസാരിക്കും. ഞാനും അദ്ദേഹവും മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ലിംഗ്വിസ്റ്റിക് മൈനോറിറ്റി കമ്മിറ്റിയിലെ അംഗങ്ങളാണ്. ആ കമ്മിറ്റിയിൽ ഇത്തരം വിഷയങ്ങൾ വിശദമായി സംസാരിക്കാറുണ്ട്, അതുമായി ബന്ധപ്പെട്ട ശിപാർശകളുമുണ്ട്. ഞാനും അങ്ങും പങ്കെടുത്ത ലിംഗ്വിസ്റ്റിക് മൈനോറിറ്റി കമ്മിറ്റിയിൽ പല തീരുമാനങ്ങളുമെടുത്തുവെങ്കിലും അവയൊന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് ഗുരുതരമായ പ്രശ്നം. ലിംഗ്വിസ്റ്റിക് മൈനോറിറ്റിയുമായി ബന്ധപ്പെട്ട് ശിപാർശ ചെയ്യുന്ന പ്രശ്നങ്ങൾക്ക് പലപ്പോഴും പരിഹാരമുണ്ടാകാറില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാത്തതിനെത്തുടർന്ന് ഈ സർക്കാർ അധികാരമേറ്റശേഷം ആ ശിപാർശകൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഉത്തരവുകളിറക്കിയിട്ടുണ്ട്.

മുഖ്യമന്ത്രിയാണ് ചികിത്സാ ധനസഹായങ്ങൾ പ്രധാനമായും വിതരണം ചെയ്യുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിന് ഒട്ടനവധി ന്യൂലാമാലകളുണ്ടായിരുന്നു. മുഖ്യമന്ത്രിയടക്കം വൻ സന്നാഹത്തോടുകൂടി വന്ന് പൊതുജനസമ്പർക്ക പരിപാടിയുടെ പേരിൽ വാങ്ങിയ അപേക്ഷകൾ എവിടേയ്ക്ക് പോയെന്ന് അറിയില്ല. ചിലർക്കൊക്കെ 25,000, 50,000, 1,00,000 രൂപയൊക്കെ അനുവദിച്ച് കിട്ടിയിട്ടുണ്ട്. അപേക്ഷകൾ എവിടെയാണെന്നറിയാതെ അന്വേഷിച്ച് നടക്കുന്ന ആളുകളോട് പുതിയ അപേക്ഷകൾ ആവശ്യപ്പെടുകയും അതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട അപേക്ഷകൾ പലതും നഷ്ടപ്പെട്ടിട്ടുണ്ട്. പഴയ അപേക്ഷയുടെ ഫോട്ടോസ്റ്റാറ്റുമായി പുതിയ അപേക്ഷ സമർപ്പിക്കുന്നതിനായി ആളുകൾ എത്തിച്ചേരുന്നുമുണ്ട്. നിങ്ങളുടെ അപേക്ഷ നടപടി സ്വീകരിക്കുന്നതിനുവേണ്ടി അയച്ചു കൊടുത്തിട്ടുണ്ടെന്നുള്ള കത്ത് കിട്ടി എന്നതിനപ്പുറത്തേയ്ക്ക് കാര്യമായ നടപടികളൊന്നുമുണ്ടായിട്ടില്ല. പൊതുജനസമ്പർക്ക പരിപാടിയുടെ പേരിൽ എന്തുമാത്രം തുകയാണ് ചെലവഴിച്ചതെന്നുള്ള ഞെട്ടിക്കുന്ന സംഭവങ്ങളാണ് പുറത്തുവരുന്നത്. 25,000 രൂപ വരെ റവന്യൂ വകുപ്പുമന്ത്രിക്ക് ചികിത്സാ ധനസഹായം കൊടുക്കുന്നതിനുള്ള ഉത്തരവുണ്ട്. ജില്ലാ കളക്ടർമാർക്ക് 2,000 രൂപ വരെ ധനസഹായം കൊടുക്കുന്നതിനുള്ള ഉത്തരവ് ഈ സർക്കാർ അധികാരമേറ്റശേഷം നൽകിയിട്ടുണ്ട്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, റവന്യൂ വകുപ്പുമന്ത്രിക്ക് ധാരാളം അപേക്ഷകൾ കൊടുത്തിട്ടുണ്ട്. ഇതുവരെ ഒരു നയാപൈസ പോലും കിട്ടിയിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കിട്ടിയെന്ന് പറയുന്നു. എന്റെ മണ്ഡലത്തിലും കിട്ടി. 25,000 രൂപ വരെയുള്ള ധനസഹായമാണെങ്കിൽ റവന്യൂ വകുപ്പുമന്ത്രിക്ക് കൊടുക്കാം. അതിന് മുകളിലാണെങ്കിൽ മാത്രം മുഖ്യമന്ത്രിയുടെ അനുമതി മതിയെന്ന് പറയുന്നത് അധികാരവികേന്ദ്രീകരണമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാർ എടുക്കുന്ന നടപടികൾ അംഗീകരിക്കുന്നതിന് പകരം ഞങ്ങൾക്ക് ചികിത്സാ ധനസഹായം കിട്ടിയില്ലെന്ന രൂപത്തിൽ പറയുന്നത് ശരിയായ നടപടിയല്ല.

വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിച്ചത് തിരിച്ചടയ്ക്കാത്ത കേസുകളിൽ ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതിന് റിലയൻസ് ഗ്രൂപ്പിന് ക്വട്ടേഷൻ കൊടുത്തിരിക്കുകയായിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കം അവർക്ക് കിട്ടാനുള്ള 123 കോടി രൂപ പിരിച്ചെടുക്കുന്നതിനുവേണ്ടി റിലയൻസ് ഗ്രൂപ്പിന് ക്വട്ടേഷൻ കൊടുത്ത സാഹചര്യത്തിൽനിന്ന് കുട്ടികളുടെ പേരിൽ നടത്തിക്കൊണ്ടിരിക്കുന്ന ആർ.ആർ. നടപടികൾ നിർത്തിവയ്ക്കുന്നതിനായി

ബഡ്ജറ്റിൽ തുക പ്രഖ്യാപിച്ചുകൊണ്ട് ആവശ്യമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. സബ്ജക്ട് ആവറേജ് 60 ശതമാനം മാർക്ക് കിട്ടിയാൽ പോരാ, ഓരോ സബ്ജക്ടിനും 60 ശതമാനം മാർക്കുണ്ടെങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ലഭ്യമാകുമായിരുന്നുള്ളൂവെങ്കിൽ ഇപ്പോൾ 60 ശതമാനം എന്നുള്ളത് 55 ശതമാനം മാർക്കായാലും, അതായത് സബ്ജക്ട് ആവറേജ് എന്നതിനുപകരം ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് ഈ മൂന്ന് ഇൻഡിവിഡ്യുവൽ സബ്ജക്ടിന് ആകെ 60 ശതമാനം മാർക്കുള്ള കുട്ടികൾക്കും വിദ്യാഭ്യാസ വായ്പ കൊടുക്കുന്നതിനുള്ള സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ അഡ്വൈസ് ആയിരക്കണക്കിന് കുട്ടികൾക്ക് ഏറെ സഹായകരമായിട്ടുള്ളതാണ്.

1.00 PM]

ഈ സർക്കാർ ഏറ്റവും വിപ്ലവകരമായി മുന്നോട്ടുപോകുന്നത് ടൂറിസം രംഗവുമായി ബന്ധപ്പെട്ടാണ്. ടൂറിസത്തിന് പുതിയൊരു മുഖം നൽകുന്നതിനു വേണ്ടി ബഹുമാന്യനായിട്ടുള്ള ടൂറിസം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന ഇടപെടലുകളെ ഈയവസരത്തിൽ പ്രത്യേകമായി പ്രശംസിക്കുകയാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ടൂറിസം രംഗത്തെ പ്രവർത്തനങ്ങൾക്ക് സർക്കാർ തുടക്കംകുറിച്ചിട്ടുള്ളത്. സ്പോർട്സുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള പ്രധാനപ്പെട്ട ഒരു പ്രശ്നം, മാസ്റ്റേഴ്സ് അസ്സോസിയേഷനുമായി ബന്ധപ്പെട്ട് നാഷണൽ ഗെയിംസ് ഇപ്രാവശ്യം കേരളത്തിൽ വച്ചാണ് നടത്തുന്നത്. ഫെബ്രുവരി 21 മുതൽ 25 വരെയുള്ള തീയതികളിൽ 35 വയസിന് മുകളിലുള്ളവരുടെ മാസ്റ്റേഴ്സ് അസ്സോസിയേഷന്റെ നാഷണൽ മീറ്റ് നടക്കുമ്പോൾ സംസ്ഥാന സർക്കാർ കൊടുക്കാറുള്ള അലോട്ട്മെന്റ് മാസ്റ്റേഴ്സ് അസ്സോസിയേഷൻ സംഘടിപ്പിക്കുന്നവരുടെ മത്സരവുമായി ബന്ധപ്പെട്ടുമുണ്ടാകണം. 'എല്ലാവർക്കും സ്പോർട്സ് എല്ലാവർക്കും ആരോഗ്യം' എന്ന വിഷയം മുന്നിൽ കണ്ടുകൊണ്ടാണ് സർക്കാർ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇപ്പോൾ മുഖ്യമന്ത്രി തന്നെയാണ് ആ വകുപ്പ് കൈകാര്യം ചെയ്യുന്നത്. മാസ്റ്റേഴ്സ് അസ്സോസിയേഷന്റെ സ്പോർട്സ് നടക്കുമ്പോൾ സർക്കാരിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊന്ന്, വനം വകുപ്പുമായി ബന്ധപ്പെട്ടുള്ളതാണ്. ടൂറിസം വകുപ്പുമന്ത്രിയുടെ ശ്രദ്ധകൂടി ഇതിലുണ്ടാകണം. ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രമാണ് തേക്കടി. അവിടെ എത്തുന്നവരുടെ പ്രധാന ആഗ്രഹം ബോട്ടിംഗാണ്. ബോട്ടിംഗ് നടത്തിയാൽ മാത്രമേ തേക്കടിയുടെ മനോഹാരിത ആളുകൾക്ക് ആസ്വദിക്കാൻ കഴിയൂ. വെള്ളത്തിന്റെ കുറവുകൊണ്ട് 110 അടി താഴേയ്ക്ക് പോയതിനാൽ തമിഴ്നാട്ടിലേയ്ക്ക് ഇപ്പോൾ വെള്ളം പോകുന്നില്ല. തമിഴ്നാട്ടിലേയ്ക്ക് വെള്ളം പോകുന്നില്ലെന്ന കാരണത്താൽ അവിടെ

ബോട്ടിംഗ് നിർത്തിവയ്ക്കാറില്ല. വെള്ളം കുറയുമ്പോൾ ഫ്ലോട്ടിംഗ് ജെട്ടിയുണ്ടാക്കി അവിടെനിന്ന് ബോട്ട് സർവ്വീസ് ആരംഭിക്കുമായിരുന്നു. ഇപ്പോഴത് നിർത്തി വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ആ വിഷയത്തിൽ ഇടപെടണം. മാതൃകാകേന്ദ്രമായ തേക്കടിയിൽ ടൂറിസം പദ്ധതികൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട രണ്ട് വകുപ്പുമന്ത്രിമാരും ഫ്ലോട്ടിംഗ് ജെട്ടി അടക്കമുള്ള വിഷയങ്ങളിൽ അടിയന്തരമായി ഇടപെട്ട് നിർത്തി വച്ചിരിക്കുന്ന ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിനും ജോയിന്റ് മീറ്റിംഗ് ആവശ്യമുണ്ടെങ്കിൽ അത്തരം മീറ്റിംഗുകൾ നടത്തിക്കൊണ്ട്, അടിയന്തരമായി ഉത്തരവുണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ധനമുള്ളിടത്തല്ലേ ധനവിനിയോഗത്തെപ്പറ്റി ചർച്ച ചെയ്യേണ്ടത്. ഇവിടെ എവിടെയാണ് ധനം? ധനമില്ലാത്തിടത്ത് ധനവിനിയോഗ ബിൽ ചർച്ചയാണ്. ഒന്നേമുക്കാൽ ചക്രം കൊണ്ട് എന്ത് ചെയ്യാനാണെന്ന് പണ്ട് കാരണവന്മാർ പറഞ്ഞ് കേട്ടിട്ടുണ്ട്. കേരളത്തിന്റെ ഗതി അതാണ്. ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ ഭാഗമാണ് നമ്മളെന്ന് തന്റേടമായി പറയുമ്പോൾ നമുക്ക് ലഭിക്കേണ്ടത് ലഭിക്കണമെന്ന് പറയാൻ ആർക്കാണ് ഭയം? ഇന്ത്യാ ഗവൺമെന്റിന്റെ വീതംവയ്പിൽ നമുക്ക് എന്തെങ്കിലും കിട്ടുന്നുണ്ടോ? ഇപ്പോൾ ശ്രീമതി ഇ. എസ്. ബിജിമോൾ കുടിവെള്ളത്തെയും നദീജലത്തെയുംകുറിച്ച് വലിയ ആവേശത്തോടു കൂടി പറഞ്ഞു. നമുക്കനുകൂലമായി സംസാരിക്കാൻ ആരുണ്ട്? ബഹുമാനപ്പെട്ട സുപ്രീംകോടതിപോലും നമുക്ക് എതിരല്ലേ; തമിഴ്നാടിനും കർണ്ണാടകത്തിനും വേണ്ടി വാദിക്കുന്ന നിയമ സംവിധാനം. ഇപ്പോൾ പ്രിയങ്കരനായ മോദി പഞ്ചവൽസര പദ്ധതികളെ തകർത്ത് തരിപ്പണമാക്കി നീങ്ങുകയല്ലേ? കഴിഞ്ഞ സെപ്റ്റംബർ 26-ന് മാതൃഭൂമി പത്രത്തിൽ വലിയൊരു വാർത്ത വന്നു. "പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ രക്ഷിക്കാൻ ഞാനിതാ ഉദയം ചെയ്തിരിക്കുന്നു - പ്രധാനമന്ത്രി". എന്താണ് ചെയ്തുവച്ചിരിക്കുന്നത്. 2015 ജനുവരി ഒന്നിന് പഞ്ചവത്സര പദ്ധതിക്ക് പകരമായി കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിയ നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ, 'നീതി ആയോഗ്' എന്ന പതിനഞ്ച് വർഷ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതിയെക്കുറിച്ച് പരാമർശിക്കുന്നതു പോലുമില്ല. ഈ രാജ്യത്തെ പാവപ്പെട്ട ആദിവാസികളും പട്ടികജാതിക്കാരും എന്ത് ചെയ്യും? പതിനഞ്ച് വർഷത്തേയ്ക്ക് പദ്ധതി രൂപീകരിക്കുകയാണ്. ഇവിടെ മിണ്ടാൻ ആരെങ്കിലുമുണ്ടോ? ഒന്നേമുക്കാൽ ചക്രത്തിന് ചരിത്രം പറഞ്ഞുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് നടക്കുകയാണ്. ആർക്കെന്ത് കിട്ടാൻ; ഈ ചർച്ചയ്ക്ക് എന്ത് പ്രസക്തി? കേരളത്തിൽ മൂന്നരക്കോടിയോളം ജനങ്ങളുണ്ട്. നാല്പത് ലക്ഷത്തോളം ആളുകൾ ഇന്ത്യക്ക് പുറത്ത് ജോലി ചെയ്യുന്നുണ്ട്. കേരളത്തിന് പുറത്ത് ഇരുപത്

ലക്ഷം മലയാളികളുണ്ട്. ഈ പാവപ്പെട്ട വർഗ്ഗത്തെപ്പറ്റി സംസാരിക്കാൻ ആരുണ്ട്; ഈ സർക്കാർ ആ കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് ഇതുസംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുമോ; വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമോ; കേരളത്തിന് കിട്ടേണ്ടത് കിട്ടാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയുമോ? അങ്ങനെയൊരു ബിൽ വരുമ്പോൾ ധനവിനിയോഗ ബില്ലിനെപ്പറ്റിയുള്ള ബാക്കി കാര്യങ്ങൾ പറയാം. നന്ദി, നമസ്കാരം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഇത് വാസ്തവത്തിൽ ധനവിനിയോഗത്തിനുള്ള അനുവാദമാണ്. ഈ സർക്കാർ അഞ്ച് മാസം പൂർത്തിയാക്കി, കേരളപ്പിറവിയുടെ 60 വർഷത്തിന്റെ ആഘോഷങ്ങൾ നടത്തുമ്പോൾ എല്ലാവരും യോജിക്കുന്ന ഒരു കാര്യമുണ്ട്. നമ്മൾ വിചാരിച്ചതുപോലെ കുറേ കാര്യങ്ങൾ ചെയ്തു. പക്ഷേ ധാരാളം കാര്യങ്ങൾ മുടങ്ങിക്കിടക്കുന്നു. നേട്ടങ്ങൾക്ക് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കേണ്ട, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും അടിസ്ഥാന ജനവിഭാഗങ്ങളുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നേട്ടമാണോ കോട്ടമാണോ ഉണ്ടായതെന്ന് നോക്കിയാൽ നമ്മൾ പരാജയപ്പെടും. എന്താണിതിന് കാരണം? പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല; ധനവിനിയോഗം ശരിയായി നടക്കുന്നില്ല. പദ്ധതികൾ പ്രഖ്യാപിക്കുന്നതിലല്ല കാര്യം. ഐ.എ.വൈ. പദ്ധതിയിൽ ഒരു വീടിന് രണ്ട് ലക്ഷം രൂപയായിരുന്നത് മൂന്ന് ലക്ഷം രൂപയാക്കുമെന്ന് ഇവിടെ പറഞ്ഞു. ഒരു ലക്ഷം രൂപയുടെ തർക്കം ഇവിടെ വന്നു. അഞ്ച് മാസത്തിനുള്ളിൽ പരിഹരിക്കാവുന്ന പ്രശ്നമായിരുന്നു അത്. പാവപ്പെട്ട പട്ടികജാതിക്കാരുടെ പൂർത്തിയാക്കാത്ത വീടുകൾക്ക് ഈ ഒരു ലക്ഷം രൂപ ആര് കൊടുക്കുമെന്ന് ഇപ്പോഴും തീരുമാനമായില്ല. പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമുണ്ട്. രാവിലെ ഇവിടെ തർക്കമായിരുന്നു. ഇതിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് പാവപ്പെട്ട അടിസ്ഥാന ജനവിഭാഗങ്ങളാണ്. ഐ.എ.വൈ. പദ്ധതികളെല്ലാം പൊളിഞ്ഞ് കിടക്കുകയല്ലേ; ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പോയില്ലേ; എം. എൻ. ഗോവിന്ദൻ നായർ കൊണ്ടുവന്ന ലക്ഷംവീട് പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞോ? ഞങ്ങൾ വീടുകൾ എല്ലാവർക്കും കൊടുക്കുമെന്ന് ഇപ്പോൾ പറയുന്നു. പക്ഷേ നടത്തിയ പ്രഖ്യാപനങ്ങൾ പ്രാവർത്തികമായോ? ഇവിടെ പദ്ധതികൾ പ്രഖ്യാപിക്കുന്നതിൽ എല്ലാവരും മിടുക്ക് കാണിക്കുന്നുണ്ട്. പക്ഷേ അതിന്റെ നിർവ്വഹണത്തിൽ, ധനവിനിയോഗത്തിൽ സമയബന്ധിതമായി കാര്യങ്ങൾ കൊണ്ടുപോകാൻ സാധിക്കുന്നുണ്ടോ? ധനകാര്യ വകുപ്പുമന്ത്രി ക്യാബിനറ്റിൽ

പദ്ധതികൾ പ്രഖ്യാപിക്കുന്നതുപോലെ പ്രധാനമാണ് സമയബന്ധിതമായി ആ പദ്ധതികളുടെ നിർവ്വഹണം നടത്തേണ്ടതും പണത്തിന്റെ വിനിയോഗവും. ഇപ്പോൾ ഇരുപതിനായിരം കോടി രൂപയുടെ പുതിയ അടിസ്ഥാന സൗകര്യനിധി വരാൻ പോകുകയാണ്. പലിശ കൊടുക്കേണ്ട വായ്പയാണ് എടുക്കാൻ പോകുന്നത്. ഓരോ വർഷത്തേയ്ക്കുമുള്ള ധനവിനിയോഗം കൃത്യമായി നടത്താനും പദ്ധതികൾ പൂർത്തീകരിക്കാനും സർക്കാർ ശ്രദ്ധിക്കണം. സർക്കാരിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നില്ലെന്നുള്ളതാണ് ഇന്ന് രാവിലെ നടന്ന ചർച്ചയിൽ നിന്നും മനസ്സിലാകുന്നതെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ. ധനവിനിയോഗ ബില്ലാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ, ഈ ചർച്ച നടക്കുന്ന അവസരത്തിൽ ധനകാര്യ വകുപ്പുമന്ത്രി സഭയിലില്ല. പകരം ചാർജ്ജുള്ള ആളുണ്ടെന്നുള്ള കാര്യം ഞാൻ മറക്കുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ഉണ്ടായിരുന്നില്ല. ആ സമയത്ത് ചെയറിൽ ഇരുന്ന ആളിനെ മോശമാക്കുന്നി ല്ലെന്നുള്ളതുകൊണ്ട് ആ സമയത്ത് ഞാനിക്കാര്യം ഉന്നയിച്ചില്ല. അങ്ങ് വരുമ്പോൾ പറയാനാണിരുന്നത്. ഇത് ഗൗരവമായിട്ടെടുക്കണം. ധനവിനിയോഗ ബിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ ധനകാര്യവകുപ്പുമന്ത്രി സഭയിലുണ്ടാകണം. മറ്റ് മന്ത്രിമാരെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. അത് അങ്ങ് ശ്രദ്ധിക്കേണ്ടതാണ്. ഇത് സഭയോടുള്ള കടുത്ത അവഗണനയും അവഹേളനവുമാണ്. ഇക്കാര്യത്തിൽ അങ്ങ് ശക്തമായ റൂളിംഗ് നൽകണം.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. അത് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റുമായി ബന്ധപ്പെട്ട ബാക്കി നടപടിക്രമങ്ങളിലെല്ലാം മന്ത്രി ഇവിടെയുണ്ടായിരുന്നു. ഇന്നലെയും ഉണ്ടായിരുന്നു. ഇന്ന് അദ്ദേഹത്തിന് ഒഴിവാക്കാൻ സാധിക്കാത്ത മീറ്റിംഗുള്ളതുകൊണ്ട് പോയതാണെന്നാണ് അറിയുന്നത്. ഏതായാലും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അങ്ങ് ചെയറിന്റെ ശ്രദ്ധയിൽ പ്പെടുത്തിയത്. അത് പരിശോധിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഉദ്യോഗസ്ഥ ഗ്യാലറിയിൽ ഉദ്യോഗസ്ഥരാരുമില്ല. അതും അങ്ങ് പരിശോധിക്കണം.

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളം രൂപീകൃതമായി 60 വർഷം പിന്നിടുന്നതിന്റെ ആഘോഷത്തിലും സന്തോഷത്തിലുമാണ് മലയാളികൾ. 1956 നവംബറിൽ ഐക്യകേരള രൂപീകരണത്തിനു ശേഷം ഒരു വർഷം തികയുന്നതിനുമുമ്പായിരുന്നു നിയമസഭയിലേയ്ക്കുള്ള ആദ്യ

തെരഞ്ഞെടുപ്പ് നടന്നത്. 1957 ഏപ്രിൽ 5-ന് ആധുനിക കേരളത്തിന്റെ രാജശില്പിയായി മഹാനായ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം കൊടുത്ത സർക്കാർ അധികാരത്തിൽ വന്നു. അന്ന് അധികാരമേറ്റെടുത്ത ഇ.എം.എസ്. മന്ത്രിസഭയാണ് 60 വർഷക്കാലം പിന്നിടുന്ന ആധുനിക കേരളത്തിന്റെ നിർമ്മിതിക്ക് തുടക്കം കുറിച്ചതെന്ന് പറയാൻ കഴിയും. ഇൻഡ്യയിൽ പല കാര്യങ്ങൾക്കും കേരളം മാതൃകയാണ്. ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസരംഗത്ത് സ്വീകരിച്ച നയവുമായിരുന്നു അന്നത്തെ സർക്കാരിന്റെ മാഗ്നാകാർട്ട. എന്നാൽ ആ സർക്കാരിനെതിരെ മാപ്പർഹിക്കാത്തവിധം കുറ്റകരമായ നിലപാട് സ്വീകരിച്ചുകൊണ്ട് 'വിമോചനസമര'മെന്ന വിരോധാഭാസ സമരം കേരളത്തിൽ സംഘടിപ്പിക്കുകയും ഇൻഡ്യൻ ഭരണഘടനയുടെ 356-ാം വകുപ്പ് ഉപയോഗപ്പെടുത്തിക്കൊണ്ട് അന്നത്തെ സർക്കാരിനെ പിരിച്ചുവിടുകയുമാണ് ചെയ്തത്. 1967-ൽ വീണ്ടും ഇടതുപക്ഷജനാധിപത്യ മുന്നണി അധികാരത്തിൽ വന്നപ്പോഴാണ് ഭൂപരിഷ്കരണ നിയമവും കാർഷികബന്ധ ബില്ലും നിയമസഭ പാസ്സാക്കിയത്. അതിന്റെ തുടർച്ചയായുള്ള ഒരു സർക്കാരിനാണ് ഇന്ന് സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്നത്. സംസ്ഥാന രൂപീകരണം 60 വർഷം പിന്നിടുന്ന ഈ അവസരത്തിൽ വികസന കാര്യങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്ന് കാണാൻ കഴിയും. ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനവും ദുരിതബാധിതർക്ക് അടിയന്തര സഹായവും നൽകി മുന്നോട്ടുകൊണ്ടുപോകുകയെന്നതാണ് ഈ സർക്കാരിന്റെ നയം. വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധി തടസ്സമാകരുതെന്ന ലക്ഷ്യത്തോടുകൂടി അടിസ്ഥാന സൗകര്യവികസനത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പരിസ്ഥിതി സൗഹാർദ്ദത്തിലൂന്നിയ വികസനനയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഭാരതത്തിന് മാതൃകയായി കേരളത്തിലെ ആദ്യത്തെ ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസനിയമവും ആ കാലയളവിലും പിൽക്കാലത്തും സംസ്ഥാനത്തുണ്ടാക്കിയ സ്വാധീനം വലുതാണ്. ഭൂവുടമബന്ധത്തിൽ മാറ്റം വരുത്തിയ ഭൂപരിഷ്കരണനിയമം സാധാരണക്കാരായ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ജീവിതരീതിയിലും സ്വാഭാവികമായ മാറ്റം പ്രകടമാക്കുന്നതായിരിക്കും. ജന്മിയിൽ നിന്നും പാട്ടത്തിന് ഭൂമിയെടുത്ത് കൃഷി ചെയ്തിരുന്നവർ ഒഴിഞ്ഞുകൊടുക്കേണ്ട എന്ന നിയമം, അതുവരെ ഭൂമിയിൽ തന്റെ അദ്ധ്വാനം മുഴുവൻ ചെലവഴിച്ച് കൃഷിയിറക്കിയിരുന്ന കർഷകരെ ഭൂവുടമകളാക്കി. 1957 സെപ്റ്റംബറിൽ വിദ്യാഭ്യാസ നിയമം പാസ്സാക്കി. അതിൽ ചില ഭേദഗതികളുണ്ടായെങ്കിലും ഇന്നും ആ ഘടന തന്നെയാണ് തുടരുന്നത്. കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന് ഏകീകൃത ബില്ലായിരുന്നു. സ്വകാര്യ മാനേജ്മെന്റുകളുടെ പിടിയിലമർന്നിരുന്ന ആ സ്ഥിതിവിശേഷത്തിന് ഒരു മാറ്റം വന്നു. കാർഷിക

മേഖലയ്ക്ക് ഊർജ്ജം പകർന്ന നടപടികളാണ് 1957-ലെ കുടിയൊഴിപ്പിക്കൽ നിയമംമൂലം സാധ്യമായത്. ഇന്ന് ഏതെങ്കിലും ഒരു മേഖലയിൽ കേരളം പുരോഗതി കൈവരിക്കുന്നുണ്ടെങ്കിൽ അതിന്റെ രക്തയോട്ടവും വേരും നിരീക്ഷിച്ചാൽ 1957-ലെ കാർഷിക പരിഷ്കരണ നിയമത്തിന്റെ തുടർച്ചയും അനുബന്ധവുമെല്ലാം അതിൽ അടങ്ങിയിട്ടുണ്ടെന്ന് കാണാൻ കഴിയും. 60 വർഷം മുമ്പ് ഭാഷാടിസ്ഥാനത്തിൽ രൂപീകരിച്ച ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ കാർഷിക മേഖലയായിരുന്നു. ഏതാനും വർഷങ്ങൾ ജന്മി-കുടിയാൻ ബന്ധത്തിലെ ചൂഷണങ്ങളുടെയും ചതികളുടെയും ചരിത്രമായിരുന്നുവെങ്കിൽ മണ്ണിനുവേണ്ടിയുള്ള പോരാട്ടം തുടങ്ങിയതും അടിമത്വത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചതും വയലുകളിൽ നിന്നായിരുന്നു. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ആദ്യസമരവും വിദ്യാഭ്യാസ ചിന്തകളും ഉടലെടുത്തത് കൃഷിയിടങ്ങളിൽ നിന്നായിരുന്നു. വാരവും പാട്ടവും പിഴയും പിഴപാട്ടവും വയൽവരമ്പുകളിൽ പുതിയ ചിന്തകളുടെ വിത്തുകൾ പാകി. 'തമ്പ്രാൻ എന്ന് വിളിപ്പിക്കും പാളയിൽ കഞ്ഞി കുടിപ്പിക്കും' എന്ന ജന്മിമാരുടെയും ഭൂസ്വാമിമാരുടെയും പ്രമാണിവർഗ്ഗത്തിനെതിരായിട്ടുള്ള പോരാട്ടത്തിൽ 'തമ്പ്രാൻ എന്ന് വിളിക്കില്ല പാളയിൽ കഞ്ഞികുടിക്കില്ല' എന്ന മുദ്രാവാക്യമുയർത്തുകയും ഇതിനെല്ലാം നേതൃത്വം കൊടുക്കുകയും പങ്കുവഹിക്കുകയും ചെയ്തവരാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലുള്ള ആളുകൾ. കേരളത്തിന്റെ 60-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ വേളയിൽ അധികാരത്തിലിരിക്കുന്നത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം വഹിക്കുന്ന സർക്കാർ തന്നെയാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ജന്മം നൽകിയ പിണറായി എന്ന ഗ്രാമത്തിൽ ജനിച്ച് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരനായി വളർന്ന സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാരാണ് ഇപ്പോൾ അധികാരത്തിലിരിക്കുന്നത് എന്നതും ചരിത്രത്തിന്റെ നിയോഗമായി നമുക്ക് കണക്കാക്കാം.

ശ്രീനാരായണഗുരു, വാഗ്ഭടാനന്ദൻ, ചട്ടമ്പിസ്വാമി, അയ്യങ്കാളി, വൈകുണ്ഠ സ്വാമി, പണ്ഡിറ്റ് കറുപ്പൻ, സഹോദരൻ അയ്യപ്പൻ, പൊയ്കയിൽ യോഹന്നാൻ എന്നിവർ ഉഴുതുമറിച്ച ഈ മണ്ണ് നവോത്ഥാന പ്രസ്ഥാനത്തിന്റെ ചരിത്രപരമായ മുന്നേറ്റത്തിലൂടെ ദേശീയ പ്രസ്ഥാനത്തിന്റെ അടിത്തറയിൽ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളുടെ കർമ്മോത്സുകമായ മുന്നേറ്റത്തിനാണ് സാക്ഷ്യം വഹിച്ചത്. ഈ സംസ്കൃതി നഷ്ടപ്പെടാതെ നോക്കിയെന്നതാണ് കേരളത്തെക്കുറിച്ച് ചിന്തിക്കുന്ന ഓരോ പൗരന്റെയും ദേശാഭിമാനപരമായ കടമ. കേരളത്തിന്റെ സമ്പദ്ഘടനയിൽ കാർഷിക മേഖലയുടെ സംഭാവന കുറഞ്ഞുവരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ആ സംസ്കൃതി വീണ്ടെടുക്കാനാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആറന്മുളയിൽ വിത്ത് വിതച്ചതും കാർഷികോല്പാദനത്തിന് നേതൃത്വം കൊടുത്തതും. ഇക്കാലയളവിൽ സമ്പദ്ഘടനയ്ക്ക് താങ്ങായത് ഗൾഫ് മലയാളികളുടെ വരവും അവരുടെ സമ്പാദ്യവുമാണ്. എന്നാൽ ഈ വളർച്ച കൂടുതലും പ്രകടമായത് നിർമ്മാണമേഖലയിലും റിയൽ

എസ്റ്റേറ്റ് വികസനത്തിലുമാണ്. സാമ്പത്തികമായ മുരടിപ്പിൽ നിന്ന് രക്ഷപ്പെടാനായെങ്കിലും അടിസ്ഥാന വികസന മേഖലയായ കാർഷിക മേഖലയിലെ മുരടിപ്പ് ഇക്കാലയളവിലും തുടർന്നു. ഗൾഫ് മലയാളികളുടെ സംഭാവന വ്യാവസായിക മേഖലയിലെ വളർച്ചയും വളരെയേറെ ഗുണം ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. ഈ പൊതുസേവന മേഖലകളുടെ വളർച്ചയ്ക്ക് ഗൾഫ് മലയാളികളുടെ സംഭാവന ധാരാളമുണ്ടായിട്ടുണ്ട്. ടൂറിസവും വിവരസാങ്കേതികവിദ്യയും കേരളത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ ഗണ്യമായ സംഭാവന നൽകുന്ന മേഖലയിലേക്ക് വളരാൻ വിദേശമലയാളികളുടെ സേവനം ഉപകരിച്ചിട്ടുണ്ട്. കേരളം കൈവരിച്ച നേട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് റൂൾ 300 പ്രകാരം ബഹുമാനപ്പെട്ട ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഇവിടെ നടത്തിയ പ്രഖ്യാപനം. ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ 'Statutory Rationing System'-ത്തിലൂടെ നേടിയെടുത്ത ഈ നാടിന്റെ മഹത്തായ അവകാശത്തിനു നേരെയുള്ള കടന്നാക്രമണം ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കാത്തതിന്റെ ഫലമായി നമുക്ക് നഷ്ടപ്പെട്ടത് 1,65,000 ടൺ അരിയാണ്. അതിന് രാഷ്ട്രീയമായ ഉത്തരവാദിത്വം കോൺഗ്രസ്സിനുണ്ടെന്ന് വിമർശനപരമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭക്ഷ്യ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് പ്രൊഫ. കെ. വി. തോമസായിരുന്നു ആ നിയമം പാർലമെന്റിൽ പൈലറ്റ് ചെയ്തത്. അതിലൂടെയാണ് കേരളത്തിന് കിട്ടേണ്ട വിഹിതം കിട്ടാതെ പോയത്. അക്കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുമായി ഇക്കാര്യം ചർച്ച ചെയ്തു. അഡ്ഹോക്ക് അലോട്ട്മെന്റിലേ ഭക്ഷ്യധാന്യം കിട്ടുകയുള്ളൂവെന്നാണ് അന്ന് പറഞ്ഞത്. അഡ്ഹോക്ക് എന്നാൽ താൽക്കാലികമാണ്. താൽക്കാലിക അലോട്ട്മെന്റിന് സ്ഥിരതയില്ല. ആ കുറവ് ഇപ്പോൾ സംഭവിച്ചുവെങ്കിലും, സാമ്പത്തിക ബാധ്യതയുടെ നടുവിൽ നിന്നുകൊണ്ട് ആ കുറവ് പരിഹരിക്കാനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതെന്ന സന്തോഷകരമായ വാർത്തയാണ് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ പ്രഖ്യാപിച്ചത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ ഒന്നും ചെയ്തിട്ടില്ലായെന്നും അതുകൊണ്ടാണ് ഈ കുഴപ്പം സംഭവിച്ചതെന്നുമാണ് പ്രൊഫ. കെ. വി. തോമസ് അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ പറഞ്ഞിട്ടുള്ളത്. അതിനെ കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എസ്. ശർമ്മ: സർ, കഴിഞ്ഞ സർക്കാർ ഈ കുറവ് ശരിയായ രീതിയിൽ കണ്ടിരുന്നു. ആ കുറവ് പരിഹരിക്കുന്നതിന് അഡ്ഹോക്ക് അലോട്ട്മെന്റ് കിട്ടുമെന്ന് കേന്ദ്രം പറഞ്ഞിട്ടുണ്ടെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അഡ്ഹോക്ക് അലോട്ട്മെന്റിന് പ്രൊട്ടക്ഷനില്ല. അത് മാനത്തെറിഞ്ഞ വടി പോലെയാണ്; കിട്ടിയാൽ കിട്ടി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തെ ചോരക്കളമാക്കി മാറ്റാനും എൽ.ഡി.എഫ്. സർക്കാരിനെ അപമാനിക്കാനുമുള്ള നീക്കമാണ് ആർ.എസ്.എസ്.-ബി.ജെ.പി. സംഘ്പരിവാർ നടത്തിക്കൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽനിന്നുമാത്രം സി.പി.ഐ. (എം)-ന്റെ മൂന്ന് പ്രവർത്തകരെ ആർ.എസ്.എസ്. ക്രിമിനലുകൾ കൊലപ്പെടുത്തുകയുണ്ടായി. അത് മറച്ചുവയ്ക്കാൻവേണ്ടി ഡൽഹിയിൽ സി.പി.ഐ.(എം)-ന്റെ കേന്ദ്ര കമ്മിറ്റി ഓഫീസിലേയ്ക്ക് ആർ.എസ്.എസ്.-കാർ മാർച്ച് നടത്തുകയും ഭീഷണിപ്പെടുത്തുകയും ശ്രീ. സീതാറാം യെച്ചൂരിക്ക് വധഭീഷണി സന്ദേശം അയയ്ക്കുകയും ഓഫീസ് ആക്രമിക്കുകയും ചെയ്തു. ഇവിടെ പ്രവർത്തകരെ വെട്ടിയും കുത്തിയും കൊലപ്പെടുത്തിയിട്ട് അവിടെ ചെന്ന് ആക്രമിക്കുന്നുവെന്ന് തിരിച്ചാക്ഷേപം ഉന്നയിക്കുന്ന ഗീബൽസ്യൻ തന്ത്രമാണ് എല്ലാക്കാലവും സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വേറിട്ടൊരു സംസ്ഥാനമാണ് കേരളം. മനുസ്മൃതിയും ചാതുർവർണ്ണ്യവും അടിച്ചേൽപ്പിച്ച ജാതീയ ക്രൂരതകൾക്കെതിരെ മനുഷ്യനെ മനുഷ്യനായി മാത്രം കാണാനും ബന്ധങ്ങൾ വളർത്താനും ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും അയ്യങ്കാളിയുമുൾപ്പെടെയുള്ള നവോത്ഥാന നായകന്മാരുടെ നേതൃത്വത്തിൽ നടന്ന ജനകീയ മുന്നേറ്റങ്ങളുമുൾപ്പെടെ സംസ്ഥാനത്തെ മുന്നോട്ട് നയിക്കുന്നതിൽ വലിയ പങ്ക് ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നിരവധിയാളുകൾ രക്തസാക്ഷിത്വം വരിക്കുകയും തന്മൂലം മതനിരപേക്ഷവും പുരോഗമനപരവുമായ ജനകീയ മുന്നേറ്റത്തിൽ വേരുറപ്പിക്കാൻ വർഗ്ഗീയ ശക്തികൾക്കും വലതുപക്ഷ പിന്തിരിപ്പൻ ശക്തികൾക്കും വടക്കേ ഇന്ത്യയിൽ കഴിഞ്ഞതുപോലെ കേരളത്തിൽ കഴിഞ്ഞില്ലായെന്നുള്ളത് ഈ സാഹചര്യത്തിൽ സവിശേഷ പ്രാധാന്യം അർഹിക്കുന്നുണ്ട്. വടക്കേ ഇന്ത്യയിൽ അഴിഞ്ഞാടുന്ന ദളിത് പീഡനം, സാഹിത്യകാരന്മാരെ വധിക്കുക, ഭീകരാക്രമണം നടത്തുക തുടങ്ങി ഭീകര സ്വഭാവത്തോടുകൂടി വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ അഴിഞ്ഞാടുമ്പോൾ അതിനെതിരായ പോരാട്ടം ജനങ്ങളെ വർഗ്ഗീയമായി ഭിന്നിപ്പിച്ച് ആഗോളവൽക്കരണ നവ ഉദാരവൽക്കരണ നയങ്ങൾക്കെതിരായി രാജ്യത്ത് വളർന്നുവരുന്ന തൊഴിലാളി സംഘടനകളുടെ ഐക്യവും തൊഴിലാളി കർഷക ബഹുജന ഐക്യവും ജനാധിപത്യ മതേതരശക്തികളുടെ കെട്ടുറപ്പും തകർക്കാനുള്ള ആർ.എസ്.എസ്. സംഘ്പരിവാർ നീക്കത്തിന് ശ്രീ. നരേന്ദ്ര മോദി ഭരണത്തിന്റെ പിന്തുണയുണ്ട്. അതിനെതിരായി ജനങ്ങളെ അണിനിരത്തുമ്പോൾ രണ്ടും ഒന്നാണെന്ന കോൺഗ്രസ്സിന്റെ നിരീക്ഷണം ഫലത്തിൽ ഈ വർഗ്ഗീയ പ്രീണനത്തെ സഹായിക്കുകയാണ് ചെയ്യുന്നത്. സി.പി.ഐ.(എം).-ഉം ബി.ജെ.പി.-യും ഒന്നാണെന്ന അസസ്സ്മെന്റാണ് ഏത് സംഭവത്തിലും വരുന്നത്. 1948 ജനുവരി 30-ന് ബിർള മന്ദിരത്തിൽ 'രഘുപതി രാഘവ രാജാറാം പതീത പാവന സീതാറാം' എന്ന് ഉരുവിട്ട ഗാന്ധിജിയെ പച്ചയായി വെടിവെച്ച് കൊലപ്പെടുത്തിയ ഗോഡ്സെയുടെ പൈതൃകമുള്ള ആർ.എസ്.എസ്.-ഉം അവരുടെ ആക്രമണത്തിന് ഇരയായി രക്തസാക്ഷിത്വം വരിക്കേണ്ടി വരുന്ന സി.പി.ഐ.(എം)-ഉം ഒരുപോലെയാണെന്ന

നിരീക്ഷണത്തിൽ നിങ്ങളെത്തുന്നവെങ്കിൽ ഇന്ത്യ കണ്ട വരും കാലം രാഷ്ട്രീയത്തിൽ ഏറ്റവും അപകവുമായ നിരീക്ഷണമായിരിക്കും കോൺഗ്രസിന്റേതെന്ന് ഓർമ്മപ്പെടുത്തി കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭരണ പരിഷ്കാര കമ്മീഷന് പണം ചോദിക്കുന്ന സർക്കാരിന് ഇത്രയും നാളായിട്ടും ബഹുമാന്യനായ മുൻമുഖ്യമന്ത്രി, ഇപ്പോഴത്തെ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനെ കുടിയിരുത്താൻ കഴിഞ്ഞോ; പണയം വച്ച പാത്രത്തിന്റെ അവസ്ഥയല്ലേ അദ്ദേഹത്തിന്. മുൻമുഖ്യമന്ത്രിയെ അപമാനിക്കലല്ലേ; പാത്രമെടുക്കണമെങ്കിൽ പണയം വച്ചവർ വരണം, ബഹുമാനപ്പെട്ട പിണറായി വിജയൻ അതിന് തയ്യാറല്ല. ഭരണപരിഷ്കാര കമ്മീഷന്റെ സ്ഥിതിയിതാണെങ്കിൽ ഭരണത്തെപ്പറ്റി പറയണോ; ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം. സ്വകാര്യവ്യക്തികളുടെ ഒന്നര ഏക്കർ സ്ഥലത്ത് വിത്തിറക്കിയിട്ട്, ഇത് ആറന്മുള വിമാനത്താവളത്തിലാണെന്ന് പെരുമ്പറ കൊട്ടി നടക്കാൻ നിങ്ങൾക്ക് നാണമില്ലേ? ദേശാഭിമാനി പത്രകട്ടിംഗാണ് എന്റെ കൈവശമുള്ളത്. (ദേശാഭിമാനി പത്രം ഉയർത്തി കാട്ടി.) വിമാനത്താവളത്തിൽ വിത്തിറക്കിയെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. നിങ്ങൾ ഖജനാവിലുണ്ടാക്കിയ കോട്ടങ്ങൾ എന്തൊക്കെയാണെന്ന് പറയട്ടെ; സ്വാശ്രയമാനേജ്മെന്റുകൾക്ക് നേട്ടമുണ്ടാക്കി കൊടുത്തു. ലോട്ടറി വ്യവസായത്തെ സാന്റിയാഗോ മാർട്ടിന്റെ അനുയായികളുടെ കൈകളിലേയ്ക്ക് മൂന്നക്ക ലോട്ടറിയിലൂടെ എത്തിച്ചുകൊണ്ടിരിക്കുന്നു. അതും വേണമെങ്കിൽ നേട്ടമാണ്. അഞ്ച് ലക്ഷം ഏക്കർ സ്ഥലം വിദേശ കമ്പനികളിൽ നിന്നും ശ്രീ. അടൂർ പ്രകാശിനെ പോലെയുള്ളവർ തിരിച്ചുപിടിക്കാൻ തീരുമാനിച്ച് നല്ല ഉദ്യോഗസ്ഥനെ വച്ച് മുന്നോട്ടുപോയപ്പോൾ ശ്രീമതി സുശീലാ ഭട്ടിനെ മാറ്റി സ്റ്റേ വാങ്ങിക്കാൻ നിങ്ങൾ അവസരം ഉണ്ടാക്കിക്കൊടുത്തു. പിന്തുണയ്ക്കാൻ കഴിയുമോ? കണ്ണൂരിലെ കൊലപാതകത്തെപ്പറ്റി പറയുമ്പോൾ സാംപുട് ലീ 1922-ൽ പ്രസിദ്ധീകരിച്ച "ഷക്കോ ഉലിബാജറ്റ്" എന്ന സമാഹാരത്തിലെ ഒരു bolshevik കവിത ഞാൻ വായിക്കാം.

"പ്രേമത്തെക്കുറിച്ച് പാടാനാണ് നിങ്ങൾക്കിഷ്ടം; എന്നാൽ പാട്ടുകൾ വേറെ ഞാൻ പഠിപ്പിക്കാം. രക്തത്തെക്കുറിച്ച്, വധത്തെക്കുറിച്ച്, മരണത്തെക്കുറിച്ച്, ബിലാക്കിന്റെ ലളിതമായ പരിമളം മടുത്തു, കൊലപാതകത്തിന്റെ പൂപ്പടയാണ് എനിക്കിഷ്ടം. അയൽക്കാരനെ സ്നേഹിക്കുന്നവനെ കുരിശിൽ തറയ്ക്കുക, അതാണ് ആഹ്ലാദത്തിന്റെ പരകോടി. ഒരു മനുഷ്യനെ തുണ്ടുതുണ്ടാക്കുന്നത് എന്തൊരു രസമാണ്. നോക്കൂ ഭയംകൊണ്ട് അവൻ അങ്ങനെ ഞെട്ടി വിറയ്ക്കുന്നു. ആരാച്ചാർ സാവകാശത്തിൽ അവന്റെ കഴുത്ത് ഞെരിച്ച് കൊല്ലുമ്പോൾ അവൻ അങ്ങനെ കിടന്ന് പിടയ്ക്കുന്നു. മുറിവേൽക്കുമ്പോൾ എത്ര സന്തോഷപ്രദമാണ് കേൾക്കൂ നിങ്ങളുടെ കൊലവിളി ഒരു കയർ, ഒരു വെടി, ഒരു ചുവർ... ശ്മശാനം നിന്റെ വിധിയാണ്...."

(ബഹളം)....

ഇതാണ് കണ്ണൂരിൽ നടന്നുകൊണ്ടിരിക്കുന്നത്. ഐ.എ.എസ്., ഐ.പി.എസ്. പോരാട്ടം സത്യസന്ധതയ്ക്ക് പേരുകേട്ട ധനകാര്യ വകുപ്പ് സെക്രട്ടറിയെ മോശക്കാരനാക്കാനുള്ള ശ്രമമാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ.. ശ്രീ. പി. ടി. തോമസ്, അങ്ങ് വായിച്ചത് bolshevik കവിതയല്ല. അങ്ങ് ഈ കവിത എഴുതിയ ആളിന്റെ പേര് പറയണം. ഇതൊരു ഫാസിസ്റ്റ് കവിതയാണ്. ആരാണെഴുതിയത്? കവിയുടെ പേര് പറയൂ.

ശ്രീ. പി. ടി. തോമസ്: സർ, നിങ്ങൾ കേൾക്കാത്തതിന് ഞാൻ കുറ്റവാളിയാണോ? എം. കെ. ഗാന്ധി 1925-ൽ Young India-യിൽ ഇത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വേണമെങ്കിൽ നിങ്ങൾക്ക് പരിശോധിക്കാം. മുഖ്യമന്ത്രിയും മന്ത്രിമാരും തമ്മിലുള്ള ഒളിയമ്പുകൾ എന്താണെന്ന് ഞാൻ പറയുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ബാലനും ഡോ. ടി. എം. തോമസ് ഐസക്കുമൊക്കെ ഓരോ ദിവസവും അതെല്ലാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ അപ്രമാദിത്വം ഓർത്തുള്ള സി.പി.ഐ.(എം)-ന്റെ ഗാന്ധാരി വിലാപം, ഇതല്ലേ നിങ്ങളുടെ നേട്ടങ്ങൾ. ഇതിനെ ഞങ്ങൾക്ക് പിന്തുണയ്ക്കാൻ സാധിക്കുമോ? ഇല്ലെന്ന് മാത്രമേ പറയാനുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ 153 ശതമാനം മൂലധനം വർദ്ധിപ്പിച്ചു. 95 ശതമാനം പദ്ധതി ചെലവഴിച്ചു. നികുതിയേതര വരുമാനം 325 ശതമാനം വർദ്ധിപ്പിച്ചു. നിങ്ങൾ 6 മാസം കൊണ്ട് പിഞ്ഞാണക്കടയിൽ കയറിയ കാളക്കൂട്ടനെപ്പോലെ കാര്യങ്ങൾ ശരിയാക്കി. എ.ഡി.ബി.-യെ എതിർത്തു, സ്വകാര്യമേഖലയെ എതിർത്തു, വിരുന്നുവന്നവൻ വീട്ടുകാരനായി എന്ന മട്ടിലായിരിക്കുന്നു. മുതലാളിത്ത സമ്പദ്ഘടനയുടെ മുഖ്യ ആരാധികയുടെ ഗീതോപദേശത്തിൽ നിങ്ങൾ തേര് തെളിയിക്കപ്പെടുകയാണ്. ഡോ. ടി. എം. തോമസ് ഐസക് ഇപ്പോൾ ഇവിടെയില്ലാത്തത് മോശമായി. 2003 ജൂൺ 24-ന് നിയമസഭയിൽ അന്നത്തെ സ്പീക്കർ എം.എൽ.എ.-മാർക്കായി ഒരു ചർച്ച സംഘടിപ്പിച്ചു. " How the State of Kerala has performed during this decade" എന്നതായിരുന്നു വിഷയം. ഇതിൽ പങ്കെടുക്കാൻ വന്ന സാമ്പത്തിക വിദഗ്ദ്ധർ വിവേക് ഒബ്റോയിയും ലവീഷ് ഭണ്ഡാരിയുമായിരുന്നു. ഇവരെല്ലാം ശ്രീമതി ഗീതാ ഗോപിനാഥിനെപ്പോലെ മുതലാളിത്ത രാഷ്ട്രങ്ങളുടെ വക്താക്കളാണെന്ന് പറഞ്ഞ് ഡോ. ടി. എം. തോമസ് ഐസക്കടക്കമുള്ള അന്നത്തെ ഇടതുപക്ഷ എം.എൽ.എ.-മാരെല്ലാം ബഹുമാനപ്പെട്ട സ്പീക്കർ സംഘടിപ്പിച്ച ആ ചർച്ച ബഹിഷ്കരിച്ചു. ഞാൻ രേഖയുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. എനിക്ക് ഓർമ്മിപ്പിക്കാനുള്ളത് ഇന്നലെ ചെയ്തോരബദ്ധം ഇന്നത്തെ ആചാരമാകാം, നാളത്തെ ശാസ്ത്രമതാകാം എന്നാണ്.

കേരളപ്പിറവിയുടെ 60-ാം പിറന്നാൾ പ്രമാണിച്ച് ഐക്യകേരള രൂപീകരണത്തെ കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശം സംബന്ധിച്ച് ചില കാര്യങ്ങൾ പറയാതിരുന്നാൽ അത് തെറ്റായി രേഖയിൽ കിടക്കും. ഐക്യകേരള രൂപീകരണത്തെക്കുറിച്ച് പറയുമ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ മാറ്റിനിർത്തി ആർക്കെങ്കിലും എന്തെങ്കിലും പറയാൻ കഴിയുമോ; അത് പ്രതിഷ്ഠയില്ലാത്ത അമ്പലം പോലെയാണ്. ഭാരതത്തിലെ ജനകോടികളുടെ മൂർത്തിബിംബമായ കോൺഗ്രസ്സിനെ മറന്ന് ഏത് ഐക്യകേരളത്തെപ്പറ്റിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. എല്ലാ നേട്ടങ്ങളും ഞങ്ങളുടേതാക്കാനുള്ള ഗീബത്സ്യൻ തന്ത്രമാണ് കമ്മ്യൂണിസ്റ്റുകാരുടെ മുഖമുദ്ര. എന്താണ് സത്യം; 1920-ൽ നാഗ്പൂർ എ.ഐ.സി.സി.-യാണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനമുണ്ടാക്കാൻ തീരുമാനിച്ചതെന്നുള്ളത് സത്യമല്ലേ? അതിന്റെ അടിസ്ഥാനത്തിൽ 1921-ൽ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുണ്ടായി. അതിൽ ഐക്യ കേരളമില്ലേ; 1928-ൽ സമസ്ത കേരള സാഹിത്യ പരിഷത്തുണ്ടായി. അതിൽ ഐക്യ കേരളമില്ലേ; തൃശ്ശൂരിൽ ഐക്യകേരള സമ്മേളനം നടന്നു. 1945-48 കാലത്ത് ഇ.എം.എസ്. എഴുതിയ ഒന്നേകാൽ കോടി മലയാളികൾ, കേരളം മലയാളികളുടെ മാതൃഭൂമി എന്നീ കൃതികളാണ് ഐക്യകേരളമുണ്ടാക്കിയതെന്നൊക്കെ പറയുന്നത് ചരിത്ര നിഷേധമല്ലേ; ഇത്തരം ചില സൂത്രപ്പണികൾ കമ്മ്യൂണിസ്റ്റ് സ്നേഹിതന്മാർ എന്നും ഉന്നയിച്ചിട്ടുണ്ട്. ഇവരുടെ മറ്റൊരവകാശ വാദം, സർ. സി.പി.-യെ ഓടിച്ചത് ഇവരാണെന്നാണ്. സത്യത്തിൽ എന്താണ് സംഭവിച്ചത്; ശ്രീ. ജി. സുധാകരനറിയാം. സർ. സി.പി.- യെ വെട്ടാൻ കെ.സി.എസ്. മണിക്ക് വാൾ പണിതുകൊടുത്ത കെ.പി.സി.സി പ്രസിഡന്റ്, കുമ്പളത്ത് ശങ്കുപ്പിള്ളയുടെ അനുയായികളായ ഞങ്ങളോട് പറയുകയാണ് 'സി.പി.- യെ വെട്ടിയ നാടാണേ ഓർത്തു ഭരിച്ചോ സൂക്ഷിച്ചോ' എന്ന്. ഇതല്ലേ ഇവരുടെ പരിപാടി.

ഇവരുടെ മറ്റൊരു വാദം, ലോകത്ത് ബാലറ്റിലൂടെ അധികാരത്തിലേറിയ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ 1957-ലെ ഇ.എം.എസ്. സർക്കാരാണെന്നാണ്. 1945-ൽ യൂറോപ്പിൽ സാന്റ് മാരിയാവോയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ബാലറ്റിലൂടെ അധികാരത്തിൽ വന്നിട്ടുണ്ട്. 1953-ൽ ഗയാനയിലും അധികാരത്തിൽ വന്നിട്ടുണ്ട്. ബി.ജെ.പി.-ആർ.എസ്.എസ്. ഭീകരതയെക്കുറിച്ച് ശ്രീ. എസ്. ശർമ്മ ഉൾപ്പെടെയുള്ള എന്റെ കമ്മ്യൂണിസ്റ്റ് സ്നേഹിതന്മാർ പറയാറുണ്ട്. രണ്ട് കൂട്ടരും പ്രാഥമികമായി ഫാസിസ്റ്റുകളാണ്. പട്ടാളച്ചിട്ടയുണ്ട്, റെഡ് വോളന്റിയർമാർ ഒരു ഭാഗത്ത്, കാക്കി വോളന്റിയർമാർ മറുഭാഗത്ത്; സ്വാതന്ത്ര്യസമരത്തെ രണ്ടുപേരും എതിർത്തിട്ടുണ്ട്. കെ. ജി. മാരാർ ഉദുമയിലും ശ്രീ. പിണറായി വിജയൻ കൂത്തുപറമ്പിലും മത്സരിച്ചത് ഇവരുടെ സഖ്യത്തിലാണ്. എന്റെ കയ്യിൽ ദി ഹിന്ദു പത്രത്തിൽ വന്ന ഒരു ചിത്രമുണ്ട്

(പേപ്പർ ഉയർത്തിക്കാട്ടി). ഇ.എം.എസ്.-ഉം ജ്യോതിബസുവും വാജ്പേയിയും അദ്വാനിയും കൈകോർത്ത് കൽക്കട്ടയിൽ നിൽക്കുന്ന പുളകം കൊള്ളിക്കുന്ന ഒരു ചിത്രമാണ്. ഇപ്പോൾ ഇവർ പറയുകയാണ്, സംഘ്പരിവാർ ശക്തികളെ കൈപിടിച്ചുയർത്തി നിർത്തിയത് സി.പി.എം.-കാരാണെന്നാണ്. ഭസ്മാസുരന് വരം കൊടുത്തതു പോലെ സംഘ്പരിവാറിന്റെ വിശ്വരൂപം കൊടുത്ത് അവർ വളർന്നു. രണ്ട് എം.പി.-മാരേയുണ്ടായിരുന്നുള്ളൂ. നിങ്ങൾ കൂട്ടുകൂടി, തൊട്ടുകൂടായ്മ ഒഴിവാക്കി. ഭാരതത്തിന്റെ മണ്ണിൽ അവരെ പ്രതിഷ്ഠിച്ചതിൽ ഒന്നാം പ്രതി നിങ്ങളാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്..... അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, നിങ്ങളുടെ പിടിവിട്ട് വളർന്നുപൊങ്ങിയ സംഘ്പരിവാർ യഥാർത്ഥസ്വഭാവം കാണിച്ചു തുടങ്ങിയപ്പോൾ നിങ്ങൾ ചോദിക്കുന്നു ആർ.എസ്.എസ്- നെ നേരിടാൻ ആരുണ്ട്; ആർ.എസ്.എസ്.-നെ തൊടാൻ ആരുണ്ട്. ആരുണ്ടിവിടെ കാണട്ടെ എന്നാണിപ്പോൾ പറയുന്നത്. കേരളത്തിലെ ന്യൂനപക്ഷം നിങ്ങളുടെ പൊള്ളത്തരം തിരിച്ചറിഞ്ഞിട്ടുണ്ട്. 'കൊല്ലുന്നതും നീയേ ചാപ്പാ, കൊണ്ടുപോയി കൊല്ലിക്കുന്നതും നീയേ ചാപ്പാ' എന്നതല്ലേ?

<u>മി. സ്പീക്കർ</u>: 'കൊണ്ടു നടക്കുന്നതും ചാപ്പാ, കൊണ്ടുപോയി കൊല്ലിക്കുന്നതും ചാപ്പാ' എന്നാണ്. .....പ്ലീസ്...... അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇന്ത്യാചരിത്രം കൊട്ടാര വിപ്ലവങ്ങളുടെ കഥകളാൽ സമ്പന്നമാണ്. 1969-ൽ ഇ.എം.എസ്. സർക്കാരിന് മൃഗീയ ഭൂരിപക്ഷമുണ്ടായിരുന്നില്ലേ? ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. സി. ദിവാകരനും under estimate ചെയ്യപ്പെടേണ്ട ആളുകളല്ലായെന്ന് ശ്രദ്ധിക്കുന്നത് നല്ലതായിരിക്കും. 1957-ലെ ഒന്നാം കേരള നിയമസഭയിലെ അംഗങ്ങളായിരുന്ന ശ്രീമതി ഗൗരിയമ്മയും ശ്രീ. ഇ. ചന്ദ്രശേഖരൻ നായരും ഇന്ന് ജീവിച്ചിരിക്കുന്നില്ലേ? നിങ്ങൾ ആദരിക്കേണ്ടതല്ലായിരുന്നോ; ശ്രീമതി ലീലാവതി ടീച്ചർ, സർവ്വശ്രീ. എം. ടി. വാസുദേവൻ നായർ, പി. പത്മനാഭൻ, എം.കെ. സാനു, എം. അച്യുതൻ, സി. രാധാകൃഷ്ണൻ, അക്കിത്തം, എം. തോമസ് മാത്യു, എം.ജി.എസ്. നാരായണൻ, കെ. ജി. ജോർജ്, അടൂർ ഗോപാലകൃഷ്ണൻ, ജയരാജ് തുടങ്ങിയവർ മോശപ്പെട്ട പ്രതിഭകളാണോ? ശ്രീ. എ. കെ. ആന്റണിയും ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. ഉമ്മൻ ചാണ്ടിയും മാത്രമല്ലേ ഇപ്പോൾ പഴയ മുഖ്യമന്ത്രിമാരായി ജീവിച്ചിരിപ്പുള്ളൂ.***

---

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: അതൊന്നും സഭയിൽ ഉന്നയിക്കാൻ പാടില്ലാത്തതാണ്. ഇത് ശരിയല്ല.

ശ്രീ. പി. ടി തോമസ്: സർ, ഇത് സഭയ്ക്ക് പുറത്തുള്ള കാര്യമാണ്. അകത്ത് നടന്ന കാര്യമല്ല. സഭയ്ക്ക് പുറത്ത് സർക്കാർ നടത്തിയ പരിപാടിയാണ്.

മി. സ്പീക്കർ: ഇത് ശരിയല്ല. ശ്രീ. പി. ടി തോമസ്സിന് ഇതെല്ലാം അറിയാവുന്ന കാര്യങ്ങളാണ്.

ശ്രീ. പി. ടി. തോമസ്: സർ, നിങ്ങൾക്ക് ഓർമ്മയുണ്ടായിരിക്കണം. ഞാൻ അവസാനിപ്പിക്കുകയാണ്. അഹംഭാവം നന്നല്ല.

മി. സ്പീക്കർ: പ്ലീസ്......ഇനി എനിക്ക് മൈക്ക് ഓഫ് ചെയ്യേണ്ടിവരും.

ശ്രീ. പി. ടി. തോമസ്: ***

മി. സ്പീക്കർ: ഇത് ശരിയല്ല..... ഇതിൽ എന്തെങ്കിലും പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ എല്ലാവരും ഒരുപോലെ ബാധ്യതപ്പെട്ടവരാണ്. ഇതൊന്നും സഭയിൽ കൊണ്ടുവരേണ്ട കാര്യമല്ല. അങ്ങ് ചെയ്യുന്നത് ശരിയല്ല. ഇതൊന്നും സഭാ രേഖകളിലുണ്ടാവില്ല. ...... പ്ലീസ് കൺക്ലൂഡ്..........

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരളപ്പിറവിയുടെ 60-ാം വാർഷികവുമായി ബന്ധപ്പെട്ട പരിപാടികൾ നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാർ യാതൊരു തരത്തിലുള്ള സങ്കുചിതമായ തീരുമാനവുമെടുത്തിട്ടില്ല. പ്രതിപക്ഷ നേതാവടക്കമുള്ളവർ കൂടിയിരുന്നുകൊണ്ടാണ് എല്ലാ പരിപാടികളും നിശ്ചയിച്ചിരിക്കുന്നത്. സർക്കാർ ഏകപക്ഷീയമായി തീരുമാനമെടുത്തതല്ല. അതിനുശേഷം അക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വിശദീകരിക്കുകയും ചെയ്തതാണ്. ഈ സഭയിൽ ഏകകണ്ഠമായി എടുത്ത ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ മുമ്പോട്ടുപോകുമ്പോൾ അതിന് വിരുദ്ധമായി അക്കാര്യം സഭയിൽ ഉന്നയിച്ചത് ഓർഡറിലാണോ? ഇതിൽ അങ്ങയുടെ റൂളിംഗ് വേണം.

മി. സ്പീക്കർ: നിയമസഭാ സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യാൻ സാധിക്കുന്നവയല്ല. സഭയിൽ അത് ചർച്ച ചെയ്യാൻ പറ്റില്ല. അത് രേഖയിലുണ്ടാകില്ല. നിയമസഭാ സെക്രട്ടേറിയറ്റിൽ നടന്ന കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യുമോ; .....(ബഹളം).....ശ്രീ. വി. ഡി. സതീശൻ, ചെയറിന്റെ ക്ഷമ ഒരു ദൗർബല്യമായി കാണരുത്. ഇവിടെ ചെയറോ സർക്കാരോ ഒറ്റയ്ക്ക് തീരുമാനമെടുത്തിട്ടില്ല. ബി.എ.സി.-യിലും കക്ഷിനേതാക്കളുടെയും യോഗത്തിലെടുത്ത

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

തീരുമാനമാണ് ഇവിടെ നടപ്പാക്കിയിട്ടുള്ളത്. അതിൽ എന്തെങ്കിലും അബദ്ധം പറ്റിയിട്ടുണ്ടെങ്കിൽ അതെല്ലാവർക്കും ഒരുപോലെ തന്നെയാണ്. അത് വിവാദമാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങ് പ്രസംഗം അവസാനിപ്പിക്കു.......(ബഹളം)..... യെസ്....യെസ്...നിങ്ങൾ ആരെയും പറയിപ്പിക്കേണ്ട. അത് വിവാദമാക്കാൻ ചെയർ ആഗ്രഹിക്കുന്നില്ല. അത് അനാവശ്യമായ വിവാദമാണ്. ശ്രീ. പി. ടി. തോമസിനെപ്പോലെ സീനിയറായ ഒരാൾ സഭയിൽ ഈ വിഷയം കൊണ്ടുവരാൻ പാടില്ലായിരുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ഒറ്റവാക്ക് പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. പിണറായി സർക്കാരിന്റെ ...... (ബഹളം).....

മി. സ്പീക്കർ: അദ്ദേഹം ധനവിനിയോഗ ബില്ലിനെക്കുറിച്ച് പറഞ്ഞ് അവസാനിപ്പിക്കട്ടെ. ....(ബഹളം)... ശ്രീ. എ. എം. ആരിഫ്...ദയവായി ഇരിക്കു, പ്രതിപക്ഷ നേതാവ് അദ്ദേഹം പറഞ്ഞ് അവസാനിപ്പിച്ചതിനുശേഷം സംസാരിച്ചാൽ മതി. അദ്ദേഹം കുറെ സമയം അധികമെടുത്തിരിക്കുകയാണ്. ഒരു വാക്ക് പറഞ്ഞ് അദ്ദേഹത്തെ അവസാനിപ്പിക്കാൻ സമ്മതിക്കു. അദ്ദേഹം അവസാനിപ്പിച്ചിട്ട് സംസാരിച്ചാൽ പോരേ?

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീ. പിണറായി സർക്കാർ മഹാഭൂരിപക്ഷത്തിന്റെ അഹംഭാവത്തിൽ കഴിയുമ്പോഴും നമ്മുടെ നിയന്ത്രണത്തിലല്ല; ഐശ്വര്യം സ്ഥിരമല്ല, യൗവനം സ്ഥിരമല്ല, അദ്ധ്യാത്മികരാമായണം .....(ബഹളം)......

മി. സ്പീക്കർ: ................ശ്രീ. റ്റി. വി. രാജേഷ്,.....(ബഹളം)......അവിടെ യിരിക്കു...പ്ലീസ്....അദ്ദേഹം കൺക്ലൂഡ് ചെയ്യുകയാണ്. അദ്ദേഹം ഒരു കവിത വായിച്ച് കൺക്ലൂഡ് ചെയ്യുകയാണ്. സ്വന്തം കവിതയാണ്. അങ്ങയുടെ കവിതയല്ലേ; അദ്ദേഹത്തിന്റെ കവിതയാണ്. പ്ലീസ്...ഇരിക്കു.....(ബഹളം)......ശ്രീ. പി. ടി. തോമസ് അദ്ദേഹത്തിന്റെ ഒരു ദാർശനിക കവിത അവതരിപ്പിച്ച് അവസാനിപ്പിക്കാൻ പോകുകയാണ്. അതിന് അദ്ദേഹത്തിന് അനുവാദം കൊടുക്കു. പ്ലീസ്...പ്ലീസ്.... അതൊരു ദാർശനിക കവിതയാണ്.

ശ്രീ. പി. ടി. തോമസ്: സർ, എനിക്ക് പറഞ്ഞ് അവസാനിപ്പിക്കാൻ അവസരം തരണം. എന്നെ സംരക്ഷിക്കണം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കു....പ്ലീസ്.....

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ശ്രീ. പിണറായി സർക്കാർ മഹാഭൂരിപക്ഷത്തിന്റെ അഹംഭാവത്തിൽ കഴിയുമ്പോഴും ഒന്നും നമ്മുടെ നിയന്ത്രണത്തിലല്ല. ഐശ്വര്യവും യൗവനവും സ്ഥിരമല്ല, അദ്ധ്യാത്മ രാമായണം-അയോദ്ധ്യാകാണ്ഡം- ലക്ഷ്മണോപദേശം മറക്കരുത്, "നന്നല്ല, നന്നല്ല, നന്നല്ല, ദേഹം നിമിത്തം മഹാമോഹം ഓർത്ത് ഭരിച്ചോ, സൂക്ഷിച്ചോ", ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, സഭയിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള മെമ്പർമാർ പ്രസംഗിക്കും. ശ്രീ. പി. ടി. തോമസ് ഇവിടെ സഭ്യമല്ലാത്തതൊന്നും പറഞ്ഞില്ല. അപ്പുറത്തുനിന്നും ആളുകൾ സംസാരിക്കില്ലേ; രണ്ടുകൂട്ടരും ഇങ്ങനെ തടസ്സപ്പെടുത്താൻ തുടങ്ങിയാൽ എന്താകും സ്ഥിതി?....... (ബഹളം).....

<u>മി. സ്പീക്കർ</u>: എന്താണിത്; പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ .... ശ്രീ. ആർ. രാജേഷ്.. അവിടെ ഇരിക്കൂ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഈ സഭയിൽ ഇരുഭാഗത്തുമുള്ള അംഗങ്ങൾ അവരവരുടെ അഭിപ്രായങ്ങൾ പറയും. ഓരോ മെമ്പർമാരും സംസാരിക്കേണ്ടത് ഇന്ന രീതിയിലായിരിക്കണമെന്ന് ആർക്കെങ്കിലും നിർബന്ധിക്കാൻ സാധിക്കുമോ; അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് നൽകണം. ഓരോ വാക്കുകൾക്കും ഇങ്ങനെ ബഹളമുണ്ടാക്കിയാൽ എങ്ങനെ സഭ മുന്നോട്ടുപോകും; ശ്രീ. പി. ടി. തോമസ് അവസാനം ഒരു കവിതയാണ് ആലപിച്ചത്. അദ്ദേഹം ഒരു കവിത ആലപിക്കുമ്പോൾ എന്തിനാണ് അസ്വസ്ഥത പ്രകടിപ്പിക്കുന്നത്?

<u>മി. സ്പീക്കർ</u>: അത് ചെയറിന് മനസ്സിലായതുകൊണ്ടാണല്ലോ ഒരു കവിതയാണെന്ന് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ശ്രീ. പി. ടി. തോമസിന്റെ പ്രസംഗത്തെ അലങ്കോലപ്പെടുത്തിയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. ഞങ്ങളാരും അലങ്കോലപ്പെടുത്തിയിട്ടില്ല. അങ്ങൊരു കാര്യം മനസ്സിലാക്കണം, അറുപതാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ നമ്മളെടുത്ത തീരുമാനമാണ്. കുറ്റങ്ങളും കുറവുകളുമുണ്ടാകും. ഒരു പൊതു കോൺസെൻസസിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തത്. യഥാർത്ഥത്തിൽ ശ്രീ. പി. ടി. തോമസിന്റെ പരാമർശം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെയുള്ളതാണ്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലെടുത്ത തീരുമാനമാണ്.

ശ്രീ. ഇ. പി. ജയരാജൻ: .......(മൈക്ക് ഓഫ്)....അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും എല്ലാവരുംകൂടി ചേർന്ന് തീരുമാനിച്ചതാണ്. പിന്നെന്തിനാണ് ഇങ്ങനെ പറയുന്നത്?

മി. സ്പീക്കർ: അത് വിവാദമാക്കാൻ ചെയർ ആഗ്രഹിക്കുന്നില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിലെ നിരവധി മേഖലകളിൽ വളർന്നുകൊണ്ടിരിക്കുന്ന അസ്വസ്ഥതയും അസ്ഥിരതയും സൂക്ഷ്മമായും ശാസ്ത്രീയമായും പരിഹരിക്കുന്നതിന് കഴിഞ്ഞ നാലര മാസങ്ങളായി ശ്രമിച്ചുവരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ദിശാബോധത്തോടെയുള്ള മുന്നോട്ടുപോക്കിലുള്ള അസഹിഷ്ണുതയാണ് ഇവിടെ കണ്ടത്. ദിശാബോധമുള്ള പ്രവർത്തനമാണ് കഴിഞ്ഞ ബഡ്ജറ്റിലൂടെ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നിർവ്വഹിച്ചിട്ടുള്ളത്. ശ്രീ. പി. ടി. തോമസ് ധനവിനിയോഗ ബില്ലിനെക്കുറിച്ച് പറഞ്ഞതുമാത്രമേ ഞാൻ പറയുന്നുള്ളൂ. ബാക്കിയൊന്നും ഞാൻ സൂചിപ്പിക്കുന്നില്ല. ഈ ബഡ്ജറ്റ് പരിശോധിച്ചാൽ കേരളത്തിലെ എല്ലാ അടിസ്ഥാന പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്ന് നമുക്ക് തെളിയിക്കാൻ സാധിക്കും. ലോകത്ത് സാമ്പത്തിക ശാസ്ത്രജ്ഞർക്ക് വന്നുകൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ച് അങ്ങ് മനസ്സിലാക്കണമെന്ന് പറയാൻവേണ്ടി ഒന്നു രണ്ടുകാര്യങ്ങൾ മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. നിയോ ലിബറൽ പോളിസിയുടെ ഏറ്റവും വലിയ വക്താവും പ്രയോക്താവുമായിരുന്ന ജോസഫ് സ്റ്റിഗ്ലിറ്റ്സ് എന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ. അദ്ദേഹം 1982-ൽ The " Perspective of Globalization" എന്നൊരു പുസ്തകമെഴുതി. ആ പുസ്തകത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്, മുതലാളിത്തവും സോഷ്യലിസവും ചില വെല്ലുവിളികളെ നേരിടുമ്പോൾ ലോകത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള ഒരു പുതിയ നയം വരുന്നു, അതാണ് നിയോ ലിബറൽ പോളിസി എന്നാണ്. അതിനെ പിന്തുണച്ചവരും എതിർത്തവരുമുണ്ട്. പക്ഷേ അന്നത്തെ സാമ്പത്തിക ശാസ്ത്രജ്ഞരിലധികവും അതിനൊപ്പം നിന്നവരാണ്. അതിനുശേഷം 2004-ൽ ജോസഫ് സ്റ്റിഗ്ലിറ്റ്സ് ഒരു പുസ്തകമെഴുതി. ആ പുസ്തകത്തിന്റെ പേര് " Globalization and its Discontents" എന്നാണ്. ആഗോളവൽക്കരണവും അതിന്റെ നിരാശകളുമെന്നാണ് ആ പുസ്തകത്തിന്റെ മലയാള തർജ്ജിമ. അദ്ദേഹത്തിന് ആഗോളവൽക്കരണത്തിന്റെ അപകടം മനസ്സിലായി. അതിനുശേഷം ആഗോള പ്രശ്നങ്ങളെല്ലാം പരിഹരിക്കുവാനുള്ള നയമാണെന്ന് പറഞ്ഞ് ജോസഫ് സ്റ്റിഗ്ലിറ്റ്സ് 2008-ൽ വീണ്ടുമൊരു പുസ്കമെഴുതി. അതിന്റെ പേരാണ് " Fall of Prices" എന്നുള്ളത്. അതിന്റെ ഭാഗമായിട്ടാണ് അമേരിക്കയിൽ ലോകത്തേറ്റവും വലിയ സമരമെന്ന് അക്കാലത്ത് പലരും ശ്രദ്ധയോടുകൂടി കണ്ട വാൾ സ്ട്രീറ്റ് സമരം അരങ്ങേറുന്നത്. അതിനുശേഷം കഴിഞ്ഞ വർഷം ജോസഫ് സ്റ്റിഗ്ലിറ്റ്സ് എഴുതിയ

The Great Divide എന്ന പുസ്തകം ശ്രീ. പി. ടി. തോമസ് വായിക്കണമെന്ന ഒരഭ്യർത്ഥന എനിക്കുണ്ട്. ലോകത്ത് ആഗോളവൽക്കരണ നയം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുമെന്ന് പറഞ്ഞ ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ തന്നെ വർഷങ്ങൾക്കു ശേഷം ലോകത്ത് അതിഗുരുതരമായിട്ടുള്ള പ്രശ്നങ്ങൾ, ജനങ്ങൾ രണ്ടായി തിരിഞ്ഞുകൊണ്ടിരിക്കുന്നു, പണക്കാർക്ക് കൂടുതൽ പണമുണ്ടാകുകയും പണമില്ലാത്തവരുടെ എണ്ണം വർദ്ധിക്കുകയും ഉള്ളവരുടെ കയ്യിലെ പണം കുറയുകയും ചെയ്യുന്ന ഗുരുതരമായ പ്രത്യാഘാതം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞത്, ആഗോളവൽക്കരണ നയം ഏറ്റവും നല്ലതെന്ന് പറഞ്ഞ അതേ സാമ്പത്തിക ശാസ്ത്രജ്ഞൻ തന്നെയാണ്. സാമ്പത്തിക ശാസ്ത്രജ്ഞൻമാരിൽ അനുഭവം കൊണ്ടുവരുന്ന മാറ്റങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻവേണ്ടി പറഞ്ഞതാണ്. അതേസമയം ഒന്നുകൂടി ശ്രദ്ധിക്കണം. 1982-ൽ ജോസഫ് സ്റ്റിഗ്ലിറ്റ്സ് " Globalization and its perspective" എന്ന പുസ്തകം എഴുതി 8 മാസങ്ങൾക്കുശേഷം 1982 ഡിസംബറിൽ ജെയിംസ് പെട്രാസ് " The Globalisation Unmasked" എന്ന പുസ്തകം എഴുതി. ജോസഫ് സ്റ്റിഗ്ലിറ്റ്സിന്റെ The Great Divide എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് നടക്കുമെന്ന് 1982-ൽ തന്നെ ജെയിംസ് പെട്രാസ് പറഞ്ഞു. അദ്ദേഹം അത് എങ്ങനെ പറഞ്ഞു എന്നത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. അതിനുത്തരം പോൾ ക്രൂഗ്മാൻ പറയും. ആ പുസ്തകവും അങ്ങ് വായിച്ചുനോക്കൂ. ജെയിംസ് പെട്രാസ് എഴുതിയ പുസ്തകത്തിൽ ഇക്കാര്യങ്ങളെല്ലാം പ്രവചിച്ചിട്ടുണ്ട്. അതുതന്നെയാണ് ജോസഫ് സ്റ്റിഗ്ലിറ്റ്സ് വീണ്ടും എഴുതിയത്. ഈ രണ്ടു പുസ്തകത്തെ സംബന്ധിച്ചും പോൾ ക്രൂഗ്മാൻ പറഞ്ഞ അഭിപ്രായം പ്രസക്തമാണ്. ആഗോള സമ്പദ് വ്യവസ്ഥ തകരുമ്പോൾ അതിനെ രക്ഷിക്കാനുള്ള ഏകവഴി ലോകത്തുള്ള എല്ലാവരും മാർക്സിന്റെ അർത്ഥശാസ്ത്രം കൃത്യമായി പഠിക്കണമെന്നാണ് പോൾ ക്രൂഗ്മാൻ പറയുന്നത്. ആഗോള സമ്പദ് വ്യവസ്ഥ തകരുമ്പോൾ അതിനെ രക്ഷിക്കാനുള്ള വഴി സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണമാണെന്നാണ് ആഗോള സാമ്പത്തിക ശാസ്ത്രജ്ഞന്മാരിൽ പ്രശസ്തനായ പോൾ ക്രൂഗ്മാൻ പറയുന്നത്. ശ്രീ. കെ. കുഞ്ഞിരാമൻ, ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്, ശ്രീ. സി. എഫ്. തോമസ് എന്നിവരെല്ലാം പറഞ്ഞത് പാർശ്വവൽക്കരിക്കപ്പെട്ടവരെ അവഗണിച്ചു എന്നാണ്. ശ്രീ. പി. സി. ജോർജ് എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവരെ അവഗണിക്കുന്നുവെന്നും നീതി ആയോഗ് വന്നു, എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് ഒന്നുമില്ല എന്നുമദ്ദേഹം പറഞ്ഞു. അതിനെതിരെ ശക്തമായ നിലപാട് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ബഡ്ജറ്റിൽ അസമത്വം സൃഷ്ടിക്കുന്ന നയമാണ് നിലനിർത്തിയിരുന്നതെന്നതുകൊണ്ടാണ് കേരളത്തിൽ ഈ പ്രശ്നങ്ങൾ വന്നത്. ആ പ്രശ്നം മറികടന്നുകൊണ്ട് ഒരു ബദൽ നയമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുവച്ചിരിക്കുന്നത്. നാലര മാസംകൊണ്ട് ആ ബദൽനയം ആഗോളതലത്തിലുള്ള വലിയ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക രീതിയിൽ പൂർണ്ണമാക്കാൻ

കഴിയില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. പക്ഷേ, ബദൽ സാമ്പത്തിക നയത്തിന്റെ ദിശയിൽ നമ്മൾ മുന്നോട്ടുപോയാൽ കേരളത്തിലുള്ള നേരത്തെ പറഞ്ഞ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ കഴിയുമെന്നുള്ളത് ഉറപ്പാണ്. എന്താണ് ബദൽനയം എന്നതിനെ കുറിച്ച് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ പറഞ്ഞതാണ്. കമ്മി കുറയ്ക്കുക എന്ന പ്രശ്നം മാത്രമേ ഇവിടെ നോക്കുന്നുള്ളൂ. പല പദ്ധതികളും നടക്കുന്നില്ല, പുതിയ പദ്ധതികൾ എങ്ങനെയുണ്ടാക്കും, പണം എവിടെ നിന്നുണ്ടാകും, എങ്ങനെ തിരിച്ചടയ്ക്കും എന്നീ വിഷയങ്ങളിലൊക്കെ 10-15 ദിവസമായി സഭയിൽ ചർച്ച നടക്കുകയാണ്. ബഡ്ജറ്റിൽ കമ്മി കുറയ്ക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രമാണ് മുന്നോട്ടു വച്ചിട്ടുള്ളത്. കമ്മി കുറയ്ക്കാൻ രണ്ടു വഴികളുണ്ട്. നിയോ ലിബറൽ പോളിസി പറയുന്ന നയമാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എടുത്തിരുന്നത്. സർക്കാർ ചെലവ് വെട്ടിക്കുറയ്ക്കുക, ധനക്കമ്മി കുറയ്ക്കുക എന്ന നയമാണ് യു.ഡി.എഫ്. സ്വീകരിച്ചത്. സർക്കാർ ചെലവ് വെട്ടിച്ചുരുക്കി ധനക്കമ്മി കുറയ്ക്കുകയെന്ന നയമെടുത്തതു കൊണ്ടാണ് കേരളം ഇത്തരത്തിലുള്ള അസ്വസ്ഥതകളുള്ള പ്രദേശമായി മാറിയത്. അതിനുപകരം കമ്മി കുറയ്ക്കുവാനുള്ള ഒരു നയമെടുത്തിരിക്കുന്നത് ബദൽ നയമാണ്. സർക്കാർ ആവശ്യത്തിനനുസരിച്ച് ചെലവ് ചെയ്യുമ്പോൾ, അതിലൂടെ റവന്യൂ വരുമാനം വർദ്ധിക്കും. ജനങ്ങളുടെ വാങ്ങൽശേഷി, ക്രയശേഷി അഗ്രിഗേറ്റ് ഡിമാന്റ് എന്നിവ വർദ്ധിക്കുന്നതിലൂടെ റവന്യൂ വരുമാനം വർദ്ധിച്ച്, അതിലൂടെ കമ്മി കുറയ്ക്കുവാനുള്ള നടപടിയെടുക്കുകയെന്നുള്ളതാണ് ഇതിന്റെ ഒരു ഭാഗം. രണ്ടാമത്തെ ഭാഗം, സർക്കാരിന് പിരിഞ്ഞുകിട്ടാനുള്ള റവന്യൂ പിരിക്കുന്നതിലെ പിഴവുകൾ ഇല്ലാതാക്കി റവന്യൂ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ്. മൂന്നാമത്തെ ലക്ഷ്യം, ബഡ്ജറ്റിലുള്ള പണത്തിന്റെ അഞ്ചോ ആറോ ഇരട്ടിത്തുക, അതായത് അഞ്ച് ലക്ഷം കോടി രൂപയിലധികം നമ്മുടെ ഇക്കോണമിയിലുണ്ട്. ബഡ്ജറ്റിലെ ചെറിയ തുകയും ഇക്കോണമിയിലെ അതിന്റെ അഞ്ചിരട്ടിയുള്ള തുകയും ഉപയോഗിച്ച് കേരളത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കത്തക്ക രീതിയിലും നാടിന്റെ ക്രയശേഷി വർദ്ധിപ്പിക്കാനുമുള്ള സാമ്പത്തിക ഇടപെടലാണ് കിഫ്ബിയെന്ന പ്രസ്ഥാനത്തിലൂടെ ചെയ്യാനുദ്ദേശിക്കുന്നത്. മൂന്ന് തരത്തിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. റവന്യൂ വരുമാന വർദ്ധനവിലൂടെ റവന്യൂ കമ്മി കുറയ്ക്കാൻ കഴിയും. റവന്യൂ കമ്മി കുറയ്ക്കുന്നതിലൂടെ എടുക്കുന്ന കടം കൂടുതൽ ഉത്പാദനപരമായ നിക്ഷേപത്തിലേയ്ക്ക് മാറ്റാൻ കഴിയുമെന്ന ലക്ഷ്യത്തോടെയാണ് ബഡ്ജറ്റ് മുന്നോട്ടുകൊണ്ടുപോകുന്നത്. കേരളത്തിലെ റവന്യൂ വരുമാന വർദ്ധനവിനൊപ്പം പ്രോജക്ടുകളും നിക്ഷേപങ്ങളും വർദ്ധിക്കുകയും അടിസ്ഥാന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഇതിലൂടെ പരിഹരിക്കപ്പെടുകയും ചെയ്യും. എല്ലാവർക്കും വീട് എന്നുള്ള ആശയം സാർത്ഥകമാക്കുവാൻ ഫൈനാൻഷ്യൽ ഇന്റഗ്രേഷൻ എന്ന ഫിലോസഫിയാണ് ഉപയോഗിക്കുന്നത്. നമ്മൾ ഫൈനാൻഷ്യൽ ഇന്റഗ്രേഷന് പലപ്പോഴും ശ്രമിച്ചിട്ടില്ല. പണം എല്ലാ ദിക്കിലേയ്ക്കും ഡൈവർട്ട് ചെയ്തുപോകുകയാണ്. എം.എൽ.എ.-യുടെ പണം ഒരു വഴിക്ക്, എം.പി.-യുടെ

പണം വേറൊരു വഴിക്ക്, പഞ്ചായത്തിന്റെ പണം മറ്റൊരു വഴിക്ക് ഇങ്ങനെ പോകുന്നതിനുപകരം ഇതെല്ലാം വിവിധ പദ്ധതികളിൽ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് റവന്യൂ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ, പ്രോജക്ട് തയ്യാറാക്കുകയെന്ന ദിശാബോധമുള്ള സാമ്പത്തിക ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ഇന്ത്യാ ഗവൺമെന്റിന്റെ നടപടിയെക്കുറിച്ച് ശ്രീ. പി. സി. ജോർജ് ഇവിടെ സൂചിപ്പിച്ചു. നീതി ആയോഗ് വരുമ്പോൾ എന്തെല്ലാം പ്രശ്നങ്ങൾ വരുമെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണി നേരത്തെ പറഞ്ഞിട്ടുള്ളത് യാഥാർത്ഥ്യമായി കൊണ്ടിരിക്കുകയാണ്. നീതി ആയോഗ് വരുമ്പോഴുണ്ടാകുന്ന ആസൂത്രണത്തിലെ കേന്ദ്രീകരണത്തിന്റെ പ്രശ്നങ്ങൾ ആദ്യം പ്രതിഫലിക്കുന്നത് അവഗണിക്കപ്പെട്ടവരുടെ മേഖലകളിലാണ്. അതിനെതിരെ ശക്തമായ നിലപാടെടുക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങളുമായിരിക്കും.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് എം.എൽ.എ., ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ അദ്ദേഹത്തിന്റെ മണ്ഡലത്തിന് വകയിരുത്തിയ തുകയിൽ യാതൊരു മാറ്റവും വരുത്തുകയില്ല. അതെല്ലാം അദ്ദേഹത്തിന് ലഭിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. കാസർഗോഡ് പാക്കേജ് തുടരുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരിധിയിൽ മംഗലാപുരത്തെ ആശുപത്രികളെ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. കാരുണ്യയുടെ പരിധിയിൽ കൂടുതൽ രോഗങ്ങൾക്കുള്ള സഹായംകൂടി ഉൾപ്പെടുത്തി വിപുലീകരിക്കുവാനുള്ള ശ്രമം നടത്തുന്നുണ്ട്. വിദ്യാലയങ്ങളിൽ കൂടുതൽ പഠന സൗകര്യങ്ങളൊരുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ വന്നിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. വാസ്തവത്തിൽ കേരളത്തിൽ മാറ്റം വേണം, ധന നയത്തിൽ മാറ്റം വേണം, ബഡ്ജറ്റിംഗ് പ്രിൻസിപ്പിൾസിൽ മാറ്റം വേണം, ആസൂത്രണ പ്രക്രിയയിൽ മാറ്റം വേണമെന്ന അർത്ഥത്തിലുള്ളതാണ്, ആ ദിശയിൽ പുതിയൊരു ചലനം കേരളത്തിൽ വേണമെന്നുള്ളതാണ്. ആ ചലനത്തിന് വഴിയൊരുക്കുന്നതാണ് ഇന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ അവതരിപ്പിച്ചിട്ടുള്ള ബദൽ ബഡ്ജറ്റ്. അതിന്റെ ഭാഗമായ ധനവിനിയോഗ ബിൽ സംബന്ധിച്ച ചർച്ചയിൽ പറഞ്ഞ എല്ലാ അഭിപ്രായങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>മി. സ്പീക്കർ:</u> 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ഉം 3-ഉം വകുപ്പുകൾ</u>

(ഭേദഗതി ഇല്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതി ഇല്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതി ഇല്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(പ്രൊഫ. സി. രവീന്ദ്രനാഥ്):</u> സർ, 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. സുനിൽ കുമാർ):</u> സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ:</u> 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്

20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. കെ. കൃഷ്ണൻകുട്ടി
23. ശ്രീ. കെ. കുഞ്ഞിരാമൻ
24. ശ്രീ. വി. കെ. സി. മമ്മത് കോയ
25. ശ്രീ. മാത്യു ടി. തോമസ്
26. ശ്രീ. കെ. ജെ. മാക്സി
27. ശ്രീ. എ. സി. മൊയ്തീൻ
28. ശ്രീ. മുഹമ്മദ് മുഹസിൻ പി.
29. ശ്രീ. ഡി. കെ. മുരളി
30. ശ്രീ. മുരളി പെരുനെല്ലി
31. ശ്രീ. സി. കെ. നാണു
32. ശ്രീ. എം. നൗഷാദ്
33. ശ്രീ. യു. ആർ. പ്രദീപ്
34. ശ്രീ. കെ. ഡി. പ്രസേനൻ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. പി. ടി. എ. റഹീം
37. ശ്രീ. എം. രാജഗോപാലൻ
38. ശ്രീ. കെ. രാജൻ:
39. ശ്രീ. എസ്. രാജേന്ദ്രൻ
40. ശ്രീ. ആർ. രാജേഷ്
41. ശ്രീ. റ്റി. വി. രാജേഷ്
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. ആർ. രാമചന്ദ്രൻ

44. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
45. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
46. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
47. പ്രൊഫ. സി. രവീന്ദ്രനാഥ്
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. സി. കെ. ശശീന്ദ്രൻ
50. ശ്രീ. പി. കെ. ശശി
51. ശ്രീ. വി. ശശി
52. ശ്രീ. ഐ. ബി. സതീഷ്
53. ശ്രീ. ബി. സത്യൻ
54. ശ്രീ. എ. എൻ. ഷംസീർ
55. ശ്രീ. ജി. സുധാകരൻ
56. ശ്രീ. വി. എസ്. സുനിൽ കുമാർ
57. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
58. ശ്രീ. കെ. സുരേഷ് കുറുപ്പ്
59. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
60. ശ്രീ. പി. തിലോത്തമൻ
61. ശ്രീ. പി. ഉണ്ണി
62. ശ്രീ. ഇ. കെ. വിജയൻ
63. ശ്രീ. പിണറായി വിജയൻ
64. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. കെ. എം. മാണി
21. ശ്രീ. കെ. മുരളീധരൻ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. റോഷി അഗസ്റ്റിൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. കെ. എം. ഷാജി

31. ശ്രീ. വി. എസ്. ശിവകുമാർ

32. ശ്രീ. സണ്ണി ജോസഫ്

33. ശ്രീ. സി. എഫ്. തോമസ്

34. ശ്രീ. പി. ടി. തോമസ്

35. ശ്രീ. എം. ഉമ്മർ

36. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 64

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

2.00 PM]

## (ii) 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ അഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ നേരത്തെ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചതാണ്. യഥാർത്ഥത്തിൽ അതിന്റെ അനുബന്ധമാണ് ഈ ബിൽ. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ, യു.ഡി.എഫ്. സർക്കാരിന്റെ അവസാനത്തെ ബഡ്ജറ്റിൽ അര ശതമാനം അധിക കോർട്ട് ഫീ ഒരു ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച ഒരു ശതമാനത്തിന്റെ അപ്പോർഷനാണ് ഈ കോർട്ട് ഫീ ആക്ട് ഭേദഗതിയുടെ ഭാഗമായി പ്രാബല്യത്തിൽ വരാൻ പോകുന്നത്. Kerala Court Fees and Suits Valuation Act സെക്ഷൻ 76 (3) ഭേദഗതി ചെയ്യുകയാണ്. നിലവിൽ ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് കോർട്ട് ഫീയുടെ നിശ്ചിത ശതമാനം നൽകണമെന്ന് 76-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ തുക അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സാമൂഹിക സുരക്ഷയ്ക്കും ജനങ്ങൾക്ക് നിയമസഹായം നൽകുന്നതിനും വിനിയോഗിക്കണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. ഇപ്രകാരം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് 76-ാം വകുപ്പപ്രകാരം വരുന്ന തുകയിൽ നിന്നാണ് അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും അഭിഭാഷക ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്കും പൊതുജനങ്ങൾക്ക് നിയമസഹായമെത്തിക്കുന്നതിലേയ്ക്കുള്ള ചെലവുകളിലേയ്ക്കും വീതിക്കുന്നത്. ഇപ്രകാരം വിഹിതം വയ്ക്കുന്നത് വ്യത്യസ്ത നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്ക് വീതംവയ്ക്കുന്നത് അഭിഭാഷക ക്ലാർക്ക് ക്ഷേമനിധി ആക്ടിലെ വ്യവസ്ഥ പ്രകാരമാണ്. അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും പൊതുജനങ്ങളുടെ നിയമസഹായ ആവശ്യങ്ങൾക്കുമുള്ള വിഹിതം നിശ്ചയിക്കുന്നതും ലീഗൽ ബെനിഫിറ്റ് ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരമാണ്. ഈ രീതിയിൽ വ്യത്യസ്ത നിയമങ്ങളിൽ കോർട്ട് ഫീസ് ആക്ട് 76-ാം വകുപ്പപ്രകാരം ഈടാക്കുന്ന തുക വീതംവയ്ക്കുന്നത് യഥാർത്ഥത്തിൽ അശാസ്ത്രീയമാണ്. അതിനാൽ ഇത് ക്രോഡീകരിച്ച് 76 (3) വകുപ്പിൽ വ്യവസ്ഥ ചെയ്യുംപ്രകാരം വീതംവയ്ക്കാനാണ് ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. നിലവിൽ ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്ക് സമാഹരിക്കപ്പെടുന്ന ആകെ തുകയുടെ 30 ശതമാനം ക്ലാർക്ക് വെൽഫെയർ ഫണ്ടിലേയ്ക്കും ബാക്കിയുള്ള 70 ശതമാനത്തിന്റെ 50 ശതമാനം വീതം വരുന്ന തുക യഥാക്രമം അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും പൊതുജനങ്ങളുടെ നിയമസഹായ ആവശ്യങ്ങൾക്കുമായിട്ടാണ് നീക്കിവച്ചിട്ടുള്ളത്. ഇതിലുള്ള അശാസ്ത്രീയ ഭാഗമാണ് നമ്മളിപ്പോൾ ഒഴിവാക്കുന്നത്. നിർദ്ദിഷ്ട ഭേദഗതി പ്രകാരം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേയ്ക്കു വരുന്ന വരുമാനത്തിൽ 70 ശതമാനം അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് പോകും. 30 ശതമാനം അഭിഭാഷക ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്ക് വീതംവയ്ക്കും. ഇപ്രകാരം രണ്ട് ക്ഷേമനിധിയിലേയ്ക്കും വീതം വയ്ക്കുന്ന തുകയുടെ 10 ശതമാനം വീതം തുക മാറ്റിയശേഷം ആ തുക പൊതുജനങ്ങളുടെ നിയമസഹായ ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കും. അങ്ങനെ വരുമ്പോൾ വർദ്ധിപ്പിക്കുന്ന തുകയുടെ 67 ശതമാനം അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിലേയ്ക്കും 23 ശതമാനം അഡ്വക്കേറ്റ് ക്ലാർക്ക് ഫണ്ടിലേയ്ക്കും പോകും. 10 ശതമാനം clients-ന്റെ സൗകര്യത്തിനു വേണ്ടി ഉപയോഗിക്കും.

നിലവിൽ അഭിഭാഷക ക്ഷേമനിധിയിൽ 22,362 അംഗങ്ങളും ക്ലാർക്ക് ക്ഷേമനിധിയിൽ 4,329 അംഗങ്ങളുമാണുള്ളത്. 2015-16 വർഷത്തിൽ അഭിഭാഷക ക്ഷേമനിധിയിൽ കോർട്ട് ഫീ ഇനത്തിൽ 1,70,63,900 രൂപയും ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്ക് 1,46,76,200 രൂപയുമാണ് ലഭിച്ചത്. അന്നത്തെ നിരക്കിൽ അഞ്ചിരട്ടിയിലധികം അംഗങ്ങളുള്ളതാണ് അഭിഭാഷക ക്ഷേമനിധി എന്നിരിക്കെ ക്ഷേമനിധി ഫണ്ടിലേയ്ക്കുള്ള വരുമാനത്തിൽ രണ്ടു ക്ഷേമനിധികളും തമ്മിൽ വലിയ അന്തരം കാണുന്നില്ല. ഈ അനൗചിത്യമാണ് ഇതിന്റെ ഭാഗമായി പരിഹരിക്കപ്പെടുന്നത്. ഈ സാഹചര്യത്തിലും ക്ഷേമനിധി തുകയും ചികിത്സാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിനാലും ഇപ്രകാരം ഭേദഗതി അത്യാവശ്യമാണ്. ഈ രൂപത്തിലുള്ള അപ്പോർഷൻ നടക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം, അഡ്വക്കേറ്റ് വെൽഫയർ ഫണ്ടിൽ നിന്നാണ് നമ്മൾ 5 ലക്ഷം രൂപ 10 ലക്ഷം രൂപയാക്കുന്നത്. നിലവിലുള്ള 5,000 രൂപ ചികിത്സാ ചെലവ് ഒരു ലക്ഷം രൂപയാക്കിയാണ് മാറ്റുന്നത്. അപ്പോൾ അര ശതമാനം വർദ്ധനവ് ഒരു ശതമാനമാക്കുന്ന കോർട്ട് ഫീസ് ആക്ട് ഭേദഗതിയുടെ ഭാഗമായി ഈ രൂപത്തിൽ അപ്പോർഷൻ ചെയ്യുമ്പോൾ അതെല്ലാ വിഭാഗത്തിനും സഹായകമായിരിക്കും. ഒരു ശതമാനമാക്കുമ്പോൾ 9,74,00,000 രൂപയാണ് സർക്കാരിന് ലഭിക്കുന്നത്. ഈ തുക ട്രഷറിയിലേയ്ക്കും വർഷാവസാനം അതാത് ക്ഷേമനിധിയിലേയ്ക്കും പോകും. സർക്കാരിന് കൺസോളിഡേറ്റ് ഫണ്ടിൽനിന്ന് യാതൊരു ചെലവും വരുന്നില്ല. ഇത്രയും കാര്യങ്ങളാണ് ആമുഖമായി സൂചിപ്പിക്കുവാനുള്ളത്.

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. കെ. രാമചന്ദ്രൻ നായർക്ക് 1 (എ) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമനുവേണ്ടി ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി അവതരിപ്പിച്ച അഭിഭാഷക ക്ഷേമനിധിയുടേയും അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയുടേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുപകരിക്കുന്ന ഭേദഗതി ബില്ലിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. അഭിഭാഷക ക്ഷേമനിധിയിൽ അഭിഭാഷകരുടെ റിട്ടയർമെന്റ് ആനുകൂല്യത്തിനുവേണ്ടി അപേക്ഷിക്കുമ്പോൾ പലപ്പോഴും അവ കിട്ടാതിരുന്ന ഒരു സാഹചര്യം നിലനിന്നിരുന്നു. ഫണ്ടിന്റെ അപര്യാപ്തത മാറുന്നതിനുവേണ്ടി അഭിഭാഷക ക്ഷേമനിധി പരിഷ്കരിക്കണമെന്ന ദീർഘകാലമായുള്ള അഭിഭാഷകരുടെ ആവശ്യം കണക്കിലെടുത്ത് അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമ ബോർഡ് ഭംഗിയായി പ്രവർത്തിക്കത്തക്ക രീതിയിലാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. 70 ശതമാനം അഭിഭാഷക ക്ഷേമനിധിയിലേയ്ക്കും

30 ശതമാനം അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്കും മാറ്റിവയ്ക്കുന്നതിന്റെ ഫലമായി ടി ക്ഷേമനിധികൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സഹായകരമായ ഒരു ഭേദഗതിയാണ് ഇതിലൂടെയുണ്ടാകാൻ പോകുന്നത്. മറ്റൊരു കാര്യം, 10 ശതമാനം വീതം വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുവേണ്ടി 76-ാം വകുപ്പിലെ ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്ന് നീക്കിവയ്ക്കുകയാണ്. വ്യവഹാരങ്ങൾ ഏറ്റവും കൂടുതൽ കീഴ്കോടതികളിലാണ് നടക്കുന്നത്. അവിടെ നൂറുകണക്കിന് വ്യവഹാരികളാണെത്തുന്നത്. കീഴ്കോടതികളിൽ അടിസ്ഥാനപരമായ സൗകര്യങ്ങളുടെ ഒട്ടേറെ പരിമിതിയുണ്ടെന്ന് കോടതിയുമായി ബന്ധപ്പെടുന്ന ആളുകൾക്കറിയാം. നൂറുക്കണക്കിന് കക്ഷികൾ വരുമ്പോൾ അവർക്ക് പ്രാഥമിക സൗകര്യങ്ങൾപോലും നിർവ്വഹിക്കാൻ സൗകര്യമില്ലാത്ത അവസ്ഥ ഇന്ന് കീഴ്കോടതികളിൽ നിലനിൽക്കുന്നു. അതുകൊണ്ട് അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഇത്തരത്തിൽ 10 ശതമാനം തുക ഉപയോഗപ്പെടുത്താം. കോടതികളുമായി ബന്ധപ്പെട്ട് കക്ഷിപ്പുര എന്ന നിലയിൽ കക്ഷികൾക്ക് വിശ്രമിക്കാനുള്ള സൗകര്യം മുമ്പുണ്ടായിരുന്നു. എന്നാൽ അത്തരം സൗകര്യങ്ങളൊന്നും ഇന്നില്ല. ഞാൻ പ്രാക്ടീസ് ചെയ്ത ചെങ്ങന്നൂർ കോടതിയിൽ കക്ഷിപ്പുരയുണ്ടായിരുന്നു. ഇന്ന് അതില്ല. പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങളില്ല. 10 ശതമാനം തുക നീക്കിവയ്ക്കുന്നതിന്റെ ഫലമായി കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കക്ഷികൾക്കും പൊതുജനങ്ങൾക്കും സൗകര്യപ്രദമായ രീതിയിലുള്ള അടിസ്ഥാന സൗകര്യവികസനത്തിന് ആ തുക വിനിയോഗിക്കാനും കഴിയും. ഫണ്ട് ജാഗ്രതയോടുകൂടി വിനിയോഗിച്ചാൽ കക്ഷികൾക്കും വ്യവഹാരികൾക്കും കീഴ്കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായകരമാകും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ചില പ്രഖ്യാപനങ്ങൾ നടത്തി. ബാർ അസ്സോസിയേഷനുകളിൽ സൈബർ ലൈബ്രറി സ്ഥാപിക്കുന്നതിന് ധനസഹായമായി 20,13,120 രൂപ അനുവദിച്ചു. ബാർ അസ്സോസിയേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ തുകയും 6 കോടതികളിൽ പൊതുജനങ്ങൾക്കാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് 37 ലക്ഷം രൂപയും അനുവദിച്ചു. കോടതി സമുച്ചയങ്ങളോടനുബന്ധിച്ച് അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് ജോലി സൗകര്യമൊരുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും അഭിഭാഷക ക്ലാർക്കുമാരുടെ ക്ഷേമനിധി പെൻഷൻ ഇരട്ടിയാക്കി വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. അഭിഭാഷക ക്ഷേമനിധി 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചതും പുതുതായി എൻറോൾ ചെയ്യുന്ന അഭിഭാഷകർക്ക് മൂന്ന് വർഷത്തേയ്ക്ക് സ്റ്റൈപന്റ് നൽകുമെന്ന പ്രഖ്യാപനവും അഭിഭാഷകരെ സംബന്ധിച്ചിടത്തോളം സന്തോഷകരമായ കാര്യമാണ്. അത് കേരളീയ അഭിഭാഷക സമൂഹം സർവ്വാത്മനാ സ്വാഗതം ചെയ്യും. അതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ ബാലനെ ഈയവസരത്തിൽ അനുമോദിക്കുന്നു.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, കോടതി മുറികളിലെല്ലാം 'Fiat Justitia Ruat Caelum' എന്ന് എഴുതിവച്ചിട്ടുണ്ട്. ആകാശം ഇടിഞ്ഞുവീണാലും നീതി നടപ്പാക്കുമെന്നാണ്. വേണ്ടത്ര ജഡ്ജിമാരില്ലാത്തതുകൊണ്ട് കോടതികൾ പൂട്ടേണ്ടിവരുമെന്ന് ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് കേന്ദ്ര സർക്കാരിന് മുന്നറിയിപ്പ് നൽകിയതായി നമ്മൾ പത്രവാർത്തയിലൂടെ അറിഞ്ഞു. 'Justice delayed is justice denied' എന്നാണ്. കാലതാമസം നീതിനിഷേധത്തിന് തുല്യമാണെന്ന് പറയുമ്പോൾ മൂന്ന് കോടി കേസ്സുകളാണ് രാജ്യത്ത് കെട്ടിക്കിടക്കുന്നതെന്ന് സുപ്രീം കോടതി ജഡ്ജിമാർ തന്നെ പറയുകയാണ്. വിവിധ കോടതികളിലായി മൂന്ന് കോടിയും സുപ്രീംകോടതിയിൽ ഒരു ലക്ഷത്തോളവും കേസ്സുകൾ കെട്ടിക്കിടക്കുന്നു. വേണ്ടത്ര ജഡ്ജിമാരില്ലെന്നുള്ളതാണ് പറയുന്ന കാരണമെങ്കിലും അത് ശരിയാണോ? ആവശ്യമായ റവന്യൂ റിക്കാർഡുകൾ കൃത്യസമയത്ത് ലഭിക്കാത്തതിന്റെ ഫലമായി കോടതികളിൽ ധാരാളം കാലതാമസം നേരിടുന്നുണ്ട്. ഒരു കക്ഷിക്ക് ഒരു റവന്യൂ റിക്കാർഡ് ലഭിക്കണമെങ്കിൽ രണ്ട് വർഷം വരെ വേണ്ടിവരുന്ന അവസ്ഥ നിലനിൽക്കുന്നു. ഇന്ന് ഓൺലൈൻ സംവിധാനങ്ങളും മറ്റ് ആധുനിക സങ്കേതികവിദ്യകളുമുള്ളപ്പോൾ കൃത്യസമയത്ത് റവന്യൂരേഖകൾ ലഭിക്കുന്നതിനാവശ്യമായ ഒരു സംവിധാനം ഏർപ്പെടുത്തിയാൽ കേരളത്തിലെങ്കിലും സമയബന്ധിതമായി കേസ്സുകൾ തീർക്കുന്നതിനുള്ള സാഹചര്യ മുണ്ടാകുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കോടതികളിൽ വരുന്ന കേസ്സുകൾ അനുരഞ്ജനത്തിലൂടെ തീർക്കുന്ന സംവിധാനമാണ് ലീഗൽ സർവ്വീസസ് അതോറിറ്റി.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി മുതൽ ഏരിയാതലം വരെ സർവ്വീസസ് അതോറിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഫലമായി കേസ്സുകൾ അതിവേഗത്തിൽ തീർപ്പാക്കാനും ഇരുകക്ഷികളുടെയും സമ്മതത്തോടുകൂടി വലിയ തർക്കമില്ലാതെ പരിഹരിക്കാനും സാധിക്കുന്നു. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും അതിന്റെ താഴെത്തട്ടുവരെയുള്ള പ്രവർത്തനത്തിന്റെയും ഫലമായി കേസ്സുകൾ കുറെയേറെ തീർക്കുന്ന സാഹചര്യം സംസ്ഥാനത്തും അഖിലേന്ത്യാ തലത്തിലുമുണ്ട്. കീഴ്ക്കോടതികളിലും ജില്ലാ കോടതികളിലും ഹൈക്കോടതികളിലും ഇത്തരം സംവിധാനം നിലവിലുള്ളപ്പോൾ അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കിയാൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ ഒരു പരിധിവരെ നമുക്ക് പരിഹരിക്കാൻ കഴിയും. കേസ്സുകൾ പരിഹരിക്കുന്നതിന് മറ്റ് മാതൃകകളുമുണ്ട്. നിയമസാക്ഷരതയുള്ള ഇന്ത്യയിലെ ആദ്യത്തെ വ്യവഹാരരഹിത പഞ്ചായത്തായി പ്രഖ്യാപിച്ചത് എന്റെ നിയോജകമണ്ഡലമായ ചെങ്ങന്നൂരിലെ ചെറിയനാട് പഞ്ചായത്താണ്. ചെറിയനാട് പഞ്ചായത്തിൽ ഒരു കോടതിയുണ്ട്. അവിടെ പഞ്ചായത്ത് മെമ്പർമാരും പ്രധാനപ്പെട്ട പൊതുപ്രവർത്തകരുമടങ്ങുന്ന സമിതി മാസത്തിലൊരിക്കൽ പരാതികൾ സ്വീകരിക്കുകയും ആ പരാതിയിന്മേൽ തീരുമാനമെടുക്കുന്നതിനായി ജനപ്രതിനിധികളും സാമൂഹ്യ

പ്രവർത്തകരും ചേർന്ന് ഒരു സിറ്റിംഗ് നടത്തി, അനുരഞ്ജനത്തിലൂടെ 1400 കേസ്സുകളാണ് പരിഹരിച്ചത്. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയും കേരള ഹൈക്കോടതിയും ആ മാതൃക ഏറ്റെടുത്തതിന്റെ ഫലമായി ഇന്ത്യയിലെ ചീഫ് ജസ്റ്റിസ് വന്നാണ് ചെറിയനാട് പഞ്ചായത്തിനെ രാജ്യത്തെ ആദ്യത്തെ വ്യവഹാരരഹിത പഞ്ചായത്തായി പ്രഖ്യാപിച്ചത്. ആ പ്രവർത്തനത്തെ അനുമോദിച്ചു കൊണ്ട് ഇന്ത്യയിലെ ചീഫ് ജസ്റ്റിസ്, നാഷണൽ ജൂഡീഷ്യൽ അക്കാദമിയുടെ ഏറ്റവും പ്രഗത്ഭനും നിയമജ്ഞനുമായ ശ്രീ. എൻ. ആർ. മാധവ മേനോൻ അടക്കമുള്ള ധാരാളം ആളുകൾ ആ പ്രദേശത്ത് വന്നു. അങ്ങനെ ചെറിയനാട് പഞ്ചായത്തിനെ ആദ്യത്തെ വ്യവഹാരരഹിത പഞ്ചായത്തായി സുപ്രീംകോടതി പ്രഖ്യാപിച്ചു. സുപ്രീംകോടതി ജസ്റ്റിസ് ശ്രീ. എച്ച്. എൽ. ദത്തുവാണ് ആ പ്രഖ്യാപനം നടത്തിയത്. ഇതുസംബന്ധിച്ച് ഇന്ത്യയിലാകെ, വിദേശങ്ങളിലടക്കം ലേഖനങ്ങൾ വന്നു. പഞ്ചായത്ത് കോടതികളെ Alternative Dispute Redressal എന്നാണ് പറയുന്നത്. സമാന്തരമായി തർക്കപരിഹാരത്തിനുള്ള ഒരു വേദി എന്ന നിലയിൽ നമ്മുടെ രാജ്യത്ത് അല്ലെങ്കിൽ കേരളത്തിലെങ്കിലും പഞ്ചായത്ത് കോടതികൾ വേണം. പണ്ട് നമ്മുടെ സംസ്ഥാനത്ത് വില്ലേജ് കോടതികൾ നിലനിന്നിരുന്നു. നമ്മുടെ നാട്ടിലും ഇത്തരമൊരു സംവിധാനം വേണം. ഇന്ത്യയ്ക്കാകെ മാതൃകയാകത്തക്ക വിധത്തിൽ കേരള സർക്കാരും ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ടുള്ള മഹത്തായ ഒരു പരിപാടിയായിരുന്നു അത്. ഇന്ന് നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയും ലീഗൽ സർവ്വീസസ് അതോറിറ്റിയും അവരുടെ മുൻപിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ അനുരഞ്ജനത്തിലൂടെയും സമവായത്തിലൂടെയും തീർപ്പാക്കുകയാണ്. Alternative Dispute Redressal എന്ന സമാന്തര തർക്കപരിഹാര വേദിയിലൂടെ കേരളത്തിൽ ഒട്ടനവധി പുതുമകൾ അടങ്ങുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സർക്കാരാണിത്. കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും വലിയ പ്രതീക്ഷ നൽകുന്ന മാലിന്യ നിർമ്മാർജ്ജനം, ജൈവപച്ചക്കറി തുടങ്ങിയ നൂതനമായ ഒട്ടേറെ കർമ്മോന്മുഖമായ പരിപാടികൾ അവതരിപ്പിച്ച ഈ ഗവൺമെന്റിന് കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് സമാന്തര തർക്കപരിഹാര പദ്ധതി ഒരു മാതൃകാ പദ്ധതിയായി ഏറ്റെടുക്കാവുന്നതാണ്. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. ആർ. രാജേഷ് എം.എൽ.എ.-യുടെ നാടാണ് ചെറിയനാട്. ചെറിയനാട്, ഇതിന്റെ പ്രവർത്തനം ഏറ്റെടുത്ത പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വാസുദേവനെ പത്മശ്രീ പുരസ്കാരത്തിന് നിർദ്ദേശിക്കുകയുണ്ടായി. കേരളത്തിൽ ഇന്ന് കെട്ടിക്കിടക്കുന്ന കേസ്സുകൾ പരിഹരിച്ച് സമാധാന അന്തരീക്ഷമുണ്ടാക്കുന്നതിന് A.D.R (Alternative Dispute Redressal) എന്ന സമാന്തര തർക്കപരിഹാര വേദിയെ ഒരു മാതൃകാ പദ്ധതിയായി ഏറ്റെടുത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് പരീക്ഷിക്കാവുന്നതാണ്. പഞ്ചായത്തുകളിൽ ഇത് നടപ്പിലാക്കാൻ വലിയ സാമ്പത്തിക ചെലവുണ്ടാകുന്നില്ല. ബഹുജന പങ്കാളിത്തത്തോടു കൂടി നടത്താവുന്ന ഈ പദ്ധതി നടപ്പാക്കണമെന്നാണ് ബഹുമാന്യനായ മന്ത്രിയോട് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

നിയമ നിർമ്മാണസഭ, ജുഡീഷ്യറി, എക്സിക്യൂട്ടീവ് തുടങ്ങിയ ഭരണ നിർവ്വഹണ സമിതികളെ ഏകോപിപ്പിക്കണം. ജുഡീഷ്യൽ ആക്ടിവിസം എന്നുപറഞ്ഞ് കോടതികളുടെ ഇടപെടലിനെ സംബന്ധിച്ചുള്ള വിമർശനവും ഭരണ നിർവ്വഹണത്തിന്റെ പ്രശ്നവുമെല്ലാം ഉയർന്നുവരുന്നുണ്ട്. സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും ശക്തിപ്പെടുത്തുന്ന പ്രധാനപ്പെട്ട വേദികളെയെല്ലാം ഏകോപിപ്പിക്കണം. അവിടെയാണ് മാധ്യമങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം പരിശോധിക്കപ്പെടേണ്ടത്. കേരളത്തിൽ ബഹുമാന്യനായ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ഇതിന് കർശനമായ നിലപാടെടുത്തു. ഏതാനും അഭിഭാഷകരുടെ പ്രവർത്തനങ്ങളെ അപലപിക്കുമ്പോൾ ആ മേഖലയിൽ മാധ്യമങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെ കർശനമായ നിലപാടുകളെടുത്തിരുന്നു. ആ നിലപാടുകളെ മുൻനിർത്തി ഇത്തരം പ്രവണതകൾ അവസാനിപ്പിക്കാൻ ജുഡീഷ്യറിയും ലെജിസ്ലേച്ചറും ചേർന്നുള്ള ഏകോപനത്തിന് സാദ്ധ്യതയുണ്ടാക്കണം. നിരവധി വിദേശ രാജ്യങ്ങളിൽ അത് നടപ്പാക്കിയിട്ടുണ്ട്. ഏകോപനത്തിനുള്ള സംവിധാനമുണ്ടാക്കിയാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എളുപ്പമായിരിക്കും. ഇന്ന് വ്യവഹാരത്തിന് ആവശ്യമായി വരുന്ന ഭാരിച്ച ചെലവിനെ സംബന്ധിച്ചും അഭിഭാഷക ക്ഷേമനിധിയിൽ സ്റ്റാമ്പിന് ഇരുപത്തിയഞ്ച് രൂപ വർദ്ധിപ്പിച്ചത് കൂടുതലാണെന്നും ഇവിടെ പറയുകയുണ്ടായി. അഭിഭാഷകവൃത്തിയിൽ സ്റ്റാമ്പിന്റെ തുക യഥാർത്ഥത്തിൽ കക്ഷികളിൽ നിന്നല്ല ഈടാക്കുന്നത്, അഭിഭാഷകരാണ് ആ ചെലവ് വഹിക്കുന്നത്. അഭിഭാഷക ക്ഷേമനിധി ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ അതിനാവശ്യമായ ഫണ്ട് സ്വരൂപിക്കണം. ക്ഷേമനിധി തുക പത്തുലക്ഷം രൂപയായി വർദ്ധിപ്പിക്കുമ്പോൾ ഏറ്റവും സീനിയറായ അഭിഭാഷകർ ആറായിരം രൂപ ക്ഷേമനിധിയിലേയ്ക്ക് ഒടുക്കുന്നതുകൊണ്ട് യാതൊരു അപാകതയുമില്ല. കേരള ബാർ കൗൺസിലിൽ 45000 പേരാണ് ഇപ്പോൾ എൻറോൾ ചെയ്തിരിക്കുന്നതെന്നാണ് കണക്കാക്കുന്നത്. അതിൽ 22000 പേരാണ് ക്ഷേമനിധിയിൽ ചേർന്നിട്ടുള്ളത്. ആറായിരത്തോളം ക്ലാർക്കുമാരുണ്ടെന്നാണ് കണക്ക്. അവരെയും അവരുടെ കുടുംബത്തേയും സഹായിക്കുന്ന ഒരു പദ്ധതി വരുമ്പോൾ അതിലേയ്ക്കാവശ്യമായ ഫണ്ട് സമാഹരിക്കേണ്ടത് ആവശ്യമാണ്. 1980-ലെ ഗവൺമെന്റാണ് ആദ്യമായി ഈ പദ്ധതി കൊണ്ടുവരുന്നത്. അതിനുശേഷം ക്രമാനുഗതമായി മൂന്ന് ലക്ഷം രൂപ, അഞ്ചു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. വർഷങ്ങളായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഇത് പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നത്. പത്ത് ലക്ഷം രൂപ അപര്യാപ്തമാണെന്ന് അഭിഭാഷകർക്ക് അഭിപ്രായമുണ്ട്. അത് കുറേക്കൂടി വർദ്ധിപ്പിക്കണമെന്നാണ് അവരുടെ ആവശ്യം. കാലാനുസൃതമായി അത് വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. അഭിഭാഷക ക്ഷേമനിധിയിൽനിന്നും പണം സ്വീകരിച്ചുകഴിഞ്ഞാൽ ആ അഭിഭാഷകന് പ്രാക്ടീസ് ചെയ്യാൻ പറ്റില്ലായെന്ന തീരുമാനം ബാർ കൗൺസിൽ എടുത്തിട്ടുണ്ട്. ക്ഷേമനിധിയുമായി ബന്ധപ്പെട്ട് അത് നിലനിൽക്കും. അഭിഭാഷകർക്ക് റിട്ടയർമെന്റില്ല.

ഏകദേശം നാൽപ്പതുവർഷം ഈ മേഖലയിൽ പ്രവർത്തിച്ച് സാമ്പത്തിക ബുദ്ധിമുട്ടുകൾകൊണ്ട് ക്ഷേമനിധിയിൽനിന്നും തുക വാങ്ങിക്കഴിഞ്ഞാലും വീണ്ടും ആ തൊഴിൽ ചെയ്യാൻ ഒരവസരം വേണം. അത് നിഷേധിക്കുന്നത് ശരിയല്ല. അവർക്ക് ബാങ്കിന്റെ ലീഗൽ അഡ്വൈസറാകുന്നതിനും അല്ലെങ്കിൽ മറ്റ് ഉപദേശങ്ങൾ കൊടുക്കുന്നതിനും ക്ഷേമനിധിയിൽനിന്നും പണം വാങ്ങിക്കഴിഞ്ഞാൽ വക്കാലത്തിൽ ഒപ്പിടാൻ പാടില്ലെന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അവരുടെ ജോലി നിഷേധിക്കുന്ന സമീപനത്തിൽ പരാതിയുള്ളവരുണ്ട്. അക്കാര്യംകൂടി സർക്കാർ പരിശോധിക്കണം. ക്ഷേമനിധിയിൽനിന്നും പണം വാങ്ങുന്ന ആളുകൾ റിട്ടയർ ചെയ്ത് വീട്ടിലിരിക്കണമെന്ന ബാർ കൗൺസിലിന്റെ സമീപനം ശരിയല്ല. കാരണം, ഏറ്റവും ബൗദ്ധികമായ പ്രവർത്തനങ്ങൾ നടത്തുന്നവരാണ് രോഗങ്ങളിൽനിന്ന് മുക്തി നേടി സമൂഹത്തെ സേവിക്കുന്നത്. ക്ഷേമനിധിയോ മറ്റാനുകൂല്യങ്ങളോ നൽകിയില്ലെങ്കിലും അവർക്ക് ജോലിയിൽ തുടരുന്നതിനാവശ്യമായ സൗകര്യം ചെയ്തുകൊടുത്താൽ നന്നായിരിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ഭേദഗതി അഭിഭാഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷകരമായ ഒരു തീരുമാനമാണ്. ഏതാണ്ട് നാൽപ്പത്തി അയ്യായിരത്തോളം പേർ എൻറോൾ ചെയ്തിട്ടുണ്ടെങ്കിലും ഇരുപത്തിയഞ്ച് ശതമാനം അഭിഭാഷകർക്ക് മാത്രമാണ് സ്വന്തം വരുമാനം കൊണ്ട് ജീവിക്കാൻ കഴിയുന്നതെന്ന് അഭിഭാഷക വൃത്തിയെക്കുറിച്ച് നല്ലതുപോലെ അറിയാവുന്നവർക്ക് മനസ്സിലാകുന്നതാണ്. അതുകൊണ്ട് ഏതാണ്ട് നാൽപ്പത്തി അയ്യായിരം പേർ എൻറോൾ ചെയ്തിട്ടുണ്ടെങ്കിൽ അതിൽ മഹാഭൂരിപക്ഷത്തിനും അനുകൂലമായ ഈ ഭേദഗതിയേയും അഭിഭാഷക ക്ഷേമനിധി വർദ്ധിപ്പിച്ച സർക്കാരിനെയും അഭിനന്ദിച്ചുകൊണ്ട് എല്ലാവിധ പിന്തുണയും അറിയിച്ചു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അനിൽ അക്കര, അങ്ങേയ്ക്ക് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എനിക്കുമുമ്പ് സംസാരിച്ച അംഗം പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. എങ്കിലും പത്ത് ശതമാനമെന്നത് വളരെ കുറഞ്ഞ സംഖ്യയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ സംഖ്യ പിരിച്ചെടുക്കുന്നത് കോർട്ട് ഫീ സ്റ്റാമ്പുകൾ വഴിയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇത് കേരളത്തിലെ ഒരഭിഭാഷകന്റെ കയ്യിൽനിന്നോ അല്ലെങ്കിൽ ഒരു ക്ലാർക്കിന്റെ കയ്യിൽ നിന്നോ പോകുന്ന സംഖ്യയല്ല. ഈ സംഖ്യ നൂറ് ശതമാനവും വ്യവഹാരികളുടെ കയ്യിൽ നിന്നും പോകുന്നതാണ്. അതിൽ നിന്നും പത്തുശതമാനം മാത്രം ഇവർക്കുവേണ്ടി

മാറ്റിവയ്ക്കുന്നത് ഒരു കാരണവശാലും നീതീകരിക്കാൻ കഴിയില്ല. അതുകൊണ്ട് പ്രസ്തുത സംഖ്യ വർദ്ധിപ്പിക്കണം. ഇവിടെ സൂചിപ്പിച്ചതുപോലെ സുപ്രീംകോടതിയും ഹൈക്കോടതിയും കഴിഞ്ഞാൽ കേരളത്തിലെ ജില്ലാ കോടതിക്കുതാഴെയുള്ള ഏത് കോടതിയിലും വാദിക്കായാലും പ്രതിക്കായാലും കോടതി നടപടികൾ പൂർത്തിയാകുംവരെ കാത്തുനിന്നാൽ കോടതി ജീവപര്യന്തം വിധിക്കുന്നതിനേക്കാൾ വലിയ ശിക്ഷയാണ് ഈ കോടതികളിൽനിന്നും ലഭിക്കുന്നത്. പുതിയ സിനിമ കാണാൻ പോയാൽ ടിക്കറ്റെടുക്കാൻ നിൽക്കുന്നതുപോലെ നമ്മുടെ കേസ് എപ്പോൾ വിളിക്കുമെന്ന് നോക്കി വാതിലിനിടയിലൂടെ തള്ളി നിൽക്കുന്ന കാഴ്ച ഭീകരമാണ്. എന്തെങ്കിലും കാരണവശാൽ വിളി കേൾക്കാൻ വിട്ടുപോയി പിറ്റേദിവസം ഹാജരായാൽ റിമാൻഡിലാകുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ ഫണ്ടുപയോഗിക്കുമ്പോൾ അത് കൈകാര്യം ചെയ്യുന്നതിന് വ്യക്തമായ പ്രൊസീഡിംഗ്സ്/നടപടിക്രമങ്ങൾ ഉണ്ടാകണം. പലപ്പോഴും കേസുമായി ബന്ധപ്പെട്ട ആളുകൾ അത് അറിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. പലപ്പോഴും വാറണ്ടാകുന്ന സമയത്താണ് വാദിയും പ്രതിയും ഇത്തരത്തിലുള്ള കേസുകളെക്കുറിച്ച് അറിയുന്നത്. കേരളത്തിലെ ഹൈക്കോടതിയിൽ ഡിജിറ്റൽ സംവിധാനങ്ങളുടെ ഭാഗമായി കേസുകൾ ഏത് കോടതിയിലാണ് നടക്കുന്നത്, കേസ് നമ്പർ എത്രയാണ്, നമ്മുടെ കേസുകൾ എപ്പോഴാണ് പരിഗണിക്കുന്ന തെന്നൊക്കെ മനസ്സിലാക്കാൻ കഴിയും. പക്ഷേ കേരളത്തിലെ താഴെത്തട്ടിലുള്ള ഒരു കോടതികളിലും നമുക്ക് അത്തരത്തിലുള്ള സൗകര്യങ്ങളില്ലെന്നത് മറക്കാൻ കഴിയില്ല. നമ്മൾ ജീവിക്കുന്നത് ഒരു പരിഷ്കൃത സമൂഹത്തിലാണ്. അപരിഷ്കൃതമായ രീതിയിലേയ്ക്ക് ഇനി പോകാൻ കഴിയില്ല. നമ്മുടെ കോടതികൾ വൃത്തിയുള്ളതായിരിക്കണം. ജില്ലാ കോടതികൾ, മജിസ്ട്രേട്ട് കോടതികൾ, മുൻസിഫ് കോടിതികൾ എന്നിവിടങ്ങളിൽ പ്രാഥമികസൗകര്യം പോലുമില്ലാത്ത സ്ഥിതിയാണ്. കോടതികളിൽ പൊതു ടോയ്ലറ്റുകളായതുകൊണ്ട് അവ വൃത്തിയാക്കുന്ന കാര്യത്തിൽ ഉദാസീന നിലപാടാണ് സ്വീകരിക്കുന്നത്. നമ്മുടെ സംസ്ഥാനം അഭിമാനകരമായ രീതിയിൽ നവംബർ 1-ാം തീയതി വെളിയിട വിസർജ്ജനത്തിന്റെ കാര്യത്തിൽ വളരെ മാതൃകാപരമായി ഇന്ത്യയിലെ ആദ്യത്തെ ശുചിത്വ സംസ്ഥാനമായി പ്രഖ്യാപിച്ചതാണ്. പക്ഷേ കോടതികളിലെ ശുചിത്വം രാജ്യത്തിന് മാതൃകയാണോയെന്ന് പരിശോധി ക്കേണ്ടതോടൊപ്പം ഇക്കാര്യം പരിഹരിക്കാനുള്ള നടപടിയും സ്വീകരിക്കണം. ഇവിടെ സൂചിപ്പിച്ച വളരെ പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന്, സാധാരണക്കാരായ വ്യവഹാരികൾക്ക് മേൽക്കോടതികൾ അപ്രാപ്യമാണ്. സിവിൽ കോടതികളായാലും മജിസ്ട്രേട്ട് കോടതികളായാലും കേസ് അനുകൂലമായാലും പ്രതികൂലമായാലും കേസ്സിന് അപ്പീൽ പോകാനോ CAVEAT-ന് പോകാനോ സാധാരണ ഒരു വ്യവഹാരിക്ക് കഴിയാത്ത സാഹചര്യമാണുള്ളത്. സുപ്രീംകോടതിയെന്ന് പറയുന്നത്

സ്വപ്നത്തിൽപ്പോലും ചിന്തിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ്. ഇവിടെ മാറ്റിവയ്ക്കുന്ന തുകയിൽ പത്ത് ശതമാനം അഭിഭാഷക ക്ഷേമനിധിയിൽ നിന്നുമെടുത്താൽ, ക്ലാർക്ക് ക്ഷേമനിധിയിൽ നിന്നുമുള്ള തുക കൂടി ചേർത്താൽപ്പോലും മൂന്നിൽ ചില്ല്വാനം കോടി രൂപ മാത്രമാണ് ഇതുമായി ബന്ധപ്പെട്ട് വരുന്നത്. സുപ്രീം കോടതിയിൽ ഇന്ത്യയിലെ പ്രമുഖരായ അഭിഭാഷകരെ വച്ച് മുപ്പത് കേസ് നടത്തിയാൽ ചെലവാകുന്ന തുക മാത്രമാണ് ഇതുമായി താരതമ്യം ചെയ്യുമ്പോഴുള്ളത്. ഈ പത്തുശതമാനം തുക അപര്യാപ്തമാണെന്ന് ഓർമ്മിപ്പിക്കാനാണ് ഇത് സൂചിപ്പിച്ചത്. ഇന്ന് അപകടം സംഭവിച്ച ഒരാളെ ആശുപത്രിയിൽ കൊണ്ടുപോയി ഐ.സി.യു.-വിലോ സർജിക്കൽ ഐ.സി.-യുവിലോ അഡ്മിറ്റ് ചെയ്താലും അവിടെ രോഗി എത്തുന്നതിനു മുമ്പ് അഭിഭാഷകരുടെ ഏജന്റുമാരാണ് കടന്നുവരുന്നത്. ആ രോഗിക്ക് എന്തസുഖമാണെന്ന് ചിന്തിക്കുന്നതിനുമുമ്പ് ഞങ്ങൾ ഈ കേസ് ഏറ്റെടുത്ത് നടത്തിത്തരാമെന്നും മരിച്ചാൽ ഇത്ര രൂപ നൽകാമെന്നും അംഗവൈകല്യമുണ്ടായാൽ ഇത്ര രൂപ നൽകാമെന്നും അവർ വാദിക്കുന്ന കാഴ്ച വരെ നമ്മൾ കാണുന്നുണ്ട്. അതിന് അവർ ശതമാനക്കണക്കും മുന്നോട്ടുവയ്ക്കുന്നുണ്ട്. അഭിഭാഷകർക്ക് കേസ്സുകൾ ലഭിക്കുന്നതിനു വേണ്ടി ഇന്ന് എം.എ.സി.റ്റി. കോടതികളിൽ ലേലം വിളി നടക്കുകയാണ്. ഇവർ പത്ത് ശതമാനംവരെ തുക ഈടാക്കിക്കൊണ്ടാണ് കേസ്സുകൾ നടത്തുന്നത്. ആയതിനാൽ ഇതിന്മേലുള്ള പൂർണ്ണ നിയന്ത്രണം സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതുണ്ട്. അതുപോലെത്തന്നെ ഉപഭോക്തൃ കോടതികളിലും മറ്റും അഡ്ജസ്റ്റ്മെന്റ് അടിസ്ഥാനത്തിൽ കാര്യങ്ങൾ നടക്കുന്നതായി പലപ്പോഴും തോന്നാറുണ്ട്. ആർബിട്രേഷൻ കോടതിയിലും ലേബർ കോടതിയിലും വക്കീലൻമാരെ വച്ചുകൊണ്ട് കേസ്സുകൾ നടത്താൻ സാധാരണ തൊഴിലാളികൾക്ക് സാധിക്കാത്ത സാഹചര്യമുണ്ട്. ആയതിനാൽ ലേബർ കോടതി, ആർബിട്രേഷൻ കോടതി, സഹകരണ ട്രിബ്യൂണൽ, ഉപഭോക്തൃ കോടതി തുടങ്ങിയ കോടതികളിലെല്ലാം സാധാരണക്കാരായ ആളുകളുടെ കേസ്സുകൾ വാദിക്കാൻ സർക്കാർ അഭിഭാഷകരെ നിയോഗിക്കേണ്ടതുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ മാധ്യമപ്രവർത്തകർക്ക് കോടതികളിൽ സുഗമമായി പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നത് കോടതികളുടെയും ജനാധിപത്യ വ്യവസ്ഥയുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. എന്നാൽ അതിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി സംസാരിക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ സുപ്രീം കോടതിവരെ ഇടപെട്ട അവസ്ഥയുണ്ടായി. ഇതുസംബന്ധിച്ച് സംസ്ഥാന നിയമസഭയിൽ ഉറപ്പുകൾ നൽകിയെങ്കിലും മാധ്യമപ്രവർത്തകർക്ക് സുഗമമായി മാധ്യമപ്രവർത്തനം നടത്താൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. പിണറായിയിൽ ജനിച്ച് അടിയന്തരാവസ്ഥ കാലത്ത് സമരങ്ങളെ നേരിട്ട ബഹുമാന്യനായ മുഖ്യമന്ത്രി, സഖാവ് പിണറായി വിജയൻ കേരളം ഭരിക്കുമ്പോൾ അതിനും മേലെയാണ് കേരളത്തിലെ

അഭിഭാഷകരെന്നുപറഞ്ഞാൽ അത് വിശ്വസിക്കാൻ കഴിയില്ല. കേരളത്തിലെ മുഖ്യമന്ത്രി മനസ്സുനിറഞ്ഞ് തീരുമാനിച്ചാൽ ഈ വിഷയം ഇവിടെ തീരാവുന്നതേയുള്ളൂ. കേരളത്തിലെ സാധാരണക്കാരായ ആളുകൾക്ക് കേസുകൾ നടത്താനും അപ്പീൽ കോടതികളിൽ പോകാനും ഞാൻ നേരത്തെ സൂചിപ്പിച്ച രീതിയിൽ ലീഗൽ മെട്രോളജി മുതൽ എം.എ.സി.റ്റി. കോടതികൾവരെ അവർക്ക് നീതി ലഭിക്കാൻ സാധിക്കുന്ന രീതിയിൽ ഈ നിയമത്തെ കൊണ്ടുവരുന്ന സംസ്ഥാന ഗവൺമെന്റിനെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഇതിലേയ്ക്കാവശ്യമായ തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മറുപടി എന്ന നിലയിൽ കൂടുതൽ കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. കോടതികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ തുക ഉപയോഗിക്കുന്നില്ല. അടിസ്ഥാന സൗകര്യം പൊതു ബഡ്ജറ്റിന്റെ ഭാഗമാണ്. ഇവിടെ ഒരു കാര്യം വ്യക്തമാണ്. കേരളത്തിലെ കോടതികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണം. കക്ഷികൾക്കും പ്രതികൾക്കും വക്കീലന്മാർക്കും കോടതികളിൽ ഇരിക്കുന്നതിനോ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനോ സാധിക്കുന്നില്ല. ഇക്കാര്യം വളരെ ഗൗരവമായി സർക്കാർ കാണുകയാണ്. കേരളത്തിലെ കോടതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സമീപനമാണ് പൊതുബഡ്ജറ്റിന്റെ ഭാഗമായി സർക്കാർ സ്വീകരിക്കുക. ഈ നിയമത്തിൽപ്പറയുന്ന ഒരു ശതമാനത്തിൽ വരുന്ന തുകയുടെ പത്ത് ശതമാനം പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക്, ലീഗൽ സർവ്വീസ് സഹായം ലഭ്യമാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. ഇതിൽ മുമ്പുള്ളതിനെക്കാൾ കൂടുതൽ തുക എന്തായാലുമുണ്ടാകും. സമാന്തര തർക്കപരിഹാര വേദികൾ അതും വളരെ പ്രധാനപ്പെട്ട വിഭാഗമാണ്. 1934-ൽ കൊല്ലം സബ്കോടതിയിലുണ്ടായിരുന്ന ഒരു സിവിൽ കേസ് ഇതുവരെ പരിഹരിച്ചിട്ടില്ല. പ്രത്യേകിച്ച് സിവിൽ കേസ്സുകൾ ശ്രദ്ധിക്കാൻ വക്കീലന്മാർക്കും പ്രിസൈഡിംഗ് ഓഫീസർമാർക്കും വലിയ താല്പര്യമില്ല. ഭൂപരിഷ്കരണ നിയമത്തിനുശേഷം ഇതുമായി ബന്ധപ്പെട്ട കൂടുതൽ കേസ്സുകൾ ട്രിബ്യൂണലിൽ വരുന്നതിനാൽ അവിടെ കേസ്സുകൾ കെട്ടിക്കിടക്കുന്നു. കൂടാതെ അതിനുമുകളിലുള്ള അപ്പീൽ കേസ്സുകളും ഇവിടെ കെട്ടിക്കിടക്കുകയാണ്. ഇതിന്റെ ഭാഗമായി കക്ഷികൾ മരണപ്പെട്ടാൽപ്പോലും അവരുടെ കുടുംബത്തിന് നീതി ലഭിക്കാത്ത അവസ്ഥയുണ്ട്. യഥാർത്ഥത്തിൽ നീതി നിഷേധത്തിന്റെ ഒരു കേന്ദ്രമാണ് സിവിൽ കേസ്സുകളുമായി ബന്ധപ്പെട്ട് നടക്കുന്നത്. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 1-ാം തീയതി ഞാനും ശ്രീ. ജി. സുധാകരനും എറണാകുളം കോടതിയുടെ ഒരു കോംപ്ലക്സ്

ഉദ്ഘാടനത്തിൽ പങ്കെടുക്കുകയുണ്ടായി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസും സുപ്രീംകോടതി ചീഫ് ജസ്റ്റിസും ഇരിക്കുന്ന വേദിയിൽ വച്ചുതന്നെ കെട്ടിക്കിടക്കുന്ന കേസ്സുകളെ സംബന്ധിച്ച് ഞങ്ങൾ സൂചിപ്പിച്ചു. ആവശ്യത്തിന് പ്രിസൈഡിംഗ് ഓഫീസർമാർ ഇല്ലായെന്നുള്ള വാദം നിലനിൽക്കുന്നുണ്ട്. പക്ഷേ കേരളത്തിൽ ഹൈക്കോടതി രൂപംകൊള്ളുമ്പോൾ ഏഴ് ജഡ്ജിമാരുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 47 പേരുണ്ട്. ആവശ്യത്തിനുള്ള പ്രിസൈഡിംഗ് ഓഫീസർമാർ ഇപ്പോഴുണ്ട്. ഇതിൽ കുറവുണ്ടെങ്കിൽ അക്കാര്യവും നമുക്ക് പരിഹരിക്കാൻ സാധിക്കും.

ശ്രീ. പി. ടി. തോമസ്: സർ, കോടതികളിൽ കക്ഷികൾക്കുള്ള സൗകര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഞാൻ കഴിഞ്ഞ വർഷം ദുബായിൽ ഒരു കോടതിയിൽ പോകുകയുണ്ടായി. കോടതി നടപടികൾ എങ്ങനെ നടക്കുന്നു എന്നറിയാനുള്ള ആകാംക്ഷകൊണ്ടാണ് ഞാൻ പോയത്. ഏത് കേസ്സിൽപ്പെട്ട പ്രതിയാണെങ്കിലും ഇവിടെ ചില പ്രതികളെ കോടതിയിൽ ഹാജരാക്കുമ്പോൾ വലിയ അക്രമം നടക്കാറുണ്ട്. കോടതിയിൽ പ്രതിയെ ഹാജരാക്കാൻ കൊണ്ടുവന്നപ്പോൾ വെടിവച്ചുകൊന്ന സംഭവംപോലും ഇന്ത്യയിലുണ്ടായിട്ടുണ്ട്. എന്നാൽ ദുബായിൽ അണ്ടർഗ്രൗണ്ട് പോലുള്ള വലിയൊരു കെട്ടിടത്തിലേയ്ക്ക് ബന്തവസ്സായ പോലീസ് വണ്ടിയിൽ പ്രതിയെ കൊണ്ടുവരുന്ന കാഴ്ചയാണ് ഞാൻ കണ്ടത്. പ്രതിയെ പരസ്യമായി ആരും കാണുന്നില്ല. ഈ പ്രതിയെ വിളിക്കുമ്പോൾ മജിസ്ട്രേറ്റിന്റെ അടുത്തുള്ള കൂട്ടിലേക്ക് ലിഫ്റ്റിൽ കയറി വരുന്നതിനുള്ള സാഹചര്യം അവിടെ ഒരുക്കിയിരിക്കുകയാണ്. അതിന്റെ ഫലമായി പ്രതിയെ മറ്റുള്ളവർ കാണുന്നതും കയ്യേറ്റം ചെയ്യുന്നതുമടക്കമുള്ള കാര്യങ്ങൾ ഒഴിവാക്കി സംരക്ഷണം കൊടുക്കാൻ കഴിയും. അത്തരത്തിൽ ആധുനിക കോടതികൾ കേരളത്തിൽ പുനഃസംഘടിപ്പിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ; അത് കക്ഷികൾക്ക് ചെയ്തുകൊടുക്കാവുന്ന ഏറ്റവും നല്ല കാര്യമാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഇതൊരു നല്ല നിർദ്ദേശമാണ്. ഞാൻ ഇതിനിടെ വേറൊരു രാജ്യത്ത് പോയപ്പോൾ അവിടെ കോടതിയും പോലീസും ജയിലുമില്ലാത്ത അവസ്ഥയാണുണ്ടായിരുന്നത്. ലക്ഷദ്വീപിലടക്കം ഇപ്പോൾ കോടതികൾ അടച്ചിട്ടിരിക്കുകയാണ്. മനുഷ്യർ വിചാരിച്ചാൽ അതും നടക്കും. അങ്ങനെയുള്ള ഒരവസ്ഥ നമുക്ക് പ്രതീക്ഷിക്കാം. അതാണ് ശാസ്ത്രീയ സോഷ്യലിസമെന്ന് നമ്മൾ പറയുന്നത്. അതിലേയ്ക്കുള്ള വളർച്ച സാധാരണ നിലയിലുള്ളതല്ല, അത് ലേശം ദുഷ്കരമായിട്ടുള്ള പോക്കാണ്. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബാക്കിയുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## IX ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

### തുടർച്ചയായുണ്ടാകുന്ന ട്രെയിൻ അപകടങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ടി. എ. അഹമ്മദ് കബീർ, അങ്ങേയ്ക്ക് ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീർ : "റെയിൽ പാളങ്ങളുടെ പഴക്കം, തകരാറിലായ ബോഗികളുടെ ആധിക്യം, അറ്റകുറ്റപ്പണികളുടെ അപര്യാപ്തത, പരിഹാരമില്ലാതെ തുടരുന്ന സുരക്ഷാപ്രശ്നങ്ങൾ, ജീവനക്കാരുടെ കുറവ് തുടങ്ങിയ കാരണങ്ങളാൽ സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന ട്രെയിൻ അപകടങ്ങൾമൂലമുണ്ടായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സർ, കേരളം റെയിൽവേ സൗകര്യങ്ങളുടെ കാര്യത്തിൽ വളരെയധികം പിന്നിലാണ്. ഇക്കാര്യത്തെക്കുറിച്ച് സഭയിലും പുറത്തും നിരന്തരമായി ആക്ഷേപങ്ങൾ വരുന്നതാണ്. എവിടെയെങ്കിലും ട്രെയിനപകടങ്ങൾ ഉണ്ടാകുമ്പോൾ മാത്രമാണ് ഇത്തരം കാര്യങ്ങൾ സജീവമായ ചർച്ചയ്ക്ക് വരുന്നത്. കടലുണ്ടിപ്പുഴ കണ്ണീർപ്പുഴയായി മാറുന്നത് നമ്മളെല്ലാവരും കണ്ടതാണ്. പെരുമണിൽ വിലാപം അണമുറിഞ്ഞ് ഒഴുകുന്നത് നാം കേട്ടതാണ്. ഈ രണ്ടു സന്ദർഭങ്ങളിലും അവിടെ പാലംപണി ഉൾപ്പെടെയുള്ള കാര്യങ്ങൾ നടന്നെങ്കിലും പിന്നീട് റെയിൽ സംരക്ഷണ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയുണ്ടായില്ലെന്നുള്ളതാണ് വിഷയം. റെയിൽവേ വകുപ്പ് കേന്ദ്ര സർക്കാരിന്റെ കീഴിലായതുകൊണ്ട് ഒന്നും ചെയ്യാനില്ലെന്ന മട്ടിലാണ് കാര്യങ്ങൾ പോകുന്നത്. ചെറുവത്തൂർ, കറുകുറ്റി, ശാസ്താംകോട്ട, കൊച്ചുവേളി എന്നീ സ്ഥലങ്ങളിലുണ്ടായ അപകടങ്ങളിൽ ആളപായമില്ലാതെ രക്ഷപ്പെട്ടു എന്നതുകൊണ്ട് ഇതിന്റെ ഗൗരവം കുറയുന്നില്ല. അക്കാദമിക് ചർച്ചയിലേയ്ക്കൊന്നും കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഇവിടെ പുതിയ റെയിൽവേ വകുപ്പുമന്ത്രി മിഷൻ സീറോ ആക്സിഡന്റ് എന്ന ഒരു പരിപാടി അനൗൺസ് ചെയ്തു. ഒരു ഫലവും കാണുന്നില്ലെന്നാണ് വർദ്ധിച്ചുവരുന്ന അപകടങ്ങൾ വ്യക്തമാക്കുന്നത്. അതിനുശേഷമാണ് ഈ കാര്യത്തിൽ എന്തെല്ലാം വീഴ്ചകൾ വന്നുവെന്ന് നമുക്ക് മനസ്സിലാകുന്നത്. ഓഫീസർമാരും സൂപ്പർവൈസർമാരും രാത്രിയും പകലും എഞ്ചിനിലും ഗാർഡ്‌വാനിലും നിരന്തരമായി സഞ്ചരിച്ച് പാതയുടെ ശേഷി ഉറപ്പുവരുത്തണമെന്നും ജീവനക്കാർക്ക് റെയിൽ സുരക്ഷയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകൾ നൽകണമെന്നും പറഞ്ഞിട്ടുണ്ട്. ഓപ്പറേഷന്റെയും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെയും ഐ.റ്റി. പ്ലാറ്റ്ഫോമിന്റെയും കാര്യത്തിൽ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി ശ്രീ. സുരേഷ് പ്രഭാകർപ്രഭു വാചാലനാണെങ്കിലും അടിക്കടി കേരളത്തിൽ അപകടങ്ങൾ വർദ്ധിക്കുന്നു എന്നതാണ് നമ്മുടെ അനുഭവം. ഇന്നും കൊല്ലത്ത് ശാസ്താംകോട്ടയിൽ റെയിൽപ്പാളത്തിലെ വിള്ളൽ നാട്ടുകാർ കണ്ടുപിടിക്കുകയും യാത്ര തടസ്സപ്പെടുമെന്നുള്ള ഭയം ഉയരുകയും ചെയ്തിരുന്നു. ഭാഗ്യവശാൽ പെട്ടെന്ന് അത് തിരുത്തി എന്നാണ് അറിയാൻ കഴിഞ്ഞത്. Preventive measures-ന്റെയും Protective measures-ന്റെയും കാര്യത്തിൽ ഗൗരവതരമായ നടപടികൾ സ്വീകരിക്കുന്നില്ല എന്നത് പ്രധാനപ്പെട്ട കാര്യമാണ്. റോളിംഗ് സ്റ്റോക്ക്, റെയിൽ, സെക്യൂരിറ്റി സിസ്റ്റം എന്നിവയിൽ പിഴവുണ്ടെന്നാണ് കേരളത്തിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങളിൽ നിന്നും ബോദ്ധ്യമാകുന്നത്. ഇതിലൊന്നു പിഴച്ചാൽ എന്താണ് സംഭവിക്കുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. ട്രെയിൻ ഡ്രൈവർക്കോ സെക്യൂരിറ്റി സ്റ്റാഫിനോ എന്തെങ്കിലും രക്ഷാപ്രവർത്തനം നടത്താനുള്ള സമയം കിട്ടാത്തത്ര നിർണ്ണായകവും ദുഷ്കരവുമായ ഒരവസ്ഥയാണിത്. ഒരു ട്രെയിൻ അപകടത്തിൽപ്പെടുമ്പോൾ അതിലുള്ള ആയിരക്കണക്കിന് യാത്രക്കാർക്കുണ്ടാകുന്ന

നാശനഷ്ടങ്ങളെയും കെടുതികളെയുംകുറിച്ച് ഒരിക്കലും നമുക്ക് പ്രവചിക്കുവാനോ വിവരിക്കുവാനോ സാധിക്കുകകയില്ല. റെയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് സേഫ്റ്റി മെഷേഴ്സിന്റെ കാര്യത്തിലാണ് കേന്ദ്ര സർക്കാർ ശ്രദ്ധിക്കേണ്ടത്. ഈയടുത്ത ദിവസം ശ്രീ. ബിബേക് ഡെബ്റോയി നടത്തിയ ഒരു പഠന റിപ്പോർട്ടിൽ പറഞ്ഞത് കോർ ഏരിയയും നോൺ കോർ ഏരിയയും ഏതാണെന്ന് നിർണ്ണയിക്കണമെന്നാണ്. റെയിൽവേ ട്രാക്കുകളുടെ സേഫ്റ്റി, ഓപ്പറേഷണൽ സേഫ്റ്റി, ഫെസിലിറ്റീസ് മെയിന്റനൻസ് മാനേജ്മെന്റ്, ട്രക്ക്സും അതിന്റെ റോഡ് ബെഡ്സും അപ്ഗ്രേഡ് ചെയ്യാനുള്ള സ്ഥിരമായ ഏർപ്പാടുകൾ, കോച്ചുകൾ അപ്ഗ്രേഡ് ചെയ്യൽ, സ്റ്റാഫിന്റെ ട്രെയിനിംഗ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം ശ്രീ. ബിബേക് ഡെബ്റോയി വിശദമായി പറഞ്ഞിട്ടുണ്ട്. എന്നിട്ടും കേരളം റെയിൽവേ രംഗത്ത് അനുഭവിക്കുന്നത് വിവേചനവും അവഗണനയുമാണ്. സമയബന്ധിതമായ പരിശോധന ഉറപ്പുവരുത്തുക, അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക, സേഫ്റ്റി ഓഡിറ്റ് നിർബന്ധമാക്കുക എന്നിവ അത്യാവശ്യമാണ്. സേഫ്റ്റി മാനേജ്മെന്റ് അസസ്സ്മെന്റ് കുറ്റമറ്റതാക്കുന്നത് സംബന്ധിച്ചും ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. പക്ഷേ കേരളത്തിന്റെ അനുഭവം വളരെ നിർഭാഗ്യകരമാണ്. ജോലിസ്ഥലത്ത് ജീവനക്കാർക്കുള്ള സുരക്ഷ വളരെ പ്രധാനമാണ്. ഈ രംഗത്തുള്ള ജോലിക്കാർക്ക് സുരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികളുണ്ടാകണം. അവർക്ക് അധികജോലി കൊടുക്കാൻ പാടില്ല. റെയിൽവേ വലിയൊരു വകുപ്പാണ്. സ്വാഭാവികമായും താങ്ങാൻ കഴിയാത്ത ജോലിഭാരമുണ്ടാകും. സ്ത്രീ ജീവനക്കാരെ രാത്രിസമയങ്ങളിൽ ഇത്തരം ഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കാനുള്ള ശ്രമമുണ്ടാകണം. ജീവനക്കാർക്ക് ജോലി ചെയ്യുന്നതിന് ശാരീരികവും മനഃശാസ്ത്രപരവുമായ അവസ്ഥയുണ്ടോയെന്ന് പരിശോധിക്കാനും വ്യവസ്ഥയുണ്ടാകേണ്ടതാണ്. കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ യഥാവിധി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. അതൊന്നുമില്ലെന്നാണ് ഈ സംഭവങ്ങളെല്ലാം നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്. നമുക്ക് മംഗലാപുരത്തുനിന്ന് തിരുവനന്തപുരംവരെ ഒറ്റ ലൈനാണുള്ളത്. ഏതാണ്ട് 600 കി.മീറ്റർ ദൂരമുണ്ട്. എവിടെയെങ്കിലും പാളം തെറ്റിയാൽ കേരളമാകെ യാത്ര തടസ്സപ്പെടുകയാണ്. ദൂരെ ദിക്കിൽനിന്നും വരുന്ന ട്രെയിനുകളെയാണ് ഇത് കൂടുതൽ ബാധിക്കുന്നത്. കഴിഞ്ഞ ദിവസം ബോംബെയിൽ നിന്നുവന്ന തീവണ്ടി നാഗ്പൂരിൽ നിന്നും തിരിച്ചുവിട്ട് തിരുനെൽവേലി വഴി കന്യാകുമാരിയിൽ വരുന്ന അവസ്ഥയുണ്ടായി. ഇത്തരം ഘട്ടങ്ങളിൽ യാത്രക്കാർക്കുണ്ടാകുന്ന ദുരിതങ്ങൾ ഏറെയാണ്. മൊബൈൽ ഫോൺ ചാർജ്ജ് ചെയ്യാൻ സാധിക്കുകയില്ല. ഭക്ഷണം കിട്ടുകയില്ല. ഒരു ചെറിയ ട്രെയിനപകടമുണ്ടായാൽപോലും കേരളത്തിൽ യാതൊരുവിധ പരിഹാര മാർഗ്ഗങ്ങളുമില്ലെന്ന കാര്യംകൂടി നമ്മൾ കണക്കിലെടുക്കേണ്ടതാണ്. കേരളത്തിന്റെ 141 എം.എൽ.എ.-മാരും, നമ്മുടെ എം.പി.-മാരും ഒരുമിച്ച് റെയിൽവേ മന്ത്രിയേയും പ്രധാനമന്ത്രിയെയും കണ്ട് കേരളത്തിന് ഒരു സ്പെഷ്യൽ പാക്കേജ്

വേണമെന്ന ആവശ്യം ഉന്നയിക്കാനുള്ള തീരുമാനമെടുക്കേണ്ടിവരും. ഇപ്പോൾ രണ്ട് ട്രാക്കാണ് നിലവിലുള്ളത്. അതിന്റെ പണി പൂർത്തിയായിട്ടില്ല. മൂന്നാമത്തെ ട്രാക്കിന് രണ്ടുകൊല്ലം മുമ്പ് അനുവാദം കിട്ടിയതാണ്. പക്ഷേ മൂന്നാമത്തെ ട്രാക്ക് വരുന്നില്ല. സ്ഥലം കിട്ടുന്ന കാര്യത്തിൽ തടസ്സമുണ്ടാകും. നിലവിലുള്ള കുറെ പ്രൊപ്പോസലുകൾ പുതിയതായി വരുന്ന കിഫ്ബി അടക്കമുള്ള ഫണ്ടിന്റെ പരിധിയിൽ കൊണ്ടുവന്ന് ഒരു joint venture രൂപകൽപ്പന ചെയ്യണം. ആലപ്പുഴ തീരദേശപാത വന്നപ്പോൾ എറണാകുളം മുതൽ കായംകുളം വരെ ഒരു പാരലൽ ലൈനുണ്ടായി. കായംകുളത്ത് പുതിയതായി ഒരു ജംഗ്ഷനും തൃശ്ശൂരിൽ നിന്നും ഗുരുവായൂർക്ക് ഒരു പാതയും ലഭിച്ചു. ഇത്തരത്തിൽ സാദ്ധ്യമായ സ്ഥലങ്ങളിൽ പുതിയ പാതകൾ കൊണ്ടുവരുന്നതിന് മുൻഗണന നൽകണം. ഗുരുവായൂർ പാത തിരുനാവായവരെ നീട്ടിയാൽ അവിടെയൊരു പാരലൽ ലൈൻ വരും. ശബരി റെയിൽ വരുമ്പോൾ പുനലൂർ-ചെങ്കോട്ട വഴി കൊല്ലത്തേയ്ക്കുവന്നാൽ നമുക്ക് മറ്റൊരു പാരലൽ ലൈൻ വരും. കോഴിക്കോട് ഫറൂഖിൽ നിന്നും അങ്ങാടിപ്പുറത്തേയ്ക്ക് ഒരു പുതിയ പാത വന്നാൽ അത് ഷൊർണ്ണൂരിലേയ്ക്ക് വരാൻ കൂടുതൽ സൗകര്യപ്രദമാകും. അങ്ങാടിപ്പുറത്തുനിന്ന് മണ്ണാർക്കാട് വഴി പാലക്കാട്ടേക്ക് ഒരു ലൈൻ വന്നാൽ ചെന്നൈയിലേയ്ക്കുള്ള യാത്ര കുറെക്കൂടി സുഗമമായി മാറും. ചെന്നൈ ഭാഗത്തുനിന്ന് തിരുവനന്തപുരത്തേയ്ക്ക് പോകുന്ന ട്രെയിനുകളെല്ലാം ഒറ്റപ്പാലംവഴി പോകുന്നതിന് സഹായകമാകുംവിധം ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ വികസിപ്പിക്കണം. ചെന്നൈ ഭാഗത്തേയ്ക്ക് പോകുന്ന വണ്ടികൾ ഷൊർണ്ണൂരിൽ പോകാതെ ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ വികസിപ്പിച്ച് അതുവഴി പോകണം. നിലമ്പൂരിൽ നിന്ന് നഞ്ചൻകോട്ടേയ്ക്കുള്ള പാതയുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്റെ നടപടികൾ മുന്നോട്ടുപോകുകയാണ്. ആ പാതയും വരേണ്ടതുണ്ട്. നിലമ്പൂർ-നഞ്ചൻകോട് പാതയുടെ ഹെഡ്ക്വാർട്ടേഴ്സ് കോഴിക്കോട് ആരംഭിച്ച് അതൊരു ഡിവിഷനായി പ്രഖ്യാപിക്കണം. കൊങ്കൺ റെയിൽവേ ആരംഭിച്ച സമയത്ത് ശ്രീ. ജോർജ് ഫെർണാണ്ടസ് ഒരു പുതിയ സോൺ കൊണ്ടുവന്നു. 717 കിലോമീറ്ററേയുള്ളൂ. അതുകൊണ്ട് കേരളത്തിലെ 600 കിലോമീറ്റർ ഒറ്റപ്പാതയായി നിൽക്കുന്ന, ഭൂമിശാസ്ത്രപരമായ പ്രത്യേക അവസ്ഥ പരിഗണിച്ച് ഒരു പുതിയ ഡിവിഷൻകൂടി അടിയന്തരമായി ആരംഭിച്ച് കേരളത്തെ ഒരു സോണായി പ്രഖ്യാപിക്കാൻ കഴിയണം. ഒരു സോൺ വരാതെ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ലെന്ന കാര്യം ഉറപ്പാണ്.

കേരളത്തിൽ ഇനിയും ധാരാളം ആവശ്യങ്ങൾ റെയിൽവേ രംഗത്തുണ്ട്. അവയും പരിഗണിക്കണം. ഉദാഹരണത്തിന് വണ്ടികളുടെയും കോച്ചുകളുടെയും കാര്യം. മലബാർ ഭാഗത്തുനിന്നുവരുന്ന നിയമസഭാംഗങ്ങളും മറ്റ് യാത്രക്കാരും തിരുവനന്തപുരം - നിലമ്പൂർ രാജ്യറാണി എക്സ്പ്രസ്സിലാണ് വരുന്നത്. രാവിലെ

ഏകദേശം എട്ട് മണിയാകുമ്പോൾ ട്രെയിൻ നിലമ്പൂരെത്തും. വേണമെങ്കിൽ ഈ വണ്ടിക്ക് പകൽ എറണാകുളം വരെ ഓടാം, കോച്ചുകളുടെ എണ്ണവും കൂട്ടാം. ഇതൊക്കെ വരണമെങ്കിൽ അടിയന്തരമായി വേണ്ടത് മൂന്നുവരിപ്പാതയുണ്ടാകുകയെന്നതാണ്. ആ മൂന്നുവരി പാതയ്ക്കുള്ള പ്രശ്നം, സംസ്ഥാന സർക്കാരിന് സ്ഥലം എടുത്തുകൊടുക്കാൻ കഴിയാറില്ല എന്നതാണ്. അതൊരു വലിയ പോരായ്മയാണ്. സ്ഥലമെടുത്ത് കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുമ്പോൾ ചെറിയ റൂട്ടുകൾ തുടങ്ങാൻ നടപടികൾ സ്വീകരിച്ചാൽ അതൊരു സ്പെഷ്യൽ പ്രോഗ്രാമായി വരും. ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ തയ്യാറാക്കി ആ പരിപാടികളുമായി മുന്നോട്ടുപോകാൻ കഴിയുന്ന സാഹചര്യമുണ്ടാകും. റെയിൽപാളത്തിൽ വിള്ളലുണ്ടാകുമ്പോൾ Ultra Sonic Flaw Detection ടെസ്റ്റാണ് നടത്തുന്നത്. ഈ ജോലികൾ റെയിൽവേയുടെ വിദഗ്ദ്ധ തൊഴിലാളികൾ ചെയ്യാതെ കരാർ ജോലിക്കാരെ കൊണ്ടാണ് ചെയ്യിപ്പിക്കുന്നത്. പത്ത് മീറ്റർ പാളം മാറ്റണമെങ്കിൽ ഒന്നര മണിക്കൂറും വിളക്കിച്ചേർക്കാനാണെങ്കിൽ ഒരു മണിക്കൂറിലധികവും പണിയെടുക്കണം. ചൂടായ പാളം തണുക്കാതെ തീവണ്ടി കടത്തിവിടാനാകില്ല. ഇതിനെല്ലാം സമയം വേണം. കേരളത്തിന് ബദൽ പാതകളില്ല, 1800 കോച്ചുകൾ തിരുവനന്തപുരം ഡിവിഷൻ കൈകാര്യം ചെയ്യുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങൾക്കിടയിൽ കേരളത്തിന് എത്ര പുതിയ കോച്ചുകൾ ലഭിച്ചുവെന്നും കൂടുതൽ കരുതൽ ശേഖരമായി എത്ര ശതമാനം കോച്ചുകൾ കേരളത്തിന് ലഭിക്കുന്നുണ്ടെന്നതും പരിശോധിക്കണം. ഇക്കാര്യത്തിലും കേരളത്തെ അവഗണിക്കുകയാണ് ചെയ്യുന്നത്. റെയിൽവേയുടെ അറ്റകുറ്റപ്പണികൾ പ്രോപ്പറായി നടക്കണമെങ്കിൽ പിറ്റ്ലൈൻസിന്റെ എണ്ണം കൂട്ടണം. തിരുവനന്തപുരത്തും കൊച്ചുവേളിയിലും ഷൊർണ്ണൂരും കോഴിക്കോട്ടും അഡീഷണൽ പിറ്റ്ലൈൻസ് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. നേമത്തെ ടെർമിനലിന്റെ പ്രൊപ്പോസൽ ഏത് തലംവരെ പ്രായോഗികമാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. എറണാകുളം ജില്ലയിൽ ഹാർബർ സ്റ്റേഷന് ധാരാളം സ്ഥലമുണ്ട്. പുതിയ സംരംഭത്തിന് ഈ സ്ഥലം എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. എറണാകുളത്ത് മാർഷലിംഗ് യാർഡുണ്ട്. എറണാകുളത്തെ മാർഷലിംഗ് യാർഡിലും കോഴിക്കോട്ടും ഷൊർണ്ണൂരും കൊച്ചുവേളിയിലും പുതിയ അഡീഷണൽ പിറ്റ്ലൈൻസും വന്നാൽമാത്രമേ അറ്റകുറ്റപ്പണികൾ ശരിയായ വിധത്തിൽ നടത്താൻ സാധിക്കുകയുള്ളൂ. നല്ല കോച്ചുകൾ നൽകാനും സ്റ്റേഷൻ വൃത്തിയാക്കാനും മറ്റ് സൗകര്യങ്ങൾ ഏർപ്പാടാക്കാനും സർക്കാർ നടപടി സ്വീകരിക്കണം. ഓപ്പറേഷൻ, സെക്യൂരിറ്റി, സേഫ്റ്റി മെഷേഴ്സ് തുടങ്ങിയവ ഒരുക്കുന്നതാണ് റെയിൽവേയുടെ പ്രധാന ജോലിയെന്ന് അവർ തിരിച്ചറിഞ്ഞേ മതിയാകൂ. 600 മീറ്ററോളം നീണ്ടുകിടക്കുന്ന

ഒറ്റപ്പാതയുടെ അസൗകര്യങ്ങൾ പരിഗണിച്ചും മൂന്നാമതൊരു പാതയ്ക്ക് പ്രൊപ്പോസൽ വയ്ക്കുന്നതോടെ കേരളത്തിന് ഭൂമി ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നുള്ളതിന്റെയും അടിസ്ഥാനത്തിൽ തിരുനാവായ-ഗുരുവായൂർ പാത സമയബന്ധിതമായി, മുൻഗണനാക്രമത്തിൽ പൂർത്തിയാക്കാൻ സാധിക്കണം. ഉദാഹരണത്തിന്, ഫറൂഖ് നിന്ന് അങ്ങാടിപ്പുറത്തേയ്ക്കുള്ള പാതയ്ക്ക് ധാരാളം സമയമെടുക്കും. ഷൊർണ്ണൂർ-നിലമ്പൂർ പാത ഇരട്ടിപ്പിക്കുകയാണെങ്കിൽ തീവണ്ടികളുടെ എണ്ണം കൂട്ടുകയും മലബാറിലുള്ളവർക്ക് അതുവഴി യാത്ര ചെയ്യുകയും ചെയ്യാം.

ശബരി റെയിൽപാത യാഥാർത്ഥ്യമാക്കാൻ പ്രത്യേക നീക്കം നടത്തണം. പ്രസ്തുത പാത പുനലൂർ വഴി കൊല്ലത്ത് എത്തിക്കുന്നതിനുള്ള നടപടികളുമുണ്ടാകണം. പ്രമേയം വഴിയോ, ഒരു നിവേദനം വഴിയോ ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ലെന്ന് പതിറ്റാണ്ട് കാലത്തെ അനുഭവങ്ങൾ കൊണ്ട് നമുക്ക് ബോദ്ധ്യമുണ്ട്. ആയിരക്കണക്കിനാളുകൾ ഡൽഹിക്കും പട്ടാളക്കാർ അംബാലയിലേയ്ക്കും മുംബൈയിലേയ്ക്കും മറ്റ് സ്ഥലങ്ങളിലേയ്ക്കും നിരന്തരമായി പോകുകയും ബീഹാർ, ആസാം, ബംഗാൾ, ഒഡീഷ തുടങ്ങിയ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും unskilled വർക്കിന്റെ ഭാഗമായി ആയിരക്കണക്കിനാളുകൾ കേരളത്തിലേയ്ക്കും വരികയാണ്. അതുകൊണ്ട് കേരളത്തിൽ തീവണ്ടികളുടെയും കോച്ചുകളുടെയും എണ്ണം വർദ്ധിപ്പിക്കേണ്ടിവരും. ഇത്ര ഭീകരമായ സാഹചര്യമുള്ള സ്ഥിതിക്ക് കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാനും സോൺ ലഭിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ ഡിവിഷനുകളുടെ എണ്ണം കൂട്ടാനും പുതിയ പാതകൾ ആരംഭിക്കാനും നടപടിയുണ്ടാകണം. ഇന്ത്യൻ റെയിൽവേ ആക്ടിന്റെ മൂന്നാം വകുപ്പിൽ ജനറൽ മാനേജരെക്കുറിച്ചും നാലാം വകുപ്പിൽ ജനറൽ മാനേജരുടെ നിയമനത്തെക്കുറിച്ചും അഞ്ചാം വകുപ്പിൽ സേഫ്റ്റി കമ്മീഷണറുടെ ജോലികളെക്കുറിച്ചുമാണ് പറയുന്നത്. അതുകൊണ്ട് ഈ നടപടികൾ പൂർത്തിയാകണമെങ്കിൽ പ്രസംഗം കൊണ്ടും മിഷൻ സീറോ ആക്സിഡന്റ് എന്ന പ്രഖ്യാപനം കൊണ്ടും സാധിക്കുകയില്ല. ഇനിയും കേരളക്കരയ്ക്ക് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല. ജോലിക്കു പോകുന്ന നമ്മുടെ മക്കളും നാട്ടുകാരും, അവർക്ക് സുരക്ഷിതമായ രീതിയിൽ യാത്ര ചെയ്യാൻ കഴിയുന്ന സാഹചര്യമൊരുക്കണം. കേരളത്തിലെ 141 എം.എൽ.എ.-മാരും എം.പി.-മാരും ഒരുമിച്ച് കേന്ദ്രത്തിൽ പോയി പ്രധാനമന്ത്രിയെയും റെയിൽവേ മന്ത്രിയെയും കണ്ട് കേരളത്തിന്റെ ആവശ്യങ്ങൾ പറയുകയും അടുത്ത ബഡ്ജറ്റിൽ കേരളത്തിന് ഒരു സോൺ എന്ന ആവശ്യവുമായി മുന്നോട്ടുപോകുകയും ചെയ്യണം. ഇത്തരം ആവശ്യങ്ങളിൽനിന്നും പിൻമാറില്ലെന്ന് തറപ്പിച്ചുപറയാൻ കഴിയുന്നൊരു സാഹചര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പ്രമേയം അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ബഹുമാനപ്പെട്ട ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച പ്രമേയം വളരെ പ്രാധാന്യമുള്ളതും സഭയുടെ വികാരമായി റെയിൽവേ അധികൃതരെയും കേന്ദ്ര സർക്കാരിനെയും അറിയിക്കേണ്ടതുമാണ്. റെയിൽവേയുടെ അതിവിപുലമായ വികസന കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ ധാരാളം വിഷയങ്ങൾ വേറെയുണ്ട്. സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന ട്രെയിൻ അപകടങ്ങൾ ഒഴിവാക്കാൻ അടിയന്തരമായി കൈക്കൊള്ളേണ്ട നടപടികളാണ് പ്രധാനമായും ചർച്ച ചെയ്യേണ്ടത്. ട്രെയിൻ അപകടങ്ങൾ പെട്ടെന്ന് ഉണ്ടായതല്ല, കഴിഞ്ഞ കുറേ വർഷങ്ങളായി ഇന്ത്യൻ റെയിൽവേ സ്വീകരിച്ചുകൊണ്ടിരിക്കുന്ന പ്രത്യേക നയത്തിന്റെ ഭാഗമായാണ് ഈ അപകടങ്ങളുണ്ടാകുന്നത്. ലാഭം കൊയ്യാനുള്ള തിടുക്കത്തിൽ അടിസ്ഥാന സൗകര്യവികസനത്തിലും പരിപാലനത്തിനുമെല്ലാം റെയിൽവേ പിടിപ്പുകേട് കാണിക്കാറുണ്ട്. ഈ മേഖലയിൽ ക്രൂരമായ അവഗണനയാണ് കേരളത്തിനോട് റെയിൽവേയുടെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. ഇതിൽ റെയിൽവേയുടെ മനോഭാവം പ്രധാനപ്പെട്ടതാണ്. റെയിൽവേ സിസ്റ്റവും അതിന്റെ ഭരണപരമായ കാര്യങ്ങളും രൂപീകരിച്ചത് ബ്രിട്ടീഷ് ഭരണാധികാരികളാണ്. ഇന്ത്യയിലെ ജനങ്ങളോട് ബ്രിട്ടീഷുകാർക്കുണ്ടായിരുന്ന മനോഭാവമാണ് സ്വാതന്ത്ര്യലബ്ധിക്കു ശേഷവും നമ്മുടെ നാട്ടുകാർ ഭരിച്ചിട്ടും നാടിനോടും ജനങ്ങളോടും റെയിൽവേ അധികൃതർ കാണിക്കുന്നത്. റെയിൽവേ ജീവനക്കാരുടെ കുറവ്, ട്രെയിൻ അപകടങ്ങളെ സംബന്ധിച്ചുള്ള പരിശോധനയുടെ കുറവ്, അറ്റകുറ്റപ്പണിയിലെ വീഴ്ച തുടങ്ങിയവയെല്ലാം ട്രെയിൻ അപകടങ്ങളിലേയ്ക്ക് നയിക്കുന്നുണ്ട്. കേരളത്തിനെ പ്രത്യേക സോണായി റെയിൽവേ പരിഗണിച്ചിട്ടില്ല. തിരുവനന്തപുരവും പാലക്കാടുമാണ് കേരളത്തിനുള്ള രണ്ട് ഡിവിഷനുകൾ. ആ ഡിവിഷനുകളുടെ അതിര് കുറച്ച് ഭാഗം സംസ്ഥാനത്തിനപ്പുറത്ത് പോകുന്നുണ്ട്. ആ രണ്ട് ഡിവിഷനുകളിലായി സാങ്കേതിക മേഖലയിൽ ജോലി ചെയ്യുന്ന ഏതാണ്ട് 1253-ഓളം ജീവനക്കാരുടെ കുറവുണ്ട്. ഇരുന്നൂറിലധികം ട്രെയിനുകളും 80-ഓളം ചരക്കുവണ്ടികളും നിത്യേന ഈ പാതയിലൂടെ കടന്നു പോകുന്നുണ്ട്. പാളങ്ങളുടെ അവസ്ഥ താങ്ങാവുന്ന നിലയിലല്ല. റെയിൽവേ ലൈനുകളിലെ തകരാറുകൾ അപകടങ്ങൾ ക്ഷണിച്ച് വരുത്തുന്നുണ്ട്. അത്തരം തകരാറുകൾ കണ്ടുപിടിക്കാൻ റെയിൽവേയ്ക്ക് ഒരു സിസ്റ്റമുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ആ തകരാർ കണ്ടുപിടിക്കുന്നത് Ultra Sonic Flaw Detection test വഴിയാണ്. ഈ ടെസ്റ്റ് നിരന്തരമായി നടത്താനും എന്തെങ്കിലും തകരാറുണ്ടെങ്കിൽ ഉടനെ കണ്ടുപിടിക്കാനും സാധിക്കും. റെയിൽപ്പാളങ്ങളിലെ വിള്ളലുകൾ, മറ്റ് സാങ്കേതിക തകരാറുകൾ എന്നിവ Ultra Sonic Flaw Detection ടെസ്റ്റ് നടത്തി ലഭിക്കുന്ന റിസൾട്ടിനെയാണ് Immediate Replacement എന്നുപറയുന്നത്. കേരളത്തിൽ 200-ലധികം സ്ഥലങ്ങളിൽ ഈ ഡിഫക്ടുണ്ടെന്നാണ് പറയുന്നത്. ഈ പാളങ്ങൾ അടിയന്തരമായി മാറ്റാൻ സാധിച്ചില്ലെങ്കിൽ ഇത്തരം ഡിഫക്ടുള്ള ഭാഗത്തുകൂടി 30

കിലോമീറ്റർ വേഗതകുറച്ചു മാത്രമേ തീവണ്ടികൾ പോകാവൂ എന്നാണ് റെയിൽവേ നിഷ്കർഷിക്കുന്നത്. അതിനർത്ഥം തീവണ്ടികൾ പാളത്തിലൂടെ വേഗത കുറച്ചു പോകണമെന്നാണ്. ഐ.എം.ആർ. ഡിഫക്ടുള്ള മേഖലയിലൂടെ 30 കിലോമീറ്റർ വേഗത കുറച്ചുപോകാൻ റെയിൽവേ മേലധികാരികൾ അനുവദിക്കില്ല. എല്ലാ സ്ഥലങ്ങളിലും 30 കിലോമീറ്റർ വേഗത കുറച്ചുപോയാൽ ഉദ്ദേശിച്ച സമയത്ത് ഡെസ്റ്റിനേഷൻ പോയിന്റിൽ എത്തിച്ചേരാൻ സാധിക്കില്ല. പാളത്തിന് സാങ്കേതിക തകരാറുണ്ടെന്നും വേഗത കുറച്ചുമാത്രമേ പോകാൻ സാധിക്കുകയുള്ളൂവെന്നും താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ തീരുമാനിച്ചാലും റെയിൽവേ മേലധികാരികൾ അത് സമ്മതിക്കാതെ സമയം പാലിക്കാനായി വേഗത്തിൽ പോകാൻ പറയും. പാളത്തിലെ സാങ്കേതിക തകരാറുമൂലം അപകടമുണ്ടായാൽ റെയിൽവേയുടെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ ഒരിക്കലും ഉത്തരവാദികളായി ശിക്ഷിക്കപ്പെടാറില്ല. അതുകൊണ്ടാണ് റെയിൽവേയുടെ ഭാഗത്തുനിന്ന് ഇതുപോലുള്ള സംഭവങ്ങൾ വീണ്ടുമുണ്ടാകുന്നത്.

3.00 PM]

അടുത്ത കാലത്ത് കറുകുറ്റിയിലും ശാസ്താംകോട്ടയിലുമൊക്കെ ട്രെയിൻ പാളം തെറ്റിയത് ഐ.എം.ആർ. ഡിഫക്ടുണ്ടായിരുന്ന സ്ഥലത്താണ്. നമ്മൾ നിത്യേന യാത്ര ചെയ്യുന്ന റെയിൽപ്പാളത്തിൽ ഇപ്പോഴും നൂറിലധികം സ്ഥലത്ത് ഐ.എം.ആർ ഡിഫക്ടുണ്ടെന്നാണ് പറയുന്നത്. 200-ലധികം സ്ഥലത്ത് ഐ.എം.ആർ. ഉണ്ടായിരുന്നതിൽ ചിലത് ശരിയാക്കിയെങ്കിലും നൂറിലധികം സ്ഥലത്ത് ഇപ്പോഴും ഡിഫക്ട് നിലനിൽക്കുന്നുണ്ട്. നമ്മുടെ മന്ത്രിമാരും എം.എൽ.എ.-മാരുമൊക്കെ പ്രവിലേജ് ഉപയോഗിച്ച് എമർജൻസി ക്വാട്ട റിലീസ് ചെയ്ത് വളരെ അഭിമാനത്തോടെ പോകുന്നത് മരണത്തിലേയ്ക്കാണ്. ഭാഗ്യംകൊണ്ട് ഒന്നും സംഭവിക്കുന്നില്ല. എപ്പോഴും തിരക്കായതുകൊണ്ട് നാം അതിനെക്കുറിച്ച് ചിന്തിക്കുന്നില്ല. എന്തുകൊണ്ടാണ് റെയിൽപ്പാളം പൊട്ടുന്നത്? അക്കാര്യത്തിൽ ചിലപ്പോൾ രാഷ്ട്രീയമായി ഓരോരുത്തർക്കും ഉത്തരവാദിത്വം ഉണ്ടാകും. അന്തരീക്ഷ ഊഷ്മാവിലുണ്ടാകുന്ന വ്യതിയാനം പാളം പൊട്ടുന്നതിനുള്ള ഒരു കാരണമാണ്. മഴയും കൊടുംശൈത്യവും വരുമ്പോൾ ഇങ്ങനെ സംഭവിക്കാറുണ്ട്. അത് പരിശോധിക്കാനാണ് നിരന്തരം നൈറ്റ് പട്രോളിംഗ് നടത്തിക്കൊണ്ടിരിക്കുന്നത്.

അങ്ങ് നേരത്തെ ചില തസ്തികകളെക്കുറിച്ചൊക്കെ സൂചിപ്പിച്ചു. ജീവനക്കാരില്ലാത്തതു കൊണ്ട് ഈ മേഖലയിൽ രണ്ട് വർഷമായി ടെസ്റ്റ് നടക്കുന്നില്ല എന്നതൊരു വസ്തുതയാണ്. ട്രാക്കിന്റെ അറ്റകുറ്റപ്പണി നടത്താനും മറ്റുമായി ഏകദേശം 860-ലധികം ഒഴിവുകൾ ഇപ്പോഴുണ്ട്. യു.പി.എ. സർക്കാരിന്റെ കാലത്ത് റെയിൽവേ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ലാലു പ്രസാദ് യാദവ് പഠനങ്ങളൊന്നും നടത്താതെ റെയിൽവേയെ ലാഭത്തിലാക്കുക എന്ന

ലക്ഷ്യത്തോടെ കൊണ്ടുവന്ന പരിഷ്കാരം പാളങ്ങളുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഗുഡ്സ് ട്രെയിനുകളിൽ CC+6+2 എന്ന പരിഷ്കാരമാണ് കൊണ്ടുവന്നത്. ക്യാരേജ് കപ്പാസിറ്റി (CC) യെക്കാൾ 6 ടൺ കൂടുതൽ ഭാരം ആദ്യം തീരുമാനിച്ചു. അത് വിജയകരമാണെന്ന് കണ്ടപ്പോൾ 2 ടൺ കൂടി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. അങ്ങനെ കൂടുതൽ ഭാരം കയറ്റാൻ ലാലു പ്രസാദ് യാദവ് അന്ന് കൽപ്പിക്കുകയും അത് നടപ്പാവുകയും ചെയ്തു. അന്ന് റെയിൽവേ ലാഭത്തിലായതിനെക്കുറിച്ച് എല്ലാവരും പ്രശംസിച്ചു. യു.ഡി.എഫ്-ഉം അന്ന് പ്രശംസിച്ചിരുന്നു. യഥാർത്ഥത്തിൽ ഇങ്ങനെ ഭാരം കയറ്റാനുള്ള ശേഷി റെയിൽ പാളങ്ങൾക്കില്ല. അങ്ങനെ ഭാരം കയറ്റുന്നതിന് പ്രത്യേകിച്ചൊരു മാനദണ്ഡമുണ്ട്, സ്ലീപ്പറിന്റെ അകലം കുറയ്ക്കുകയും അതിന്റെ സ്റ്റാന്റേർഡിൽ വ്യത്യാസം വരുത്തുകയും വേണം. ഇതൊന്നുമില്ലാതെയാണ് CC+6+2 എന്ന പരിഷ്കാരം ശ്രീ. ലാലു പ്രസാദ് യാദവ് യു.പി.എ. സർക്കാരിന്റെ കാലത്ത് നടപ്പാക്കിയത്. പഠനവും വീക്ഷണവുമില്ലാതെ നടത്തിയ പരിഷ്കാരം പാളങ്ങളുടെ തകർച്ചയ്ക്ക് കാരണമായി. യഥാർത്ഥത്തിൽ സാമൂഹിക പ്രതിബദ്ധത യില്ലാതെയുള്ള റെയിൽവേയുടെ ലാഭക്കൊതിയാണ് ഈ അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചതെന്നതാണ് വസ്തുത. ബ്രിട്ടീഷ് ഭരണാധികാരികളുടെ കാലത്ത് ജനങ്ങളോടുണ്ടായിരുന്ന മനോഭാവവും അവർ രൂപകല്പന ചെയ്ത ഔദ്യോഗിക സംവിധാനം ഇപ്പോഴും വച്ചുപുലർത്തുന്നതും കൊണ്ടാണ് റെയിൽവേ അധികാരികൾ നിരുത്തരവാദപരമായി പെരുമാറുന്നത്. മുമ്പ് റെയിൽവേ ദുരന്തമുണ്ടായപ്പോൾ ലാൽ ബഹദൂർശാസ്ത്രി രാജിവച്ചതിനെക്കുറിച്ച് നമ്മളൊക്കെ പ്രശംസിക്കാറുണ്ട്. അദ്ദേഹത്തെപ്പോലെ മഹാനായ ഒരു മനുഷ്യനുമാത്രമേ അത് കഴിയുകയുള്ളൂ. പക്ഷേ അങ്ങനെയുള്ള എത്രയോ ദുരന്തങ്ങൾ സംഭവിച്ചിട്ടും റെയിൽവേയിലെ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥർ ഇതുവരെ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ? അങ്ങനെ ഒരു സംഭവവു മുണ്ടായിട്ടില്ല. കടലുണ്ടിയിലെ ദുരന്തത്തിലും പെരുമൺ ദുരന്തത്തിലും ധാരാളം ആളുകൾ മരിച്ചിരുന്നു. കടലുണ്ടിയിലെ ദുരന്തത്തിൽ അമ്പതിലധികം ആളുകൾ മരിച്ചിട്ടും കുറ്റക്കാരൻ ഒരു സീനിയർ ഡിവിഷണൽ എഞ്ചിനീയറാണെന്ന് കണ്ടെത്തിയപ്പോൾ അദ്ദേഹത്തിന് നൽകിയ ശിക്ഷ ഒരു പാസ് കട്ട് ചെയ്യുക എന്നതായിരുന്നു. പെരുമൺ ദുരന്തത്തിൽ അന്വേഷണ കമ്മീഷൻ കുറ്റക്കാരനായി കണ്ടുപിടിച്ചത് ടൊർണാഡോ എന്ന കൊടുങ്കാറ്റിനെയാണ്. കൊടുങ്കാറ്റിനെപ്പിടിച്ച് ജയിലിൽ അടച്ചോ എന്നറിയില്ല. വേറെ ആർക്കും ഈ ദുരന്തത്തിൽ ഉത്തരവാദിത്വമില്ല. ആ കൊടുങ്കാറ്റിൽ മറ്റാർക്കും ഒരാപത്തും സംഭവിച്ചതുമില്ല. ലൈൻ നിർമ്മാണത്തെ കുറിച്ചും മറ്റും ബഹുമാനപ്പെട്ട ടി. എ. അഹമ്മദ് കബീർ പറഞ്ഞതിനോട് യോജിക്കുകയാണ്. അതെല്ലാം നമ്മുടെ ആവശ്യങ്ങൾ തന്നെയാണ്. പക്ഷേ സ്ഥലം ഏറ്റെടുത്ത് കൊടുത്ത പാലക്കാട് കോച്ച് ഫാക്ടറിയുടെ സ്ഥിതിയെന്താണ്?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ അധികാരത്തിലിരിക്കുമ്പോഴാണ് 500-ലധികം ഏക്കർ സ്ഥലം ഏറ്റെടുത്ത് കൊടുത്തത്. 2012-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലും പങ്കെടുപ്പിക്കാതെ ഫാക്ടറി നിൽക്കുന്ന സ്ഥലം ഒഴിവാക്കി പാലക്കാട് കോട്ട മൈതാനിയിൽ തറക്കല്ലിട്ടു. എന്നിട്ടെന്തായി? അതിനുശേഷം നിങ്ങൾ രണ്ടുവർഷം അധികാരത്തിലുണ്ടായിരുന്നിട്ടും ഒന്നും ചെയ്തില്ല. കേരളത്തിൽനിന്ന് 8 കേന്ദ്രമന്ത്രിമാരുണ്ടായിരുന്നു, രണ്ട് പേർ ക്യാബിനറ്റ് റാങ്കുള്ളവരായിരുന്നു. റെയിൽവേ വകുപ്പ് ശ്രീ. ഇ. അഹമ്മദ് സാഹിബ് ഉൾപ്പെടെ കൈകാര്യം ചെയ്തു. ഏതെങ്കിലും കാര്യത്തിന് പരിഹാരം കാണാൻ കഴിഞ്ഞോ? ഇപ്പോൾ നമ്മളെല്ലാവരും കൂടി പോകണമെന്ന് പറയുന്നു. ഞാൻ ആ നല്ല ഉദ്ദേശത്തെ കുറ്റപ്പെടുത്തുകയല്ല. ഇക്കാര്യത്തിൽ നമ്മൾ ഒന്നിച്ചുനിൽക്കുകതന്നെ വേണം. പക്ഷേ നമുക്ക് യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് കുറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമായിരുന്നു. കാരണം, കേന്ദ്രത്തിൽ കേരളത്തിന്റെ പ്രാതിനിധ്യം ധാരാളമുണ്ടായിരുന്നു. ഞങ്ങൾ രാഷ്ട്രീയമായി വിമർശിക്കുമ്പോഴും ഞങ്ങളുടെ ഉള്ളിൽ അത്രയും ആളുകൾ അവിടെ ഉണ്ടല്ലോ എന്ന സന്തോഷമാണുണ്ടായിരുന്നത്. പക്ഷേ അന്ന് നമുക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല. ശ്രീ. ഇ. അഹമ്മദ് കേന്ദ്രത്തിൽ പോകാറുമില്ല; കേന്ദ്ര മന്ത്രിയുടെ ഓഫീസ് കോഴിക്കോട് മലബാർ പാലസിലാണ്. ഷൊർണ്ണൂരിൽ നിന്ന് മംഗലാപുരംവരെ ഒരു ചില്ലുകൂട് ട്രെയിനിന്റെ മുന്നിൽവച്ച് സുൽത്താൻ പോകുന്നതുപോലെ അദ്ദേഹം പോയി തിരിച്ചുവന്നു എന്നല്ലാതെ ഒന്നും സംഭവിച്ചില്ല. ശ്രീ. ഒ. രാജഗോപാൽ എന്തൊക്കെയോ ചെയ്തതായി പറയുന്നു. അദ്ദേഹം ഒന്നും ചെയ്തതായി നമുക്കറിയില്ല. കോഴിക്കോട് റെയിൽവേ സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലാക്കുമെന്ന് യു.പി.എ. സർക്കാർ പ്രഖ്യാപിച്ചു, ശ്രീമതി മമതാ ബാനർജിയായിരുന്നു അന്നത്തെ മന്ത്രി. എന്നിട്ട് അവിടെയെന്താണ് ചെയ്തത്? എസ്കലേറ്റർ സ്ഥാപിക്കുക മാത്രമാണ് ചെയ്തത്. ഇവിടെയുള്ള ഷോപ്പിംഗ് മാളുകളിൽ എസ്കലേറ്റർ ഇല്ലേ? എസ്കലേറ്റർ സ്ഥാപിച്ചു എന്നത് വലിയൊരു കാര്യമാണോ? ഏറ്റവും കൂടുതൽ ടിക്കറ്റ് വിൽക്കുന്ന സ്റ്റേഷന് റെയിൽവേ സാധാരണഗതിയിൽ കൊടുക്കുന്ന കോംപ്ലിമെന്റാണത്. അല്ലാതെ അന്താരാഷ്ട്ര നിലവാരത്തിലാക്കാനുള്ള ആസൂത്രണമോ പണമോ പദ്ധതിയോ ഒന്നുമുണ്ടായിട്ടില്ല. രാഷ്ട്രീയമായി ചില കാര്യങ്ങൾ പറഞ്ഞതുകൊണ്ടാണ് ഈ കാര്യങ്ങൾ സൂചിപ്പിച്ചത്. ശ്രീ. ടി. എ. അഹമ്മദ് കബീർ കൊണ്ടുവന്ന പ്രമേയത്തിന്റെ വികാരത്തോട് യോജിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാനപ്പെട്ട ടി. എ. അഹമ്മദ് കബീർ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തിലെ അന്തസ്സത്തയോട് പൂർണ്ണമായും യോജിക്കുകയാണ്. ശ്രീ. എ. പ്രദീപ്കുമാർ സംസാരിച്ചപ്പോൾ അവസാനം പറഞ്ഞ ചില രാഷ്ട്രീയ പരാമർശങ്ങൾ

അനുചിതമായിപ്പോയി എന്നുള്ള അഭിപ്രായമുണ്ടെങ്കിലും അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നില്ല. കേരളത്തിന്റെ സാഹചര്യം നമുക്കറിയാം. തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളാണ് നമുക്കുള്ളത്. ഏകദേശം 1050 കിലോമീറ്റർ ട്രാക്കാണ് നമുക്കുള്ളത്. കഴിഞ്ഞ കുറെ കാലങ്ങളായി ട്രാക്കുകളിന്മേലുള്ള സമ്മർദ്ദം വൻ തോതിൽ വർദ്ധിക്കുന്നുണ്ട്. അതാണ് ഈ പുതിയ പ്രശ്നങ്ങൾ ഗൗരവസ്വഭാവം സ്വീകരിക്കുന്ന തലത്തിലേയ്ക്ക് വളർന്നത്. ഇന്നത്തെ ചർച്ചയും രണ്ട് തലത്തിൽ നോക്കിക്കാണണമെന്നാണ് എനിക്ക് തോന്നുന്നത്. ഒന്ന്, റെയിൽവേ മേഖലയെ സമഗ്രമായി പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള ദീർഘകാല പദ്ധതികളും ആ നിലയിലുള്ള വമ്പൻ പദ്ധതികളും. അതിനപ്പുറത്ത് അടിയന്തരമായ ഒരു സാഹചര്യം ഇവിടെയുണ്ടായിട്ടുണ്ട്. ആ സാഹചര്യത്തെ എങ്ങനെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാമെന്നുള്ളതാണ് നോക്കേണ്ടത്. ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞതുപോലെ ഏതുനിമിഷവും വലിയൊരപകടത്തെ മുന്നിൽ കാണുന്ന അവസ്ഥയിലാണ് കേരളത്തിലെ റെയിൽവേ രംഗം. ആ ഗൗരവത്തോടെതന്നെ റെയിൽവെ അധികാരികളുടെ മുന്നിൽ ഈ വിഷയം എങ്ങനെ അവതരിപ്പിച്ച് അതിന് പരിഹാരം കാണാമെന്നതിനെക്കുറിച്ചാണ് നമ്മളാലോചിക്കേണ്ടത്. ഒരുദിവസം 200 യാത്രാ ട്രെയിനുകളും 80-ഓളം ചരക്കുവണ്ടികളുമാണ് കേരളത്തിലൂടെ ഓടിക്കൊണ്ടിരിക്കുന്നത്. ഇത് അനുവദനീയമായ കപ്പാസിറ്റിയുടെ 120-160 ശതമാനം വരെയാണ്. വളരെയധികം ഓവർ യൂട്ടിലൈസേഷനാണ് പാളങ്ങളുടെ കാര്യത്തിൽ നടത്തുന്നത്. ഇരട്ടപ്പാതയാണെങ്കിൽ 80 ട്രെയിനുകൾ ഓടിക്കുന്നതിനു പകരം 115 ട്രെയിനുകൾ തിരുവനന്തപുരം ഡിവിഷനിൽത്തന്നെ ഓടിക്കുകയാണ്. കേരളത്തിന്റെ സമഗ്ര റെയിൽവെ വികസനത്തെക്കുറിച്ചുള്ള കാര്യങ്ങൾ കബീർ സാഹിബ് പറഞ്ഞത് വളരെ പ്രധാനമാണ്. മൂന്നാമതൊരു ലൈൻ അനിവാര്യമണ്. അതിനുമുമ്പുള്ള ലൈനുകൾ ഡബ്ലിംഗ് നടത്താനും ഇലക്ട്രിഫൈ ചെയ്യാനും സാധിക്കണം. അതൊന്നും പൂർണ്ണ അർത്ഥത്തിൽ നടന്നിട്ടില്ല. അത്തരത്തിലുള്ള പ്രശ്നവുമുണ്ട്. ആ വക കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കേന്ദ്രത്തിലെ പുതിയ ഗവൺമെന്റിന്റെ ഭേദപ്പെട്ട മന്ത്രിയെന്ന നിലയിലാണ് റെയിൽവെ മന്ത്രിയെ എല്ലാവരും വിലയിരുത്തുന്നത്. അദ്ദേഹത്തെ മാധ്യമങ്ങൾ വിശേഷിപ്പിക്കുന്നതും അങ്ങനെയാണ്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമുള്ള ചില നടപടികൾ ജനസൗഹൃദ പരമാണെന്ന പൊതുഅഭിപ്രായം യാത്രക്കാരുടെ ഇടയിലുമുണ്ട്. ശുചിത്വം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്, പരാതികൾ എസ്.എം.എസ്. ആയും മൊബൈൽ ആപ്ലിക്കേഷൻ വഴിയും സ്വീകരിക്കുന്ന സമീപനമുണ്ട്, അദ്ദേഹത്തെ നേരിട്ട് ട്വീറ്റ് ചെയ്താൽ റെസ്പോൺഡ് ചെയ്യും തുടങ്ങിയ കാര്യങ്ങൾ നല്ലതായിത്തന്നെ നമുക്ക് കാണേണ്ടതുണ്ട്. ഇത്തരത്തിലുള്ള പ്രചരണപരമായ കാര്യങ്ങൾക്കപ്പുറം യഥാർത്ഥ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റ് വിസ്മരിക്കുന്നുവെന്നുള്ളതാണ് ഗുരുതരാവസ്ഥയിലേയ്ക്ക് കാര്യങ്ങളെത്തിക്കുന്നത്. വിഷൻ 20-20 എന്ന ഡോക്യുമെന്റും ശ്രീ. ബിബേക് ഡെബ്രോയിയുടെ റിപ്പോർട്ടും കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ആ റിപ്പോർട്ടിൽ

പറഞ്ഞ കാര്യങ്ങളാണ് ഇപ്പോൾ നടപ്പാക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി പുതിയ കരാറിൽ ഒപ്പിട്ടുകഴിഞ്ഞു. പാർട്ട്ണർഷിപ് അടിസ്ഥാനത്തിൽ സംയുക്ത സംരംഭങ്ങൾ തുടങ്ങാനും എസ്.പി.വി.ആരംഭിക്കാനും അതുവഴി കേരളത്തിന്റെ വികസനത്തിന് അനുയോജ്യമായിട്ടുള്ള, കാലങ്ങളായി നമ്മൾ കാത്തിരിക്കുന്ന പല പദ്ധതികളും ഏറ്റെടുക്കാനും പോകുകയാണ്. തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽ പാതയും ശബരി പാതയും തിരുനാവായ-ഗുരുവായൂർ, നിലമ്പൂർ-നഞ്ചങ്കോട് അടക്കമുള്ള പദ്ധതികളും ഏറ്റെടുക്കുന്നുണ്ട്. അതെല്ലാം നടക്കട്ടെ, അതിൽ യാതൊരു തർക്കവുമില്ല. പ്രത്യയശാസ്ത്ര കടുംപിടുത്തങ്ങൾ ഉപേക്ഷിച്ച് കേരളത്തിലെ പുതിയ ഗവൺമെന്റും അതിനോട് അനുകൂലമായി പ്രതികരിച്ചുവെന്നുള്ളത് നല്ല കര്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഇതുമായി ബന്ധപ്പെട്ട ധാരണാപത്രം ഒപ്പിട്ടത്. ഈ ഗവൺമെന്റ് കരാർ രൂപത്തിലേയ്ക്ക് മാറ്റിയെന്നുള്ളത് നല്ല കാര്യമായി തന്നെയാണ് ഞാൻ കരുതുന്നത്; അത് മുന്നോട്ട് പോകുകയുംവേണം. പക്ഷേ, ഇവിടെ അടിയന്തരമായി ചെയ്യേണ്ട കാര്യം, നേരത്തെ പലരും പറഞ്ഞത് ശ്രദ്ധയിൽക്കൊണ്ടുവരേണ്ടതായിട്ടുണ്ട്. ആകെയുള്ള 1000-ത്തോളം കിലോമീറ്റർ ദൂരത്തിൽ ഏതാണ്ട് 206 ഇടങ്ങളിൽ വിള്ളലുകൾ ഉണ്ടാകുന്നുവെന്നുള്ളത് വളരെ ഗുരുതരമായിട്ടുള്ള അപകടാവസ്ഥ ഈ മേഖലയിൽ സൃഷ്ടിച്ചിട്ടുണ്ട്. 4 മീറ്ററിനുള്ളിൽ 2 ആന്തരിക വിള്ളലുണ്ടെങ്കിൽ പാളത്തിന്റെ മുകളിൽ നിന്ന് നോക്കിയാൽ പ്രാഥമികമായി മനസ്സിലാക്കാൻ കഴിയുമെന്നാണ് വിദഗ്ദ്ധർ പറയുന്നത്. അല്ലെങ്കിൽ ശാസ്ത്രീയമായ അൾട്രാസോണിക് ടെസ്റ്റ് അടക്കം നടത്തിയാൽ കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. 4 മീറ്ററിനുള്ളിൽ 2 ആന്തരിക വിള്ളലുണ്ടെങ്കിൽ അത് അപകടാവസ്ഥയാണ്; അവിടെ വണ്ടികളുടെ വേഗം കുറയ്ക്കുകയും മൂന്ന് ദിവസത്തിനകം പാളം മാറ്റുകയും ചെയ്യണമെന്നുള്ളതാണ് സാങ്കേതികമായിട്ടുള്ള നിഷ്കർഷ. അത് പാലിക്കാൻ കഴിയാത്ത വിധത്തിലുള്ള സമ്മർദ്ദങ്ങൾ വരികയാണ്. പുതിയ ഗവൺമെന്റിന്റെ സമീപനത്തിന്റെ ഭാഗമായി ട്രെയിനുകളുടെ സമയം പാലിക്കുക എന്നുള്ളത് നിർബന്ധമുള്ള കാര്യമാണ്. റെയിൽവെയിലെ ഉദ്യോഗസ്ഥരായ ചില സുഹൃത്തുകൾ പറയുന്നത്, ഒരു ട്രെയിൻ വൈകിയാൽ അവർ കൃത്യമായ കാരണം കാണിക്കണമെന്നാണ്. അത്തരം പ്രഷർ ഉദ്യോഗസ്ഥർ നേരിടുന്നുണ്ട്. മെയിന്റനൻസിന് ഒരു നിമിഷംപോലും അനുവദിക്കാതെ ട്രെയിനുകളുടെ സമയക്ലിപ്തത പാലിക്കുകയെന്ന കാര്യത്തിൽമാത്രം നിൽക്കുമ്പോൾ ഇവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സമയം ഇല്ലാതാവുകാണ്. അതുകാരണമാണ് പല തരത്തിലുള്ള അപകടങ്ങളുണ്ടാകുന്നത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കറുകുറ്റിയിൽ നടന്ന അപകടത്തിൽ ഭാഗ്യംകൊണ്ടുമാത്രമാണ് കുറച്ചാളുകൾ രക്ഷപ്പെട്ടത്. അവിടെ അടിയന്തരമായി പാളം മാറ്റിസ്ഥാപിക്കേണ്ടതാണെന്ന എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടുണ്ടായിരുന്നിട്ടും അത് നടപ്പിലാക്കിയില്ല. പലപ്പോഴും എഞ്ചിനീയർമാർക്ക് മുകൾ തലത്തിലേയ്ക്ക് റിപ്പോർട്ടയയ്ക്കാൻ കഴിയുന്നില്ല. റിപ്പോർട്ടയച്ച് റിക്കോർഡിലായാൽ നടപടിയെടുക്കേണ്ടിവരും. നാളെ എന്തെങ്കിലും

വീഴ്ചകളുണ്ടായാൽ അവരുടെ ഉത്തരവാദിത്വം കഴിഞ്ഞു, മുകളിലുള്ള ഉദ്യോഗസ്ഥർ അനുവാദം നൽകിയില്ല എന്നെല്ലാം പറഞ്ഞ് മാറിനിൽക്കാനും അവർക്ക് സാധിക്കും. അതുകൊണ്ട് എഞ്ചിനീയർമാർ റിപ്പോർട്ടുപോലും അയയ്ക്കേണ്ടെന്നാണ് പലപ്പോഴും പറയുന്നത്. റിപ്പോർട്ട് അയയ്ക്കാനും മോണിറ്റർ ചെയ്യാനും ഓരോ സ്ഥലത്തുമുള്ള പ്രശ്നങ്ങളിൽ സമയബന്ധിതമായി ഇടപെടാനും കഴിയുന്ന ജീവനക്കാരുടെ ഷോർട്ടേജും ഇവിടെ പറഞ്ഞു. തിരുവനന്തപുരം ഡിവിഷനിൽ 11273 ആളുകളാണ് വേണ്ടത്, 10019 ആളുകൾ മാത്രമാണുള്ളത്. 1254 ഒഴിവുകൾ ഇപ്പോഴുണ്ട്. പാലക്കാട് ഡിവിഷനിൽ 1037 ഒഴിവുകളും ചേർത്ത് 2300-ഓളം ഒഴിവുകൾ ഈ മേഖലയിലുണ്ട്. ലോക്കോ പൈലറ്റുമാരുടെ 59 ഒഴിവുകളും അറ്റകുറ്റപ്പണികൾക്ക് പ്രത്യേകമായി നിയുക്തരായിട്ടുള്ള ആളുകളിൽ 301 പേരുടെ ഒഴിവുകളും ട്രാക്ക് മെയിന്റനർമാരുടെ 550 ഒഴിവുകളും ഓപ്പറേറ്റിംഗ് വിഭാഗത്തിൽ സ്റ്റേഷനകത്ത് 166 ആളുകളുടെ ഒഴിവുകളും കംപാർട്ടുമെന്റിൽ എ.സി. അടക്കമുള്ള കാര്യങ്ങൾ പരിശോധിക്കുന്നവരുടെ 106 ഒഴിവുകളും നിലനിൽക്കുന്നുണ്ട്. മാൻപവർ ഷോർട്ടേജ് അടിയന്തരമായി പരിഹരിക്കപ്പെടാനും അതിനുവേണ്ട ഫണ്ട് ലഭ്യമാക്കി അടുത്ത ഒന്നോ രണ്ടോ മാസത്തിനുള്ളിൽ മെയിന്റനൻസ് വർക്കുകൾ പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനും കഴിയണം. പ്രായോഗികമായ ബുദ്ധിമുട്ടുകൾ ചില മാധ്യമങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിലെ എല്ലാ പ്രധാന മാധ്യമങ്ങളും ഇതുസംബന്ധിച്ച വാർത്തകളും പരമ്പരകളും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. ചാനലുകളിലും വാർത്തകൾ വരികയാണ്. മനോരമ ചാനലിൽ വന്ന വാർത്തയിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്, കരാറുകാർക്ക് ഇത്തരത്തിലുള്ള മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത ചില സാഹചര്യങ്ങൾ നമ്മളായി ഉണ്ടാക്കിവച്ചിരിക്കുകയാണെന്നാണ്. പ്രത്യേകിച്ചും ആലപ്പുഴ ജില്ലയിൽ തുറവൂർ, ഹരിപ്പാട് ഭാഗങ്ങളിൽ തൊഴിലാളി സംഘടനകളുടെ നോക്കുകൂലി ആവശ്യം ഉയർന്നുവരികയും അതിന്റെ ഭാഗമായി കരാറുകാർക്ക് കരാർ ഏറ്റെടുക്കാൻ കഴിയാതെ വരികയും ചെയ്യുന്ന അവസ്ഥയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അദ്ദേഹം പാർട്ടി നേതാവായിരുന്ന സമയംതന്നെ നോക്കുകൂലിക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച വ്യക്തിയാണ്. ഇപ്പോൾ സഭയിലില്ലെങ്കിലും അദ്ദേഹത്തിന്റെ ശ്രദ്ധയിൽക്കൂടി ഇക്കാര്യങ്ങൾ കൊണ്ടുവരണം.

സംസ്ഥാന ഗവൺമെന്റിൽ റെയിൽവെ വകുപ്പിന്റെ ചുമതലയെന്നുപറയുന്നത് ആലങ്കാരികമായ പദവിയാണെന്ന് നമുക്കറിയാം. ബഹുമാനപ്പെട്ട മന്ത്രിക്കു മാത്രമായി ഇക്കാര്യത്തിൽ ഒന്നും ചെയ്യാനാകില്ലെങ്കിലും അദ്ദേഹത്തിന്റെ കൂടി ജില്ലയായതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. നേരത്തെ കബീർ സാഹിബ് പറഞ്ഞ ആവശ്യം ആവർത്തിച്ചുകൊണ്ട് ഞാൻ നിർത്താം. ഇക്കാര്യത്തിൽ നമുക്ക് പൊതുസമവായം വേണം. അനാവശ്യമായ രാഷ്ട്രീയ തർക്കങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ പ്രശ്നം മുഴുവൻ ഉണ്ടാക്കിവച്ചത് ശ്രീ. ലാലുപ്രസാദ് യാദവ് കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണെന്ന്

ശ്രീ. എ. പ്രദീപ് കുമാർ പറയുകയുണ്ടായി, ആയിരിക്കാം. നമുക്ക് അദ്ദേഹത്തെ കുറ്റപ്പെടുത്താൻ സാധിക്കില്ല. ആ ഗവൺമെന്റിനെ ഈ സഭയിലിരിക്കുന്ന ശ്രീ. ഒ. രാജഗോപാൽ ഒഴികെ മുഴുവനാളുകളും പിന്തുണച്ചതാണ്. എൽ.ഡി.എഫ്.-ന്റെ കൂടി പിന്തുണയോടുകൂടിയാണ് യു.പി.എ. ഗവൺമെന്റുണ്ടായതും ശ്രീ. ലാലുപ്രസാദ് യാദവ് കേന്ദ്ര റെയിൽവെ മന്ത്രിയായതും. അത്തരം കാര്യങ്ങളിൽ രാഷ്ട്രീയമല്ല, ഈ നാട്ടിലെ പതിനായിരക്കണക്കിന് സാധാരണ യാത്രക്കാരുടെ ജീവൻ വച്ച് പന്താടുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അതുകൊണ്ട് എല്ലാ അംഗങ്ങളും എന്നു ഞാൻ പറയുന്നില്ല, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രതിപക്ഷത്തിന്റെയും മറ്റംഗങ്ങളുടെയും പ്രാതിനിധ്യമുള്ള ഉന്നതതല നിവേദക സംഘം ഈ സേഫ്റ്റി വിഷയം സംബന്ധിച്ച് അടിയന്തരമായി, പറ്റുമെങ്കിൽ അടുത്തയാഴ്ച, അല്ലെങ്കിൽ നിയമസഭ കഴിഞ്ഞാലുടൻ കേന്ദ്ര റെയിൽവെ മന്ത്രിയെ കാണുകയും ഇക്കാര്യത്തിൽ അടിയന്തരമായി പരിഹാരം കാണാൻ കേന്ദ്ര ഗവൺമെന്റിനെ നിർബന്ധിക്കുകയും ചെയ്യണമെന്ന സമവായമാണ് ഈ ചർച്ചയിലൂടെ ഉയർന്നുവരേണ്ടത്. ഈ സഭയുടെ പൊതുവികാരമായി ഉയർന്നുവരേണ്ടതും ആ ചിന്തയാണെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ആനുകാലിക സാഹചര്യങ്ങൾവച്ചുകൊണ്ട് ട്രെയിൻ അപകടത്തെ സംബന്ധിച്ച് ഇത്തരമൊരു ഉപക്ഷേപം അവതരിപ്പിച്ച ബഹുമാന്യനായ ടി. എ. അഹമ്മദ് കബീറിനെ ഈയവസരത്തിൽ അഭിനന്ദിക്കുകയാണ്. നമ്മുടെ രാജ്യത്ത് 8500-ഓളം റെയിൽവേ സ്റ്റേഷനുകളും 178000-ത്തിലേറെ ദൈർഘ്യമുള്ളതും ദീർഘപാതകളായും ഹ്രസ്വ പാളങ്ങളുമൊക്കെയുള്ളിടത്ത് ഏകദേശം 1000 കിലോ മീറ്റർ മാത്രമാണ് നമുക്ക് ലൈനുകളായി ഉള്ളത്. റെയിൽവേയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പറയുമ്പോൾ അത് രാഷ്ട്രീയ പ്രശ്നമല്ല. ഇൻഡ്യാ ഗവൺമെന്റ് എടുത്ത നിലപാടിന്റെ ഭാഗമായാണ് റെയിൽവേയും ഇത്തരം പ്രയാസങ്ങളെ നേരിടുന്നതെന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ഇൻഡ്യൻ റെയിൽവെ, സ്വകാര്യ വിദേശ കുത്തകകൾക്ക് പണയം വയ്ക്കുന്ന ഒരു നയത്തിന്റെ ഭാഗമായാണ് ഇത്തരം വിഷയങ്ങൾ സംഭവിക്കുന്നത്. നരസിംഹ റാവുവിന്റെ കാലം മുതൽതുടങ്ങി ഡോ. മൻമോഹൻ സിംഗും അതിനു ശേഷം ബി.ജെ.പി. ഗവൺമെന്റും ശക്തിയായി ആ നയം തുടരുകയാണ്. കേരള രൂപീകരണത്തിനുശേഷം വർഷാവർഷം അവതരിപ്പിക്കുന്ന റെയിൽവെ ബഡ്ജറ്റുകൾ കഴിഞ്ഞാൽ കേരളത്തോട് കേന്ദ്ര ഗവൺമെന്റെടുക്കുന്ന നയത്തിനെതിരെയുള്ള സമരങ്ങൾ കേരളത്തിലെ യുവജന സംഘടനകൾ നടത്തിയ അനുഭവം നമ്മുടെ മുമ്പിലുണ്ട്. മലബാറിന്റെ പ്രശ്നങ്ങളും കേരളത്തോട് കാണിക്കുന്ന അവഗണനയും ഉയർത്തിപ്പിടിച്ചുകൊണ്ട് എത്രയോ സമരങ്ങൾ അതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളതാണ്. അതിപ്പോഴും തുടരുന്നുവെന്നതാണ് യാഥാർത്ഥ്യം. യഥാർത്ഥത്തിൽ ബ്രിട്ടീഷുകാർ ഭാഷാ സംസ്ഥാനം രൂപീകരിച്ചില്ലെങ്കിൽപ്പോലും ഈ റെയിൽ യാത്ര അവരുടെ

ഭരണം ഉറപ്പിക്കാൻ സൃഷ്ടിച്ചതിനപ്പുറത്തേയ്ക്ക് നമുക്ക് ഏറെ പോകാൻ കഴിഞ്ഞില്ല. ഏകദേശം 17 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ സ്ഥാപനത്തിൽ ഇന്ന് തൊഴിലാളികളുടെ എണ്ണം 13 ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. വണ്ടിയുടെ എണ്ണം വർദ്ധിക്കുകയും റെയിൽപ്പാളത്തിന്റെ എണ്ണം കൂടുകയും തൊഴിലാളികളുടെ എണ്ണം കുറയുകയും ചെയ്യുന്നു. എങ്ങനെയാണ് ഇത് കുറ്റമറ്റ രീതിയിൽ അപകട രഹിതമായി ഓടിക്കാൻ കഴിയുന്നത്? അതോടൊപ്പം റെയിൽപ്പാളത്തിലെ അപകടങ്ങൾ മാത്രമല്ല, കഴിഞ്ഞ കാലങ്ങളിലെ സംഭവങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഗോധ്ര സംഭവമെടുത്താൽ, നമ്മുടെ സംസ്ഥാനവുമായി ബന്ധപ്പെടുത്തി ഗോവിന്ദ ചാമിമാരെപ്പോലുള്ളവരുടെ ആക്രമണങ്ങളും ഈ സമയത്ത് തീവണ്ടിക്കകത്തുണ്ടാകുകയാണ്. സ്ത്രീകൾക്ക് മാന്യമായും സധൈര്യവും യാത്ര ചെയ്യാൻ കഴിയാത്ത സാഹചര്യംകൂടി സംജാതമാകുന്നുവെന്ന് നാം കാണേണ്ടതുണ്ട്. അതുപോലെ മോഷണങ്ങൾ നടക്കുന്നു. ബീഹാറിലൊക്കെ നടന്നതുപോലുള്ള സംഭവങ്ങൾ, കാട്പ്പാഡി യാത്ര പണ്ട് അനുഭവമായിരുന്നു. ബാഗ് കാണില്ല, ആളുകളെത്തന്നെ ചിലപ്പോൾ കാണാത്ത, കുട്ടികളെ എടുത്തുകൊണ്ടുപോയ അനുഭവങ്ങളൊക്കെയുണ്ടായിട്ടുണ്ട്. ഇപ്പോൾ അതിഭീകരമായ രീതിയിൽ നമുക്ക് സുരക്ഷിതമായി യാത്രചെയ്യാൻ കഴിയാത്ത രീതിയിലേയ്ക്കാണ് കേരളം മാറിയിട്ടുള്ളത്. അതിന്റെ ഭാഗമായി ഇവിടെ സൂചിപ്പിച്ചതു പോലുള്ള സംഭവങ്ങൾ ഞാനിവിടെ ആവർത്തിക്കുന്നില്ല, അത്രയേറെ അപകട കേന്ദ്രങ്ങൾ റെയിലുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തുണ്ട് എന്നാണ് സൂചിപ്പിച്ചത്.

ചരക്ക് യാത്രാക്കൂലി, ഡീസൽ/പെട്രോൾ വില വർദ്ധന എന്നിവയുമായി ബന്ധപ്പെടുത്തിക്കൊണ്ടും നമ്മുടെ ജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ കേരളീയ സമൂഹം അനുഭവിക്കുന്നുണ്ട്. എല്ലാ വർഷവും ചരക്കുകൂലിയിനത്തിൽ വർദ്ധനവ് വരുന്നു. അതിന്റെ ഭാഗമായി കേരളത്തിൽ എല്ലാ സാധനങ്ങളും പുറത്തുനിന്ന് വാങ്ങേണ്ടതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ നിത്യോപയോഗ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിനും ഇടയാകുന്നു. ഇരുട്ടടി എന്ന നിലയ്ക്ക് എല്ലാ വർഷവും ഗവൺമെന്റുകൾ റെയിൽവെ ബഡ്ജറ്റിലൂടെ അത്തരം പ്രശ്നങ്ങൾ കൊണ്ടുവരാറുണ്ട്. ഇപ്പോൾ റെയിൽവെ ബഡ്ജറ്റുതന്നെ ആവശ്യമില്ലെന്ന് തീരുമാനിച്ച സാഹചര്യത്തിലേയ്ക്കാണ് കേന്ദ്ര ഗവൺമെന്റ് പോയിട്ടുള്ളത്. ഏതെങ്കിലും സോൺ സ്വകാര്യ മേഖലയ്ക്ക് ഏൽപ്പിച്ചുകൊടുക്കുന്ന സമീപനങ്ങളിലേയ്ക്ക് പോകുന്ന തരത്തിലുള്ള ചിന്തയുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇവിടെയാണെങ്കിൽ പഴയ പാളങ്ങൾ, അതുമായി ബന്ധപ്പെടുത്തി തീവണ്ടിയുടെ കിലോമീറ്ററിന്റെ ദൈർഘ്യം വർദ്ധിപ്പിക്കുന്ന സാഹചര്യങ്ങളും വേഗത വർദ്ധിപ്പിക്കുന്ന സാഹചര്യങ്ങളുമൊക്കെ വരുമ്പോഴും പാളത്തിന് യാതൊരു മാറ്റവും വരുന്നില്ല. പണ്ട് ബ്രിട്ടീഷുകാർ കൊണ്ടുവന്ന റെയിൽപ്പാളത്തിന്റെ ഉറപ്പ് ഇന്ന് അവിടെ ഉപയോഗിക്കുന്ന

റെയിൽപ്പാളത്തിനില്ല. നേരത്തെ തേക്കും യൂക്കാലിയും ഉപയോഗിച്ചുകൊണ്ടാണ് പാളം അവിടെ ഉറപ്പിച്ചിരുന്നതെങ്കിൽ ഇന്ന് കോൺക്രീറ്റ് ചെയ്ത് നിർത്തുന്നതിന്റെ ഭാഗമായി അവ ഇളകിപ്പോകുന്ന സാഹചര്യമുണ്ട്. നേരത്തെ നമ്മുടെ റോഡുകളിൽ എൻ.എം.ആർ. തൊഴിലാളികൾ ഉള്ളതുപോലെതന്നെ റെയിൽ പരിശോധിക്കാൻ കൂടുതൽ തൊഴിലാളികളുണ്ടായിരുന്നുവെന്ന് മാത്രമല്ല, റെയിലിന്റെ ഓരങ്ങളിൽ അന്ന് ഭാവി കണക്കാക്കി എടുത്ത ഭൂമികളിൽ അവർക്ക് കൃഷി ചെയ്യാൻ അവസരം നൽകിക്കൊണ്ട് ഏതുസമയവും റെയിലിനെ സ്നേഹിക്കുന്ന രീതിയിലേയ്ക്ക് തൊഴിലാളിയെ കൊണ്ടുപോകുന്ന അവസരം അന്നുണ്ടായിരുന്നു. ഇന്നത് മാറി. കേരളത്തിലെ 250 കേന്ദ്രങ്ങൾ അപകടഭീഷണിയുള്ള രീതിയിലാണെന്ന് റെയിൽവെ തന്നെ പറയുകയാണ്. അങ്ങനെയായാൽ നമ്മുടെ രാജ്യത്തെ ജനങ്ങളുടെ സ്ഥിതിയെന്താണ്, എത്രയേറെ ആശങ്കയോടുകൂടിയാണ് നമ്മുടെ നാട്ടിൽ ജനങ്ങൾ യാത്ര ചെയ്യുന്നതെന്ന് ആലോചിക്കണം. അങ്ങനെ പറയാനുള്ള ചുറ്റം എങ്ങനെയുണ്ടായി; അത് പരിശോധിച്ച് കുറ്റമറ്റ നടപടിയിലേയ്ക്ക് പോകേണ്ടത് മാനേജ്മെന്റാണ്. 250 കേന്ദ്രങ്ങളിൽ അപകട ഭീഷണിയിലാണ് കേരളത്തിലെ റെയിൽപ്പാളങ്ങൾ എന്നുപറയുന്ന സാഹചര്യത്തെ നാം ഏത് രീതിയിലാണ് കാണേണ്ടത്; ലാഭം മാത്രം ലക്ഷ്യംവയ്ക്കുക എന്ന സമീപനവുമായി പോകുന്നതുകൊണ്ട് ഇതൊന്നും അത്ര ഗൗരവമേറിയ പ്രശ്നമല്ല എന്ന നിലയിലാണ് പോകുന്നത്. ഇപ്പോൾ ഗൾഫ് യാത്രയുമായി ബന്ധപ്പെട്ട് വിമാനക്കൂലിയെക്കുറിച്ച് സഭയിൽ പലരും സൂചിപ്പിച്ചിട്ടുണ്ട്. ഗൾഫിലേയ്ക്ക് ഏറ്റവും കൂടുതൽ ആളുകൾ പോകുന്ന സമയത്ത് ടിക്കറ്റിന്റെ ചാർജ്ജ് വർദ്ധിപ്പിക്കുകയാണ്. ഇപ്പോൾ ഏറ്റവും കൂടുതൽ ആളുകൾ യാത്രചെയ്യുന്ന സമയത്ത് റെയിൽവെ ടിക്കറ്റിന്റെ ചാർജ്ജ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ആലോചിക്കുകയാണ്. ഇത് റെയിൽവെ ഒരു കാലത്തും ചെയ്യാത്ത കാര്യമാണ്. ഇതിനെ ശക്തമായി എതിർക്കണം. ഏറ്റവും കൂടുതലാളുകൾ പുറത്തേയ്ക്ക് യാത്ര ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇൻഡ്യയിലെ സംസ്ഥാനങ്ങളെടുത്ത് പരിശോധിച്ചാൽ ഇൻഡ്യൻ പട്ടാളക്കാർ, കാശ്മീരിൽ യുദ്ധ മുന്നണിയിലാണല്ലോ, അവരുടെ കുടുംബങ്ങളും മറ്റ് ഇതര സംസ്ഥാനങ്ങളിൽ പണിയെടുക്കുന്നവരും യാത്ര ചെയ്യുന്നത് തീവണ്ടിയിലാണ്. അത്തരം സമയങ്ങളിൽ ചാർജ്ജ് വർദ്ധിപ്പിക്കാൻ റെയിൽവെ തീരുമാനിക്കുകയാണ്. മനുഷ്യ ജീവിതത്തിന് വിലകൽപ്പിക്കാതെ, എങ്ങനെ ലാഭമുണ്ടാക്കാമെന്ന സമീപനത്തിലേയ്ക്ക് അവർ പോകുകയാണ്. ഇതൊരു സർവ്വീസ് സെക്ടറാണ്. ആ സർവ്വീസ് സെക്ടറല്ലാതെ അവർ മാറുന്നുവെന്നാണ് ഞാൻ സൂചിപ്പിച്ചത്. ആഗോളവൽക്കരണ സമീപനത്തിന്റെ തുടർച്ചയായുണ്ടാകുന്ന അനുഭവങ്ങളുടെ ഭാഗമായാണ് ഇത്തരം ഇരുട്ടടികൾ നമ്മുടെ മേൽ വരുന്നത്.

അപകട വിഷയങ്ങളൊക്കെ നേരത്തെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതാവർത്തിക്കുന്നില്ല. നമുക്ക് മികച്ച സ്റ്റേഷനുകളും അതുമായി ബന്ധപ്പെട്ട വൃത്തിയുള്ള വണ്ടികൾ, അതിന്റെ ഡിജിറ്റലൈസേഷൻ, നല്ല രീതിയിലുള്ള കമ്മ്യൂണിക്കേഷൻ,

അടിസ്ഥാന സൗകര്യ വികസനം, കൂടുതൽ തൊഴിലവസരങ്ങൾ ഇതൊക്കെ അനിവാര്യമായാൽ മാത്രമേ ഇത്തരം പ്രശ്നങ്ങളിൽ പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. ആ നിലയിലേയ്ക്ക് നമുക്ക് പോകണം. സർവ്വശ്രീ റ്റി. വി. രാജേഷ്, ജെയിംസ് മാത്യു, സി. കെ. നാണു തുടങ്ങി ഒട്ടേറെ എം.എൽ.എ.-മാർ സ്ഥിരം യാത്ര ചെയ്യുന്നത് എസ്3 കോച്ചിലാണ്. അതിന്റെ സ്ഥിതി വാസ്തവത്തിൽ നിയമസഭ ശ്രദ്ധിക്കേണ്ടതാണ്. എലി, പാറ്റ എന്നിവയുടെ ശല്യം, ഷട്ടർ താഴ്ത്താൻ കഴിയില്ല, ബർത്ത് നിരപ്പുള്ളവ യായിരിക്കില്ല, പലരീതിയിൽ പൊളിഞ്ഞിരിക്കും, ലൈറ്റുണ്ടാവില്ല. നമ്മുടെ എം.എൽ.എ.-മാരുടെ കൂടെ പി.എ. മാരുണ്ടാകും. പി.എ. മാർക്ക് റിസർവേഷൻ കിട്ടില്ല. നമ്മുടെ ഒട്ടുമിക്ക മലയാള പത്രങ്ങളും ഇംഗ്ലീഷ് പത്രങ്ങളും നിലത്തുവിരിച്ച് കിടന്നാണ് അവർ യാത്ര ചെയ്യുന്നത്. വൃത്തിഹീനമായ ഈ വണ്ടിയിൽ തന്നെയാണ് മലബാറിൽനിന്ന് ഏറ്റവും കൂടുതൽ ക്യാൻസർ രോഗികൾ ഇങ്ങോട്ട് വരുന്നത്. അതിൽ ഇ.ക്യൂ. റിലീസ് ചെയ്യുമ്പോൾ ആദ്യത്തെ പരിഗണന അവർക്കാണ്. ഈ രോഗികളും എസ്3 കോച്ചിലാണ് കൂടുതലായുമുണ്ടാകുന്നത്. അങ്ങനെ തിങ്ങിനിറഞ്ഞാണ് പോകുന്നത്. മലബാർ മേഖലയിൽനിന്ന് ഉദ്യോഗസ്ഥർ, വിദ്യാർത്ഥികളുൾപ്പെടെ വരുന്ന കോച്ചുകളിൽ കടക്കാൻ കഴിയാത്ത രീതിയിൽ, ലോറികളിൽ ലോഡ് കയറ്റുന്നതുപോലെയാണ് ആളുകൾ വരുന്നത്. ഇത്രയും ഭീകരമായ അന്തരീക്ഷം ട്രാക്കിലുണ്ടെന്ന് മനസ്സിലായാൽ അതിന്റെ അപകടം എത്രമാത്രം ഭീകരമായിരിക്കുമെന്ന് ആലോചിക്കണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, വടക്കേ മലബാറിലെ എം.എൽ.എ.-മാരുടെ കൂടെ വരുന്ന പി.എ.-മാർക്ക് ഒരിക്കലും റിസർവേഷൻ കിട്ടാറില്ല. ഗൗരവമായ ഒരു വിഷയമാണ് ബഹുമാന്യനായ ഇ. കെ. വിജയൻ ഇവിടെ സൂചിപ്പിച്ചത്. റെയിൽവേയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരേണ്ടതല്ലേ; ഇതിന് പരിഹാരമുണ്ടാക്കാൻ എം.എൽ.എ.-മാരുടെയും കംപാനിയനായി യാത്ര ചെയ്യുന്ന പി.എ.-മാരുടെയും പ്രത്യേകിച്ച് പി.എ.-മാർക്ക് റിസർവേഷൻ ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതല്ലേ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഈ വിഷയം ഗൗരവത്തിലെടുത്ത് ബഹുമാനപ്പെട്ട ചെയറുംകൂടി എം.എൽ.എ.-മാരുടെയും പി.എ.-മാരുടെയും യാത്രാസൗകര്യം ഉറപ്പു വരുത്തേണ്ടതുണ്ട്. മിക്കവാറും ദിവസങ്ങളിൽ പി.എ.-മാർക്ക് റിസർവേഷൻ കിട്ടാറില്ല. ഞങ്ങൾക്കുതന്നെ കിട്ടാത്ത ചില ദിവസങ്ങളുണ്ട്. അത് നമ്മൾ പറയാറില്ല. എം.എൽ.എ.-മാർക്ക് കിട്ടിയില്ലെന്നു പറയേണ്ട എന്നുകരുതിയാണ് പറയാതിരുന്നത്. അതിനൊരു പരിഹാരമുണ്ടാക്കേണ്ടതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞതു പോലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം എം.എൽ.എ.-മാർക്കും പി.എ.-മാർക്കും കൂപ്പൺ ഉപയോഗിച്ച് ടിക്കറ്റെടുത്താലും സീറ്റ് കിട്ടിയില്ലെങ്കിൽ ഒരിക്കലും റീഫണ്ട് കിട്ടില്ല. അത് നമ്മൾ ഗൗരവമായി എടുക്കേണ്ട കാര്യമല്ലേ?

ശ്രീ. ഇ. കെ. വിജയൻ: സർ, എം.എൽ.എ.-മാരുടെ പ്രശ്നം മാത്രമായതു കൊണ്ടാണ് ഇക്കാര്യം പറയാതിരുന്നത്. അത് നമ്മുടെ സ്ഥിരം അനുഭവമാണ്. അതുപോലെ നമ്മൾ ഒ.ഡി.എഫ്. പ്രഖ്യാപിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് സൂചിപ്പിക്കുകയും ചെയ്തു. ഇതൊക്കെ പ്രഖ്യാപിച്ചുകഴിഞ്ഞാലും ട്രെയിൻ യാത്രയ്ക്കിടയിൽ വിസർജ്ജിക്കുന്ന മലവും മൂത്രവും റെയിലിലേയ്ക്കാണ് ഒഴുക്കുന്നത്. അത് പാളത്തിന്റെ ഉറപ്പിനെ ബാധിക്കുകയും തുരുമ്പിക്കാനുള്ള സാഹചര്യമുണ്ടാകുകയും ചെയ്യും. വെള്ളവും മൂത്രവുമെല്ലാം ചേർന്നു പാളത്തിന്റെ ഉറപ്പ് കുറയാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ്. മാത്രമല്ല, ഒരു പരിഷ്കൃത സമൂഹത്തിൽ ഒരിക്കലും അത് പാടില്ലാത്തതാണ്. ഏറ്റവും കൂടുതൽ വെയിൽ കിട്ടുമെന്നുള്ളതുകൊണ്ട് റെയിലിനടുത്താണ് പപ്പടം ഉണക്കുന്നത്. നമ്മൾ ട്രെയിനിൽ പോകുമ്പോൾ പപ്പടം ഉണക്കുന്നത് കാണാം. മലിനജലം പപ്പടത്തിൽ വീണ് നനഞ്ഞുകൊണ്ടിരിക്കും. വൈകുന്നേരമാണ് അവർ പപ്പടമെടുത്ത് മാറ്റി വയ്ക്കുന്നത്.

തൊഴിലാളികളുടെ ഷോർട്ടേജ് പരിഹരിക്കുന്നതിന് താല്ക്കാലിക തൊഴിലാളികളെ വിളിക്കും. ഇതര സംസ്ഥാന തൊഴിലാളികളെയോ നമ്മുടെ തൊഴിലാളികളെയോ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ വേണ്ട സ്ഥാനത്ത് റെയിൽ എന്തെന്നറിയാത്ത തൊഴിലാളികളെ വച്ചാണ് ജോലി ചെയ്യിപ്പിക്കുന്നത്. ഈ കാര്യംകൂടി സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് ഗൗരവപൂർവ്വം ആലോചിക്കേണ്ട പ്രശ്നമാണെന്നാണ് എനിക്ക് പറയാനുള്ളത്. പഴയ സിനിമകളിലൊക്കെ മദ്രാസ് റെയിൽവേ സ്റ്റേഷനുകളാണ് കാണിക്കാറുള്ളത്. മനുഷ്യരെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ഒന്നാണ് തീവണ്ടി. കുഞ്ഞുനാളിൽ നമ്മളെ പഠിപ്പിക്കുന്നതുതന്നെ 'കൂകൂകൂകൂ തീവണ്ടി' എന്നു പറഞ്ഞാണ്. അതുകൊണ്ട് റെയിൽവേ സ്റ്റേഷൻ കാണുമ്പോൾ നമുക്കൊരു പ്രത്യേക ആകർഷണം തോന്നും. നമ്മുടെ റെയിൽവേ സ്റ്റേഷനുകളിൽ ഒരു മാറ്റവും വന്നിട്ടില്ല. അന്തർദ്ദേശീയ നിലവാരങ്ങളൊക്കെ പറയുന്നുണ്ട്. റെയിൽവേ സ്റ്റേഷനിൽ എത്തിക്കഴിഞ്ഞാൽ സുരക്ഷിതമായി അവിടെ ഒരാൾക്കിരിക്കാനുള്ള സൗകര്യം വേണം. നാഗ്പൂർ കൊള്ളക്കാരുടെ കേന്ദ്രമായിരുന്നല്ലോ, പക്ഷെ ഇവിടെനിന്ന് ഉത്തരേന്ത്യയിലുള്ള റെയിൽവേ സ്റ്റേഷനുകളിൽ പോയാൽ ലോഡ്ജെടുക്കാതെ കുടുംബത്തിന് അവിടെ താമസിക്കാൻ കഴിയും. അത്ര മനോഹരമായ റെയിൽവേ സ്റ്റേഷനുകൾ ഇന്ത്യയിലുണ്ട്. പക്ഷേ കേരളത്തിന്റെ സ്ഥിതി അതല്ല എന്നതാണ് പ്രശ്നം.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേരളത്തിലെ മിക്കവാറും റെയിൽവേ സ്റ്റേഷനുകളും യാതൊരുവിധ മാറ്റവുമില്ലാതെ പഴയ അവസ്ഥയിൽ തുടരുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, അതിനൊരു മാറ്റം വരുത്താൻ നമുക്ക് നല്ല ശ്രദ്ധവേണം. കേരളത്തിൽനിന്നുള്ള കേന്ദ്ര മന്ത്രിമാർ അവിടെ പോയാൽ പരിഗണിക്കേണ്ടത്, ഇന്ത്യയാകെ ഒന്നുപോലെ കാണണമെങ്കിലും കേരളത്തെ മറന്നുപോകാൻ പാടില്ല. റെയിൽവേയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞില്ല എന്നതാണ് സ്വാതന്ത്ര്യാനന്തര ഭരണം നടത്തി ഇത്രയും വർഷം കഴിഞ്ഞിട്ടും ഉണ്ടായിട്ടുള്ളത്. എല്ലാ വർഷവും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ എല്ലാ വിഭാഗവും സമരം നടത്തുമായിരുന്നു; എന്നുപറഞ്ഞാൽ കേരളത്തിലെ റെയിൽവേയോട് കാണിച്ച അവഗണനയായിരുന്നു അതെന്ന് കാണേണ്ടതുണ്ട്. ഫെഡറൽ സംവിധാനത്തിന്റെ പ്രശ്നങ്ങളൊക്കെ ചർച്ച ചെയ്യുമ്പോൾ ഇതും നമ്മൾ ഗൗരവമായി കാണണം. വർഷങ്ങളായി പാളങ്ങൾ മാറ്റുന്ന സമീപനങ്ങളിലേയ്ക്ക് റെയിൽവേ പോകാത്തതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഭീകരമായ അപകടങ്ങളിലേയ്ക്ക് പോകുന്നത്. ഇനിയൊരു ദുരന്തമുണ്ടായാൽ അതെത്രമാത്രം ഭീകരമായിരിക്കുമെന്ന് നമുക്ക് പറയാൻ കഴിയില്ല. അത്രയേറെ യാത്രക്കാരാണ് ഒരു വണ്ടിയിലുള്ളത്. അവിടെ നിശ്ചയിച്ചതിനെക്കാളേറെ ആളുകളാണ് യാത്ര ചെയ്യുന്നത്. കേരളീയ സമൂഹത്തിൽ ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. എല്ലാപേരും ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്നവരാണ്. എ.സി. ടിക്കറ്റെടുത്തവർക്ക് സ്ലീപ്പറിലാണ് യാത്ര ചെയ്യേണ്ടിവരുന്നത്. അത്രയേറെ തിരക്കാണ് എ.സി.-യിൽ. ഈ വിഷയം ഞങ്ങളൊക്കെ ഇവിടെ ഗൗരവപൂർവ്വം ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് പരിഹാര മുണ്ടാക്കാനാവശ്യമായ എല്ലാ ശ്രമങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതിന് കൂട്ടായി നമുക്ക് പരിശ്രമിക്കാം എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ട്രെയിൻ യാത്ര എന്നും ഒരനുഭവമാണ്. മുന്നോട്ടോടുന്ന ട്രെയിനിലെ പിന്നോട്ടോടുന്ന കാഴ്ച ഒരുപക്ഷെ ബാല്യം മുതൽ ജീവിതത്തിന്റെ അന്ത്യംവരെ ഏറ്റവും രസകരമായ ഒന്നാണ്. നമ്മളെപ്പോഴും ഏറ്റവും കൂടുതൽ സന്തോഷിക്കുകയും ഓർക്കുകയുമൊക്കെ ചെയ്യുന്നത് നമ്മുടെ ട്രെയിൻ യാത്രതന്നെയാണ്. പക്ഷേ ഇന്ന് രാത്രികാലങ്ങളിൽ സ്വസ്ഥമായി ട്രെയിനിൽ കിടന്നുറങ്ങാൻ കഴിയുമോ? ട്രെയിൻ യാത്ര ഭീതിജനകമായ അനുഭവമായി മാറുകയാണ്. ഇവിടെ സൂചിപ്പിച്ചത് വളരെ ഗൗരവമായിട്ടുള്ളൊരു വിഷയമാണ്. അടുത്തകാലത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായ ട്രെയിനപകടങ്ങളുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യുമ്പോൾ, യാദൃശ്ചികമായിരിക്കാം, 1931 നവംബർ മാസം 4-ാം തീയതിയാണ് തിരുവനന്തപുരത്തെ റെയിൽവേ സ്റ്റേഷൻ ലോഞ്ച് ചെയ്യുന്നത്. നാളെ നവംബർ 4 ആണ്. ഏകദേശം 30.6 കി.മീറ്റർ ദൈർഘ്യത്തിൽ ബേപ്പൂരിൽനിന്ന് തിരൂരിലേയ്ക്ക് ആരംഭിച്ച ട്രെയിനാണ് നമ്മുടെ സംസ്ഥാനത്തെ ആദ്യത്തെ ട്രെയിൻ. പിന്നീട് നമ്മുടെ റെയിൽവേയ്ക്ക് ധാരാളം മാറ്റങ്ങളുണ്ടായി. വടക്കേ മലബാറിലാണ് യഥാർത്ഥത്തിൽ ട്രെയിനിന്റെ തുടക്കം. കേരളത്തിൽ

മധ്യതിരുവിതാംകൂറിലും തെക്കൻ തിരുവിതാംകൂറിലുമൊക്കെ ട്രെയിനുകൾ കടന്നു വരുന്നത് പിന്നീടാണെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും 150 വർഷ കാലത്തെ ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ റെയിൽവേ സ്റ്റേഷനുകൾക്കും ട്രെയിനുകൾക്കും കാലോചിതമായൊരു മാറ്റമുണ്ടായില്ല. എക്കാലത്തും നമ്മുടെ സംസ്ഥാനത്തിനോട് റെയിൽവേ മന്ത്രാലയം അവഗണന പുലർത്തിയിരുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരുപക്ഷേ പാലക്കാട് ഡിവിഷനെക്കാൾ ചെറിയ മാംഗ്ലൂർ ഡിവിഷന് ഒരു സോൺ കൊടുക്കാൻ തയ്യാറായപ്പോഴും കേരളത്തെ ആ കാര്യത്തിൽ അവഗണിച്ച ചരിത്രമാണുള്ളത്. പലപ്പോഴും ബഡ്ജറ്റിൽ ഏതാനും പുതിയ ട്രെയിനുകൾ പ്രഖ്യാപിക്കുന്നതിനപ്പുറം അടിസ്ഥാനപരമായി നമ്മുടെ റെയിൽവേ സ്റ്റേഷനുകളും അതിന്റെ സാധ്യതകളും സാഹചര്യങ്ങളുമൊക്കെ പൂർണ്ണമായി നല്ല നിലയിലേയ്ക്കെത്തിയിട്ടില്ല. ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്ന മനോഭാവമുള്ളവരാണ് മലയാളികൾ. മലയാളികൾക്ക് ടിക്കറ്റില്ലാതെ ട്രെയിനിൽ കയറാൻ മടിയാണ്. വളരെ അപൂർവ്വം ആളുകൾ മാത്രമേ അങ്ങനെയല്ലാതെയുള്ളൂ. അതുകൊണ്ടുതന്നെ റെയിൽവേയ്ക്ക് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന ഒരു സംസ്ഥാനം കൂടിയാണ് കേരളം. നമ്മുടെ സംസ്ഥാനത്ത് അടുത്തകാലത്താണ് ഇത്രയും അപകടങ്ങളുണ്ടാകുന്നത്. ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ലെങ്കിലും കൃത്യമായി ഇത് ശ്രദ്ധിക്കാനുള്ള സംവിധാനം, അതിനുള്ള ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കുറവ് ഇവയൊക്കെ ഇതിനെ പ്രതികൂലമായി ബാധിക്കുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതോടൊപ്പംതന്നെ നമ്മുടെ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ കാര്യത്തിൽ കാണിക്കുന്ന അവഗണന വളരെ ഗൗരവമുള്ളതാണെന്ന് പറയാൻ കാരണം, ഇന്ന് മാധ്യമത്തിൽ വന്നൊരു വാർത്തയുണ്ട്. "പുതിയ എ.സി. ത്രീടയർ കോച്ചുകളിൽ സി.സി.ടി.വി. ക്യാമറയും ജി.പി.എസും." ഇന്ത്യൻ റെയിൽവേ തന്നെ മറ്റൊരു സംസ്ഥാനത്ത് നടപ്പാക്കാൻ പോകുന്ന പദ്ധതിയാണിത്. അവിടെ ത്രീടയർ കോച്ചുകളിൽ സി.സി.ടി.വി.-യും ജി.പി.എസും ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ നടപ്പാക്കാൻ ഇന്ത്യൻ റെയിൽവെ തയ്യാറാകുന്ന സന്ദർഭത്തിലാണ് നമ്മുടെ നാട്ടിലെ പഴയ പാളങ്ങളുമായി റെയിൽവെ മുന്നോട്ടുപോകുന്നത്. പ്രത്യേകിച്ച് പാളത്തിനടിയിലുള്ള മെറ്റൽ പത്തു വർഷം കഴിയുമ്പോൾ ഇളക്കി മാറ്റി രണ്ടാമത് റീഫിക്സ് ചെയ്യണമെന്നാണ് ചട്ടം. അതൊന്നും പാലിക്കാതെ അപകടകരമായ യാത്രകളാക്കി മാറ്റുന്ന ഒരവസ്ഥയാണുള്ളത്. ഒരുപക്ഷെ സുരക്ഷിതമായ യാത്രയായിരുന്നു നമ്മുടെ ട്രെയിൻ യാത്രകളെന്നത് കാലത്തിന്റെ ഓർമ്മകളായി മാറുമ്പോൾ വീണ്ടും അതിലേയ്ക്ക് തിരിച്ചുവരാനുള്ള ഗൗരവമായ ചിന്തകൾ തീർച്ചയായുമുണ്ടാകണം. വളരെ കാലികമായതും നമ്മുടെ സംസ്ഥാനത്തെ വളരെ ഗുരുതരമായി ബാധിക്കുന്നതുമായൊരു വിഷയമാണ് ഇവിടെ അവതരിപ്പിച്ചത്. പ്രമേയത്തെ ആത്മാർത്ഥതയോടെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, പ്രമേയാവതാരകനും അനുബന്ധ പ്രഭാഷകരുമെല്ലാം പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ഇവിടെ നടന്ന ചർച്ച യാത്രാ സുരക്ഷയുമായി ബന്ധപ്പെട്ടതാണ്. എം.എൽ.എ.-മാരുടെയും പി.എ.-യുടെയും ടിക്കറ്റ് കൺഫേം ആയോ എന്നതല്ല വിഷയം. അത് നമുക്ക് പിന്നീട് ചർച്ച ചെയ്യാം. എന്റെ കുട്ടിക്കാലത്ത് ഏറ്റവുമധികം പാടിനടന്ന പാട്ട്

കുകുകുകു തീവണ്ടി

കുകിപ്പായും തീവണ്ടി

കൽക്കരി തിന്നും തീവണ്ടി

എന്നാണ്. ആ തീവണ്ടിയൊക്കെ മാറി ഇപ്പോൾ ഡീസൽ വണ്ടിയായി, വൈദ്യുതി വണ്ടിയായി. ഇങ്ങനെയൊക്കെയുള്ള മാറ്റം വന്നെങ്കിലും അതിനോടൊപ്പം അത് മരണവണ്ടിയും മാരണവണ്ടിയുമായി മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മാസം ദേശാഭിമാനിയിൽ ഒരു ലേഖന പരമ്പര പ്രസിദ്ധീകരിച്ചപ്പോൾ അതിലെ റിപ്പോർട്ടർ ശ്രീ. ജയകൃഷ്ണൻ നരിക്കുട്ടിയുടെ ലേഖനം ആരംഭിക്കുന്നത്, കേരളത്തിൽ ട്രെയിൻ പാളം തെറ്റിയാൽ റെയിൽവേ വക സൗജന്യമായി തമിഴ്നാട്ടിലെ കാഴ്ചകൾ കാണിച്ചു കൊടുക്കുമെന്നാണ്. ഇതൊരു ഉത്സവകാല ഓഫറല്ല എന്നുപറഞ്ഞ് അദ്ദേഹം നടന്ന കഥ പറയുന്നു. അങ്കമാലി കറുകുറ്റിയിൽ അപകടം നടന്നപ്പോൾ രാത്രി എട്ട് മണിക്ക് കണ്ണൂരിൽനിന്ന് പുറപ്പെട്ട തീവണ്ടിയെ ഷൊർണ്ണൂരിൽവച്ച് തിരിച്ചുവിട്ട് ഏതാണ്ട് ഒന്നര ദിവസം പിന്നിട്ടിട്ടാണ് നാഗർകോവിൽ വഴി തിരുവനന്തപുരത്തെത്തിയത്. അപകടസ്ഥലത്തെ പാളം മാറ്റി ആ വഴി തീവണ്ടി വരാൻ തുടങ്ങിയിട്ടും തിരിച്ചുവിട്ട വണ്ടി തിരുവനന്തപുരത്ത് എത്തിയിരുന്നില്ല. ഇതാണ് നമ്മുടെ സ്ഥിതി. ട്രെയിൻ ഓടിക്കാനും സംരക്ഷിക്കാനുമെല്ലാം ടെക്നിക്കൽ വിഭാഗത്തിൽ ആവശ്യമായ ജീവനക്കാരില്ല എന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. അക്കാര്യം ഇവിടെ പലരും സൂചിപ്പിച്ചു. തിരുവനന്തപുരം ഡിവിഷനിൽ 1254-ഉം പാലക്കാട് ഡിവിഷനിൽ 1037-ഉം ടെക്നിക്കൽ സ്റ്റാഫുകളുടെ ഒഴിവുണ്ട്. അതിന്റെ മേഖല തിരിച്ചുള്ള കണക്ക് ശ്രീ. വി. ടി. ബൽറാം ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. വിദഗ്ദ്ധ തൊഴിലാളികൾ നടത്തേണ്ട ഇത്തരം പ്രവൃത്തികൾക്ക് ഇപ്പോൾ പലയിടത്തും കരാർ വ്യവസ്ഥയിൽ ഇതര സംസ്ഥാന തൊഴിലാളികളെ ഉപയോഗപ്പെടുത്തി കൊണ്ടിരിക്കുകയാണ്. ഇത് രണ്ട് തരത്തിലുള്ള അപകടങ്ങളുണ്ടാക്കും. യാത്രക്കാരായ നമ്മുടെ ജീവന് അപകടമുണ്ടാക്കുകയും വിദഗ്ദ്ധരല്ലാത്ത തൊഴിലാളികൾ ഈ പണിയിൽ ഏർപ്പെടുന്നതിന്റെ ഭാഗമായി അവർക്കും അപകടങ്ങൾ സംഭവിക്കുകയാണ്. കോഴിക്കോട് ഏലത്തൂരിൽ റെയിൽവേ വൈദ്യുതി ലൈൻ വലിച്ചുകെട്ടുന്നതിനിടെ ഭാരമുള്ള ഒരു വസ്തു വീണ് കരാറുകാരനായ ഒരു തൊഴിലാളി മരിച്ചു. ആരും തിരിഞ്ഞു

നോക്കാനുണ്ടായിരുന്നില്ല. അപകടങ്ങളുടെ പെരുമഴക്കാലമായി കേരളത്തിലെ ട്രെയിൻ യാത്ര മാറിക്കൊണ്ടിരിക്കുകയാണ്. യാത്രാദുരിതം തുരന്തോ എക്സ്പ്രസ് പോലെ കേരളത്തിൽ പറന്നുനടക്കുകയാണ്. ഇന്ന് യാത്രാ സുരക്ഷ ഗോവിന്ദച്ചാമിമാരുടെ ഒറ്റക്കൈയിലാണ്. പാളങ്ങളുടെ സുരക്ഷ അഴിമതി ഭക്ഷണമാക്കിയ ചില കരാറുകാരുടെ മേൽനോട്ടത്തിലുമാണ്. ഇതിന്റെയൊക്കെ ഭാഗമായിട്ടാണ് അപകടങ്ങളുടെ പെരുമഴക്കാലമുണ്ടാകുന്നത്. ഓഗസ്റ്റ് 28-ന് കറുകുറ്റിയിലും സെപ്റ്റംബർ 4-ന് കളമശ്ശേരിയിലും 20-ന് കരുനാഗപ്പള്ളിയിലും 23-ന് വർക്കലയിലും വിള്ളൽ കണ്ടെത്തി. ഇത്തരത്തിൽ നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം-ഷൊർണ്ണൂർ പാതയിൽ 202 സ്ഥലത്തും കാസർഗോഡ്-പാലക്കാട് പാതയിൽ 36 ഇടത്തും പാളത്തിൽ വിള്ളലുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ട് നിരവധി കാലമായി. ചരക്കുവണ്ടി ഉൾപ്പെടെ 286-ലധികം ട്രെയിനുകൾ ഓടിക്കൊണ്ടിരിക്കുന്ന പാളത്തിലാണ് ഈ അവസ്ഥ. ഇതിന്റെ ഗൗരവം നമ്മൾ കാണേണ്ടതാണ്. ഇവിടെ ശ്രീ. എ. പ്രദീപ്കുമാർ സൂചിപ്പിച്ചതുപോലെ ചരക്കുവണ്ടിയുടെ ഭാരത്തിനനുയോജ്യമായ രൂപത്തിൽ എൻജിൻ ഘടിപ്പിക്കാത്തത് പലപ്പോഴും പാളത്തെ അപകടത്തിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ കേരളത്തിന്റെ കാലാവസ്ഥയും ഇവിടെ ശ്രീ. ഇ. കെ. വിജയൻ സൂചിപ്പിച്ചതുപോലെ വിസർജ്ജ്യ വസ്തുക്കൾ പാളത്തിൽ വീഴുന്നതുമെല്ലാം പാളം തുരുമ്പിക്കുന്നതിനിടവരുത്തുന്നുണ്ട്. പത്തുവർഷത്തിലൊരിക്കൽ പാളമുയർത്തി അടിയിലെ മെറ്റലിളക്കി ഡീപ് സ്ക്രീനിംഗ് നടത്തേണ്ടതാണ്. അതിന് കേരളത്തിൽ ഏറ്റവും പറ്റിയ കാലാവസ്ഥ എന്നുപറയുന്നത് നവംബർ മുതൽ മാർച്ച് വരെയുള്ള അഞ്ചുമാസക്കാലമാണ്. എന്നാൽ ഇപ്പോൾ സ്ഥിതിയെന്താണ്? ഇതിൽ ഡിസംബർ, ജനുവരി മാസം ശബരിമല സീസണാണ്. ആ സമയത്ത് കേരളത്തിൽ ഡീപ് സ്ക്രീനിംഗ് വർക്ക് നടത്താൻ കഴിയില്ല. കാരണം, അത്ര തിരക്കാണ്. പുതിയ വണ്ടികളും വരും. രണ്ടുമാസം അങ്ങനെ പോകുകയാണ്. മാർച്ച് മാസം സാമ്പത്തിക വർഷത്തിന്റെ അവസാനമാണെന്നുള്ളതുകൊണ്ട് ഫണ്ടൊന്നും റിലീസ് ചെയ്യാത്ത മാസമാണ്. അപ്പോഴും ഒരു വർക്കും നടക്കാറില്ല. ബാക്കിയുള്ളത് ഫെബ്രുവരി മാസത്തിലാണ് അപ്പോൾ എന്തെങ്കിലും വർക്ക് നടന്നാലായി എന്നതാണ് സ്ഥിതി.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പിന്നീട് സ്പിൽ ഓവർ എന്നുള്ള നിലയ്ക്ക് ഏപ്രിൽ, മേയ് മാസത്തിൽ മഴ ആരംഭിക്കുന്നതിനു മുമ്പ് ചെയ്യാമെന്ന് വച്ചാൽ അതിനു കഴിയുമോ? അവധിക്കാലം; ഉത്സവക്കാലം; വണ്ടികളുടെ എണ്ണം കൂടുന്നു; അങ്ങനെ തിരക്കോട് തിരക്കാണ്. അത്തരത്തിൽ പാളത്തിന്റെ അറ്റകുറ്റപ്പണികൾ നടക്കാതെ പോകുകയാണ്. 15 വർഷമായിട്ടും മണ്ണ് നീക്കാത്ത ഭാഗങ്ങളുണ്ട്, അതിന്റെ ഭാഗമായിട്ടുള്ള അപകടങ്ങളും കേരളത്തിൽ സംഭവിക്കുകയാണ്. കൊല്ലം മാരാരിത്തോട്ടത്തിൽ ചരക്കുവണ്ടി മറിഞ്ഞതിന്റെ

കാരണം ഇതായിരുന്നു. ഈ വർഷംതന്നെ 163 കി.മീ. പാളം മാറ്റാനാണ് തീരുമാനിച്ചത്. ഇതുവരെ മാറ്റിയത് 25 കി.മീറ്റർ മാത്രമാണ്. കഴിഞ്ഞ വർഷം പാളം മാറ്റാൻ അനുവദിച്ച 55 കോടി രൂപ കേരളത്തിൽ ചെലവഴിക്കപ്പെട്ടിട്ടില്ല. കേരളത്തിനർഹമായ ഫണ്ട് ലഭിക്കുന്നില്ലെന്നതും മറ്റൊരു വസ്തുതയാണ്. തിരുവനന്തപുരം ഡിവിഷനിൽ മാത്രം 800 കി.മീറ്റർ റെയിൽപ്പാതയുണ്ട്. എന്നാൽ പ്രതിവർഷം ഈ ഡിവിഷന് അനുവദിക്കുന്നത് 50 കി.മീറ്റർ പാത പുതുക്കുന്നതിനുള്ള ഫണ്ട് മാത്രമാണ്. കയ്യൂക്കുള്ളവൻ കാര്യക്കാരനാകുന്ന സ്ഥിതിയാണ് ഇന്ത്യൻ റെയിൽവേയിൽ ഇന്ന് നടക്കുന്നത്. തിരുവനന്തപുരം-പാലക്കാട് ഡിവിഷൻ ഉൾപ്പെട്ടിരിക്കുന്നത് ചെന്നൈ ആസ്ഥാനമായുള്ള ദക്ഷിണ റെയിൽവേയിലാണ്. ദക്ഷിണ റെയിൽവേയുടെ കീഴിൽ ആറ് ഡിവിഷനുണ്ട്. അവിടെ എല്ലാ ചെലവും കഴിച്ച് ബാക്കിയെന്തെങ്കിലുമുണ്ടെങ്കിൽ അതാണ് കേരളത്തിലേയ്ക്ക് എറിഞ്ഞുതരുന്നത്. ഇതാണ് കേന്ദ്രത്തിന്റെ നയം. കഴിഞ്ഞ വർഷം ദക്ഷിണ റെയിൽവേയ്ക്ക് അനുവദിച്ച ഫണ്ട് വിനിയോഗം പരിശോധിച്ചാൽ അക്കാര്യം മനസ്സിലാകും. മേൽപ്പാലങ്ങൾക്കായി അനുവദിച്ച 252.71 കോടി രൂപയിൽ നയാപൈസ പോലും കേരളത്തിൽ ചെലവാക്കിയിട്ടില്ല. എല്ലാ തുകയും തമിഴ്നാട്ടിലെ മേൽപ്പാലങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളത്. ജനറൽ കൺസഷൻ 344 കോടി രൂപ അനുവദിച്ചപ്പോൾ അതിൽ 332 കോടി രൂപയും തമിഴ്നാട്ടിലാണ് ദക്ഷിണ റെയിൽവേ ചെലവഴിച്ചത്. അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 2458.2 കോടി രൂപ അനുവദിച്ചപ്പോൾ 1808.48 കോടി രൂപയും തമിഴ്നാട്ടിലാണ് ചെലവഴിച്ചത്. നമുക്ക് ലഭിച്ചത് 630 കോടി രൂപ മാത്രമാണ്. പാത ഇരട്ടിപ്പിക്കലിന്റെ കഴിഞ്ഞ വർഷത്തെ കണക്ക് പുറത്തു വന്നിട്ടുണ്ട്. കഴിഞ്ഞ വർഷം തമിഴ്നാട്ടിൽ 270 കി.മീ. പാളം ഇരട്ടിപ്പിക്കൽ നടന്നു. കേരളത്തിൽ കേവലം 57 കി.മീ. മാത്രമാണ് നടന്നിട്ടുള്ളത്. ഇത് കേരളത്തോടുള്ള വലിയ അവഗണനയാണ്. കേരളത്തിലാണെങ്കിൽ ട്രാക്ക് വിനിയോഗം കൂടി കൊണ്ടിരിക്കുകയാണ്. എറണാകുളം-ഷൊർണ്ണൂർ ഇരട്ടപ്പാതയിലെ തിരക്ക് കുറയ്ക്കാനും കൊച്ചിയിൽ നിന്ന് ചെന്നൈ, മംഗലാപുരം, ബാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്കുള്ള ചരക്കുനീക്കം വേഗത്തിലാക്കാനും മൂന്നാം പാത അനിവാര്യമാണെന്നത് നമുക്ക് ബോദ്ധ്യപ്പെടുത്താൻ കഴിയേണ്ടതുണ്ട്. എൽ.ഡി.എഫ്. ആഗ്രഹിക്കുന്നതുപോലെ നിലവിലുള്ള റെയിൽപ്പാതയ്ക്ക് സമാന്തരമായി അതിവേഗ ട്രെയിനുകൾക്കായി പുതിയ ഇരട്ടപ്പാത നിർമ്മിക്കാനുള്ള ആഗ്രഹം നടപ്പാക്കാൻ കഴിയണം. 25 വർഷമായ പാളങ്ങൾ മാറ്റിസ്ഥാപിക്കാനുള്ള വ്യവസ്ഥ 50 വർഷമായിട്ടും നടപ്പാക്കിയിട്ടില്ല. അതിൽ മാറ്റമുണ്ടാകണം. പരിമിതമായ സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തി, പരമാവധി വരുമാനച്ചോർച്ച ഒഴിവാക്കി, ഇന്ത്യൻ റെയിൽവേയ്ക്ക് മുതൽക്കൂട്ടുണ്ടാക്കി കൊടുക്കുന്ന സംസ്ഥാനമായ കേരളത്തെ നിരന്തരമായി കേന്ദ്രം അവഗണിക്കുകയാണ്. ഒറ്റ ട്രെയിൻപോലും പുതിയ കോച്ചുകളോടുകൂടി അനുവദിക്കപ്പെടുന്നില്ല എന്നതാണ് വസ്തുത.

പാളങ്ങളുടെ തകരാർ മാത്രമല്ല അപകടകാരണം. ആലപ്പുഴയിലും കൊച്ചുവേളിയിലും കോച്ചുകൾ തകർന്ന് അപകടമുണ്ടായിട്ടുണ്ടെന്നതാണ് കേരളത്തിലെ പൂർവ്വകാല ചരിത്രം. 2012 നവംബർ 28-ന് എറണാകുളം-കായംകുളം പാസഞ്ചറിന്റെ ബോഗി ഓട്ടത്തിനിടെയാണ് തകർന്നുവീണത്. ഈ അപകടങ്ങളെല്ലാമുണ്ടാകുന്ന സന്ദർഭത്തിലാണ് സെപ്റ്റംബറിൽ കേന്ദ്ര മന്ത്രിസഭ 24500 കോടി രൂപയുടെ പ്രത്യേക റെയിൽ വികസന പ്രവൃത്തികൾക്ക് അനുവാദം കൊടുത്തത്. അതിൽ കേരളമില്ല. തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന ഗുജറാത്ത്, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലേയ്ക്കാണ് ഫണ്ട് മുഴുവൻ നീക്കിവച്ചത്. അവിടത്തെ വോട്ടുകണ്ടു കൊണ്ടാണ് അങ്ങനെ ചെയ്തത്. കേരളത്തിലെ ജനങ്ങളുടെ ജീവന് വില കല്പിക്കാത്ത കേന്ദ്ര നിലപാടിനെതിരെ പ്രതിഷേധം കൂടിയായി ഈ പ്രമേയം മാറേണ്ടതുണ്ട്. സ്വച്ഛ് ഭാരതം കൊട്ടിഘോഷിക്കുന്ന കേന്ദ്രം ട്രെയിനുകളുടെ ശുചിത്വം ശ്രദ്ധിക്കുന്നില്ലെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ലോക റെയിൽവേ ഭൂപടത്തിൽ നാലാം സ്ഥാനത്തും ഏഷ്യയിൽ ഒന്നാം സ്ഥാനത്തുമായിരുന്നു ഇന്ത്യ. എന്നാൽ ഇപ്പോൾ ചൈന നമ്മളെ പിന്തള്ളി മൂന്നാം സ്ഥാനത്തേയ്ക്ക് കടന്നു. അമേരിക്കയും റഷ്യയും ഒന്നും രണ്ടുമായി തുടരുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കുള്ള യാത്രയിൽ പ്രധാന ആശ്രയമാണ് ട്രെയിൻ. സംസ്ഥാനങ്ങൾ തമ്മിലുള്ള തൊഴിൽ കൈമാറ്റം ഇന്ത്യയിൽ കൂടിവരുന്ന ഒരു സാഹചര്യമാണുള്ളത്. പണ്ട് തെക്ക് നിന്ന് വടക്കോട്ടായിരുന്നെങ്കിൽ ഇപ്പോൾ വടക്ക നിന്ന് തെക്കോട്ട് കുടിയേറ്റം കൂടുകയാണ്. ഇതനുസരിച്ച് ട്രെയിൻ കൂടുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുന്നില്ല. തീവണ്ടി കൂടുകയും ജീവനക്കാരുടെ എണ്ണം കുറയുകയും ചെയ്യുന്നു. ആഗോളവത്കരണ കാലഘട്ടത്തിന്റെ പ്രത്യേകതയാണിത്. ആഗോളവത്കരണം വരുന്നതിനുമുമ്പ് 17 ലക്ഷം തൊഴിലാളികളുണ്ടായിരുന്നു, ഇപ്പോൾ അത് 13 ലക്ഷമായി. 4 ലക്ഷം കുറഞ്ഞാൽ നമ്മുടെ സുരക്ഷയാണ് അപകടപ്പെടുന്നത്. പഴകിയ പാളങ്ങൾ, ചീറിപ്പായുന്ന വണ്ടികൾ, അതിനുനേരെ കല്ലെറിയുന്ന സാമൂഹ്യവിരുദ്ധർ, പാളം തകർക്കുന്ന മതതീവ്രവാദികളും ഭീകരവാദികളും എന്നിവർക്കിടയിലൂടെയാണ് നമ്മുടെ തീവണ്ടി സഞ്ചാരം എന്ന് ഓർമ്മപ്പെടുത്തി കൊണ്ട് ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. പിന്നിൽ നിന്ന് മൊറാർജി ദേശായി എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിനെക്കുറിച്ച് പറയാം. മൊറാർജി ദേശായി മന്ത്രിസഭയിലെ റെയിൽവേ മന്ത്രിയായിരുന്ന മധു ദന്തവതെയാണ് കൊങ്കൺ റെയിൽവേ ആരംഭിക്കുന്നതിനുള്ള മുൻകയ്യെടുത്തത്. ശ്രീ. ജോർജ് ഫെർണാണ്ടസ് വന്ന ശേഷമാണ് അത് റെയിൽവേ ആയത്. കേരളത്തെ എന്നെങ്കിലും റെയിൽവേ ഭൂപടത്തിൽ ആവശ്യമായ രൂപത്തിൽ പരിഗണിച്ചിട്ടുണ്ടെങ്കിൽ സ്വാതന്ത്ര്യ

സമരത്തിന്റെ ചരിത്രത്തിൽ രണ്ടോ മൂന്നോ വർഷങ്ങൾ മാത്രം ഭരിച്ച ഗവൺമെന്റുകൾ മാത്രമാണ്. അപ്പോൾ പിന്നിലിരുന്ന് ആക്ഷേപിച്ച സുഹൃത്തുക്കളുണ്ടെങ്കിൽ എന്നോട് ക്ഷമിക്കുക. സംസ്ഥാനത്തിന്റെ ആവശ്യത്തിനുവേണ്ടി പറയാൻ ഒരു എം.പി.-യും കേരളത്തി നില്ലായിരുന്നു. ഇവിടത്തെ ഇടതുപക്ഷ കക്ഷികൾ അന്ന് നിവേദനം നൽകിയതിന്റെ ഫലമായിട്ടാണ് ഇതൊക്കെ നേടിയത്.

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. വി. എം. സുധീരൻ എം. പി. ആയിരുന്നപ്പോഴാണ് പാർലമെന്റിൽ സമരം നടത്തി ഈ വിഷയം കൊണ്ടുവന്നത്.

ശ്രീ. സി. കെ. നാണു: സർ, അതൊക്കെ പഴയകാലത്താണ്. കോൺഗ്രസ് അധികാരത്തിലിരുന്ന അവസരത്തിലാണ് ശ്രീ. വി. എം. സുധീരന്റെ പ്രക്ഷോഭം. അടിയന്തരാവസ്ഥ കാലത്തും ശ്രീ. വി. എം. സുധീരന്റെ പ്രക്ഷോഭമുണ്ടായിരുന്നു. മധുദന്തവതെ റെയിൽവേ വകുപ്പുമന്ത്രിയാകുന്ന കാലത്താണ്, രണ്ട് കൊല്ലത്തിനടുത്ത് മാത്രമേ ഭരിക്കാൻ കിട്ടിയിട്ടുള്ളൂ, അപ്പോഴാണ് ഇത് ആരംഭിച്ചത്.

ശ്രീ. കെ. സി. ജോസഫ്: സർ, മധുദന്തവതെ റെയിൽവേ മന്ത്രിയായിരിക്കുമ്പോൾ ശ്രീ. വി. എം. സുധീരൻ എം. പി. ആയിരുന്നു. അന്നാണ് പാർലമെന്റിൽ സമരം നടത്തി ഈ വിഷയം കൊണ്ടുവന്നത്.

ശ്രീ. സി. കെ. നാണു: സർ, മധുദന്തവതെയാണ് തറക്കല്ലിട്ടത്, ഇന്നും ആലപ്പുഴ റെയിൽവേ സ്റ്റേഷനിൽ അത് കാണാം. അതുപോലെ കൊങ്കൺ റെയിൽവേയുടെ പ്രവൃത്തികളും. അങ്ങ് വിചാരിച്ചാൽപോലും വളരെയധികം കാര്യങ്ങൾ നടക്കാൻ സാധിക്കുമെന്നാണ് കേരളത്തിൽ റെയിൽവേയുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. നമ്മൾ അധികാരത്തിലുള്ള അവസരത്തിൽ റെയിൽവേയുമായി സഹകരിച്ചുകൊണ്ട് പല ഓവർബ്രിഡ്ജുകളും സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. സമയക്കുറവുള്ളതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല.

വാഹനാപകടത്തിൽ ആളുകൾ മരണപ്പെടുന്നത് സംബന്ധിച്ച് പറഞ്ഞു. റെയിൽവേയുടെ കൈവശം ഇഷ്ടംപോലെ സ്ഥലമുണ്ട്. മലബാർ ഭാഗത്ത്, കണ്ണൂരിൽ നിന്ന് ആരംഭിച്ച് കോഴിക്കോട് വരാൻ അല്ലെങ്കിൽ കോഴിക്കോട് നിന്ന് ആരംഭിച്ച് ഷൊർണ്ണൂർ വരെ മണിക്കൂറുകൾതോറും അങ്ങോട്ടുമിങ്ങോട്ടും ട്രെയിൻ ഓടിക്കാൻ പറ്റുന്ന സൗകര്യം അവിടെയുണ്ട്. വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. കേരളത്തിലെ പ്രധാനപ്പെട്ട മേഖലയിലൂടെ മണിക്കൂറുകൾ ഇടവിട്ട് ട്രെയിൻ ഓടിക്കാൻ കഴിഞ്ഞാൽ തന്നെ റെയിൽവേയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ബ്രിട്ടീഷുകാരുടെ കാലത്ത് റെയിൽവേ എന്ന സ്ഥാപനത്തെ പൊതു ഉടമയിലാക്കാൻ തോന്നിയില്ല. സ്വാതന്ത്ര്യം ലഭിച്ച് ഇത്രയും വർഷമായപ്പോൾ പൊതുമേഖലാസ്ഥാപനങ്ങൾ ആർക്ക് കൊടുക്കണമെന്നുള്ളത് സംബന്ധിച്ച് അണിയറയിൽ ചർച്ചകൾ നടക്കുകയാണ്.

അതൊന്നും ഇപ്പോൾ സംസാരിച്ചിട്ട് പരിഹാരമുണ്ടാകുമെന്ന് തോന്നുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി അന്യാധീനപ്പെട്ടു പോകുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. എവിടെ അവർക്ക് കൊള്ളലാഭം ഉണ്ടാക്കാൻ സാധിക്കുമോ ആ മേഖലയിൽ മാത്രം തീവണ്ടി ഓടിക്കുന്ന, ചരക്കുവണ്ടി ഓടിക്കുന്ന രൂപത്തിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുകയാണ്. ഇപ്പോൾ നമുക്ക് ചെയ്യാൻ സാധിക്കുന്നത് നല്ല നിലയിലുള്ള ട്രാക്കുകൾ ഉണ്ടാക്കാനുള്ള നടപടികളാണ്. മൂന്നാം ക്ലാസ് വണ്ടിയിൽ പോകുന്നത് നമ്മുടെ നാട്ടിലെ ജനങ്ങളാണെന്ന് തോന്നിയിട്ട് ആദ്യമായി റെയിൽവേയിൽ കുഷ്യൻ സീറ്റുണ്ടാക്കിയതും ഞാൻ നേരത്തെ പറഞ്ഞതുപോലെ പഴയ കാലത്താണ്. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം സഞ്ചരിക്കുന്നവനോട് ബഹുമാനം കാണിച്ചത് ആ കാലഘട്ടത്തിലാണ്. റെയിൽവേയുടെ പോരായ്മകൾ ഉടൻ അവസാനിപ്പിക്കാൻ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമുക്കുണ്ടായിരുന്ന റെയിൽവേ സോൺ നഷ്ടപ്പെട്ടു. കൊല്ലങ്ങൾക്ക് മുമ്പ് ഇന്ദിരാ ഗാന്ധി കേരളത്തിന് വാഗ്ദാനം ചെയ്തതാണ് കോച്ച് ഫാക്ടറി; ആ കോച്ച് ഫാക്ടറി ഉണ്ടായില്ല. റെയിൽവേയുടെ ഭൂപടത്തിൽ, ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യാത്ത സംസ്ഥാനമെന്ന പേര് കേരളത്തിനുള്ളതുപോലെ തന്നെ കേരളത്തെ പരിഗണിക്കാൻ റെയിൽവേ സന്നദ്ധമാകണം. റെയിൽവേയുടെ ചുമതല വഹിക്കുന്ന മന്ത്രിയും മുഖ്യമന്ത്രിയും പാർലമെന്റ് അംഗങ്ങളും യോജിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും മുമ്പാകെ നിവേദനങ്ങൾ നൽകി സമ്മർദ്ദം ചെലുത്തിയാൽ നിശ്ചയമായും റെയിൽവേയുമായി ബന്ധപ്പെട്ട കുറേയേറെ കാര്യങ്ങൾ നേടിയെടുക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് പല തരത്തിലുള്ള കാര്യങ്ങൾക്ക് സഹായിക്കുമെന്നുള്ളതും പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. ലാലു പ്രസാദ് യാദവിന്റെയും ശ്രീ. നിതീഷ് കുമാറിന്റെയും കാലത്ത് റെയിൽവേയ്ക്ക് സാമ്പത്തികമായി വരുമാനമുണ്ടാക്കാൻ സാധിച്ചു. ഇന്ന് റെയിൽവേ ബഡ്ജറ്റ് ഒരുമിച്ചാക്കിയതുകൊണ്ട് റെയിൽവേ ലാഭമുണ്ടാക്കുന്നോ ഇല്ലയോയെന്ന് പ്രത്യേകമായി പറയാൻ സാധിക്കില്ല. റെയിൽവേയിൽ പോരായ്മകളുണ്ട്, അപകടങ്ങളുണ്ട്; അവ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. റെയിൽവേയിൽ കൂടുതൽ ആളുകളെ നിയമിക്കണം. റെയിൽ യന്ത്രം മനുഷ്യൻ നിയന്ത്രിക്കുന്നത് ഒഴിവാക്കി മെഷീനുകളെ മാത്രം ആശ്രയിക്കുന്ന ഘട്ടത്തിലാണ്. വനാതിർത്തിയിൽ, റെയിൽവേ ട്രാക്കിൽ ആന വന്ന് മരണമടയുന്ന സംഭവങ്ങളുണ്ട്. മൃഗങ്ങൾ റെയിൽവേ ട്രാക്കിലേയ്ക്ക് വരുന്നതിൽ നിന്ന് രക്ഷിക്കാൻ, അടിക്കടി ആനയെ കൊന്നുവെന്ന വാർത്തയല്ല വേണ്ടത്, അതിന് എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കണം. ബഹുമാനപ്പെട്ട ശ്രീ. ടി. എ. അഹമ്മദ് കബീർ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ഉന്നയിച്ചത്. സംസ്ഥാനത്തിന്റെ ചുമതല വഹിക്കുന്ന മന്ത്രി ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിൽ വേണ്ട കാര്യങ്ങൾ ചെയ്താൽ ഫലമുണ്ടാകും.

കേന്ദ്ര ഗവൺമെന്റിനെ ഇന്നത്തെ സ്ഥിതിയിൽ പല കാരണങ്ങൾകൊണ്ടും അവഗണിക്കാൻ സാധിക്കില്ലായെന്ന് പറഞ്ഞുകൊണ്ട് ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. ടി. എ. അഹമ്മദ് കബീറിന്റെ അഭിപ്രായത്തോട് യോജിച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ചട്ടം 275 അനുസരിച്ച് ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച ഉപക്ഷേപത്തെയും ഞാൻ അനുകൂലിക്കുകയാണ്. ഇന്ത്യൻ റെയിൽവേ വളർന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ, കേരള റെയിൽവേ വളർന്നില്ല, അവിടെയാണ് പ്രശ്നം. അതിന്റെ ന്യായം എന്താണ്? യാത്രക്കാരുടെ ശതമാനക്കണക്കെടുത്ത് പരിശോധിക്കാം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കാശ് കൊടുത്ത് ട്രെയിനിൽ യാത്ര ചെയ്യുന്ന ആളുകളുള്ളത് കേരളത്തിലാണ്. അവിടെയാണ് ഇതൊന്നും ഇല്ലാതെ വരുന്നത്. ഇത് നമുക്ക് അംഗീകരിക്കാൻ പറ്റുന്ന കാര്യമല്ല. ഈ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും അഭിപ്രായം പറയേണ്ടതാണ്. റെയിൽവേയുടെ കാര്യമെടുത്ത് പരിശോധിച്ചാൽ, കേരള കോൺഗ്രസ്സാണ് എന്നും റെയിൽവേയുമായി സമരം നടത്തുന്ന പാർട്ടി. ആ പാർട്ടി തീർന്നുപോയി എന്നുള്ളത് വേറെ കാര്യം. പക്ഷെ, ഒരു കാര്യം പറയാതിരിക്കാൻ പറ്റില്ല, റെയിൽവേ സമരത്തോടനുബന്ധിച്ച് ഒരു പ്രസംഗം നടത്തിയതിന്റെ പേരിൽ മന്ത്രിസ്ഥാനം രാജി വയ്ക്കേണ്ടി വന്നയാളാണ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള. കേരള കോൺഗ്രസിന്റെ പേര് പറഞ്ഞ് ഡോ. എൻ. ജയരാജ്, ശ്രീ. ബാലകൃഷ്ണപിള്ളയെ ഓർക്കാതെ പോയത് തെറ്റായിപ്പോയി. അദ്ദേഹം വേറൊന്നും പറഞ്ഞില്ല, കേന്ദ്രത്തിന്റെ അവഗണന ശരിയല്ല, കേരളത്തോട് നീതി പുലർത്തണമെന്ന് പറഞ്ഞതിന്റെ പേരിൽ മന്ത്രി സ്ഥാനം രാജിവയ്ക്കേണ്ടി വന്നയാളാണ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം തെറ്റാണ്. കേരളത്തോട് നീതി പുലർത്തുന്നില്ല. എന്റെ നിയോജക മണ്ഡലത്തിലൂടെയുള്ള ശബരി റെയിൽ പാതയെപ്പറ്റി ഒരു വാക്ക് പറയട്ടെ. ശബരി റെയിൽ പാതയ്ക്ക്, അവർ കൊണ്ടുവന്ന റൂട്ട് നോക്കിയപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ മാത്രം അയ്യായിരത്തോളം കുടുംബങ്ങൾ ഒഴിപ്പിക്കപ്പെടുമെന്ന നിലയിലായിരുന്നു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലൈൻ പ്രൊപ്പോസലുകളെല്ലാം പുനഃപരിശോധിച്ചു. ഇപ്പോൾ എന്റെ നിയോജക മണ്ഡലത്തിലുള്ള ഏഴ് കടകളും ഒരു വീടും മാത്രം പോകുന്ന രീതിയിലാണ് പ്രൊപ്പോസൽ കൊടുത്തിരിക്കുന്നത്. നേരത്തേ കൊടുത്ത പ്രൊപ്പോസലിന്റെ നീളം 130 കി.മീ. ആയിരുന്നത് ഇപ്പോൾ 117 കി.മീ. ആയി കുറഞ്ഞു. കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ഡോ. എൻ. ജയരാജ് എം.എൽ.എ.-യുടെ മണ്ഡലവുമായി

ബന്ധപ്പെട്ടും പ്രശ്നങ്ങളുണ്ടായതാണ്. ഇപ്പോൾ അന്ന് അംഗീകരിച്ച അപ്രൂവൽ സമ്മതിക്കില്ലെന്നും പഴയ 130 കി.മീ. ദൂരമുള്ള പ്രൊപ്പോസൽ മതിയെന്നും പറഞ്ഞ് റെയിൽവേ നിൽക്കുകയാണ്. കൊള്ള സംഘമല്ലേ; കൊള്ളയടിക്കാനുള്ള മാർഗ്ഗം നോക്കി നടക്കുന്നവരുടെ കൂട്ടമായി മാറിയില്ലേ ഈ വകുപ്പ്. എനിക്ക് അനുകൂലിക്കാൻ പറ്റാത്തതുകൊണ്ടാണ് ഞാനിത് പറയുന്നത്. റെയിൽവേ ഇന്ന് കൊള്ള സംഘമാണ്, ആ കൊള്ള സംഘത്തിന്റെ നടപടിക്ക് കൂട്ടുനിൽക്കാൻ സാധിക്കില്ല. ഇവിടെ ലൈൻ കൂട്ടലുണ്ടാകണം. ശാസ്താംകോട്ടയിൽ ഇപ്പോൾ ട്രെയിൻ പാളം തെറ്റിയിരിക്കുകയാണ്. ദിവസവും പാളം തെറ്റുകയാണ്. എന്ത് ധൈര്യത്തിലാണ് ട്രെയിനിൽ കയറുന്നത്. ട്രെയിനിൽ കയറുന്നതിന് മുമ്പ് വീട്ടിൽ യാത്ര പറഞ്ഞിട്ട് പോകേണ്ട ഗതിയല്ലേ? അതുകൊണ്ട് ഇക്കാര്യങ്ങളിൽ ഉറച്ച, ശക്തമായ നിലപാട് സ്വീകരിക്കണം. കേരളത്തിന് അർഹതപ്പെട്ടത് നൽകാത്ത കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുടെ നടപടിക്കെതിരെ ശക്തമായി പ്രതികരിക്കാനുള്ള തന്റേടം കാണിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഇന്ന് സംസാരിക്കേണ്ടതായിരുന്നുവെന്ന അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇന്ന് കേരളത്തിൽ തുടർച്ചയായുണ്ടാകുന്ന ട്രെയിൻ അപകടങ്ങളുടെ ആശങ്കയാണ് സഭ ഇവിടെ പൊതുവായി പ്രകടിപ്പിച്ചിരിക്കുന്നത്. കറുകുറ്റി അപകടമുൾപ്പെടെ, കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയിൽ അടുപ്പിച്ചാണ് അപകടങ്ങളുണ്ടായിട്ടുള്ളത്. ഇതെല്ലാം പരിശോധിച്ച് കഴിയുമ്പോൾ, പാളത്തിന്റെ കാലപ്പഴക്കം വലിയ ഘടകമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. കറുകുറ്റി അപകടത്തിന്റെ യഥാർത്ഥ കാരണം, പാളത്തിലുണ്ടായ വിള്ളലുകളാണെന്ന് സൂചിപ്പിക്കുകയുണ്ടായി. കോച്ചുകളുടെ അഭാവം അല്ലെങ്കിൽ കോച്ചുകളുടെ കാലപ്പഴക്കം, അതുതന്നെ കോച്ചുകളിൽ മാത്രം ഒതുങ്ങാതെ റെയിൽവേ ട്രാക്കുകളിലേയ്ക്കും വരുന്ന എന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. അപകടങ്ങൾ തുടരെയുണ്ടാകുമ്പോൾ നഷ്ടപരിഹാരവും അന്വേഷണവും പ്രഖ്യാപിക്കും. സഹായധനവും അന്വേഷണവും പ്രഖ്യാപിച്ചു കഴിഞ്ഞാൽ ഉത്തരവാദിത്വം കഴിഞ്ഞുവെന്നാണ് റെയിൽവേയുടെ സമീപനം. പിന്നീട് അന്വേഷണത്തിൽ എന്താകുന്നുവെന്നുള്ളതും അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിക്കുന്നുവെന്നുള്ളതും പലപ്പോഴും നമുക്ക് അറിയാൻ കഴിയാതെ പോകുന്നു. അതിനനുസൃതമായ റെക്ടിഫിക്കേഷൻ നടപടികളിലേയ്ക്ക് പോകാൻ കഴിയുന്നില്ലായെന്നുള്ളത് വളരെ ഖേദകരമാണ്. 80 ശതമാനം ട്രെയിനപകടങ്ങളും അശ്രദ്ധമൂലമാണുണ്ടാകുന്നതെന്ന് സൂചിപ്പിക്കപ്പെടുമ്പോൾ, അതിൽ ജീവനക്കാരുടെ അശ്രദ്ധ മുഖ്യഘടകമായി നിലകൊള്ളുന്നുവെന്നത് പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒന്നാണ്. ഏകദേശം 15000-ത്തോളം പേർ റെയിൽ

അപകടങ്ങളിൽ ഒരു വർഷം മരണപ്പെടുന്നുണ്ട്. അതിൽ ട്രെയിൻ പാളം തെറ്റിപോകുന്നതും ട്രാക്ക് മുറിച്ച് കടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങളും ഉൾപ്പെടെയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇന്ത്യയിലൊട്ടാകെയാണ് ഇത്രയും പേർ മരണപ്പെടുന്നതെങ്കിൽ, കേരളത്തിൽ, കറുകുറ്റിയിൽ ഉണ്ടായ അപകടം വലിയ ദുരന്തത്തിൽ നിന്ന് കേരളത്തെ രക്ഷിച്ചു എന്നുവേണം പറയാൻ. ഇവിടെ വളരെ ശ്രദ്ധാപൂർവ്വം ഇക്കാര്യത്തിലേയ്ക്ക് കടക്കുവാൻ റെയിൽവേ തയ്യാറാകുന്നില്ല എന്നുള്ളത് വലിയ പ്രതിഷേധത്തിന് കാരണമാകുന്നു. കഴിഞ്ഞ ദിവസം കൊച്ചിൻ ഷിപ്പ്യാർഡുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളടക്കം കേരളത്തിലുള്ള എല്ലാ കേന്ദ്ര വ്യവസായങ്ങളോടും കേന്ദ്രത്തിന്റെ സമീപനം ശരിയല്ല. കേരളത്തോട് ചിറ്റമ്മനയം പലപ്പോഴും സ്വീകരിക്കുന്നുവെന്നത് വീണ്ടും തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ കേരള ഗവൺമെന്റ് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ബഹുമാനപ്പെട്ട ടി. എ. അഹമ്മദ് കബീർ ചൂണ്ടിക്കാട്ടിയതുപോലെ നമുക്ക് സോൺ ലഭ്യമാകാനുള്ള സാഹചര്യങ്ങൾ വന്നാൽ ഇതുപോലുള്ള വിഷയങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടും. പൊതുവായി ഉയർന്നുവന്ന അഭിപ്രായങ്ങളോടും ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തോടും പൂർണ്ണമായി ഞാൻ യോജിച്ചുകൊണ്ട് നിർത്തുന്നു.

4.00 PM]

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ശ്രീ. ടി. എ. അഹമ്മദ് കബീർ നോട്ടീസ് നൽകിയ ഉപക്ഷേപം വളരെ പ്രാധാന്യമുള്ളതും കാലോചിതവുമാണ്. എത്ര അപകടം സംഭവിച്ചാലും ജീവനക്കാർ കുറയുന്നതാണ് ലാഭം എന്ന നയമാണ് കേന്ദ്ര സർക്കാരിനുള്ളത്. ഈ നയംമൂലമാണ് അടിക്കടി അപകടങ്ങളുണ്ടാകുന്നത്, പ്രത്യേകിച്ചും കേരളത്തിൽ. റെയിൽവേയ്ക്ക് ഏറ്റവും കൂടുതൽ വരുമാനം നേടിക്കൊടുക്കുന്ന കേരളത്തെ എല്ലാ അർത്ഥത്തിലും കേന്ദ്ര ഗവൺമെന്റ് അവഗണിക്കുകയാണ്. ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്നവരാണ് കേരളീയർ. തീവണ്ടി സുരക്ഷ ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രത്തിന് കത്തെഴുതിയത്, 'കേരളത്തിൽ ദീർഘദൂര സർവ്വീസ് നടത്തുന്ന തീവണ്ടികളിൽ വെള്ളവും വെളിച്ചവുമില്ല. കോച്ചുകൾ ശുചീകരിക്കുന്നില്ല. കേരളത്തിന് അനുവദിക്കുന്ന കോച്ചുകൾ കാലഹരണപ്പെട്ടതാണ്. അടിക്കടി അപകടങ്ങളുണ്ടാകുന്നു. തീവണ്ടി യാത്ര ഭീതിജനകമാണ്. സിഗ്നൽ തകരാറാകുന്നു' തുടങ്ങിയ കാര്യങ്ങളാണ്. ആഗസ്റ്റ് 12-ന് മാവേലി എക്സ്പ്രസ്സിന്റെ എഞ്ചിൻ ചെറുവത്തൂരിൽവച്ച് തീപിടിച്ചു. ആഗസ്റ്റ് 28-ന് എറണാകുളത്ത് കറുകുറ്റി സ്റ്റേഷനടുത്ത് എക്സ്പ്രസ്സ് പാളം തെറ്റി. സെപ്റ്റംബർ 29-ന് കരുനാഗപ്പള്ളിക്കടുത്ത് ഗുഡ്സ് വണ്ടി പാളം തെറ്റി. യാത്രക്കാരുടെയും ജീവനക്കാരുടെയും നാട്ടുകാരുടെയും ആശങ്കയ്ക്ക് പരിഹാരം കാണണം. 'വെടക്കാക്കി തനിക്കാക്കുക' എന്നൊരു ചൊല്ലുണ്ട്. ഈ

ചൊല്ല് ചേരുന്നത് ഇന്ത്യൻ റെയിൽവേയ്ക്കും കേന്ദ്ര സർക്കാരിനുമാണ്. ഒരു മാസം മുമ്പ് ശാസ്ത്രീയ പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടും ഉന്നതാധികാരികളുടെ കുറ്റകരമായ അനാസ്ഥമൂലമാണ് അടുത്തടുത്തായി മൂന്ന് അപകടങ്ങൾ വരുത്തി വച്ചത്. റെയിൽവേ ബഡ്ജറ്റുപോലും കേന്ദ്രം ഒഴിവാക്കി. ക്രമേണ റെയിൽവേ സ്വകാര്യവൽക്കരിക്കുകയാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യം. പിന്നെ എന്തിനാണ് റെയിൽവേയിൽ അറ്റകുറ്റപ്പണി; എന്തിനാണ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത്; എന്തിനാണ് കേരളത്തിൽ സ്വന്തമായി റെയിൽവേ സോണും കോച്ച് ടെർമിനലുകളും? മനുഷ്യജീവനോട് അവഗണനയാണ് ഈ സർക്കാരിന്. കാൽ നൂറ്റാണ്ടിലേറെ പഴക്കമുള്ള പഴഞ്ചൻ ബോഗികളാണ് നമുക്ക് യാത്ര ചെയ്യാൻ കിട്ടുന്നത്. അതിന്റെ വിശദീകരണമൊക്കെ ശ്രീ. ഇ. കെ. വിജയൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. ശാസ്ത്രീയമായ സമീപനം വേണം; അല്ലെങ്കിൽ ശാസ്ത്രീയ ചിന്ത വേണം; അതുമല്ലെങ്കിൽ ജനങ്ങളോട് പ്രതിബദ്ധത വേണം. തിരുവനന്തപുരത്തും കൊച്ചിയിലും മാത്രമാണ് അറ്റകുറ്റപ്പണിക്ക് പരിമിതമായ സംവിധാനമുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തോടുള്ള റെയിൽവേയുടെ അവഗണനയെക്കുറിച്ചാണ് അങ്ങ് പറയുന്നത്. ഒരു കാര്യം ഈ ചർച്ചയിൽ വരേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നു. നിയമസഭാ അംഗങ്ങൾക്ക് ഇ.ക്യൂ. കൊടുക്കാറുണ്ട്. പക്ഷേ പി. എ.-മാർക്ക് അത് കിട്ടുന്നില്ല. യഥാർത്ഥത്തിൽ അതൊരു സഭയുടെ വികാരമായി റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യമാണെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അത് അറിയുക മാത്രമല്ല അനുഭവിക്കുന്ന ആളുമാണ്. പലപ്പോഴും വണ്ടിയിൽ കയറുമ്പോഴുണ്ടാകുന്ന അനുഭവമാണ്. ചെന്നൈയിലേയ്ക്ക് കോച്ച് കൊണ്ടുപോയാൽ തിരിച്ച് വരുന്നത് കാലപ്പഴക്കം ചെന്ന ബോഗികളാണ്. ഇത് ആരാണ് ശ്രദ്ധിക്കുന്നത്? മന്ത്രി ഇക്കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിനുവേണ്ടി പാലക്കാട് അനുവദിച്ച കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കാനും കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. ലോക്കോ പൈലറ്റുമാരുടെ 59 ഒഴിവുകളുണ്ട്. 24 മണിക്കൂർ തുടർച്ചയായിട്ടാണ് പലരും വണ്ടി ഓടിക്കുന്നത്. ഒരു ദിവസം ട്രെയിനിൽ ഒരു ഡ്രൈവർ എന്റെ കൂടെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കല്യാണം കഴിഞ്ഞിട്ട് രണ്ടാമത്തെ ദിവസമായിരുന്നു. അയാൾക്ക് വീട്ടിൽ പോകാൻ കഴിഞ്ഞില്ല. ആഴ്ചകളോളം വീട്ടിൽ പോകാതെ അവർ വണ്ടി ഓടിക്കുന്നു. മരണത്തിന്റെ കണക്കുകൾ ശ്രീ. അനൂപ് ജേക്കബ് ഇവിടെ പറഞ്ഞു. പലരും ആത്മഹത്യ ചെയ്യുകയാണ്. ജീവിത പ്രയാസങ്ങൾ കൊണ്ട് വണ്ടിക്കുമുന്നിൽ ചാടുകയാണ്. വണ്ടി ഓടിക്കുന്ന ജോലിഭാരത്താൽ പലരും സ്വന്തം വീടുപോലും കാണാത്ത അവസ്ഥയുണ്ട്.

ലോകത്തെ ഏറ്റവും വലിയ ഗതാഗത ശൃംഖലയും പൊതുമേഖലാ സ്ഥാപനവുമാണ് ഇന്ത്യൻ റെയിൽവേ. ചൈന കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന, ബ്രിട്ടീഷുകാർ തുടങ്ങിവച്ച ഈ സ്ഥാപനം ഇന്ന് രാഷ്ട്രത്തിന് അഭിമാനമാണ്. ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന യാത്രാ സംവിധാനം റെയിൽവേയാണ്. ഏറ്റവും കുറഞ്ഞ ചെലവിൽ യാത്ര ചെയ്യാൻ കഴിയുന്ന ഈ മഹത്തായ സ്ഥാപനം ഇന്ന് അലകും പിടിയും തെറ്റിക്കിടക്കുകയാണ്. കരിഞ്ചന്തയും അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് റെയിൽവേയെ സമ്പൂർണ്ണ കച്ചവടച്ചരക്കാക്കി മാറ്റുകയാണ്. ഇത് സമൂഹത്തിന് ദുരിതം വിതയ്ക്കുന്ന അവസാനത്തെ യാത്രയായി മാറുകയാണ്. കടലുണ്ടിപ്പുഴ കണ്ണീരിലാഴ്ത്തിയ കഥ കബീർ സാഹിബ് ഇവിടെ പറയുകയുണ്ടായി. കടലുണ്ടി തീവണ്ടി അപകടം 52 പേരെയാണ് കുരുതികൊടുത്തത്. എന്ത് നടപടിയാണ് ഉന്നത ഉദ്യോഗസ്ഥർക്കെതിരെ എടുത്തത്? കീഴ് ജീവനക്കാരനെ പിരിച്ചുവിടുക മാത്രം ചെയ്തു. ഗസറ്റഡ് റാങ്കിലുള്ളവർ അപ്പോഴും സുരക്ഷിതരാണ്. എന്തെങ്കിലും ചെയ്തുവെന്ന് വരുത്തിത്തീർക്കാനും മുട്ടുശാന്തിക്കുവേണ്ടിയും ഉന്നത ഉദ്യോഗസ്ഥന്റെ രണ്ട് യാത്രാപ്പാസ് കട്ട് ചെയ്തു. അത്രമാത്രം. ഒരാൾക്ക് വാണിംഗ് നോട്ടീസാണ് നൽകിയത്. ബ്രിട്ടീഷ് സിസ്റ്റമാണ് ഇപ്പോഴും തുടരുന്നത്. സന്ദേശങ്ങൾ പറഞ്ഞിട്ടോ പ്രമേയം പാസ്സാക്കിയിട്ടോ കാര്യമില്ല. ഇതിലിടപെടാൻ കഴിയണം.

ഉന്നത ഉദ്യോഗസ്ഥർ സുഖലോലുപരായി കഴിയുന്ന അവസ്ഥ ഇന്നുണ്ട്. റെയിൽവേയ്ക്ക് വളരെ ആവശ്യപ്പെട്ടതാണ് റബ്ബർ പാഡ്. റബ്ബറിന്റെ വില കുത്തനെ ഇടിഞ്ഞിട്ടും ഇതുപയോഗിക്കാൻ തയ്യാറാകുന്നില്ല. ടി.എഫ്.ആർ. വർക്ക് നടക്കാത്തത് റബ്ബർ പാഡ് ഇല്ലാത്തതുകൊണ്ടാണെന്നാണ് അതുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞത്. കാലോചിതമായി റെയിൽവേ മാറ്റാൻ പിങ്ക് ബുക്കിൽ പണമുണ്ട്. ടെണ്ടർ വിളിച്ച് എഗ്രിമെന്റ് വച്ച് കിലോമീറ്റർ കണക്കിന് റെയിൽ ഇറക്കിയിട്ടുമുണ്ട്. പിന്നെ എന്താണ് ജോലി നടക്കാത്തത്; ആരാണ് ഇതിന് തടസ്സം നിൽക്കുന്നത്; ആരാണ് ഇത് പരിശോധിക്കുന്നത്; ആരാണ് ഇതിനെക്കുറിച്ച് ആലോചിക്കുന്നത്? വെൽഡിംഗ് പൗഡർ സപ്ലൈ ഇല്ലാത്തതു കൊണ്ട് പണികൾ നടക്കുന്നില്ല. ആർക്ക് ആരോടാണ് കടപ്പാട്? ഇതെല്ലാം ഗൗരവമായി കാണണം. കഴുകൻ കണ്ണുകളുമായി നിൽക്കുന്നവരുടെ കയ്യിലെ കളിപ്പാവകളായി റെയിൽവേ ഉന്നതന്മാർ മാറുന്ന അവസ്ഥയാണ് കാണുന്നത്.

സൗമ്യവധത്തിനുശേഷം ലേഡീസ് കമ്പാർട്ട്മെന്റ് ട്രെയിനിന്റെ മധ്യഭാഗത്താക്കുമെന്ന് ഉറപ്പ് കൊടുത്തതാണ്. അത് നടപ്പിലാക്കിയോ; ആരാണ് ഇതിന് തടസ്സം? ട്രെയിനുകളിൽ നല്ല ടോയ്‌ലെറ്റ് ഇല്ല. ദീർഘ ദൂരയാത്രക്കാർക്ക് റസ്റ്റ് റൂം ഇല്ല. എസ്കലേറ്റർ ഉണ്ടായാൽ അഖിലേന്ത്യാ സ്ഥാനമാണെന്ന് പറയുന്നത് ശ്രദ്ധ

അസംബന്ധമാണ്. സൗകര്യമായ, സുരക്ഷിതമായ റെയിൽവേ സ്റ്റേഷനുകൾ നമുക്കുണ്ടാകണം. ചെറിയ വിള്ളലുകൾക്കുമുകളിലൂടെ തീവണ്ടി ഓടുമ്പോൾ റെയിൽ പാളം വികസിച്ച് പൊട്ടുകയാണ്. അതൊഴിവാക്കാനാണ് റെയിൽ മുറിച്ചുമാറ്റി പുതിയത് സ്ഥാപിക്കണമെന്നുപറയുന്നത്. സുരക്ഷ ഉറപ്പാക്കാൻ ട്രാക്ക് ട്രോളിംഗ് പരിശോധന നടത്തണം. വെള്ള പാന്റും ഷർട്ടും തൊപ്പിയുമിട്ട ഒരാൾ ട്രോളിയിൽ ഇരുന്നും രണ്ടുപേർ ട്രോളി ഉന്തിക്കൊണ്ട് ട്രാക്കിലൂടെ ഓടിച്ചും പോകുന്നത് എന്റെ കുട്ടിക്കാലത്ത് ഞാൻ കണ്ടിട്ടുണ്ട്. ചില സ്ഥലത്ത് ട്രോളി നിർത്തി അവിടെ പരിശോധിക്കും. ഇങ്ങനെയുള്ള യാതൊരു പരിശോധനയും ഇപ്പോൾ നടത്തുന്നതായി കാണുന്നില്ല. എല്ലാം നവീകരിച്ചതാണെങ്കിൽപ്പോലും ആ നവീകരണം എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നുകൂടി പരിശോധിക്കണം. എഞ്ചിൻ ഉപയോഗിച്ച് പാളം നിരീക്ഷിക്കണം. പാളത്തിന്റെ സുരക്ഷയും സിഗ്നലും ഉറപ്പാക്കാൻ ട്രാക്ക് മെഷീൻ വേണം. അറ്റകുറ്റപ്പണിക്ക് സ്റ്റാഫ്, മെറ്റീരിയൽസ്, ടെർമിനൽ എന്നിവ വേണം. എല്ലാം കൂടിച്ചേരുമ്പോൾ മാത്രമേ റെയിൽവേ സുരക്ഷിതത്വം ഉറപ്പാക്കാനാവൂ. അഡീഷണൽ ലൈൻസ് വേണം. രണ്ട് ലൈൻ വേണമെന്നാണ് ഇവിടെ പലരും പറഞ്ഞത്. മൂന്നും നാലും ലൈൻ വേണമെന്നാണ് എന്റെ അഭിപ്രായം. ട്രാക്ക് ട്രോളിംഗ് ഇൻസ്പെക്ഷൻ നിർബന്ധമായും വേണം.

നൂറ് കിലോമീറ്റർ വേഗതയിൽ ഓടുന്ന വണ്ടികൾക്ക് മാസത്തിൽ ഒരു തവണയും നൂറിൽ താഴെ വേഗതയിൽ ഓടുന്ന വണ്ടികൾക്ക് രണ്ട് മാസത്തിൽ ഒരു തവണയും ട്രാക്ക് പരിശോധന വേണമെന്നാണ് നിയമം. ഡിവിഷൻ അധികാരികൾ പരിശോധിക്കാനോ ആവശ്യമായ നടപടി സ്വീകരിക്കാനോ തയ്യാറാകുന്നില്ല. അപകടം സംഭവിക്കുമ്പോൾ കീഴ്ജീവനക്കാരെ ബലിയാടാക്കുകയാണ് പലപ്പോഴും ചെയ്യാറുള്ളത്. മുഖം രക്ഷിക്കാനുള്ള ഈ ശ്രമത്തിന് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യണം. കൊള്ളലാഭമെടുക്കാനുള്ള തിടുക്കത്തിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിൽ റെയിൽവേ അധികൃതർ ക്രൂരമായ അവഗണനയാണ് കാണിക്കുന്നത്. ഇതിൽനിന്നും വളരെ വ്യത്യസ്തമായ ഒരു സമീപനവും സമവായവുമുണ്ടാക്കാൻ കഴിയണം. മന്ത്രിമാർ നേരിട്ട് പോകണമെന്നൊന്നുമില്ല. നമുക്ക് ആധുനിക സൗകര്യങ്ങളുണ്ട്. നമ്മുടെ ഒരു തീരുമാനമെന്നുള്ള നിലയിൽ സുരക്ഷിതത്വം, പാളം രക്ഷിക്കൽ തുടങ്ങിയ എല്ലാ കാര്യത്തിലും മെച്ചപ്പെട്ട സംവിധാനമുണ്ടാക്കണം. ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നിരന്തരം അപകടങ്ങൾമൂലം ഭ്രമണം തെറ്റിക്കിടക്കുന്ന, ഏറെ ആശങ്കകൾ നിറഞ്ഞ കേരളത്തിലെ റെയിൽ മേഖലയെ സംബന്ധിച്ച് ഒരു ചർച്ചയ്ക്ക് അവസരമുണ്ടായതിൽ ഏറെ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച ഈ പ്രമേയം വളരെ

പ്രസക്തമാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, നിയമസഭയിൽ മുൻപും റെയിൽ മേഖലയെ സംബന്ധിച്ച് ചർച്ചകൾ നടന്നിട്ടുണ്ട്. കേവലമൊരു അധരവ്യായാമമായി മാറാതെ സീരിയസ്സായി ഇതിനെ സംബന്ധിച്ചുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമെന്നുള്ള പ്രതീക്ഷ ഞങ്ങൾക്കുണ്ട്. റെയിൽവേ ഒരു കേന്ദ്ര പോർട്ട് ഫോളിയോ ആണെങ്കിൽപ്പോലും അതിൽ നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ സ്ഥിതി വച്ചുകൊണ്ട് ശക്തമായ ഇടപെടലിന് സാധ്യതയുണ്ട്. നമുക്കറിയാം, ബ്രിട്ടീഷ് ഭരണകാലം മുതൽ 150 കൊല്ലം പഴക്കമുള്ള റെയിൽ ആണ് ഇവിടെയുള്ളത്. അതിപ്പോഴും മാറ്റമില്ലാതെ നിൽക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, മലബാറിലെ തിരൂർ-ബേപ്പൂർ റെയിൽവേ രണ്ടുകൊല്ലം മുൻപ് അതിന്റെ 150-ാം വാർഷികം ആചരിക്കുകയുണ്ടായി. എന്നാൽ ഇപ്പോഴും അവിടെ വലിയ പുരോഗതി യൊന്നുമുണ്ടായിട്ടില്ല. ഏതായാലും അപകടങ്ങളെത്തുടർന്നാണെങ്കിലും ഇങ്ങനെയൊരു ചർച്ച നടന്നത് വളരെ നന്നായി. നമ്മുടെ പാളങ്ങൾ, സ്റ്റേഷൻ, ട്രെയിൻ, ബോഗികൾ എന്നിവയെല്ലാം ഏറ്റവും മോശപ്പെട്ടതാണ്. ഇവിടെയെല്ലാവരും നേരത്തെ സൂചിപ്പിച്ചതു കൊണ്ട് അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. പഴയ ബോഗികൾക്കകത്തെ തുണി, ആളുകൾ ഉപയോഗിച്ച തുണിപോലും വീണ്ടും ക്ലീൻ ചെയ്യാതെ കൊടുക്കുന്ന സ്ഥിതിയുണ്ട്. അങ്ങനെയുള്ള സാഹചര്യങ്ങളൊക്കെ ഇവിടെ വിശദീകരിക്കപ്പെട്ടതാണ്. അപകടങ്ങൾ ഒരു തുടർക്കഥയായി വരികയാണ്. ആഗസ്റ്റ് 28-ന് കറുകുറ്റിയിലും സെപ്റ്റംബർ 20-ന് കരുനാഗപ്പള്ളിയിലും അപകടങ്ങളുണ്ടായി. അതിനുമുൻപുള്ള വലിയ ദുരന്തങ്ങൾ നമ്മുടെ മുന്നിലുണ്ട്. 105 പേർ മരിച്ച പെരുമൺ ദുരന്തം അവസാനം 'ടൊർണാഡോ' ആണെന്നുപറഞ്ഞാണ് എഴുതിത്തള്ളിയത്. അതുപോലെ തന്നെ കടലുണ്ടിയിൽ 57 പേർ മരിച്ചത്; ഇതൊക്കെ നമ്മുടെ മുന്നിലുണ്ട്. ഭാഗ്യം കൊണ്ട് ദുരന്തം വഴിമാറിയ ഒരുപാട് അപകടങ്ങൾ വേറെയുമുണ്ട്. ഏതായാലും ഇതിനൊക്കെ ശാശ്വതപരിഹാരമുണ്ടാകണം. തീവണ്ടികൾക്കും സ്റ്റോപ്പിനും മുറവിളി കൂട്ടുന്നതോടൊപ്പംതന്നെ യാത്രക്കാരുടെ സുരക്ഷിതത്വവും അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുകയെന്നതുകൂടി റെയിൽവേ വികസനത്തിന് വളരെ പ്രധാനപ്പെട്ട ഒന്നാണ്. തുടരെത്തുടരെ അപകടങ്ങളുണ്ടാകുമ്പോൾ, അതിന്റെ പ്രധാന കാരണം പരിശോധിച്ചാൽ കേരളത്തോടുള്ള അവഗണനയും കെടുകാര്യസ്ഥതയുമാണെന്ന് കാണാൻ കഴിയും. അവിടെയാണ് ഈ ചർച്ചയുടെ പ്രസക്തിയുണ്ടാകേണ്ടത്. നിരന്തരം അപകടങ്ങൾ ഉണ്ടാകുന്നു; ട്രെയിൻ യാത്ര ഇന്ന് സുരക്ഷിതമല്ലാതായി മാറിയിരിക്കുന്നു. കഴിഞ്ഞ മൂന്നുനാലുമാസമായി സമയത്തിനെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ടിക്കറ്റെടുത്താൽ അന്വേഷിക്കുന്നത് ഇന്നത്തെ ട്രെയിനിന്റെ കാര്യങ്ങളൊക്കെ ക്രമത്തിലാണോ, സമയത്തിനാണോ എന്നാണ്. ട്രെയിനുകൾ പലപ്പോഴും മണിക്കൂറുകൾ വൈകിയാണ് ഓടിക്കൊണ്ടിരിക്കുന്നത്. ഇതിനൊക്കെയുള്ള പ്രധാനപ്പെട്ട കാരണം ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ, രണ്ട് ഡിവിഷനുകളിലായി 60-ഓളം ലോക്കോ പൈലറ്റുമാരുടെ കുറവുണ്ട്; പലരും 24 മണിക്കൂറും ജോലി ചെയ്യുന്നു. ഒരു

സാമ്പത്തിക വർഷം 163 കിലോമീറ്റർ പാളം മാറ്റേണ്ട സ്ഥാനത്ത് 25 കിലോമീറ്റർ മാത്രമാണ് മാറ്റിയത്. അതുപോലെ 202 സ്ഥലങ്ങളിൽ പാളം മാറ്റാൻ നിർദ്ദേശമുണ്ട്; 30 കിലോമീറ്റർ വേഗതയാണ് ഇവിടെ വേണ്ടത്. എന്നാൽ തൊണ്ണൂറും നൂറും വേഗതയിലാണ് ഇവിടെ ഓടുന്നത്. ട്രാക്കിന് താങ്ങാവുന്നതിനേക്കാൾ തീവണ്ടികളാണ് ഇന്ന് പാളത്തിലൂടെ ഓടിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങളിലൊക്കെ അടിയന്തരമായ ഇടപെടലുണ്ടാകണം. ഇനി റെയിൽവേ ബഡ്ജറ്റുമില്ല. കാര്യങ്ങളൊക്കെ ഉത്തരേന്ത്യൻ ലോബി തീരുമാനിക്കുമെന്നുള്ള നിലയിലാണ്. ഓടിപ്പഴകിയ കമ്പാർട്ടുമെന്റുകളാണ് ഇങ്ങോട്ടുവിടുന്നത്. നമ്മുടെ രണ്ട് റെയിൽവേ സോണുകളായ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളിൽ പണികളെല്ലാം മുടങ്ങിക്കിടക്കുകയാണ്. ഇതിനൊക്കെ അടിയന്തര ഇടപെടൽ ഈ ചർച്ചയുടെ ഭാഗമായി ഉണ്ടാക്കാൻ കഴിയണം. തിരുവനന്തപുരം-ഷൊർണ്ണൂർ പാളത്തിൽ അതിന്റെ ശേഷിയുടെ 120 മുതൽ 150 ശതമാനം വരെ കൂടുതൽ സർവ്വീസ് നടത്തുകയാണ്. അതുകൊണ്ടുതന്നെ സംസ്ഥാനത്തിനുള്ളിൽ സർവ്വീസ് നടത്തുന്ന ട്രെയിനുകളുടെ ബോഗികൾ കാലപ്പഴക്കം ചെന്ന് വൃത്തിഹീനമായതാണ്. ടോയ്‌ലെറ്റിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. നമ്മുടെ സംസ്ഥാനം വെളിയിട വിസർജ്ജനവിമുക്ത സംസ്ഥാനമാകുമ്പോൾ ട്രെയിനും റെയിലും അതിനൊരു അപവാദമായി നിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഈ പശ്ചാത്തലത്തിൽ എനിക്ക് പറയാനുള്ളത്, കേന്ദ്രവും ഡൽഹിയുമൊന്നും കനിഞ്ഞിട്ട് നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കില്ല; അങ്ങനെയാണെങ്കിൽ ഇതിനകം പരിഹരിക്കാൻ കഴിയണമായിരുന്നല്ലോ. കേരളത്തിൽ റെയിൽവേ വികസനത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് തുടക്കം കുറിക്കുകയും ഈ ഗവൺമെന്റ് വന്നയുടൻതന്നെ ഏറ്റെടുക്കുകയും ചെയ്തിട്ടുള്ള ഒരു കമ്പനിയുണ്ട്. അതായത് റെയിൽവേ പദ്ധതികളുടെ രൂപീകരണം, പഠനം, റെയിൽവേ പദ്ധതികളുടെ അംഗീകാരം നേടൽ ഇതിനുവേണ്ടി 51 ശതമാനം സംസ്ഥാന സർക്കാരും 49 ശതമാനം റെയിൽവേയും ചേർന്ന് ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുക എന്നുള്ളതാണ് വളരെ പ്രധാനം. മെട്രോ ട്രെയിനിന്റെ നിർമ്മാണംപോലെ അത് സ്പീഡിലാക്കാൻ കഴിയണം. റോഡ് ഗതാഗത വികസനത്തിന് നമുക്ക് ഒരുപാട് പരിമിതികളുണ്ട്. എന്നാൽ ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ വടക്ക്-തെക്ക് റെയിൽപ്പാതയുണ്ട്. അതിൽ മൂന്നാമത്തെ പാത കൊണ്ടുവന്നാൽ ഈ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. അവിടെയാണ് ഭാവികേരളത്തിന്റെ പ്രതീക്ഷയുള്ളത്. ഇപ്പോൾ ഡൽഹിയിലൊക്കെ പോകുകയാണെങ്കിൽ ഡൽഹി-ജയ്പൂർ ജനശതാബ്ദി ട്രെയിനുണ്ട്. നല്ല സ്പീഡാണതിന്. നാല് -നാലരമണിക്കൂർകൊണ്ട് ഡൽഹിയിൽ നിന്ന് അത് ജയ്പൂരിലെത്തും. പലരും പോയിട്ടുണ്ടാകും; ടൂർ പോയ എം.എൽ.എ.-മാർക്കൊക്കെ അങ്ങനെയൊരു അനുഭവമുണ്ടാകും. അതിൽ യാത്ര ചെയ്യുമ്പോൾ നമ്മൾ ഫ്ലൈറ്റിൽ കയറിയതുപോലെയാണ്. എയർഹോസ്റ്റസ് വരുന്നമാതിരി ഓരോരുത്തർ വന്ന് വെള്ളം വേണോ ഫുഡ് വേണോ എന്നൊക്കെ ചോദിക്കും. അതിനകത്ത് നല്ല

വൃത്തിയാണ്; അതിന്റെ വേഗത, ഒരു മിനി ബുള്ളറ്റ് ട്രെയിനിന്റെ അനുഭവം നമുക്കുണ്ടാകും. നമ്മുടെ നാട്ടിലുമുണ്ട് ജനശതാബ്ദികൾ. നാളെ ഉച്ചയ്ക്ക് സഭ പിരിഞ്ഞാൽ എല്ലാവരും പോകുന്നത് ജനശതാബ്ദിയിലാണ്. എന്താണ് അതിന്റെ സ്ഥിതി? രണ്ടരമണിക്ക് തിരുവനന്തപുരത്തുനിന്ന് പുറപ്പെട്ടാൽ അത് 11 മണിയോടു കൂടി കോഴിക്കോടെത്തും. കണ്ണൂരെത്തുമ്പോൾ അത് 1.00 മണിവരെയാകും. നിശ്ചയിച്ച സമയത്തല്ല ആ ട്രെയിനെത്തുന്നത്. ജനശതാബ്ദി ട്രെയിനിന്റെ പർപ്പസ് എന്നു പറയുന്നത് വേഗത്തിലെത്തുകയെന്നുള്ളതാണ്. അതുപോലും നടക്കുന്നില്ല. അത് ആലപ്പുഴ വഴിയാക്കിയാൽ ഒന്നൊന്നര മണിക്കൂർ ലാഭിക്കാൻ കഴിയും. അതിനിടയിൽ രണ്ടുമൂന്ന് സ്റ്റേഷനേയുള്ളൂ. ആ സ്റ്റേഷനിൽ ആ സമയത്ത് വേറെയും വണ്ടിയുണ്ട്. അതിനൊരു ക്രമീകരണമുണ്ടാക്കണം. ഷൊർണ്ണൂരിൽ എഞ്ചിൻ മാറ്റാൻ നിർത്തുന്നതുമായി ബന്ധപ്പെട്ട് ധാരാളം സമയം കളയാറുണ്ട്. ഇലക്ട്രിഫിക്കേഷൻ കോഴിക്കോടുവരെ പൂർത്തിയായിട്ടുണ്ട്. എന്നാൽ ഷൊർണ്ണൂർ-കോഴിക്കോട് ഇലക്ട്രിഫിക്കേഷൻ കമ്മീഷൻ ചെയ്തിട്ടില്ല. കമ്മീഷൻ ചെയ്താൽ ഈ പ്രശ്നം ഒഴിവാക്കാമായിരുന്നു.

അതുപോലെ മറ്റൊരു കാര്യമുള്ളത്, രാജധാനി എക്സ്പ്രസ്സിന് മലപ്പുറം ജില്ലയിൽ ഒരിടത്തും സ്റ്റോപ്പില്ല. തിരൂരിൽ ഒരു സ്റ്റോപ്പിനുവേണ്ടി നിവേദനം കൊടുത്താൽ നന്നായിരിക്കും. അമൃതയും രാജ്യറാണിയും കൂടി കൊളുത്തിയിട്ട് ഒന്നിച്ചാണ് വരുന്നത്. രാജ്യറാണിക്ക് ഇൻഡിപെൻഡന്റ് ട്രെയിനാകാനുള്ള ആളുകളുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർക്കും അതാവശ്യമുള്ളതാണ്. ഞങ്ങളൊക്കെ പലപ്പോഴും അതിൽ വരാറുണ്ട്. രാജ്യറാണിയെ ഇൻഡിപെൻഡന്റ് ആക്കുകയെന്നുള്ള ഒരാവശ്യംകൂടി ഇക്കൂട്ടത്തിൽ വയ്ക്കാവുന്നതാണ്. ഇതിലൊന്നും രാഷ്ട്രീയത്തിന് ഒരു പ്രസക്തിയുമില്ല; ശ്രീ. ഇ. അഹമ്മദ് റെയിൽവേ മന്ത്രിയായിട്ട് ഒന്നും നടന്നില്ലായെന്ന് പറഞ്ഞു. 18 മാസം കൊണ്ട് അദ്ദേഹം 17 പുതിയ ട്രെയിനുകൾ കൊണ്ടുവന്നു. അതുപോലെ സ്റ്റേഷനുകൾക്ക് പുരോഗതിയുണ്ടായി. കോഴിക്കോട്, തിരൂർ, അങ്ങാടിപ്പുറം തുടങ്ങി ഇനിയുള്ളത് ഞാൻ പിന്നീട് പറഞ്ഞുതരാം.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, രാജ്യറാണി ട്രെയിനടക്കം ശ്രീ. ഇ. അഹമ്മദ് സാഹിബിന്റെ സംഭാവനയാണ്. എല്ലാവരുടെയും സംഭാവനയുണ്ടാകട്ടെ, നമ്മൾ അതിലൊന്നും തർക്കിക്കേണ്ട. ഏതായാലും നമ്മളെല്ലാവരുംകൂടി റെയിൽവേയുടെ ഇന്നത്തെ അവസ്ഥ, അപകടം, സുരക്ഷയില്ലായ്മ എന്നിവ ഒഴിവാക്കാനുള്ള നടപടി കളെടുക്കണം. മറ്റുള്ളവർ അനുഭവിക്കുന്ന ട്രെയിൻ സൗകര്യം കേരളീയർക്കുംകൂടി കിട്ടാനുള്ള കാര്യമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. സ്വരാജ്: സർ, വളരെയേറെ ഗൗരവതരമായ, നമ്മുടെ നാടാകെ ഉൾകണ്ഠയോടുകൂടി കാണുന്ന ഒരു വിഷയത്തെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. മനുഷ്യരാശിയുടെതന്നെ വികാസ പരിണാമ പ്രക്രിയയിൽ നിർണ്ണായകമായ ചുവടുവയ്പ്പായിരുന്നു ആവി എഞ്ചിന്റെ കണ്ടുപിടിത്തവും റെയിൽവേയുടെ ആവിർഭാവവും. 1800-കളുടെ തുടക്കത്തിൽ ഇംഗ്ലണ്ടിലാണ് റെയിൽവേ യാഥാർത്ഥ്യമായത്. ബ്രിട്ടീഷ് ഇന്ത്യയിൽ ആ നേട്ടം കടന്നുവരാൻ ഏതാണ്ട് അര നൂറ്റാണ്ടുകാലം എടുത്തുവെന്നാണ് ചരിത്രം പറയുന്നത്. 1853-ലാണ് ബോംബെയിൽനിന്നും താനെയിലേയ്ക്ക് ഇന്ത്യയിലെ ആദ്യത്തെ ട്രെയിൻ ഓടിയതായി ചരിത്രത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്. അതുകഴിഞ്ഞ് ഒരു ദശാബ്ദംപോലും കാത്തിരിക്കേണ്ടി വന്നില്ല റെയിൽവേ ഭൂപടത്തിൽ കേരളത്തെ അടയാളപ്പെടുത്താനെന്നുള്ളത് നമുക്ക് കാണാം. ഇവിടെ നാം ചർച്ച ചെയ്യുന്നത് സമീപ കാലത്ത് പുറത്തുവന്നിട്ടുള്ള വാർത്തകളുടെയും നമുക്ക് നേരിടേണ്ടിവന്ന റെയിൽവേ അപകടങ്ങളുടെയും പശ്ചാത്തലത്തിൽ ട്രെയിൻയാത്ര സുരക്ഷിതമല്ലാതായി മാറിയതിനെക്കുറിച്ചാണെങ്കിലും ഇവിടെ നടന്ന എല്ലാ ചർച്ചകളിലും കടന്നുവന്നത് കേരളത്തോടുള്ള റെയിൽവേ അവഗണനയെക്കുറിച്ചാണ്. സ്വാഭാവികമായും ആ വിഷയംകൂടി ഈ ചർച്ചയുടെ ഭാഗമായി ഉയർന്നുവരും. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത് ഇന്ത്യയിൽ റെയിൽവേ ആരംഭിച്ച് ഒരു ദശാബ്ദംപോലും കാത്തുനിൽക്കുന്നതിനുമുമ്പ് കേരളത്തിൽ ട്രെയിനും റെയിൽവേ ലൈനുമെല്ലാം യാഥാർത്ഥ്യമായി എന്നുള്ളത്. 1861 മാർച്ച് 12-ാം തീയതിയാണ് ബേപ്പൂരിൽ നിന്നും തിരൂരിലേയ്ക്ക് ആദ്യത്തെ ട്രെയിൻ സർവ്വീസ് നടത്തിയത്. അതിനെത്തുടർന്നുണ്ടായിട്ടുള്ള റെയിൽവേ വികസനമെല്ലാം ബ്രിട്ടീഷ് കാലഘട്ടത്തിലായിരുന്നു. നാം കേരളത്തിന്റെ 60-ാം പിറന്നാൾ ആഘോഷിക്കുകയാണ്. ഐക്യകേരളം രൂപപ്പെടുന്ന ഘട്ടത്തിൽ, 1956-ൽ കേരളത്തിൽ 745 കി.മീ. റെയിൽവേ ലൈനാണുണ്ടായിരുന്നത്. അറുപതാം വാർഷികം ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ ഏതാണ്ട് 1050 കി.മീ. റെയിൽവേ ലൈനാണ് ഉള്ളതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആറ് പതിറ്റാണ്ടിനിടയിൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നമുക്ക് കൂടുതലായി ഉണ്ടാക്കാൻ കഴിഞ്ഞത് മൂന്നൂറിൽപ്പരം കിലോമീറ്റർ റെയിൽവേ ലൈൻമാത്രമാണ്. ഇന്ത്യയുടെ റെയിൽവേ ഭൂപടത്തിൽ എല്ലായ്പ്പോഴും അവഗണന ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട ഒരു ജനതയാണ് സംസ്ഥാനത്തുള്ളത്. ഇവിടെ അത്തരം കാര്യങ്ങളെക്കുറിച്ച് പരാമർശിക്കുമ്പോൾ രാഷ്ട്രീയം പറയുന്നുവെന്നൊക്കെ പറഞ്ഞാൽ എങ്ങനെയാണ് അതിനോട് പ്രതികരിക്കുകയെന്ന് എനിക്കറിയില്ല. രാഷ്ട്രീയ സംബന്ധിയായ കാര്യങ്ങൾ നിയമസഭയിലെങ്കിലും ചർച്ച ചെയ്യാനായില്ലെങ്കിൽ എവിടെയാണ് ചർച്ച ചെയ്യാനാകുക എന്ന ആശങ്കയാണ് എന്റെ മനസ്സിലുണ്ടാകുന്നത്. ചില കാലങ്ങളിൽ ചില ട്രെയിനുകൾ നമുക്ക് കിട്ടിയിട്ടുണ്ട്. അത് നമുക്കെല്ലാം അറിയാവുന്നതാണ്,

യാഥാർത്ഥ്യവുമാണ്. എന്നാൽ പുതിയൊരു ട്രെയിൻ അനുവദിക്കുകയെന്നതിനപ്പുറം സാധ്യമായ റെയിൽവേ വികസനം കേരളത്തിലുണ്ടായിട്ടുണ്ടോ, ട്രെയിൻ യാത്ര സുരക്ഷിതമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ റെയിൽവേ മന്ത്രാലയം മുൻകൈ എടുത്തിട്ടുണ്ടോ എന്നെല്ലാം നാം പരിശോധിക്കേണ്ടതായിട്ടുണ്ട്. ഷൊർണ്ണൂർ- നിലമ്പൂർ ലൈനിനെ സംബന്ധിച്ച് ഇവിടെ പലരും സംസാരിക്കുകയുണ്ടായി. ഞാൻ ഏറെ തവണ യാത്ര ചെയ്തിട്ടുള്ള ഒരു ലൈനാണത്. നിലമ്പൂരിലെ അളവറ്റ തേക്ക് തടി കൊണ്ടുവരുന്നതിനുവേണ്ടിയാണ് 1921-ൽ ബ്രിട്ടീഷുകാർ ആ റെയിൽവേ ലൈൻ ആരംഭിച്ചത്. സ്വാതന്ത്ര്യം ലഭിച്ച് ഇത്രയുംകാലമായിട്ടും ഈ ലൈൻ തൊട്ടപ്പുറത്ത് നഞ്ചൻകോട് കൊണ്ടുപോകാനുള്ള പദ്ധതി മാറി വന്ന കേന്ദ്രഗവൺമെന്റുകളുടെ ഭാഗത്തുനിന്നുമുണ്ടായില്ല. ബഹുമാന്യരായ മറ്റംഗങ്ങൾ സൂചിപ്പിച്ചതുപോലെ നമുക്ക് റെയിൽവേ സോണോ പുതിയ കോച്ചുകളോ പുതിയ പാളങ്ങളോ ലഭിക്കുന്നില്ല. കോച്ച് ഫാക്ടറികളുടെ സ്ഥിതി ഇവിടെ പറഞ്ഞു. എല്ലാക്കാലത്തും അവഗണന ഏറ്റുവാങ്ങാൻ നാം വിധിക്കപ്പെടുകയാണ്. ഒരർത്ഥത്തിൽ റെയിൽവേ ഭൂപടത്തിൽ കേരളമില്ലായെന്നുപറഞ്ഞാൽപോലും അധികമാവില്ലായെന്ന് എനിക്ക് തോന്നുന്നു.

2015-ൽ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി ദക്ഷിണ റെയിൽവേ നീക്കിവച്ചത് 2458 കോടി രൂപയാണ്. അതിൽ തമിഴ്നാടിന് 1808 കോടി രൂപയും കേരളത്തിന് 630 കോടി രൂപയുമാണ് ലഭിച്ചത്. ജനറൽ കൺസ്ട്രക്ഷനായി 344 കോടി രൂപ മാറ്റി വച്ചപ്പോൾ തമിഴ്നാടിന് 332 കോടി രൂപയും കേരളത്തിന് 12 കോടി രൂപയും ലഭിച്ചു. മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി 252 കോടി രൂപ നീക്കി വച്ചപ്പോൾ അത് പൂർണ്ണമായും തമിഴ്നാടിന് ലഭിച്ചു, കേരളത്തിനൊന്നും ലഭിച്ചില്ലായെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതാണ് ഇക്കഴിഞ്ഞ കൊല്ലം നമുക്കുണ്ടായ അനുഭവമെന്ന് കാണേണ്ടതായിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് നാം ഇവിടെ ചർച്ച ചെയ്യുന്ന വിഷയം കൂടുതൽ പ്രസക്തമായി മാറുന്നത്. കഴിഞ്ഞ രണ്ടുമാസത്തിനിടയിൽ മൂന്നു തവണ അപകടമുണ്ടായപ്പോഴാണ് ഇത്തരമൊരു ചർച്ചതന്നെ പ്രസക്തമായി വരുന്നത്. ഇവിടെ ചർച്ച നടത്തുമ്പോൾ ശാസ്താംകോട്ട റെയിൽവേ സ്റ്റേഷന് രണ്ടുകിലോമീറ്റർ മാറി റെയിൽപാളത്തിൽ വിള്ളൽ കണ്ടെത്തിയിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട പൂഞ്ഞാർഗം സംസാരമധ്യേ സൂചിപ്പിച്ചു. ഈ ചർച്ച എത്രമാത്രം പ്രസക്തമാണെന്ന് സൂചിപ്പിക്കാനാണ് സാന്ദർഭികമായി ഞാനക്കാര്യം സൂചിപ്പിച്ചത്. തിരുവനന്തപുരം മുതൽ ഷൊർണ്ണൂർ വരെയുള്ള റെയിൽവേ ലൈനിൽ 202 ഇടത്തും കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ലൈനിൽ 36 ഇടത്തുമുൾപ്പെടെ ആകെ 238 ഇടത്ത് ഗൗരവതരമായ വിള്ളലുണ്ടെന്ന് സാങ്കേതിക വിഭാഗം മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്. 238 സ്ഥലത്ത് വിള്ളലുണ്ടെങ്കിൽ അത് മാറ്റി സ്ഥാപിക്കുകയാണ് വേണ്ടത്. 100 കി.മീ. ദൂരമെങ്കിലും പാളം അടിയന്തരമായി

മാറ്റി സ്ഥാപിക്കണമെന്ന സാങ്കേതിക വിഭാഗത്തിന്റെ മുന്നറിയിപ്പും അവഗണിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ ആ ഭാഗത്തെത്തുമ്പോൾ 30 കി.മീ. ആയി വേഗത കുറച്ചുകൊണ്ട് അപകടമൊഴിവാക്കാൻ ശ്രമിക്കണമെന്നാണ് റെയിൽവേ സ്വീകരിച്ചിട്ടുള്ള സമീപനം. കുറച്ചുകൂടി കഴിഞ്ഞാൽ കേരളത്തിൽ ട്രെയിനിന്റെ വേഗത 30 കി.മീ. ആയി പരിമിതപ്പെടുമെന്ന് നാം കാണണം. വിള്ളലുണ്ടായ പാളം മാറ്റിസ്ഥാപിക്കുന്നതിനുപകരം അവിടെയെത്തുമ്പോൾ താൽക്കാലികമായി വേഗതകുറച്ച് അപകടമൊഴിവാക്കണമെന്ന താൽക്കാലിക അപകട നിവാരണ മാർഗ്ഗം റെയിൽവേ അവലംബിക്കുന്നുവെന്നുള്ളത് ട്രെയിൻ യാത്രക്കാരുടെ ജീവന് റെയിൽവേ എത്രമാത്രം വിലകൽപ്പിക്കുന്നുവെന്നതിന്റെ തെളിവാണ്.

ജീവനക്കാരുടെ കുറവ് വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയമാണ്. 1980-ൽ ഇന്ത്യൻ റെയിൽവേയിൽ ഉണ്ടായിരുന്ന ജീവനക്കാർ 1990 കാലഘട്ടത്തിലില്ല. അന്നുള്ള അത്രയും ജീവനക്കാർ 2000-ത്തിലോ 2010-ലോ ഇല്ല. ലക്ഷങ്ങളുടെ കുറവാണുണ്ടാകുന്നത്. ജീവനക്കാരുടെ ഒഴിവുകൾ നികത്തപ്പെടുന്നില്ല. ഇത് കേന്ദ്ര ഗവൺമെന്റിന്റെ നയവുമായി ബന്ധപ്പെട്ടുള്ളതാണ്. ആ നയം തന്നെയാണ് ഇപ്പോഴത്തെ ഗവൺമെന്റും പിന്തുടരുന്നത്. 2291 ഒഴിവുകളാണ് ഈ രണ്ടു ഡിവിഷനുകളിലായി കേരളത്തിൽ അടിയന്തരമായി നികത്തപ്പെടേണ്ടതെന്ന് ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിക്കുകയുണ്ടായി. തിരക്കുള്ള സമയത്ത് ആളില്ലാത്ത ടിക്കറ്റ് കൗണ്ടറുകൾ നമുക്കെപ്പോഴും കാണാം. രണ്ട് കോച്ചുകൾ പരിശോധിക്കാൻ ചുമതലപ്പെട്ടിരുന്ന ടി.ടി.ഇ.-മാർ ഇപ്പോൾ നാല് കോച്ചുകൾ പരിശോധിക്കുന്നു. പത്തര മണിക്ക് പുറപ്പെടുന്ന അമൃത എക്സ്പ്രസിൽ ഇവിടെനിന്നു കയറിയാൽ ഒരു മണിക്കൂർ കഴിഞ്ഞ് ആളുകളെല്ലാം നല്ല ഉറക്കമാകുമ്പോഴാണ് ടി.ടി.ഇ. വന്ന് വിളിച്ചുണർത്തുന്നത്. ജീവനക്കാരുടെ കുറവ് റെയിൽവേയുടെ സുരക്ഷിതത്വത്തെയും ഗൗരവമായി ബാധിക്കുന്നുണ്ട്. ഇപ്പോൾ ശാസ്താംകോട്ടയിൽ പാളത്തിൽ വിള്ളൽ കണ്ടെത്തിയത് നാട്ടുകാരാണ്. അവരാണ് വിവരം അറിയിച്ചത്. അവിടെ പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉണ്ടായില്ലായെന്നുള്ള വസ്തുത നാം കാണണം. അതോടൊപ്പം തന്നെ കോച്ചുകളുടെ ശോചനീയവസ്ഥയെ സംബന്ധിച്ച് ബഹുമാനപ്പെട്ട നാദാപുരം അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞങ്ങൾ ഒരുമിച്ചാണ് പലപ്പോഴും യാത്ര ചെയ്യുന്നത്. ഞാനത് വീണ്ടും അതേ അർത്ഥത്തിൽ ആവർത്തിക്കുന്നില്ല. റെയിൽവേയുടെ ടോയ്‌ലെറ്റുകൾ അങ്ങേയറ്റം വൃത്തിഹീനമായിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനം ഒ.ഡി.എഫ്. ആയി പ്രഖ്യാപിച്ചതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ റെയിൽവേ ലൈൻ കടന്നുപോകുന്ന 1050 കി.മീ., ഒരർത്ഥത്തിൽ പറഞ്ഞാൽ 1050 കി.മീ. ദൈർഘ്യമുള്ള ഒരു തുറന്ന ടോയ്‌ലെറ്റാണ്, മാലിന്യം പുറംതള്ളി കൊണ്ടിരിക്കുകയാണ്. എല്ലാ രാജ്യങ്ങളിലും ഈ രീതി മാറി ബയോ ടോയ്‌ലെറ്റ് സംവിധാനം വന്നു. മലമൂത്ര വിസർജ്യങ്ങൾ ഇങ്ങനെ റെയിൽ പാളത്തിൽ നിക്ഷേപിക്കുന്ന നില ലോകത്തെവിടെയും ഇല്ല. അതവിടെ നിൽക്കട്ടെ, ആ ടോയ്‌ലെറ്റിലേയ്ക്ക് സാധാരണഗതിയിൽ ഒരാൾക്കും പോകാൻ കഴിയാത്ത വിധം

അസഹ്യമായ ദുർഗന്ധമാണ്. അതൊന്നും വൃത്തിയാക്കാനുള്ള ഉദ്യോഗസ്ഥന്മാർ അവിടെയില്ല. നിയമസഭാ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അഡീഷണൽ സെക്രട്ടറി ശ്രീമതി പി. ജയലക്ഷ്മി എഴുതിയ 'രാത്രിയാത്രകളിൽ സംഭവിക്കുന്നത്' എന്നൊരു കഥ കഴിഞ്ഞ ദിവസം ഞാൻ വായിക്കുകയുണ്ടായി. അതിലെ ട്രെയിൻ യാത്രയെ സംബന്ധിച്ചുള്ള ഒരു വരി ഇങ്ങനെയാണ്, വണ്ടിയിലെ വൃത്തിഹീനമായ ടോയ്ലെറ്റിൽ പോകാൻ മടിച്ച് അടക്കിപ്പിടിച്ചിരുന്നതിന്റെ വിമ്മിട്ടം ടോയ്ലെറ്റിലേയ്ക്ക് ഓടാൻ പ്രേരിപ്പിച്ചതിനാൽ ... അങ്ങനെ കഥ പോകുകയാണ്. എന്നുവച്ചാൽ ഇന്ന് ട്രെയിൻ യാത്രയെ സംബന്ധിച്ച് കഥയെഴുതുന്ന ഒരാൾക്ക് വൃത്തിഹീനമായ ടോയ്ലെറ്റിനെക്കുറിച്ച് ഒരു വരിയോ ഒരു വാക്കോ എഴുതാതെ ആ കഥ മുന്നോട്ട് കൊണ്ടുപോകാനാവില്ലെന്ന അവസ്ഥ വന്നിരിക്കുകയാണ്. ഇത്തരത്തിൽ ട്രെയിനിന്റെ സുരക്ഷിതത്വവും ആരോഗ്യകരമായ അന്തരീക്ഷത്തിൽ യാത്ര ചെയ്യാനുള്ള അവകാശവുമെല്ലാം അവതാളത്തിലായിരിക്കുന്ന സാഹചര്യത്തിലാണ് നാം ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതെന്നത് പ്രത്യേകമായി കാണേണ്ടതാണ്. ഏഴര ലക്ഷം യാത്രക്കാർ ഇന്ന് കേരളത്തിൽ ഒരു ദിവസം ട്രെയിനുകളിൽ യാത്ര ചെയ്യുന്നുണ്ട്. 286 ട്രെയിനുകൾ കേരളത്തിൽ ഒരു ദിവസം ഓടുന്നുണ്ട്. ഇങ്ങനെ ജനസംഖ്യാനുപാതികമായി താരതമ്യപ്പെടുത്തിയാൽ മറ്റിടങ്ങളെ അപേക്ഷിച്ച് വൻതോതിൽ യാത്രക്കാരുള്ള, ടിക്കറ്റെടുത്ത് യാത്രചെയ്യുന്നവരുള്ള ഒരു നാടാണ് നമ്മുടേത്. യഥാർത്ഥത്തിൽ ടിക്കറ്റെടുക്കുന്നത് കൊച്ചിയിലേയ്ക്കോ കോഴിക്കോട്ടേയ്ക്കോ അല്ല, മരണത്തിലേയ്ക്കാണ്. മരണത്തിലേയ്ക്ക് ടിക്കറ്റെടുക്കുന്ന യാത്രക്കാരായി നമ്മൾ മാറുകയാണ്. മുമ്പ് ട്രെയിനിന്റെ മുന്നിൽ ചാടിയാണ് ആത്മഹത്യ ചെയ്യുന്നതെങ്കിൽ ഇപ്പോൾ ടിക്കറ്റെടുത്താലും ചിലപ്പോൾ കാര്യം നടന്നേക്കും എന്ന നിലയാണ് വാർത്തകൾ സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ട്രെയിൻ യാത്രക്കാർക്ക് വേണമെങ്കിൽ ധീരതയ്ക്ക് അവാർഡ് കൊടുക്കാവുന്നതാണ്. അപകടം പതിയിരിക്കുന്ന പാതകളിലൂടെ അനിശ്ചിതത്വത്തിലേയ്ക്ക് യാത്ര ചെയ്യുന്ന മലയാളിയെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം ഗൗരവതരമായി ഈ വിഷയം കേന്ദ്രഗവൺമെന്റിന്റെ സത്വര ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നമുക്ക് സുരക്ഷിതമായി യാത്ര ചെയ്യാനുള്ള അന്തരീക്ഷ മൊരുക്കാൻ നിയമസഭയ്ക്ക് ആവശ്യമായ ശബ്ദമുയർത്താനാകുമെന്ന പ്രതീക്ഷയോടെ ഞാൻ നിർത്തുന്നു.

ശ്രീ. റോജി എം. ജോൺ: സർ, തുടർച്ചയായി നടക്കുന്ന ട്രെയിനപകടങ്ങൾ കേരളത്തിലെ ജനങ്ങളെ ഭയചകിതരാക്കിയിരിക്കുന്ന അതീവ ഗുരുതരമായ സാഹചര്യത്തിലാണ് ഈ ഉപക്ഷേപം ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. ലക്ഷ കണക്കിനാളുകളാണ് ഓരോ ദിവസവും യാത്രയ്ക്കായി ട്രെയിനുകളെ ആശ്രയിക്കുന്നത്. കേരളത്തിലെന്നുമാത്രമല്ല ഇന്ത്യയിലാകമാനമുള്ള സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വളരെ ചെലവുകുറഞ്ഞ ഒരു യാത്രാമാർഗ്ഗമായി ആളുകൾ ആശ്രയിക്കുന്നത് ട്രെയിനിനെ തന്നെയാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് റെയിൽവേയ്ക്ക് കൂടുതൽ കളക്ഷൻ നേടിക്കൊടുക്കുന്ന ഒരു സംസ്ഥാനമാണ് കേരളം.

വിവിധ സംസ്ഥാനങ്ങളിൽ ഞാൻ ട്രെയിൻ യാത്ര ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക്, പ്രത്യേകിച്ച് വടക്കേ ഇന്ത്യയിലൊക്കെ പോകുമ്പോൾ ആളുകൾ ട്രെയിനിൽ കയറുന്നത് അവരുടെ പട്ടിയേയും പൂച്ചയേയും ആടിനേയുമൊക്കെ കൊണ്ടാണ്; അതും ടിക്കറ്റെടുക്കാതെയാണ്. ടി.ടി.ഇ. ടിക്കറ്റ് ചോദിക്കുമ്പോൾ 'യേ ഹമാരാ ഗാഡി ഹെ ഭായി, ടിക്കറ്റ് കാ ക്യാ സരൂരത്ത് ഹെ?' എന്നാണ് അവർ പറയുന്നത്. അതായത് ഇത് നമ്മുടെ വണ്ടിയല്ലേ; എന്തിനാണ് ടിക്കറ്റെന്നാണ് അവർ ടി.ടി.ഇ-യോട് തിരിച്ച് ചോദിക്കുന്നത്. അതിൽ നിന്നും വ്യത്യസ്തമായി എല്ലാവരും കൃത്യമായി ടിക്കറ്റെടുക്കുകയും പ്ലാറ്റ്ഫോമിൽ കയറുന്നതിന് പ്ലാറ്റ്ഫോം ടിക്കറ്റുവരെയെടുത്ത് റെയിൽവേയുടെ കളക്ഷൻ വർദ്ധിപ്പിച്ചുകൊടുക്കുന്ന ഒരു സംസ്ഥാനമാണ് കേരളമെന്നുള്ളത് നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. 1050 കിലോമീറ്റർ നീളത്തിലുള്ള സംസ്ഥാനത്തെ റെയിൽപ്പാതയിൽ ശ്രീ. സ്വരാജ് ഇവിടെ സൂചിപ്പിച്ചതുപോലെ 238 സ്ഥലത്താണ് വിള്ളലുകളുണ്ടായിരിക്കുന്നത്. ഇത് കണ്ടെത്തിയത് അടുത്ത കാലഘട്ടത്തിലാണ്. അതായത് ശരാശരി നാലര കിലോമീറ്ററിൽ ഒരു വിള്ളലുണ്ടെന്നാണ് പുതിയതായി വരുന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് വളരെ ഭയാനകമായ സാഹചര്യമാണ്. ആഗസ്റ്റ് 27-ന് എന്റെ നിയോജകമണ്ഡലമായ അങ്കമാലിയിലെ കറുകുറ്റിയിലുണ്ടായ അപകടത്തിൽ തിരുവനന്തപുരം-മാംഗ്ലൂർ എക്സ്പ്രസ്സിന്റെ 13 കോച്ചുകളാണ് പാളം തെറ്റിയത്. രാത്രി മൂന്നരമണിക്ക് ഞാനവിടെ ചെന്നപ്പോൾ പഞ്ചായത്ത് പ്രസിഡന്റും മറ്റ് ജനപ്രതിനിധികളും നാട്ടുകാരുമൊക്കെ അവിടെ എത്തിയിരുന്നു. എല്ലാവരുടേയും സമയോചിതമായ ഇടപെടൽ കൊണ്ടുമാത്രം ഒരു വലിയ ദുരന്തം തലനാരിഴയ്ക്ക് ഒഴിവായി എന്നുള്ളതാണ് അവിടെ കണ്ട കാഴ്ച. രാത്രിയിൽ ബസ്സുകൾ അവിടെ എത്തിക്കാൻ കെ.എസ്.ആർ.ടി.സി. താൽപ്പര്യം കാണിച്ചതുകൊണ്ട് യാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടും അസൗകര്യവും കൂടാതെ സുരക്ഷിതമായി അവരുടെ സ്ഥലങ്ങളിലേയ്ക്ക് എത്താൻ സാധിച്ചു. കെ.എസ്.ആർ. ടി.സി.-യുടെ കാര്യം ഞാൻ ഇവിടെ സാന്ദർഭികമായി സൂചിപ്പിച്ചുവെന്ന് മാത്രം. അങ്ങനെ തുടർച്ചയായി അപകടങ്ങൾ കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇന്നിവിടെ ഈ വിഷയം നമ്മൾ ചർച്ച ചെയ്യുന്നത്. ഒരു റെയിൽപാളത്തിന്റെ പരമാവധി ആയുസ്സ് കണക്കാക്കിയിരിക്കുന്നത് 25 വർഷമാണ്. എന്നാൽ സംസ്ഥാനത്ത് നിലവിലുള്ള പാളങ്ങളെല്ലാംതന്നെ അൻപതും അറുപതും വർഷങ്ങൾ പിന്നിട്ടവയാണെന്ന സാഹചര്യം നിലനിൽക്കുകയാണ്. ഈ വിള്ളലുകളുണ്ടാകുന്ന സ്ഥലങ്ങളിലെല്ലാം താൽക്കാലികമായി ക്ലാമ്പിട്ട് മുറുക്കി പാളത്തിലെ പ്രശ്നം പരിഹരിക്കുകയാണ്. അങ്ങനെ ചെയ്യുമ്പോൾ ഒരാഴ്ചയ്ക്കുള്ളിൽ പാളം മാറ്റി പുതിയത് സ്ഥാപിക്കണമെന്നാണ് ചട്ടം. നിർഭാഗ്യവശാൽ അതാരും ശ്രദ്ധിക്കുന്നില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. ജീവനക്കാരെ പരമാവധി കുറച്ച് അറ്റകുറ്റപ്പണികൾ പുറം കരാറുകാരെ ഏൽപ്പിക്കുകയാണ് റെയിൽവേ സ്ഥിരമായി

അവലംബിക്കുന്ന ഒരു രീതി. കരാറുകാർ അറ്റകുറ്റപ്പണികൾ കൃത്യമായി ചെയ്യുന്നുണ്ടോ എന്നറിയാനുള്ള സംവിധാനമില്ലെന്നു മാത്രമല്ല അതുമായി ബന്ധപ്പെട്ട് ഉന്നത ഉദ്യോഗസ്ഥതലങ്ങളിൽ കൈക്കൂലിയുടെ കഥകളും നമ്മൾ മാധ്യമങ്ങളിലൂടെ കേൾക്കുന്നുണ്ട്. തുടർച്ചയായ ട്രെയിനപകടങ്ങൾക്ക് കാരണം പാളങ്ങളുടെ ശോചനീയാവസ്ഥയാണെന്ന് റെയിൽവേ തന്നെ സമ്മതിക്കുന്നുണ്ട്. പക്ഷേ അത് സമ്മതിക്കുന്നതല്ലാതെ യാതൊന്നും ചെയ്യുന്നില്ല എന്നുള്ളതാണ് ഖേദകരം. ട്രെയിൻ അപകടങ്ങൾക്ക് നോക്കുകൂലിയുമായി ബന്ധമുണ്ടെന്നുപോലും പറയുന്നുണ്ട്. നോക്കുകൂലി വാങ്ങി പാളങ്ങളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കാൻ കരാറുകാർ മടിക്കുന്നുവെന്ന് അപകടമുണ്ടായ സമയത്ത് വാർത്താചാനലുകൾ റിപ്പോർട്ട് ചെയ്തിരുന്നു. പാളം മാറ്റിവയ്ക്കൽപോലുള്ള സുപ്രധാന ജോലികൾപോലും ഇതുമൂലം നിർത്തിവയ്ക്കേണ്ടിവന്നിരിക്കുകയാണ്. ടെണ്ടർ നടപടികൾ മൂന്നുമാസത്തിനുള്ളിൽ പൂർത്തിയായി അറ്റകുറ്റപ്പണികൾ തുടങ്ങണമെന്നാണ് റെയിൽവേ ചട്ടം. എന്നാൽ പലപ്പോഴും ടെണ്ടർ നടപടികൾ ഒരു വർഷം വരെ നീളുന്നുവെന്നത് യാഥാർത്ഥ്യമാണ്. ആവശ്യത്തിന് ജോലിക്കാരില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനമായ വിഷയം. മെക്കാനിക്കൽ സെക്ഷനിലും ട്രാഫിക് സെക്ഷനിലും ഇലക്ട്രിക്കൽ സെക്ഷനിലുമൊക്കെ ജീവനക്കാരുടെ അഭാവം വലിയൊരു വിഷയം തന്നെയാണ്. അഞ്ചുകിലോമീറ്ററിൽ ഒരു ഗ്യാംഗിൽ 17 ജീവനക്കാരുണ്ടാകണമെന്നാണ് ചട്ടം. പക്ഷേ കേരളത്തിലെ റെയിൽവേ എടുത്താൽ 17 ജീവനക്കാരുണ്ടാകേണ്ട അഞ്ച് കിലോമീറ്റർ ചുറ്റളവിൽ അഞ്ചോ ആറോ ജീവനക്കാരെ മാത്രമാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

അതുപോലെ മറ്റൊരു വിഷയം പാളത്തിലെ ഓവർലോഡാണ്. ഇപ്പോൾ നമ്മൾ ഉപയോഗിക്കുന്നത് 52Kg റെയിലാണ്. തമിഴ്നാടുൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളിലൊക്കെ 60Kg റെയിലാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കേരളത്തിൽ ചുരുക്കം ചില കിലോമീറ്ററുകൾ മാത്രമേ ഇതു മാറ്റി സ്ഥാപിക്കാൻ സാധിച്ചിട്ടുള്ളൂ. ഇവിടെ റെയിൽവേയുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യം കൂടി നിലനിൽക്കുന്നുണ്ട്. അങ്കമാലി-ശബരിപാതയുടെ നിർമ്മാണം അങ്ങനെ ഇഴഞ്ഞുനീങ്ങുകയാണ്. അങ്കമാലി-കാലടി റൂട്ടിൽ നായത്തോട്-മനയ്ക്കപ്പടി ഓവർബ്രിഡ്ജുകളുടെ അപ്രോച്ച്റോഡിന് സ്ഥലം ഏറ്റെടുക്കാൻ റെയിൽവേ ജില്ലാകളക്ടർക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ഇതുവരെ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അവിടെ സ്ഥലം ഏറ്റെടുക്കാൻ ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാരെ ചുമതലപ്പെടുത്തി കൊണ്ട് എത്രയും പെട്ടെന്ന് ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തിയാക്കാൻ ശ്രമിക്കണം. അതുപോലെ കാലടി-ശബരിമല പാത ജോയിന്റ് വെഞ്ചറിലുള്ളതാണ്. സ്പെഷ്യൽ ഓഫീസറെ നിയമിച്ച് അതിന്റെ പ്രവർത്തനങ്ങളും നിർമ്മാണവും

സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പരിശ്രമങ്ങളും ഉണ്ടാകേണ്ടതാണ്. അതുപോലെ റെയിൽവേയുടെ സുരക്ഷ വലിയൊരു വിഷയമാണ്. സംസ്ഥാനത്ത് ഇനിയും ഗോവിന്ദചാമിമാരുണ്ടാകാതിരിക്കാൻ റെയിൽവേ കോച്ചുകളിൽ വനിതാ പോലീസ് ഓഫീസർമാരെയടക്കം നിയമിച്ച് സുരക്ഷ കൂട്ടതൽ ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. സംസ്ഥാനത്തിന് ഒരാവശ്യം വരുമ്പോൾ രാഷ്ട്രീയത്തിനതീതമായി ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടിക്കാരുമെല്ലാം ഒന്നിച്ചുനിന്ന് ഡൽഹിയിൽപോയി ശബ്ദമുണ്ടാക്കുന്നത് തമിഴ്നാട്ടുപോലുള്ള സംസ്ഥാനങ്ങളിൽ നമ്മൾ നിരന്തരമായി കണ്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ അത്തരത്തിലൊരു നിലപാട് നമ്മുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്. ഈ വിഷയം ഇവിടെ ചർച്ചയിലും പ്രമേയത്തിലും മാത്രം ഒതുങ്ങാതെ, സംസ്ഥാനത്തിന്റെ മൊത്തം ആവശ്യമായി കണക്കാക്കി കേരളത്തിന്റെ മുഴുവൻ റെയിൽവേയുടെയും വികസനം ലക്ഷ്യമാക്കി എം.എൽ.എ.-മാരും എം.പി.-മാരും ഉൾപ്പടെ എല്ലാ ജനപ്രതിനിധികളും ഈ വിഷയം ഡൽഹിയിൽ അവതരിപ്പിക്കാനും സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കാനും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ഉപക്ഷേപത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരളം ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്ന ഒരു വിഷയം ഇവിടെ അവതരിപ്പിച്ച ശ്രീ. ടി. എ. അഹമ്മദ് കബീറിനോടും ചർച്ചയിൽ പങ്കെടുത്ത മറ്റ് പന്ത്രണ്ട് അംഗങ്ങളോടും ബഹുമാനപ്പെട്ട സ്പീക്കറോടുമുള്ള നന്ദി ആദ്യമായി രേഖപ്പെടുത്തുകയാണ്. ലോകത്തിലെ ഏറ്റവും തിരക്കേറിയതും വലുതുമായ തീവണ്ടിപ്പാത ശൃംഖലകളിൽ ഒന്നായ ഇന്ത്യൻ റെയിൽവേ, രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ്. ഒരുദിവസം 2.2 കോടി ജനങ്ങൾ, അതായത് ഒരു വർഷം 810 കോടി ജനങ്ങളാണ് ഇന്ത്യൻ റെയിൽവേയിലൂടെ സഞ്ചരിക്കുന്നത്. കൂടാതെ 110 കോടി ടൺ ചരക്കും പ്രതിവർഷം ഇന്ത്യൻ റെയിൽപാതകളിലൂടെ കുതിച്ചുപായുന്നു. ഇപ്പോൾ ഇന്ത്യൻ റെയിൽവേയിലെ ജീവനക്കാരുടെ എണ്ണം 13 ലക്ഷമാണ്. ഇന്ത്യയെ കാണുന്നതിനും നേരിട്ടറിയുന്നതിനും ഇതുപോലെ സൗകര്യപ്രദമായ മറ്റു ഗതാഗത സംവിധാനം വേറെയില്ല. രാജ്യത്തിന്റെ ദേശീയോദ്ഗ്രഥനത്തിന്/ജനങ്ങളെ ഒരുമിച്ച് നിർത്തുന്നതിന് ഇന്ത്യൻ റെയിൽവേ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഇന്ത്യൻ റെയിൽവേയുടെ മൊത്തം തീവണ്ടിപ്പാതകൾ 66030 കിലോമീറ്ററാണ്. ബഹുമാനപ്പെട്ട എം. സ്വരാജ് ഇവിടെ ചൂണ്ടിക്കാട്ടിയതുപോലെ, 1844-ൽ ഗവർണർ ജനറലായിരുന്ന ലോർഡ് ഹാർഡിംഗ് റെയിൽവേ ഗതാഗതം ആരംഭിച്ചതിലൂടെ പുതിയൊരു ഗതാഗത സംവിധാനം ആരംഭിച്ചു. റൂർക്കലയിലേയ്ക്കുള്ള നിർമ്മാണ വസ്തുക്കൾ കൊണ്ടുപോകുന്നതിന് 1851 ഡിസംബർ 12-ന് ഇന്ത്യയിൽ ആദ്യമായി തീവണ്ടി

ഓടിത്തുടങ്ങി. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ റെയിൽവേയിൽ വികസനത്തിലും ആധുനികവത്ക്കരണത്തിലും വൻ കുതിച്ചുചാട്ടം തന്നെയുണ്ടായി. ആവി എഞ്ചിനുകളിൽ നിന്നും ഇലക്ട്രിക് ട്രെയിനിലേയ്ക്കും നാരോഗേജിൽ നിന്ന് ബ്രോഡ്ഗേജിലേയ്ക്കും പാസഞ്ചർ ട്രെയിനിൽ നിന്നും ആഡംബര ട്രെയിനുകളിലേയ്ക്കും മാറി. നഗര-ഗ്രാമ വ്യത്യാസമില്ലാതെ പഴയതും പുതിയതുമായി 8700-ഓളം തീവണ്ടികൾ ഇന്ന് രാജ്യത്തുടനീളം സർവ്വീസ് നടത്തുന്നുണ്ട്. 1861 മുതൽ കേരളവും ഇക്കാര്യത്തിൽ ഭാഗഭാക്കായി. ബേപ്പൂർ മുതൽ തിരൂർ വരെയുള്ള 31 കിലോമീറ്റർ നീളത്തിലുള്ള ആദ്യ റെയിൽപ്പാത 1861 മാർച്ച് 12-നാണ് പ്രവർത്തനമാരംഭിച്ചത്. തിരുവിതാംകൂറിൽ 1904 മുതലാണ് ട്രെയിനുകൾ ഓടിത്തുടങ്ങിയത് കൊല്ലത്തുനിന്നും ചെങ്കോട്ടയി ലേയ്ക്കായിരുന്നു. 1931-ൽ തിരുവനന്തപുരത്തേയ്ക്കുള്ള റെയിൽപ്പാത യാഥാർത്ഥ്യമായി. കോട്ടയം-കൊല്ലം റെയിൽപാത 1958-ൽ നിലവിൽ വന്നു. എറണാകുളം-ആലപ്പുഴ-കായംകുളം പാത 1992-ഓടെയാണ് യാഥാർത്ഥ്യമായത്. 1148 കിലോമീറ്റർ ദൂരത്തിൽ റെയിൽവേ ലൈനുകൾ കേരളത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അതിൽ 111.4 കിലോമീറ്റർ മീറ്റർഗേജാണ്. ചെന്നൈ ആസ്ഥാനമായ ദക്ഷിണ റെയിൽവേയാണ് കേരളത്തിൽ റെയിൽ ഗതാഗതം നിയന്ത്രിക്കുന്നത്. എല്ലാ യാത്രക്കാരും ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്ന ഒരേയൊരു സംസ്ഥാനമെന്ന പേര് കേരളത്തിനുണ്ടെങ്കിലും ഇന്ത്യൻ റെയിൽവേയ്ക്ക് കേരളത്തോട് എന്നും അവഗണന മാത്രമാണുണ്ടായിട്ടുള്ളത്.

പാസഞ്ചർ ട്രെയിനുകളിൽ ഉപയോഗിക്കുന്ന കോച്ചുകളുടെ കാലപ്പഴക്കം ഉയർന്ന ക്ലാസ്സിൽ യാത്ര ചെയ്യുന്നവർക്കുപോലും അസൗകര്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഉപയോഗിച്ച് മാറ്റുന്ന കോച്ചുകളാണ് കേരളത്തിലെ ഉപയോഗത്തിനായി മാറ്റി വയ്ക്കുന്നത്. സംസ്കാര സമ്പന്നമായ സംസ്ഥാനത്ത് ഉപയോഗിക്കേണ്ട തരത്തിലുള്ള കോച്ചുകൾ ഉപയോഗിക്കുന്നില്ലെന്ന പരാതിക്ക് ഏറെ പഴക്കമുണ്ട്. ട്രെയിനുകൾ അനുവദിക്കുന്നതിലും കേരളത്തിലെ റെയിൽവേയുടെ വികസനത്തിലും കുറ്റകരമായ വിവേചനമാണ് കേന്ദ്രഗവൺമെന്റ് കാണിക്കുന്നത്. കേരളത്തിലെ റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തുന്നതിൽ റെയിൽവേ മന്ത്രാലയം കാര്യമായ ശ്രദ്ധ കാണിക്കുന്നില്ല. വൃത്തിഹീനമായ ശുചിമുറികളും ടോയ്ലറ്റുകളും വാഷ്ബെയ്സിനുകളും ജലലഭ്യതക്കുറവും യാത്രക്കാരുടെ സൗകര്യത്തെ പ്രതികൂലമായി ബാധിക്കുകയാണ്. റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ, പല ഭീകരസംഭവങ്ങളുണ്ടായതിനു ശേഷവും, റെയിൽവേ ഇപ്പോഴും വേണ്ടത്ര പരിഗണന നൽകിക്കാണുന്നില്ല, കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് അനുവദിച്ച റെയിൽ കോച്ച് ഫാക്ടറിയുടെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. റെയിൽ യാത്രക്കാരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റിസർവേഷൻ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ദീർഘകാല ആവശ്യം നാളിതുവരെ പരിഗണിച്ചിട്ടില്ല.

റെയിൽ ബഡ്ജറ്റുകളിൽ തുടർച്ചയായി കേരളം തഴയപ്പെടുകയാണ്. പ്രഖ്യാപിക്കുന്ന പദ്ധതികൾപോലും പിന്നീട് പിൻവലിക്കുന്നു. ഓരോ റെയിൽ ബഡ്ജറ്റിന് മുമ്പും സംസ്ഥാനം വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് പുതിയ ട്രെയിനുകൾ, പുതിയ റെയിൽവേ ലൈനുകൾ, ലൈനുകളുടെ ഇരട്ടിപ്പിക്കൽ, ആധുനിക കോച്ചുകൾ, നിലവാരമുള്ള റെയിൽവേ സ്റ്റേഷനുകൾ തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിക്കുകയും കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്യാറുണ്ട്. പക്ഷേ ഒരുകാലത്തും അർഹമായ പരിഗണന സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല എന്നതാണ് കാണുന്നത്. ചെന്നൈ കേന്ദ്രമായുള്ള ദക്ഷിണ റെയിൽവേ സോണിന് കീഴിൽ കേരളത്തിൽ തിരുവനന്തപുരം, പാലക്കാട് എന്നീ രണ്ട് ഡിവിഷനുകളാണുള്ളത്. ഈ രണ്ട് ഡിവിഷനുകളിലായി ഇരുന്നൂറോളം യാത്രാ ട്രെയിനുകളും നൂറോളം ചരക്കുവണ്ടികളും ഓരോ ദിവസവും ഓടുകയാണ്. 8700 ട്രെയിനുകൾ ഇന്ത്യയിലുള്ളപ്പോൾ നമുക്ക് കേവലം 300 ട്രെയിനുകൾ മാത്രമാണ് ഇതിനകം നൽകിയിട്ടുള്ളത്. മതിയായ അടിസ്ഥാന സൗകര്യങ്ങളോ സുരക്ഷാ ക്രമീകരണങ്ങളോ ഒന്നുംതന്നെയില്ല. വിദഗ്ദ്ധ തൊഴിലാളികൾ ചെയ്യേണ്ട പാളത്തിന്റെ സംരക്ഷണമടക്കമുള്ള പല ജോലികളും കരാർ തൊഴിലാളികൾക്കാണ് നൽകുന്നത്. ഇത് ഉദാരവൽക്കരണത്തിന്റെ ഭാഗമായി ഉണ്ടായതാണെന്ന് എല്ലാവർക്കുമറിയാം. ഇത് സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആയിരക്കണക്കിന് വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇപ്പോൾ മൂവായിരത്തോളം തസ്തികകൾ കേരളത്തിലെ വിവിധ റെയിൽവേകളിൽ ഒഴിഞ്ഞുകിടക്കുന്നതായാണ് കാണുന്നത്.

1800 കോച്ചുകളുള്ള തിരുവനന്തപുരം ഡിവിഷനിൽ രണ്ട് വർഷത്തിനിടെ ലഭിച്ചത് ആകെ 150 പുതിയ കോച്ചുകൾ മാത്രമാണ്. സംസ്ഥാനത്തിന് പുതിയ ട്രെയിൻ അനുവദിക്കുമ്പോൾ ഇവിടെ ലഭിക്കുന്നത് മറ്റ് ഡിവിഷനുകൾ ഉപയോഗിച്ച ശേഷം മാറ്റിക്കളയേണ്ടവയാണ്. ഏറ്റവും കൂടുതൽ ദീർഘദൂര ട്രെയിനുകൾ ആരംഭിക്കുന്നത് തിരുവനന്തപുരം ഡിവിഷനിൽ നിന്നാണെങ്കിലും ആധുനിക സംവിധാനങ്ങളോടുകൂടിയ (ലിങ്ക് ഹോഫ്മാൻ ബോഷ്) ഒരു കോച്ചുപോലും തിരുവനന്തപുരത്തേയ്ക്ക് ഇതുവരെ അനുവദിച്ചിട്ടില്ല. ദീർഘദൂര വണ്ടികളിൽ 20 വർഷം വരെ പഴക്കമുള്ള കോച്ചുകളാണ് കേരളത്തിൽ ഉപയോഗിക്കുന്നത്. പാലക്കാടിന് അനുവദിച്ച കോച്ച് ഫാക്ടറി ഇന്നും സ്വപ്നങ്ങളിൽ മാത്രം അവശേഷിക്കുന്നു.

കേരളത്തിലെ ട്രെയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷ സംബന്ധിച്ച് തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാരിന്റെ അടിയന്തര ഇടപെടലിനായി നിരവധി തവണ അഭ്യർത്ഥിച്ചിട്ടുണ്ട്, ഇപ്പോഴും അഭ്യർത്ഥിച്ചു കൊണ്ടിരിക്കുകയാണ്. ചെറുവത്തൂരിൽ ആഗസ്റ്റ് മാസം 13-ന് മാവേലി എക്സ്പ്രസ്സിന് തീപിടിച്ചതിന്റെയും കറുകുറ്റി, കരുനാഗപ്പള്ളി എന്നീ റെയിൽവേ അപകടങ്ങളുടെയും

പശ്ചാത്തലത്തിൽ കേരളത്തിലെ റെയിൽവേ ട്രാക്കുകളുടെയും കോച്ചുകളുടെയും സുരക്ഷിതത്വക്കുറവ് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-9-2016-ൽ രണ്ട് കത്തുകളും വകുപ്പുമന്ത്രി 28-8-2016, 30-8-2016, 20-9-2016 എന്നീ തീയതികളിൽ മൂന്ന് കത്തുകളും ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് അയച്ചിട്ടുണ്ട്. കത്തുകളെല്ലാം ലഭിച്ചുവെന്നും പരിശോധിച്ച് വരികയാണെന്നുമുള്ള പതിവ് മറുപടിയാണ് ലഭിക്കുന്നത്. കറുകുറ്റിയിലും കരുനാഗപ്പള്ളിയിലും ട്രെയിനുകൾ പാളം തെറ്റിയ സംഭവങ്ങൾക്ക് കാരണം നിലവിലുള്ള പാളങ്ങളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കാത്തതാണ്. റെയിൽവേ എഞ്ചിനീയർമാരുടെ സംഘടന 202 പോയിന്റുകളിൽ കണ്ടെത്തിയ ഗുരുതരമായ വിള്ളലുകൾ അടിയന്തരമായി പരിഹരിക്കേണ്ടതായിട്ടുണ്ട്. കാലഹരണപ്പെട്ട കോച്ചുകളും വാഗണുകളും ട്രാക്കുകളും സിഗ്നൽ സംവിധാനങ്ങളും മാറ്റുന്നതിനും പാത ഇരട്ടിപ്പിക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഹൈടെക് കോച്ചുകൾ കേരളത്തിലോടുന്ന തീവണ്ടികളിൽ ഏർപ്പെടുത്തുന്നതിനും കേന്ദ്രത്തിന് ഉത്തരവാദിത്തമുണ്ട്. എന്നാൽ അതൊന്നും നിർവ്വഹിച്ചിട്ടില്ല; നിർവ്വഹിക്കേണ്ടതുണ്ട്. നിർമ്മാണ ഫാക്ടറികളിൽ നിന്നുതന്നെ കോച്ചുകൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ക്വാട്ട അനുവദിക്കുന്നതിനും സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ പുനഃപരിശോധന നടത്തുന്നതിനും യാത്രക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിനും അമാന്തം പാടില്ലെന്നുമുള്ള കാര്യങ്ങൾ വീണ്ടും നമ്മൾ ആവശ്യപ്പെടുകയാണ്. ബ്രിട്ടീഷുകാരുടെ കാലം മുതൽക്കുതന്നെ ഈ അവഗണന ആരംഭിച്ചിട്ടുണ്ട്. അതിന് കേരളത്തെ ഒരു ഘടകമായി അന്നും ഇന്നും എടുത്തിരിക്കുകയാണ്.

സോണിന്റെ പ്രശ്നം ബഹുമാനപ്പെട്ട ടി. എ. അഹമ്മദ് കബീർ ഉന്നയിക്കുകയുണ്ടായി. കർണ്ണാടക, തമിഴ്നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങൾക്ക് നൽകുന്ന പരിഗണന നാളിതുവരെ കേരളത്തോട് കാണിച്ചിട്ടില്ല. എറണാകുളം-ആലപ്പുഴ-കായംകുളം പാത 1992-ഓടുകൂടി മാത്രമാണ് യാഥാർത്ഥ്യമായത്. മലബാർ മേഖലയിലെ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങിയ റെയിൽവേ വികസനം വിദൂര സ്വപ്നമായി ഇന്നും നിൽക്കുകയാണ്. പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിലും കേരളത്തിലെ റെയിൽവേയുടെ വികസനത്തിലും കുറ്റകരമായ വിവേചനം നിലനിൽക്കുന്നു. കേരളത്തിലെ റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തുന്ന കാര്യത്തിലും റെയിൽവേ മന്ത്രാലയം ശ്രദ്ധിക്കുന്നില്ല. റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ച് വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിലുള്ള അവഗണനയെപ്പറ്റി ഇനിയും ആവർത്തിക്കേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്. റെയിൽവേ യാത്രക്കാരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റിസർവേഷൻ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുക, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം,

ഗേജ് മാറ്റം എന്നിവ സമയബന്ധിതമായി പൂർത്തികരിക്കുക, സർവ്വേ പൂർത്തിയാക്കിയ പാതകളുടെ പണി ആരംഭിക്കുക, പെനിൻസുലാർ റെയിൽവേ സോൺ, വിഴിഞ്ഞം പോർട്ടിനെ ബന്ധിപ്പിച്ച് നേമം റെയിൽവേ സ്റ്റേഷനെ സാറ്റലൈറ്റ് ടെർമിനലായി ഉയർത്തുക തുടങ്ങിയ കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിഗണന ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്ക് ചില സമയങ്ങളിലും അവരുടെ പി.എ.-മാർക്ക് ഒരിക്കലും ഇ.ക്യു. കിട്ടുന്നില്ലെന്നുള്ള കാര്യം ഇവിടെ പറയുകയുണ്ടായി. കൂടുതൽ റിസർവേഷൻ കോച്ചുകൾ ഏർപ്പെടുത്താതിരിക്കുന്നതിന്റെ ഫലമായി സംഭവിക്കുന്ന പ്രശ്നമാണിത്. പാത ഇരട്ടിപ്പിച്ച് വൈദ്യുതീകരണം പൂർത്തിയാക്കുക, ശബരി പാത, അമ്പലപ്പുഴ - തിരുവല്ല പാത, ഗുരുവായൂർ-തിരുനാവായ ലൈനുകൾ എന്നിവയൊന്നും പൂർത്തീകരിച്ചിട്ടില്ല. കൊച്ചിൻ ഹാർബർ ടെർമിനലിന്റെ പ്രവർത്തനം ഇഴയുകയാണ്; വൈദ്യുതീകരണം നടത്തിയിട്ടില്ല.

അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ റെയിൽവേയ്ക്ക് ഗുരുതരമായ വീഴ്ചയാണുണ്ടായിരിക്കുന്നത്. ശാസ്താംകോട്ടയിലുണ്ടായ സംഭവത്തെ കുറിച്ച് പറയുകയുണ്ടായി. എത്ര പറഞ്ഞാലും അവർ പരിഗണിക്കുന്നില്ല എന്നൊരു പ്രശ്നം ഇവിടെ അവശേഷിക്കുകയാണ്. എങ്കിലും നമുക്ക് കാര്യങ്ങൾ പറയാതിരിക്കാൻ നിർവ്വാഹമില്ല. ഒരു മാസത്തിനിടയിൽ രണ്ട് പാളം തെറ്റൽ, നിരവധി സ്ഥലത്ത് വിള്ളലുകൾ, കേരളത്തിൽ അപകടങ്ങൾ കൂടിക്കൂടി വരികയാണ്. തിരുവനന്തപുരം ഡിവിഷനിൽ 202 പോയിന്റുകളിലാണ് പാളങ്ങളിൽ തകരാർ കാണുന്നത്.

കേരളത്തിൽ റെയിൽവേ പാളങ്ങളിലൂടെ നിത്യേന രണ്ട് ഡിവിഷനുകളിലായി ഇരുന്നൂറോളം യാത്രാവണ്ടികളും നൂറോളം ചരക്കുവണ്ടികളും ഓടുകയാണ്. ശരാശരി 22 ബോഗികളും എഞ്ചിനുമുള്ള ഒരു യാത്രാവണ്ടി ഒരു പോയിന്റിൽ കൂടി കടന്നുപോകുമ്പോൾ ആ പോയിന്റിൽ ഏകദേശം 92 തവണ മർദ്ദവും പ്രതിമർദ്ദവും ഏൽക്കേണ്ടിവരുന്നു എന്നാണ് പഠനം കാണിക്കുന്നത്. അങ്ങനെ ഒരു ദിവസം 200 വണ്ടികൾ കടന്നുപോകുന്നതായി കണക്കാക്കുമ്പോൾ ഒരു പോയിന്റിൽ 18400 തവണ മർദ്ദം ഏൽക്കേണ്ടിവരുന്നു. ഒരു വർഷത്തിൽ ഏകദേശം 67.15 ലക്ഷം തവണ മർദ്ദവും പ്രതിമർദ്ദവും ഏൽക്കേണ്ടിവരുന്നു. ഇത്തരത്തിൽ പതിറ്റാണ്ടുകളായി ഒരേ പോയിന്റിൽക്കൂടി തീവണ്ടി കടന്നുപോകുമ്പോൾ ഏൽക്കുന്ന മർദ്ദം എത്രയാണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. മെറ്റീരിയൽ സയൻസിന്റെ പ്രാഥമിക പാഠത്തിൽ തന്നെ ഇത്തരത്തിൽ മർദ്ദവും-പ്രതിമർദ്ദവും ഏൽക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന പ്രതിഭാസത്തെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.

ഉരുക്കുകൊണ്ട് നിർമ്മിച്ച റെയിൽപാളങ്ങളിൽക്കൂടി തീവണ്ടി അതിവേഗത്തിൽ സഞ്ചരിക്കുമ്പോൾ പാളങ്ങളിൽ ആവർത്തിച്ചുണ്ടാകുന്ന മർദ്ദവും പ്രതിമർദ്ദവുംമൂലം പാളങ്ങളിൽ ചെറിയ മുടിനാരിഴപോലുള്ള വിള്ളലുകൾ ഉണ്ടാവുകയും അത് കൂടുതൽ തവണ ആവർത്തിക്കുമ്പോൾ വിള്ളലുകൾ വലുതാവുകയും പാളങ്ങൾക്ക് പെട്ടെന്ന് ബലക്ഷയം സംഭവിക്കുകയും പൊട്ടുകയും ചെയ്യുന്നു. ഉദാഹരണമായി, തുടർച്ചയായി ഒരു ഇരുമ്പുകമ്പി ബലം പ്രയോഗിച്ച് വളയ്ക്കുകയും പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്താൽ ഇരുമ്പുകമ്പി പൊട്ടുന്നതായി നമുക്ക് കാണാൻ സാധിക്കുന്നു. ഇതേ പ്രതിഭാസം തന്നെയാണ് റെയിൽവേ പാളത്തിലുമുണ്ടാകുന്നത്. ദശാബ്ദങ്ങൾക്ക് മുമ്പ് സ്ഥാപിച്ച റെയിൽ പാളങ്ങൾ ഇത്തരത്തിൽ ബലക്ഷയം (Fatigue due to reversal of stresses) സംഭവിക്കുമ്പോൾ മാറ്റാതിരിക്കുന്നതിനാലാണ് റെയിൽ പൊട്ടുകയും ബോഗികൾ പാളം തെറ്റുകയും ചെയ്യുന്നത്. വളരെ അപരിഷ്കൃതമായ ഒരു സ്ഥിതിയാണ് സംസ്കാര സമ്പന്നമായ കേരളത്തിലുള്ളതെന്നും അതിന്റെ ഏക ഉത്തരവാദി കേന്ദ്രഗവൺമെന്റാണെന്നുമുള്ള കാര്യം ഞാനിവിടെ അടിവരയിട്ട് പറയുകയാണ്.

കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സേവനങ്ങൾ കൂടുതൽ പ്രൊഫഷണലാക്കാൻ റെയിൽവേ ശ്രദ്ധിക്കുന്നില്ല. റെയിൽവേ സംവിധാനങ്ങളെ സ്വകാര്യ വൽക്കരിക്കുന്നതിനുള്ള നീക്കങ്ങളാണ് നടത്തുന്നത്. പല ട്രെയിനുകളുടെയും ശുചിമുറികളിൽ വെള്ളമില്ലെന്ന പരാതിയുണ്ട്. ബയോ ടോയ്ലെറ്റ് സംവിധാനം തെരഞ്ഞെടുക്കപ്പെട്ട ട്രെയിനുകളിൽ മാത്രമേ വെള്ളം ലഭിക്കുന്നുള്ളൂ. കേരളം സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി, അതായത് വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി മാറിയപ്പോഴും ട്രെയിനുകളിൽ നിന്നും വിസർജ്യ വസ്തുക്കൾ പാളത്തിലേയ്ക്ക് നിർബാധം തള്ളുന്നത് ഏറ്റവും വലിയ വിരോധാഭാസമായി മാറിയിരിക്കുകയാണ്. സംസ്ഥാനത്തെ റെയിൽ ശൃംഖല പൂർണ്ണമായി സുരക്ഷാ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. അപകടം നടന്നാൽ അടിയന്തര രക്ഷാപ്രവർത്തനത്തിനുള്ള രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. പുതിയകാല ഇന്ത്യൻ റെയിൽവേയിൽ പുതിയ തരത്തിലുള്ള നിർമ്മാണ സാങ്കേതിക വിദ്യ നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

ജനമനസ്സിൽ സേവനത്തിന്റെ മാതൃകയാണ് റെയിൽവേ. ഇവിടത്തെ വികസന പ്രവർത്തനങ്ങളും പദ്ധതികളും പ്രഖ്യാപിക്കുന്നത് റെയിൽവേ ബഡ്ജറ്റിലൂടെയായിരുന്നു. കഴിഞ്ഞ 92 വർഷമായി തുടർന്നുവന്ന ഈ സംവിധാനം കേന്ദ്രസർക്കാർ അവസാനിപ്പിക്കാൻ പോകുകയാണ്. ഇപ്പോൾ സ്വകാര്യവത്കരണത്തിന്റെ അജണ്ടയാണ് ഇവിടെ മുഴങ്ങുന്നത്. അതിലൂടെ എല്ലാ സേവനങ്ങളും സ്വകാര്യവത്ക്കരിക്കാനുള്ള തയ്യാറെടുപ്പ് നടത്തുകയാണ്. യാത്രക്കാരിൽ 95 ശതമാനവും സാധാരണ ക്ലാസ്സിൽ യാത്ര ചെയ്യുന്ന ഇവിടെ വലിയ ബുദ്ധിമുട്ടുണ്ടാകാൻ പോകുകയാണ്. റെയിൽവേ ബഡ്ജറ്റ്

ധനകാര്യ മന്ത്രാലയത്തിന്റെ ഭാഗമാകുന്നതോടുകൂടി സാധാരണക്കാരുടെ ചുരുങ്ങിയ ചെലവിലുള്ള യാത്രയെ ബാധിക്കും. ലാഭം വർദ്ധിപ്പിക്കാനായി പുതിയ ട്രെയിനുകൾക്കും അതിവേഗതാ ബുള്ളറ്റ് ട്രെയിനുകൾക്കും പ്രാധാന്യം നൽകുമ്പോൾ സാധാരണക്കാരന്റെ യാത്രാ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ നിന്നും റെയിൽവേ പിന്നോട്ടുപോകാൻ സാദ്ധ്യതയുണ്ട്. ആധുനിക സുരക്ഷാ സംവിധാനം നടപ്പിലാക്കുന്നതിന് പണം തടസ്സമായാൽ കേരളത്തെപ്പോലുള്ള അപകടങ്ങൾ രാജ്യത്താകെ ആവർത്തിക്കപ്പെടും.

ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്ക് ഏറ്റവും ഉയർന്ന പരിഗണന നൽകി വരുന്നതായി ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. സതേൺ റെയിൽവേ ജനറൽ മാനേജർ കേരളത്തിലെ അപകടങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും കാലഹരണപ്പെട്ട കോച്ചുകൾ മാറ്റി സർവ്വീസ് നടത്തുമെന്നും കോച്ചുകളുടെ വൃത്തിയാക്കൽ, വെള്ളത്തിന്റെയും ലൈറ്റുകളുടെയും ലഭ്യത എന്നിവ ഉറപ്പുവരുത്തുമെന്നും ബഹുമാനപ്പെട്ട റെയിൽവേ മന്ത്രി അറിയിച്ചിരിക്കുകയാണ്. ക്ലീൻ ട്രെയിൻ സ്റ്റേഷൻ (സി.റ്റി.എസ്.) എന്നറിയപ്പെടുന്ന ഷൊർണ്ണൂർ സ്റ്റേഷനിൽ 37 ട്രെയിനുകൾ ദിവസേന വൃത്തിയാക്കുന്നുണ്ട്. റെയിൽവേ ബോർഡിന്റെ നിരീക്ഷണത്തിൽ ഒരു പരാതി പരിഹാര സംവിധാനം ആരംഭിച്ചിട്ടുണ്ടെന്ന് റെയിൽവേ മന്ത്രി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ട്രെയിനുകളുടെയും സ്റ്റോപ്പുകളുടെയും എണ്ണം കൂടിയത് അറ്റകുറ്റപ്പണികൾക്ക് ലഭ്യമായ സമയത്തിൽ കുറവ് വരുത്തിയിട്ടുണ്ടെന്നും ട്രാക്ക് പുതുക്കുന്നത് തുടർച്ചയായ പ്രക്രിയയാണെന്നും കഴിഞ്ഞ വർഷം ഏകദേശം 56 കിലോമീറ്റർ റെയിൽപാളവും ഈ വർഷം ഇതുവരെ 50 കിലോമീറ്ററോളം റെയിൽപാളവും മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും ട്രാക്ക് പുതുക്കുന്ന ജോലികൾ റെയിൽവേ ഔട്ട്സോഴ്സിംഗ് വഴിയാണ് നടത്തുന്നതെന്നും സുരക്ഷാ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ ഏതാണ്ട് എട്ട് ശതമാനത്തോളമാണെന്നും അത് അനുവദനീയമായ പരിധിക്കുള്ളിലാണെന്നുമാണ് റെയിൽവേ അധികാരികൾ അറിയിച്ചിരിക്കുന്നത്.

ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിലെത്തിയ 4 മാസം കൊണ്ട് റെയിൽവേ വികസനത്തിന് വൻകുതിച്ചുചാട്ടം നൽകുന്ന ഒട്ടേറെ തീരുമാനങ്ങളെടുത്തു. കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച പദ്ധതിക്കായി 49:51 ഓഹരി ഘടനയിൽ സംയുക്ത സംരംഭക കമ്പനി രൂപീകരിക്കുകയും ഭാരത സർക്കാരുമായി 2016 സെപ്റ്റംബർ 1-ന് എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തു. കേരള സംസ്ഥാനത്തിനുവേണ്ടി ഗതാഗത സെക്രട്ടറിയാണ് ഒപ്പിട്ടിട്ടുള്ളത്. അത് ക്യാബിനറ്റ് അംഗീകരിക്കുകയും തുടർ നടപടിക്കുവേണ്ടിയുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങൾക്കൊപ്പം പുതിയ പദ്ധതികൾകൂടി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള തീവ്രശ്രമമാണ്

കേരള സർക്കാർ നടത്തുന്നത്. തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ റെയിൽ സർവ്വീസ്, അങ്കമാലി - ശബരിപാത, നിലമ്പൂർ - നഞ്ചൻകോട് റെയിൽപാത, തലശ്ശേരി - മൈസൂർ റെയിൽപാത, പാലക്കാട് കോച്ച് ഫാക്ടറി തുടങ്ങിയ പദ്ധതികൾ ഇപ്രകാരമുള്ള മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും സംസ്ഥാനത്തിന്റെ ആശയങ്ങൾക്ക് കൂടുതൽ മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നു.

റെയിൽവേ സംബന്ധിച്ച കേരള ജനതയുടെ ആശങ്ക അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നിന്ന് നമ്മുടെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിക്കേണ്ടതുണ്ട്. ഏത് നിലയിലാണ് അറിയിക്കേണ്ടതെന്ന് നമുക്കിനിയും ചർച്ച ചെയ്യാവുന്നതാണ്. അതോടൊപ്പം അതിന്റെ തുടർനടപടികളും സൂക്ഷ്മമായി നിരീക്ഷിച്ച് നടപ്പാക്കിയാൽ മാത്രമേ കേരളത്തിലെ ജനങ്ങൾക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ള സുരക്ഷിതത്വമില്ലായ്മയും ആശങ്കയും പരിഹരിക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ റെയിൽവേ സുരക്ഷിതമല്ലെന്നും അടിയന്തരമായി സുരക്ഷിതമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും നമുക്ക് കേന്ദ്രത്തോട് ഒറ്റക്കെട്ടായി അഭ്യർത്ഥിക്കാം. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19 അനുശാസിക്കുന്ന പ്രകാരം ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവകാശം പൗരന് ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ റെയിൽവേ യാത്രക്കാർക്കും സുരക്ഷിതമായ യാത്ര ഉറപ്പാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ തുടർച്ചയായി സമ്മർദ്ദം ചെലുത്താൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ആ നിലയിൽ കേന്ദ്ര സർക്കാരിൽ എല്ലാ സമ്മർദ്ദവും തുടർച്ചയായി നടത്തുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

## X ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, " കേരളത്തിലെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്ക് ഭീഷണിയായി തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ റെയിൽവേ പാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും കേന്ദ്ര സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നും പഴക്കം ചെന്നതും ഉപയോഗ യോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ അനുവദിക്കണമെന്നും ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള ടെക്നിക്കൽ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള റെയിൽവേയിലെ നിർണ്ണായക തസ്തികകളിൽ നിലവിലുള്ള മൂവായിരത്തോളം തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തണമെന്നും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകണമെന്നും കേരളത്തോടുള്ള

അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പിലാക്കണമെന്നും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കണമെന്നും നമ്മുടെ സംസ്ഥാനം വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്‌ലറ്റുകൾ അടിയന്തരമായി ഏർപ്പെടുത്തണമെന്നും ആവശ്യപ്പെടുകയാണ്. നേമം റെയിൽവേ സ്റ്റേഷൻ സാറ്റലൈറ്റ് ടെർമിനലായി ഉയർത്തണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. അതോടൊപ്പം ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്നും ഈ കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക അകറ്റണമെന്നും മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന ചട്ടം 275 പ്രകാരമുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> ചട്ടം 275 പ്രകാരമുള്ള ഉപക്ഷേപത്തെ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 നവംബർ മാസം 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.54-ന് പിരിഞ്ഞു.)